# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 നവംബർ 8, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1588/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരിക, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...88

**II അടിയന്തരപ്രമേയം**

തമിഴ്നാടിന് മരം മുറിക്കാൻ അനുമതി

(അവതരണാനുമതി നിഷേധിച്ചു) ...386

**III ശ്രദ്ധ ക്ഷണിക്കൽ**

1. ജലസ്രോതസ്സുകൾ സംരക്ഷിക്കൽ

– ശ്രീ. കെ. പി. മോഹനൻ ...402

2. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കൽ

– ശ്രീ. മോൻസ് ജോസഫ് ...406

**IV സബ്മിഷൻ**

1. ഗവേഷണം പൂർത്തീകരിക്കാൻ അവസരം

– പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ...415

2. പട്ടികജാതി-പട്ടികവർഗ്ഗ തൊഴിലാളികളുടെ വേതന വിതരണം

– ശ്രീമതി സി. കെ. ആശ ...420

3. ബി.ഇ.എം.എൽ.-ന്റെ സ്വകാര്യവത്കരണം

– ശ്രീ. എ. പ്രഭാകരൻ ...423

4. ചീമേനി വ്യവസായ പാർക്ക്

– ശ്രീ. എം. രാജഗോപാലൻ ...426

5. റോഡ് ഗതാഗതയോഗ്യമാക്കൽ

– ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ...428

*പേജ്*

6. സീതിഹാജി പാലം പുനർനിർമ്മാണം

– ശ്രീ. പി. കെ. ബഷീർ ...429

7. അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി

– ശ്രീ. ഐ. ബി. സതീഷ് ...431

8. മൂവാറ്റുപുഴയിലെ കുടിവെള്ള ക്ഷാമം

– ഡോ. മാത്യു കുഴൽനാടൻ ...433

9. റേഷൻ മണ്ണെണ്ണയുടെ വില വർദ്ധന

– ശ്രീ. പി. എസ്. സുപാൽ ...434

10. നടുവിൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

– ശ്രീ. സജീവ് ജോസഫ് ...436

**V റിപ്പോർട്ട് സമർപ്പണം**

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ...437

**VI നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ... 438

**VII അറിയിപ്പ്**

– മി. സ്പീക്കർ ... 583

**അനുബന്ധം I&II** ...584,587

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 നവംബർ 8, തിങ്കൾ*


വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18


നിയമസഭ 2021 നവംബർ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. (* 481)

**കൂട്ടിക്കലിൽ ഉണ്ടായ ഉരുൾപൊട്ടൽ**

1(*481) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ മഴയിൽ ഉരുൾപൊട്ടലുണ്ടായ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ പ്രദേശത്ത് ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശം പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കിയിരുന്നോയെന്ന് അറിയിക്കാമോ;

(സി) കൂട്ടിക്കലിലുണ്ടായ ദുരന്തത്തിന് ക്വാറികളും കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ക്വാറികൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) കോട്ടയം ജില്ലയിലെ കൂട്ടിക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 79-ൽ സർവ്വേ നമ്പർ 59/1-1, 86/4 എന്നിവയിൽപ്പെട്ട സ്ഥലത്ത് M/s. പെടാ ക്രഷേഴ്സ്, ഡോർ നമ്പർ 54/ബി, മണർകാട് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിന് 2012-ൽ ഖനനാനുമതി നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 3-10-2018-ലെ S.O. 5135(E) കരട് വിജ്ഞാപനപ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന കൂട്ടിക്കൽ വില്ലേജ് ESA വില്ലേജുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതുസംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(സി) കൂട്ടിക്കൽ വില്ലേജിൽ നിലവിൽ ഒരു ക്വാറിക്ക് മാത്രമേ പ്രവർത്തനാനുമതിയുള്ളൂ. കൂട്ടിക്കലിലുണ്ടായ ദുരന്തത്തിന് ക്വാറികളും കാരണമായിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ഡി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 3-10-2018-ലെ S.O.5135(E) കരട് വിജ്ഞാപനപ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളായി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഖനനപ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ക്വാറികൾ 5 വർഷത്തിനകം പ്രവർത്തനം അവസാനിപ്പിക്കുകയും പുതിയതായി ഖനന പ്രവർത്തനങ്ങൾക്കും ക്വാറിയിംഗിനും പൂർണ്ണനിരോധനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 'പ്രകൃതി ദുരന്തങ്ങളുടെ കാര്യത്തിൽ മഴ ഏറ്റവും ശക്തവും സ്വാഭാവികവുമായ പ്രേരകമാണ്. എന്നാൽ ഇത്തരം ദുരന്തങ്ങളുടെ കാഠിന്യവും അനന്തരഫലങ്ങളും പൂർണ്ണമായും മനുഷ്യ നിർമ്മിതം തന്നെയാണ്. ഇത് എന്റെ വാക്കുകളല്ല. 2011-ൽ പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ പാനൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നതാണ്. കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാപിച്ച് കിടക്കുന്ന പാരിസ്ഥിതിക ദുർബ്ബല പ്രദേശമായ പശ്ചിമഘട്ടം സംരക്ഷിക്കണമെന്നാണ് ഗാഡ്ഗിൽ റിപ്പോർട്ട് ശിപാർശ ചെയ്യുന്നത്. എന്നാൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേരളത്തിൽ വൻതോതിലുള്ള ഉരുൾപൊട്ടലും വെള്ളപ്പൊക്കവും വാർഷിക പ്രതിഭാസമായി

മാറിയപ്പോഴും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ശിപാർശകൾ നടപ്പാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മുഖ്യചോദ്യം ക്വാറിയുമായി ബന്ധപ്പെട്ടുള്ളതാണ്. അതുസംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചു. ഒരു ക്വാറി മാത്രമാണ് കൂട്ടിക്കലിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിൽ മാത്രമാണ് ക്വാറികൾക്ക് അനുമതി നൽകുന്നത്. ഇപ്പോൾ കൂട്ടിക്കൽ വില്ലേജിലെ Vazhathara Granites and Aggregates Pvt. Ltd. എന്ന സ്ഥാപനത്തിന് 2008-ലെ ഉത്തരവുപ്രകാരം ലീസ് അനുവദിച്ചിരുന്നു. ഇതിന് 2020-വരെ കാലാവധിയുണ്ടായിരുന്നു. പക്ഷേ അത് റെഡ് സോണിലായതിനെത്തുടർന്ന് 2019-ലെ പ്രളയത്തിനുശേഷം പ്രവർത്തനാനുമതി നൽകിയിട്ടില്ല. പൊതുവേ അഞ്ച് തരത്തിലുള്ള അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ക്വാറിയിംഗ് അനുവദിക്കുകയുള്ളൂ. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി; പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ എൻ.ഒ.സി. നിർബന്ധമാണ്; കൂടാതെ പൊലൂഷൻ കൺട്രോൾ ബോർഡ്, പഞ്ചായത്ത്, explosive സംവിധാനം ഇവയുടെ അനുമതി; ഇവ അഞ്ചും ഉണ്ടെങ്കിൽ മാത്രമേ ക്വാറികൾക്ക് അനുമതി നൽകുകയുള്ളൂ. പ്രളയത്തിനുശേഷവും ക്വാറികളുടെ അനുമതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ എണ്ണത്തിൽ വലിയ കുറവ് ഉണ്ടായിട്ടുണ്ടെന്നതാണ് വസ്തുത. പാരിസ്ഥിതികമായ സന്തുലിതാവസ്ഥകൾ സംരക്ഷിച്ചുകൊണ്ടുള്ള നിലപാടുതന്നെയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അമിതമായ ക്വാറി പ്രവർത്തനം ഉടൻ നിയന്ത്രിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം, പരിസ്ഥിതി വിദഗ്ദ്ധരും അക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ നൂറ്റാണ്ടിലെ മഹാപ്രളയമായി കണക്കാക്കപ്പെടുന്ന 2018 മുതൽ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ പ്രദേശമടക്കം സംസ്ഥാനത്ത് എത്ര ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്; അതുപോലെ നിബന്ധനകൾ പാലിക്കാത്ത എത്ര ക്വാറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ അനുമതിയുള്ള ക്വാറികളുടെ പൊതുചിത്രം ഞാൻ ഒരു ചർച്ചയ്ക്ക് മറുപടി പറയുന്ന സന്ദർഭത്തിൽ സൂചിപ്പിക്കുകയുണ്ടായി. അഞ്ച് വർഷം മുതൽ പന്ത്രണ്ട് വർഷം വരെയുള്ള ലീസ് 520 ക്വാറികൾക്കും ഒരു വർഷത്തിന് താഴെയുള്ള പെർമിറ്റ് 2584 ക്വാറികൾക്കും ഉണ്ടായിരുന്നു. അങ്ങനെ 2010-11 കാലഘട്ടത്തിൽ സംസ്ഥാനത്ത്

ലീസും പെർമിറ്റും ഉൾപ്പെടെ 3104 ക്വാറികളാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 2020-21 കാലഘട്ടത്തിൽ അത് 604 ക്വാറികൾ മാത്രമായി ചുരുങ്ങി. അതിൽ ലീസ് ഏകദേശം 509 ക്വാറികൾക്കാണ്. എന്നാൽ ജില്ലാതലത്തിലാണ് ഒരു വർഷത്തെ പെർമിറ്റ് നൽകിയിരുന്നത്. അത് 2010-11-ൽ 2584 എണ്ണമുണ്ടായിരുന്നത് ഇപ്പോൾ 95 ആയി കുറഞ്ഞിരിക്കുകയാണ്. അങ്ങ് ചോദിച്ച പ്രളയത്തിനുശേഷമുള്ള ചിത്രമെടുക്കുകയാണെങ്കിൽ 2016 മുതൽ 2018 പ്രളയകാലംവരെ സംസ്ഥാനത്ത് 220 ക്വാറികൾക്കാണ് അനുമതി നൽകിയിരുന്നത്; ശരാശരി ഒരു വർഷം 88 ക്വാറികൾക്ക് അനുമതി നൽകിയിരുന്നു. പ്രളയത്തിനുശേഷം 135 ക്വാറികൾക്കാണ് അനുമതി നൽകിയിരുന്നത്; ശരാശരി 45 ക്വാറികൾക്കുമാത്രമേ അനുമതി നൽകുന്നുള്ളൂ. എല്ലാ അനുമതികളും എൻ.ഒ.സി.-കളുമുള്ള ക്വാറികൾക്ക് മാത്രമേ സർക്കാർ അനുമതി നൽകുന്നുള്ളൂ. അതിൽ ഏതെങ്കിലും വിധത്തിലുള്ള ലംഘനമുണ്ടെങ്കിൽ നിയമാനുസൃതമായ നടപടികൾ അതത് സമയത്ത് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൂട്ടിക്കൽ ദുരന്തം നമ്മുടെ കണ്ണുതുറപ്പിക്കേണ്ട ഒന്നാണ്. ഞങ്ങൾ സ്ഥലം സന്ദർശിച്ചപ്പോൾ പ്രകൃതിയാകെ ഉഴുതുമറിക്കപ്പെട്ടതു പോലെ, ഒരു മലയാകെ ഒരു ഗ്രാമത്തിന്റെ മേൽ പതിച്ചതുപോലുള്ള വളരെ ദൈന്യ തയാർന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. കൂട്ടിക്കൽ വളരെ പരിസ്ഥിതിലോല പ്രദേശമാണ്. ഇവിടെ പാറമടകളുടെ പ്രവർത്തനമുണ്ട്. ജൈവ വൈവിദ്ധ്യ ബോർഡിന്റെ ഒരു റിപ്പോർട്ടിൽ വർഷങ്ങൾക്കുമുമ്പ് ഈ മേഖല അതീവ പരിസ്ഥിതിലോല പ്രദേശമാണെന്നും പാറഖനനം പോലെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകരു തെന്നുമൊക്കെ പറഞ്ഞിരുന്നതായി 3-11-2011-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാണ്. ജൈവ വൈവിദ്ധ്യ ബോർഡിന്റെ റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്നും അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അതുപ്രകാരം എത്ര ക്വാറികളാണ് നിർത്തലാക്കിയതെന്നും വ്യക്തമാക്കാമോ? അതുപോലെ സ്ഥലം സന്ദർശിച്ചപ്പോൾ ആളുകൾക്ക് നഷ്ടപരിഹാരം ലഭിക്കാത്തതിന്റെയും വീട് നഷ്ടപ്പെട്ടതിന്റെയും ജീവനോപാധി നഷ്ടപ്പെതിന്റെയൊക്കെ കഥകൾ അറിയാൻ കഴിഞ്ഞു.

ശ്രീ. പി. രാജീവ്: സർ, മുമ്പ് പ്രതിപാദിച്ചതുപോലെ ഒരു ക്വാറി മാത്രമാണ് നിലവിൽ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി ലോല പ്രദേശങ്ങളെ സംബന്ധിച്ച് ആധികാരികമായിട്ടുള്ളത് മിനിസ്ട്രി ഓഫ് എൻവയോൺമെന്റിന്റെ റിപ്പോർട്ടാണ്. അതിന്റെ നോട്ടിഫിക്കേഷൻ പ്രകാരം അന്തിമ വിജ്ഞാപനം വന്നതിനുശേഷം അഞ്ച് വർഷത്തിനുള്ളിൽ നിലവിൽ അനുമതിയുള്ള ക്വാറികളെല്ലാം നിർത്തണമെന്നാണ്. നേരത്തെ രണ്ട് ക്വാറികളുണ്ടായിരുന്നു. റെഡ് സോണിൽ വന്നപ്പോൾ ഒരു ക്വാറിയുടെ പ്രവർത്തനം അവസാനിപ്പിച്ച് ഇപ്പോൾ ഒരു ക്വാറി മാത്രമേ ആ പ്രദേശത്ത് പ്രവർത്തിക്കുന്നുള്ളൂ.

ശ്രീ. യു. എ. ലത്തീഫ്: സർ, ക്വാറികളെന്ന് കേൾക്കുമ്പോൾ അവ പരിസ്ഥിതിയെ നശിപ്പിക്കുന്നവയാണെന്ന തോന്നൽ ജനങ്ങൾക്കിടയിലുണ്ട്. എന്നാൽ കേരളത്തിലെ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് ക്വാറികൾ അത്യാവശ്യവുമാണ്. അതുകൊണ്ട് പരിസ്ഥിതിലോല പ്രദേശങ്ങളൊഴികെയുള്ള സ്ഥലങ്ങളിൽ ക്വാറികളെ സഹായിക്കുന്ന നടപടി സ്വീകരിക്കാമോ ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു ഭാഗം ശരിയാണ്. കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരിങ്കൽ ഉൾപ്പെടെയുള്ള പ്രകൃതി വസ്തുക്കൾ ആവശ്യമാണ്. ഇപ്പോൾ വിഴിഞ്ഞം തുറമുഖം പൂർത്തീകരിക്കാൻ കണക്കുപ്രകാരം ആവശ്യമായ കരിങ്കൽ വേണമെങ്കിൽ ശരാശരി മൂന്ന് ഹെക്ടർ ഒരു ക്വാറിയുടെ വിസ്തൃതിയായി കണക്കാക്കിയാൽ 66 ക്വാറികൾ അതിനുവേണ്ടി മാത്രമായി വരുമെന്നുള്ളതാണ് കണക്ക്. അതിനാൽ അത്രയും ആവശ്യമായി വരും. എന്നാൽ എട്ട് ലക്ഷം മെട്രിക് ടൺ മാത്രമേ ഇവിടെനിന്ന് എടുക്കുന്നുള്ളൂ. ബാക്കിയുള്ളത് പുറത്തുനിന്നും കൊണ്ടുവരുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഹൈവേ ഉൾപ്പെടെയുള്ളതിനും മറ്റുനിർമ്മാണ പ്രവർത്തനങ്ങൾക്കും കരിങ്കൽ ഉൾപ്പെടെയുള്ള പ്രകൃതി വസ്തുക്കൾ ആവശ്യമാണ്. എന്നാൽ ഇതിന്റെയൊരു ബാലൻസിംഗ് രീതിയിൽ മാത്രമേ പോകാൻ കഴിയുകയുള്ളൂ. പ്രളയത്തിനുമുമ്പുള്ള അതേ കാഴ്ചപ്പാട് ഇപ്പോഴും എല്ലാതരത്തിലും സ്വീകരിക്കാൻ കഴിഞ്ഞെന്നുവരില്ല. നമുക്കാവശ്യമായിട്ടുള്ള ഈ വസ്തുക്കൾ ഉറപ്പുവരുത്തിയും പാരിസ്ഥിതികമായിട്ടുള്ള കാര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുമുള്ള ഒരു സന്തുലിതാവസ്ഥയിലാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അതിനാവശ്യമായ പാരിസ്ഥിതിക അനുമതികളുമെല്ലാം ഉറപ്പുവരുത്തിക്കൊണ്ടു മാത്രമാണ് മൈനിംഗ് ഡിപ്പാർട്ടുമെന്റ് അനുമതി നൽകുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന നിരവധി ക്വാറികളുണ്ടെന്നാണ്. പരിസ്ഥിതി ലോലപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം ക്വാറികളെക്കുറിച്ച് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് പറയാമോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം പറഞ്ഞ കാര്യം ഞാൻ ഇവിടെ പറഞ്ഞതല്ല. സംസ്ഥാനത്ത് അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന പരാമർശം ഞാൻ സഭയ്ക്കകത്ത് നടത്തിയിട്ടില്ല. ഇത്തരം പരാമർശങ്ങൾ നേരത്തെ ഉയർന്നുവന്നപ്പോൾ ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. ഏതെങ്കിലും നിയോജകമണ്ഡലത്തിൽ അത്തരത്തിൽ ക്വാറികൾ പ്രവർത്തിക്കുന്നതായി ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചാൽ അതിനെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. ക്വാറി സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ പബ്ലിക് ഡൊമൈനിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത്, കേരളത്തിൽ എത്ര ക്വാറികൾക്ക് ഖനനം നടത്താൻ അനുമതി നൽകിയിട്ടുണ്ട്; എത്ര വർഷത്തേയ്ക്കാണ്; എത്ര അളവ് എടുക്കാൻ കഴിയും; അതിന് ട്രാൻസ്പോർട്ടിംഗ് സംവിധാനം ഉൾപ്പെടെയുള്ള അനുമതി രേഖകളും പബ്ലിക് ഡൊമൈനിൽ നൽകുന്ന കാര്യം ഇപ്പോൾ വകുപ്പ് തീരുമാനിച്ചിട്ടുണ്ട് എന്നകാര്യംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ക്വാറികളുടെയും ക്രഷറിംഗ് യൂണിറ്റുകളുടെയും പ്രവർത്തനം ശാസ്ത്രീയമായും നിയമവിധേയമായും പ്രകൃതി സൗഹൃദമായും നടപ്പാക്കാൻ കഴിയുംവിധം ഒരു നയം ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, തീർച്ചയായും. അതിനാണ് ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതോടൊപ്പം ആധുനിക സാങ്കേതിക വിദ്യകളെല്ലാം ഉപയോഗിച്ചുകൊണ്ട് പരിസ്ഥിതിക്ക് വലിയ ഭാരമേൽപ്പിക്കാത്ത രൂപത്തിൽ എങ്ങനെ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാമെന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു വരുന്നുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി നേരത്തെ പ്ലാനിംഗ് ബോർഡും ഒരു റിപ്പോർട്ട് മുന്നോട്ടുവച്ചിരുന്നു. അതും അതിനുശേഷം വന്ന മാറ്റങ്ങളുമെല്ലാം പരിഗണിച്ചു കൊണ്ട് ഇക്കാര്യത്തിൽ ബാലൻസിംഗ് നിലനിർത്തുന്ന ഒരു നയസമീപനം മുന്നോട്ടുവയ്ക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ സംസ്ഥാനത്ത് അനധികൃത ക്വാറിയിംഗ് നടന്നു കൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത രീതിയിലാണ് പറഞ്ഞത്. യഥാർത്ഥത്തിൽ അംഗീകൃത ക്വാറികളുടെ ഏകദേശം 9 ഇരട്ടിയോളം അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി പല ഏജൻസികളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാർ അവരുടെ നിയോജകമണ്ഡലങ്ങളിലെ ക്വാറികളെ സംബന്ധിച്ച് റിപ്പോർട്ടു ചെയ്യണമെന്ന് പറഞ്ഞാൽ എം.എൽ.എ.-മാർ കൂടി കൂട്ടുനിന്നിട്ടാണ് അനധികൃത ക്വാറി പ്രവർത്തിക്കുന്നതെന്ന അർത്ഥത്തിൽ അത് വ്യാഖ്യാനിക്കപ്പെടും. ക്വാറികളെ സംബന്ധിച്ച് പരിശോധിക്കേണ്ടത് ഡിപ്പാർട്ടുമെന്റിന്റെ ജോലിയാണ്. കേരളത്തിൽ അനധികൃത ക്വാറി പ്രവർത്തിക്കുന്നില്ലെന്നതാണോ സർക്കാർ നിലപാട്?

ശ്രീ. പി. രാജീവ്: സർ, ഞാൻ ഈ വിഷയം സംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയതാണ്. അനധികൃത ക്വാറികൾ ഏറെ പ്രവർത്തിക്കുന്നുവെന്ന് ഞാൻ പരാമർശം നടത്തിയെന്ന് പറഞ്ഞപ്പോൾ, അത് ഉത്തരത്തിന്റെ ഭാഗമായി നടത്തിയിട്ടില്ല

എന്നാണ് പറഞ്ഞത്. അനധികൃത ക്വാറികൾ ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്ത് പരാതി ലഭിച്ചാലും കർക്കശമായ സമീപനം ഗവൺമെന്റ് സ്വീകരിക്കും. പൊതുവെ പബ്ലിക് ഡൊമൈനിൽ വരുന്ന കണക്ക് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് നേരത്തെ ഉന്നയിച്ചിട്ടുണ്ട്. ഒരു പ്രബന്ധത്തെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ ഏകദേശം ആറായിരത്തോളം ക്വാറികളുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ആ പ്രബന്ധത്തിന്റെ അവസാനം പറയുന്നുണ്ട്, " This work presents the raw information on granite quarries of Kerala. Relying on remotely sensed data, it was impossible to ascertain whether a particular quarry is functional or not." കേരളത്തിൽ 1766-ൽ പണിത പാലക്കാട് കോട്ട മുതൽ കരിങ്കല്ല് കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. അതെല്ലാം കണക്കിലെടുത്തു കൊണ്ടാണ് ക്വാറികളുടെ എണ്ണത്തെക്കുറിച്ചുള്ള കണക്ക് വന്നിട്ടുള്ളത്. എന്നാൽ ഇപ്പോൾ പ്രവർത്തനത്തിലുള്ളവയെപ്പറ്റി ഈ കണക്കിനെ ആധാരമാക്കി നിശ്ചയിക്കാൻ കഴിയില്ല. പക്ഷേ ഒരു കാര്യം വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നു. അനധികൃതമായി നടത്തുന്ന ഒരു പ്രവർത്തനങ്ങളെയും സർക്കാർ സംരക്ഷിക്കില്ല. 5 വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പരിശോധന വേണമെന്നുള്ള കാര്യവും സർക്കാർ ആലോചിച്ചിട്ടുണ്ട്. അത്തരം പരിശോധനകൾ ഇപ്പോൾ ജില്ലാതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങൾ എന്നുപറഞ്ഞ സ്ഥലങ്ങളിൽ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ പ്രത്യേക പരിശോധന നടത്താൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഏതെങ്കിലും അനധികൃത ക്വാറികൾ അവിടെ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഒരുമാസത്തിനകം റിപ്പോർട്ട് നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. എം.എൽ.എ.-മാർക്കുകൂടി അത്തരം കാര്യങ്ങളിൽ സർക്കാരിനെ സഹായിക്കാൻ കഴിയുമെന്ന ഒരു കാഴ്ചപ്പാടാണ് ഇപ്പോഴുള്ളത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കെട്ടിട നിർമ്മാണത്തിനുവേണ്ടി ഭൂമി നിരപ്പാക്കുന്നതിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് അപേക്ഷ നൽകുമ്പോൾ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ്, ഭൂവികസന പെർമിറ്റ് എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് മാത്രമാക്കി തദ്ദേശസ്വയംഭരണ വകുപ്പും ഉത്തരവിറക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് മണ്ണ് മാറ്റുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി ഓഫീസുകളിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. നേരത്തെ ഈ രണ്ട് പ്ലാനും അതുപോലെ തന്നെ ഡെവലപ്മെന്റ് പെർമിറ്റും ആവശ്യമായി വന്നിരുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പ് വളരെ മാതൃകാപരമായ സമീപനം സ്വീകരിച്ചു. എന്നാൽ മൈനിംഗിൽ ഇപ്പോഴും ആ ചട്ടത്തിന്റെ പ്രശ്നം നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെപ്റ്റംബർ 18-നാണ് ഉത്തരവ് ഇറക്കിയത്. അതിന്റെ തുടർച്ചയായി ഒക്ടോബർ 27-ാം തീയതി ഒരു പ്രത്യേക ഉത്തരവ് മൈനിംഗ് ഡിപ്പാർട്ടുമെന്റും ഇറക്കിയിട്ടുണ്ട്. അത് അടിസ്ഥാന പ്പെടുത്തി ചട്ടത്തിൽ ഭേദഗതി വരുത്തി കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് മിനറൽ ട്രാൻസ്ഫർ പാസ്സിന് അപേക്ഷിക്കുന്നവർ ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റുകൂടി ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. അതിനുള്ള ചട്ട ഭേദഗതി ഉടൻ വരുന്നതാണ്. പക്ഷേ അതുസംബന്ധിച്ച എക്സിക്യൂട്ടീവ് ഉത്തരവ് ഇപ്പോൾ ഇറക്കിയിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കരിങ്കല്ല് നമ്മുടെ വികസന/നിർമ്മാണ ആവശ്യങ്ങൾക്ക് വേണ്ടപ്പെട്ടൊരു കാര്യംതന്നെയാണ്. എന്നാൽ പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന ക്വാറിയിംഗിനെയാണ് ആശങ്കയോടെ കാണുന്നത്. കൃഷിസ്ഥലങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും ഒറ്റപ്പെട്ട കല്ലുകൾ ഉണ്ട്. പലപ്പോഴും അവിടെയുള്ള വീടുകൾക്ക് ഭീഷണിയായി വരുന്ന കരിങ്കല്ലുകളുണ്ട്, പാറക്കൂമ്പാരങ്ങളല്ല, അങ്ങനെയുള്ള കരിങ്കല്ലുകൾ എക്സ്പ്ലോസീവ് ഇല്ലാതെതന്നെ പൊട്ടിച്ച് തദ്ദേശീയമായിട്ടെങ്കിലും വികസന/നിർമ്മാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന് ചില സന്നദ്ധ സംഘടനകൾ നിർദ്ദേശം വച്ചിട്ടുണ്ട്. അത് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രത്യേകാനുമതിയുടെ സാങ്കേതിക നൂലാമാലകൾ ഇല്ലാതെ തന്നെ ഇത് ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അത്തരം കാര്യങ്ങളിൽ ഇപ്പോൾ അനുമതി നൽകി വരുന്നുണ്ട്. പല സംഘടനകളും അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചില നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, പരിസര പ്രദേശങ്ങളിൽ വലിയ പാറയുണ്ടായിരിക്കും, അത് നീക്കിയാൽ അവർക്കും സൗകര്യപ്രദമായിരിക്കും, കൃഷി നടത്താനും കഴിയും എന്ന അഭിപ്രായവും വരുന്നുണ്ട്. എന്നാൽ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ചുള്ള നിബന്ധനകളെല്ലാം പൂർത്തീകരിച്ചുകൊണ്ട് മാത്രമേ നമുക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. അത് ദുരുപയോഗപ്പെടുത്താതിരി ക്കാനുള്ള ജാഗ്രത ആവശ്യമാണ്. നേരത്തെ സൂചിപ്പിച്ചിട്ടുള്ള എൻ.ഒ.സി.-യും മറ്റ് അനുമതികളും ലഭിക്കുന്നമുറയ്ക്കാണ് ഇതിനും അനുമതി നൽകുന്നത്. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന കാര്യം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കേരളത്തിൽ എവിടെയെങ്കിലും ഇപ്പോൾ ധാതുപര്യവേക്ഷണം നടക്കുന്നുണ്ടോ; അതുവഴി ധാതുക്കൾ കണ്ടെത്താനായിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കേരളത്തിൽ രണ്ട് പഞ്ചായത്തുകളിൽ ധാതു പര്യവേക്ഷണം നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ഒന്ന്, കണ്ണൂർ ജില്ലയാണ്. അലൂമിനിയം ലാറ്റൈറ്റ്, ബോക്സൈറ്റ്, ചൈനാ ക്ലേ എന്നീ ധാതുക്കൾ സംബന്ധിച്ചുള്ള പര്യവേക്ഷണമാണ് ഇപ്പോൾ നടന്നുവരുന്നത്. പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജിലെ പുറവട്ടം ബ്ലോക്ക്, തളിപ്പറമ്പ് താലൂക്കിലെ ചുഴലി വില്ലേജിലെ ഇരുവള്ളൂർ ബ്ലോക്ക് എന്നിവിടങ്ങളിൽ ധാതുപര്യവേക്ഷണം നടന്നുവരുന്നുണ്ട്. നിലവിൽ ധാതുപര്യവേക്ഷണം പൂർത്തിയായ പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജിലെ കോയിപ്ര ബ്ലോക്ക് 1-ൽ 196 ഹെക്ടർ സ്ഥലത്ത് 24 മില്ല്യൻ ടണ്ണും കോയിപ്ര ബ്ലോക്ക് 2-ൽ 84 ഹെക്ടറിൽ 15 മില്ല്യൻ ടണ്ണും അലൂമിനിയം ലാറ്റൈറ്റ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂർ പ്രദേശത്തും അട്ടപ്പാടി പ്രദേശത്തും കണ്ടെത്തിയ സ്വർണ്ണ നിക്ഷേപത്തിൽ കൂടുതലും ഫോറസ്റ്റ് ഏരിയയിലും ഇക്കോളജിക്കൽ സെൻസിറ്റീവ് ഏരിയയിലും ആയിരുന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ പര്യവേക്ഷണം നടത്തുന്നതിന് പരിമിതികളുണ്ട്.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സർ, കഴിഞ്ഞ മാസം 16-ാം തീയതി ഉണ്ടായ വലിയ ദുരന്തത്തോടെ, മഴയെ ആസ്വദിച്ചിരുന്ന കാഞ്ഞിരപ്പള്ളി താലൂക്കിലെ ജനങ്ങൾ ഇന്ന് മഴയെന്ന് കേൾക്കുമ്പോൾ ഭയപ്പെടുകയാണ്. അവിടെ കാലങ്ങളായി തുടർന്നുവന്നിരുന്ന പാറപൊട്ടിക്കൽമൂലം ഭൂമിയിലുണ്ടായ സ്ഫോടനത്തിന്റെ ഭാഗമായി മലകളെല്ലാം വല്ലാതെ വിണ്ടുകീറി പിന്നീടത് ഉരുൾപൊട്ടലായി മാറുകയാണ്. ഈ പ്രശ്നത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഏറ്റവും നന്നായി ഇടപെട്ടുയെന്നുള്ളത് സാന്ദർഭികമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ വലിയ നിർമ്മിതികൾക്കുവേണ്ടിയാണ് പാറകൾ ഒരുപാട് ഉപയോഗിക്കുന്നത്. കേരളത്തിന്റെ പൊതുസമൂഹം ഒരുപാട് ധൂർത്ത് കാണിക്കുന്നുണ്ട്. അതിന് ഒരു നിയന്ത്രണം കൊണ്ടുവരേണ്ടതാണ്. കാരണം ഇതിൽ ഒരു സോഷ്യൽ കോസ്റ്റുണ്ട്. പാറയും മറ്റ് പ്രകൃതി വിഭവങ്ങളുമെല്ലാം ഈ സമൂഹത്തിന്റേതുകൂടിയാണ്. അതിനെ കുറെ ആളുകൾ മാത്രം ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനുള്ള ഒരു ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിൽ മറ്റ് പല ചോദ്യങ്ങളിലും പ്രതിഫലിച്ച ഒരു ആശങ്കയുണ്ട്, 'ഈ ക്വാറികളാണോ ഉരുൾ പൊട്ടലിന് ഇടയാക്കുന്നത്' എന്ന്. അത് ആധികാരികമായി തെളിഞ്ഞിട്ടില്ലെങ്കിലും പൊതുവെ അങ്ങനെയൊരു അവബോധം നിലനിൽക്കുന്നുണ്ട്. അതുസംബന്ധിച്ച്

വിശദമായ ഒരു പഠനം നടത്തണമെന്ന് നേരത്തെ നിയമസഭാ കമ്മിറ്റികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ആധികാരികമായി പഠനം നടത്താൻ ഇപ്പോൾ അംഗീകരിക്കപ്പെട്ട ഏജൻസിയെന്നുപറയുന്നത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ്. ക്വാറികളും ഇത്തരത്തിലുള്ള ഉരുൾപൊട്ടലുകളും തമ്മിൽ ബന്ധമുണ്ടോയെന്ന കാര്യം പഠിക്കുന്നതിന് ഈ ഏജൻസിയെ നിയോഗിക്കാൻ ആവശ്യമായ തീരുമാനം എടുക്കുന്നതാണ്. അവരുമായി ചർച്ച നടത്താമെന്നാണ് കരുതുന്നത്. റോഡ്, പാലം, തുടങ്ങിയ പൊതു ആവശ്യങ്ങൾക്കും വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കരിങ്കല്ല് ആവശ്യമാണ്. അതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പുതന്നെ ഇപ്പോൾ ചില നിർമ്മാണ പ്രവർത്തനങ്ങൾക്ക് റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുകയെന്ന രീതി അവലംബിച്ച് വന്നിട്ടുണ്ട്. കെട്ടിടങ്ങളുടെ സുരക്ഷയെക്കുറിച്ച് ആശങ്കയുള്ളതു കൊണ്ട് അത്ര പ്രായോഗികമാകുമെന്ന് തോന്നുന്നില്ല. പക്ഷേ റോഡുകളുടെ കാര്യത്തിൽ അത്തരം രീതികൾകൂടി ഉപയോഗിക്കാൻ കഴിയും. ഇക്കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് അറുപതോളം ക്വാറികൾക്ക് സമാനമായിട്ടുള്ള കല്ല് വേണ്ടിവരുമെന്ന് പറയുകയുണ്ടായി. 3.2 കി.മീ ദൂരം മാത്രം വരുന്ന പുലിമുട്ട് നിർമ്മാണത്തിനാണ് ഇത്രയും ക്വാറി വേണ്ടിവരുന്നത്. അങ്ങനെയാണെങ്കിൽ 600 കിലോമീറ്ററിലേറെ ദൂരംവരുന്ന സിൽവർലൈൻ പദ്ധതിക്ക് എത്ര ക്വാറികൾ വേണ്ടിവരുമെന്ന് എന്തെങ്കിലുമൊരു കണക്ക് എടുത്തിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u> : സർ, ഞാൻ ഈ കണക്ക് പറഞ്ഞത് നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ്. ഹൈവേ നിർമ്മാണത്തിനും ഇവയുടെ വീതി കൂട്ടുന്നതിനും സിൽവർ ലൈൻ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും കരിങ്കല്ല് ആവശ്യമായി വരും. അതൊന്നും വേണ്ടെന്ന് നമുക്ക് തീരുമാനിക്കാൻ കഴിയില്ല. അക്കാര്യങ്ങൾ നിർവഹിക്കുമ്പോൾ പാരിസ്ഥിതിക ആഘാതമുണ്ടാകാനും പാടില്ല. ഇപ്പോൾ രാത്രി പൊതുവേ ഇരുട്ടാണ്, രാത്രി ഇരുട്ടാണെന്നുള്ളതുകൊണ്ട് വെളിച്ചമേ പാടില്ലെന്ന വ്യത്യസ്തസമീപനം സ്വീകരിക്കാനും പാടില്ലല്ലോ. എന്നാൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തണമെന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റ് ചെയ്യുന്നില്ല. വിഴിഞ്ഞം തുറമുഖ പദ്ധതിക്കാവശ്യമായ കൂടുതൽ കരിങ്കല്ലും പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. അതായത് എഴുപത് ലക്ഷം മെട്രിക് ടൺ കരിങ്കല്ലിൽ എട്ട് ലക്ഷം മാത്രമാണ് ഇവിടെനിന്നും നൽകാൻ സാധിച്ചിട്ടുള്ളത്. അത്തരം രീതികൾ തന്നെയാണ് ആവിഷ്കരിക്കുന്നത്. എന്നാൽ പാരിസ്ഥിതികമായിട്ടുള്ള കാര്യങ്ങളിലൊന്നും വിട്ടുവീഴ്ച

ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന നിർദ്ദേശത്തെ അടിസ്ഥാനമാക്കി കേന്ദ്രഗവൺമെന്റാണ് പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയെ നിശ്ചയിക്കുന്നത്. അതോടൊപ്പം അതിന്റെ കമ്മിറ്റി പരിശോധന നടത്തിയിട്ടാണ് എൻ.ഒ.സി. നൽകുന്നത്. ആ എൻ.ഒ.സി. നിർബന്ധമാണ്. കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും പഞ്ചായത്തിന്റെയും അനുമതി, എക്സ്പ്ലോസീവ് ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിനുള്ള അനുമതി എന്നിവയും നിർബന്ധമാണ്. ഇത് നാലും ഉറപ്പാക്കിയതിനുശേഷമേ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ലൈസൻസ് നൽകുകയുള്ളൂ. ഇതിലൊന്നും വിട്ടുവീഴ്ചയില്ല. യു.ഡി.എഫ്.-ലെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടിയതുപോലെ നമുക്ക് വികസനം വേണം, അതോടൊപ്പം പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുകയും വേണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അവസാനിപ്പിച്ചിടത്തു നിന്നും ഞാൻ ചോദിക്കുന്നു, പരിസ്ഥിതിയും സംരക്ഷിക്കപ്പെടണം അതോടൊപ്പം വികസനവും ഉണ്ടാകണം. കേരളത്തിൽ വലിയ രീതിയിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. തലപ്പാടി മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയ പാതയുടെ നിർമ്മാണമുൾപ്പെടെ പല നിർമ്മാണത്തിനും കരിങ്കൽ അനിവാര്യമാണ്. ഇത്തരമൊരു ഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ വ്യാപകമായി കല്ലും മറ്റും കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ -കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് കരിങ്കല്ല് കൊണ്ടുവരുന്നതെന്ന് പറഞ്ഞു. ഇത്തരം പ്രവർത്തനങ്ങൾക്ക് അതത് ഏജൻസികളാണ് എവിടെനിന്നും കരിങ്കല്ല് കൊണ്ടുവരണമെന്ന് തീരുമാനിക്കുന്നത്. അതിന് അംഗീകൃത ചട്ടങ്ങൾക്കനുസരിച്ച് അനുമതി നൽകുന്ന രീതിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കലിങ്കല്ലിന്റെ കാര്യത്തിൽ മാത്രമല്ല, വടക്കൻ കേരളത്തിൽ ചെങ്കല്ല് വെട്ടിയെടുക്കണമെങ്കിലും പാരിസ്ഥിതികാനുമതി ആവശ്യമാണ്. ഈ അനുമതി നൽകുന്ന അതോറിറ്റിയുടെ കാലാവധി സെപ്റ്റംബർ 18-ന് അവസാനിച്ചു. ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. പക്ഷേ, പുതിയ കമ്മിറ്റി ഇതുവരെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല. ആ കമ്മിറ്റിയുടെ എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ നമുക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഒരുതരത്തിലുള്ള പുതിയ അനുമതികളും ചെങ്കല്ലായാലും കരിങ്കല്ലായാലും ഇപ്പോൾ നൽകാൻ കഴിയുന്ന സാഹചര്യമില്ല. അവരുടെ എൻ.ഒ.സി. വരുന്നമുറയ്ക്ക്, അതായത് ഈ അതോറിറ്റിയെ കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്ത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതിനുശേഷം മാത്രമേ അത്തരം കാര്യങ്ങൾ നമുക്ക് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ചോദ്യത്തിനാസ്പദമായ കൂട്ടിക്കൽ പഞ്ചായത്ത് എന്റെ നിയോജകമണ്ഡലത്തിലാണ് വരുന്നത്. അവിടെ നടന്ന പ്രകൃതി ദുരന്തത്തിൽ ക്വാറികളുടെ പ്രവർത്തനം കാരണമായിട്ടുണ്ടെന്നുള്ള ആശങ്ക ജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുണ്ട്. അതുകൊണ്ടുതന്നെ അവിടെ പ്രവർത്തിച്ചിരുന്ന ക്വാറികൾ നിയമപരമായ എല്ലാ നടപടിക്രമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലായിരുന്നുവെന്നുള്ള ആക്ഷേപവുമുണ്ട്. അത് പരിശോധിക്കുമോ; അതിന് കാരണക്കാരായവരെയും അതിന് ഒത്താശ ചെയ്തുകൊടുത്ത ചില രാഷ്ട്രീയ നേതൃത്വങ്ങൾക്കെതിരെയും പ്രാദേശികമായുള്ള ആക്ഷേപമുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഒരു ക്വാറിയാണ് അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് നേരത്തെ ഉത്തരത്തിൽ വ്യക്തമാക്കിയിരുന്നു. മുമ്പ് ഒരു ക്വാറിക്ക് 2020-വരെ പ്രവർത്തിക്കാൻ അനുമതിയുണ്ടായിരുന്നു. പക്ഷേ 2019-ലെ പ്രളയം കഴിഞ്ഞ് റെഡ് സോണിൽ വന്നതിനുശേഷം ആ ക്വാറി പ്രവർത്തിക്കുന്നില്ല. അനധികൃതമായി ഏതെങ്കിലും ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യത്തിനുള്ള എന്റെ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ഡിപ്പാർട്ട്മെന്റ് അവിടെ ഇൻസ്പെക്ഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു മാസത്തിനുള്ളിൽ ഈ പ്രദേശങ്ങളിലെല്ലാം പ്രത്യേക പരിശോധന നടത്തി ഏതെങ്കിലും അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ കർക്കശമായ സമീപനം സ്വീകരിക്കും. ഒരു വിട്ടുവീഴ്ചയും അക്കാര്യത്തിൽ ഉണ്ടാകില്ലെന്ന ഉറപ്പാണ് നൽകാനുള്ളത്.

<u>ശ്രീ. എ. രാജ</u>: സർ, സർക്കാർ പുറമ്പോക്കിലെ ധാതുഖനനം പൊതുമേഖലയിലാക്കുന്നത് സംബന്ധിച്ച് നിയമസഭയുടെ പരിസ്ഥിതി സമിതി ഏതെങ്കിലും തരത്തിലുള്ള ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; അക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u> : സർ, നിയമസഭാ പരിസ്ഥിതി കമ്മിറ്റി ഇതുസംബന്ധിച്ചുള്ള ശിപാർശകൾ നടത്തിയിട്ടുണ്ട്. അക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനത്തിനും കുടുംബശ്രീ ഉൾപ്പെടെയുള്ളവയ്ക്കും നൽകണമെന്ന ശിപാർശയാണ് ഒരുഭാഗത്തുനിന്നും വന്നിട്ടുള്ളത്. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഖനനം നടത്തുമ്പോൾ അത് എത്രമാത്രം സാദ്ധ്യമാകുമെന്നുകൂടി പരിശോധിക്കുന്നുണ്ട്. ഖനനവുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ KMML (Kerala Minerals and Metals Limited) occupy ചെയ്താൽ മാത്രമേ നമുക്ക് നൽകാൻ കഴിയുകയുള്ളൂ. അക്കാര്യം മാസ്റ്റർപ്ലാനിന്റെ ഭാഗമായി പരിശോധിക്കുന്നുണ്ട്. പൊതുമേഖലയ്ക്ക് നൽകിയശേഷം അവർ പിന്നീട് സബ് കോൺട്രാക്ട് കൊടുക്കുകയെന്ന രീതിയോട് ഗവൺമെന്റ് യോജിക്കുന്നില്ല.

എക്സ്പ്ലോസീവ് ഉപയോഗിക്കാതെ പുതിയ രീതിയിൽ പാറ കൃത്യമായി മുറിച്ചെടുക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയുണ്ട്. നമുക്ക് ഇവിടെയിരുന്ന് എത്രമാത്രം പാറ ഓരോ സ്ഥലത്തുനിന്നും എടുക്കുന്നുവെന്ന് അറിയാനുള്ള സാങ്കേതികവിദ്യ വികസിച്ചുവരുന്നുണ്ട്. അത്തരമൊരു പ്ലാനിന്റെ ഭാഗമായി പൊതുമേഖലയെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, ക്വാറി പ്രവർത്തിക്കുന്നതിന് സമീപമുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ട എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, യഥാർത്ഥത്തിൽ Mineral Foundation Trust 2018 മുതൽ നിലവിൽ വന്നിട്ടുണ്ട്. ഖനന ബാധിത പ്രദേശങ്ങളിൽ വിവിധ പരിഹാര പ്രവർത്തനങ്ങൾ, ക്ഷേമ വികസന പ്രോജക്ടുകൾ, പദ്ധതികൾ ഇവ നടപ്പിലാക്കുക എന്നുള്ളതാണ് അതിന്റെ ലക്ഷ്യം. Mineral Foundation Trust-ന്റെ ചെയർപേഴ്സൺ ജില്ലാ കളക്ടറാണ്. ഭരണ സമിതിയിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളാണ്. ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള ലീസ്/പെർമിറ്റ് ഉടമകൾ അവർ ഒടുക്കിയ റോയൽറ്റിയുടെ പത്ത് ശതമാനം ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന് അടയ്ക്കേണ്ടതാണ്. ഇതാണ് ട്രസ്റ്റിന്റെ പ്രധാനപ്പെട്ട വരുമാനം. 14 ജില്ലകളിലായി 40.49 കോടി രൂപ, മിനറൽ ഫൗണ്ടേഷൻ ഫണ്ട് ഇപ്പോൾ ലഭ്യമാണ്. പുതിയ കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ പോകുകയാണ്. അതത് ജില്ലകളിലെ ജനപ്രതിനിധികൾ നല്ല രീതിയിൽ ഇടപെട്ടുകൊണ്ട് ഈ ഫണ്ട് ഉദ്ദേശിച്ച കാര്യങ്ങൾക്കുവേണ്ടി, ആ പ്രദേശത്ത് ആഘാതമനുഭവിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: വയനാട്, ഇടുക്കി, മുണ്ടക്കയം എന്നിവയ്ക്കുകൂടി ഒരു പരിഗണന നൽകേണ്ടതുണ്ട്.

### കയർ വ്യവസായ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

2 (*482) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ്, കയർ കോർപ്പറേഷൻ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രവർത്തനം കയർ വ്യവസായ മേഖലയ്ക്ക് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കയർ വ്യവസായ രംഗത്ത് പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണത്തിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) കയർ മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ, വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) കയർഫെഡ്: കേരളത്തിലെ കയർപിരി സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ചകിരി വിതരണം ചെയ്യുന്നതും സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും സംഭരിച്ച് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് വിപണനം ചെയ്യുന്നതും കയർഫെഡാണ്. സംഘങ്ങൾക്ക് ആവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. വർഷം മുഴുവൻ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയും കയർഫെഡ് നടത്തിവരുന്നു. കയർ ഭൂവസ്ത്ര പദ്ധതിയുടെ നോഡൽ ഏജൻസികളിലൊന്നാണ് കയർഫെഡ്. കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് കയർഫെഡ് എക്സിബിഷനുകൾ നടത്തുകയും ഉത്സവകാലങ്ങളിൽ ഡിസ്കൗണ്ട് നൽകി കയർ ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്:

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പ്രവർത്തനം ചുവടെ വിവരിക്കുന്ന പദ്ധതികളിലൂടെ കയർ വ്യവസായ മേഖലയ്ക്ക് വിവിധ രീതികളിൽ പ്രയോജനപ്പെടുന്നു.

1. 2007-ൽ തുടങ്ങിയ ക്രയവില സ്ഥിരതാ പദ്ധതി നടത്തിപ്പുവഴി കയർ മേഖലയിലെ ഇടനിലക്കാരുടെ ചൂഷണങ്ങൾ പൂർണ്ണമായും ഇല്ലാതാക്കി, ഉത്പന്നങ്ങൾക്ക് ന്യായവിലയും കയർ മേഖലയിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് അർഹമായ വേതനവും പരമാവധി തൊഴിൽദിനങ്ങളും ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഴുപത്തിയഞ്ചോളം ചെറുകിട ഉത്പാദക സഹകരണസംഘങ്ങൾ വഴി ചെറുകിട ഉത്പാദകർ ഉത്പാദിപ്പിക്കുന്ന കയർ ഉത്പന്നങ്ങൾ പൂർണ്ണമായും സംഭരിക്കുന്നതിനും അത് വിവിധ കയറ്റുമതി സ്ഥാപനങ്ങൾക്ക് വിറ്റഴിക്കുവാനും സാധിച്ചിട്ടുണ്ട്.

2. കയർ ഭൂവസ്ത്രത്തിന്റെ ഉത്പാദനവും വിപണനവും:

കയർ മേഖലയിലെ വിപ്ലവകരമായ കുതിച്ചുചാട്ടത്തിന് കാരണമായ ഉത്പന്നമാണ് കയർ ഭൂവസ്ത്രം. പരിസ്ഥിതി, മണ്ണ് - ജലസംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തി വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന വിവിധ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുക വഴി ആയിരക്കണക്കിന് കയർ തൊഴിലാളികൾക്ക് മുടങ്ങാതെ തൊഴിൽ ലഭ്യമാക്കാൻ സാധിക്കുന്നു.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വന്ന 1987-നു മുമ്പ് തൊഴിലിൽനിന്നും വിരമിച്ച തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗമായശേഷം വിരമിക്കുന്ന തൊഴിലാളികൾക്കും പെൻഷൻ, മരണപ്പെട്ട അംഗങ്ങളുടെ/പെൻഷണറുടെ ജീവിത പങ്കാളിക്ക് കുടുംബ പെൻഷനും റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി ക്ഷേമനിധിയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ക്ഷേമാനുകൂല്യങ്ങൾ മുതലായവ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്നു. വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ശാരീരിക അവശതയുള്ള പ്രത്യേക ധനസഹായം, അപകട മരണ നഷ്ടപരിഹാരം, ശവസംസ്കാര ധനസഹായം, അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം തുടങ്ങി ഒട്ടേറെ ക്ഷേമ പദ്ധതികളാണ് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്നത്.

(ബി) കയർ വ്യവസായ മേഖലയിൽ പരമ്പരാഗത തൊഴിലാളികളുടെ

തൊഴിൽ സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി

കയർ രണ്ടാം പുനഃസംഘടനാപദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കയർ മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള സർക്കാർ സ്ഥാപിച്ച ഗവേഷണ സ്ഥാപനമാണ് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി. ആർ. എം.ഐ.). ഈ സ്ഥാപനം വികസിപ്പിച്ചെടുത്ത കയർ ഭൂവസ്ത്രം വിതാനിക്കാനുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് കയർ വികസന വകുപ്പും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

സംയുക്തമായി കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിവരുന്നത്. കയർ ജിയോ സെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, acoustic panel, ബൈൻഡർലെസ് ബോർഡ് തുടങ്ങിയ നിരവധി നൂതന ഉൽപ്പന്നങ്ങൾ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇളനീർ തൊണ്ട് പുതയിടീൽ വസ്തുവാക്കി മാറ്റുന്നതിനുവേണ്ട മെഷീൻ വികസിപ്പിച്ചിട്ടുണ്ട്. മണിക്കൂറിൽ രണ്ട് മീറ്റർ വീതിയിൽ 180 മീറ്റർവരെ കയർ ഭൂവസ്ത്രം ഉത്പാദിപ്പിക്കാനുള്ള ഓട്ടോമാറ്റിക് പവർ ലൂം എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ പിത്തിൽനിന്ന് മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ചകിരി നാരിന്റെ മൃദുത്വം വർദ്ധിപ്പിച്ച് സ്പിന്നബിലിറ്റി കൂട്ടി വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്ന തിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ശ്രീമതി യു. പ്രതിഭ: സർ, ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമായ കേരളത്തിൽ പരമ്പരാഗത കയർ മേഖലയിലെ കുറഞ്ഞ വേതനവും അസംസ്കൃത വസ്തുക്കളുടെ കുറവും വലിയ വെല്ലുവിളിയായി നിൽക്കുകയാണ്. ഈ മേഖലയിൽ ഗവൺമെന്റ് നിരവധി കാര്യങ്ങൾ ചെയ്യുന്നുമുണ്ട്. യന്ത്രവൽക്കരണ/ ആധുനിക വൽക്കരണ പരിപാടികൾ ഫലം കണ്ടുതുടങ്ങിയിട്ടുണ്ടെങ്കിലും അതിന് വേണ്ടത്ര വേഗതയില്ലെന്ന് നിരീക്ഷിക്കുമ്പോൾ നമുക്ക് മനസ്സിലാകും. അതിന്റെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. പി. രാജീവ്: സർ, യഥാർത്ഥത്തിൽ രണ്ടാം പുനഃസംഘടന കേരളത്തിന്റെ ഈ മേഖലയിൽ വലിയ മാറ്റമാണ് ഉണ്ടാക്കിയത്. 2015-16-ൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ചകിരിയുടെ ഉപയോഗം മൊത്തം ഉപയോഗത്തിന്റെ രണ്ടര ശതമാനം മാത്രമായിരുന്നു. എന്നാൽ 2020-21-ലെ കണക്ക് നോക്കുമ്പോൾ അത് 32 ശതമാനമായി ഉയർന്നു. സെപ്റ്റംബർ 31-ലെ കണക്കുപ്രകാരം കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കുന്ന ചകിരിയുടെ 48.3 ശതമാനവും ഇവിടെത്തന്നെ ഉൽപ്പാ ദിപ്പിക്കുന്നതാണ്. ചകിരി ഉൽപ്പാദനത്തിൽ കേരളത്തിന് 2015-16-ലെ രണ്ടര ശതമാനത്തിൽനിന്നും ഇപ്പോൾ 48.3 ശതമാനത്തിന്റെ കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പൂർണ്ണമായും സ്വാശ്രയമാക്കുന്ന പദ്ധതിയുമായാണ് ഈ മേഖലയിൽ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തൊണ്ട് ശേഖരിക്കുന്ന സമയത്ത് അതിന്റെ അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണ് നമ്മൾ ഉപയോഗിച്ചിരുന്നത്. 2020-21-ൽ അത് 16 ശതമാനമായി ഉയർന്നു; സെപ്റ്റംബർ 30-ലെ കണക്ക് പ്രകാരം 19 ശതമാനമായി ഇത് വർദ്ധിച്ചിട്ടുണ്ട്. 50 മില്ലുകളാണ് 2015-16-ൽ ചകിരി ഉൽപ്പാദനത്തിനായി സ്ഥാപിക്കപ്പെട്ടിരുന്നത്. 2016-21 കാലഘട്ടത്തിൽ 124 പുതിയ മില്ലുകൾ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമാ ക്കിയിട്ടുണ്ട്. 2021-22-ൽ നാല് മില്ലുകൾ കൂടി ആരംഭിച്ചു. ഇവ ഓരോന്നിനും

ഒന്നര കോടി രൂപയുടെ നിക്ഷേപം ആവശ്യമാണ്. ഇതേ രൂപത്തിൽ ഒരോ ഘട്ടത്തിലും പരിശോധന നടത്തി പരമാവധി സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, നൂതനമായ ധാരാളം ഉൽപ്പന്നങ്ങൾ ഈ മേഖലയിൽ നമുക്ക് കിട്ടുന്നുണ്ടെന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 'കയർ കേരള' നടക്കുമ്പോൾ അതെല്ലാം നമുക്ക് അനുഭവവേദ്യമാണ്. ഫർണിച്ചർ അടക്കമുള്ള എല്ലാ സാധനങ്ങളും കയറിൽനിന്ന് നിർമ്മിക്കുന്നുണ്ട്. ഇത്തരത്തിൽ നൂതനമായ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് മത്സരശേഷി വർദ്ധിപ്പിക്കൽ, വൈവിദ്ധ്യവൽക്കരണം ത്വരിതപ്പെടുത്തൽ, പുതിയ വിപണികൾ കണ്ടെത്തൽ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ എന്തൊക്കെ ഇടപെടൽ നടത്താൻ സാധിക്കും?

ശ്രീ. പി. രാജീവ്: സർ, കയർ ഉൽപ്പന്നങ്ങളിൽ അടുത്തകാലത്ത് ഉണ്ടായ വലിയ മാറ്റം ഭൂവസ്ത്രമാണ്. അതിന് നല്ല ഡിമാന്റുമുണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, തദ്ദേശസ്വയംഭരണ വകുപ്പും സഹകരിച്ചതുകൊണ്ട് അവ നന്നായി വിപണിയിലെത്തിക്കാനും ഉപയോഗിക്കാനും കഴിയുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വൈവിദ്ധ്യവൽക്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയും കയർ മേഖലയിൽ പ്രധാനപ്പെട്ടതാണ്. കുറച്ചുകൂടി ജൈവ രീതിയിലേയ്ക്ക് മാറുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ലോകം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അതിന് പ്രത്യേക മുൻഗണനയും വരുന്നുണ്ട്. ആ മുൻഗണന പരമാവധി ഉപയോഗപ്പെടുത്തി ആഗോള കമ്പോളത്തിലേയ്ക്കുകൂടി നമ്മുടെ ഉൽപ്പന്നങ്ങൾ കുറച്ചുകൂടി എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. പലതും നല്ല രീതിയിൽ വരുന്നുണ്ടെങ്കിലും അതുപോര. സാധ്യതകൾ കുറച്ചുകൂടി ഉപയോഗപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ വിപണനം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കയർ മാത്രമല്ല, കൈത്തറി ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും ഒരു ഓൺലൈൻ പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കയർ ഉൽപ്പാദനം വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് അവരുടെ ജീവിതം ഭദ്രമാക്കാനാവശ്യമായ വിപുലമായ നടപടി കണ്ടെത്താനുള്ള പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കയർ ഭൂവസ്ത്രം വിപുലമായ രീതിയിൽ പല മേഖലകളിലും ഉപയോഗിച്ചു വരികയാണ്. ഈ മേഖലയിൽ ഇതര സംസ്ഥാനങ്ങളിൽ

നിന്നുള്ള ഗുണനിലവാരം കുറഞ്ഞ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പരിശ്രമങ്ങളെ തടയാനോ അതിന്റെ ഗുണനിലവാരം ഉറപ്പാക്കാനോ ആവശ്യമായ എന്തെല്ലാം നടപടിയാണ് സർക്കാർ എടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കയർ ഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ മൂന്ന് സ്ഥാപനങ്ങൾ വഴിയാണ് കയർ ഭൂവസ്ത്രം നൽകിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പുറത്തുനിന്നുള്ള കയർ ഉപയോഗിക്കുന്നുണ്ടെന്ന പ്രശ്നം പലരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കയർഫെഡാണ് അത് സംഭരിച്ചുകൊണ്ട് ചകിരി കൊടുക്കുന്നത്. ഭൂവസ്ത്രം നൽകുന്നതോടൊപ്പം കയർഫെഡിൽ നിന്നുള്ള ബില്ലുകൂടി ഹാജരാക്കണമെന്ന് വ്യവസ്ഥയുണ്ട്. മുൻകാലങ്ങളിൽ ഇൻഡന്റ് ഹാജരാക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. അത് കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പൂർണ്ണമായും കേരളത്തിലെ ഉൽപ്പാദകരെ/ഈ മേഖലയെ ലക്ഷ്യംവച്ചുകൊണ്ടാണ് സബ്സിഡി നൽകി കയർ ഭൂവസ്ത്രത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൽനിന്നും വഴിമാറിപ്പോകുന്ന ഒരു സമീപനത്തെയും സർക്കാർ പിന്തുണയ്ക്കില്ല. കർക്കശമായ നിലപാട് അക്കാര്യത്തിൽ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ചേർത്തല താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ കെ.എസ്.ഐ.ഡി.സി. (Kerala State Industrial Development Corporation)-യിൽ നിന്നും കയർ വകുപ്പ് ഭൂമി ഏറ്റെടുത്ത് എന്തെല്ലാം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ കെ.എസ്.ഐ.ഡി.സി.-യുടെ ഭൂമി ഉപയോഗിച്ചുകൊണ്ട് കയർ ക്ലസ്റ്റർ കൊണ്ടുവരികയെന്ന സമീപനം സ്വീകരിച്ചിരുന്നു. അതിനാവശ്യമായ ഗവൺമെന്റ് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തികമായി 12 കോടി രൂപയോളം അതിന് കണ്ടെത്തേണ്ടതുണ്ട്. വ്യവസായം, കയർ എന്നീ വകുപ്പുകൾ തമ്മിൽ അതിനാവശ്യമായ ചർച്ചകൾ നടത്തി ആ ഭാഗംകൂടി വ്യക്തമാക്കിക്കഴിഞ്ഞാൽ ടി പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയർ ഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആ സൗകര്യം ഉപയോഗിക്കാം. ഇതുകൂടാതെ സ്വകാര്യ സംരംഭകർക്കും ടി ക്ലസ്റ്ററിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയും. കയറിന്റെ കാര്യത്തിൽ ആലപ്പുഴ ഏറ്റവും പ്രധാനപ്പെട്ട ജില്ലയാണ്. ആ സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുകയെന്ന ലക്ഷ്യം വച്ചാണ് 'ക്ലസ്റ്റർ' എന്ന പദ്ധതി ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. അധികം വൈകാതെ ഈ പ്രോസസിംഗ് പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണനുവേണ്ടി ശ്രീ. വി. ജോയി: സർ, പരമ്പരാഗത മേഖലയിൽ, പ്രത്യേകിച്ച് കയർ മേഖലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം അവിടത്തെ തൊഴിലാളികൾക്ക് ഏറ്റവും സന്തോഷകരമായ കാലഘട്ടമായിരുന്നു. കയർഫെഡിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് 156 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായത്. പ്രധാനമായും ശ്രദ്ധിക്കേണ്ടൊരു കാര്യം ആധുനികവത്കരണമാണ്. അതുമായി ബന്ധപ്പെട്ട് ഡീഫൈബറിംഗ് യൂണിറ്റുകൾ, നിലവിലുള്ള യന്ത്രങ്ങളുടെ കാര്യക്ഷമത, പുതിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ഒരു ഗവേഷണ സംവിധാനം അടിയന്തരമായി ആവശ്യമാണ്. അത്തരം ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ ഗവേഷണ സ്ഥാപനങ്ങൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അത് ഏതെല്ലാം തരത്തിലാണ് മുന്നോട്ടുപോകുന്നത് എന്നിവ സംബന്ധിച്ച് ഞാൻ മുഖ്യ ഉത്തരത്തിൽ വിശദീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഭൂവസ്ത്രം നമ്മുടെ ഗവേഷകർതന്നെ ശരിയായ രൂപത്തിൽ വികസിപ്പിച്ചെടുത്ത് കൊണ്ടുവന്നതാണ്. രണ്ടാം പുനഃസംഘടനയുടെ സന്ദർഭത്തിലാണ് അത് പ്രായോഗികമായത്. ഇപ്പോൾ അതിന് വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ കൂടുതൽ വിപണി കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അവിടെ പ്രത്യേകം മാനദണ്ഡം നിലനിൽക്കുന്നുണ്ട്. ആ മാനദണ്ഡങ്ങൾ നിലനിൽക്കുമ്പോൾ നമുക്ക് അവിടെ വിപണിയുണ്ടെന്നാണ് സർക്കാർ കാണുന്നത്. മന്ത്രിതലത്തിൽത്തന്നെ ചില ശ്രമങ്ങൾ ഇതിനുവേണ്ടി ആരംഭിച്ചിട്ടുണ്ട്. വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾ ജ്യൂട്ടാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. കയർ ഭൂവസ്ത്രംകൂടി ഉപയോഗിക്കുന്നതിന് ആവശ്യമായ ചർച്ചകൾ ഇവരുമായി നടത്തി ക്കൊണ്ടിരിക്കുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളെപ്പറ്റി നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നാര് കുറച്ചുകൂടി മൃദുത്വമുള്ളതാക്കി മാറ്റി കൂടുതൽ സ്പിന്നബിളാക്കി മാറ്റിയെടുക്കാനുള്ള ഗവേഷണം അവർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങൾക്ക് സാധ്യതയുമുണ്ടാകും. ഇപ്പോൾ ഇവയുടെ ഉൽപ്പാദനത്തിന്റെ അളവിൽ നല്ല മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗുണം കേന്ദ്രീകരിച്ചാണ് ഇനി ശ്രദ്ധിക്കേണ്ടത്. ചകിരി, കയർ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കെല്ലാം ഗുണമേന്മ ഉറപ്പുവരുത്താൻ ആവശ്യമായ ഗവേഷണംകൂടി നടത്തി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കയർ ഉൽപ്പന്നങ്ങളിൽ ഫൈബർ മാറ്റ്, ബീച്ച് ക്രീൽ തുടങ്ങിയ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഇപ്പോഴും കേരളത്തിൽ മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇത് ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ കയർ ഫൈബറാണ് ഇതിന്റെ അടിസ്ഥാന വസ്തു. പുതിയ സാങ്കേതികവിദ്യകൾ

ഉപയോഗിച്ച് കയർ വ്യവസായം വൈവിദ്ധ്യവൽക്കരിക്കാനും പ്രത്യേകിച്ച് തണുപ്പ് കാലാവസ്ഥയുള്ള രാജ്യങ്ങളിൽ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഫൈബർ മാറ്റ്, ബീച്ച് ക്രീൽ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുംവേണ്ടി സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുക?

ശ്രീ. പി. രാജീവ്: സർ, പ്രസക്തമായ ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. ഫൈബർ മാറ്റിന്റെയും ബീച്ച് ക്രീലിന്റെയുമെല്ലാം വിപണി ശക്തിപ്പെടുത്തലാണ് അതിൽ പ്രധാനം. അതിന് ഗുണമേന്മയുള്ള ചകിരി, കയർ ഇതെല്ലാം ഉറപ്പു വരുത്തേണ്ടതുണ്ട്. ഉൽപ്പന്നത്തിനും ഗുണമേന്മ ഉറപ്പുവരുത്തേണ്ടതുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ആരംഭിക്കാൻ പോകുന്ന ഓൺലൈൻ പ്ലാറ്റ്ഫോം കൂടി വന്നുകഴിഞ്ഞാൽ ഈ സവിശേഷമായ ഉൽപ്പന്നങ്ങൾക്ക് ലോക വിപണി കുറെക്കൂടി വിശാലമായി തുറന്നുകിട്ടാൻ അവസരമുണ്ടാകും. അത് ഉപയോഗപ്പെടുത്തി നമ്മുടെ സംരംഭങ്ങൾ കുറച്ചുകൂടി ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കയർ വ്യവസായ മേഖലയിൽ നന്നായി ഇടപെടാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. ഈ വ്യവസായത്തിന്റെ പുനരുദ്ധാര ണത്തിനുവേണ്ടി 2011-16, 2016-21 കാലഘട്ടങ്ങളിൽ സർക്കാർ ആകെ എത്ര തുക ചെലവഴിച്ചു; എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു; ഇതു സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഓരോന്നിന്റേയും വിശദമായ കണക്ക് പ്രത്യേകം പറയാം. പൊതുവായ കാര്യങ്ങൾ മാത്രമാണ് ഇപ്പോൾ സൂചിപ്പിക്കുന്നത്. 2015-16-ൽ തൊഴിലാളികളുടെ ശരാശരി വാർഷിക വരുമാനം 13,500 രൂപയായിരുന്നത് 49,000 രൂപയായി ഉയർത്താൻ സാധിച്ചു. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി പ്രതിദിന കൂലി 300 രൂപയിൽനിന്ന് 500 രൂപയായി ഉയർത്തുകയുണ്ടായി. പരമ്പരാഗത റാട്ടുകളിൽ അത് 350 രൂപയായി ഉയർന്നു. കയർപിരി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി 2020-21-ൽ 24 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. 2015-16-ൽ അത് 12.45 കോടി രൂപ മാത്രമായിരുന്നു. 2021-22 കാലഘട്ടത്തിൽ, സെപ്റ്റംബർ 30 വരെ 10 കോടി രൂപ നൽകിയിട്ടുണ്ട്. ഓണ ക്കാലത്തിനുമുമ്പുള്ള മുഴുവൻ കയർ വിലയും ഗവൺമെന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി 2021 ജൂലൈ മാസവുമായി താരതമ്യം ചെയ്യുമ്പോൾ ആഗസ്റ്റ് മാസത്തിൽ 31 ശതമാനം വർദ്ധനവ് (ഒരു മാസംകൊണ്ട്) വിപണിയിൽ പ്രതിഫലിച്ചിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കയർപിരി വികസന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച പുതിയ കെട്ടിടത്തിന് പൊല്യൂഷൻ സർട്ടിഫിക്കറ്റ് എടുക്കേണ്ടതുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം കയർപിരി യൂണിറ്റിലുള്ള സംഘങ്ങളെ വൈറ്റ് കാറ്റഗറിയിൽനിന്നും ഗ്രീൻ കാറ്റഗറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഗ്രീൻ കാറ്റഗറിയിലാകുമ്പോൾ 50,000 രൂപ അടയ്ക്കേണ്ടതായി വരുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയുള്ള കയർ സംഘങ്ങൾക്ക് ഇത് ബുദ്ധിമുട്ടാകും. ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ സാധിക്കും?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, കയർ മേഖലയിൽ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ചില പരിമിതികളുണ്ട്. അത് പ്രധാനമായും സംഭരണവുമായി ബന്ധപ്പെട്ടതാണ്. കയർ മേഖലയിൽ ഓർഡർ കുറവായതിനാൽ തൊഴിൽദിനം കുറയുന്ന സാഹചര്യമുണ്ട്. കയർ കേരളയിൽ ഓർഡർ ലഭിച്ചതിന്റെ ഭാഗമായി വലപ്പായ നിർമ്മിച്ച് സംഘങ്ങളിൽ സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. അത് പൂർണ്ണമായും ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അങ്ങനെ സംഘങ്ങൾ നിർമ്മിച്ച് സ്റ്റോക്ക് ചെയ്തിരിക്കുന്ന ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻവഴി എത്രയുംവേഗം പൂർണ്ണമായും സംഭരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായ പ്രശ്നമാണ്. കോവിഡ് മഹാമാരിയുടെ പല നിബന്ധനകളുടെയും അടിസ്ഥാനത്തിൽ പ്രായോഗികമായ കുറേ പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട്. അതുമൂലം തൊഴിലുറപ്പ് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ പോയിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ നീക്കിയ മുറയ്ക്കാണ് തൊഴിലുറപ്പ് പദ്ധതി പുനരാരംഭിച്ചത്. അതു കൊണ്ടുതന്നെ കഴിഞ്ഞ വർഷത്തേതുപോലെ ഭൂവസ്ത്രത്തിന്റെ വില്പന ആദ്യഘട്ടത്തിൽ നടന്നിരുന്നില്ല. ആ പരിമിതി മറികടക്കാനായി ലോക്ഡൗൺ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വന്നയുടൻതന്നെ ഗവൺമെന്റ് ശക്തമായി ഇടപെട്ടു. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് എല്ലാ ജില്ലകളിലും പ്രത്യേകമായി ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്. പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, കയർ വകുപ്പിന്റെയും മറ്റും ഉദ്യോഗസ്ഥർ എല്ലാവരും ചേർന്ന് ശില്പശാല നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി അവർ നേരത്തെ ഒപ്പുവച്ച 120 കോടി രൂപയ്ക്കനുസൃതമായുള്ള ഭൂവസ്ത്രത്തിന്റെ വില്പന ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്. അതോടെ കയർ കോർപ്പറേഷനിൽ മാത്രമല്ല കയർഫെഡിലും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിലുമെല്ലാം കെട്ടിക്കിടക്കുന്ന ഇത്തരം ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ

കഴിയും. മറ്റ് ഉല്പന്നങ്ങളുടെ വിപണിയിലും ഈ മാനദണ്ഡങ്ങൾ മാറുന്നതിനനു സരിച്ച് ഗവൺമെന്റ് ഇടപെടുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ, ആഗോള വിപണിയുടെ സാധ്യതകളും ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് ശ്രമിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കയർ സംഘങ്ങൾ പ്രവർത്തിക്കുകയും കയർ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് ഇപ്പോൾ ആ പ്രവർത്തനങ്ങൾ നടക്കുന്നില്ല. സൊസൈറ്റികൾ നിലനിൽക്കുന്നുണ്ട്. അത്തരം സംഘങ്ങളെ നവീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, കയർ സംഘങ്ങൾ നല്ല രീതിയിൽ മുന്നേറുന്നതിന് ഈ രണ്ടാം പുനഃസംഘടന സഹായിച്ചിട്ടുണ്ട്. എന്നാൽ അതുമാത്രം പോരെന്ന് ഗവൺമെന്റും കാണുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, പല സംഘങ്ങളും നിശ്ചലമായി മാറിയിട്ടുണ്ട്. ചില സംഘങ്ങൾക്ക് പുനർനവീകരണത്തിന് കഴിയാത്ത സാഹചര്യമുണ്ട്. അവയെല്ലാം പ്രത്യേകം പരിശോധിക്കുന്നതാണ്. കേരസംഘങ്ങൾക്ക് കുറച്ചധികം ഭൂമിയുണ്ട്. അത് ആ സംഘങ്ങളുടെതന്നെ പുരോഗതിക്കുവേണ്ടി എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. സംഘങ്ങളെക്കുറിച്ചുള്ള പൊതുവായ റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അൻവർ: സർ, മലപ്പുറം ജില്ലയിൽ കയർ വ്യവസായം വളരെ പിന്നിലാണ്. അവിടെ ധാരാളം ചകിരി ലഭ്യമാണ്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ സൗജന്യമായി സ്ഥലം നൽകിയാൽ സർക്കാരിന്റെ നേതൃത്വത്തിൽ കയർ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. തെക്കൻ ജില്ലകളെക്കാൾ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ വടക്കൻ ജില്ലകളിൽനിന്ന് ലഭിക്കുന്ന തൊണ്ടിൽ നിന്നാണ് കൂടുതൽ ചകിരി ലഭിക്കുന്നത്. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി അതിന് പ്രാമുഖ്യം നൽകി ഡീ-ഫൈബറിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഈ രൂപത്തിൽ പല യൂണിറ്റുകളും പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, സ്ഥലം നൽകുന്നതിനെ അടിസ്ഥാനപ്പെടുത്തി ഒരു സംവിധാനംകൂടി അവിടെ ഉണ്ടാക്കിയാൽ അതിനാ വശ്യമായ എല്ലാ കാര്യങ്ങളും എത്രമാത്രം ചെയ്യാൻ കഴിയുമെന്നുള്ളത് സർക്കാർ പരിശോധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാത്തിനും മുൻകയ്യെടുക്കുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, കയർ സഹകരണ സംഘങ്ങൾക്ക് വൈദ്യുതി മിനിമം ഗ്യാരണ്ടി പ്രകാരമുള്ള തുക അടയ്ക്കാൻ സാധിക്കാത്തതുകൊണ്ട് പലതും തുറന്നുപ്രവർത്തിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് മെഷിനറികൾ നശിച്ചു കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അത് വൈദ്യുതി വകുപ്പുമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. വ്യവസായവുമായിബന്ധപ്പെട്ട് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ചേർന്നുള്ള പല ചർച്ചകളിലും വളരെ പോസിറ്റീവായ സമീപനമാണ് വൈദ്യുതി വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത് കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് പ്രത്യേക ഇളവ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിലും അതേ പരിഗണന വൈദ്യുതി വകുപ്പുമന്ത്രിയിൽനിന്നും ഉണ്ടാകുന്നതിനാവശ്യമായ ചർച്ചകൾക്ക് വ്യവസായ വകുപ്പ് മുൻകയ്യെടുക്കുന്നതാണ്.

### കൈത്തറി ഉല്പാദന, വിപണന രംഗത്ത് പുതിയ പദ്ധതികൾ

3(*483) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായ മേഖലയിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ, നെയ്ത്തുകാരുടെ എണ്ണം, ഉല്പാദനക്ഷമത, മൊത്തം വിറ്റുവരവ് എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയതെന്നും കൈത്തറി ഉല്പാദന, വിപണന രംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡി എന്ന നിലയിൽ ഹാൻടെക്സ് എന്തെല്ലാം പ്രവർത്തനങ്ങളാണ് കൈത്തറി ഉല്പാദന, വിപണന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിവരുന്നത്; വിശദമാക്കാമോ;

(സി) അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) കൈത്തറി മേഖലയിൽ അനുഭവപ്പെട്ടിരുന്ന നെയ്ത്തുകാരുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും കൈത്തറി ഉല്പാദന വിപണനരംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കുന്നതിനും സ്കൂൾ യൂണിഫോം പദ്ധതിയിലൂടെയും കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിലൂടെ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

1. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി:

2016-17 മുതൽ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയും എയ്ഡഡ് സ്കൂളിലെ 1 മുതൽ 4-ാം ക്ലാസ് വരെയുമുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 200 മുതൽ 250 വരെ പ്രവൃത്തി ദിനങ്ങളും 681 രൂപ പ്രതിദിന വേതനവും നൽകാൻ കഴിയുന്നു. ഇതുവരെ 143.46 ലക്ഷം മീറ്റർ തുണി ഉല്പാദനം നടത്തുകയും 112.16 ലക്ഷം മീറ്റർ യൂണിഫോം തുണി സ്കൂളുകളിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ 196.89 കോടി രൂപ മുന്നൂറിൽപ്പരം കൈത്തറി സംഘങ്ങളിലെ 5600 നെയ്ത്തുകാർക്കും ആയിരത്തി അറുന്നൂറിൽപ്പരം അനുബന്ധ തൊഴിലാളികൾക്കും വേതനമായി നൽകിയിട്ടുണ്ട്. യൂണിഫോം പദ്ധതി നടപ്പിലാക്കി 5 വർഷം പിന്നിട്ടപ്പോൾ നെയ്ത്ത് ജോലി പഠിച്ച് പുതിയതായി 1026 പേർ ഈ പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. വർഷങ്ങളായി നെയ്ത്ത് ജോലിയിൽ നിന്നും മാറിനിന്ന ഏകദേശം 1300-ഓളം പേർ യൂണിഫോം പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സംഘങ്ങൾ പദ്ധതിയുടെ ഭാഗമായി തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയിൽ ഒരു പുത്തൻ ഉണർവ്വാണ് സംജാത മാക്കിയിരിക്കുന്നത്.

2. യുവ വീവ് പദ്ധതി:

തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. 18-നും 40-നും മധ്യേ പ്രായ മുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സംസ്ഥാനത്തൊട്ടാകെ 20 പേരടങ്ങുന്ന 25 ബാച്ചുകളിലൂടെ 500 പേർക്ക് സൗജന്യമായി പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആവശ്യമുള്ളവർക്ക് 5 വർഷംവരെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവിൽ ആദ്യത്തെ മൂന്ന് മാസത്തെ പ്രൊബേഷൻ പീരിഡിൽ ശമ്പളവും സർക്കാർതന്നെ നൽകുന്നതാണ്. മറുപടി ചുരുക്കിയാണ് ഞാൻ പറയുന്നത്.

3. ഒരു വീട്ടിൽ ഒരു തറി പദ്ധതി:

കേരളത്തിൽ ജനിച്ചതും 18 വയസ്സിനും 55 വയസ്സിനുമിടയിൽ പ്രായമുള്ളവരും സ്വന്തമായി തറി ഇല്ലാത്തതുമായ കൈത്തറി നെയ്ത്തുകാർക്ക് വീടിനോട് ചേർന്നുള്ള പണിപ്പുരയിലോ സംഘം വർക്ക്ഷെഡിലോ തറി സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ 2017-18 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണിത്. തറി വിലയുടെ 75% (പരമാവധി നാൽപ്പതിനായിരം രൂപ) തുകയാണ് ധനസഹായമായി നൽകുന്നത്.

4 റസ്റ്റ് റൂം നിർമ്മാണവും ടോയ്‌ലെറ്റ് നവീകരണവും പദ്ധതി :

ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ് പ്രധാനപ്പെട്ടതാണ്. കൈത്തറി ഉല്പന്നങ്ങളുടെ തനതായ ഒരു ബ്രാൻഡ് രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി ഉല്പന്നങ്ങൾക്കുവേണ്ട പ്രത്യേകമായ ലോഗോ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ലോഗോ രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. നാട്ടുകാണി ടെക്സ്റ്റൈൽസ് ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് സെന്റർ സ്ഥാപിക്കൽ:

ഇത് തുണിത്തരങ്ങളുടെ പ്രിന്റിംഗ്, ഡൈയിംഗ് എന്നിവ നടത്തുന്നതിനാണ്. ഇപ്പോൾ അന്യസംസ്ഥാനങ്ങളെയാണ് അതിനായി നമ്മൾ ആശ്രയിച്ചു കൊണ്ടിരിക്കുന്നത്. അതുമാറ്റി സ്വാശ്രയമുണ്ടാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

6 കൈത്തറി മിത്ര പദ്ധതി:

കൈത്തറി വസ്ത്ര ഡയറക്ടറേറ്റ് ആവിഷ്കരിച്ച പദ്ധതിയാണിത്. തറി/ നെയ്ത്തുകാർ അടങ്ങുന്ന 50 ഗ്രൂപ്പുകളിലായി കേന്ദ്രീകൃതമായി ഉൽപ്പാദനം നടത്തുക എന്നതാണ് കൈത്തറി മിത്ര പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ബാക്കി വിശദാംശങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നു.*

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തിന് അനന്തമായ സാധ്യതകളുള്ള ഒരു മേഖലയാണ് കൈത്തറി. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതു പോലുള്ള നിരവധി പദ്ധതികൾ കൈത്തറി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന്

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പലപ്പോഴായി പ്രഖ്യാപിച്ചിട്ടുണ്ട്. കുറേയേറെ മാറ്റങ്ങളുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുമുണ്ട്. തൊഴിലാളികളെ സംരക്ഷിക്കാനും വൻതോതിൽ ലാഭകരമായി നടത്താനും കഴിയുന്നൊരു വലിയ പദ്ധതിയായി ഇതിനെ മാറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത. പരമ്പരാഗതമായ അറിവുകളും ആധുനിക ടെക്നോളജിയും സന്നിവേശിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ഒരു പ്രത്യേക ബ്രാൻഡായി കൈത്തറി രംഗത്തെ പ്രോത്സാഹിപ്പിച്ചെടുക്കാൻ സാധിക്കണം. അതിനുള്ള ചില പരിശ്രമങ്ങൾ നടന്നെങ്കിലും അത്രത്തോളം ആധുനികവൽക്കരണമോ, സ്കിൽ ഡെവലപ്മെന്റോ, മാർക്കറ്റിംഗിനുള്ള ഇടപെടലുകളോ ഈ മേഖലയിൽ ഉണ്ടായിട്ടില്ലെന്നാണ് ഇപ്പോഴും സൂചിപ്പിക്കാനുള്ളത്. കേന്ദ്ര ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശം വൻതോതിൽ ഫണ്ട് ഉണ്ടെന്ന് മനസ്സിലാക്കുന്നു. അതിനുപറ്റിയ പ്രോജക്ട് തയ്യാറാക്കി അത്തരം ഫണ്ടുകൾ നേടിയെടുക്കാൻ കഴിയുമോയെന്ന് പരിശോധന നടത്തുമോ; Fabindia-യുടെ മാതൃകയിൽ കേരളത്തിന്റെ ബ്രാൻഡായ കൈത്തറി ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ കൈത്തറി ഉല്പന്നങ്ങൾ കുറേക്കൂടി വൈവിദ്ധ്യവൽക്കരിക്കണം, നല്ലരീതിയിലുള്ള ഉല്പന്നങ്ങൾ ഇറക്കണം എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം. വിപണി ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവശ്യമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഹാന്റക്സ് ഒരു ഗാർമെന്റ് ഫാക്ടറി തുടങ്ങുകയാണ്. ഒരു ബ്രാൻഡഡ് ഷർട്ട് അവർ വിപണിയിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. ഞാൻ ധരിച്ചിരിക്കുന്നത് ഹാന്റക്സ് ഷർട്ടാണ്. അങ്ങും കൈത്തറിയാണ് ഉപയോഗിച്ചിരിക്കുന്നതെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: അതെ. ഞാനും കൈത്തറി വസ്ത്രമാണ് ഇട്ടിരിക്കുന്നത്.

ശ്രീ. പി. രാജീവ്: സർ, ഇവിടെയിരിക്കുന്ന അംഗങ്ങൾ എല്ലാവരും കൈത്തറിയുടെ ഓരോ ഉൽപ്പന്നംവീതം വാങ്ങി ഹാന്റക്സിനെ സഹായിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാ ബുധനാഴ്ചകളിലും സർക്കാർ ഉദ്യോഗസ്ഥർ കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് മുമ്പ് സർക്കാർ ഉത്തരവുണ്ടായിരുന്നു. എന്നാൽ പിന്നീടത് മുന്നോട്ടുപോയില്ല. ആദ്യം വാരാന്ത്യത്തിലായിരുന്നു ഉപയോഗിക്കേണ്ടിയിരുന്നത്. വാരാന്ത്യം പ്രായോഗികമല്ലെന്നു പറഞ്ഞപ്പോഴാണ് ബുധനാഴ്ചയിലേയ്ക്കാക്കിയത്. അത് ഇടയ്ക്ക് എല്ലാവരും മറന്നുപോയി. അതിന് ഒരിക്കൽക്കൂടി പ്രചാരം നൽകിക്കൊണ്ട് എല്ലാ ബുധനാഴ്ചകളിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരും കൈത്തറി, ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെപ്പോലുള്ള ആളുകളും പ്രതിപക്ഷാംഗങ്ങളിൽ കൂടുതൽപേരും സ്ഥിരമായി ഖാദി വസ്ത്രം ഉപയോഗിക്കുന്നവരാണ്. സർക്കാർ സ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്കായി തുണിത്തരങ്ങൾ

വാങ്ങുമ്പോൾ ഒരു നിശ്ചിത ശതമാനം  കൈത്തറി ആയിരിക്കണമെന്ന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ അത് പ്രായോഗികമായില്ല. അത് മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ ടവ്വലുകൾ പോലുള്ള തുണിത്തരങ്ങൾ വാങ്ങുമ്പോൾ ഒരു നിശ്ചിത ശതമാനം കൈത്തറി വാങ്ങണമെന്ന് ഉറപ്പുവരുത്തിയാൽ നല്ല വിപണിയുണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

മി. സ്പീക്കർ: നിയമസഭ വാങ്ങുന്ന ഉല്പന്നങ്ങളുടെ കാര്യത്തിലും അത് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞ നിർദ്ദേശം സ്വാഗതാർഹവും പ്രോത്സാഹനം നൽകുന്നതുമാണ്. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ഖാദി കേന്ദ്രങ്ങളുണ്ട്.  വളരെ പഴകിയതും ആസ്ബസ്റ്റോസ് മേൽക്കൂരയുള്ളതുമായ കെട്ടിടങ്ങളിലാണ് അവ രണ്ടും പ്രവർത്തിക്കുന്നത്. വൈവിധ്യവൽക്കരണമെന്നെല്ലാം പറഞ്ഞിട്ടും ഈ മേഖലയിൽ ഇപ്പോഴും ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് പറയുന്നത് കഷ്ടമാണ്. കണ്ണൂർ എയർപോർട്ടിന്റെ തൊട്ടടുത്തുള്ള കേന്ദ്രമെന്ന നിലയിൽ ആ ഖാദികേന്ദ്രത്തെ ആധുനികവൽക്കരിക്കുന്നതിനും  ഒരു ഖാദി മ്യൂസിയവും ഷോറൂമും കൂടി അതിന്റെ ഭാഗമായി നിർമ്മിക്കുന്നതിനും ഒരു പദ്ധതി തയ്യാറാക്കിയാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അങ്ങ് സഹായിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് മുഖ്യ ചോദ്യത്തോട്  ചേർന്നുനിൽക്കുന്ന ചോദ്യമല്ല,  ഖാദി മേഖലയെ സംബന്ധിച്ചുള്ളതാണ്. ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. അതിന്റെ ഭാഗമായി ഈ നിർദ്ദേശവും പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സ്വകാര്യ കൈത്തറി ഉല്പാദകർക്ക് നൂൽ നൽകുന്നതും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കുന്നതും നെയ്ത്തുകൂലി നൽകുന്നതും ഹാൻവീവാണ്. വലിയ കുടിശ്ശികയാണ് തൊഴിലാളികൾക്ക് ലഭിക്കാനുള്ളത്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാനാകുമോ; ഇതോടൊപ്പം കൈത്തറി മേഖലയിൽ ജിയോ ടാഗിംഗ് ലഭിച്ച ഉല്പന്നങ്ങൾ ഏതൊക്കെയാണെന്നും അവയുടെ വിപണി സാധ്യത എങ്ങനെ മെച്ചപ്പെടുത്താമെന്നും വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ നേരത്തേ പറഞ്ഞതുപോലെ സ്കൂൾ യൂണിഫോം പദ്ധതി വലിയൊരു ഉണർവ്വാണ് ഈ മേഖലയിൽ സൃഷ്ടിച്ചത്. കഴിഞ്ഞ സെപ്റ്റംബർ മാസം വരെയുള്ള യൂണിഫോമിന്റെ കൂലി തൊഴിലാളികൾക്ക്

നൽകിയിട്ടുണ്ടെന്നാണ് രേഖകളിൽനിന്നും മനസ്സിലാകുന്നത്. ബാക്കിയുള്ളത് സമയബന്ധിതമായി നൽകാൻ ശ്രമിക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പും വ്യവസായ വകുപ്പും ചേർന്ന് അത്തരം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല ഘട്ടങ്ങളിൽ ഇടപെട്ട് കൃത്യമായി കൂലി ഉറപ്പുവരുത്താൻ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഭൗമസൂചക ഉല്പന്നങ്ങൾ പ്രധാനപ്പെട്ടതാണ്. ചേന്ദമംഗലം കൈത്തറി ജിയോടാഗിൽപ്പെടുന്നതാണ്. സാഹിത്യകാരൻ ശ്രീ. എ. സേതുമാധവൻ (സേതു) അദ്ദേഹത്തിന്റെ ആത്മകഥയുടെ ഒടുവിൽ സൂചിപ്പിച്ചത് ചേന്ദമംഗലത്തെ കൈത്തറിക്കാരെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ കുത്താമ്പുള്ളി കളർ സാരികൾ വിപണിയിലേയ്ക്കിറക്കുന്നുണ്ട്. അത് ജിയോടാഗുള്ളതാണ്. ബാലരാമപുരം സാരികളും കോട്ടൺ മെറ്റീരിയൽസ്, കാസർഗോഡ് സാരി, കണ്ണൂരിന്റെ ഫർണീഷിംഗ് തുണിത്തരങ്ങൾ എന്നിവയും ജിയോടാഗുള്ളതാണ്. ഇത് വിപണി ശക്തിപ്പെടുത്തുന്നതിന് സഹായകരമാണ്. അത് പ്രചരിപ്പിക്കുന്നതിനാവശ്യമായ സംവിധാനവും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ടെക്സ്റ്റൈൽ മേഖലയിലെ കേന്ദ്രസർക്കാർ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ സന്ദർഭത്തിൽ സംസ്ഥാന ടെക്സ്റ്റൈൽ മില്ലുകളുടെ പൊതുവായ അവസ്ഥ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം ശരിയാണ്. കേരളത്തിൽ കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള ടെക്സ്റ്റൈൽ മില്ലുകളെല്ലാം അടച്ചുപൂട്ടിയിരിക്കുകയാണ്. കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഈ മില്ലുകളെല്ലാം അടഞ്ഞു കിടക്കുകയാണ്. എന്നാൽ കേരളത്തിലെ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈ കാലയളവിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. 2020-ൽ 8 കോടി രൂപയാണ് നഷ്ടമുണ്ടായിരുന്നത്. എന്നാൽ ഈ ഒക്ടോബറിൽ ഞങ്ങൾ റിവ്യൂ നടത്തുമ്പോൾ അത് 83,000 രൂപയായി കുറച്ചിട്ടുണ്ട്. നവംബർ മാസത്തോടുകൂടി കേരളത്തിലെ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലാഭത്തിലാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. യൂണിറ്റുകളുടെ ശേഷി വിനിയോഗം, ഉല്പാദനം എന്നിവ വർദ്ധിപ്പിച്ചു. നല്ല രീതിയിൽ വിലയും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ മാറ്റമുണ്ടാക്കാൻ കഴിഞ്ഞത്. യൂണിറ്റുകളുടെ ശേഷി വിനിയോഗം പ്രധാനപ്പെട്ടതാണ്. 50 ശതമാനത്തിൽ താഴെയായിരുന്ന പല മില്ലുകളുടെയും ശേഷി വിനിയോഗം 86 ശതമാനമാക്കി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദനത്തിൽ 2020-നെ അപേക്ഷിച്ച് 114 ശതമാനം വർദ്ധനവുണ്ടായി. 19.73 ലക്ഷം കിലോ നൂൽ ഉൽപ്പാദിപ്പിക്കുകയും 53.42 കോടി രൂപയുടെ വില്പന നടത്തുകയും

ചെയ്തിട്ടുണ്ട്. കോവിഡ് മാനദണ്ഡം നിലനിൽക്കുമ്പോഴും ഈ രൂപത്തിൽ വില്പന നടത്താൻ കഴിഞ്ഞു. 120 കോടി രൂപയുടെ വില്പനയാണ് ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാന വ്യവസായ വകുപ്പ് കൈത്തറി മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകളെ അഭിനന്ദിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ നയങ്ങളുടെയും നടപടിയുടെയും ഭാഗമായി N.T.C. (National Textile Corporation) മില്ലുകൾ അടച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ഭാഗമായ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറ്റവും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ച് മുന്നോട്ടുവന്നിരിക്കുന്ന ഈ ഘട്ടത്തിൽ, എന്റെ നിയോജക മണ്ഡലമായ പുതുക്കാട് സ്ഥിതിചെയ്യുന്ന അളകപ്പ ടെക്സ്റ്റൈൽസ് കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി ഒരു വർഷമായി അടച്ചുപൂട്ടിയിരിക്കുകയാണ്. അവിടെ മാത്രമല്ല, സംസ്ഥാനത്തൊട്ടാകെ ഇത്തരം പ്രശ്നങ്ങളുണ്ട്. ആ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വ്യവസായ വകുപ്പ് പ്രത്യേകമായി ഇടപെട്ട് സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേന്ദ്ര സർക്കാരാണ് ഇതുസംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്. ഈ പ്രശ്നം വിശദീകരിച്ചുകൊണ്ടും അടിയന്തരമായി തുറന്നു പ്രവർത്തിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, കഴിഞ്ഞ രണ്ടുവർഷമായി ഹാന്റക്സ് പൊതുയോഗം കൂടിയിട്ടില്ല. ഓണം, വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സംഘങ്ങളിൽനിന്നും ഹാന്റക്സ് വൻതോതിൽ തുണി സംഭരിക്കാറുണ്ട്. ഇക്കഴിഞ്ഞവർഷം വെറും രണ്ടു കോടി രൂപയുടെ തുണിയാണ് സംഭരിച്ചത്. എന്നാൽ മുൻവർഷം 12 കോടി രൂപയുടെ തുണി സംഭരിച്ചിരുന്നു. ഇതുകാരണം കൈത്തറി ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യമാണ്. 70 ശതമാനം പണവും 30 ശതമാനം നൂലുമാണ് സംഘങ്ങൾ ഹാന്റക്സിന് നൽകുന്നത്. എന്നാൽ ഇന്ന് നൂലും പണവും നൽകുന്നില്ല. 22 കോടി രൂപയുടെ കുടിശ്ശികയാണ് ഹാന്റക്സ് ഈ സംഘങ്ങൾക്ക് കൊടുക്കാനുള്ളത്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; അതുപോലെ എല്ലാ ദിവസവും ഖാദി ഉപയോഗിക്കുന്ന ഞങ്ങൾക്ക് എന്തെങ്കിലും ഡിസ്കൗണ്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, എല്ലാ ദിവസവും ഖാദി ഉപയോഗിക്കുന്ന അംഗങ്ങൾക്ക് ഖാദി ഷോറൂമുകളോട് ചേർന്നുതന്നെ സ്റ്റിച്ചിംഗ് യൂണിറ്റും ഡ്രസ് വാഷ് ചെയ്യുന്ന സംവിധാനങ്ങളും ഇപ്പോൾ ആരംഭിക്കുന്നുണ്ട്. എല്ലാ ദിവസവും വൃത്തിയായിവരാൻ അത് സഹായകരമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോവിഡിന്റെ ഭാഗമായി ഹാന്റക്സിലും ഒരു പ്രതിസന്ധിയുണ്ട്, കച്ചവടത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ അത് മറികടക്കുന്നതിന് ആവശ്യമായ ശ്രമം നടത്തിയിട്ടുണ്ട്. ഗവൺമെന്റ് എല്ലാ തലത്തിലും ഇടപെടുന്നുണ്ട്. ഈ വർഷം, പ്രത്യേക സാഹചര്യത്തിൽ, ഹാന്റക്സിന് ധനകാര്യ വകുപ്പ് മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ ഉദുമയിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽ മില്ലിൽ ഇപ്പോൾ നൂൽ ഉല്പാദനം മാത്രമേ നടക്കുന്നുള്ളൂ. നൂൽ ഉല്പാദിപ്പിക്കുകയും കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. അവിടെ തുണി വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലമുള്ളതിനാൽ അത് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുവെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ അവിടെ നൂൽ മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. ഇത്തരം പല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. എങ്ങനെ ഇവയെല്ലാം ഏകോപിപ്പിക്കാൻ കഴിയും, എങ്ങനെ ആധുനികവൽക്കരിക്കാം, വൈവിധ്യവൽക്കരിക്കാം, വിപണി ഉറപ്പുവരുത്താം, കൂടുതൽ തൊഴിലുണ്ടാക്കാൻ കഴിയും തുടങ്ങി കൈത്തറി മേഖലയെ സംബന്ധിച്ച വിഷയങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് നൽകാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, കൈത്തറി സ്ഥാപനങ്ങളിൽ ഇപ്പോൾ ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. വടകര നിയോജകമണ്ഡലത്തിൽ നിരവധി കൈത്തറി സ്ഥാപനങ്ങളുണ്ട്. ടി മേഖലയിൽ ജോലി ചെയ്യുന്നവരുടെ അവസ്ഥ വളരെ ശോചനീയവും പരിതാപകരവുമാണ്. പുതുപ്പണത്തുള്ള ഖാദികേന്ദ്രത്തിൽ പ്രാഥമിക കാര്യങ്ങൾ നിറവേറ്റാനുള്ള സൗകര്യംപോലും ഇല്ലാതെ, അത് പൊളിഞ്ഞുവീഴാറായ സാഹചര്യമാണുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മറ്റ് നടപടികളൊന്നും ഉണ്ടായിട്ടില്ല. ആ വിഷയത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, പൊതുവെ ഖാദിമേഖലയിലും കൈത്തറി സംഘങ്ങളിലുമുള്ള ഇത്തരം പ്രശ്നങ്ങൾ പ്രത്യേകം പരിശോധിച്ച് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പതിനഞ്ചോളം ഖാദി യൂണിറ്റുകളുണ്ട്. സ്കൂൾ യൂണിഫോമുകൾക്ക് ഏറ്റവും കൂടുതൽ വിപണിയുള്ളതാണ്. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം ഖാദിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കൈത്തറി വസ്ത്രങ്ങൾക്കാണ് ആ പരിഗണന നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഖാദിയുടെ പ്രത്യേകമായിട്ടുള്ള ഒരു ഉല്പന്നം ഇറക്കുന്നൊരു ചടങ്ങിൽ പങ്കെടുക്കാൻ വരികയാണ്. നല്ല രീതിയിൽ അദ്ദേഹവും അതിന് മുൻകയ്യെടുത്തിട്ടുണ്ട്. അതുപോലെ എല്ലാ അംഗങ്ങളും മുൻകയ്യെടുക്കുന്നത് നന്നായിരിക്കും.

മി. സ്പീക്കർ: ഓർഡർ....ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഊർജ്ജ കേരളം പദ്ധതി

4(*484) ശ്രീ. എം. വിജിൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച ഊർജ്ജ കേരളം പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ഊർജ്ജരംഗത്തിന് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി രൂപം നൽകിയ പദ്ധതിയാണ് 'ഊർജ്ജ കേരളാ മിഷൻ'. വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമുള്ള 'ദ്യുതി 2021', പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന 'ട്രാൻസ്ഗ്രിഡ് 2.0', സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 'സൗര', ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം', വൈദ്യുതി അപകടരഹിത കേരളം ലക്ഷ്യമിടുന്ന 'ഇ-സേഫ്' എന്നിവയാണ് ഊർജ്ജ കേരളാ മിഷനിലുൾപ്പെട്ടിട്ടുള്ള പദ്ധതികൾ. ഇതിൽ ദ്യുതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

ദ്യുതി 2021 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 3134 കി.മീ. HT OH ലൈനും 598 കി.മീ. HT എ.ബി.സി. കണ്ടക്ടറും 25 കി.മീ. HT കവേർഡ് കണ്ടക്ടറും 375 കി.മീ. HT ഭൂഗർഭ കേബിളുകളും 1642 കി.മീ. LT OH ലൈനും

1007 കി.മീ. LT എ.ബി.സി. കണ്ടക്ടറും 2835 ട്രാൻസ്ഫോർമറുകളുടെ സ്ഥാപനവും 2337 ട്രാൻസ്ഫോർമറുകളുടെ അപ്ഗ്രഡേഷനും 260 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എ.ബി.സി. കണ്ടക്ടറുകളുടെ സ്ഥാപനവും 5409 കി.മീ. LT സിംഗിൾ ഫേസ് ലൈനുകൾ മാറ്റി ത്രീ ഫേസ് ലൈനുകളുടെ സ്ഥാപനവും 2194 കി.മീ. HT OH ലൈനുകളുടെയും 59546 കി.മീ. LT OH ലൈനുകളുടെയും റീ-കണ്ടക്റ്ററിംഗും 8471 എണ്ണം DTR മീറ്ററുകളുടെയും 524 എണ്ണം ബോർഡർ മീറ്ററുകളുടെയും സ്ഥാപനവും 17,65,910 എണ്ണം കേടായ മീറ്ററുകളുടെ മാറ്റി സ്ഥാപനവും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ വൈദ്യുതിതടസ്സം പരമാവധി ഒഴിവാക്കാനും വൈദ്യുതി അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും ഗുണമേന്മയുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഊർജ്ജ കേരളാ മിഷൻ പദ്ധതിയുടെ ഭാഗമായി പ്രസരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച ബൃഹത് പദ്ധതിയാണ് 'ട്രാൻസ് ഗ്രിഡ് 2.0'. പ്രസ്തുത പദ്ധതിയിൽ KIIFB (Kerala Infrastructure Investment Fund Board), PSDF (Power System Development Fund), MNRE (Ministry of New & Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 845 സർക്യൂട്ട് കി.മീ. 220 കെ.വി. ലൈനും 820 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനുമുൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകളുൾപ്പെടുന്ന 5 പാക്കേജുകളുമുണ്ട്. ഇതിൽ 1697 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 6 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 465 സർക്യൂട്ട് കി.മീ. 220 കെ.വി. ലൈനും 548 സർക്യൂട്ട് കി.മീ. 110 കെ. വി. ലൈനുമുൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ 3414 കോടി രൂപയുടെ പദ്ധതികളിലായി 13 സബ്സ്റ്റേഷനുകളും 11 ലൈൻ പാക്കേജുകളിലായി 248 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 877 സർക്യൂട്ട് കി.മീ. 220 കെ.വി. ലൈനും 786 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനും പൂർത്തീകരിക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടം 2022-ലും രണ്ടാം ഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കേരള സർക്കാർ ഊർജ്ജ കേരളാ മിഷന്റെ ഭാഗമായി വിഭാവന ചെയ്ത അഞ്ച് പദ്ധതികളിലൊന്നായ ഫിലമെന്റ് രഹിത കേരള (FFK) പദ്ധതി പ്രകാരം 1 കോടി LED വിഭാവന ചെയ്തതിൽ 96.6 ലക്ഷം LED ഇതിനോടകം വിതരണം ചെയ്തു. കൂടുതൽ ആവശ്യകതയുള്ളതിനാൽ 17.5 ലക്ഷം LED കൂടി വിതരണം നടത്തുന്നതാണ്. കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം

ചെയ്യുന്നത്. ഈ പദ്ധതിയുടെ ഭാഗമായി തിരികെ ശേഖരിക്കുന്ന സി.എഫ്.എൽ.-കൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ചുമതല ഇ.എം.സി.-ക്കാണ്. ഇതിനായി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സി.എഫ്.എൽ.-കൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുവേണ്ടി ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന ഗവണ്മെന്റിന്റെ ഊർജ്ജ കേരളാ മിഷന്റെ ഭാഗമായി 1000 MW-ന്റെ സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. ഇതിൽ 109.75 MW-ന്റെ ഗ്രൗണ്ട് മൗണ്ടഡ് പ്ലാന്റും 500 KW-ന്റെ ഫ്ലോട്ടിംഗ് പ്ലാന്റും നേരത്തെ പ്രവർത്തനം ആരംഭിച്ചു. 500 MW സോളാർ പാർക്ക്, ഫ്ലോട്ടിംഗ് സോളാർ തുടങ്ങിയ വിവിധ പദ്ധതി കളിലൂടെ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സൗര ഒന്നാം ഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ 29.0474 MW-ന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇത് ഡിസംബർ 31 -ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. സൗര രണ്ടാം ഘട്ട സബ്സിഡി പദ്ധതി ഗാർഹികോപഭോക്താക്കൾക്ക് വേണ്ടിയുള്ളതാണ്. ഇതിൽ 2019-20 വർഷത്തിൽ 10.2 MW ശേഷിക്കും 2020-21 വർഷത്തിൽ 36.435 MW ശേഷിക്കും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നാളിതുവരെ 10.23 MW-ന്റെ സൗര പദ്ധതികൾ പൂർത്തിയായി. ഊർജ്ജ കേരളാ മിഷൻ  പദ്ധതിയുടെ കീഴിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയാണ് e-safe കേരള. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ അഗളി പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 600 -ഓളം വീടുകളിലെ വയറിംഗ് നവീകരിച്ച് 4 light point, 1 plug point എന്നിവ ELCB- യോടൊപ്പം സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തുടനീളം പൊതുജന വൈദ്യുതി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വയർമെൻ സൂപ്പർവൈസർ മേഖലകളിൽ ജോലി ചെയ്യുന്നവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ശ്രവ്യ മാധ്യമങ്ങളിലൂടെ പൊതുജന വൈദ്യുത ബോധവത്കരണം നടത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര പൂളിൽ നിന്ന് വൈദ്യുതി ലഭിക്കുന്നതിലുണ്ടായ സാങ്കേതിക അനിശ്ചിതത്വത്തിന്റെ പശ്ചാത്തലത്തിൽ ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണന യിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടിയെടുത്തിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് പുറമേ നിർമ്മാണത്തിലും

പരിഗണനയിലുള്ളതുമായ കെ.എസ്.ഇ.ബി.എൽ.-ന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുമുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സംസ്ഥാനത്തെ ജലസംഭരണികൾ, വെള്ളക്കെട്ടുകൾ തുടങ്ങിയയിടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട നടപടി. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്കുപുറമേ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതിയും ലഭ്യമാക്കി വരുന്നു. ഇപ്രകാരം ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് 398.365 മെഗാവാട്ടിന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ സൗരോർജ്ജ പദ്ധതികളിൽനിന്നും 310.45 മെഗാവാട്ടും 15 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ടും 12.55 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരവും കൂടാതെ കാറ്റിൽനിന്നും 27 മെഗാവാട്ടും ഉൾപ്പെടുന്നു. ഇതിനുപുറമേ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

9 ജലവൈദ്യുത പദ്ധതികളുടെ (ആകെ ശേഷി 193.5 മെഗാവാട്ട്) നിർമ്മാണം വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുന്നു. (ഭൂതത്താൻകെട്ട്, പെരിങ്ങൽക്കുത്ത്, പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, ചെങ്കുളം ഓഗ്മെന്റേഷൻ, പഴശ്ശിസാഗർ, ചിന്നാർ, പെരുവണ്ണാമൂഴി) 37.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പഴശ്ശിസാഗർ (7.5MW), ചിന്നാർ (24MW), പെരുവണ്ണാമൂഴി (6 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. 2015 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം-60 MW, തോട്ടിയാർ ജലവൈദ്യുത പദ്ധതി-40 MW, ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി-6MW എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാ

നത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിൽ ചാത്തൻകോട്ടുനട, അപ്പർ കല്ലാർ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചു. പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്നും വൈദ്യുതോൽപ്പാദനത്തിന് പ്രത്യേക പരിഗണന നൽകിവരുന്നു. കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗരപദ്ധതി ഊർജ്ജ കേരളാ മിഷനിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് 46.5 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നാളിതുവരെ 10.23 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തിയായി. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത NTPC (90mw), TATA Power(110 MW) എന്നിവയുമായി കരാറിലേർപ്പെടാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

200 മെഗാവാട്ട് സോളാർ പാർക്കുകളും- കാസർഗോഡ് സോളാർ പാർക്കിൽ 100 മെഗാവാട്ട് പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും- കായംകുളം NTPC പദ്ധതിയോട് ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50MW) സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇടുക്കി ജലസംഭരണിയിലും (300 MW) ബാണാസുരസാഗർ ജലസംഭരണിയിലും (100 MW) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയാരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. 18.96 Mwp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ ഒരു മെഗാവാട്ടിന്റെ അഗളി നിലയം പൂർത്തിയായി.

3. മെഗാവാട്ടിന്റെ കഞ്ചിക്കോട് നിലയം 2021 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 4 മെഗാവാട്ടിന്റെ ബ്രഹ്മപുരം നിലയത്തിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) കേന്ദ്ര സർക്കാർ വൈദ്യുതി കമ്പോളത്തിൽ നടപ്പാക്കുന്ന പ്രതിലോമകരമായ നടപടി അതിജീവിക്കുന്നതിനും കാലഘട്ടത്തിനനുസൃതമായ ആധുനീകരണത്തിനും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പൊതുകാര്യക്ഷമത ഉയർത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടി കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിന് മാർക്കറ്റ് ടീമിനെ വിപുലീകരിക്കുക, എസ്.എൽ.ഡി.സി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 'SAMAST' എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സബ്സ്റ്റേഷനുകളുടെ പ്രവർത്തനം തൽസമയം നിയന്ത്രിക്കുന്നതിനായി SCADA സംവിധാനം വികസിപ്പിക്കുന്നതിനുവേണ്ടി Reliable Communication System പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേറ്റ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം, നഗര സെക്ഷനുകൾക്കുള്ള ഇ-മെയിന്റനൻസ് വാഹനങ്ങൾ, കോർപ്പറേറ്റ് കസ്റ്റമർ കെയർ നവീകരണം എന്നിവ നടപ്പാക്കിവരുന്നു. മത്സരക്ഷമത വർദ്ധിപ്പിച്ച് രാജ്യത്തെ മികച്ച 5 വൈദ്യുതി കമ്പനികളിൽ ഒന്നായി വിലയിരുത്തപ്പെടാൻ കെ.എസ്.ഇ.ബി.എൽ. തയ്യാറായിവരുന്നു. ജീവനക്കാരുടെ കഴിവ് വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ നൂതന സാങ്കേതിക വിദ്യകളുടെ പിൻബലത്തിൽ നടത്തിവരുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്

5(*485) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ 2019-ൽ മസ്റ്ററിംഗ് പൂർത്തിയാക്കാൻ സാധിക്കാതിരുന്നവരോ മസ്റ്ററിംഗ് പരാജയപ്പെട്ടവരോ ആയ നിരവധി പേർക്ക് 2019 ഡിസംബർ മുതൽ ഇരുപത് മാസത്തോളമായി സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയിരിക്കുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ശരാശരി 56 ലക്ഷം പേർക്ക് എല്ലാ മാസവും മുടങ്ങാതെ 1600 രൂപ വീതം പെൻഷൻ നൽകി വരുന്നുണ്ട്. ഇതിനായി ശരാശരി 856 കോടി രൂപ വീതം പ്രതിമാസം സർക്കാർ ചെലവാക്കി വരികയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ചുള്ള സി.&എ.ജി.-യുടെ 2016-ലെ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ട് (റിപ്പോർട്ട് നമ്പർ 6) പ്രകാരം ധാരാളം പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സമൂഹത്തിലെ അശരണരും നിരാലംബരുമായ ജനങ്ങൾക്ക് ഒരു കൈത്താങ്ങെന്ന നിലയിൽ ഏർപ്പെടുത്തിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായ എല്ലാവർക്കും ലഭ്യമാകണമെന്നതാണ് സർക്കാർ നയം. അതേസമയം, അനർഹരായവരെ ഒഴിവാക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യവുമാണ്. സി.&എ.ജി. റിപ്പോർട്ടിനെ തുടർന്ന് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ നടത്തിയ സർവ്വേയിൽ നിരവധി പേർ അനർഹമായി പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. കൂടാതെ മരണപ്പെട്ടവരുടെ പേരിലും പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. ചിലർ ഒന്നിലധികം പ്രാദേശിക സർക്കാരുകളിൽനിന്നും പെൻഷൻ വാങ്ങുന്നതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം സാഹചര്യത്തിലാണ് ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്താൻ തീരുമാനിച്ചത്. 2019 ഡിസംബർ വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ അക്ഷയ സെന്റർ വഴി മസ്റ്ററിംഗ് നടത്തേണ്ടതാണ്. ഇതിനായി 2019 നവംബർ മാസം മുതൽ 2020 ഒക്ടോബർ മാസം വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. 5 വയസ്സ് തികയാത്ത കുട്ടികൾ, കിടപ്പ് രോഗികൾ, 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾ, മറ്റ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവരുടെ വീട്ടിൽ ചെന്ന് മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. അക്ഷയ സെന്ററിൽ എത്താൻ കഴിയാത്ത ശാരീരിക അസ്വസ്ഥതയുള്ളവരുടെ കാര്യത്തിൽ അവരുടെയോ ബന്ധുക്കളുടെയോ യഥാവിധിയുള്ള അറിയിപ്പ് പ്രകാരം അക്ഷയ സെന്റർ അധികൃതർ വീട്ടിൽ പോയും മസ്റ്ററിംഗ് നടത്തിയിരുന്നു. ഇതിനെല്ലാമുള്ള ചെലവ് സർക്കാരാണ് വഹിച്ചിട്ടുള്ളത്. ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്കും ആധാർ ഇല്ലാത്തവർക്കും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനും അവസരം നൽകിയിരുന്നു. എന്നിരുന്നാലും ഇനിയും കുറെ പേർ മസ്റ്ററിംഗ് നടത്താനുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് പ്രതിസന്ധികളൊന്നുംതന്നെ ഉള്ളതായി സർക്കാർ കരുതുന്നില്ല. ഇനിയും മസ്റ്റർ ചെയ്യാനുള്ളവർക്ക് അതിനുള്ള അവസരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത പ്രശ്നം എന്നത്തേയ്ക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

എത്രയും വേഗം പരിഹരിക്കുന്നതാണ്.

**കൂടുതൽ വൈദ്യുതി കണക്ഷൻ**

6(*486) <u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees എന്നിവയെല്ലാം വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്നവയാണെന്ന് വിലയിരുത്തപ്പെടുന്നു. ലാഭേച്ഛയോടുകൂടി പ്രവർത്തിക്കുന്ന സ്വകാര്യ മേഖല തങ്ങൾക്ക് ആകർഷകമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്തുക സ്വാഭാവികമാണ്. വിതരണരംഗം ലാഭകരമായ നഗര പ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കും. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ മാത്രം ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കുമെന്ന അവസ്ഥ പൊതു മേഖലയുടെ തകർച്ചയിലേയ്ക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക്

വൈദ്യുതി തുടങ്ങിയ നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തുമെന്ന് സംസ്ഥാനം ഭയപ്പെടുന്നു. വർഷങ്ങൾ കൊണ്ടുമാത്രം മുതൽമുടക്ക് വീണ്ടെടുക്കാൻ സാധിക്കുന്ന ശൃംഖലാ വികസന പദ്ധതികളിൽ പണം മുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണനഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ഇല്ലായ്മ, അടിക്കടിയുണ്ടാകുന്ന വൈദ്യുതിമുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലം ഉണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതിയെത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകുമെന്നും ഭയപ്പെടുന്നു. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കിലുള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.എൽ.-ന് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്നിവ ആശങ്കയുളവാക്കുന്നു. ഇലക്ട്രിസിറ്റി അമെന്റ്മെന്റ് ബിൽ 2021, കരട് നിർദ്ദേശത്തിൽ Universal Service Obligation Fund (USOF)-നെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് തുകകൾ USOF-ലേയ്ക്ക് നിശ്ചിത കാലയളവിനുള്ളിൽ കൈമാറ്റം ചെയ്തിരിക്കണമെന്ന് കരട് നിർദ്ദേശത്തിൽ ഉറപ്പുവരുത്തുന്നില്ല. ഇത് ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഭാവിയിൽ ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമെന്ന് കരുതുന്നു. 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees പ്രകാരം പൊതുമേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ട് നൽകണമെന്നും നിഷ്കർഷിക്കുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേസമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾ തന്നെ വഹിക്കണമെന്നും കരടുരേഖയിൽ വിഭാവന ചെയ്യുന്നു. ഇതിനുപുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭമുള്ളതുമായ വൈദ്യുതി വാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസുകൾക്ക് കൈമാറേണ്ടിവരും. മുൻകാലങ്ങളിൽ വൈദ്യുതിമേഖലയിൽ കേന്ദ്രസർക്കാർ ഇടപെടലുകളുണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാന തലത്തിലാണ് കൈകാര്യം ചെയ്തിരുന്നത്.

സ്വകാര്യവൽക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അവകാശം നില നിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപ നമാണ് 2021-ലെ ഭേദഗതി നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നതെന്ന് വിലയിരുത്തുന്നു.

(ബി) കാർഷിക മേഖലയെ സഹായിക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് കാർഷിക മേഖലയിലെ മൂല്യവർദ്ധിത സംരംഭങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ആക്ട്, 2003 സെക്ഷൻ 62 പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ ചില്ലറ വിൽപ്പന വില നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്. ഇപ്രകാരം നിശ്ചയിക്കുന്ന നിരക്കിന്മേൽ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ഇളവ് നൽകാൻ സർക്കാരുകൾ ഉദ്ദേശിക്കുന്നുവെങ്കിൽ സബ്സിഡിയായി നൽകാനുദ്ദേശിക്കുന്ന തുകയ്ക്ക് തുല്യമായ തുക ബന്ധപ്പെട്ട സർക്കാർ വിതരണ ലൈസൻസിക്ക് നൽകേണ്ടതുണ്ട്.

(സി) വൈദ്യുതി ഇല്ലാത്ത ആദിവാസി ഊരുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിയും വിളിച്ചു ചേർത്ത യോഗത്തിൽ 60 ആദിവാസി കോളനികളിൽ വൈദ്യുതിയില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെടുകയും ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കെ.എസ്.ഇ.ബി.എൽ., ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതനുസരിച്ച് 64 ആദിവാസി കോളനികൾ കണ്ടെത്തുകയും ഗ്രിഡ് വൈദ്യുതിയെത്തിക്കാൻ സാധ്യമായ കോളനികൾക്കായി 41 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽ കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകാനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം

വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിന് ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം പൂർത്തീകരിക്കാവുന്നതാണ്.

(ഡി) വിതരണ ശൃംഖലയുടെ പരിധിയിൽപ്പെടാത്ത വീടുകളിലേയ്ക്ക് വൈദ്യുതി എത്തിക്കാൻ ഉചിതമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിതരണ ശൃംഖലയുടെ പരിധിയിൽപ്പെടാത്ത വീടുകളിലേയ്ക്ക് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് വൈദ്യുതി നൽകാൻ സാധിക്കും. സൗരോർജ്ജ പദ്ധതികൾക്കായി വീടുകളുടെ പുരപ്പുറമോ തുറസ്സായ സൗരോർജ്ജ ലഭ്യതയുള്ള സ്ഥലങ്ങളോ സ്വീകരിക്കാവുന്നതാണ്. കാറ്റിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കാൻ അതിനനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്.

## വാണിജ്യ മിഷന്റെ പ്രവർത്തനം

7(*487) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കേരളത്തിലെ വാണിജ്യമേഖലയിൽ ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ &ബി) ഉണ്ട്. കേരളത്തിലെ വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച വാണിജ്യ മിഷൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 1-9-2021-ലെ ഉത്തരവുപ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വ്യാപാരി വ്യവസായ സംഘടനാ പ്രതിനിധികളെയും മിഷനിലുൾപ്പെടുത്തിയിട്ടുണ്ട്. വാണിജ്യമിഷന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നൽകുക.

3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്ത് നിന്നുള്ള സംരംഭക പ്രതിനിധികളെ വിവിധ രീതിയിൽ സഹായിക്കുക.

4. കേരളത്തിലെ നിക്ഷേപകർക്ക്/സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

5. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

6. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

7. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ പിന്തുണാനടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുക.

8. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും വ്യവസായ അസോസിയേഷനുകളുടെയും കെ.എസ്.ഐ.ഡി.സി.-യുടെയും സഹകരണത്തോടെ ജില്ലകളിലും വ്യവസായ ക്ലസ്റ്ററുകളിലും കയറ്റുമതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

9. കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണലൈസ് എക്സ്പോർട്ടർ അവാർഡ്.

10. റീട്ടെയിൽ സംരംഭങ്ങളുടെ അംഗീകാരമുൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംഗ് വൈദഗ്ധ്യവും, സാങ്കേതികവിദ്യയും സ്റ്റാന്റേർഡൈസേഷനും, അടിസ്ഥാന സൗകര്യം, ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോത്സാഹന നയരൂപീകരണം. കൂടാതെ, താഴെപ്പറയുന്ന വൈദഗ്ധ്യമേഖലകൾ വാണിജ്യ മിഷനിലൂടെ നടപ്പിലാക്കും.

I. ജോയിന്റ് ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, കൊച്ചി മറ്റ് എക്സ്പോർട്ടേഴ്സ് ഫോറങ്ങൾ എന്നിവയുടെ പിന്തുണയോടെ ഫെസിലിറ്റേഷൻ സെൽ യൂണിറ്റ്.

II. MPEDA (The Marine Products Export Development Authority), APEDA (Agricultural and Processed Food Products Export Development Authority), Spices Board, Rubber Board and Coconut Development Board തുടങ്ങിയ കമ്മോഡിറ്റി ബോർഡുകളുമായും CII (The Confederation of Indian Industry*)*, FICCI, FIEO (Federation of Indian Export Organisations ), KSSIA (The Kerala State Small Industries Association) തുടങ്ങിയ വ്യവസായ അസോസിയേഷനുകളുമായും സഹകരിച്ച് കേരളത്തിനായുള്ള കയറ്റുമതി തന്ത്രം തയ്യാറാക്കി 4 വർഷത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്യും. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് യുവജനങ്ങൾക്കുവേണ്ടി ഇ.ഡി. ക്ലബ്ബ് കോൺക്ലേവ് - എം.എസ്.എം.ഇ. സമ്മിറ്റ് (Enlight 2020) 2020 ജനുവരി 29, 30 തീയതികളിൽ സംഘടിപ്പിച്ചു. കേരളത്തിൽനിന്നും വിദ്യാർത്ഥികൾ, അധ്യാപകർ, സംരംഭകർ തുടങ്ങിയവർ 'Enlight 2020' ഇ.ഡി. ക്ലബ്ബ് കോൺക്ലേവിൽ പങ്കെടുക്കുകയും അവരുടെ നൂതനമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു.

**സംരംഭക സഹായ പദ്ധതി**

8(*488) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. വി. അൻവർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് കോവിഡ് മഹാമാരിമൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19-ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിലവിലെ ഇ.എസ്.എസ്. മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷം രൂപയിൽനിന്ന് 30 ലക്ഷം രൂപയായി ഉയർത്തുകയും പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തുകയും ചെയ്യുന്നത് സമാശ്വാസപദ്ധതിയുടെ സവിശേഷതയാണ്.

(ബി) എം.എസ്.എം.ഇ. യൂണിറ്റുകൾ കോവിഡ് കാലത്ത് എടുത്ത വായ്പകൾക്ക് പലിശ സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രതാ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ

വാണിജ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working Capital Loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working Capital) 30,000 രൂപ (പരമാവധി 60,000 രൂപ വരെ) അനുവദിച്ചിരുന്നു. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശയിളവ് പദ്ധതി (Scheme for Interest Subvention on Term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കുന്നു. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. കോവിഡ് സമാശ്വാസ പാക്കേജ് അനുസരിച്ച് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ കിൻഫ്ര പാർക്കുകളിലും ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ 3 മാസത്തേക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

(സി) കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് ഇതര സംസ്ഥാനങ്ങളിൽനിന്നും തിരിച്ചെത്തിയ മലയാളികൾക്കായി വ്യവസായ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രത്യേക വ്യവസായ പദ്ധതികൾ, വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നില്ല. എന്നാൽ, കോവിഡ്-19-ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം പ്രത്യേക വിഭാഗത്തിലുൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ Non-Resident Keralites (NRKs)-നെക്കൂടി ഉൾപ്പെടുത്തുകയും 25% നിരക്കിൽ 30 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നതുമാണ്. കൂടാതെ തൊഴിൽ നഷ്ടപ്പെട്ടും അല്ലാതെയും സംസ്ഥാനത്തേക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും

ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം രൂപ മുതൽ രണ്ടു കോടി രൂപ വരെയാണ്. 3.5% മുതൽ 3.75% വരെ പലിശ ഇളവ് നൽകി ഗുണഭോക്താക്കൾക്ക് 5% പലിശ നിരക്കിലാണ് വായ്പ നൽകുന്നത്.

**സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദമാക്കൽ**

9(*489) ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. എം. എം. മണി:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ആധുനികരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ആഫീസുകൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പരിപാടികൾ നടപ്പിലാക്കിയിരുന്നു.

1. വിൽക്കുന്നയാളിനോ, വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള നിയമഭേദഗതി.

2. സ്വയം ആധാരം തയ്യാറാക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും സബ് രജിസ്ട്രാർ ഓഫീസിൽ ഫയൽ ചെയ്യുന്ന ആധാര പകർപ്പുകൾ സുഗമമായി കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനുമായി ഫയലിംഗ് ഷീറ്റുകളുടെ അളവ് എ 3 സൈസിൽനിന്നും എ 4 സൈസിലേയ്ക്ക് മാറ്റിയിരുന്നു.

3. ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ആഫീസിലും പൊതു ജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള Anywhere Registration സംവിധാനം.

4. ആധാര രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടി കൂടുതൽ സുതാര്യമാക്കി.

5. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സൗകര്യം ഒരുക്കുകയും സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ് ഉപകരണങ്ങൾ സ്ഥാപിക്കുകയുമുണ്ടായി.

6. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി www.igr.kerala.gov.in എന്ന വെബ്സൈറ്റിലൂടെ പരിശോധിക്കുന്ന തിനുള്ള സംവിധാനം.

7. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാംമ്പിംഗ് സൗകര്യം.

8. ആധാര രജിസ്ട്രേഷൻ നടത്തേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ ഓൺലൈനായി എടുക്കുന്നതിനുള്ള സൗകര്യം.

9. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിലും 8 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

10. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

11. K.S.F.E.-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

12. പാർട്ണർഷിപ്പ് രജിസ്ട്രേഷന് പൂർണ്ണമായും ഓൺലൈൻ സംവിധാനം.

13. സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം. മേൽ വിവരിച്ച പരിപാടികൾ വിപുലീകരി ക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പരിഷ്കാരങ്ങളും വകുപ്പിന്റെ പരിഗണനയിലാണ്.

    (a) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായുള്ള സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

    (b) ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം.

    (c) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് കൂടുതൽ മികവുറ്റതാക്കു ന്നതിനുള്ള നടപടി.

(ബി) സ്വന്തമായി ആധാരമെഴുതുന്ന പദ്ധതി കൂടുതൽ ലളിതമാക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ?

ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സൗകര്യം കൂടുതൽ ലളിതവൽക്കരിക്കുന്നതിനായി ഫയലിംഗ് ഷീറ്റുകളുടെ അളവ് എ 3 സൈസിൽനിന്നും എ 4-ലേയ്ക്ക് മാറ്റിയിരുന്നു. സ്വയം ആധാരം തയ്യാറാക്കുന്ന പൊതുജനങ്ങൾക്ക് കമ്പ്യൂട്ടർ പ്രിന്റർ ഉപയോഗിച്ച് ഫയലിംഗ് ഷീറ്റുകളിൽ ആധാരം തയ്യാറാക്കുവാൻ ഈ സൗകര്യം വളരെ പ്രയോജനകരമായിരിക്കുന്നതാണ്. കമ്പ്യൂട്ടർ മുഖാന്തരം തയ്യാറാക്കുന്ന ആധാരങ്ങളിൽ ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം തന്നെ രേഖപ്പെടുത്തുന്നതിനുള്ള പരിഷ്കാരവും പരിഗണനയിലാണ്.

(സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും രേഖകളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

1. സബ് രജിസ്ട്രാർ ഓഫീസുകളിലെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപയുടെ കിഫ്ബി മുഖേന രജിസ്ട്രേഷൻ വകുപ്പിലെ 51 കെട്ടിട നിർമ്മാണ പദ്ധതിക്കും ഒരു അറ്റകുറ്റപ്പണിക്കും 5-12-2017-ലെ സ.ഉ.(സാധാ) നമ്പർ 995/17/നി.വ., പ്രകാരം ഭരണാനുമതി നൽകുകയും ഇതിലെ 28 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനവും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും നടക്കുകയുണ്ടായി. 15 ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. 8 ഓഫീസുകളുടെ നിർമ്മാണപ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

2. 30-5-2020-ലെ സ.ഉ(സാധാ)നമ്പർ 373/2020/നി.വ., ഉത്തരവു പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ പൊതുജനങ്ങൾക്കായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നാല് കോടി അൻപത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ സിഡ്കോ മുഖാന്തരം 315 സബ് രജിസ്ട്രാർ ഓഫീസുകളിലും 10 കസേരകൾ വീതം വിതരണം ചെയ്തു. കൂടാതെ സബ് രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വാട്ടർടാങ്ക്, വാട്ടർപമ്പ്, കിണർ, കുഴൽക്കിണർ, ശുചിമുറി മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് 89,21,900 (എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരം) രൂപയും നൽകിയിട്ടുണ്ട്.

3. സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികൾ നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 37 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു.

4. രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കം കുറിച്ച രേഖകളുടെ അനശ്വര ഡിജിറ്റൈസേഷൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. പ്രസ്തുത പദ്ധതി മുഖേന 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ് രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയുണ്ടായി. ഈ പദ്ധതിയുടെ ഭാഗമായ 2005-ന് മുമ്പുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

## ഭൂമിയുടെ ന്യായവില നിർണ്ണയം

10(*490) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാക്കാത്തതിനാൽ ഭൂമി കൈമാറ്റത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ന്യായവില നിർണ്ണയിച്ച് കിട്ടുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടിയെടുക്കുമോ?

ന്യായവില നിർണ്ണയത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

## റിസ്ക് ഫണ്ട് പദ്ധതി

11(*491) ശ്രീ. പി. പി. സുമോദ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതിയിൽനിന്നും എത്ര തുക ചെലവഴിച്ചുവെന്നും എത്ര പേർക്ക് ധനസഹായം നൽകിയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-9-2021 വരെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 4378 അപേക്ഷകർക്കായി 34.09 കോടി രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) വായ്പയെടുത്തശേഷം കോവിഡ് ബാധിച്ച് മരിച്ചവർക്ക് റിസ്ക് ഫണ്ടിന് അർഹതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ വായ്പാസഹകരണ സംഘങ്ങൾ/ ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വായ്പയെടുത്തശേഷം കോവിഡുമൂലം മരണപ്പെടുന്നവർക്ക് പ്രത്യേകം വ്യവസ്ഥകളൊന്നും തന്നെ നിയമാവലിയിലുൾക്കൊള്ളിച്ചിട്ടില്ലെങ്കിലും സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം കോവിഡുമൂലം മരണപ്പെടുന്ന വായ്പക്കാർക്കെല്ലാം ബോർഡിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മരണാനന്തര സഹായത്തിന് അർഹതയുണ്ട്.

## മുഖ്യമന്ത്രിയുടെ സഹായ വായ്പ പദ്ധതി

12(*492) ശ്രീ. എം. മുകേഷ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്ന മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; കോവിഡ് കാലത്ത് നിരാശ്രയരായവർക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിലുൾപ്പെട്ട കുടുംബശ്രീ മുഖേനയുള്ള 2,000 കോടി രൂപയുടെ വായ്പാ പദ്ധതിയാണ് " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS). കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. കോവിഡ്-19 മഹാമാരി പ്രത്യക്ഷമായോ പരോക്ഷമായോ ബാധിച്ച ആളുകൾക്കുള്ള അടിയന്തര ധനസഹായം എന്ന നിലയിലാണ് പദ്ധതി ധനസഹായം അനുവദിക്കുന്നത്. ലോക്ഡൗൺ-ന്റെ ഫലമായി തൊഴിൽനഷ്ടമായവരും കച്ചവട നഷ്ടമുണ്ടായവരും വരുമാനനഷ്ടമുണ്ടായവരും ഇതിലുൾപ്പെടുന്നതാണ്. 2019 ഡിസംബർ 31-ന് മുൻപ് രൂപീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. കോവിഡ്-19 നിമിത്തം അയൽക്കൂട്ടാംഗത്തിന്/ കുടുംബത്തിനുണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തികസ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000, 10,000, 15,000, 20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. നിലവിൽ ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പാ തുകയായ 10 ലക്ഷം രൂപയുടെ പരിധിക്ക് വിധേയമായി ഒരു അയൽക്കൂട്ടത്തിന് ഈ പദ്ധതിപ്രകാരം അനുവദിക്കാവുന്ന പരമാവധി തുക 4,00,000(നാല് ലക്ഷം) രൂപ വരെയാണ്. ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ ഒരംഗത്തിന് മാത്രമേ വായ്പ അനുവദിക്കാൻ പാടുള്ളൂ. ടി പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് സെക്യൂരിറ്റിയോ മാർജിൻ മണിയോ ഉണ്ടായിരിക്കുന്നതല്ല. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ, ബാങ്കുകൾക്ക് മുതലും പലിശയും സഹിതം നിശ്ചയിച്ച് നൽകിയിട്ടുള്ള സമയപരിധിക്കുള്ളിൽ തിരിച്ചടവ് നടത്തേണ്ടതുമാണ്. വായ്പയുടെ പലിശ തുക തിരിച്ചടവിന്റെ കൃത്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ കുടുംബശ്രീ മുഖേന അയൽക്കൂട്ടങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതുമാണ്. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമായിരിക്കും വായ്പാ കാലാവധി. മൊറട്ടോറിയം കാലാവധിക്കുശേഷം അയൽക്കൂട്ടങ്ങൾ പലിശ ഉൾപ്പെടെയുള്ള EMI തുക മാസാമാസം തിരിച്ചടവ് നടത്തേണ്ടതാണ്. വായ്പയ്ക്ക് താങ്ങായി (Subvention) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന

ലഭ്യമാക്കുന്നതാണ്. 86269 കുടുംബശ്രീ ഗ്രൂപ്പുകൾക്കായി 788.80 കോടി രൂപ ടി വായ്പാ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ മുഖേന അനുവദിച്ചിട്ടുണ്ട്. പ്രത്യക്ഷമായോ, പരോക്ഷമായോ കോവിഡ്-19 മഹാമാരി ബാധിച്ചവർക്കും ലോക്ഡൗണിന്റെ ഫലമായി തൊഴിൽനഷ്ടമായവർക്കും കച്ചവട നഷ്ടമുണ്ടായവർക്കും വരുമാന നഷ്ടമുണ്ടായവർക്കും സാധാരണക്കാർക്കും ഈ വായ്പ കൊണ്ട് വലിയ തോതിൽ സഹായകരമായിട്ടുണ്ട്.

(ബി) ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും വായ്പ അനുവദിക്കുന്നതിനായി സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഹ്രസ്വകാല കാർഷിക ഉൽപ്പാദനത്തിലും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കുമായി Special Liquidity Facility (SLF) വായ്പ എന്ന പേരിൽ നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ കോവിഡ് അതിജീവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും കാർഷിക അനുബന്ധ മേഖലകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വ്യവസായം, ഫിഷറീസ് എന്നിവയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) വായ്പ നടപ്പിലാക്കിയിട്ടുണ്ട്. നബാർഡ് 2020-21 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 1720 കോടി രൂപയും രണ്ടു ഘട്ടങ്ങളിലായി (SLF-1 & SLF-II) ധനസഹായം അനുവദിച്ചിരുന്നു. കൃഷിക്ക് 60%, മൃഗ സംരക്ഷണത്തിന് 10%, ക്ഷീരവികസനത്തിന് 10%, ഫിഷറീസിന് 5%, വ്യവസായത്തിന് 15% എന്നീ അനുപാതത്തിലാണ് വിവിധ മേഖലകൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഹ്രസ്വകാല കാർഷിക ഉൽപ്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം വളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായും ഒരു വർഷകാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന " സുഭിക്ഷ കേരളം" പദ്ധതിക്കുവേണ്ടി ധനസഹായം നൽകാവുന്ന മേഖലകളിലും ടി പദ്ധതി വായ്പ അനുവദിക്കുന്നതാണ്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തനമൂലധനം ക്യാഷ്/ ക്രെഡിറ്റ് ആയോ മാസത്തവണകളായി ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാവുന്ന വായ്പയായോ ധനസഹായം അനുവദിക്കുന്നു.

ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000 രൂപയാണ്. ടി വായ്പയിൽ 21-5-2020 വരെയുള്ള വായ്പകൾക്ക് 6.80%-വും 22.5.2020 മുതൽ വിതരണം ചെയ്ത വായ്പകൾക്ക് 6.40%-വുമാണ് പലിശ നിരക്ക്. പലിശ അർദ്ധവാർഷിക അടിസ്ഥാനത്തിൽ കണക്കാക്കുന്നു. SLF രണ്ടു ഘട്ടങ്ങളിലായി വിതരണം ചെയ്തതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു*.

## ഭൂമിയുടെ ന്യായവില നിർണ്ണയിക്കാനുള്ള നടപടിക്രമങ്ങൾ

13(*493) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയിക്കാത്തതുമൂലം ഭൂമി കൈമാറ്റം വൈകുന്നത് തടയുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയിക്കാത്തതുമൂലം ഭൂമി കൈമാറ്റം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ഭൂമിയുടെ നിലവിലുള്ള ന്യായവില നിരക്കുകൾ 1-4-2010-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ന്യായവില നിർണ്ണയിക്കുന്നതിന് വിട്ടുപോയിട്ടുള്ളതോ തെറ്റായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതോ ആയ കേസ്സുകളിൽ ആയത് പരിഹരിച്ച് കിട്ടുന്നതിന് ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ സമയബന്ധിതമായി തീർപ്പാക്കി വരുന്നു.

(ബി) ഒരു സ്ഥലത്തിന്റെ ന്യായവില പുതുതായി നിർണ്ണയിച്ച് കിട്ടുവാനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ന്യായവില നിശ്ചയിച്ച് കിട്ടുന്നതിനായുള്ള എത്ര അപേക്ഷകളാണ് തീർപ്പുകൽപ്പിക്കാനുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഭൂമിയിൽ യഥാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ പരിഗണിച്ചും റവന്യൂ നഷ്ടം വരാതെയും ജനങ്ങളിൽ അധിക ബാധ്യത വരുത്താതെയും സർക്കാർ നിർണ്ണയിക്കുന്ന ഭൂമിയുടെ യഥാർത്ഥ വില പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ന്യായവില. ആയത് കണക്കാക്കുന്നത് ഭൂമിയുടെ എല്ലാ നൽപ്പ്, നിൽപ്പ് സാഹചര്യങ്ങളും പരിഗണിച്ചാണ്. പുതിയതായി ന്യായവില നിർണ്ണയിച്ച് കിട്ടുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ കേരളാ മുദ്ര പത്ര നിയമം - 1959 വകുപ്പ് 28 എ, കേരളാ സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെയർവാല്യു ഓഫ് ലാൻഡ് റൂൾസ് 1995 എന്നിവ പ്രകാരം വില്ലേജ് ഓഫീസറുടെയും തഹസിൽദാരുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർ ന്യായവില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് ഫോറം 'എ' ഷെഡ്യൂൾപ്രകാരം സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി നിലവിൽ 948 അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളത്.

(സി) ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് കിട്ടുന്നതിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ന്യായവില നിർണ്ണയത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

**സാമ്പത്തിക സ്ഥിതിയിൽ പ്രകൃതി ദുരന്തം ഏൽപ്പിച്ച ആഘാതം**

14(*494) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ അപ്രതീക്ഷിത പ്രകൃതിദുരന്തം ഏൽപ്പിച്ച ആഘാതം അതിജീവിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിലുപരിയായി കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവനനികുതി വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷനെടുത്ത

അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വമല്ലാത്ത ജി.എസ്.ടി. നിരക്കിലുള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി. ഈ പ്രതിസന്ധി കണക്കിലെടുത്ത് ആയത് നേരിടുന്നതിന് സർക്കാർ ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടി വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിലുയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ വ്യാപാരികളെയും കൃഷിക്കാരെയും വ്യവസായി കളെയും കൂടി പ്രത്യേകം പരിഗണിച്ച് അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി.

3. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ബൃഹത്പദ്ധതി.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.

5. 50 കോടി രൂപയുടെ റബ്ബർ സബ്സിഡി.

6. മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനു മുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.

7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം. മേൽ പ്രവൃത്തികളോടൊപ്പം നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള പൊതുചെലവഴിക്കൽ നയവും സ്വീകരിച്ചുപോരുന്നു.

## കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള പദ്ധതികൾ

15(*495) ശ്രീ. വി. ജോയി:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പ്രത്യേകമായ ധനസഹായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ചെറുകിട ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി വായ്പാ സഹായവും പ്രോത്സാഹനവും സർക്കാർ വിവിധ ഏജൻസികൾ മുഖേന സമയബന്ധിതമായും കാര്യക്ഷമമായും നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ നൂറ് കോടി രൂപ വരെ വായ്പയായി നൽകി വരുന്നു. ആകർഷകമായ പലിശ നിരക്കും ലളിതമായ തവണ വ്യവസ്ഥകളും സുതാര്യമായ ലോൺ നൽകുന്നതിനുള്ള നടപടി ക്രമങ്ങളുമാണ് കെ.എസ്.ഐ.ഡി.സി.-യുടേത്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ.-കൾക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം പ്രാപ്തമാക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഈ വിഭാഗങ്ങൾക്ക് സമയബന്ധിതവും ഫലപ്രദവുമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനായി, കെ.എസ്.ഐ.ഡി.സി. " എം.എസ്.എം.ഇ./ സ്റ്റാർട്ടപ്പുകൾ/മൈക്രോ എന്റർപ്രൈസസ്/ എൻ.ആർ.കെ. എന്നിവയ്ക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയെന്ന പേരിൽ ഒരു പുതിയ ഫണ്ടിംഗ് സംരംഭം ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതിപ്രകാരം കെ.എസ്.ഐ.ഡി.സി കുറഞ്ഞത് 25 ലക്ഷം രൂപയും പരമാവധി 2 കോടി രൂപയും ധനസഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപ വരെയാണ്.

(ബി) യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരിൽനിന്നും അവരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവസംരംഭങ്ങൾക്ക് മൂലധനസഹായം അനുവദിക്കുകയുണ്ടായി. സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രായോഗികമാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ സെമിനാറുകളും ചർച്ചകളും നടത്തിവരുന്നു.

(സി) നിലവിലുള്ള വനിതാ സംരംഭകർക്ക് അവരുടെ വ്യവസായ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. പ്രത്യേകമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. വനിതാ വ്യവസായികളെ മുഖ്യധാരയിലേയ്ക്ക് ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'വനിതാ സംരംഭകത്വ മിഷൻ' അഥവാ 'വി മിഷൻ'. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിംഗ് മീറ്റിംഗുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്താൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ മാനുഫാക്ചറിംഗ്/ I.T,Software/ Service ബിസിനസ് മേഖലയിലുള്ള സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ, ആധുനികവൽക്കരണത്തിനോ, വൈവിദ്ധ്യവത്കരണത്തിനോവേണ്ടി കെ.എസ്. ഐ.ഡി.സി ഒരു ഹ്രസ്വകാല വായ്പാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വന്നിരുന്നു. എന്നാൽ ഈ വർഷം മുതൽ മേൽപ്പറഞ്ഞ വായ്പാ പദ്ധതിയിലെ അപേക്ഷകരുടെ യോഗ്യതാ മാനദണ്ഡ വായ്പാപരിധി ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കി വരുന്ന Entrepreneurs Support Scheme (ESS)-നെ അതേപടി പിന്തുടർന്നുകൊണ്ട് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്.

## കിൻഫ്രയുടെ സേവനങ്ങൾ

16(*496) ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനം സാധ്യമാക്കുന്നതിൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം സേവനങ്ങളും സംവിധാനങ്ങളുമാണ് സജ്ജമാക്കുന്നത്; വിശദമാക്കാമോ?

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വ്യവസായ വികസനം സാധ്യമാക്കുന്നതിൽ കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്ക്, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ ചെറുകിട വ്യവസായ പാർക്ക്, വയനാട് ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ് കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് കിൻഫ്ര വ്യവസായ പാർക്ക്, പിറവണ്ണൂർ, കൊല്ലം വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം.

ഒന്നാം ഘട്ടം കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

<u>കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി:</u>

പാലക്കാട്-കൊച്ചി നോഡുകൾ പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം.

<u>രണ്ടാംഘട്ട വികസനം:</u>

ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം

(ബി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് കിൻഫ്ര സജ്ജമാക്കിയ ഡിഫെൻസ് പാർക്കിൽ പ്രതിരോധ മേഖലയ്ക്കും വ്യവസായ വികസനത്തിന്റെ ഭാഗമായി ചെറുകിട സംരംഭകർക്കും ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുക എന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation പദ്ധതി പ്രകാരം ലഭിച്ച 50 കോടി രൂപ ധനസഹായത്തോടുകൂടി ഒരു ഡിഫെൻസ് പാർക്ക് സ്ഥാപിച്ചു. 130.94 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, 72406 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, 266154 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 27342 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വെയർ ഹൗസുകൾ, 9066 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ യൂട്ടിലിറ്റി സെന്റർ, വൈദ്യുതി, ജലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 2 സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിൽ 3 സംരംഭങ്ങളുടെ പൂർത്തീകരണവും വിവിധ ഘട്ടങ്ങളിലാണ്.

(സി) കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതകളും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഭക്ഷണപദാർത്ഥങ്ങളും ലഭ്യമാക്കുന്നതിന് കിൻഫ്ര പാലക്കാട് ആസ്ഥാനമായി തയ്യാറാക്കിയ മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 79 ഏക്കർ ഭൂമിയിൽ കിൻഫ്ര 119.02 കോടി രൂപ ചെലവഴിച്ച് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, Ripening Chamber, pack house വെയർ ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി വ്യവസായ സംരംഭകർക്ക് അവരുടെ വ്യവസായം ആരംഭിക്കുന്നതിനുള്ള എല്ലാ പൊതുഅടിസ്ഥാന സൗകര്യങ്ങളും കിൻഫ്ര ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് സ്കീമിലുൾപ്പെടുത്തി 50 കോടി രൂപ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 40 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമിട്ട് കൊണ്ടാണ് മെഗാഫുഡ് പാർക്ക് സ്ഥാപിതമായിരിക്കുന്നത്.

## കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിലെ കുറവ്

17(*497) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിലെ കുറവ് പരിഹരിക്കുന്നതിന് മറ്റേതെങ്കിലും ഏജൻസികളിൽ നിന്ന് വൈദ്യുതി വാങ്ങുന്നുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിലെ കുറവ് പരിഹരിക്കുന്നതിന് അവശ്യഘട്ടങ്ങളിൽ മറ്റു ഏജൻസികളിൽനിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിലെ ജനറേറ്റിംഗ് സ്റ്റേഷനുകളുമായുള്ള ദീർഘകാല കരാറുകൾ മുഖേന 1149 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിക്കുന്നുണ്ട്. മാത്രമല്ല സംസ്ഥാനത്തിനകത്തുള്ള IPPS (Solar, Wind, Small Hydro Generator) മുഖേനയും ദീർഘകാല കരാറുകളിലൂടെ വൈദ്യുതി ലഭ്യമാകുന്നുണ്ട്. ഇങ്ങനെ ലഭ്യമാകുന്ന വൈദ്യുതി മതിയാകാതെ വരുന്ന സാഹചര്യങ്ങളിൽ പവർ എക്സ്ചേഞ്ചുകൾ മുഖേന വൈദ്യുതി വാങ്ങുന്നുണ്ട്.

(ബി) സ്വകാര്യ ഏജൻസികളിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് സാമ്പത്തിക തിരിമറികൾക്ക് ഇടയാക്കുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വൈദ്യുതി വാങ്ങുന്നതും കൊടുക്കുന്നതും കേന്ദ്ര സംസ്ഥാന സർക്കാരുകളും റെഗുലേറ്ററി കമ്മീഷനുകളും അംഗീകരിച്ച നിയമാവലികൾ അനുസരിച്ചാണ്. ഭാവിയിലെ വൈദ്യുതിയുടെ ആവശ്യകത കണക്കാക്കി മുൻകൂട്ടി വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെടുന്നത് കേന്ദ്ര സർക്കാരിന്റെ DEEP (Discovery of Efficient Electricity Price) PORTAL മുഖാന്തരമാണ്. ഇതിനാൽ സ്വകാര്യ ഏജൻസികളിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിൽ സാമ്പത്തിക തിരിമറികൾ നടത്തുന്നതിനുള്ള സാഹചര്യമില്ല.

**ഖാദി നൂലിനുള്ള റോവിംഗ് മെറ്റീരിയൽ പ്ലാന്റ്**

18(*498) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഖാദി നൂലിനുള്ള റോവിംഗ് മെറ്റീരിയൽ പ്ലാന്റ് പൂട്ടിയതുമൂലം സംസ്ഥാനത്തെ ഖാദി മേഖല സ്തംഭിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പ്ലാന്റിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; സംസ്ഥാനത്ത് ഒരു റോവിംഗ് മെറ്റീരിയൽ പ്ലാന്റ് കൂടി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള ഏറ്റുകുടുക്ക സ്ലൈവർ പ്ലാന്റിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആധുനികവത്കരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുതായി ഒരു റോവിംഗ് മെറ്റീരിയൽ പ്ലാന്റ് കൂടി സ്ഥാപിക്കാൻ ഇപ്പോൾ പദ്ധതിയില്ല.

(സി) ഇത്തരം പ്ലാന്റുകളിൽ വിദഗ്ദ്ധ തൊഴിലാളികളെ നിയമിച്ച് ജീവനക്കാർക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചു വരുന്നു.

## ദുരന്തമുഖത്ത് കെ.എസ്.ഇ.ബി. എൽ. പ്രകടിപ്പിച്ച കാര്യക്ഷമത

19(*499) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തിടെയുണ്ടായ കനത്ത മഴയിലും പ്രകൃതി ദുരന്തങ്ങളിലും വൈദ്യുതി വിതരണം തടസ്സപ്പെടാതിരിക്കാൻ കാര്യക്ഷമമായി ഇടപെടുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. 2021 ഒക്ടോബർ മാസത്തിലെ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തിൽ വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം പൂർണ്ണമായും തടസ്സപ്പെടുകയുണ്ടായി. 7.72 ലക്ഷത്തിലധികം ഉപഭോക്താക്കൾക്കാണ് വൈദ്യുതി തടസ്സപ്പെട്ടിരുന്നത്. 100 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി; ഇതിൽ 28 എണ്ണവും കോട്ടയം ജില്ലയിലാണ്. ഹൈ ടെൻഷൻ ലൈനുകളിൽ 600 പോസ്റ്റുകളും ലോ ടെൻഷൻ ലൈനുകളിൽ 2061 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 488 സ്ഥലങ്ങളിലും ലോ ടെൻഷൻ കമ്പികൾ 8156 സ്ഥലങ്ങളിലും പൊട്ടിവീണു; എറണാകുളം ജില്ലയിൽ മാത്രം ആയിരത്തി അഞ്ഞൂറിൽപ്പരം ഭാഗങ്ങളിലാണ് വൈദ്യുതി കമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറത്ത് 1072 സ്ഥലത്തും കോട്ടയത്ത് 1048 സ്ഥലത്തും വൈദ്യുതികമ്പി പൊട്ടിപ്പോയി. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം അത് പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്ത് പൂർണ്ണമായും ഒലിച്ചുപോയതും പുനഃസ്ഥാപിക്കാൻ പറ്റാത്തതുമായ 80-ഓളം വീടുകൾ/സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവിടങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിതരണ ശൃംഖലയുടെ പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കിൾതല പ്രവർത്തനങ്ങളുടെ

ഏകോപനം അതത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾക്കാണ്. കോവിഡ്-19 ചികിത്സയുൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ/റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനും HT ശൃംഖല പുനഃസ്ഥാപിക്കുന്നതിനുമാണ് പ്രത്യേക മുൻഗണന നൽകിയത്. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചു.

(സി) പ്രകൃതി ദുരന്തത്തിൽ കെ.എസ്.ഇ.ബി.എൽ.-നുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2021 ഒക്ടോബർ മാസത്തിലെ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തിൽ വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം പൂർണ്ണമായി തടസ്സപ്പെടുകയുണ്ടായി. 7.72 ലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി; ഇതിൽ 28 എണ്ണവും കോട്ടയം ജില്ലയിലാണ്. ഹൈ ടെൻഷൻ ലൈനുകളിൽ 600 പോസ്റ്റുകളും ലോ ടെൻഷൻ ലൈനുകളിൽ 2061 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 488 സ്ഥലങ്ങളിലും ലോ ടെൻഷൻ കമ്പികൾ 8156 സ്ഥലങ്ങളിലും പൊട്ടിവീണു; എറണാകുളം ജില്ലയിൽ മാത്രം ആയിരത്തി അഞ്ഞൂറിൽപ്പരം ഭാഗങ്ങളിലാണ് വൈദ്യുതി കമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറത്ത് 1072 സ്ഥലത്തും കോട്ടയത്ത് 1048 സ്ഥലത്തും വൈദ്യുതി കമ്പി പൊട്ടുകയുണ്ടായി. ലഭ്യമായ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിന് കീഴിൽ ഈ പ്രളയംമൂലം സംഭവിച്ച സാമ്പത്തിക നഷ്ടം 24.24 കോടി രൂപയാണ്. കോട്ടയം (₹3.97 കോടി), എറണാകുളം (₹3.51 കോടി), മലപ്പുറം (₹2.54 കോടി) ജില്ലകളിലാണ് ഏറ്റവുമധികം നാശനഷ്ടമുണ്ടായിട്ടുള്ളത്.

<u>ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ഓഫീസ് കോഴിക്കോട്:</u> 2021-22-ൽ സംഭവിച്ച മഴക്കെടുതിയിൽ ഈ ഓഫീസിന്റെ പരിധിയിലുള്ള ഒരു ചുറ്റുമതിൽ തകർന്ന് ഏകദേശം 1,00,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷന്റെ പരിധിയിൽ 50,000 രൂപയുടെ നാശനഷ്ടമുണ്ടായി.

(ഡി) പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട സ്ഥലങ്ങളിൽ ആയത് പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ?

പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ചുപോയതും പുനഃസ്ഥാപിക്കാൻ പറ്റാത്തതുമായ 80-ഓളം വീടുകൾ/സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവിടങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിതരണ ശൃംഖലയുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സർക്കിൾതല പ്രവർത്തനങ്ങളുടെ ഏകോപനം അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾക്കാണ്. കോവിഡ്-19 ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ/റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനും HT ശൃംഖല പുനഃസ്ഥാപിക്കുന്നതിനുമാണ് പ്രത്യേക മുൻഗണന നൽകിയത്. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

## വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ സംഭരണ ശേഷി

20(*500) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2018, 2019 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ മണ്ണും ചെളിയും നിറഞ്ഞതുമൂലം വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ സംഭരണശേഷിയിൽ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുണ്ടള, മാട്ടുപ്പെട്ടി, പൊൻമുടി, ആനയിറങ്കൽ, കല്ലാർകുട്ടി, ചെങ്കുളം എന്നിവയുടേയും തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് റിസർവോയറിന്റെയും ബാത്തിമെട്രിക് സർവ്വേ കഴിഞ്ഞ വർഷം (2020) നടത്തിയിട്ടുണ്ട്. 2018-നുമുമ്പ് നടത്തിയ ബാത്തിമെട്രിക് സർവ്വേയുമായി താരതമ്യം ചെയ്യുമ്പോൾ 2018, 2019 വർഷങ്ങളിലെ പ്രളയംമൂലം സംഭരണശേഷി ഗണ്യമായി കുറഞ്ഞതായി കാണുന്നില്ല.

(ബി) 2018-ൽ ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും പൂർണ്ണമായും നീക്കാൻ സാധിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഇല്ല. വൈദ്യുതി ബോർഡിലെ ജലസംഭരണികളിലെ എക്കലും മണലും നീക്കം ചെയ്യുന്നതിനുള്ള പൈലറ്റ് പദ്ധതിയായി കല്ലാർകുട്ടി ജലസംഭരണിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ DPR തയ്യാറാക്കുന്നതിനായി 17-6-2021-ൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ജലസംഭരണിയിലെ മണൽ നീക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള Standard Operating Procedures (SOP)-ന് കെ.എസ്.ഇ.ബി.എൽ. ഡാമുകളുടെ തനതുസ്വഭാവത്തിന് യോജിക്കുന്ന വിധത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കല്ലാർകുട്ടി റിസർവോയറിൽ അടിഞ്ഞ് കൂടിയിരിക്കുന്ന എക്കലിന്റെയും മണലിന്റെയും അളവും ഘടനയും തിട്ടപ്പെടുത്തുന്ന പ്രവൃത്തി ചെയ്യാൻ NIT കോഴിക്കോടിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ലോവർപെരിയാർ ജലസംഭരണിയിലെ ചെളിനീക്കം ചെയ്യുന്ന പ്രവൃത്തി ട്രാവൻകൂർ സിമന്റ്സിനെ ഏല്പിച്ചുവെങ്കിലും ഇതിനായി വനഭൂമി ഉപയോഗിക്കുന്നതിന് വനം വകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ തുടങ്ങാനായില്ല.

(സി) വൈദ്യുതി വകുപ്പിന്റെ ഡാമുകളിലെ മണ്ണും ചെളിയും നീക്കാത്തത് 2021-ലെ മഴക്കെടുതിയുടെ ആഘാതത്തിന്റെ ആക്കം കൂട്ടിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2021-ലെ മഴ/പ്രളയക്കെടുതികളുണ്ടായ നദികളിൽ കെ. എസ്.ഇ.ബി.എൽ.- ന് ഡാമുകളില്ല.

### കയർ മേഖലയുടെ ആധുനികീകരണം

21(*501) ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിൽ മുന്നേറ്റമുണ്ടാക്കുന്നതിന്റെ ഭാഗമായി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

13-ാം പഞ്ചവത്സര പദ്ധതികാലത്ത് ആരംഭിച്ച രണ്ടാം പുന:സംഘടനാ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നത്. ഇതിനായി പച്ചതൊണ്ടിൽ നിന്ന് നേരിട്ട് ചകിരി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിനോടകംതന്നെ 80,000 മുതൽ 1,00,000 തൊണ്ട് വരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

തൊണ്ടിന്റെ ലഭ്യത കൂടുതലുള്ള വടക്കൻ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകി അവരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്. ഉയർന്ന ഉൽപ്പാദന ശേഷിയുള്ള അമ്പത് മില്ലുകൾ മലബാർ മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തൊണ്ടിന്റെ ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി ആലപ്പുഴ-വൈക്കം ഒരു കയർ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു. പരമാവധി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ രണ്ടാം പുനഃസംഘടനാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) കയർ മേഖലയുടെ ആധുനികീകരണത്തിനായി നടപ്പാക്കി വരുന്ന രണ്ടാം പുനഃസംഘടനയുടെ ആദ്യഘട്ടം ഈ സാമ്പത്തിക വർഷത്തോടെ അവസാനിക്കുമ്പോൾ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്നും അവ എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. <u>ചകിരിയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക :</u>

2016-21 കാലത്ത് നടപ്പിലാക്കിയ കയർ രണ്ടാം പുന:സംഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ ഏറ്റവും പ്രധാനം ചകിരി ഉൽപ്പാദനത്തിലെ സ്വയംപര്യാപ്തതയാണ്. കയർ മേഖലയിലെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 2016-21 കാലത്ത് 80,000 മുതൽ 1,00,000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 മില്ലുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ചകിരിയുടെ ഉൽപ്പാദനം 2021 സെപ്റ്റംബറോടെ 44% ആയി ഉയർന്നിട്ടുണ്ട്. തൊണ്ടിന്റെ ഉപയോഗം 2021-22 വർഷത്തിൽ 19% ആയി ഉയർന്നിട്ടുണ്ട്. കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് സംഭരിച്ച് നൽകുന്ന ചകിരിയിൽ സംസ്ഥാനത്തെ ഡി.എഫ്. മില്ലുകൾ ഉൽപ്പാദിപ്പിക്കുന്ന ചകിരിയുടെ വിഹിതം 44% ആയി ഉയർന്നിട്ടുണ്ട്.

2. <u>പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടപ്പാക്കുക</u> :

കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ത്തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി

ഉല്പാദനക്ഷമത വർദ്ധിക്കുകയും വരുമാനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380 രൂപയായിരുന്നത് 2020-21-ൽ കയർ ഉൽപ്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000 രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി കൂലി ഉറപ്പാക്കുന്നതിന് 2020-21 -ൽ 24 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021-22-ൽ സെപ്തംബർ 30 വരെ 15 കോടി രൂപയും നൽകിയിട്ടുണ്ട്. 2020-21-ൽ വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 38,500 തൊഴിലാളികളാണുള്ളത്. 2020-21-ലെ കയർ ഉല്പാദനം 25,000 ടൺ ആണ്. യന്ത്രവൽക്കരണംമൂലം പരമ്പരാഗത കയർ മേഖലയിൽ യാതൊരു തൊഴിൽ നഷ്ടവും ഉണ്ടായിട്ടില്ല.

3. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക:

എം.എൻ.ആർ.ജി.എസ്. ആയി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 875 ഗ്രാമ പഞ്ചായത്തുകളിലായി 1.68 കോടി ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ധാരണാപത്ര പ്രകാരം വിതാനിക്കാൻ സാധിക്കുന്നത്. PWD റോഡുകളിലും ഗ്രാമീണ റോഡുകളിലും കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

4. ഉൽപ്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണം:

കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യത കണ്ടെത്തുന്നതിനായി കയർ അക്വസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ് ബോർഡ്, ബൈൻഡർലെഡ് ബോർഡ്, കയർ ജിയോസെൽ, കയർ മൽച്ചിംഗ് മാറ്റ് തുടങ്ങിയ വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്.

5.നൂതന മാർക്കറ്റിംഗ് സംവിധാനങ്ങൾ നടപ്പാക്കുക:

കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വിപുലീകരണത്തിനായി കയർ കേരള, കയർ കാർണിവെൽ, ബി-ടു-ബി, ബയർ-സെല്ലർ മീറ്റുകൾ എന്നിവ നടത്തപ്പെടുന്നു. 2020 വെർച്ച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പുവച്ചിട്ടുണ്ട്. ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കയർ കോർപ്പറേഷൻ ധാരണാപത്രം

ഒപ്പുവച്ചിട്ടുണ്ട്. ഇത്തരം നടപടികളുടെ ഫലമായി ചകിരിയുടെ ഉൽപ്പാദനം വർദ്ധിക്കുന്നതിനും കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും വേതനവും വർദ്ധിപ്പിക്കുന്നതിനും അതുവഴി കയർ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന സാധ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**അതിതീവ്ര മഴയിൽ വൈദ്യുതി വകുപ്പിന്റെ ഡാമുകളുടെ സ്ഥിതി**

22(*502) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മാസത്തെ അതിതീവ്ര മഴയുടെ സാഹചര്യത്തിൽ വൈദ്യുതി വകുപ്പിന്റെ ഡാമുകളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. തീവ്രമഴയുടെ സാഹചര്യത്തിൽ ഡാമുകളുടെ സ്ഥിതി തുടർച്ചയായി വിലയിരുത്തി വരുന്നു. കൂടാതെ റൂൾ ലെവൽ കമ്മിറ്റി ദിവസവും യോഗം ചേർന്ന് സ്ഥിതി വിലയിരുത്തുകയും ആവശ്യമെങ്കിൽ ഗേറ്റുകൾ തുറക്കുകയും സ്പിൽവേകളിലൂടെ പുറത്തുവിടുന്ന ജലത്തിന്റെ അളവ് നിശ്ചയിച്ച് നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

(ബി) അതിതീവ്ര മഴയെ തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഏതൊക്കെ ഡാമുകൾ തുറന്നുവെന്ന് തീയതി സഹിതം വ്യക്തമാക്കാമോ?

അതിതീവ്രമഴയെ തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ താഴെപ്പറയുന്ന ഡാമുകൾ തുറക്കുകയുണ്ടായി.

| | | |
|---|---|---|
| 1. ചെറുതോണി (ഇടുക്കി) | - | 19-10-2021, 11.00 am |
| 2. ഇടമലയാർ | - | 19-10-2021, 6.00 am |
| 3. ആനത്തോട് | - | 18-10-2021, 11.00 am |
| 4. പമ്പ | - | 19-10-2021, 6.00 am |
| 5. മൂഴിയാർ | - | 27-09-2021, 9.00 am |
| 6. കുണ്ടള | - | 07-09-2021, 11.00 am |
| 7. മാട്ടുപെട്ടി | - | 14-10-2021, 11.00 am |
| 8. കല്ലാർകുട്ടി | - | 11-10-2021, 9.45 am |

| | | |
|---|---|---|
| 9. ലോവർപെരിയാർ | - | 12-10-2021, 10.00 am |
| 10. ഷോളയാർ | - | 18-10-2021, 10.35 am |
| 11. പെരിങ്ങൽകുത്ത് | - | 12-10-2021, 3.30.am |
| 12. പൊൻമുടി | - | 18-10-2021 |

(സി) ഡാം തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മുന്നറിയിപ്പിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

നൽകിയിരുന്നു. ഡാമുകളിൽ ജലനിരപ്പ് ഉയരുന്നതിനനുസരിച്ച് നീല, ഓറഞ്ച്, ചുവപ്പ് അലർട്ടുകൾ പ്രഖ്യാപിച്ച് തുറന്ന് വിടാനുദ്ദേശിക്കുന്ന സമയവും ജലത്തിന്റെ അളവും ജില്ലാ കളക്ടറെ അറിയിച്ച് അനുവാദം വാങ്ങിയിരുന്നു. ജില്ലാ ദുരന്ത നിവാരണ വകുപ്പിലും തുറന്നുവിടുന്ന ജലം ഒഴുകുന്ന നദിയുടെ സമീപത്തെ റവന്യൂ, പഞ്ചായത്ത് അധികാരികൾക്കും അറിയിപ്പ് നൽകുന്നുണ്ട്. ഓറഞ്ച് അലർട്ട് ആകുന്നത് മുതൽ ഇവർ ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകും. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെയും വെബ്സൈറ്റുകളിലൂടെയും അറിയിപ്പ് നൽകാറുണ്ട്.

(ഡി) മഴ മാത്രമല്ല ഡാമുകളുടെ മിസ്-മാനേജ്മെന്റും സംസ്ഥാനത്ത് 2018-ലെ പ്രളയം രൂക്ഷമാകാൻ കാരണമായെന്ന കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേലുള്ള വൈദ്യുതി ബോർഡിന്റെ നിലപാട് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. CWC റിപ്പോർട്ടിൽ ഡാം മാനേജ്മെന്റിന് വീഴ്ചയില്ലെന്നാണ് പരാമർശം.

### വ്യവസായ വികസന പരിപാടികൾ

23(*503) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ :
ശ്രീ. പി. ബാലചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് ജില്ലകൾ തോറും സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇതുവരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ മീറ്റ് ദി മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ പരിപാടിയിലൂടെ ആകെ 1309 പരാതികളാണ് 10 ജില്ലകളിലായി ലഭിച്ചത്. ഈ പരിപാടിയിൽ നേരിട്ട് ആകെ 338 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ പരിപാടിയുടെ തുടർപ്രവർത്തനമെന്ന നിലയിൽ പല ജില്ലകളിലും വീണ്ടും വിവിധ വകുപ്പുകളിലെ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് യോഗങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്. നിലവിൽ ഇതുവരെ ടി പരിപാടിയിലൂടെ ലഭിച്ച 825 പരാതികൾ (63.03%) തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും മറ്റു വകുപ്പുകളുടെ തലത്തിലും നയപരമായ തീരുമാനങ്ങൾ വേണ്ട പരാതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ച് വരുന്നുണ്ട്. മീറ്റ് ദി മിനിസ്റ്റർ പരിപാടിയുമായി ബന്ധപ്പെട്ട് 16-9-2021-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും തുടർന്ന് 29-10-2021-ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിലയിരുത്തുകയുണ്ടായി. പുരോഗതിയുടെ തൽസ്ഥിതി വിലയിരുത്തുന്നതിനായി ഒരു ഡാഷ്ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്.

(ബി) കാക്കനാട് കിൻഫ്ര പാർക്കിൽ ടാറ്റാ കൺസൾട്ടൻസി സർവീസസിന്റെ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന്റെ മേജർ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ ടാറ്റാ കൺസൾട്ടൻസി സർവീസസിന്റെ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയും ടാറ്റാ കൺസൾട്ടൻസി സർവീസസും ചേർന്ന് 17-9-2021-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 36 ഏക്കർ ഭൂമിയിലാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്‌വെയറും ഐ.ടി./ഐ.ടി. അധിഷ്ഠിത വ്യവസായങ്ങളുമാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ ഏകദേശം 690 കോടി രൂപയുടെ നിക്ഷേപവും 10,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇന്നവേഷൻ പാർക്കിന്റെ ആദ്യഘട്ടം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

2023-24 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് വലിയ തോതിലുള്ള വ്യവസായ നിക്ഷേപം ഉറപ്പ് വരുത്തുന്നതിനായി കഴക്കൂട്ടം കിൻഫ്ര പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രമുഖ ഡിസൈൻ ടെക്നോളജി സേവന ദാതാക്കളായ ടാറ്റാ എലക്സിയുടെ സംരംഭത്തിനായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രമുഖ ഡിസൈൻ ടെക്നോളജി സേവന ദാതാക്കളായ ടാറ്റാ എലക്സി കിൻഫ്രയുമായി 30-6-2021-ൽ ധാരണാപത്രം ഒപ്പുവച്ചു. ടാറ്റാ എലക്സി തങ്ങളുടെ ഐ.ടി. ബിസിനസ്സും ഗവേഷണ വികസന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി കഴക്കൂട്ടം കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ പുതുതായി പണികഴിപ്പിച്ച ഐ.ടി. ബിൽഡിംഗിൽ പ്രവർത്തനം ആരംഭിക്കുകയാണ്. 67 കോടി രൂപ ചെലവിൽ 2.17 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള 9 നിലകളുള്ള ഒരു കെട്ടിട സമുച്ചയമാണ് കിൻഫ്ര ഇവിടെ നിർമ്മിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ കിൻഫ്രയുടെ പുതിയ ഐ.ടി. കെട്ടിടത്തിൽ ടാറ്റ എലക്സി 75 കോടി രൂപ നിക്ഷേപമുള്ള പദ്ധതിയാണ് സ്ഥാപിക്കുന്നത്. ഇതുവഴി അടുത്ത 3 വർഷത്തിനുള്ളിൽ 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

24(*504) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വൈദ്യുതി പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

ജലം, കാറ്റ്, സൗരോർജ്ജം, താപോർജ്ജം എന്നിങ്ങനെ വിവിധ സ്രോതസ്സുകളിൽനിന്നും ഏകദേശം 2916 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നിലയങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലയങ്ങളും സ്വകാര്യ ഉല്പാദകരുടെ നിലയങ്ങളും ഉൾപ്പെടും. സ്രോതസ്സ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതോൽപ്പാദനം സാദ്ധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ ആകെ 39.344 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 16.238 മെഗാവാട്ട് ഓഫ് ഗ്രിഡും (ബാറ്ററി സംഭരണസംവിധാനമുള്ളത് - കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധമില്ലാത്തത്), 23.106 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിതവുമായ സൗരോർജ്ജ പ്ലാന്റുകളാണ്.

(ബി) വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്താൻ കെ.എസ്.ഇ.ബി.എൽ. വിവിധ ചെറുകിട, വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു. കൂടാതെ വൈദ്യുതോൽപ്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്താൻ ചുവടെ ചേർക്കുന്ന നടപടി സ്വീകരിച്ച് വരുന്നു.

1. ബോർഡിന്റെ സ്വന്തം സ്ഥലത്ത് 9.25 MW ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് വഴി പ്രതിവർഷം ശരാശരി 8.445 MU ഇപ്പോൾ ലഭിക്കുന്നുണ്ട്.

2. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച സോളാർ നിലയത്തിന്റെ ശേഷി 3.252 MW ആണ്. അവിടെനിന്നും 5.136 MU വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്.

3. ബോർഡിന്റെ അധീനതയിലുള്ള ഡാം റിസർവോയറിന് (0.5 MW), ഡാം ടോപ്പ് (0.45 MW), കനാൽ ടോപ്പ് (3 MW), കനാൽ ബാങ്ക് (1 MW) ഈ നിലയങ്ങളിൽ നിന്നുമായി പ്രതിമാസം 0.301 MU വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്.

4. ബോർഡിന്റെ സ്വന്തം സ്ഥലത്ത് (കഞ്ചിക്കോട്, അഗളി, BDPP, നെന്മാറ, ഏറ്റുമാനൂർ) എന്നിവിടങ്ങളിലായി 10.5 MW-ന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഇവ പൂർത്തിയാകുമ്പോൾ 10.5 MW വൈദ്യുതി കൂട്ടിച്ചേർക്കാനാകും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. NHPC Limited-ഉം, WKNCEPPL-ഉം ചേർന്ന് വെസ്റ്റ് കല്ലടയിൽ 50 MW-ന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി നടന്നുവരുന്നു.

6. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ Solar Energy Corporation of India (SECI) വഴിയും Tariff Based Bid വഴിയും സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ച് വരുന്നു.

7. NHPC-യുമായി ചേർന്ന് അഗളി (72 MW)-ന്റെ വിൻഡ് ടർബൈൻ സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

8 കേന്ദ്ര പദ്ധതിയായ Pradhan Mantri Kisan Urja Suraksha evam Utthan Mahabhiyan (PM KUSUM) -ലുൾപ്പെടുത്തി 51 MW സോളാർ സ്ഥാപിക്കാനുള്ള The Ministry of New and Renewable Energy (MNRE)-യുടെ അനുമതി ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 40 MW കർഷകർക്ക് സോളാർ സ്ഥാപിച്ച് ആനുകൂല്യം ലഭിക്കുന്നതിനും 11 MW ഫീഡർ സോളറൈസേഷനുമാണ്. ഇതിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്. 9 ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10 MW സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. എല്ലാ താരിഫ് വിഭാഗങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് പങ്കാളികളാകാവുന്ന സൗര ഒന്നാം ഘട്ട പദ്ധതിയിൽ 2895 പേർക്ക് 29.074 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇത് ഡിസംബർ 31-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സൗര രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ പങ്കെടുക്കാനാവുക. ഇതിൽ 2019-20 വർഷത്തിൽ 10.2 മെഗാവാട്ട് ശേഷിക്കും 2020-21 വർഷത്തിൽ 36.435 മെഗാവാട്ടിനും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ മേഖലയിൽ ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതി (8 MW) കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേയ്ക്ക് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. അതോടൊപ്പം അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) 2021 നവംബർ മാസം കമ്മീഷൻ ചെയ്യുന്നതാണ്. അതുകൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജോൽപ്പാദനത്തിനുമുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്താൻ സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം എന്നീ പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന ആസൂത്രണം

ചെയ്ത് നടപ്പിലാക്കിവരുന്നു. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതാണ്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാ ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്ക് കാറുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപകമാകു ന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാ ദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെ ത്തുന്നതിന് വേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചു വരുന്നു.

**കൽക്കരി ക്ഷാമത്തെ തുടർന്നുണ്ടായ വൈദ്യുതി പ്രതിസന്ധി**

25(*505) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എ. കെ. എം. അഷ്റഫ് :
ശ്രീ. നജീബ് കാന്തപുരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കൽക്കരി ക്ഷാമത്തെത്തുടർന്ന് രാജ്യത്തുണ്ടായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനം വർദ്ധിപ്പിച്ച് കേന്ദ്ര പൂളിലേയ്ക്ക് നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാരിലെ ഊർജ്ജ വകുപ്പ് സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് അയച്ച 14-10-2021-ലെ DO 15-27/27/2021 Hydel-II നമ്പർ കത്തിൽ രാജ്യത്തെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 31 വരെയുള്ള ദിവസങ്ങളിൽ off peak നേരങ്ങളിൽ ഇടുക്കി ഉൾപ്പെടെയുള്ള ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനം ഉയർത്തി പരമാവധി പിന്തുണ നൽകുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ. ബി.എൽ.-ന് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇക്കാര്യത്തിൽ താഴെപ്പറയും പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

കൂടുതൽ ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്കായി ഇടുക്കി പദ്ധതിയിലെ ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റ പണികൾ നവംബർ മാസത്തേയ്ക്ക് മാറ്റിവയ്ക്കുകയും മറ്റ് നിലയങ്ങളിലെ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇതുമൂലം സംസ്ഥാനത്തെ ജലവൈദ്യുതിയുടെ ഉൽപ്പാദനം 23 ദശലക്ഷം യൂണിറ്റായിരുന്നത് 31.81 ദശലക്ഷം യൂണിറ്റായി വർധിച്ചിട്ടുണ്ട്. ഭാവിയിലും ഇത്തരം സന്ദർഭങ്ങളിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ നടത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1. പീക്ക് സമയം ഒഴികെയുള്ള സമയങ്ങളിൽ 300 MW വരെ നൽകാം.

2. ആവശ്യകത അനുസരിച്ച് 100 മുതൽ 300 MW കൂടി വിവിധ സമയങ്ങളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകുന്നത് പരിഗണിക്കുന്നതാണ്. ഇതിനുപകരമായി ഒക്ടോബർ, നവംബർ മാസങ്ങളിലെ പ്രവൃത്തി ദിവസങ്ങളിലെ പീക്ക് സമയത്ത് 100 MW കേരളത്തിന് തരേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു കൊടുക്കൽ വാങ്ങൽ പ്രക്രിയ ഇപ്പോഴത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിനുതകുമെന്ന് കരുതുന്നതായും അറിയിച്ചിട്ടുണ്ട്.

## പരമ്പരാഗത ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം

26(*506) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യം ഒരുക്കുന്നതിനാവശ്യമായ നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഖാദി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യം ഒരുക്കുന്നതിന് നിലവിൽ സംസ്ഥാനത്തൊട്ടാകെ 185 വില്പനശാലകളുണ്ട്. കൂടാതെ ഇവയിൽ പല ഷോറൂമുകൾ നവീകരിക്കുകയും 75 ആധുനിക ഷോറൂമുകൾ POP വ്യവസ്ഥയിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. യുവതലമുറയ്ക്ക് ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിലേയ്ക്കുവേണ്ടി 'ഖാദി ഡേ' എന്ന പദ്ധതി ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിലൂടെ ഖാദി വസ്ത്രങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കാപ്പെക്സ് വിവിധ തരത്തിലുള്ള കശുവണ്ടി പരിപ്പുകൾ വൈവിദ്ധ്യമാർന്ന പൗച്ചുകളിൽ നിറച്ച് വിൽപ്പന നടത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ റോസ്റ്റ് ആൻഡ് സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ തുടങ്ങിയവയും വിപണിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഔട്ട്ലെറ്റുകൾ, പോലീസ് ക്യാന്റീനുകൾ, കൺസ്യൂമർ ഫെഡ് മുതലായവ വഴിയും വിൽപ്പന നടത്തുന്നുണ്ട്. കാപ്പെക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിലും നിലവിൽ 4 ഔട്ട്ലെറ്റുകൾ വഴി വിൽപ്പന നടത്തിവരുന്നു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ 11 ഔട്ട്ലെറ്റുകൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആമസോൺ, കോർപ്പറേഷന്റെ ഓൺലൈൻ വെബ്സൈറ്റ്, ഡിസ്ട്രിബ്യൂട്ടേഴ്സ്/ഫ്രാഞ്ചൈസി മുതലായവ വഴിയും വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടുതൽ ക്വാണ്ടിറ്റി വിറ്റഴിക്കുന്നതിലേയ്ക്ക് ഇ-ടെണ്ടർ വഴിയും വിപണനം നടത്തുന്നുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി. എസ്.-മായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാന ത്തിനകത്തും പുറത്തുമുള്ള ഷോറൂമുകൾ വഴി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് മേഖലയിൽ e-commerce/m-commerce സംവിധാനങ്ങളിലൂടെ വിപണന സൗകര്യമൊരുക്കുന്നതിന് എൻ.ഐ.എഫ്.റ്റി.-യിലൂടെ കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി ബഹുമുഖമായ ക്രിയാത്മക നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം, കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പനയുൽപ്പന്ന വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലും സാമ്പത്തിക സഹായത്തിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സംഭരിച്ച് നൽകുക, പരിശീലനം നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുക, വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണി കണ്ടെത്തുക എന്നീ പ്രവർത്തനങ്ങളും ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തു വരുന്നുണ്ട്. ബാംബൂ ഫെസ്റ്റ്, മലബാർ ക്രാഫ്റ്റ്സ് മേള, വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്), ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേള (ഐ.ഐ.പി.എഫ്.) തുടങ്ങിയവയിലൂടെയും കേരള ഇ-മാർക്കറ്റ് പോർട്ടൽ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളിലൂടെയും കേരളത്തിലെ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ക്രിയാത്മകമായ നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നതിനായി വിവിധോദ്ദേശ്യ പ്രോത്സാഹന കേന്ദ്രങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഒരു കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

(ബി&സി)ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ പരമ്പരാഗത ഉൽപ്പന്ന ങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നതിനായി വിവിധോദ്ദേശ്യ പ്രോത്സാഹന കേന്ദ്രം (Trade Facilitation Centre-cum-Office of District Industries Centre) തുടങ്ങുന്നതിനായി അനുമതി നൽകുകയും പ്രവർത്തനങ്ങൾക്കായി 9.86 കോടി രൂപ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുനീക്കി ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. വർക്കിന് ഇ-ടെൻഡർ ക്ഷണിച്ച് കോൺട്രാക്ടറുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. സോയിൽ ടെസ്റ്റ് പൂർത്തിയായി ഫൈനൽ ഡ്രോയിംഗിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം പുതിയ പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ ഒരു താലൂക്കിൽ ഒന്ന് എന്ന നിലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്തൊട്ടാകെ 75 പുതിയ ഖാദി ഷോറൂമുകൾ തുടങ്ങും. സ്റ്റിച്ചിംഗ്, ആൾട്ടറേഷൻ എന്നീ സൗകര്യങ്ങളും ലോൺഡ്രി സൗകര്യവും ആവശ്യത്തിന് പാർക്കിംഗ് സൗകര്യവുമുൾപ്പെടെ ആധുനിക നിലവാരത്തിലുള്ള ഷോറൂമുകളാണ് തുടങ്ങുന്നത്. സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖേന കശുവണ്ടിയുടെ വിപണനത്തിനായി ഓരോ നിയോജകമണ്ഡലത്തിലും കശുമാവ് കർഷക കൂട്ടായ്മകൾ ആരംഭിക്കുന്നതിനുദ്ദേ ശിക്കുന്നു. കയർ മേഖലയുമായി ബന്ധപ്പെട്ട് 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുക വഴി ആഭ്യന്തര വിദേശ വിപണി വിപുലീകരിക്കുന്നതിനും കഴിയുന്നുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 2021-22- ലെ ബഡ്ജറ്റിൽ പബ്ലിസിറ്റിക്കുവേണ്ടി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗസാദ്ധ്യത കണ്ടെത്തുന്നതിനായി കയർ അക്വിസ്റ്റിക് പാനൽ, കയർ കമ്പോസിറ്റ് ബോർഡ്, ബൈൻഡർലെഡ് ബോർഡ്, കയർ ജിയോസെൽ, കയർ മൽച്ചിംഗ് മാറ്റ് തുടങ്ങിയ വൈവിദ്ധ്യങ്ങളായ ഉൽപ്പന്നങ്ങൾ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങളെ വ്യാവസാ യികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമം നടത്തിവരുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും ഇ-പോർട്ടൽ വഴിയുള്ള വിപണനവും നടപ്പാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ്

എന്നിവയ്ക്ക് റിബേറ്റും നൽകിവരുന്നുണ്ട്. കരകൗശല മേഖലയിൽ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണനത്തിനായി ഷോറൂമുകളിൽ പ്രത്യേക കരകൗശല മേളകളും ഷോറൂമുകൾ ഇല്ലാത്ത പ്രധാന കേന്ദ്രങ്ങളിൽ പ്രദർശനമേളകളും 'സുരഭി' മുഖേന നടത്താൻ ഉദ്ദേശിക്കുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പരമ്പരാഗത വ്യവസായ മേഖല ഉൾപ്പെടുന്ന സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket. Com/www. Kerala emarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ -ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് വാർഷികമേളയായ കേരള ബാംബൂ ഫെസ്റ്റ്. എല്ലാ വർഷവും ഡിസംബർ മാസത്തിലാണ് കൊച്ചിയിൽ 'ബാംബൂ ഫെസ്റ്റ്' സംഘടിപ്പിച്ചുവരുന്നത്. മുള ഉൽപ്പന്നങ്ങളുടെ പ്രദർശനമേളയും അതുവഴിയുള്ള വിൽപ്പനയും പൂർണ്ണമായി നിലച്ചിരിക്കുന്ന അവസ്ഥയിൽ പുതിയ സാങ്കേതിക വിദ്യയും ഓൺലൈൻ അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 16 വർഷങ്ങളിലായി മുടക്കം കൂടാതെ നടന്ന 17-ാമത് കേരള ബാംബൂ ഫെസ്റ്റ് 2021 ഫെബ്രുവരിയിൽ 5 ദിവസങ്ങളിലായി വെർച്വൽ ബാംബൂ ഫെസ്റ്റായി സംഘടിപ്പിക്കുകയുണ്ടായി. 18-ാമത് കേരള ബാംബൂ ഫെസ്റ്റ് 2021 ഡിസംബർ 19 മുതൽ 23 വരെ കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷന്റെ വിൽപ്പനശാലയായ കൈരളി വഴി പരമ്പരാഗത ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതോടൊപ്പം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജില്ലകൾതോറും പ്രത്യേക വിപണന മേളകൾ സംഘടിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് പ്രവർത്തിക്കുന്ന സ്ഥിരം എക്സിബിഷൻ വേദിയിൽ എല്ലാ മാസവും വിവിധ കരകൗശല ഉൽപ്പന്നങ്ങളുടെ എക്സിബിഷൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ തുടക്കമായി നവംബർ മാസം പ്രത്യേകം ക്ഷണിച്ച് വരുത്തുന്ന കലാകാരൻമാരുടെ ചിത്രപ്രദർശനം സംഘടിപ്പിക്കുന്നതാണ്.

## ഹരിത വൈദ്യുതി ഉല്പാദനം

27(*507) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയെപ്പറ്റി വ്യക്തമാക്കാമോ; ഇതിന്റെ നേട്ടങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി താഴെക്കൊടുക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

1. ബോർഡിന്റെ സ്വന്തം സ്ഥലത്ത് 9.25 MW ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് വഴി പ്രതിവർഷം ശരാശരി 8.445 MU ഇപ്പോൾ ലഭിക്കുന്നുണ്ട്.

2. ബോർഡിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച സോളാർ നിലയത്തിന്റെ ശേഷി 3.252 MW ആണ്. അവിടെനിന്നും 5.136 MU വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്.

3. ബോർഡിന്റെ അധീനതയിലുള്ള ഡാം റിസർവോയറിന് (0.5 MW), ഡാം ടോപ്പ് (0.45 MW), കനാൽ ടോപ്പ് (3 MW), കനാൽ ബാങ്ക് (1 MW) ഈ നിലയങ്ങളിൽ നിന്നുമായി പ്രതിമാസം 0.301 MU വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിലും പൈവളികെയിലുമായി 100 MW ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ ചീമേനിയിൽ 100 MW ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി പുരോഗമിക്കുന്നു.

4. ബോർഡിന്റെ സ്വന്തം സ്ഥലത്ത് (കഞ്ചിക്കോട്, അഗളി, BDPP, നെന്മാറ, ഏറ്റുമാനൂർ) എന്നിവിടങ്ങളിലായി 10.5 MW-ന്റെ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ഇവ പൂർത്തിയാകുമ്പോൾ 10.5 MW വൈദ്യുതി കൂട്ടിച്ചേർക്കാനാകും.

5. NHPC -ഉം, WKNCEPPL -ഉം ചേർന്ന് വെസ്റ്റ് കല്ലടയിൽ 50 MW- ന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി നടന്നുവരുന്നു.

6. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ SECI (Solar Energy Corporation of India) വഴിയും Tariff Based Bid വഴിയും സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

7. NHPC-യുമായി ചേർന്ന് അഗളിയിൽ 72 MW- ന്റെ വിൻഡ് ടർബൈൻ സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

8. കേന്ദ്ര പദ്ധതിയായ PM-KUSUM-ൽ ഉൾപ്പെടുത്തി 51 MW സോളാർ സ്ഥാപിക്കാനുള്ള MNRE-യുടെ അനുമതി ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 40 MW കർഷകർക്ക് സോളാർ സ്ഥാപിച്ച് ആനുകൂല്യം ലഭിക്കുന്നതിനും 11 MW ഫീഡർ സോളറൈസേഷനുമാണ്. ഇതിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്.

9. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) 10 MW സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നിരവധി നടപടികളിൽ ഒന്നാണ് 'സൗര' പദ്ധതി. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും അവയിൽനിന്നും തെരഞ്ഞെടുത്ത പുരപ്പുറങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്തു. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ 29.074 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 10.116 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് 2021 ഡിസംബർ 31-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്. 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. ഇതിൽ 2019-20 വർഷത്തിൽ 10.2 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 335 നിലയങ്ങൾ (1275 KW) പൂർത്തീകരിച്ചു. 2020-21 വർഷത്തിൽ 36.435 മെഗാവാട്ടിന്റെ 8055 നിലയങ്ങൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. അനെർട്ട് സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO)

മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗതരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. സംസ്ഥാനത്ത് ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. എനർജി മാനേജ്മെന്റ് സെന്റർ ഹരിത ഊർജ്ജ പദ്ധതികളിൽപ്പെട്ട ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കുന്നതിനുള്ള നിയുക്ത ഏജൻസിയായി എനർജി മാനേജ്മെന്റ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം ഏറ്റവും ഒടുവിലായി 2017 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT (Build Own Operate and Transfer) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021 ഫെബ്രുവരിയിൽ പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിനുശേഷം ചില പദ്ധതികളുമായി മുന്നോട്ട് പോകാൻ സാങ്കേതികമായും സാമ്പത്തികമായും ബുദ്ധിമുട്ടുണ്ടെന്ന് പദ്ധതി സംരംഭകർ ഇ.എം.സി.-യെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിക്കാനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുകയാണ് സർക്കാർ. 2003-04 കാലഘട്ടത്തിൽ ഇ.എം.സി.-യുടെയും യുനിഡോയുടെയും സാങ്കേതിക സഹകരണത്തോടുകൂടി നടപ്പിലാക്കിയ മാങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിലൂടെ ഉണ്ടായിട്ടുള്ള സാമൂഹിക

വികസനം പഠന വിധേയമാക്കി ആ പദ്ധതിയിലൂടെ മാങ്കുളം ഗ്രാമപഞ്ചായത്തിനെ പുരോഗതിയുടെ പാതയിലേയ്ക്ക് നയിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ മറ്റു ചെറുകിട ജലവൈദ്യുത പദ്ധതികൾ മുഖേനയും പദ്ധതി പ്രദേശത്ത് സാമൂഹിക വികസനത്തിന് കാതലായ സംഭാവന നൽകാൻ സാധിച്ചിട്ടുണ്ട്.

(ബി) ഹരിത വൈദ്യുതി ഉൽപ്പാദനം വ്യാപകമാക്കുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഹരിത വൈദ്യുതി ഉൽപ്പാദനം വ്യാപകമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ കൂടാതെ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ ഏജൻസികളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണ് അനെർട്ട്.

(സി) ഹരിത വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണമോ മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ PM-KUSUM പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. കംപോണന്റ് A-യിൽ 40 MW-ഉം കംപോണന്റ് C-യിൽ 11 മെഗാവാട്ടും ചെയ്യാനുള്ള അനുമതി കിട്ടിയിട്ടുണ്ട്. (F.No.32/645/2017-SPV Division, Govt. of India, MNRE dtd. 22-7-2019) ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ MNRE-യുടെ Website-ലും കെ.എസ്.ഇ.ബി.എൽ.-ന്റെ PM-KUSUM- നായുള്ള രജിസ്ട്രേഷൻ പോർട്ടലിലും ലഭ്യമാണ്. ഹരിത വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച് കേന്ദ്രസർക്കാർ 20-8-2019-ലെ നോട്ടിഫിക്കേഷൻ അനുസരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് സൗരനിലയം സ്ഥാപിക്കുന്നതിന് സബ്സിഡി ലഭ്യമാണ്. 2019-20 കാലഘട്ടത്തിൽ കേന്ദ്ര സബ്സിഡി അനുവദിച്ച 50 മെഗാ വാട്ടിന്റെയും 2020-21-ൽ അനുവദിച്ച 200 മെഗാവാട്ടിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്ലാന്റുകൾക്ക് ആദ്യ 3 KW- ന് 40 %- ഉം 4 KW മുതൽ 10 KW വരെ പ്ലാന്റ് കപ്പാസിറ്റിയുടെ 20 % സബ്സിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നത്. ഹരിത വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ ഇതിനോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു *. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സൗരോർജ്ജ സബ്സിഡി പദ്ധതികളിൽ കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയം നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ശതമാനം തുകയാണ് സബ്സിഡി അനുവദിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി വാങ്ങുന്നത് പൂർണമായും നിർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആകെ വൈദ്യുതിയുടെ നിശ്ചിത അളവ് മാത്രമേ ഹരിതോർജ്ജം വഴി നൽകാൻ കഴിയുകയുള്ളൂ. ഹരിത വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**വൈദ്യുതി വകുപ്പിന്റെ ഡാമുകൾക്ക് റൂൾ കർവ്**

28(*508) ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ 2021 ഒക്ടോബർ മാസത്തിലെ തീവ്രമഴയെ നേരിടാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മഴക്കാലത്തിനുമുമ്പ് തന്നെ എല്ലാ അണക്കെട്ടുകളുടെയും ഗേറ്റുകൾ പ്രവർത്തന സജ്ജമാണെന്നത് ഉറപ്പുവരുത്തി, അലർട്ട് ലെവലുകൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ അറിയിച്ചിരുന്നു. ഡാമുകളിൽ ആവശ്യമെങ്കിൽ കൺട്രോൾ റൂമുകൾ തുറക്കാനുള്ള ഒരുക്കങ്ങൾ ഡ്രൈ റൺ നടത്തി പൂർത്തിയാക്കുകയുണ്ടായി. പ്രധാന അണക്കെട്ടുകൾക്ക് കേന്ദ്ര ജലകമ്മീഷനും കേരള സർക്കാരും അംഗീകരിച്ച റൂൾ ലെവലുകൾ പ്രകാരം ജലം സംഭരിക്കാൻ ഒരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകൾക്ക് റൂൾ കർവ് നിലവിലുണ്ടോ; വിശദമാക്കാമോ?

200 $mm^3$ ന് മുകളിൽ സംഭരണ ശേഷിയുള്ള ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നീ പ്രധാന സംഭരണികൾക്ക് കേന്ദ്ര ജല കമ്മീഷനും കേരള സർക്കാരും അംഗീകരിച്ച റൂൾ ലെവലുകൾ നിലവിലുണ്ട്.

(സി) 2021 ഒക്ടോബർ മാസത്തിലെ തീവ്രമഴയെ നേരിടാൻ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകൾ റൂൾ കർവ് പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. റൂൾലെവലുകൾ പാലിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. ഡാമുകളിൽ ജലം സംഭരിച്ചുവരുന്നത്. റൂൾ ലെവലുകളിൽ അധികരിച്ചാൽ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ചും ഡാമിന് താഴെ നദിയിലെ ജലനിരപ്പും പ്രളയസാധ്യതയും വേലിയേറ്റ

സാധ്യതയും വിലയിരുത്തി ജില്ലാ കളക്ടറുടെ അനുമതി വാങ്ങി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗരേഖ പാലിച്ചുകൊണ്ട് അധിക ജലം പുറത്തേയ്ക്ക് ഒഴുക്കി റൂൾ കർവുകൾ പാലിച്ചുവരുന്നു.

**കാറ്റും മഴയുംമൂലം വൈദ്യുതി മേഖലയിലുണ്ടായ നാശനഷ്ടം**

29(*509) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ കാറ്റും മഴയുംമൂലം വൈദ്യുത മേഖലയിലുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ കാറ്റും മഴയും അതേത്തുടർന്നുണ്ടായ പ്രളയവുംമൂലം കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി വിതരണ സംവിധാനത്തിന് വളരെയധികം നാശനഷ്ടം ഉണ്ടായിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.72 ലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി. ലഭ്യമായ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിന് കീഴിൽ ഈ പ്രളയംമൂലം സംഭവിച്ച സാമ്പത്തിക നഷ്ടം 24.24 കോടി രൂപയാണ്. ശക്തമായ കാറ്റിലും മഴയിലും സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ മേഖലയിൽ ഏകദേശം 10,51,327 രൂപയുടെ നഷ്ടമുണ്ടായതായി പ്രാഥമികമായി കണക്കാക്കിയിരിക്കുന്നു. അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷന്റെ പരിധിയിൽ 50,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും തടസ്സം നേരിട്ടിട്ടുണ്ട്.

(ബി) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട തകരാറുകൾ മാറ്റി വിതരണം എപ്പോൾ പൂർണ്ണമായി പുനഃസ്ഥാപിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

വിതരണ ശൃംഖലയുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. സർക്കിൾതല പ്രവർത്തനങ്ങളുടെ ഏകോപനം അതത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ

മേൽനോട്ടത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾക്കാണ്. കോവിഡ്-19 ചികിത്സയുൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ/റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനും HT ശൃംഖല പുനഃസ്ഥാപിക്കുന്നതിനും പ്രത്യേക മുൻഗണന നൽകിയിരുന്നു. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉരുൾപൊട്ടലും പ്രതികൂല കാലാവസ്ഥയുംമൂലം തകർന്നുപോയ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ജീവനക്കാരെയും സാധന സാമഗ്രികളും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിനോടകം വന്ന പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതി ബന്ധം പുനഃസ്ഥാ പിക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ച് പോയതും പുനഃസ്ഥാപിക്കാൻ പറ്റാത്തതുമായ എൺപതോളം വീടുകൾ / സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവയിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

## സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വികസനം

30(*510) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച അഗ്രോ ഫുഡ് പ്രോ, മെഷീനറി എക്സ്പോ എന്നീ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇവ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളത്തിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന തിനുവേണ്ടി "കേരള അഗ്രോ ഫുഡ് പ്രോ" എന്ന മേള സംഘടിപ്പിച്ചുവരുന്നു. കാർഷിക/ഭക്ഷ്യ വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ പ്രദർശനവും വില്പനയും നടത്തുകയെന്നതും

അവർക്കാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയെന്നതുമാണ് മേളയുടെ ലക്ഷ്യം. നിലവിലെ വ്യവസായ സംരംഭകർക്ക് ഉൽപ്പാദനക്ഷമതയും മേന്മയും വർദ്ധിപ്പിക്കാനും ആധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കുവാനും, പുതുതായി വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് സാങ്കേതിക വിദ്യയും യന്ത്രസാമഗ്രികളും പരിചയപ്പെടുത്തുവാനുമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 'മെഷിനറി എക്സ്പോ' സംഘടിപ്പിച്ച് വരുന്നുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാന ങ്ങളിൽ നിന്നുള്ള മെഷിനറി നിർമ്മാതാക്കളും വിതരണക്കാരും വർഷത്തിലൊ രിക്കൽ നടക്കുന്ന ഈ എക്സ്പോയിൽ പങ്കെടുക്കുന്നുണ്ട്. ജില്ലാ തലത്തിൽ ഇത്തരം ഒരു എക്സ്പോ സംഘടിപ്പിക്കുക പ്രായോഗികമല്ല. സംരംഭകർക്ക് സന്ദർശിച്ച് സാങ്കേതിക വിദ്യ പരിചയപ്പെടുന്നതിനുള്ള സംവിധാനങ്ങൾ മേളയിൽ സജ്ജീകരിക്കുന്നു. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന മെഷിനറി എക്സ്പോ 2017-18 വർഷത്തിൽ എറണാകുളത്തും 2019-20 വർഷത്തിൽ തൃശ്ശൂരിലും സംഘടിപ്പിച്ചു. ഇതുകൂടാതെ കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ സമൂഹത്തിൽ പരിചയപ്പെടു ത്തുന്നതിനുമായി ജില്ലാ തലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ MSME-യിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് online വഴി ലഭ്യമാക്കുന്നതിനായി online portal സംവിധാനവും ഏർപ്പെടുത്തുന്നത് തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വേണ്ടി പ്രത്യേകിച്ച് എക്സിബിഷനുകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നില്ലെങ്കിലും ജില്ലാ തലത്തിൽ നടക്കുന്ന MSME എക്സിബിഷനുകൾ ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകിയാണ് നടത്തി വരുന്നത്.

(ബി) എം.എസ്.എം.ഇ. മേഖലയിൽ ഒരു സ്ഥിരം പ്രദർശന വിപണന സമുച്ചയത്തിന് രൂപം കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എം.എസ്.എം.ഇ. മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തു ന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു എക്സിബിഷൻ സെന്റർ കൊച്ചിയിലെ കാക്കനാട് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ വ്യാപാരി വ്യവസായ സംഘടനാ നേതാക്കളേയും ഉൾപ്പെടുത്തി വാണിജ്യ മിഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. ഭാരതത്തിലും വിദേശത്തുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

3. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

4. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

8. മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.

9. വാണിജ്യ സേവന മേഖലയുടെ വളർച്ചക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക

1(5659) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യാപാരികളെ സഹായിക്കാൻ സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക 2021 ഡിസംബർ 31 വരെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരുമാനിച്ചിട്ടുണ്ട്. സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക 2021 ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേയ്ക്ക് ഒഴിവാക്കിക്കൊണ്ട് 30-9-2021-ലെ സ.ഉ.(കൈ) നമ്പർ 115/2021/ധന. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കടമുറികളുടെ വാടക ചെറുകിട വ്യാപാരികളിൽനിന്നും ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

30-9-2021-ലെ സ.ഉ.(കൈ) നമ്പർ 115/2021/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽവരുന്ന സ്ഥാപനങ്ങൾക്കും ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് 5-11-2021-ലെ 1873513/ഡെവ-3/21-ധന. നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന തദ്ദേശസ്വയം ഭരണ (ഡിസി) വകുപ്പിന് ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**നാദാപുരം മണ്ഡലത്തിലെ പാറക്കടവ് -ചെക്ക്യാട്- പുളിയവ് റോഡ് പ്രവൃത്തി**

2(5660) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഫയലുകളിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഉപദേശം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മരാമത്ത് പ്രവൃത്തികൾ, റോഡ് നിർമ്മാണങ്ങളുൾപ്പെടെയുള്ളവയുടെ ഭരണാനുമതി, സാങ്കേതികാനുമതി, പുതുക്കിയ ഭരണാനുമതി, പുതുക്കിയ സാങ്കേതികാനുമതി, ദർഘാസ് അനുമതി, പ്രവൃത്തികളുടെ കരാർ സംബന്ധിയായ മറ്റ് വിഷയങ്ങൾ എന്നിവയിന്മേൽ ധനകാര്യവകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഉപദേശം തേടാറുണ്ട്. നിലവിലുള്ള നിയമപ്രകാരം ധനകാര്യ വകുപ്പിലെ സെക്രട്ടറിയുടെ കേഡറിൽ കുറയാത്ത ഉദ്യോഗസ്ഥന് സാങ്കേതിക/കരാർ വിഷയങ്ങളിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഉപദേശം തേടാവുന്നതാണ്.

(ബി) എല്ലാതരം റോഡ് നിർമ്മാണ പ്രവൃത്തികളുടെയും ഫയൽ സാങ്കേതിക വിഭാഗം കാണേണ്ടതുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ ധനകാര്യ വകുപ്പിന് ഏത് പൊതുമരാമത്ത് പ്രവൃത്തിയുടെ ഫയലും ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൊണ്ട് പരിശോധിക്കാൻ സ്വാതന്ത്ര്യമുണ്ട്.

(സി) സാങ്കേതിക വിഭാഗം കണ്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാൻ ഫയൽവീണ്ടും സാങ്കേതിക വിഭാഗം കാണേണ്ടതുണ്ടോ; വ്യക്തമാക്കാമോ?

പുതുക്കിയ ഭരണാനുമതി ആവശ്യമായി വരുന്നത് SoR പുതുക്കുന്നതുകൊണ്ട് മാത്രമാണെങ്കിൽ സാധാരണഗതിയിൽ ധനകാര്യ വകുപ്പിലെ സാങ്കേതിക വിഭാഗം കാണേണ്ടതില്ല. മറ്റ് സന്ദർഭങ്ങളിൽ, പ്രത്യേകിച്ച് സാങ്കേതിക വിഭാഗം കണ്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളോ നടന്നുവരുന്ന പ്രവൃത്തികളുടേയോ പുതുക്കിയ ഭരണാനുമതി ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തി മാത്രമേ അംഗീകരിക്കാറുള്ളൂ.

(ഡി) നിസ്സാര കാരണം ആരോപിച്ച് സാങ്കേതിക വിഭാഗം ഫയൽ മടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നാദാപുരം നിയോജകമണ്ഡലത്തിലെ വെള്ളക്കെട്ടുകൊണ്ട് ഉപയോഗ യോഗ്യമല്ലാതായി മാറിയ പാറക്കടവ്-ചെക്ക്യാട്-പുളിയവ് റോഡ് പ്രവൃത്തിയുടെ (പി.എസ്.2/130) റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ തിരിച്ചയയ്ക്കാനുള്ള കാരണം വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയെ സംബന്ധിച്ച ഫയൽ രണ്ട് പ്രാവശ്യം പരിശോധിച്ച് ചില നിരീക്ഷണങ്ങൾക്ക് വിധേയമായി പരിഗണിക്കാൻ ഭരണവകുപ്പിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. 23-11-2020, 24-8-2021 തീയതികളിൽ (e-file No. 1612873) ഈ ഓഫീസിൽനിന്നും സമർപ്പിച്ച ശിപാർശകൾ ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

(എഫ്) പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് (പൊതുമരാമത്ത് വകുപ്പ്) ആണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അംഗീകാരമില്ലാത്ത നിധി കമ്പനികൾ**

3(5661) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത നിധി കമ്പനികൾ വൻതോതിൽ നിക്ഷേപം സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിശോധിക്കുന്നതിനും വ്യാജ കമ്പനികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും എന്നാൽ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത നിധി കമ്പനികൾ കമ്പനി ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത നിക്ഷേപം സ്വീകരിച്ച് വിശ്വാസ വഞ്ചന നടത്തിയതുമായി ബന്ധപ്പെട്ട് 110 കേസുകൾ (കോഴിക്കോട് സിറ്റി 100 & വയനാട് 10 കേസുകൾ) രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. സാമ്പത്തിക കുറ്റകൃത്യങ്ങളും വ്യാജ കമ്പനികളുടെ പ്രവർത്തനങ്ങളും തടയുന്നതിനായി ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും മണിചെയിൻ മാതൃകയിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന കമ്പനികളേയും വ്യക്തികളേയും പ്രത്യേകം നിരീക്ഷിച്ചും കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽ പ്പെടുന്ന മുറയ്ക്ക് Banning of Unregulated Deposit Scheme 2019 പ്രകാരവും മറ്റും ശക്തമായ നിയമ നടപടി സ്വീകരിച്ചുവരുന്നുവെന്നും ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) നിധി കമ്പനികളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും കാതലായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച് പ്രത്യേകമായ തീരുമാനങ്ങളൊന്നും ധനവകുപ്പ് കൈക്കൊണ്ടിട്ടില്ല.

**ദേശീയ, പൊതു/സ്വകാര്യ ബാങ്കുകളുടെ നിക്ഷേപ-വായ്പ അനുപാതം**

4(5662) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ദേശീയ, പൊതു/സ്വകാര്യ ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം എത്രയാണ്; വ്യക്തമാക്കാമോ;

(ബി) ഇത്തരം ബാങ്കുകളുടെ വായ്പാ അനുപാതം അഭിവൃദ്ധിപ്പെടുത്താനുള്ള എന്തെങ്കിലും പരിപാടികൾ സർക്കാർ തലത്തിൽ ആലോചിക്കുന്നുണ്ടോ:

(സി) പ്രസ്തുത ബാങ്കുകളുടെ ഒരു യോഗം വിളിച്ചുചേർത്ത് വായ്പാ നിക്ഷേപ അനുപാതം കൂട്ടാനും സംരംഭകർക്ക് കൂടുതൽ വായ്പ ലഭിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ വികസനം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കാൻ സർക്കാർ തലത്തിൽ ആലോചിക്കാമോ; വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ എല്ലാ ത്രൈമാസ യോഗങ്ങളിലും വിലയിരുത്തുകയും അനുപാതം സംസ്ഥാനത്ത് ഭേദപ്പെട്ട നിലയിൽ എത്തിക്കാനുള്ള ശ്രമങ്ങൾ എല്ലാ ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നതിനുമുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. നിലവിലെ വായ്പാ നിക്ഷേപ അനുപാതം 62 ശതമാനമാണ്. 40 ശതമാനത്തിൽ താഴെ വായ്പാ നിക്ഷേപ അനുപാതമുള്ള ജില്ലകളിൽ ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുകയും ഓരോ District-Level Consultative Committee (ഡി.എൽ.സി.സി.) മീറ്റിംഗുകളിലും അത് വിലയിരുത്തുകയും ചെയ്തു വരുന്നു. ക്രമാനുഗതമായി ഡെപ്പോസിറ്റ് ഉയരുകയും അതിനനുസരിച്ച് വായ്പാ വളർച്ച ഇല്ലാതാകുകയും ചെയ്യുന്ന സാഹചര്യം വായ്പാ നിക്ഷേപ അനുപാതം കുറയുവാൻ കാരണമാകും. ഈ അനുപാതം സാമ്പത്തിക വളർച്ചയുടെ ഒരു ഏകകമായി കണക്കാക്കുന്നില്ലെങ്കിലും സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം 70 ശതമാനത്തിനുമുകളിൽ ഈ സാമ്പത്തിക വർഷത്തോടെ കൈവരിക്കാനുതകുന്ന നടപടി ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് പ്രതീക്ഷിക്കുന്നു.

## അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനം

5(5663) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.സി., നോൺ പി.എം.സി. അക്രെഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്നും പ്രസ്തുത ഏജൻസികൾക്ക് ഏതൊക്കെ തരത്തിലുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കാൻ സാധിക്കുന്നതെന്നും വിശദമാക്കാമോ?

4-7-2019-ലെ സ.ഉ(പി)നമ്പർ 77/2019/ധന. ഉത്തരവിലെ ‘ Annexure’ ; 10-2-2020-ലെ സ.ഉ.(പി)നമ്പർ 15/2020/ധന; 29-2-2020-ലെ സ.ഉ.(പി)നമ്പർ 22/2020/ധന; 2-3-2020-ലെ സ.ഉ.(പി)നമ്പർ 23/2020/ ധന; 10-6-2020-ലെ സ.ഉ.(പി)നമ്പർ 77/2020/ധന; 15-6-2020-ലെ സ.ഉ.(പി)നമ്പർ 81/2020/ധന; 15-6-2020-ലെ സ.ഉ.(പി)നമ്പർ 82/2020/ധന; 25-11-2019-ലെ സ.ഉ.(പി)നമ്പർ 162/2019/ ധന; 5-12-2019-ലെ സ.ഉ.(പി)നമ്പർ 166/2019/ ധന; 16-9-2020-ലെ സ.ഉ.(പി)നമ്പർ 123/2020/ധന; 15-1-2020-ലെ സ.ഉ.(പി)നമ്പർ 8/2020/ ധന; 29-7-2020-ലെ സ.ഉ.(പി)നമ്പർ 98/2020/ ധന; 4-8-2020-ലെ സ.ഉ.(പി)നമ്പർ

100/2020/ധന; 1-11-2019-ലെ സ.ഉ.(പി)നമ്പർ 148/2019/ധന. എന്നീ ഉത്തരവുകൾ പ്രകാരം പി.എം.സി., നോൺ പി.എം.സി. അക്രെഡിറ്റഡ് ഏജൻസികളെ സർക്കാർ നിശ്ചയിച്ചിട്ടുള്ളതും പ്രസ്തുത ഏജൻസികൾക്ക് ഏതൊക്കെ തരത്തിലുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കാൻ സാധിക്കുമെന്നുമുള്ളതും വ്യക്തമാക്കിയിട്ടുള്ളതാണ് (പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു).

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ടുകളും എം.എൽ.എ.-എസ്.ഡി.എഫ്., എം.എൽ.എ.-എ.ഡി.എസ്. പ്രോജക്ടുകളും അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടതെന്ന് വിശദമാക്കാമോ?

4-7-2019-ലെ സ.ഉ.(പി)നമ്പർ 77/2019/ധന; 28-4-2021-ലെ സ.ഉ.(പി) നമ്പർ 67/2021/ധന. എന്നീ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമാണ് അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). *

(സി) സർക്കാർ വകുപ്പുകൾക്ക് അധികമായി വരുന്ന ദൈനംദിനം പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നതിന് സാധിക്കുമോ എന്നറിയിക്കാമോ; ഇത്തരത്തിൽ ഏൽപ്പിക്കുമ്പോൾ പ്രവൃത്തികളുടെ മേൽനോട്ട ചുമതല ഏതൊക്കെ വിഭാഗങ്ങളിൽ നിക്ഷിപ്തമായിരിക്കും എന്നറിയിക്കാമോ?

4-7-2019-ലെ സ.ഉ.(പി)നമ്പർ 77/2019/ധന; 28-4-2021-ലെ സ.ഉ.(പി) നമ്പർ 67/2021/ധന. എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ സർക്കാർ വകുപ്പുകൾക്ക് ആവശ്യാനുസരണം പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ ആയതിന്റെ മേൽനോട്ട ചുമതല 28-4-2021-ലെ സ.ഉ.(പി)നമ്പർ 67/2021/ധന. ഉത്തരവിൽ സർക്കാർ അനുശാസിച്ചിട്ടുള്ളത് പ്രകാരമാണ് നൽകേണ്ടത് (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). *

(ഡി) പ്രവൃത്തി നേരിട്ട് ഏൽപ്പിക്കുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.) ടെണ്ടർ നിരക്കിനേക്കാൾ കുറവ് വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ലാഭമില്ലാത്ത നിരക്കിൽ പ്രവൃത്തി നടത്തുന്നത് അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണലൂർ നിയോജകമണ്ഡലത്തിലെ അന്നകര-കൊള്ളൂർ-വാകമറ്റം റോഡ് നിർമ്മാണം

6(5664) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, Volume-II-ൽ ക്രമനമ്പർ 1212 ആയി ഇരുപത് ശതമാനം തുക അനുവദിച്ചിട്ടുള്ള മണലൂർ നിയോജകമണ്ഡലത്തിലെ അന്നകര-കൊള്ളൂർ-വാകമറ്റം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ?

ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ഭരണാനുമതിയുടെ ഉത്തരവിന്റെ പകർപ്പ് നൽകാമോ?

ബാധകമല്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

B/W 2021-22- Improvements to Cheloor Vaka road 0/000 to 2/410 & Mattam Cheloor Peruvalloor road 0/000-1/000 എന്ന പ്രവൃത്തിയുടെ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലുൾപ്പെട്ട ഭാഗത്തിന്റെ എസ്റ്റിമേറ്റ് PRICE മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തുക 369.40 ലക്ഷം രൂപയാകുന്നു. ബഡ്ജറ്റിൽ പരാമർശിച്ചിരിക്കുന്ന ടി പ്രവൃത്തിയിൽ പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന റോഡുകളെ ഒഴിവാക്കികൊണ്ടാണ് ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

7(5665) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും 2015 മുതൽ ഓരോ വർഷവും എത്ര പേർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ഇതിന് ഓരോ വർഷവും ചെലവായ തുക എന്നീ വിവരങ്ങൾ ലഭ്യമാണോ?

കേരളത്തിലെ സർക്കാർ ജീവനക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സാ ചെലവുകളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന

ശിപാർശകളിന്മേൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിക്കുന്ന തുക, മറ്റ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ അഭിപ്രായം അറിയിക്കുക മാത്രമാണ് ധനകാര്യവകുപ്പ് ചെയ്യുന്നത്. കൂടാതെ, സർക്കാർ ആശുപത്രിയിലെ ചികിത്സാ ചെലവുകൾ അതത് ഭരണവകുപ്പാണ് റീ-ഇംബേഴ്സ് ചെയ്തുനൽകുന്നത്. അതിനാൽ ഓരോവർഷവും എത്രപേർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ഇതിൽനിന്നും ശസ്ത്രക്രിയകളുടെ എണ്ണം സംബന്ധിച്ച കണക്കുകളും ധനകാര്യ വകുപ്പിൽ ലഭ്യമല്ല. എന്നാൽ വിവിധ വകുപ്പുകളിൽനിന്നും അതത് വർഷത്തെ "Final Settlement"-ലേയ്ക്കായി ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും (2015 മുതൽ) ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്. (ഓരോ വർഷവും ചെലവായ തുക)

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 39.32 |
| 2016-17 | 43.35 |
| 2017-18 | 47.40 |
| 2018-19 | 46.67 |
| 2019-20 | 47.24 |
| 2020-21 | 49.11 |

(ബി) ഇതിൽ 2015 മുതൽ വിവിധ ശസ്ത്രക്രിയകൾക്ക് ഓരോ വർഷവും ചെലവായ തുകയും എണ്ണവും ലഭ്യമാണോ?

(ഓരോ വർഷവും ചെലവായ തുക ചുവടെ ചേർക്കുന്നു.)

| വർഷം | (തുക കോടിയിൽ) |
|---|---|
| (1) | (2) |
| 2015-16 | 39.32 |
| 2016-17 | 43.35 |

| (1) | (2) |
|---|---|
| 2017-18 | 47.40 |
| 2018-19 | 46.67 |
| 2019-20 | 47.24 |
| 2020-21 | 49.11 |

മേൽ കണക്കുകളിൽനിന്നും വിവിധ ശസ്ത്രക്രിയകൾക്ക് ഓരോ വർഷവും ചെലവായ തുകയുടെ കണക്ക് ഇനം തിരിച്ചെടുക്കാൻ നിർവ്വാഹമില്ല.

(സി) ഇതിന് നൽകുന്ന ഭീമമായ തുക ഇവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തി ഇൻഷ്വറൻസ് ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നകാര്യം പരിഗണിക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർ കൂടാതെ നിലവിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കാത്ത പെൻഷൻകാർക്കുംകൂടി നിർദ്ദിഷ്ട ചികിത്സാ പ്രക്രിയകൾക്ക് നിശ്ചിത പ്രതിമാസ പ്രീമിയം വിഹിതം ഈടാക്കി പണരഹിത ചികിത്സാ സൗകര്യം ലക്ഷ്യമാക്കിയുള്ള പദ്ധതിയായ 'മെഡിസെപ്പ്' e-tender പ്രക്രിയകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിരിക്കുന്നത്. ടി പദ്ധതി ഇപ്രകാരം വിഭാവന ചെയ്തിരിക്കുന്നതിനാൽ സർക്കാർ ജീവനക്കാർക്കായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി പ്രതിവർഷം നീക്കിവയ്ക്കുന്ന തുക ഉപയോഗിച്ച് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത് പരിഗണനയിലില്ലെന്നും പദ്ധതി പ്രാവർത്തികമാകുന്നപക്ഷം, medical reimbursement സൗകര്യം, ഇൻഷ്വറൻസ് പരിധിയിലുൾപ്പെടാത്ത out patient; ചികിത്സകൾക്കായി പരിമിതപ്പെടുത്തുന്നതുമാണ്.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധന**

8(5666) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം കമ്പനികൾ എത്ര തവണ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വർദ്ധിപ്പിച്ച തുക, തീയതി എന്നിവ സഹിതം വ്യക്തമാക്കാമോ;

(ബി) കൂട്ടിയ വില എത്ര തവണ കുറച്ചുവെന്നും ഓരോ തവണയും എത്ര രൂപയുടെ കുറവ് വരുത്തിയെന്നും തീയതി സഹിതം വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21-5-2021 മുതൽ 31-10-2021 വരെ പെട്രോളിയം കമ്പനികൾ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചത്/കുറവ് വരുത്തിയത് സംബന്ധിച്ച് എണ്ണ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ വില കുറയാനുള്ള സാഹചര്യമുണ്ടാകുമെന്ന വാദത്തോട് സർക്കാരിന്റെ സമീപന മെന്താണ്?

പെട്രോൾ, ഡീസൽ എന്നിവ ചരക്കുസേവന നികുതിയിലുൾപ്പെടുത്തുകയോ പെട്രോളിനും ഡീസലിനും ചുമത്തേണ്ട നികുതിനിരക്ക് നിശ്ചയിക്കുകയോ ചെയ്തി ട്ടില്ലാത്തതിനാൽ ടി ഉൽപ്പന്നങ്ങളെ ചരക്കുസേവന നികുതിയിലുൾപ്പെടുത്തിയാൽ വില കുറയുന്നതിനുള്ള സാഹചര്യം മുൻകൂട്ടി പറയാൻ കഴിയുകയില്ല. പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിലുൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻനികുതി നഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉൽപ്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.-യിലുൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പനനികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.-യിലുൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാവകാശം വിട്ടുനൽകാൻ കഴിയില്ലെന്നാണ് സംസ്ഥാന സർക്കാർ നിലപാട്. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്രസർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടി പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പെട്രോൾ, ഡീസൽ വില അനുദിനം വർദ്ധിക്കുന്ന സാഹചര്യത്തിൽ സർക്കാർ വാഹനങ്ങളിൽ ബദൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ വാഹനങ്ങളിൽ ബദൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**സർക്കാരിന്റെ ചെലവ്**

9(5667) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സാമൂഹ്യ സുരക്ഷ വികസന മേഖലകളിലും ആരോഗ്യ, വിദ്യാഭ്യാസമേഖലകളിലും കാർഷിക അനുബന്ധമേഖലകളിലുമുള്ള ചെലവ് മുൻസർക്കാരുകളെ അപേക്ഷിച്ച് എത്രശതമാനം അധികമായി വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2011-12 മുതൽ 2015-16 വരെ വിദ്യാഭ്യാസം, വൈദ്യസഹായം, പൊതുജനാരോഗ്യം എന്നിവയുൾപ്പെടുന്ന സാമൂഹ്യ സേവന വികസന മേഖലയിലും കാർഷികാനുബന്ധ വികസന മേഖലയിലുമായി ആകെ 130667.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ വികസന മേഖലകളിൽ 2016-17 മുതൽ 2020-21 വരെ 227469.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മുൻ സർക്കാരിന്റെ ഭരണകാലയളവിനെ അപേക്ഷിച്ച് 74.08% വർദ്ധനവാണ് രേഖപ്പെടുത്തുന്നത്.

(ബി) ഭക്ഷ്യ പൊതുവിതരണം, നെല്ല് സംഭരണം തുടങ്ങിയ അടിസ്ഥാന മേഖലകളിലെ ചെലവ് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2011-12 മുതൽ 2015-16 വരെ ഭക്ഷ്യ പൊതുവിതരണം, നെല്ല് സംഭരണം തുടങ്ങിയ മേഖലകളിൽ ആകെ 4888.99 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ മേഖലകളിൽ 2016-17 മുതൽ 2020-21 വരെ ആകെ 11343.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് മുൻ സർക്കാരിന്റെ കാലയളവിനെ അപേക്ഷിച്ച് 132.01% വർദ്ധനവാണ് രേഖപ്പെടുത്തുന്നത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്**

10(5668) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ അടയ്ക്കണമെന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

26-5-2011-ലെ 58725/FM3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകളുടെ തനതുഫണ്ടുകൾ ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ അനുമതി നൽകുകയുണ്ടായി. ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുമ്പ് ട്രഷറിയിലോ, പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ ബാങ്കിലോ, ദേശസാൽകൃത ബാങ്കിലോ ആണ് പ്രാദേശിക സർക്കാരുകൾ തനതുഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. ചില പ്രാദേശിക സർക്കാരുകൾ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഈ ആവശ്യത്തിനായി തുറന്നിരുന്നു. ഒന്നിലധികം സഹകരണ/ദേശസാൽകൃത ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നത് അഭികാമ്യമല്ലാത്തതിനാലാണ് 2011-ൽ ടി സർക്കുലർ പുറപ്പെടുവിച്ചത്. തനതുഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കരുത് എന്ന നിർദ്ദേശമൊന്നും അന്ന് നൽകിയിരുന്നില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കിലോ, ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ പ്രാഥമിക സഹകരണസംഘങ്ങളുൾപ്പെടെയുള്ള സഹകരണ ബാങ്കുകളിലോ, ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളിലോ ആണ് അവരുടെ തനതുഫണ്ട് സൂക്ഷിക്കുന്നത്. എന്നാൽ പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ വികസനഫണ്ട്, സംരക്ഷണഫണ്ട്, പൊതുആവശ്യ ഫണ്ട് എന്നിവ ട്രഷറി വഴിയാണ് സഞ്ചിതനിധിയിൽനിന്നും മാറിയെടുക്കുന്നത്. അതായത്, പ്രാദേശിക സർക്കാരുകളുടെ പണമിടപാടുകളുടെ മുഖ്യ പങ്കും ഇതിനകംതന്നെ ട്രഷറി വഴിയാണ് നടത്തിവരുന്നത്. പൊതുആവശ്യഫണ്ട് തനതുഫണ്ടിന് തുല്യമായിട്ടാണ് കണക്കാക്കുന്നത്. ഈ തുക സ്പെഷ്യൽ TSB അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനതുഫണ്ട് ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുപകരം സംസ്ഥാന ട്രഷറിയിൽ

നിക്ഷേപിക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്. ഈ നിക്ഷേപങ്ങൾക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും ബാധകമല്ല. അവർക്ക് ആവശ്യാനുസരണം ഫണ്ട് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. ആയതിനാൽ അവരുടെ തനതുഫണ്ടും സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കുന്നതായിരിക്കും ഉചിതം. കൂടാതെ ചെലവഴിക്കാതെ കിടക്കുന്ന തുക ട്രഷറിയിൽ ബാലൻസായി നിൽക്കുകയും ചെയ്യും. സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഈ തീരുമാനം കൂടുതൽ അഭികാമ്യമായിരിക്കും. ഈ സാഹചര്യത്തിലാണ് പ്രാദേശിക സർക്കാരുകളുടെ തനതുഫണ്ട് 1-4-2022 മുതൽ സ്പെഷ്യൽ TSB അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 18-9-2021-ന് 80/2021/ ധന. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്**

11(5669) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പിൻവലിച്ചിട്ടില്ല.

**എല്ലാ പഞ്ചായത്തുകളിലും ഗ്രൗണ്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

12(5670) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുമെന്നുള്ള സർക്കാർ തീരുമാനത്തിൽ കളിസ്ഥലങ്ങൾ ആരംഭിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ കളിസ്ഥലങ്ങളില്ലാത്ത പഞ്ചായത്തുകളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അത്തരത്തിൽ സ്ഥലം ഏറ്റെടുത്ത് ഗ്രൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ ക്ഷേമ പെൻഷൻ വിതരണം

13(5671) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒരു മാസം വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം വിശദമാക്കാമോ?

വയനാട് ജില്ലയിൽ ഒരു മാസം സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന 115,957 ഗുണഭോക്താക്കളും വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ കൈപ്പറ്റുന്ന 18,948 ഗുണഭോക്താക്കളുമാണുള്ളത്. മറ്റ് ക്ഷേമപെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ക്ഷേമ പെൻഷൻ ഇനത്തിൽ ഒരു മാസം വയനാട് ജില്ലയിൽ എത്ര രൂപയാണ് വിതരണം ചെയ്തുവരുന്നതെന്നറിയിക്കാമോ?

വയനാട് ജില്ലയിൽ ഒരു മാസം സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിനായി 17,72,37,200 രൂപയും വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനായി 3,10,02,280 രൂപയും അനുവദിക്കുന്നുണ്ട്. മറ്റ് ക്ഷേമ പെൻഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രവർത്തനം

14(5672) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സമീപനരേഖ തയ്യാറാക്കുന്നതിനും പദ്ധതി രൂപീകരണത്തിനും പ്രത്യേകമായി കർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; കർമ്മ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പല മേഖലകളിലായി 66 വർക്കിംഗ് ഗ്രൂപ്പുകളും 118 സബ് ഗ്രൂപ്പുകളും രൂപീകരിക്കുകയും അവ ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ അന്തിമ

ഘട്ടത്തിലാണ്. ഓരോ മേഖലകളിലും വൈദഗ്ധ്യം തെളിയിച്ച വ്യക്തികളും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും അടങ്ങുന്നതാണ് ഓരോ കർമ്മസമിതിയും. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് സഹായകരമായ ക്രിയാത്മക നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിലൂൾപ്പെടുത്തി ലഭ്യമാക്കും. പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കേന്ദ്രം പഞ്ചവത്സര പദ്ധതി അവസാനിപ്പിച്ചതും കേന്ദ്രാവിഷ്കൃത പദ്ധതി ചുരുക്കിയതും വിഹിത അനുപാതം മാറ്റിയതും സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ആഘാതം സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച ബദൽ മാതൃക വിശദമാക്കാമോ?

കേന്ദ്രം പ്ലാനിംഗ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചതോടെ പഞ്ചവത്സര പദ്ധതി രൂപീകരണം നിർത്തലാക്കി. എന്നാൽ കേരളത്തിൽ പഞ്ചവത്സര പദ്ധതികൾ തുടർന്നുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനർരൂപീകരിച്ചതോടൊപ്പം അവയുടെ ധനവിഹിത ഘടനയിലും വ്യത്യാസമുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതഘടനയിലുണ്ടായ മാറ്റം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തിന് ആഘാതം സൃഷ്ടിച്ചു. 2016-17 മുതൽ കേരളത്തിന് പദ്ധതി ചെലവിന്റെ വലിയൊരു വിഹിതം വഹിക്കേണ്ടിവരുന്നു. ഇതിനുമുമ്പ് ഈ പദ്ധതികൾക്കെല്ലാം 90%, 80%, 75% എന്നിങ്ങനെ കേന്ദ്ര സഹായം ലഭിച്ചിരുന്നു. സംസ്ഥാനത്തിന് ഇതിന് ആനുപാതികമായി 10%, 20%, 25% എന്നിങ്ങനെ മാത്രമേ പണം വകയിരുത്തേണ്ടി വന്നിരുന്നുള്ളൂ. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിത അനുപാതത്തിൽ മാറ്റം വരുത്തിയതിന്റെ ഭാഗമായി ശരാശരി 40 ശതമാനം വിഹിതം സംസ്ഥാനത്തിന് വകയിരുത്തേണ്ടി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം 60 ശതമാനത്തിൽ നിന്ന് 75 ശതമാനമായി പുനഃസ്ഥാപിക്കണമെന്ന് 2021 ഫെബ്രുവരി 21-ന് നടന്ന നീതി ആയോഗിന്റെ ആറാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു.

### മസ്റ്ററിംഗ് പുനരാരംഭിക്കാൻ നടപടി

15(5673) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മസ്റ്ററിംഗ് നിർത്തിവച്ചിട്ട് ആറുമാസത്തിലധികമായതിനാലും സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കാതെ പ്രയാസങ്ങൾ അനുഭവിക്കുന്നവരുടെ സാഹചര്യങ്ങൾ കണക്കിലെടുത്തും സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിനായി മസ്റ്ററിംഗ് പുനരാരംഭിക്കുവാൻ സത്വരനടപടി സ്വീകരിക്കാമോ?

മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

### ആലപ്പുഴ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

16(5674) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2020-21, 2021-22 വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

### മൂലധനച്ചെലവിലെ കുറവ്

17(5675) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി ആരംഭിച്ച വൻകിട പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനും വകയിരുത്തിയതും ചെലവഴിച്ചതുമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബി നിലവിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിന്റെ വൻകിട പദ്ധതികൾ ഭൂരിഭാഗവും കിഫ്ബി വഴിയാണ് നടന്നുവരുന്നത്. 2016-17 , 2017-18, 2018-19, 2019-20, 2020-21-എന്നീ സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി 34580.86 കോടി രൂപയുടെ വൻകിട വികസന പദ്ധതികൾ അംഗീകരിക്കുകയും, 10843.52 കോടി രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗതി പ്രാപിക്കുകയും ചെയ്യുന്നു. കൂടാതെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് മുഖേന ഈ കാലയളവിൽ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 4883.02 കോടി രൂപ അനുവദിക്കുകയും 4057.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. കിഫ്ബി വഴിയല്ലാതെ നടന്നു വരുന്ന പ്രധാന പ്രോജക്ടുകളാണ് ശബരിമല വിമാനത്താവളം, തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക് എന്നിവ. കോട്ടയം ജില്ലയിൽ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന വിമാനത്താവളത്തിനുള്ള സ്ഥലമെടുപ്പ്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ അനുമതികൾ ലഭ്യമാക്കൽ എന്നീ നടപടികൾ നടന്നുവരുന്നു. ഈ പ്രോജക്ട് കെ.എസ്.ഐ.ഡി.സി. വഴിയാണ് നടന്നുവരുന്നത്. വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക് കഴിഞ്ഞ സർക്കാർ നിലവിൽ വന്നശേഷമുള്ള പദ്ധതിയാണ്. കിഫ്ബി വഴി വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്ന വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം1-ആയും* ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് മുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയും ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ മൂലധനച്ചെലവ് കുറഞ്ഞു വരികയാണെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര ശതമാനം കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 26689.39 കോടി രൂപയായിരുന്ന മൂലധനച്ചെലവ് 2016-17 മുതൽ 2020-21-വരെയുള്ള കാലയളവിൽ 56432.30 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ, മൂലധനച്ചെലവ് ഗണ്യമായി വർദ്ധിപ്പിച്ച് വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ കിഫ്ബി രൂപവത്കരിച്ചിട്ടുള്ളത്. മൂലധനച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

(സി) അടിസ്ഥാന സൗകര്യ വികസനവും മൂലധനനിക്ഷേപവും ആവശ്യമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യത്തിലും ആവശ്യത്തിന് മൂലധനച്ചെലവ് ഉണ്ടായിട്ടില്ല എന്നതിന്റെ കാരണമെന്താണെന്നറിയിക്കാമോ;

(ഡി) മൂലധനച്ചെലവിൽ ഉണ്ടാകുന്ന കുറവ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടാകുന്ന കുറവിന് കാരണമാവുകയും വികസന ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യം ഗൗരവത്തോടെ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി &ഡി) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 26689.39 കോടി രൂപയായിരുന്ന മൂലധനച്ചെലവ് 2016-17 മുതൽ 2020-21-വരെയുള്ള കാലയളവിൽ 56432.30 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ, മൂലധനച്ചെലവ് ഗണ്യമായി വർദ്ധിപ്പിച്ച് വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ കിഫ്ബി രൂപവത്കരിച്ചിട്ടുള്ളത്. മൂലധനച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

### സംസ്ഥാനത്തിന്റെ മൊത്തം കടം

18(5676) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ആഗസ്റ്റ് 31 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം എത്രയെന്നും പ്രസ്തുത കാലയളവിൽ ആളോഹരി കടം എത്രയെന്നും വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-8-2021 വരെയുള്ള ഏറ്റവും പുതിയ താല്ക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 3,31,517.31 കോടി രൂപയും ഇത് പ്രകാരമുള്ള ആളോഹരി കടം 95,225.29 രൂപയുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കായി എത്ര തുക വാങ്ങിയിട്ടുണ്ടെന്നും ഇതിന് ഓരോ വർഷവും എത്ര തുകയാണ് പലിശയിനത്തിൽ നൽകേണ്ടതെന്നും ഇതിൽ എത്ര തുക തിരിച്ച് നൽകിയെന്നും ഇനി എത്ര തുകയാണ് നൽകാൻ ബാക്കിയുള്ളതെന്നും സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വ്യക്തികൾ/സ്ഥാപനങ്ങൾക്ക് ട്രഷറികളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും സ്ഥിരനിക്ഷേപം നടത്തുന്നതിനും നിലവിൽ സൗകര്യമുണ്ട്. അപ്രകാരം നടത്തുന്ന നിക്ഷേപങ്ങൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള പലിശ നിരക്കിന് അർഹതയുണ്ട്. സർക്കാർ പ്രഖ്യാപിക്കുന്ന ഊർജ്ജിത ധനസമാഹരണത്തിന്റെ ഭാഗമായും ട്രഷറികളിൽ നിക്ഷേപം സ്വീകരിക്കാറുണ്ട്. ആയതിന് പ്രത്യേക പലിശ നിരക്കും സർക്കാർ അനുവദിച്ച് നൽകാറുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി വിവിധ പൊതുമേഖല സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അക്കൗണ്ടുകളിൽ നിന്നും എത്ര പ്രാവശ്യം സംസ്ഥാന ട്രഷറിയിലേയ്ക്ക് തുക നിക്ഷേപിക്കാൻ നിർദ്ദേശം നൽകിയെന്നും തദ്ദേശസ്ഥാപനങ്ങളിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക തിരികെ നൽകിയെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും പലിശയിനത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് എത്ര തുക നൽകാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

വ്യക്തികൾക്കോ/സ്ഥാപനങ്ങൾക്കോ ട്രഷറികളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും സ്ഥിര നിക്ഷേപം നടത്തുന്നതിനും നിലവിൽ സൗകര്യമുണ്ട്. അപ്രകാരം നടത്തുന്ന നിക്ഷേപങ്ങൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള പലിശ നിരക്കിന് അർഹതയുണ്ട്. സർക്കാർ പ്രഖ്യാപിക്കുന്ന ഊർജ്ജിത ധന സമാഹരണത്തിന്റെ ഭാഗമായും ട്രഷറികളിൽ നിക്ഷേപം സ്വീകരിക്കാറുണ്ട്. ആയതിന് പ്രത്യേക പലിശ നിരക്കും സർക്കാർ അനുവദിച്ച് നൽകാറുണ്ട്.

**സംസ്ഥാനത്തിന്റെ കടബാധ്യത**

19(5677) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാന തയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാല

ങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ എടുത്ത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വം അല്ലാത്ത ജി.എസ്.ടി. നിരക്കിലുള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തികപ്രതിസന്ധി അതീവ ഗുരുതരമാക്കിയിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിലൂന്നിനിന്നുകൊണ്ടും ഈ പ്രതിസന്ധി തരണം ചെയ്യാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) 2016-ന്റെ ആരംഭത്തിൽ സംസ്ഥാനത്തിന്റെ ആകെ കടം എത്രയായിരുന്നു എന്നറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-3-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം (കടബാദ്ധ്യത) 1,57,370.33 കോടി രൂപയാണ്.

(സി) 2021-ന്റെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ കടം എത്രയായിരുന്നു എന്നറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടിയായിരുന്നു എന്നറിയിക്കാമോ?

(സി & ഡി) അക്കൗണ്ടന്റ് ജനറലിന്റെ 31-3-2021 വരെയുള്ള ഏറ്റവും പുതിയ താൽകാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം (കടബാദ്ധ്യത) 3,02,666.84 കോടി രൂപയാണ്.

(ഇ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ വിവിധ ഏജൻസികൾ വഴിയും ലോകബാങ്ക് മുഖേനയും സംസ്ഥാനം എടുത്ത കടം എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ; ഇവയുടെ തിരിച്ചടവ് വിവരങ്ങൾ വ്യക്തമാക്കാമോ?

2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ വിദേശ സഹായ പദ്ധതികൾക്കായി ലഭിച്ച വായ്പയുടെയും ഈ വകയിൽ നടത്തിയ തിരിച്ചടവിന്റെ വിശദാംശവും ചുവടെ ചേർത്തുകൊള്ളുന്നു.

| വർഷം | ലഭിച്ച വായ്പ (കോടിയിൽ) | വായ്പ തിരിച്ചടവ് (കോടിയിൽ) |
|---|---|---|
| 2015-16 | 531.35 | 115.37 |
| 2016-17 | 852.14 | 226.43 |
| 2017-18 | 444.76 | 328.66 |
| 2018-19 | 452.17 | 442.03 |
| 2019-20 | 2150.69 | 467.71 |
| 2020-21 | 1169.71 | 478.33 |

**മഴക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾക്ക് വായ്പാ സഹായം**

20(5678) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിമൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് സബ്സിഡി നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കെടുതിയിൽ കേടുപാട് സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുമായി ഈടില്ലാതെ വായ്പ നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) മഴക്കെടുതിമൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് വായ്പ ലഭ്യമാക്കുന്നതിനോ മഴക്കെടുതികളിൽ കേടുപാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വായ്പ നൽകുന്നതിനോ സംസ്ഥാന ദുരന്തപ്രതികരണനിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല. എന്നാൽ മഴക്കെടുതിമൂലം വീടുകൾക്ക് ഭാഗികമായോ പൂർണ്ണമായോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ആശ്വാസ ധനസഹായം നൽകുവാൻ ദുരന്തപ്രതികരണനിധി മാനദണ്ഡത്തിൽ വ്യവസ്ഥയുണ്ട്. നിലവിൽ ഭവനവായ്പയുള്ളവർക്ക് വീട് നന്നാക്കുവാനും നവീകരിക്കുവാനും അതേ സമയത്തെ വായ്പാനിരക്കിൽതന്നെ മാനദണ്ഡങ്ങൾക്ക് വിധേയമായി ടോപ് അപ് വായ്പ ബാങ്കുകൾ നൽകിവരുന്നുണ്ട്. ഇതിന് അധികമായി ഈട് നൽകേണ്ടതില്ല. ഈ വായ്പ വീടിന് അറ്റകുറ്റപ്പണി ചെയ്യുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും

ലഭ്യമാണ്. നിലവിൽ ഭവനവായ്പയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനും വാങ്ങുന്നതിനും നവീകരിക്കുന്നതിനും നിയമ നിബന്ധനകൾക്ക് വിധേയമായി ബാങ്കുകൾ ഭവന വായ്പകൾ നൽകിവരുന്നു. ഇതിനായി നിർമ്മാണം നടത്തുന്ന വീടും വസ്തുവും ഈടായി നൽകേണ്ടതാണ്.

**നിർമ്മാണപ്രവർത്തനങ്ങളിലെ അപാകതമൂലം നിർത്തിവച്ച കിഫ്ബി പദ്ധതികൾ**

21(5679) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതമൂലം കിഫ്ബി പദ്ധതികൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് നിർത്തിവച്ചതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാലും സമയക്രമം പാലിക്കാത്തതിനാലും സംസ്ഥാനത്ത് നിർമ്മാണത്തിലിരുന്ന 47 പദ്ധതികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ക്രമക്കേടുകൾ കണ്ടെത്തി താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടായിരുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ച എന്ന് ഉറപ്പു വരുത്തിയശേഷം നിർത്തിവച്ചിട്ടുള്ള 43 നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പ്രവൃത്തികൾ, കൊട്ടാരക്കര റിംഗ്റോഡ്, ബിനാച്ചി-പനമരം റോഡ്, കുപ്പം മേൽപ്പാലം, ഗവൺമെന്റ് എച്ച്.എസ്.എസ്. നാലുചിറ എന്നിവയാണ്.

**കാർഷികമേഖലയുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികൾ**

22(5680) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട/ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല കിഫ്ബി മുഖേന സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും കാർഷികമേഖലയുടെ വികസനത്തിനായി മുൻസർക്കാരിന്റെ ഭരണകാലത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂരിൽ ബനാന&ഹണി പാർക്കിന് 21.43 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുള്ളതും ആയത് പദ്ധതി പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലുമാണ്. ഇതിനുപുറമെ വേങ്ങേരി, കുതാളി എന്നിവിടങ്ങളിൽ കോക്കനട്ട് പാർക്ക്, മുതലമടയിൽ മാംഗോ പാർക്ക് എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിച്ചുവരുന്നു.

(ബി) കാർഷികമേഖലയിൽ യന്ത്രവൽക്കരണത്തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും പരിഗണനയിലുള്ളതുമായ അഗ്രോ പാർക്ക് പദ്ധതികൾ എല്ലാംതന്നെ കാർഷികമേഖലയിൽ യന്ത്രവൽക്കരണത്തിലൂടെ ആവിഷ്കരിക്കുന്ന പദ്ധതികളാണ്.

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും പരിഗണനയിലുള്ളതുമായ അഗ്രോപാർക്ക് പദ്ധതികൾ എല്ലാംതന്നെ യന്ത്രവൽക്കരണത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് കാർഷിക മേഖലയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അഗ്രോപാർക്കുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

- തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നാളികേര അഗ്രോ പാർക്കുകൾ.
- പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ.
- തൃശ്ശൂരിൽ വാഴപ്പഴവും തേനും ആസ്പദമാക്കിയ അഗ്രോ പാർക്ക്.

- ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസ് സ്പാർക്കുകൾ.
- കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബറധിഷ്ഠിത വ്യവസായ പാർക്കുകൾ.
- തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്ക് വേണ്ടിയുള്ള അഗ്രോ പാർക്ക്.
- ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോപാർക്ക്.

## തലശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ

23(5681) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഭരണാനുമതി ലഭിച്ചതും ലഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും തുകയടക്കം വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ട പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയുടെ ഭരണാനുമതി ലഭിച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുക, ടെണ്ടർ ക്ഷണിച്ച് കോൺട്രാക്ട് നൽകുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പദ്ധതിനിർവ്വഹണ ഏജൻസികളാണ്. ഇത്തരം നടപടികൾ സുതാര്യമായി സ്വീകരിക്കുന്നതിലും തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിലും കാലതാമസമുണ്ടാകാതിരിക്കുന്നതിനായി ടി ഏജൻസികളുമായി കിഫ്ബി നിരന്തരമായി പദ്ധതി തിരിച്ച് അവലോകന യോഗം വകുപ്പ് തലത്തിലും നിയോജകമണ്ഡലതലത്തിലും നടത്തിവരുന്നു.

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണം

24(5682) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകളാണ് നിർമ്മിച്ചുവരുന്നതെന്നും അവയ്ക്കായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനാനുമതി നൽകി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റോഡ് പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു. ഇതിനുപുറമെ കിഫ്ബി ധനാനുമതി നൽകി പൂർത്തീകരിച്ച 28 റോഡ് പദ്ധതികളും ധനാനുമതിക്കുശേഷം മറ്റ് പ്രാരംഭ നടപടികൾ (സ്ഥലമേറ്റെടുപ്പ്, സാങ്കേതികാനുമതി തുടങ്ങിയ നിലകളിൽ) സ്വീകരിച്ചുവരുന്ന 96 റോഡ് പദ്ധതികളും കിഫ്ബി റോഡ് പദ്ധതികളിലുൾപ്പെടുന്നുണ്ട്.

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

25(5683) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ചെർപ്പുളശ്ശേരി ടൗൺ-നഗരവികസനം, ബൈപ്പാസ് നിർമ്മാണം എന്നീ പദ്ധതികളുടെ വിശദവിവരം നൽകാമോ; ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ചെർപ്പുളശ്ശേരി ടൗൺ വികസനം, ബൈപാസ് നിർമ്മാണം എന്നീ പദ്ധതികളുടെ വിശദ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസിയായ (SPV) കേരള റോഡ്ഫണ്ട് ബോർഡ് തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭ്യമായാലുടൻതന്നെ അത് അവലോകനം നടത്തി ന്യൂനതകളുള്ള പക്ഷം അത് SPV മുഖേന പരിഹരിച്ച് ധനാനുമതി നൽകിയതിനുശേഷം പദ്ധതി കരാർ നൽകി സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കൈകൊള്ളുന്നതാണ്.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ശ്രീകൃഷ്ണപുരം-മുറിയൻതണ്ണി റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ശ്രീകൃഷ്ണപുരം-മുറിയൻതണ്ണി റോഡിന് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ CH:0/000 മുതൽ CH:7/700 വരെയുള്ള ഭാഗത്തിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി സ്ട്രെച്ച് കരാർ നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് ഉടൻതന്നെ കൈകൊള്ളുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### പാലക്കോട്-എട്ടിക്കുളം റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ

26(5684) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച വേങ്ങര ആർ.ഒ.ബി. (Rail Over Bridge)-യുടെ രണ്ടാം ഘട്ടത്തിൽ വരുന്ന പാലക്കോട്-എട്ടിക്കുളം റോഡിന്റെ നിലവിലെ അവസ്ഥയെന്താണെന്ന വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച വേങ്ങര ആർ.ഒ.ബി.-ക്ക് പുറമെ മാടായി-എട്ടിക്കുളം റോഡിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ ലഭിച്ച വിശദ പദ്ധതി റിപ്പോർട്ടിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ്ഫണ്ട് ബോർഡിന്റെ അഭിപ്രായത്തിനായി കിഫ്ബി നൽകിയിട്ടുണ്ട്. ആയതിന്മേൽ മറുപടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ധനാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ ?

കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന വിശദ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തൃപ്തികരമാണെങ്കിൽ മാത്രമേ അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളൂ. പദ്ധതിനിർവ്വഹണം വേഗത്തിലാക്കാനും കാര്യക്ഷമമാക്കാനും നിർദ്ദിഷ്ട SPV-കൾക്ക് കിഫ്ബി സാങ്കേതിക സഹായം നൽകിവരുന്നു.

(സി) ഒറ്റ പ്രവൃത്തിയായി കിഫ്ബിയിലുൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തി രണ്ട് ഘട്ടങ്ങളിലായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാനുണ്ടായ കാരണമെന്താണെന്ന് വിശദമാക്കാമോ; രണ്ടാം ഘട്ടത്തിൽ വരുന്ന പാലക്കോട്-എട്ടിക്കുളം റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ കാലതാമസം വന്നതെന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ?

പദ്ധതി നിർവഹണ ഏജൻസി പദ്ധതി രൂപരേഖ തയാറാക്കി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നത്.

### ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

27(5685) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

2017-18-ൽ എം.എൽ.എ. ആസ്തി വികസനഫണ്ട് മുഖേനയുള്ള പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളില്ല. 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ വിവരം അനുബന്ധം1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും പ്രവൃത്തി ആരംഭിക്കാത്തവയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ടെണ്ടർ ചെയ്ത തീയതിയും ലഭ്യമാക്കാമോ?

ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ 2017-18 കാലയളവിലെ എല്ലാ പ്രവൃത്തികളും ആരംഭിച്ചുകഴിഞ്ഞു. 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ടെണ്ടർ ചെയ്ത തീയതിയും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

## ആസ്തി വികസനഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ നടത്തിയ പ്രവൃത്തികൾ

28(5686) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് എം.എൽ.എ.-മാർ അനുവദിച്ചിട്ടും കാസർഗോഡ് ജില്ലയിൽ തുടങ്ങാൻ സാധിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരുന്നോ; എങ്കിൽ പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

29(5687) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ കളക്ടർ 3-11-2021-ൽ ലഭ്യമാക്കിയ തുക ചുവടെ ചേർക്കുന്നു :

| വർഷം | തുക |
|---|---|
| 2017 - 18 | 23,44,022.34 |
| 2018 - 19 | 23,57,824.96 |
| 2019-20 | 4,87,746.2 |
| 2020-21 | ... |

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നൽകിയിട്ടില്ല.

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികൾ

30(5688) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 വരെ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ-എ.ഡി.എസ് പ്രവൃത്തികളിൽ സേവിംഗ്സായി എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

4-8-2018-ലെ സ.ഉ.(സാധാ) നമ്പർ 119/2018/ധന. പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 2017-18 മുതൽ 2020-21 വരെ വർഷങ്ങളിലെ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ-എ.ഡി.എസ് പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി എം.എൽ.എ.-എ.ഡി.എസ്. ഫണ്ടിൽനിന്നും കൊച്ചന്നൂർ ഗവൺമെന്റ് സ്കൂളിന് അനുവദിച്ച തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയ്ക്ക് പുതിയ ഭരണാനുമതി നൽകുമോ; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11-8-2021-ലെ സ.ഉ.(സാധാ) നമ്പർ 5412/2021/ധന. പ്രകാരം 2018-19 സാമ്പത്തികവർഷത്തിൽ മുൻ എം.എൽ.എ.-മാർ ശിപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31-12-2021 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എം.എൽ.എ-എ.ഡി.എസ് 2018-19 ഫണ്ടിൽനിന്നും കൊച്ചന്നൂർ ഗവൺമെന്റ് സ്കൂളിന് അനുവദിച്ച തുക ആവശ്യമായി വരാത്തതിനാൽ അനുവദനീയമായ പുതിയ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.- യുടെ ശിപാർശ ആവശ്യമാണ്.

(സി) സേവിംഗ്സായി ലഭിച്ച തുകയ്ക്ക് എപ്പോൾ ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

4-8-2018-ലെ സ.ഉ.(സാധാ) നമ്പർ 119/2018/ധന. പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം അനുവദിക്കാവുന്നതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതിക്ക് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം 20 പ്രവൃത്തികളിൽ നിജപ്പെടുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി പരിഗണിക്കാവുന്നതാണ്.

## എം.എൽ.എ പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഗ്രിക്കൾച്ചറൽ പ്രോസസ്സിംഗ് യൂണിറ്റ്

31(5689) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ പ്രാദേശിക-ആസ്തി വികസന ഫണ്ടുപയോഗിച്ച് അഗ്രിക്കൾച്ചറൽ പ്രോസസ്സിംഗ് യൂണിറ്റ് ആരംഭിക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ; എങ്കിൽ ആയതിനുള്ള നിബന്ധനകൾ വ്യക്തമാക്കാമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന. ഉത്തരവുപ്രകാരവും നിയോജക മണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. ഉത്തരവുപ്രകാരവും അഗ്രിക്കൾച്ചറൽ പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത് അനുവദനീയമല്ല.

(ബി) ഇത്തരം യൂണിറ്റുകൾ കാർഷിക സർവ്വകലാശാലയിലോ കാർഷിക വകുപ്പിനുകീഴിലോ ആരംഭിക്കുന്നതിന് എം.എൽ.എ. പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കുമോയെന്ന് അറിയിക്കാമോ?

ഇത്തരം യൂണിറ്റുകൾ കാർഷിക സർവ്വകലാശാലയിലോ കാർഷിക വകുപ്പിനുകീഴിലോ ആരംഭിക്കുന്നതിന് എം.എൽ.എ. പ്രാദേശിക-ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കില്ല.

**പട്ടാമ്പി നിയോജകമണ്ഡലത്തിൽ കോച്ചിംഗ് സെന്റർ**

32(5690) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക-ആസ്തി വികസന ഫണ്ടുപയോഗിച്ചുകൊണ്ട് ഏതെല്ലാം മണ്ഡലങ്ങളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിന് ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗ രേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന. ഉത്തരവുപ്രകാരവും നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരവും മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നത് അനുവദനീയമല്ല. എന്നാൽ മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിക്കും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കെട്ടിട നിർമ്മാണത്തിനും പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

നിലവിലെ നിയമപ്രകാരം പ്രസ്തുത പ്രവൃത്തി അനുവദനീയമല്ലാത്തതിനാൽ ഇതുസംബന്ധിച്ച് നടപടിക്രമങ്ങളില്ല.

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

33(5691) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റെ ഭരണകാലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിലൂടെ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റെ ഭരണകാലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിലൂടെ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി

34(5692) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 വർഷത്തെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ ബാക്കിയുള്ള തുകയും 2021-22 വർഷത്തെ തുകയും ഉപയോഗിച്ച് പ്രവൃത്തി നിർദ്ദേശിക്കുന്നതിന് ധനകാര്യവകുപ്പിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) 2019-20, 2020-21 വർഷത്തെ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയിൽ ബാക്കിയുള്ള തുകയും 2021-22 വർഷത്തെ തുകയും ഉപയോഗിച്ച് പ്രവൃത്തി നിർദ്ദേശിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. 12-12-2018-ലെ സ.ഉ.(അച്ചടി)നമ്പർ 194/2018/ധന. പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൻകീഴിൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ വർഷങ്ങളിലെ ഫണ്ട് സംയോജിപ്പിച്ച് ഉപയോഗിക്കുന്നത് നിലവിലെ ഉത്തരവുകൾ പ്രകാരം അനുവദനീയമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ഡി.എ. കുടിശ്ശിക

35(5693) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-2-2021-ലെ ജി.ഒ.(പി) 25/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഡി.എ. കുടിശ്ശിക മുഴുവനും നൽകിക്കഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ?

8-2-2021-ലെ ജി.ഒ. (പി) 25/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഡി.എ. കുടിശ്ശിക, ജീവനക്കാരുടെ ജി.പി.എഫ്-ൽ ലയിപ്പിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) 1-1-2021-ലും 1-7-2021-ലും ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ. കുടിശ്ശികയാണ് നൽകുവാനുള്ളതെന്നും അത് നൽകുന്നതിനുള്ള എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻ കാരുടെയും ഡി.എ./ഡി.ആർ കണക്കാക്കുന്നത്. അതനുസരിച്ച് 1-7-2020 വരെയുള്ള ഡി.എ./ഡി.ആർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 1-1-2021 മുതൽ ഡി.എ./ഡി.ആർ കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) 29-6-2019-ലെ ജി.ഒ.(പി) 18/2019/എച്ച്.ഇഡിഎൻ., 11-9-2020-ലെ ജി.ഒ.(പി) 52/2020/എച്ച്. ആൻഡ് എഫ്.ഡബ്ല്യൂ.ഡി. ഉത്തരവുകൾ മുഖേന യു.ജി.സി./എ.ഐ.സി.റ്റി.ഇ./മെഡിക്കൽ സ്കീം പ്രകാരം 1-1-2016 മുതൽ ശമ്പളം പരിഷ്കരിച്ച അദ്ധ്യാപകർക്ക് നിലവിൽ പതിനേഴ് ശതമാനം ഡി.എ. മാത്രമാണ് നൽകുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്നും അവർക്ക് 1-7-2020 മുതൽ പുതുക്കിയ നിരക്കിലുള്ള ഇരുപത്തിയഞ്ച് ശതമാനം ഡി.എ. അനുവദിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര ഗവൺമെന്റ് 2020 വർഷത്തെ ഡി.എ./ഡി.ആർ. മരവിപ്പിച്ചിരുന്നതിനാൽ, പ്രസ്തുത കാലയളവിലെ ഡി.എ./ഡി.ആർ. കേന്ദ്ര സർക്കാർ പുനഃസ്ഥാപിക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്ര നിരക്കിൽ ഡി.എ./ഡി.ആർ. വാങ്ങുന്നവർക്ക് അനുവദിക്കൂ എന്ന് 8-2-2021-ലെ ജി.ഒ. (പി) 25/2021/ഫിൻ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പുതുക്കിയ നിരക്കിലുള്ള ഡി.എ. അനുവദിക്കുന്നതിനുള്ള ഫയൽ പരിശോധനയിലാണ്.

## ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരുടെ വിവരങ്ങൾ

36(5694) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ നിലവിൽ എത്ര ഓഫീസ് അറ്റൻഡന്റുമാർ ജോലി ചെയ്യുന്നുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പിൽ നിലവിൽ 109 ഓഫീസ് അറ്റൻഡന്റുമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇതിൽ എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നുവെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഇതിൽ 4 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ട്.

(സി) മുൻസർക്കാരിന്റെ ഭരണകാലത്ത് എത്ര ഓഫീസ് അറ്റൻഡന്റുമാർ ധനകാര്യവകുപ്പിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ വാങ്ങി വന്നിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പുകളും വിശദാംശങ്ങളും ലഭ്യമാക്കാമോ?

മുൻസർക്കാരിന്റെ ഭരണകാലത്ത് 6 ഓഫീസ് അറ്റൻഡന്റുമാരാണ് ധനകാര്യ വകുപ്പിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ വാങ്ങി വന്നിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 4-11-2016-ലെ സ.ഉ.(കൈ)നമ്പർ 430/2016/ധന-ശ്രീ. മനോജ് കുമാർ എം.എസ് (പകർപ്പ് ഉള്ളടക്കം*)
2. 13-3-2017-ലെസ.ഉ(കൈ)നമ്പർ 1963/2017/ധന. ശ്രീമതി സ്വപ്ന. എസ്. നായർക്ക് (പകർപ്പ് ഉള്ളടക്കം)*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. 3-3-2017-ലെ സ.ഉ.(കൈ)നമ്പർ 121/2017/ധന-ശ്രീമതി.മഞ്ജു.പി നായർ (പകർപ്പ് ഉള്ളടക്കം)*

4. 9-8-2017-ലെ സ.ഉ.(സാധാ) നമ്പർ 6306/2017/ധന-ശ്രീമതി രമ്യ. എസ്.എസ് (പകർപ്പ് ഉള്ളടക്കം)*

5. 9-8-2017-ലെ സ.ഉ.(സാധാ) നമ്പർ 6318/2017/ധന-ശ്രീ നാഗ രാജൻ. എം.കെ (പകർപ്പ് ഉള്ളടക്കം)*

6. 4-1-2017-ലെ സ.ഉ(കൈ)നമ്പർ 4/2017/ധന-ശ്രീ.രാജീവ് ജി (പകർപ്പ് ഉള്ളടക്കം)*

(ഡി) നിലവിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിനായുള്ള എത്ര പേരുടെ അപേക്ഷകൾ ധനവകുപ്പിന്റെ പരിഗണനയിലുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിനായുള്ള അപേക്ഷകളൊന്നും തന്നെ ധനകാര്യ (ഭരണ-ബി) വകുപ്പിന്റെ പരിഗണനയിലില്ല.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ക്ഷേമം**

37(5695) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ ജോലിചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പിൽ ജോലിചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് ഉത്തരവുകളൊന്നും ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പരാതികൾ പരിഹരിക്കുവാൻ ഗ്രീവൻസ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പരാതികൾ പരിഹരിക്കുവാൻ ധനകാര്യ വകുപ്പിൽ ഗ്രീവൻസ് സെൽ രൂപീകരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തുടർച്ചയായി അഞ്ചുവർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിനു പുറത്ത് ട്രാൻസ്ഫർ/ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥരുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

തുടർച്ചയായി അഞ്ചുവർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ട്രാൻസ്ഫർ/ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9 ഉദ്യോഗസ്ഥരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 ഉദ്യോഗസ്ഥരുമുണ്ട്.

(ഡി) മൂന്നുവർഷത്തിനുമുകളിൽ ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ട്രാൻസ്ഫർ/ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന എത്ര പട്ടികജാതി/പട്ടികവർഗ്ഗ വനിതാ ജീവനക്കാരുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

മൂന്നുവർഷത്തിനുമുകളിൽ ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ട്രാൻസ്ഫർ/ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 വനിതകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 വനിതകളുമുണ്ട്.

(ഇ) ആരോഗ്യപരമായ പ്രശ്നങ്ങളുള്ള എത്ര പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാരെ ധനകാര്യ സെക്രട്ടേറിയറ്റിൽനിന്നും പുറത്തുള്ള മറ്റ് ഓഫീസുകളിൽ ട്രാൻസ്ഫർ/ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ആരോഗ്യപരമായ പ്രശ്നങ്ങളുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു ജീവനക്കാരനെ ടിയാളുടെ അപേക്ഷപ്രകാരം ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്തുള്ള ഓഫീസിൽ നിയമിച്ചിട്ടുണ്ട്. ഇതല്ലാതെ നിലവിൽ ധനകാര്യ സെക്രട്ടേറിയറ്റിനു പുറത്ത് നിയമിച്ചിട്ടുള്ള ജീവനക്കാർ ആരുംതന്നെ പ്രസ്തുത നിയമനം നൽകുന്ന വേളയിൽ ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ല.

(എഫ്) പ്രസ്തുത ട്രാൻസ്ഫർ/ഡെപ്യൂട്ടേഷൻ സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടേയോ സമുദായ സംഘടനകളുടേയോ പരാതികളെന്തെങ്കിലും ധനകാര്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻകാർക്ക് ലഭിക്കുന്ന പെൻഷൻ ആനുകൂല്യം**

38(5696) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട എത്ര ജീവനക്കാർ നാളിതുവരെ വിരമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സ്പാർക്ക് ഡാറ്റാ ബേസ് പ്രകാരം പ്രാൺ നമ്പരിലുൾപ്പെടുകയും 1-11-2021- ന് മുമ്പ് വിരമിക്കുകയും ചെയ്ത 1396 പേരാണുള്ളത്.

(ബി) വിരമിച്ച ജീവനക്കാർക്ക് പദ്ധതി പ്രകാരം ലഭിച്ച ആകെ തുക എത്രയാണെന്നും ഓരോ മാസവും ലഭിക്കുന്ന ആന്വിറ്റി തുക എത്രയാണെന്നും അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാരിനുകീഴിൽ സേവനമനുഷ്ഠിച്ച് വിരമിക്കുന്ന പങ്കാളിത്ത പെൻഷൻകാർക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷൻ തുക സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10 ശതമാനവും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60 ശതമാനം വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40 ശതമാനം തുക ആന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. പ്രസ്തുത തുക ഏത് അന്വിറ്റി സർവ്വീസ് പ്രൊവൈഡറിന് കീഴിൽ നിക്ഷേപിക്കണമെന്നത് വിരമിച്ച ജീവനക്കാരന്റെ തീരുമാനമാണ്.

**മെഡിസെപ്പ് പദ്ധതി**

39(5698) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനസർക്കാർ ജീവനക്കാർക്കായി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വിഷയം ഹൈക്കോടതി അടക്കമുള്ള കോടതികളിൽ എത്തിപ്പെടുവാനുണ്ടായ സാഹചര്യം ഒഴിവാക്കുവാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

മെഡിസെപ്പ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (RGICL) മുഖാന്തരം 1-8-2019 മുതൽ മെഡിസെപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ(പി)നമ്പർ 87/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കാൻ പ്രസ്തുത കമ്പനിക്കായില്ല. നിയമ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനായി സർക്കാർ നിരന്തരം

റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി കത്തിടപാടുകൾ നടത്തിയിരുന്നുവെങ്കിലും നിലവാരമില്ലാത്ത ആശുപത്രികളെയുൾപ്പെടുത്തികൊണ്ട് ആർ.എഫ്.പി-യിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് ഹാജരാക്കിയതിനാൽ, R.G.I.C.L. കമ്പനിക്ക് നൽകിയ Award of Contract റദ്ദാക്കി ടി കമ്പനിയെ പദ്ധതി നടത്തിപ്പിൽനിന്നും ഒഴിവാക്കിയിരുന്നു. പിന്നീട് ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സർക്കാർ രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും കരാർ ലംഘിച്ച കമ്പനികളെ പൊതുതാല്പര്യ സംരക്ഷണാർത്ഥം, പദ്ധതിയിൽനിന്ന് മാറ്റി നിർത്താവുന്നതാണെന്ന Advocate General കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക clause കൂടി ഉൾപ്പെടുത്തികൊണ്ട് RFP പരിഷ്കരിച്ച് പഴയ ടെണ്ടർ റദ്ദാക്കി 22-1-2021-ൽ പുതിയ ടെണ്ടർ ക്ഷണിച്ചിരുന്നു. മേൽ നിബന്ധന (Special Clause) പ്രകാരം ഒഴിവാക്കപ്പെട്ട R.G.I.C.L.-നെ കൂടി ടെണ്ടർ നടപടികളിലുൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് Writ Petition (C) No.2938/2021-N ഫയൽ ചെയ്തിരുന്നു. ടി കേസിലെ 5-2-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്-നെ കൂടി ടെണ്ടർ നടപടികളിലുൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്-ന്റെ വാദത്തിൽ കഴമ്പില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയതിനാൽ 29-3-2021-ൽ സർക്കാരിന് അനുകൂലമായി കേസ് വിധിയായിരുന്നു. ടി വിധിക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് Writ Appeal No.615-2021 ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 8-4-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടി പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേ ഇല്ലെന്ന അഡ്വക്കേറ്റ് ജനറൽ കേരളയുടേയും നിയമവകുപ്പിന്റേയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡിലൂടെ Oriental Insurance കമ്പനിയെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് Award of Contract നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷംതന്നെ പദ്ധതി നടപ്പിൽ വരുത്തുവാൻ കമ്പനിയുമായുള്ള അനുബന്ധ ചർച്ചകൾ പുരോഗമിച്ചുവരുന്നു.

## സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ

40(5699) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷനിൽ സർക്കാരിന്റെ വിഹിതം നാളിതുവരെ മുടക്കമില്ലാതെ നിക്ഷേപിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർവിഹിതം നിക്ഷേപിക്കുന്നതിൽ മുടക്കം വന്നിട്ടുണ്ടെങ്കിൽ ആയത് ഏത് കാലയളവിലേതാണെന്നും ഏതെല്ലാം കാറ്റഗറിയിലെ ജീവനക്കാരുടേതാണെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) 10 ശതമാനവും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് പെൻഷൻ അക്കൗണ്ടിൽ മുടക്കമില്ലാതെ അടവാക്കി വരുന്നുണ്ട്.

(സി) പങ്കാളിത്ത പെൻഷനിലേയ്ക്ക് ജീവനക്കാരിൽനിന്ന് പിടിക്കുന്ന തുകയും സർക്കാർവിഹിതവും നിലവിൽ എവിടെയാണ് നിക്ഷേപിക്കുന്നതെന്നും അതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന. ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചുവരുന്നത്.

## സ്പാർക്കിൽ നൽകുന്ന പരാതികളുടെ തൽസ്ഥിതി

41(5700) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പാർക്കിൽ നൽകുന്ന പരാതികളുടെ തൽസ്ഥിതി അറിയുന്നതിനുള്ള ലിങ്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്പാർക്കിൽ നൽകുന്ന പരാതികളുടെ തൽസ്ഥിതി അറിയുന്നതിനുള്ള ലിങ്ക് നിലവിൽ ഇല്ല. ഇ-മെയിൽ മുഖാന്തരമുള്ള പരാതികൾക്ക് ഇ-മെയിൽ മുഖാന്തരം തന്നെ മറുപടി നൽകിവരുന്നു.

## സ്പാർക്കിൽ ലഭിക്കുന്ന പരാതികൾ

42(5701) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിന്റെ ഓഫീസിൽ നിലവിലെത്ര ജീവനക്കാരാണുള്ളതെന്ന് അറിയിക്കുമോ; ഇതിൽ സ്ഥിരം, താൽകാലിക ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ?

ഈ സ്ഥാപനത്തിൽ മൊത്തം 69 ജീവനക്കാരുണ്ട്. അതിൽ സ്ഥിരം ജീവനക്കാരായി 15 പേരും (ഇതിൽ 13 പേർ വർക്കിംഗ് അറേഞ്ച്മെന്റ്) താൽകാലികമായി 54 പേരും ഉണ്ട്. മാസ്റ്റർ ട്രെയിനേഴ്സ്-43 (7 പേര് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലാ ട്രഷറികളിലും 3 പേർ കണ്ണൂർ സ്പാർക്കിന്റെ റീജിയണൽ ഓഫീസിലും ) പ്രോഗ്രാമേഴ്സ്-5 (NIC-യിൽ) സിസ്റ്റം അഡ്മിൻ - 2, സെക്യൂരിറ്റി-3, ഓഫീസ് അറ്റൻഡൻഡ് -1 സ്ഥിരം (13 പേർ വർക്കിംഗ് അറേഞ്ച്മെന്റ്) ചീഫ് പ്രോജക്ട് മാനേജർ -1, മാനേജർ & ഡൊമെയിൻ എക്സ്പെർട്ട് -1, സെക്ഷൻ ഓഫീസർ-1, (കണ്ണൂർ റീജീയണൽ ഓഫീസ്) അസ്സിസ്റ്റന്റ്-4, കമ്പ്യൂട്ടർ അസ്സിസ്റ്റന്റ്-5, കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ്-1, ഓഫീസ് അറ്റൻഡൻഡ് -2.

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസ്തുത ആഫീസിൽ ഇ-മെയിൽ മുഖാന്തരം എത്ര പരാതികൾ ലഭിച്ചുവെന്നും ഇതിലെത്ര പരാതികൾ സമയബന്ധിതമായി തീർപ്പാക്കിയെന്നും വ്യക്തമാക്കാമോ?

ഒരു വർഷ കാലയളവിലെ വിവരങ്ങൾ മുഴുവൻ സ്പാർക്ക് PMU-വിന്റെ ഇ-മെയിൽ സെർവറിൽ സൂക്ഷിച്ചുവയ്ക്കാൻ കഴിയാത്തതിനാൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇ-മെയിൽ മുഖാന്തരം ലഭിച്ച എല്ലാ പരാതികളുടേയും വിവരങ്ങൾ ലഭ്യമല്ല. ബാക്ക് ഓഫീസ് സോഫ്റ്റ്വെയർ മുഖേന ലഭ്യമായ വിവരമനുസരിച്ച് 2020 നവംബർ 1 മുതൽ 2021 നവംബർ 1 വരെ ഇ-മെയിൽ വഴി 66,500 പരാതികൾക്ക് മറുപടി നൽകിയിട്ടുണ്ട്.

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ പാർട്ട്ടൈം ജീവനക്കാർ

43(5702) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കുവേണ്ടി നടപ്പാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ പാർട്ട്ടൈം ജീവനക്കാർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന. പ്രകാരം കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, സർക്കാർ നടപ്പിലാക്കുന്ന ശമ്പള പരിഷ്കരണത്തിലുൾപ്പെടുന്ന ശമ്പള സ്കെയിലിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം**

44(5703) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി പ്രത്യേക സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; സമിതിയുടെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ (ഭാഗം VII), പെൻഷൻ പ്രായം ഉയർത്തണമെന്നതുൾപ്പെടെയുള്ള വിവിധ ശിപാർശകൾ പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറി- ധനകാര്യ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി- പൊതുഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി-ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് എന്നിവർ അംഗങ്ങളുമായി 21-10-2021-ലെ സ.ഉ (സാധാ) നമ്പർ 6820/2021/ധന. ഉത്തരവ് പ്രകാരം ഒരു സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രം

45(5705) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെനിൻ രാജേന്ദ്രന്റെ ജന്മനാടായ ഊരുട്ടമ്പലത്ത് ഭൂമി വാങ്ങി അദ്ദേഹത്തിന്റെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രവും തിയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

2021-22 വർഷത്തെ വിശദമായ എസ്റ്റിമേറ്റുകളുടെ അനുബന്ധം II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) വാല്യം II എന്ന ബഡ്ജറ്റ് രേഖയിൽ ക്രമ നമ്പർ 2992 ആയി 'ലെനിൻ രാജേന്ദ്രൻ സാംസ്കാരിക കേന്ദ്രവും തീയേറ്റർ കോംപ്ലെക്സും നിർമ്മാണം-സ്ഥലം ഏറ്റെടുക്കൽ' എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 10 കോടി രൂപ അടങ്കൽ തുക നിശ്ചയിച്ച് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

11-8-2021-ലെ സ.ഉ.(സാധാ) നമ്പർ 5421/2021/ധന. പ്രകാരം ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിൻകീഴിൽനിന്നും മാറ്റി സാംസ്കാരികവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മസ്റ്ററിംഗ് നടത്തുന്നതിനുള്ള അവസരം നൽകാൻ നടപടി

46(5706) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്റ്ററിംഗ് നടത്താത്തതിനാൽ സാമൂഹ്യസുരക്ഷാ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനുകളോ തടഞ്ഞുവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ പെൻഷൻ തടഞ്ഞിട്ടുണ്ട്.

(ബി) മസ്റ്ററിംഗ് നടത്താൻ കഴിയാതെവന്നവർക്ക് പുതുതായി മസ്റ്ററിംഗ് നടത്താൻ അവസരം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

മസ്റ്ററിംഗിനായി അവസരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) തടഞ്ഞുവച്ചവരുടെ മസ്റ്ററിംഗ് പൂർത്തിയായാൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അവസരത്തിൽ പെൻഷൻ തുടർന്ന് ലഭിക്കുന്നതും കുടിശ്ശിക നൽകുന്ന വിഷയം പിന്നീട് പരിശോധിക്കുന്നതുമാണ്.

## മസ്റ്ററിംഗ് പൂർത്തീകരിക്കുവാൻ നടപടി

47(5707) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ളവരെയും കിടപ്പ് രോഗികളെയും മസ്റ്ററിംഗിന് നേരിട്ട് ഹാജരാകുന്നതിൽനിന്നും ഒഴിവാക്കുന്നതിനും അവർക്ക് ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി സമയം അനുവദിച്ചിരുന്ന അവസരങ്ങളിലെല്ലാം 5 വയസ്സ് തികയാത്ത കുട്ടികൾ, കിടപ്പ് രോഗികൾ, 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾ, മറ്റ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർ പ്രസ്തുത വിവരം പ്രാദേശിക സർക്കാരിൽ അറിയിക്കുന്നപക്ഷം അക്ഷയകേന്ദ്രം പ്രതിനിധികൾ വീടുകളിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിന് അനുവാദം നൽകിയിരുന്നു. മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## സാമൂഹ്യസുരക്ഷ പെൻഷൻ മസ്റ്ററിംഗ്

48(5708) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന പെൻഷൻ വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് നൽകാത്തതിലൂടെ മസ്റ്ററിംഗ് പരാജയപ്പെട്ടവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കി പെൻഷൻ തുടർന്ന് ലഭിക്കുന്നതിനുള്ള അവസരം നിലവിൽ സർക്കാർ മരവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സേവന പെൻഷൻ വെബ്സൈറ്റിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ &ബി) സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി ഏർപ്പെടുത്തിയ ബയോമെടിക് മസ്റ്ററിംഗ് പരാജയപ്പെടുന്ന അവസരത്തിലാണ് ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ/ ക്ഷേമനിധി ബോർഡിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. 'ജീവൻ രേഖ' സോഫ്റ്റ്‌വെയർ മുഖേന അനുവദിച്ചിരുന്ന ഈ

ക്രമീകരണം മസ്റ്ററിംഗിനായി വീണ്ടും സമയം അനുവദിക്കുന്ന അവസരത്തിൽ മാത്രമേ പ്രവർത്തനം സജ്ജമാക്കാൻ സാധിക്കുകയുള്ളൂ. മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) മസ്റ്ററിംഗ് പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് അതിനുള്ള ബദൽ സൗകര്യം ഏർപ്പെടുത്തി 2019 ഡിസംബർ മുതൽ മുടങ്ങിക്കിടക്കുന്ന പെൻഷനുകൾ കുടിശ്ശിക തീർത്ത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

മസ്റ്ററിംഗ് പൂർത്തിയാക്കുന്ന അവസരത്തിൽ പെൻഷൻ തുടർന്നു ലഭിക്കുന്നതും കുടിശ്ശിക നൽകുന്ന വിഷയം പിന്നീട് പരിശോധിക്കുന്നതുമാണ്.

**ജില്ലാതല ഗുണനിലവാര പരിശോധന സംവിധാനം**

49(5709) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്കാവശ്യമായ നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്ന സംവിധാനത്തിന്റെ ഭാഗമായി നിർമ്മാണ വസ്തുക്കളുടെ അളവുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന് റിപ്പോർട്ട് ചെയ്തു ശേഷം പരിശോധനയ്ക്കായി നിശ്ചിത സമയം കാത്തുനിൽക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധന ജില്ലാതലത്തിൽ ക്രമീകരിച്ച് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ?

31-12-2020-ലെ G.O.(P) No. 167/2020/Fin. പ്രകാരം മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ കല്ലുകൾ, മണൽ മുതലായ സാധനങ്ങൾ, പ്രവൃത്തികളുടെ മുൻ അളവുകൾ തുടങ്ങിയവ ചീഫ് ടെക്നിക്കൽ എക്സാമിനറെ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖാന്തരം അറിയിക്കേണ്ടതാണ്. നിലവിലുള്ള നിയമങ്ങളനുസരിച്ച് അഞ്ച് പ്രവൃത്തി ദിനങ്ങൾ (റിപ്പോർട്ടിംഗ് തീയതി ഒഴികെ) കഴിഞ്ഞതിനുശേഷം മാത്രം ജോലി ആരംഭിക്കാവുന്നതാണ്. പരിശോധന ജില്ലാതലത്തിലാക്കുന്നതിന് ഇപ്പോൾ ആലോചനയില്ല.

(ബി) നിർമ്മാണ വസ്തുക്കൾ നിശ്ചിത സമയത്തേയ്ക്ക് കൂട്ടിയിടുന്നത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ചില പ്രത്യേക അടിയന്തര സാഹചര്യങ്ങളിൽ പ്രസ്തുത ജോലി(കൃത്യതയും മികവും ഉറപ്പു വരുത്തുന്നതിന്) എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുകയോ കാത്തിരിപ്പു കാലാവധി ഒഴിവാക്കാനോ മേൽ ഉത്തരവിൽ വ്യവസ്ഥയുണ്ട്. ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ലാതലത്തിൽ ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്നറിയിക്കാമോ?

ഗുണനിലവാര പരിശോധന ഉറപ്പുവരുത്തേണ്ടത് മരാമത്തുപണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഏജൻസികളുടെ ചുമതലയാണ്. ആയതിനാൽ, ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്.

**മലമ്പുഴ നിയോജകമണ്ഡലത്തിലെ കൊടുമ്പ്-പാളയം പാലം നിർമ്മാണം**

50(5710) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ മലമ്പുഴ നിയോജകമണ്ഡലത്തിലെ കൊടുമ്പ്-പാളയം പാലം നിർമ്മാണ പ്രവൃത്തിക്ക് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയ്ക്കാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ?

2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ക്രമ നമ്പർ 5646-ൽ 20% തുക വകയിരുത്തിയ മലമ്പുഴ നിയോജകമണ്ഡലത്തിലെ മലമ്പുഴ കൊടുമ്പ്-പാളയം പാലം എന്ന പദ്ധതിയുടെ പേര് 30-12-2019-ലെ സ.ഉ(സാധാ) നമ്പർ 1526/2019/ പൊ.മ.വ. പ്രകാരം കൊടുമ്പ്-നടപ്പാലം-നിർമ്മാണം എന്ന് മാറ്റം വരുത്തുകയും തുടർന്ന് നിർമ്മാണ പ്രവൃത്തിക്ക് 27-8-2020-ലെ GO(Rt)No.709/2020/PWD പ്രകാരം 500.00 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ സൈറ്റ് ക്ലിയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ മതിലുകൾ പൊളിച്ചത് പുനർ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. പുഴയിലെ ജലനിരപ്പ് കുറയുമ്പോൾ പാലം പ്രവൃത്തി ആരംഭിക്കുന്നതാണ്. കൊടുമ്പ് ഭാഗത്തുള്ള അപ്രോച്ച് റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായി അധികസ്ഥലം ആവശ്യമുണ്ട്. കൂടാതെ അങ്കണവാടി കെട്ടിടത്തിന്റെ ചുറ്റുമതിൽ പൊളിക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള അനുമതി 28-10-2021-നാണ് കൊടുമ്പ് ഗ്രാമപഞ്ചായത്തിൽനിന്നും ലഭിച്ചിട്ടുള്ളത്. തുടർ നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**സംസ്ഥാനത്തിന് ലഭിക്കാനുള്ള ജി.എസ്.ടി. കുടിശ്ശിക**

51(5711) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്ന വായ്പയിൽ എത്ര കുറവ് വരുത്തിയെന്നും ആയതിനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ?

കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പാ പരിധി നിശ്ചയിച്ചുനൽകുന്നത്. പ്രസ്തുത വായ്പാ പരിധിക്കുപരിയായി സംസ്ഥാനം അധിക വായ്പയെടുക്കുകയാണെങ്കിൽ ആ തുക തുടർന്നുവരുന്ന വർഷത്തെ വായ്പാ പരിധിയിൽ കുറവ് വരുത്തുന്നതാണ്. സംസ്ഥാനം വായ്പാ പരിധി പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത പക്ഷം വായ്പയെടുക്കാത്ത തുക തുടർന്നുവരുന്ന വർഷത്തിലെ വായ്പാ പരിധിയിൽ ചേർത്ത് വായ്പയെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിക്കുന്നതാണ്.

(ബി) സംസ്ഥാനത്തിന് ലഭിക്കാനുള്ള ജി.എസ്.ടി കുടിശ്ശിക എത്രയെന്നും ആയത് നേടിയെടുക്കാനായി എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ?

2017-18 മുതൽ 2021-22 (ഒക്ടോബർ 21 വരെ) സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയും ലഭിച്ച നഷ്ടപരിഹാര തുകയും ബാക്കി ലഭിക്കാനുള്ള തുകയും താഴെ ചേർക്കുന്നു :

| Year | Compensation Receivable (Rs. Cr.) | Compensation Received (Rs. Cr.) | Balance Compensation Receivable (Rs. Cr.) |
|---|---|---|---|
| 2017-18 | 2159.32 | 2102.00 | 57.32 |
| 2018-19 | 3557.79 | 3532.00 | 25.79 |
| 2019-20 | 8099.60 | 8111.00 | -11.40 |
| 2020-21 | 12144.85 | 10671.51 | 1473.34 |
| 2021-22 (October 2021) | 9137.46 | 8739.31 | 398.15 |

2017-18-ൽ 57.32 കോടിയും 2018-19-ൽ 25.79 കോടിയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ

നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. നിലവിലെ കോമ്പൻസേഷൻ സെസ്സ് വരുമാനത്തിലുണ്ടായ കുറവുകാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 41-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ട് വയ്ക്കുകയും ചെയ്തു. എന്നാൽ കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ ത്തുടർന്ന് കേന്ദ്രംതന്നെ പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് 2020-21 സാമ്പത്തിക വർഷം കേരളത്തിന് 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. കോമ്പൻസേഷൻ സെസ്സ് ഫണ്ടിൽനിന്നും 2020-21 സാമ്പത്തിക വർഷം 4905.51 കോടി രൂപ നഷ്ടപരിഹാരത്തുകയും ലഭിച്ചിട്ടുണ്ട്. അപ്രകാരം ആകെ 10671.51 (5766 + 4905.51) കോടി രൂപ 2020-21 സാമ്പത്തിക വർഷം ലഭിച്ചു. 2020-21 സാമ്പത്തിക വർഷം 1473.34 കോടി രൂപ നഷ്ടപരിഹാരം ബാക്കി ലഭിക്കാനുണ്ട്. 2021-22 സാമ്പത്തിക വർഷം പൊതുവിപണിയിൽനിന്നും 1,59,000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിന് 2021-22 സാമ്പത്തിക വർഷം 8739.31 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ഒക്ടോബർ 21 വരെ 398.15 കോടി രൂപ നഷ്ടപരിഹാരം ലഭിക്കാനുണ്ട്.

## നികുതിയേതര വരുമാന ചോർച്ച

52(5712) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിയേതര വരുമാന ചോർച്ച വർദ്ധിക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയാണെന്ന് വർഷം/ മേഖല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് നികുതിയേതര വരുമാനത്തിൽ ചോർച്ച വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നികുതിയേതര വരുമാന ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. നോട്ട് നിരോധനം, ഓഖി, തുടർച്ചയായ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയം കൂടാതെ 2019-20 സാമ്പത്തിക വർഷം അവസാനപാദത്തിലുണ്ടായ കോവിഡ് മഹാമാരി എന്നിവമൂലമുണ്ടായ സാമ്പത്തിക മാന്ദ്യം എന്നിവ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ നികുതിയേതര വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) നികുതിയേതര വരുമാന ചോർച്ചയുടെ വ്യാപ്തി മനസ്സിലാക്കുവാൻ സഹായിക്കുന്ന റിഗ്രഷൻ അനാലിസിസ് ഉൾപ്പെടെയുള്ള സ്റ്റാറ്റിസ്റ്റിക്കൽ മെത്തേഡ്സ് ഉപയോഗിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പഠനം നടത്തിയിട്ടില്ല.

(സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചോർച്ച തടയുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ആസൂത്രണ സാമ്പത്തിക കാര്യ (സിപിഎംയു) വകുപ്പിന്റെ 25-10-2019-ലെ സ.ഉ.(സാധാ) നമ്പർ 457/2019/പി&ഇ.എ. ഉത്തരവ് പ്രകാരം അധികവിഭവ സമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച ധനകാര്യ– നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിവിധ വകുപ്പുകളിൽനിന്നും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ആരായുകയും വകുപ്പുകളിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അവലോകനം നടത്തി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേന്ദ്രസർക്കാർ നയങ്ങൾ ഉണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി**

53(5713) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ പുതിയ സാമ്പത്തികനയവും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കലും ഒപ്പം സ്വകാര്യവൽക്കരണവും സംസ്ഥാന സാമ്പത്തിക മേഖലയേയും തൊഴിലാളികളേയും അതോടൊപ്പം വിവിധ ജനവിഭാഗങ്ങളെയും എത്തരത്തിൽ ബാധിക്കുമെന്നത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രസർക്കാരിന്റെ പുതിയ സാമ്പത്തികനയവും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കലും ഒപ്പം സ്വകാര്യവൽക്കരണവും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയേയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ച് വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ

ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ, കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ വൽക്കരിക്കുന്നതിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക നിരവധി കത്തുകളിലൂടെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പലവിധ ദുരന്തങ്ങളാൽ സാമ്പത്തികസ്ഥിരത നഷ്ടപ്പെട്ട സംസ്ഥാനത്തിന് പ്രസ്തുത കേന്ദ്രസർക്കാർനയങ്ങൾ ഉണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തിനെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. 2016-17 മുതൽ പബ്ലിക് അക്കൗണ്ട് മുഖാന്തരം എടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ സാധാരണ വായ്പാ പരിധിയിൽ നിന്ന് കേന്ദ്രസർക്കാർ കുറവ് വരുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗ്രാന്റുകൾ വെട്ടിക്കുറക്കുന്നതിനോടൊപ്പം സംസ്ഥാനത്തിനുലഭിക്കേണ്ട ജി.എസ്.ടി. നഷ്ട പരിഹാരം യഥാസമയം നൽകാത്ത സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പ്രളയപുനർനിർമ്മാണത്തിനുള്ള വിദേശ വായ്പകളെ സാധാരണ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യവും കേന്ദ്രസർക്കാർ പരിഗണിക്കുകയുണ്ടായില്ല. കൂടാതെ, ജി.എസ്.ടി നിരക്കുകൾ കുത്തനെ വെട്ടിക്കുറയ്ക്കുന്നതും സംസ്ഥാനത്തിലെ നികുതിപ്പിരിവിനെ ബാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സാഹചര്യത്തിലും ആശ്വാസ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ആയതിന്റെ പ്രവർത്തനങ്ങൾക്കായി എത്ര കേന്ദ്രസഹായം ഏതെല്ലാം മേഖല കേന്ദ്രീകരിച്ച് ആവശ്യപ്പെട്ടെന്നും ലഭ്യമായവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും 2019- ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപ കേന്ദ്ര സഹായമായി അനുവദിച്ചുവെങ്കിലും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിച്ചിട്ടില്ല. കൂടാതെ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റി നത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും കേന്ദ്രസഹായം ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കണമെന്ന് 13-7-2021-ൽ ബഹു. പ്രധാനമന്ത്രിക്ക്, ബഹു. മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## സ്വകാര്യപണമിടപാടുകാരെ നിയന്ത്രിക്കാൻ നടപടി

54(5714) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യപണമിടപാടുകാർ അമിതമായ പലിശ ഈടാക്കുന്നത് നിയന്ത്രിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

1958-ലെ കേരള മണിലെൻഡേഴ്സ് നിയമത്തിലെ 18 (D) (7) വകുപ്പ് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന പലിശ നിരക്കിനേക്കാൾ അധികം പലിശ ഈടാക്കിയതായി ബോധ്യം വന്നാൽ ടി നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടർക്കോ ലൈസൻസിംഗ് അതോറിറ്റിക്കോ മണിലെൻഡർക്കെതിരെ പിഴ ചുമത്തുന്നതിനും അധികമായി ഈടാക്കിയ പലിശ കണ്ടുകെട്ടുന്നതിനും വ്യവസ്ഥയുണ്ട്. ടി നിയമത്തിലെ വകുപ്പ് 9 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള മണി ലെൻഡേഴ്സിന്റെ കണക്കുകളും വാർഷിക ആഡിറ്റ് റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ച് അമിതമായ പലിശ ഈടാക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുവാൻ 'ഓപ്പറേഷൻ കുബേര' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായി അമിത പലിശയ്ക്ക് പണമിടപാടുകൾ നടത്തുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകൾ ബന്തവസ്സിലെടുത്ത് കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരവും നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്വകാര്യ പണമിടപാടുകാരെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ പണമിടപാടുകാരെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ കേരള മണിലെൻഡേഴ്സ് ആക്ട് 1958 പ്രകാരം അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാരം നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടറിലും ലൈസൻസിംഗ് അധികാരിയിലും നിക്ഷിപ്തമാണ്. ടി ഉത്തരവ് പാലിക്കാത്ത സാഹചര്യത്തിൽ ലൈസൻസ് റദ്ദാക്കുക, സെക്യൂരിറ്റി തുക കണ്ടുകെട്ടുക എന്നീ നടപടികൾ കൈക്കൊള്ളുവാനും അധികാരികൾക്ക് സാധിക്കും. എന്നാൽ കൂടുതൽ ഗുരുതരമായ കുറ്റങ്ങളായ പണയം തിരികെ കൊടുക്കാതിരിക്കുക, നിയമ വിധേയമല്ലാത്ത പണയമുതൽ വിറ്റഴിക്കുക എന്നീ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ആറു മാസം വരെ

തടവ് ശിക്ഷ നൽകുന്നതിനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. സ്വകാര്യ പണമിട പാട്ടുകാർക്കെതിരെ വരുന്ന പരാതികൾ ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരം നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വകാര്യപണമിടപാട്ടുകാരെ നിയന്ത്രിക്കുവാൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

കേരളത്തിൽ മണിലെൻഡിംഗിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർ ഷിപ്പുകൾക്കും കേരള മണിലെൻഡേർ ആക്ട് 1958 വകുപ്പ് 3 പ്രകാരം രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11,237 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലോക്ക്ഡൗണും പ്രളയവും കാരണം ജനജീവിതത്തിലുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ**

55(5715) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്ക്ഡൗണും അടുത്തകാലത്തുണ്ടായ പ്രളയവും അതുമൂലം സംഭവിച്ച നാശനഷ്ടങ്ങളിലൂടെയുണ്ടായ ധനനഷ്ടവും ജനജീവിതത്തിലുണ്ടായ കാതലായ സാമ്പത്തിക പ്രശ്നങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ്-19 മഹാമാരി, സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏല്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുക വഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5599/2021/ധന. പ്രകാരം Gulati Institute of Finance & Taxation (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇത് സംബന്ധിച്ച് പഠനം നടത്തിവരുന്നു. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന. പ്രകാരം Expert Committee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14-5-2020-ലെ സ.ഉ.(സാധാ)

നമ്പർ 3032/2020/ധന. പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ട് വിദഗ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ. (അച്ചടി) നമ്പർ 152/2020/ധന. പ്രകാരം ധനദൃഢീകരണം സാദ്ധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കർഷകർ, മത്സ്യത്തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, വിവിധ മേഖലകളിലെ തൊഴിലാളികൾ എന്നിവർ ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങൾവഴി എടുത്തിട്ടുള്ള വിവിധയിനം ലോണുകളിൽ റിക്കവറി നോട്ടീസുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ വ്യാപകമായ മഴക്കെടുതി, കോവിഡ് മഹാമാരി മുതലായ കാലഘട്ടങ്ങളിലും വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവ കേരളാ റവന്യൂ റിക്കവറി നിയമപ്രകാരം കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അർത്ഥനകൾ സമർപ്പിച്ചിട്ടുള്ളതും ഇപ്രകാരമുള്ള അർത്ഥനകളുടെ അടിസ്ഥാനത്തിൽ ഡിമാൻഡ് നോട്ടീസുകൾ കുടിശ്ശികക്കാർക്ക് നടത്തിയിട്ടുള്ളതും ഡിമാൻഡ് നോട്ടീസ് കൈപ്പറ്റിയിട്ടും കുടിശ്ശികത്തുക അടവാക്കാത്ത കക്ഷികൾക്കെതിരെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള തുടർ നടപടികളിലേയ്ക്ക് റവന്യൂ വകുപ്പ് കടന്നിട്ടില്ലാത്തതുമാണ്.

(സി) എങ്കിൽ ആയതിൽനിന്നും വിവിധയിനം ലോണുകൾ എടുത്തിട്ടുള്ള ചെറുകിട ഇടത്തരം മേഖലയിലെ വിവിധ വിഭാഗങ്ങളെ സഹായിക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതികളെ തുടർന്ന് പ്രളയബാധിത പ്രദേശങ്ങളിലെ വായ്പക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി തിരിച്ചടവിന് സാവകാശം, അധികവായ്പ തുടങ്ങിയ ആശ്വാസ നടപടി റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ ബാങ്കുകൾ സ്വീകരിച്ചിരുന്നു. കോവിഡ്-19 ഒന്നാംഘട്ട വ്യാപനത്തെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി വായ്പ തിരിച്ചടവുകൾക്ക് റിസർവ് ബാങ്ക് 1-3-2020 മുതൽ 31-8-2020 വരെ സാവകാശം അനുവദിച്ചിരുന്നു. കോവിഡ് രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ

തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ട് വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ് പ്രതിസന്ധിമൂലം വായ്പ തിരിച്ചടവിന് ബുദ്ധിമുട്ടുന്നവർക്ക് താൽകാലിക ആശ്വാസമെന്ന നിലയിൽ വായ്പ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകളെ തരംതാഴ്ത്തുന്നതിൽനിന്നും വായ്പകൾ നിഷ്ക്രിയ ആസ്തികളാകുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ് ബാങ്ക് ഈ സംവിധാനം നിഷ്കർഷിച്ചിട്ടുള്ളത്. മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൂടാതെ കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തുണ്ടായ വ്യാപകമായ മഴക്കെടുതിയും കൃഷിനാശവും കണക്കിലെടുത്തും കൂടാതെ കോവിഡ്-19- ന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട ട്രിപ്പിൾ ലോക്ക്ഡൗണും നേരത്തേ കാലവർഷക്കെടുതിമൂലമുണ്ടായ കൃഷിനാശവും കടലാക്രമണവും കണക്കിലെടുത്തും സംസ്ഥാനത്തെ കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ സഹകരണ ബാങ്കുകൾ കൂടാതെ 1968- ലെ റവന്യൂ റിക്കവറി ആക്ട് 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമെടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് 22-10-2021-ലെ സ.ഉ (കൈ)നമ്പർ 201/2021/റവ പ്രകാരം (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ, എൻ.ബി.എഫ്.സി.-കൾ, എം.എഫ്.ഐഎസ്. (MFIs) തുടങ്ങിയ സ്ഥാപനങ്ങൾ നിന്നുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിക്കാൻ റിസർവ് ബാങ്കിനോടും എസ്.എൽ.ബി.സി.-യോടും സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**വീട്ടുവാടക അലവൻസ് ഈടാക്കുന്നതിനുള്ള മാനദണ്ഡം**

56(5716) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന സർക്കാർ ജീവനക്കാരുടെ പക്കൽനിന്നും വീട്ടുവാടക അലവൻസ് കുറവ് ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ 28-2-2006-ലെ സ.ഉ (കൈ) നമ്പർ 11/2006/പൊ.മ.വ. ഉത്തരവ് പ്രകാരം സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാർക്ക് എച്ച്.ആർ.എ-യ്ക്ക് അർഹതയില്ല. കൂടാതെ സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നതും ഒരു നിശ്ചിത സ്കെയിലിന് മുകളിൽ ശമ്പളം വാങ്ങുന്നതുമായ ജീവനക്കാരിൽനിന്നും അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 2 ശതമാനംകൂടി റെന്റ് റിക്കവറി ഇനത്തിൽ ഈടാക്കുന്നുമുണ്ട്. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 50200-105300-നോ അതിന് മുകളിലോ സ്കെയിൽ ഓഫ് പേ ഉള്ള ജീവനക്കാരിൽനിന്നാണ് ഇത്തരത്തിൽ റെന്റ് റിക്കവറി ഈടാക്കുന്നത്.

(ബി) ശോചനീയാവസ്ഥയിലുള്ള സർക്കാർ ക്വാർട്ടേഴ്സുകളിൽ കഴിയുന്നവർപോലും പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിക്കഴിഞ്ഞപ്പോൾ വലിയ തുക വീട്ടുവാടക അലവൻസ് നൽകേണ്ടതായി വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് പുനർപരിശോധന നടത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) സർക്കാർ ക്വാർട്ടേഴ്സുകളിലെ സൗകര്യങ്ങളും നിലവാരവും അനുസരിച്ച് വീട്ടുവാടക അലവൻസ് ഈടാക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കാമോ?

(ബി-ഡി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്.

**ധനകാര്യ വകുപ്പ് കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ**

57(5717) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം 2018 മുതൽ നാളിതുവരെ വിവിധ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലും/ഓഫീസുകളിലുമാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർനടപടി എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) സാമ്പത്തിക ക്രമക്കേട് നടത്തിയ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത തുക തിരികെ സർക്കാരിലേയ്ക്ക് ഈടാക്കിയിട്ടുണ്ടോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തുക തിരികെ അടയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാത്ത സ്ഥാപനങ്ങളുടെ മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ഭരണ വകുപ്പ് സമയബന്ധിതമായി തുടർ നടപടി എടുക്കാതിരിക്കുന്നു എന്ന ആക്ഷേപം വിവിധ വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതാണെന്ന് വ്യക്തമാക്കിക്കൊണ്ട് 31-7-2018-ൽ സർക്കുലർ നമ്പർ 71/2018/ധന. പുറത്തിറക്കിയിട്ടുണ്ട്.

**കിഫ്ബി ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾ**

58(5718) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് എത്ര വിദ്യാലയങ്ങൾക്കാണ് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത തുകയെത്രയെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് 933 വിദ്യാലയങ്ങൾക്കാണ് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇവയ്ക്കായി ആകെ 2152.56 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ ചുള്ളിമട പാലം നിർമ്മാണം

59(5719) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പണിയാരംഭിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ ചുള്ളിമട പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള ചുള്ളിമട പാലം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പിയർ പ്രവൃത്തികളും പൂർത്തീകരിക്കുകയും പിയർക്യാപിന്റെയും അബ്ടമെന്റ്ക്യാപിന്റെയും പ്രവൃത്തികൾ നടന്നുവരികയുമാണ്. അതിനോടൊപ്പം ചുള്ളിമടഭാഗത്തെ റീ ടെയ്നിംഗ് വാളിന്റെ പ്രവൃത്തികളും പുരോഗമിക്കുന്നു.

## ചിറ്റൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

60(5720) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും വകയിരുത്തിയ തുക എത്രയാണെന്നും വിശദമാക്കാമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഇതിൽ കിഫ്ബി അംഗീകരിച്ചവ, ഡി.പി.ആർ. തയ്യാറാക്കിയവ, ടെൻഡർ ചെയ്തവ, പ്രവൃത്തി ആരംഭിച്ചവ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി അംഗീകരിച്ച പദ്ധതികൾ/ ധനാനുമതിക്കായി കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ എന്നിവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധം*ആയി ചേർക്കുന്നു.

(സി) കിഫ്ബി അംഗീകരിച്ച പ്രവൃത്തികളിൽ ഇനി ആരംഭിക്കാനുള്ളവ ഏതെല്ലാമാണെന്നും ഇവ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ പ്രവൃത്തി ആരംഭിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി, ടെണ്ടർ/കോൺട്രാക്ട് എന്നിവ ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കേണ്ട ചുമതല ബന്ധപ്പെട്ട ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്.

**ഗുരുവായൂർ മണ്ഡലത്തിലെ ചിങ്ങനാത്ത് പാലം നിർമ്മാണം**

61(5721) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ചിങ്ങനാത്ത് പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചിങ്ങനാത്ത് പാലം പദ്ധതിക്ക് 30.77 കോടി രൂപയുടെ ധനാനുമതി 10-11-2020- ൽ കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2017-18 -ലെ ബജറ്റ് പ്രസംഗത്തിലാണ് കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചത്. തുടർന്ന് പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും അത് അവലോകനം നടത്തി അതിലെ ന്യൂനതകൾ പരിഹരിച്ച് ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചാണ് പദ്ധതിക്ക് ധനാനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് കാലതാമസം വന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ?

പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുമ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി ജംഗ്ഷൻ ഡിസൈനിലും അലൈന്മെന്റിലും ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിച്ചിരുന്നു. അത് പരിഹരിച്ചുവരുന്നതായി എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത പദ്ധതിക്ക് 8.10 കോടി രൂപയുടെ ഭൂമിയേറ്റെടുപ്പ് തുക ഉൾപ്പെടുത്തിയാണ് ധനാനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് കൂടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് സാങ്കേതികാനുമതി നല്കി തുടർന്ന് ടെണ്ടർ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതാണ് എന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(സി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ പദ്ധതി, പുരോഗതി എന്നിവ സഹിതം വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**നാഷണൽ സേവിംഗ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി**

62(5722) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ സേവിംഗ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

സ്വീകരിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുവാനും ബാങ്കിംഗ് പ്രവർത്തനം സംബന്ധിച്ച അവബോധം സൃഷ്ടിക്കുവാനും ഉദ്ദേശിച്ച് കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവന്നിരുന്ന സഞ്ചയികാപദ്ധതി 1-10-2016-ന് പ്രാബല്യത്തിൽ കേന്ദ്ര ധനകാര്യ (സാമ്പത്തികകാര്യ) മന്ത്രാലയത്തിന്റെ 9-9-2016-ലെ F.No.01/04/15-NS കത്ത് മുഖേന നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാന ട്രഷറി വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ 28-9-2016-ലെ സ.ഉ.(സാധാ) നമ്പർ 7833/16/ധന. നമ്പർ സർക്കാർ ഉത്തരവ് മുഖേന ആരംഭിച്ചിരുന്നു. ടി പദ്ധതിയിൽ നിലവിൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗമാകാൻ സാധിക്കുന്നതല്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ടി പദ്ധതിയുടെ പ്രവർത്തനം മന്ദീഭവിച്ച അവസ്ഥയിലാണ്. കോവിഡിന്റെ തീവ്രത കുറഞ്ഞ് വിദ്യാഭ്യാസ രംഗം സാധാരണ പടിയാകുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകി ടി പദ്ധതി സ്കൂൾതലത്തിൽ വിപുലീകരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കോളേജ് വിദ്യാർത്ഥികളെ സ്കീമിലുൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) നാഷണൽ സേവിംഗ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ എന്തൊക്കെ പുതിയ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

നാഷണൽ സേവിംഗ്സ് പദ്ധതികൾ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് പോസ്റ്റോഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളാകയാൽ നാഷണൽ സേവിംഗ്സ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. കേന്ദ്രസർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നപക്ഷം ടി പദ്ധതി പരിപോഷിപ്പിക്കുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതോടൊപ്പം പരസ്യ പ്രചരണങ്ങളും വിപണന തന്ത്രങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**കാർഷികാദായ നികുതി**

63(5723) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും ഈടാക്കുന്ന കാർഷികാദായ നികുതിയുടെ വിശദാംശങ്ങൾ നൽകാമോ?

1991-ലെ കേരള കാർഷികാദായ നികുതി നിയമം കേരളത്തിലെ കാർഷിക വരുമാനത്തിന്മേൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു. നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, റാഗി, പയർ, എള്ള്, പച്ചക്കറി, മധുരക്കിഴങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, ചക്ക, മാങ്ങ, പൈനാപ്പിൾ, ഓർക്കിഡ് അല്ലെങ്കിൽ മറ്റ് പൂക്കൾ, വാനില, മഞ്ഞൾ, പേരക്ക എന്നിവയുടെ കൃഷിയിൽനിന്നുള്ള വരുമാനം ഒഴിവാക്കിയിരിക്കുന്നു. കമ്പനി നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയല്ലാതെ ഒരു വ്യക്തിയും നികുതി അടയ്ക്കേണ്ടതില്ല.

(ബി) പ്രസ്തുത നികുതി ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ?

ഒരു വ്യക്തിയുടെ മുൻ സാമ്പത്തിക വർഷത്തെ കാർഷിക വരുമാനത്തിന്റെ മേൽ ചുമത്തപ്പെടുന്ന നികുതിയാണ് ആ വർഷത്തെ അദ്ദേഹത്തിന്റെ കാർഷിക ആദായ നികുതി. 1991-ലെ കേരള കാർഷികാദായ നികുതി നിയമ പ്രകാരമുള്ള കാർഷികാദായ നികുതി വിഹിതം സർക്കാരിലേയ്ക്ക് വന്നുചേരുന്നു എന്ന് ഉറപ്പിക്കുകയാണ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (എ.ഐ.റ്റി.) ഓഫീസുകളുടെ പ്രവർത്തനംകൊണ്ട് അർത്ഥമാക്കുന്നത്. ഇതിനായി എ.ഐ.റ്റി.-ഇൻസ്പെക്ടർ, എ.ഐ.റ്റി.-ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 35 പ്രകാരം നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കുകയും, റിട്ടേണുകൾ നൽകുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെയും തെറ്റായി നികുതി നിർണ്ണയം നടത്തി റിട്ടേണുകൾ സമർപ്പിക്കുന്നവർക്കെതിരെയും നിയമ

പ്രകാരമുള്ള നടപടി സ്വീകരിക്കുകയും കുറവുവന്ന നികുതി, പലിശ സഹിതം പിരിച്ചെടുത്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നത് എ.ഐ.റ്റി. ഓഫീസുകളുടെ പ്രവർത്തനത്തിൽപ്പെടുന്നു. കൂടാതെ, റിട്ടേണുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി നികുതിദായകരുടെ കണക്കുകൾ പരിശോധിക്കുകയും, ഭൂമിയുടെ വിസ്തീർണ്ണവും കാർഷികവിളകളുടെ തരവും നിജപ്പെടുത്തുന്നതിന് സ്ഥലപരിശോധന നടത്തുകയും ചെയ്യുന്നതും എ.ഐ.റ്റി. ഓഫീസുകളുടെ പ്രവർത്തനത്തിൽപ്പെടുന്നു. 1-4-2013 മുതൽ സ്വകാര്യ വ്യക്തികളേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളേയും കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് കേരള കാർഷികാദായ നികുതി നിയമ പ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യത കമ്പനികൾക്ക് (തദ്ദേശീയവും വിദേശീയവും) മാത്രമാണുള്ളത്. കാർഷികാദായത്തെ അടിസ്ഥാനമാക്കി തദ്ദേശ കമ്പനികളുടെ നികുതി നിരക്ക് 35 ശതമാനം മുതൽ 50 ശതമാനം വരെ വ്യത്യാസപ്പെട്ടിരുന്നു. കൂടാതെ, വിദേശ കമ്പനികളുടെ നികുതി നിരക്ക് 80% ആയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ, ആദായ നികുതി നിരക്കുമായി തുല്യത കൊണ്ടുവരുന്നതിലേയ്ക്കായി കാർഷികാദായ നികുതി നിരക്ക് കുറയ്ക്കുകയും ആദായ നികുതി നിരക്കായ 30 ശതമാനത്തോട് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. 2-4-2016-ലെ SRO 314/2016 പ്രകാരം 2016-17 സാമ്പത്തിക വർഷം കാർഷികാദായ നികുതിയിൽ നിന്നും എല്ലാ കമ്പനികളേയും ഒഴിവാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം ഉടമകളിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് റദ്ദ് ചെയ്യേണ്ടതുള്ളതിനാൽ ആയതിലേയ്ക്കായി 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ആയി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ബിൽ പതിനാലാം കേരള നിയമ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായില്ല. പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒരു ബിൽ ആയി കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും അതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയുമാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ (2016-17 മുതൽ 2020-21 വരെ) സർക്കാരിന് ഈയിനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

2016-17 മുതൽ 2020-21 വരെ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിലമ്പൂർ സബ് ട്രഷറി ജില്ലാ ട്രഷറിയാക്കി ഉയർത്തൽ

64(5724) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ സബ് ട്രഷറി ജില്ലാ ട്രഷറിയാക്കി ഉയർത്തണമെന്ന പ്രഖ്യാപനം ബഡ്ജറ്റിലുണ്ടാകണമെന്നഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ.-യിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തുവാനായി എം.എൽ.എ.- മാർ സമർപ്പിക്കുന്ന ശിപാർശകൾ അനന്തര നടപടികൾക്കായി 'ബഡ്ജറ്റ് പ്രസംഗം' തയ്യാറാക്കുന്ന ടീമിന് കൈമാറിയിട്ടുണ്ട്.

(ബി) നിലമ്പൂർ സബ് ട്രഷറി ജില്ലാ ട്രഷറിയാക്കി ഉയർത്തണമെന്ന പ്രൊപ്പോസൽ ട്രഷറി വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഇല്ല.

(സി) പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന നിലമ്പൂർ സബ് ട്രഷറി കെട്ടിടത്തിന്റെ ഡിസൈനിൽ ജില്ലാ ട്രഷറിക്കുവേണ്ട സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തുന്നതിന് നിർമ്മാണ ഏജൻസിക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ബാധകമല്ല.

(ഡി) ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരനെ തെരഞ്ഞെടുത്തിട്ടും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

14-7-2020-ലെ സ.ഉ.(സാധാ)നമ്പർ 4140/2020/ധന. ഉത്തരവ് പ്രകാരം നിലമ്പൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല നിർമ്മാണ നിർവ്വഹണ ഏജൻസിയായ INKEL Ltd-ന് നൽകിയിരുന്നെങ്കിലും നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ INKEL Ltd-ന് നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത കെട്ടിട നിർമ്മാണം സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്നതിന് ട്രഷറി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറി ഓഫീസുകൾ

65(5725) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സ്വകാര്യ വാടക കെട്ടിടങ്ങളിൽ ഏതെങ്കിലും ട്രഷറി ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി സ്വകാര്യ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

## ട്രഷറി പണമിടപാടുകൾ സുഗമമാക്കുന്നതിനും കൂടുതൽ ഡെപ്പോസിറ്റ് ആകർഷിക്കുന്നതിനും നടപടി

66(5726) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറിയിൽ കൂടുതൽ ഡെപ്പോസിറ്റ് ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ?

ട്രഷറി നിക്ഷേപങ്ങൾക്ക് മറ്റ് പൊതുമേഖലാ/ഷെഡ്യൂൾഡ് ബാങ്കുകളെ അപേക്ഷിച്ച് ഉയർന്ന പലിശയാണ് നൽകിവരുന്നത്. കൂടാതെ, ഹ്രസ്വകാല നിക്ഷേപങ്ങളും സ്വീകരിക്കുന്നുണ്ട്. 18-1-2021-ലെ സ.ഉ.(പി)നമ്പർ 10/2021/ധന. പ്രകാരമുള്ള പലിശ നിരക്കാണ് 1-2-2021 മുതൽ പ്രാബല്യത്തിലുള്ളത്. ട്രഷറിയിൽ സ്ഥിര നിക്ഷേപം ആരംഭിക്കുമ്പോൾതന്നെ സീറോ ബാലൻസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും, നിക്ഷേപ പലിശ കൃത്യമായി എല്ലാ മാസവും ആദ്യ പ്രവൃത്തി ദിവസംതന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വരവ് വച്ച് നൽകിവരികയും ചെയ്തുവരുന്നു. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് 4 ശതമാനം വാർഷിക പലിശയും ഇടപാടുകൾക്ക് ഓൺലൈൻ സൗകര്യവും നൽകിവരുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക payment gateway ആയ e-treasury മുഖേന നിക്ഷേപമാക്കുവാനുള്ള തുക നിക്ഷേപകന് സ്വയമേവ ബാങ്ക് അക്കൗണ്ടിൽനിന്നും ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റുവാനുള്ള സൗകര്യവും നിലവിലുണ്ട്. ബാങ്ക് ചെക്ക് കളക്ഷന് സമർപ്പിക്കുന്ന വേളയിൽത്തന്നെ ട്രഷറി ചെക്ക് കൈപറ്റി, കൈപറ്റുരസീത് നൽകണമെന്നും, കളക്ഷൻ പ്രക്രിയ വേഗത്തിലാക്കുവാനും, തുക കളക്ഷനാകുന്ന ദിവസംതന്നെ സ്ഥിരനിക്ഷേപമാക്കുവാനുള്ള നിർദ്ദേശം ട്രഷറികൾക്ക് നൽകിയിട്ടുണ്ട്.

നിക്ഷേപ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തുനൽകുകയും സർട്ടിഫിക്കറ്റ് സൂക്ഷിക്കുവാനായി പരിസ്ഥിതി സൗഹൃദ കവറുകളും നിക്ഷേപകർക്ക് നൽകിവരുന്നുണ്ട്. ജീവനക്കാർ ഇടപാടുകാരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിച്ച് ഇടപാടുകൾ താമസംവിനാ നടത്തികൊടുക്കുന്നുണ്ട്. സ്ഥിരനിക്ഷേപവുമായി ബന്ധപ്പെട്ട സെക്ഷനിൽ തിരക്ക് അനുഭവപ്പെടുന്ന അവസരങ്ങളിൽ മറ്റ് സെക്ഷനിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നുണ്ട്. ഹെൽപ് ഡെസ്ക് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## കൂരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം

67(5727) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) കൂരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; പ്രസ്തുത ഭൂമി ധനവകുപ്പിന് ലഭിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കൂരാച്ചുണ്ട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭിക്കുന്നതിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) കൂരാച്ചുണ്ട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

## ഇരിട്ടി സബ് ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് തസ്തിക

68(5728) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആസ്ഥാനങ്ങളിലെ സബ് ട്രഷറികളിലെ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ താലൂക്ക് ആസ്ഥാനങ്ങളിലെ സബ് ട്രഷറികൾക്കായി പ്രത്യേക സ്റ്റാഫ് പാറ്റേൺ നിലവിലില്ല.

(ബി) സംസ്ഥാനത്ത് ഒന്നിലധികം ജൂനിയർ സൂപ്രണ്ടുമാരുള്ള എത്ര സബ് ട്രഷറികളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; സംസ്ഥാനത്ത് ജൂനിയർ സൂപ്രണ്ടില്ലാത്ത എത്ര സബ് ട്രഷറികളുണ്ടെന്നും അവ ഏതെല്ലാമെന്നും ഇതിൽ താലൂക്ക് ആസ്ഥാനത്തുള്ള എത്ര സബ് ട്രഷറികളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഒന്നിലധികം ജൂനിയർ സൂപ്രണ്ടുമാരുള്ള 28 സബ് ട്രഷറികൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു :

1. പ്രിൻസിപ്പൽ സബ് ട്രഷറി ഫോർട്ട്, തിരുവനന്തപുരം
2. സബ് ട്രഷറി, ആറ്റിങ്ങൽ
3. സബ് ട്രഷറി, വെള്ളയമ്പലം
4. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, തിരുവനന്തപുരം.
5. സബ് ട്രഷറി, കുടപ്പനക്കുന്ന്
6. സബ് ട്രഷറി, കരുനാഗപ്പള്ളി
7. സബ് ട്രഷറി, കൊട്ടാരക്കര
8. സബ് ട്രഷറി, ചേർത്തല
9. സബ് ട്രഷറി, ചെങ്ങന്നൂർ
10. സബ് ട്രഷറി, തിരുവല്ല
11. സബ് ട്രഷറി, പത്തനംതിട്ട
12. സബ് ട്രഷറി, കോട്ടയം
13. സബ് ട്രഷറി, മീനച്ചിൽ
14. സബ് ട്രഷറി, എറണാകുളം
15. അഡീഷണൽ സബ് ട്രഷറി, എറണാകുളം
16. സബ് ട്രഷറി, ആലുവ
17. സബ് ട്രഷറി, മൂവാറ്റുപുഴ
18. സബ് ട്രഷറി, തൃശ്ശൂർ
19. സബ് ട്രഷറി, ചാവക്കാട്

20. സബ് ട്രഷറി, കൊടുങ്ങല്ലൂർ
21. സബ് ട്രഷറി, പാലക്കാട്
22. സബ് ട്രഷറി, പെരിന്തൽമണ്ണ
23. സബ് ട്രഷറി, മഞ്ചേരി
24. സബ് ട്രഷറി, തിരൂർ
25. സബ് ട്രഷറി, പൊന്നാനി
26. സബ് ട്രഷറി, വടകര
27. സബ് ട്രഷറി, തലശ്ശേരി
28. സബ് ട്രഷറി, കാസർഗോഡ്.

സംസ്ഥാനത്ത് ജൂനിയർ സൂപ്രണ്ടുമാർ ഇല്ലാത്ത 34 സബ് ട്രഷറികളുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. സബ് ട്രഷറി, ലെജിസ്ലേച്ചർ കോംപ്ലക്സ്
2. സബ് ട്രഷറി, കടയ്ക്കാവൂർ
3. സബ് ട്രഷറി, മലയിൻകീഴ്
4. സബ് ട്രഷറി, വിതുര
5. സബ് ട്രഷറി, വെള്ളനാട്
6. സബ് ട്രഷറി, പരവൂർ
7. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കൊല്ലം
8. സബ് ട്രഷറി, അഞ്ചൽ
9. സബ് ട്രഷറി, ചടയമംഗലം
10. സബ് ട്രഷറി, പൂയപ്പള്ളി
11. സബ് ട്രഷറി, കടയ്ക്കൽ
12. സബ് ട്രഷറി, മാന്നാർ
13. സബ് ട്രഷറി, അയർകുന്നം
14. സ്റ്റാമ്പ് ഡിപ്പോ, എറണാകുളം

15. സബ് ട്രഷറി, കല്ലൂർക്കാട്
16. സബ് ട്രഷറി, അടിമാലി
17. സബ് ട്രഷറി, കരിമണ്ണൂർ
18. സബ് ട്രഷറി, ചേലക്കര
19. സബ് ട്രഷറി, മണലൂർ
20. സബ് ട്രഷറി, തൃപ്രയാർ
21. സബ് ട്രഷറി, അന്നമനട
22. സബ് ട്രഷറി, കുഴൽമന്ദം
23. സബ് ട്രഷറി, ഷൊർണ്ണൂർ
24. സബ് ട്രഷറി, ചങ്ങരംകുളം
25. സബ് ട്രഷറി, വണ്ടൂർ
26. സബ് ട്രഷറി, പുലമന്തോൾ
27. സബ് ട്രഷറി, പയ്യോളി
28. സബ് ട്രഷറി, തിരുവമ്പാടി
29. സബ് ട്രഷറി, കൂരാച്ചുണ്ട്
30. സബ് ട്രഷറി, പുൽപ്പള്ളി
31. സബ് ട്രഷറി, നടവയൽ
32. സബ് ട്രഷറി, കൊളച്ചേരി
33. സബ് ട്രഷറി, ചക്കരക്കല്ല്
34. സബ് ട്രഷറി, ഇരിട്ടി.

ജൂനിയർ സൂപ്രണ്ടുമാർ ഇല്ലാത്ത, താലൂക്ക് ആസ്ഥാനങ്ങളിലെ സബ് ട്രഷറികളുടെ എണ്ണം - 4. അവ താഴെപ്പറയുന്നവയാണ്.

1. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കൊല്ലം
2. സബ് ട്രഷറി , അയർകുന്നം
3. സ്റ്റാമ്പ് ഡിപ്പോ, എറണാകുളം
4. സബ് ട്രഷറി, ഇരിട്ടി

(സി) താലൂക്ക് ആസ്ഥാനത്തുള്ള ഇരിട്ടി സബ് ട്രഷറിയിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലുൾപ്പെടെ മതിയായ ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉണ്ട്. സബ് ട്രഷറി ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇരിട്ടി സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജൂനിയർ സൂപ്രണ്ടിനേയും അക്കൗണ്ടന്റുമാരെയും ജോലി ക്രമീകരണ വ്യവസ്ഥയിൽ മട്ടന്നൂർ ജില്ലാ ട്രഷറി ഓഫീസർ അനുവദിച്ചുനൽകാറുണ്ട്.

(ഡി) ഇരിട്ടി സബ് ട്രഷറിയിൽ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക പുതുതായി അനുവദിക്കുമോ; ഇല്ലെങ്കിൽ ഒന്നിലധികം ജൂനിയർ സൂപ്രണ്ടുമാരുള്ള സബ് ട്രഷറിയിൽനിന്നും ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക പുനർവിന്യാസത്തിലൂടെ ഇരിട്ടി സബ് ട്രഷറിയിൽ അനുവദിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ട്രഷറികളിൽ എ.ടി.എം. സൗകര്യം**

69(5729) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**ട്രഷറി സംബന്ധമായ സംശയനിവാരണത്തിന് കോൾ സെന്റർ**

70(5730) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെൻഷൻകാർക്കും മുതിർന്ന പൗരന്മാർക്കും ട്രഷറി സംബന്ധമായ സംശയ നിവാരണത്തിന് ഒരു കോൾ സെന്റർ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പെൻഷൻകാർക്കും മറ്റ് മുതിർന്ന പൗരൻമാർക്കും ട്രഷറി സംബന്ധമായ സംശയനിവാരണത്തിനായി *1800 425 5176* എന്ന ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്. ആയതിനാൽ കോൾസെന്റർ തുടങ്ങുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ഡിജിറ്റൽ കേരള ലോട്ടറി വിൽപ്പന

71(5731) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വിൽപ്പന സംബന്ധിച്ച ചട്ടങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യ മാധ്യമങ്ങൾ വഴി ഡിജിറ്റൽ കേരള ലോട്ടറി വിൽപ്പന നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമൂഹ്യ മാധ്യമങ്ങളിൽ ഡിജിറ്റൽ കേരള ലോട്ടറി എന്ന പേരിൽ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഡിജിറ്റൽ കേരള ലോട്ടറി വിൽപ്പന നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഭൗതിക ടിക്കറ്റുകൾ വില്പന നടത്തുന്നതിനുപകരം നവമാധ്യമങ്ങളായ വാട്സ് ആപ്പ്, ടെലിഗ്രാം, വെബ് പോർട്ടൽ എന്നിവയിലൂടെ കേരള പേപ്പർ ലോട്ടറി ടിക്കറ്റ് വിപണനം നടത്തുന്നവർക്കെതിരെ അന്വേഷണ വിധേയമായി നിയമ നടപടി സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾ ഇതിനകം തന്നെ പോലീസ് സൈബർ സെല്ലിനും, ADGP (Crimes)-നും കൈമാറിയിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാന ലോട്ടറി മാഫിയയുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ?

ഇതര സംസ്ഥാന ഭാഗ്യക്കുറി മാഫിയയുടെ പ്രവർത്തനം തടയുന്നതിന് ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

1. ഇതര സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പുൾപ്പെടെ സംസ്ഥാനത്തിനുള്ളിൽ ഭാഗ്യക്കുറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിനായി 2018-ൽ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി ചട്ടങ്ങൾ രൂപീകരിച്ചു.

2. കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന നടത്തുന്ന ഏജന്റുമാരോ സബ് ഏജന്റുമാരോ റീട്ടെയിലർമാരോ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വില്ക്കുന്ന പക്ഷം ഇത്തരക്കാരുടെ ഏജൻസി റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള Information Return സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് സമർപ്പിച്ച് അനുമതി ലഭ്യമാക്കിയാൽ മാത്രമേ സംസ്ഥാനത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വില്ക്കുവാൻ സാധിക്കുകയുള്ളൂ.

**ലോട്ടറി വകുപ്പിലെ ജീവനക്കാർ**

72(5732) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലോട്ടറി വകുപ്പിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

38 പേർ.

(ബി) വയനാട് ജില്ലയിൽ ലോട്ടറി വകുപ്പിൽ ജോലി ചെയ്യുന്ന താൽകാലിക ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ?

21 എണ്ണം.

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം**

73(5733) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(ബി) എങ്കിൽ മേൽ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്; കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ 15-5-2021-ൽ പ്രസിദ്ധീകരിച്ചു. തുടർന്ന് ജീവനക്കാരുടെ സംഘടനകളുമായി 5-2-2021-ൽ ഒപ്പുവച്ച കരാർ പ്രകാരം പ്രസ്തുത മാർഗ്ഗനിർദ്ദേശരേഖ പുതുക്കി നിശ്ചയിക്കുന്നതിനും ഓൺലൈൻ സംവിധാനം പൂർത്തിയാക്കുന്നതിനും കമ്പനി നടപടി സ്വീകരിച്ചുവരികയാണ്.

(സി) പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരുടെ സ്ഥലംമാറ്റം എന്ന് മുതൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റം നടപ്പാക്കുന്നത്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള മാർഗ്ഗനിർദ്ദേശരേഖ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രമിച്ചുവരികയാണ്. അതോടൊപ്പം ഓൺലൈൻ സംവിധാനംകൂടി പൂർത്തിയാക്കുന്നതോടെ പൂർണ്ണമായും മാർഗ്ഗനിർദ്ദേശരേഖയിലെ വ്യവസ്ഥകൾ പ്രകാരം സ്ഥലംമാറ്റം നടത്താൻ സാധ്യമാകുന്നതാണ്.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം**

74(5734) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആലോചിക്കുന്നുണ്ട്. നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന കുടുംബശ്രീ ജീവനക്കാർക്ക് പരിരക്ഷ നൽകിക്കൊണ്ടുള്ള "ഒരുമ പദ്ധതി" മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെയുൾപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വിവിധ വെൽഫെയർ ബോർഡ് അംഗങ്ങൾ/ആശാവർക്കർമാർ/കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പത്ത് ലക്ഷം പേരെയെങ്കിലും ഗുണഭോക്താക്കളാക്കുന്ന വിധത്തിൽ ഒരു ബൃഹത്തായ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരികയാണ്. കൂടാതെ അങ്കണവാടി അദ്ധ്യാപികമാരെ വകുപ്പിന്റെ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ അംഗമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നിലവിലെ ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതിയെ (GPAIS) നവീകരിച്ച് അപകടമരണത്തിനും കൂടാതെ സ്വാഭാവിക മരണത്തിനുംകൂടി ആനുകൂല്യങ്ങൾ നൽകുന്ന വിഷയം ('ജീവൻ രക്ഷാപദ്ധതി') സർക്കാരിന്റെ പരിഗണനയിലാണ്.

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

75(5735) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻ കാർക്കുംവേണ്ടി നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി, തടസ്സങ്ങൾ നീക്കി ഈ വർഷം തന്നെ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് നടപ്പിലാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക നിബന്ധനകൾ കൂട്ടിചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-01-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റീ-ടെൻഡർ നടപടികളിൽ നാല് ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തിരുന്നു. അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal-ൽ ഉൾപ്പെ ടുത്തിയ പ്രത്യേക നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ടി കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഒഴിവാക്കിക്കൊണ്ട് മറ്റ് മൂന്ന് ഇൻഷ്വറൻസ് കമ്പനികളുടെ സാങ്കേതിക ബിഡുകൾ പരിശോധിച്ചിരുന്നു. എന്നാൽ WP(C)2938/2021-ന്റെ അന്തിമ വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയുണ്ടായി. ടി കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടേയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡിലൂടെ Oriental Insurance കമ്പനിയെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് Award of Contract നൽകുകയുമുണ്ടായി. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പു

കളിലേയ്ക്കും കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിശദാംശങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു.

**മാരകരോഗങ്ങൾ ബാധിച്ച ജീവനക്കാർക്കുള്ള സഹായങ്ങൾ**

76(5736) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാരകരോഗങ്ങൾ ബാധിച്ച സർക്കാർ ജീവനക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ?

(I) കെ.എസ്.ആർ ഭാഗം 1 അനുബന്ധം VII പ്രകാരം വിവിധ അസുഖങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചുവടെചേർക്കും പ്രകാരം പ്രത്യേക ആകസ്മികാവധി അനുവദനീയമാണ്.

(i) കെ.എസ്.ആർ ഭാഗം 1 അനുബന്ധം VII ചട്ടം 19 പ്രകാരം ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ഒരു കലണ്ടർ വർഷം പരമാവധി 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്.

(ii) 6-11-2019-ലെ സ.ഉ.(അ) നമ്പർ 153/2019/ധന. പ്രകാരം ആൻജിയോപ്ലാസ്റ്റി-ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 30 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്.

(iii) കെ.എസ്.ആർ ഭാഗം 1 ചട്ടം 19 A പ്രകാരം കാൻസർ ചികിത്സയുടെ ഭാഗമായി റേഡിയേഷൻ/കീമോതെറാപ്പിക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി ആറ് മാസത്തെ (പൊതു അവധി ദിവസങ്ങൾ ഒഴിവാക്കി) സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്.

(iv) കെ.എസ്.ആർ ഭാഗം 1 ചട്ടം 19 B പ്രകാരം അവയവദാനം ചെയ്യുന്ന ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 45 ദിവസത്തെയും അവയവം സ്വീകരിക്കുന്ന ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 19 C പ്രകാരം ഒരു കലണ്ടർ വർഷം പരമാവധി 90 ദിവസത്തെയും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്.

(v) കെ.എസ്.ആർ ഭാഗം 1 അനുബന്ധം VII ചട്ടം 1 (iv) പ്രകാരം Anti-rabies ചികിത്സയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് Anti-rabies vaccine എടുക്കുന്ന ദിവസങ്ങൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദനീയമാണ്.

(II) കെ.എസ്.ആർ ഭാഗം 1 ചട്ടം 101 A പ്രകാരം ഹിസ്റ്ററക്ടമിക്ക് വിധേയരാകുന്ന ജീവനക്കാർക്ക് മുഴുവൻ ശമ്പളത്തോടുകൂടി 45 ദിവസത്തെ അവധി അനുവദിക്കുന്നുണ്ട്.

(III) ക്ഷയം, കുഷ്ഠം, മാനസികരോഗം, കാൻസർ എന്നീ അസുഖങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് മൂന്ന് വർഷത്തെ സർവീസ് ഇല്ലാത്ത ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 90 പ്രകാരം പരമാവധി 18 മാസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(IV) ക്ഷയം, കുഷ്ഠം, മാനസികരോഗം, കാൻസർ എന്നീ അസുഖങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ശമ്പളത്തോടുകൂടിയ മറ്റ് അവധികൾ ഇല്ലാത്ത സാഹചര്യങ്ങളിൽ, Temporary Employees-ന് പരമാവധി 18 മാസം വരെയും Permanent Employees-ന് പരമാവധി 36 മാസം വരെയും കെ.എസ്.ആർ ഭാഗം 1 ചട്ടം 90A-യിലെ വ്യവസ്ഥകൾക്ക് വിധേയമായി എക്സ്ഗ്രേഷ്യാ അലവൻസ് അനുവദനീയമാണ്. എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിനുള്ള ശമ്പള പരിധി പുതുക്കി നിശ്ചയിച്ച് 1-6-2021-ലെ സ.ഉ.(അ) നമ്പർ 79/2021/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(V) വിവിധ രോഗങ്ങൾക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുമ്പോൾ പ്രസ്തുത കാലയളവ് ആർജ്ജിതാവധി ഒഴികെയുള്ള സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നുണ്ട്.

(VI) മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾക്കുപുറമെ Rights of Persons with Disabilities Act chapter IV 20(4) പ്രകാരം ശാരീരികമോ, മാനസികമോ ആയ വൈകല്യം ബാധിക്കുന്ന ഉദ്യോഗസ്ഥരെ സർവീസിൽനിന്നും പുറത്താക്കാൻ പാടില്ലെന്നും തങ്ങളുടെ തസ്തികയിലെ ചുമതല നിർവ്വഹിക്കുവാൻ കഴിയാതെവരുന്ന പക്ഷം അനുയോജ്യമായ മറ്റൊരു തസ്തികയിൽ മാറ്റി നിയമിക്കേണ്ടതും ഒരു തസ്തികയിലും നിലനിർത്തുവാൻ കഴിയാതെവരുന്നപക്ഷം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാളുടെ വിരമിക്കൽ തീയതി വരെ നിലനിർത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(VII) മേൽ അവധികൾക്കുപുറമെ കോവിഡ്-19 പോലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന അവസരങ്ങളിൽ സാഹചര്യം വിലയിരുത്തി അതത് കാലങ്ങളിൽ പ്രത്യേക ആകസ്മികാവധിയും അനുവദിച്ചുവരുന്നുണ്ട്.

(VIII) മാരക രോഗങ്ങൾ ഉൾപ്പെടെ വിവിധ രോഗങ്ങൾ ബാധിച്ച സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവ്, ടി ആവശ്യത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളിലുൾപ്പെടെയുള്ളവ, ചികിത്സയ്ക്ക് മുൻപ് ആവശ്യകത അനുസരിച്ച് പലിശ രഹിത വായ്പയായോ അല്ലെങ്കിൽ റീ-ഇംബേഴ്സ്മെന്റായോ വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന ശിപാർശകൾ പരിശോധിച്ച് അനുമതി നൽകിവരുന്നുണ്ട്.

**കെ.എഫ്.സി.-യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി**

77(5737) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.-യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കെ.എഫ്.സി.-യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ താഴെപ്പറയുന്ന നടപടി സ്വീകരിച്ചുവരുന്നു.

1. ബാങ്കുകളുമായി സഹകരിച്ച് സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പകൾ ലഭ്യമാക്കുക.

2. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൽ ഒരു കോടി രൂപ വരെയുള്ള വായ്പകൾ 5 ശതമാനം പലിശയിൽ അനുവദിക്കുന്നു (ആകെ 8 ശതമാനം നിരക്കിന്മേൽ 3 ശതമാനം സർക്കാർ സബ്സിഡിയാണ്).

3. വ്യവസായ എസ്റ്റേറ്റിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് 20 കോടി രൂപ വരെ ലളിത വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുക.

4. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് 10 കോടി രൂപ വരെയുള്ള വായ്പകൾ യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയുമില്ലാതെ ലഭ്യമാക്കുക.

5. ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുക.

6. സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യയിലൂടെയുള്ള മാറ്റങ്ങൾ നടപ്പിലാക്കുക.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ കെ.എഫ്.സി. വഴി പലിശ കുറച്ച് വ്യക്തിഗത ലോൺ (പേഴ്സണൽ ലോൺ) നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് 1951 പ്രകാരം കെ.എഫ്.സി.-ക്ക് വ്യക്തിഗത ലോൺ (പേഴ്സണൽ ലോൺ) നൽകാനാവില്ല.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ**

78(5738) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിത വ്യവസ്ഥകളിലും വായ്പ നൽകുന്ന ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. വ്യവസായ വായ്പകളുമായി ബന്ധപ്പെട്ട സേവനങ്ങളും ആനുകൂല്യങ്ങളുമാണ് കെ.എഫ്.സി. വഴി പൊതുജനങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൂടുതൽ ജനസൗഹൃദമാക്കാൻ ലോണുകൾക്ക് നിലവിലുള്ള പലിശ നിരക്കുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശ നിരക്കുകൾ കുറയ്ക്കുവാനുള്ള നടപടി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്വീകരിച്ചുകഴിഞ്ഞു.

(സി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിക്കുന്ന നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

1. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൽ ഒരു കോടി രൂപ വരെയുള്ള വായ്പകൾ 5 ശതമാനം പലിശയിൽ അനുവദിക്കുന്നു (ആകെ 8 ശതമാനം നിരക്കിന്മേൽ 3 ശതമാനം സർക്കാർ സബ്സിഡിയാണ്).

2. വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്ക് 20 കോടി രൂപ വരെ ലളിത വ്യവസ്ഥയിൽ വായ്പ.

3. സ്റ്റാർട്ടപ്പുകൾക്ക് 10 കോടി രൂപ വരെ 7.6% പലിശ നിരക്കിൽ കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ വായ്പ.

4. ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശ നിരക്കുകൾ 9.5 ശതമാനമായിരുന്നത് 8 ശതമാനമായി കുറച്ചു.

5. വായ്പാ അപേക്ഷകളിൽ 7 ദിവസത്തിനകം തീരുമാനമെടുക്കാനുള്ള സംവിധാനം നടപ്പിലാക്കി.

6. ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തി.

**മഞ്ചേശ്വരം താലൂക്ക് പരിധിയിലെ സ്റ്റാമ്പ് വെണ്ടർമാർ**

79(5740) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് പരിധിയിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ രണ്ട് സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്.

(ബി) പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ പേരുവിവരങ്ങളും മുദ്രപത്രം വിതരണം ചെയ്യുന്ന സ്ഥലങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുമോ?

ശ്രീമതി പ്രേമലത കാമത്ത്, അണങ്കൂർ, കാസർഗോഡ്.

മുദ്രപത്രം വിതരണം ചെയ്യുന്ന സ്ഥലം - മഞ്ചേശ്വരം ടൗൺ.

ശ്രീ വെങ്കിടേഷ മല്ല്യ, ബങ്കര, മഞ്ചേശ്വരം, കാസർഗോഡ്.

മുദ്രപത്രം വിതരണം ചെയ്യുന്ന സ്ഥലം - മഞ്ചേശ്വരം ടൗൺ.

(സി) മഞ്ചേശ്വരം താലൂക്കിലെ ഒരു സ്റ്റാമ്പ് വെണ്ടറെ ഉപ്പളയിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള മുദ്രപത്ര നിർമ്മാണവും വില്പനയും നിയമം, 1960 ചട്ടം 35(19) ഉപചട്ടം (2)-ഉം (3)-നും വിധേയമായി ഒരു സ്റ്റാമ്പ് വെണ്ടർ ലൈസൻസ്, ലൈസൻസി ലിഖിതമായി ആവശ്യപ്പെടുന്നതിന്മേലോ, അല്ലെങ്കിൽ ലൈസൻസിക്ക് നോട്ടീസ് നൽകിക്കൊണ്ടോ ജില്ലാ ട്രഷറി ഓഫീസർക്ക് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റാവുന്നതാണ്. ഈ ചട്ടപ്രകാരം മഞ്ചേശ്വരം താലൂക്കിലെ മഞ്ചേശ്വരം ടൗണിലുള്ള രണ്ട് സ്റ്റാമ്പ് വെണ്ടർമാരിൽനിന്നും ഒരാളെ ഉപ്പളയിൽ നിയോഗിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനനികുതി വരുമാനത്തിലെ കുറവ്**

80(5741) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ബഡ്ജറ്റ് ചെലവ് ഗണ്യമായി ഉയർന്നിട്ടുണ്ടെങ്കിലും കോവിഡിനെ തുടർന്ന് സംസ്ഥാന നികുതി വരുമാനത്തിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന് ആകെ 2219.65 കോടി രൂപ വരുമാനമായി ലഭ്യമായിരുന്നു. 2020-21 സാമ്പത്തിക വർഷം ആകെ 2276.41 കോടി രൂപ വരുമാനം ലഭ്യമായിട്ടുള്ളതും 2021-22 സാമ്പത്തിക വർഷം ഒക്ടോബർ മാസം വരെ എക്സൈസ് വകുപ്പിന് 1030.40 കോടി രൂപ പിരിഞ്ഞ് കിട്ടിയിട്ടുള്ളതുമാണ്. രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ 3455.01 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് പ്രധാനമായും ബാധിച്ച 2020-21 സാമ്പത്തിക വർഷം 3130.32 കോടി രൂപ മാത്രമേ സമാഹരിക്കാനായുള്ളൂ. 2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ 9.40% വരുമാനത്തിൽ കുറവുള്ളതായി കാണുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ, 2020 ഒക്ടോബർ മാസം വരെ 1292.01 കോടി രൂപ സമാഹരിച്ചിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷം ഒക്ടോബർ മാസം വരെ 2054.13 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22 സാമ്പത്തിക വർഷം ഒക്ടോബർ മാസം വരെ 58.99% വരുമാനത്തിൽ വർദ്ധനവുള്ളതായി കാണുന്നു. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ കോവിഡിനെ തുടർന്ന് സംസ്ഥാന നികുതി വരുമാനത്തിൽ 18.47% കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിലെ തനത് നികുതി വരുമാനമായി 67,420.01 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 47671.98 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2021 ആഗസ്റ്റ് മാസം വരെയുള്ള താൽകാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് നികുതി വരുമാനമായി 18,355.53 കോടി രൂപ ലഭ്യമായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2020-21 കാലഘട്ടത്തിൽ നികുതി വരുമാനത്തിൽ 9.51 ശതമാനത്തിന്റെ നികുതി ഇടിവ് വന്നിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മാസം വരെയുള്ള നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തിൽ ഒക്ടോബർ മാസം വരെ 5.75 ശതമാനത്തിന്റെ നികുതി വർദ്ധനവുണ്ടായിട്ടുണ്ട്.

**കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ് 2021**

81(5742) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടം 45 പ്രകാരം ഒരു നിയമത്തിന്റെ കരട് നിയമ വകുപ്പ് പരിശോധന നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ 44-ാം ചട്ടം താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു. " 44. Except as hereinafter provided, the Law Department is not, in respect of legislation, an originating or initiating department and its proper function is to put into technical shape the projects of legislation of which the policy has been approved; and every proposal to initiate legislation shall be considered in, and if necessary transferred to, the Department to which the subject matter of the legislation relates and the necessity for legislation and all matters of substance to be embodied in the Bill shall be discussed and subject to rule 8 settled in such Department." മേൽ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സ്വീകരിച്ചാൽ മാത്രമേ പ്രസ്തുത ചട്ടങ്ങളിലെ 45-ാം ചട്ടപ്രകാരം ഒരു നിയമത്തിന്റെ കരട് നിയമവകുപ്പ് പരിശോധന നടത്തേണ്ടതുള്ളൂ.

(ബി) കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ് 2021 നിയമത്തിന്റെ കരട് നിയമ വകുപ്പ് പരിശോധിക്കാതിരുന്നത് കാര്യനിർവ്വഹണ ചട്ടത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണെന്ന് അറിയിക്കുമോ?

സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ 44-ാം ചട്ടപ്രകാരമുള്ള നടപടി ഭരണ വകുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാലാണ് കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ് 2021 നിയമത്തിന്റെ കരട് നിയമ വകുപ്പ് പരിശോധിക്കാതിരുന്നത്.

**നോക്കുകൂലിയുടെ പേരിൽ അതിക്രമങ്ങൾ**

82(5743) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോക്കുകൂലിയുടെ പേരിൽ അതിക്രമങ്ങൾ നടക്കുന്ന കാര്യം വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിനായി കർശനമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. നോക്കുകൂലി തൊഴിൽ തർക്കമായി കാണുന്നില്ല. നിയമവിരുദ്ധമായ പിടിച്ചുപറി ഇല്ലാതാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുവെ സംസ്ഥാനത്ത് ശക്തിപ്പെടുന്ന വ്യവസായ സൗഹൃദാന്തരീക്ഷത്തെ ദുർബ്ബലപ്പെടുത്താൻ ചിലർ ഈ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് ഉപയോഗിക്കുന്നുണ്ട്.

**അച്ചടക്ക നടപടി നേരിടുന്ന അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ**

83(5744) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിലും പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്ന അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ ആൻഡ് ഗവൺമെന്റ് പ്ലീഡർമാരിൽ എത്ര പേർ അച്ചടക്ക നടപടി നേരിടുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര പേർക്കെതിരെ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള വീഴ്ചകൾ കാരണമാണ് ഇവർ നടപടി നേരിടുന്നതെന്നും വെളിപ്പെടുത്തുമോ?

(എ &ബി) നിലവിൽ, ഹൈക്കോടതിയിൽ പ്രവർത്തിക്കുന്ന സർക്കാർ അഭിഭാഷകർ, വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവരിൽ ആരും തന്നെ അച്ചടക്ക നടപടി നേരിടുന്നില്ല.

(സി) അച്ചടക്ക നടപടി സംബന്ധിച്ച് എത്ര ഫയലുകളാണ് നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്നത്; ഇതുസംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

മുൻ സർക്കാരുകളുടെ ഭരണകാലത്ത് നിയമിതരായ വിവിധ ജില്ലകളിലെ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ചുള്ള 27 ഫയലുകളിലും ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ചുള്ള 15 ഫയലുകളിലും നിലവിൽ നിയമ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I* ആയി ചേർത്തിട്ടുള്ളതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ്-ന്റെ പ്രവർത്തനങ്ങൾ

84(5745) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽ സംരംഭകത്വം വളർത്തി അവരെ കൂടുതൽ തൊഴിലിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. ഇതിന്റെ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ ഭരണസമിതി (ഗവേണിംഗ് കൗൺസിൽ) സമയബന്ധിതമായി വിലയിരുത്തുന്നുണ്ട്.

(ബി)കീഡ്-നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കീഡ്-നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കുവാൻ കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മേൽ റിപ്പോർട്ട് 14-9-2021-ൽ കൂടിയ കീഡ്-ന്റെ ഭരണസമിതി വിശദമായി പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതാകുന്നു. തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

(സി) കീഡ്-ന്റെ ആഭിമുഖ്യത്തിൽ ജില്ലകൾതോറും സംരംഭക വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എന്തൊക്കെ ലക്ഷ്യങ്ങളാണ് ഇതിലൂടെ നേടാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കീഡ്-ന്റെ ആഭിമുഖ്യത്തിൽ എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ സംരംഭക വികസന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മൂല്യവർദ്ധിത ജോലികളും സേവനങ്ങളും സൃഷ്ടിക്കുക, സാങ്കേതികവിദ്യ കൈമാറുന്നതിനുള്ള സൗകര്യമൊരുക്കുക, ജനങ്ങളിൽ സംരംഭകത്വ മനോഭാവം വളർത്തുക,

നൈപുണ്യ വികസനത്തിൽ പരിശീലനം, ഗവേഷണം, സ്റ്റാർട്ടപ്പ് വികസനം, വായ്പ സുഗമമാക്കൽ, കയറ്റുമതി പ്രോത്സാഹനം, മറ്റ് അനുബന്ധ സേവനങ്ങൾ നൽകൽ എന്നിവയാണ് ജില്ലാതല സംരംഭക വികസന കേന്ദ്രങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. എറണാകുളത്ത് അങ്കമാലിയിൽ ആദ്യത്തെ സംരംഭക വികസന കേന്ദ്രം ഉദ്ഘാടനത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാൻ കഴിയും. മറ്റ് കേന്ദ്രങ്ങൾ നടപ്പിലാക്കാനുള്ള നടപടി അതിവേഗത്തിൽ ആവിഷ്കരിച്ചു വരുന്നു.

**പൊതുമേഖലാ - സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

85(5746) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ-സ്വയം ഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഇത് സംബന്ധിച്ച വിവരം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) ഇതിൽ ഏതെല്ലാം തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടത്തുന്നതിന് വിട്ടുകൊടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങളിൽ നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

(ബി&സി) വിശദാംശങ്ങൾ അനുബന്ധം 2, 3 എന്നിവയായി ചേർത്തിരിക്കുന്നു.*

(ഡി) പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നതിനുള്ള തസ്തികകളിൽ നിയമനത്തിനായി സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

അംഗീകരിച്ച സ്പെഷ്യൽ റൂൾസ്/റിക്രൂട്ട്മെന്റ് റൂൾസ് നിലവിലില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിൽ ആയത് പി.എസ്.സി.-യുമായി കൺസൾട്ട് ചെയ്ത് രൂപീകരിക്കുന്നതിനും പി.എസ്.സി. മുഖാന്തരം നിയമനം നടത്താൻ കഴിയുന്ന തസ്തികകൾ നിയമനത്തിനായി പിഎസ്.സി.-ക്ക് വിടുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഇ) പ്രസ്തുത തസ്തികകളിൽക്കൂടി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എസ്.സി. മുഖേന നിയമനം നടത്തുന്ന തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പി.എസ്.സി. മുഖേന യല്ലാതെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനായി 'കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ്' രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

### ബി.പി.സി.എൽ. ഭൂമി കൈമാറ്റം

86(5747) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിക്ക് സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകിയിരിക്കുന്നത് പബ്ലിക് പർപ്പസ് എന്ന ഹെഡ്ഡിലുൾപ്പെടുത്തിയാണോ എന്ന് അറിയിക്കാമോ?

ലാൻഡ് അക്വിസിഷൻ ആക്ട് 1894 (അമെൻമെന്റ് ആക്ട് 1984) പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ കൊച്ചിൻ റിഫൈനറിക്കു വേണ്ടി ഏറ്റെടുത്ത ഭൂമി പൊതു ആവശ്യത്തിനുവേണ്ടിയാണ്.

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നിയമപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ലാൻഡ് അക്വിസിഷൻ ആക്ട് 1894 (അമെൻമെന്റ് ആക്ട് 1984) സെക്ഷൻ 44A പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ അവകാശം അനുമതിയില്ലാതെ സ്വകാര്യ കമ്പനിക്ക് കൈമാറുന്ന ബി.പി.സി.എൽ.-ന്റെ സ്ട്രാറ്റജിക് സെയിലിനെ നിയമപരമായി ചോദ്യം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 20-11-2019-ന് നടന്ന CCEA യോഗത്തിൽ, Strategic buyer-ന് മാനേജ്മെന്റ് നിയന്ത്രണം കൈമാറുന്നതിനോടൊപ്പം ബി.പി.സി.എൽ-ൽ കേന്ദ്ര സർക്കാരിനുള്ള 52.98% ഓഹരി പങ്കാളിത്തം strategic disinvestment നടത്താൻ തത്വത്തിൽ അംഗീകാരം നൽകിയതായി അറിയുന്നു. ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിൻമാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 17-10-2019, 18-03-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ

വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈനറിയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിൻമാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

### കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ

87(5748) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിനുവേണ്ടി സംസ്ഥാനം സൗജന്യമായി കൈമാറിയ ഭൂമിക്ക് നിലവിൽ കേന്ദ്രം വില ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ സംസ്ഥാനത്തിന്റെ വ്യാവസായികമായ പൊതുതാല്പര്യം മുൻനിർത്തി പാലക്കാടുള്ള യൂണിറ്റ് ഏറ്റെടുത്ത് നടത്താൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനെത്തുടർന്ന് കമ്പനിയുടെ 31-3-2017 പ്രകാരമുള്ള ആസ്തിബാധ്യതകൾ നിജപ്പെടുത്തി 53.02 കോടി രൂപയ്ക്ക് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്താണ് കമ്പനി സ്ഥിതി ചെയ്യുന്നത്. എന്നാൽ ആ സ്ഥലത്തിന്റെ വില കൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂ എന്ന കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കാരണം കൈമാറ്റ നടപടികൾ വൈകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കമ്പനി സ്ഥാപിക്കുന്നതിന് കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ വസ്തുവിന്റെ വില, Net Asset Value കണക്കാക്കുമ്പോൾ ഒഴിവാക്കപ്പെടേണ്ടതാണെന്നും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും കത്തുകളിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഈ വിഷയത്തിൽ അനുകൂല നിലപാട് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നേതൃത്വത്തിനായി പ്രൊഫഷണലുകൾ

88(5749) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃസ്ഥാനങ്ങളിൽ കാര്യപ്രാപ്തിയുള്ള പ്രൊഫഷണലുകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇവരെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ബോർഡോ, സമിതിയോ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും എം.ഡി./സി.ഇ.ഒ.-മാരുടെ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പു വരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് എന്ന ഒരു വിദഗ്ദ്ധ സമിതി ജസ്റ്റിസ് കെ. കെ. ദിനേശൻ (റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി) അധ്യക്ഷനായി 8-7-2019-ലെ ജി.ഒ (എം.എസ്) നമ്പർ 24/2019/പി&ഇ.എ. പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനമേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി അതത് ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒഴിവുവരുന്ന മുറയ്ക്ക് യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സഹിതം പ്രസ്തുത തസ്തികയിലേയ്ക്ക് അനുയോജ്യരായവരെ തെരഞ്ഞെടുക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെ.പി.ഇ.എസ്.ബി.-യുടെ വെബ്സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച് വിപുലമായ രീതിയിൽ പത്രപരസ്യമുൾപ്പെടെ നൽകുകയും ഇപ്രകാരം അപേക്ഷിക്കുന്നവരിൽനിന്നും യോഗ്യരായവരുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി അനുയോജ്യരായവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒഴിവുവരുന്ന മുറയ്ക്ക് പ്രസ്തുത ലിസ്റ്റിലുൾപ്പെട്ട വ്യക്തിയുടെ വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനുശേഷം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടുകൂടി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

(ഡി) പുതിയ നിയമനരീതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം സ്ഥാപനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ കെ.പി.ഇ.എസ്.ബി. മുഖേന തെരഞ്ഞെടുത്ത മാനേജിംഗ് ഡയറക്ടർമാരാണ് നിലവിൽ ചുമതല വഹിക്കുന്നത്.

**ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് വെള്ളൂർ**

89(5750) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ നിലവിലെ സ്ഥിതി എന്താണെന്നും കമ്പനിയിലെ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ലഭ്യമാകുമോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ഏറ്റെടുത്ത എച്ച്.എൻ.എൽ.-ന്റെ പുനഃസംഘടനയുടെ ഭാഗമായി സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കേരള പേപ്പർ പ്രോഡക്ട്സ് എന്ന പേരിലുള്ള കമ്പനിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. തുടർപ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) കമ്പനി പ്രവർത്തിപ്പിക്കുമെന്ന് കേരള സർക്കാർ എൻ.സി.എൽ.ടി. കോടതിയിൽ കൊടുത്ത സത്യവാങ്മൂലം പ്രാവർത്തികമാക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ എൻ.സി.എൽ.റ്റി. കൊച്ചി ബെഞ്ചിൽ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ പ്രകാരം എച്ച്.എൻ.എൽ. ഏറ്റെടുക്കുന്നതിന് 145.60 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചത്. ഈ പദ്ധതിക്ക് എൻ.സി.എൽ.റ്റി. അംഗീകാരം നൽകുകയും പ്രസ്തുത തുക ധനകാര്യ സ്ഥാപനങ്ങൾ, തൊഴിലാളികൾ എന്നിവർ അടങ്ങുന്ന ഫിനാൻഷ്യൽ ക്രെഡിറ്റേഴ്സിനും (financial creditors) മറ്റ് ഓപ്പറേഷണൽ ക്രെഡിറ്റേഴ്സിനും (operational creditors) വിതരണം ചെയ്തുകഴിഞ്ഞു.

(സി) സർക്കാർ കമ്പനി ഏറ്റെടുത്ത് ഒൻപത് മാസം കഴിഞ്ഞിട്ടും ഔദ്യോഗികമായി ഒരു മീറ്റിംഗും വിളിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

എച്ച്.എൻ.എൽ. പുനരുദ്ധാരണ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. HNL-ന്റെ പുനരുദ്ധാരണം സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി അതിനനുസരിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) തൊഴിലാളികൾക്ക് കിട്ടാനുള്ള ശമ്പളം, പി.എഫ്., ഗ്രാറ്റുവിറ്റി എന്നിവ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം നൽകിയെന്ന് വ്യക്തമാക്കാമോ; ബാക്കി നൽകുന്നതിന്റെ നടപടി എന്തായെന്ന് അറിയിക്കാമോ?

എൻ.സി.എൽ.റ്റി. കൊച്ചി ബെഞ്ച് അംഗീകരിച്ച റെസല്യൂഷൻ പ്ലാൻ പ്രകാരം മൊത്തം 145.60 കോടി രൂപ സർക്കാർ കിൻഫ്ര മുഖാന്തരം ഫിനാൻഷ്യൽ ക്രെഡിറ്റേഴ്സിനും ഓപ്പറേഷണൽ ക്രെഡിറ്റേഴ്സിനും വിതരണം ചെയ്തുകഴിഞ്ഞു. അതുപ്രകാരം workmen, trainee, secured financial creditors എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് പി.എഫ്-മായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 35.13%-വും employees, unsecured creditors എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 16.31%-വും വച്ച് തുക വിതരണം ചെയ്തു കഴിഞ്ഞു. എൻ.സി.എൽ.റ്റി. അംഗീകരിച്ചതുപ്രകാരമുള്ള ബാധ്യതകൾ നൽകിയാണ് സർക്കാർ കമ്പനി ഏറ്റെടുത്തിരിക്കുന്നത്.

(ഇ) കമ്പനി പുനരാരംഭിക്കാൻ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള പേപ്പർ പ്രൊഡക്ട്സ് എന്ന പുതിയ കമ്പനി പ്രവർത്തനം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ട്. ഇതിനായി എൻ.സി.എൽ.റ്റി. അംഗീകരിച്ച പ്ലാനിൽ 55 കോടി രൂപ മെഷീനുകളുടെ റിപ്പെയർ & മെയിന്റനൻസിനുകൂടാതെ അധികമായി 70.89 കോടി രൂപ കമ്പനി പ്രവർത്തനം ആരംഭിച്ച് 6 മാസത്തിനുള്ളിൽ മൂലധനമായിട്ടും റെസല്യൂഷൻ പ്ലാനിലുൾക്കൊള്ളിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

90 (5751) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണത്തിനുമായി 248.79 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലുൾപ്പെടെ ഒരു സമഗ്ര പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വ-ദീർഘകാല ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് രണ്ട് തരത്തിലുള്ള കർമ്മ പദ്ധതികളിലൂടെ പൊതുമേഖലാസ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്ക് കൊണ്ടുവരുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവൽക്കരണം,

വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുമാണ് സമഗ്രമായ മാസ്റ്റർപ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത്. മാസ്റ്റർപ്ലാനിന്റെ ഭാഗമായി ഓരോ കമ്പനിയുടേയും പ്രവർത്തനങ്ങളും പ്രത്യേകമായി അവലോകനം ചെയ്തും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകിയും പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമമാക്കിക്കൊണ്ട് പുനരുദ്ധരിക്കുന്നതിനും നഷ്ടം കുറച്ച് ലാഭകരമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. മാസ്സർപ്ലാനിന്റെ ഭാഗമായി കയറ്റുമതി സാധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ കമ്പനി തലത്തിലും റിയാബ് മുഖേനയും നടത്താറുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർക്ക് മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർക്ക് കോഴിക്കോട് ഐ.ഐ.എം.-ൽ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ജീവനക്കാരുടെ സ്ഥലംമാറ്റം**

91(5752) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-02-2017-ലെ സ.ഉ.(പി).നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി മാർഗ്ഗനിർദ്ദേശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവെന്ന് പറയാമോ?

25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ ഉ.ഭ.പ.വ. പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പൊതു-മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലൊഴികെ മറ്റൊരിടത്തും മേൽപ്പറഞ്ഞ ഉത്തരവിനെ അടിസ്ഥാനമാക്കി പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളൊന്നുംതന്നെ ഇതുവരെ നിശ്ചയിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മാർഗ്ഗനിർദ്ദേശരേഖയിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് സ്ഥലംമാറ്റം നടപ്പിലാക്കാത്തവ ഏതെല്ലാം; കാരണം വിശദമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്റ്റാറ്റ്യൂട്ടറി ബോഡിയായതിനാലും കെ.എസ്.ആർ വ്യവസ്ഥകൾക്ക് വിധേയമായതിനാലും 25-2-2017-ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് ടി സ്ഥാപനത്തിൽ പൊതുസ്ഥലംമാറ്റം നടത്തുന്നത്. വ്യവസായ വകുപ്പിനുകീഴിലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് മാത്രമുള്ളതിനാൽ പൊതുസ്ഥലംമാറ്റം നടപ്പാക്കേണ്ട ആവശ്യമില്ല. വ്യവസായ വകുപ്പിനുകീഴിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ കമ്പനി തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നൽകിവരുന്നത്.

### ഇൻകെൽ ലിമിറ്റഡ്

92 (5753) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളനിക്ഷേപം ആകർഷിക്കാനായി പൊതു-സ്വകാര്യ ഉടമസ്ഥതയിൽ രൂപീകരിച്ച ഇൻകെൽ ലിമിറ്റഡിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഇൻകെൽ ലിമിറ്റഡിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

(ബി) വിവിധ വകുപ്പുകളുടെ കീഴിലുള്ള നിർമ്മാണ പ്രവൃത്തികളിൽ നിന്ന് നിർവ്വഹണ ഏജൻസിയായിരുന്ന ഇൻകെൽ ലിമിറ്റഡിനെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഏതെല്ലാം വകുപ്പുകളാണ് ഇൻകെൽ ലിമിറ്റഡിനെ പരിഗണിക്കേണ്ടതില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒഴിവാക്കിയിട്ടില്ല. നിലവിൽ ആരോഗ്യം, ധനകാര്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലെ പദ്ധതികളുടെ നിർമ്മാണച്ചുമതല ഇൻകെൽ നിർവഹിക്കുന്നുണ്ട്.

(സി) സാമ്പത്തിക ഭദ്രതയില്ലെന്ന കാരണത്താൽ വിദ്യാഭ്യാസ വകുപ്പ്, ധനകാര്യ വകുപ്പ്, കിഫ്ബി തുടങ്ങിയവയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇൻകെൽ ലിമിറ്റഡിന് അപ്രഖ്യാപിത വിലക്കുണ്ടോ; വിശദമാക്കാമോ?

ഇല്ല. വിദ്യാഭ്യാസവകുപ്പിന്റെ 39 സ്കൂളുകളുടെയും നിർമ്മാണച്ചുമതല ഇൻകെലിനാണ്.

(ഡി) ഇൻകെൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി ടെൻഡർ ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ടെൻഡർ നടപടി പൂർത്തിയാക്കിയശേഷം റദ്ദാക്കിയിട്ടുണ്ടോ; നിലമ്പൂർ സബ് ട്രഷറി കെട്ടിട നിർമ്മാണ പ്രവൃത്തി ഇൻകെൽ ലിമിറ്റഡിൽനിന്ന് ധനകാര്യ വകുപ്പ് തിരിച്ചെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

36 ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ ട്രഷറി ഡിപ്പാർട്ട്മെന്റ് ഇൻകെലിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിൽ 5 എണ്ണത്തിന് പല കാരണങ്ങളാൽ DPR തയ്യാറാക്കേണ്ടിവന്നില്ല. 7 ട്രഷറികൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. 18 ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 6 ട്രഷറികളുടെ വർക്ക് ഇൻകെൽ ചെയ്യേണ്ടതില്ലെന്ന് 10-2-2021-ൽ ട്രഷറി ഡയറക്ടർ ഇൻകെലിനെ അറിയിച്ചിരുന്നു. ഇതിൽ നിലമ്പൂർ സബ് ട്രഷറി നിർമ്മാണവും ഉൾപ്പെടുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് സംവിധാനം**

93(5754) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) എന്ന ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലാകാലങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ പ്രവർത്തന മേഖലകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ചെലവേറിയ ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്നതുകൊണ്ട് പ്രയോജനം ലഭിക്കാത്ത സ്ഥാപനങ്ങളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള പ്രായോഗികതകൂടി പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല, വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലും സമഗ്രമായ ഒരു ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്നതിനെപ്പറ്റി വിശദമായ പഠനം നടത്തുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നൊവേഷൻ ടെക്നോളജി (KUDSIT) എന്ന സ്ഥാപനത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് ഇ-ഗവേണൻസ് സംവിധാനങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ പ്രൊക്വയർമെന്റ് സംവിധാനം മുഖേന 2013 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ ധന ക്രയവിക്രയങ്ങൾ നടത്തുന്നതിനായി ഇലക്ട്രോണിക്സ് ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയതിനുപുറമെ മറ്റ് ഓഫീസ് നടപടിക്രമങ്ങളും ഇ-ഗവേണൻസ് സംവിധാനം മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

## കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം

94(5755) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-20 കാലയളവിൽ കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) നടത്തിയ പ്രവർത്തന ഫലമായുണ്ടായ നേട്ടങ്ങൾ എന്തെല്ലാമായിരുന്നെന്ന് വിവരിക്കാമോ?

നേട്ടങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധം *ആയി ചേർക്കുന്നു.

(ബി) ഈ കാലയളവിൽ ഓരോ വർഷവുമുണ്ടായ വിറ്റുവരവ് എത്ര വീതമായിരുന്നു എന്ന് അറിയിക്കുമോ?

2016-20 കാലയളവിലെ കമ്പനിയുടെ വിറ്റുവരവിനെ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഈ കാലയളവിൽ ഔഷധ നിർമ്മാണത്തിലുണ്ടായ പുരോഗതി എന്തെല്ലാമായിരുന്നു; പുതുതായി ഏതെല്ലാം ഔഷധങ്ങളുടെ ഉല്പാദനം ആരംഭിച്ചിരുന്നു എന്ന് അറിയിക്കുമോ?

ഔഷധ നിർമ്മാണ മേഖലയിലെ ആധുനിക സംവിധാനങ്ങൾ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.-യിൽ അവലംബിച്ച് ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റ്, നോൺ ബീറ്റാലാക്ടം പ്ലാന്റ് എന്നിവ പൂർത്തീകരിക്കുകയും ഉല്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മെഷീനുകൾ സ്ഥാപിച്ചതുവഴി ഗുണമേന്മയുള്ള മരുന്നുകളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. നോൺ ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ആരോഗ്യ മേഖലയിലേയ്ക്ക് ആവശ്യമായ ഇൻജക്ഷൻ മരുന്നുകൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ജർമ്മൻ സാങ്കേതികവിദ്യ അവലംബിച്ചിരിക്കുന്ന പ്ലാന്റിൽ ഗുണനിലവാരമുള്ള ഇൻജക്ഷൻ മരുന്നുകൾ ലഭ്യമാക്കുവാൻ സാധിക്കും. കൂടാതെ പുതിയ മരുന്നുകൾ വികസിപ്പിക്കുന്നതിനായി CSIR NIIST-യുമായി കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കായുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയ അവസാനഘട്ട പരീക്ഷണത്തിലാണ്. കൂടാതെ ഓങ്കോളജി പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുത്ത് തുടർനടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്നും അവ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഓങ്കോളജി പാർക്കിന്റെ നിർമ്മാണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇതിനായി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ടി പദ്ധതിക്ക്, KIIFB-യുടെ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ട്. KIIFB-യുടെ അന്തിമ അംഗീകാരത്തിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. KIIFB-യുടെ അംഗീകാരം ലഭിച്ചതിനുശേഷം 28 മാസം കൊണ്ട് കെട്ടിട നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

2. താഴെപ്പറയുന്ന അഞ്ച് ഇനം മരുന്നുകൾ മാർക്കറ്റിൽ എത്തിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

Linezolid Tab 500 mg-അണുബാധയ്ക്കെതിരെയുള്ളത്, Hydroxy Chloroquine Tab 50 mg - മലേറിയ, കൊറോണ എന്നിവയ്ക്കെതിരെയുള്ളത്, Metformin Hcl tab SR 500 mg-പ്രമേഹത്തിനെതിരെയുള്ളത്, Atorvastatin tab 10 mg-കൊളസ്ട്രോളിനെതിരെയുള്ളത്, Cetrizine syrup-അലർജിക്കെതിരെയുള്ളത്.

**സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ**

95 (5756) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ മുതൽമുടക്കുന്നവരെ ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നത് ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ വ്യവസായസംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുകയും ഇതിനുവേണ്ടി നിയമനിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുമുണ്ട്. 2018-ൽ നടപ്പിലാക്കിയ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ , 2019-ലെ ‘ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയവയാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാ

ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 21 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസ മില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാ നത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ' കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടി സ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തി രഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക്

എന്തെങ്കിലും വകുപ്പുതല കാലതാമസമുണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ വർഷവും ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സംവിധാനങ്ങളുടെ പുരോഗതി മാസംതോറും വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി &സി) കോവിഡ് പശ്ചാത്തലത്തിൽ നിലവിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുന്നത് പരിഗണനയിലില്ല. പകരം ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു. കൂടാതെ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദി ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തിവരുന്നു.

**സംരംഭക സഹായ പദ്ധതി**

96(5757) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയുടെ പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായി നൽകി വരുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി സർക്കാർ 1-4-2012 മുതൽ നടപ്പിൽവരുത്തിയ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme). Start up support, Investment support, Technology support എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിൽ ഈ പദ്ധതിപ്രകാരം സഹായം നൽകിവരുന്നു. ഉല്പാദനമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും ഉല്പാദനപ്രക്രിയക്ക് നിക്ഷേപം നടത്തിയിട്ടുള്ളതും എന്നാൽ ജോബ് വർക്ക് ചെയ്യുന്ന യൂണിറ്റുകൾക്കും മാത്രമാണ് നിക്ഷേപ സഹായം അനുവദിക്കുന്നത്. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക-ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ, റെഡിമെയ്ഡ് വസ്ത്ര ഉല്പാദനം, പാരമ്പര്യേതര ഊർജ്ജ നിർമ്മാണത്തിനുള്ള മെഷിനറി നിർമ്മാണം, ബയോടെക്നോളജി, പൂർണ്ണമായും കയറ്റുമതി അധിഷ്ഠിത ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് വ്യവസായം, പ്ലാസ്റ്റിക് വേസ്റ്റ് റീ സൈക്ലിംഗ്, ജൈവവള വ്യവസായങ്ങൾ തുടങ്ങിയവയെ മുൻഗണന വിഭാഗത്തിലുൾപ്പെടുത്തി അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യവസായം ആരംഭിക്കുന്നതിലേയ്ക്കായി ദീർഘകാലവായ്പ ലഭ്യമായ യൂണിറ്റുകൾക്ക് അർഹമായ നിക്ഷേപ സഹായത്തിന്റെ 50% (മൂന്ന് ലക്ഷം രൂപ വരെ) start up support ആയി അനുവദിക്കാവുന്നതാണ്. ഇപ്രകാരം സഹായം ലഭ്യമായ യൂണിറ്റുകൾ അത് ലഭിച്ച് ഒരു വർഷത്തിനകം ഉല്പാദനം ആരംഭിക്കേണ്ടതുണ്ട്. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്ന സംരംഭകർക്ക് വ്യാവസായികോല്പാദനം ആരംഭിച്ച് ഒരു വർഷക്കാലയളവിനുള്ളിൽ നിക്ഷേപ സഹായത്തിനായി ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിക്ഷേപ സഹായത്തിനുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട ജില്ലാതല സമിതി ആവശ്യമായ പരിശോധനകൾ

നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്. ഭൂമി, കെട്ടിടം, പ്ലാന്റ് & മെഷിനറി, ഇലക്ട്രിഫിക്കേഷൻ, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയ സ്ഥിര നിക്ഷേപങ്ങളാണ് നിക്ഷേപാനുകൂല്യത്തിനായി പരിഗണിക്കുന്നത്. ഉല്പാദനം ആരംഭിച്ചതിനുശേഷം യൂണിറ്റ് നടപ്പിലാക്കുന്ന വിപുലീകരണം, ഉല്പാദന വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കും നിബന്ധനകൾക്ക് വിധേയമായി നിക്ഷേപ സഹായം ലഭിക്കുന്നതാണ്. ഉല്പാദനം ആരംഭിച്ചതിനുശേഷം സാങ്കേതികവിദ്യ കരസ്ഥമാക്കുന്ന സംരംഭങ്ങൾക്ക് ടി നിക്ഷേപങ്ങൾക്ക് ആനുപാതികമായി Technology Support നൽകിവരുന്നു. പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കി 6 മാസ കാലയളവിനുള്ളിൽ ഇതിനായി അപേക്ഷിക്കേണ്ടതുണ്ട്. നിക്ഷേപ സഹായത്തിനുള്ള അപേക്ഷയിൽ ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുള്ളപക്ഷം നിക്ഷേപകർക്ക് വ്യവസായ വാണിജ്യ ഡയറക്ടർ മുൻപാകെ സംസ്ഥാനതല കമ്മിറ്റിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നിക്ഷേപ സഹായം ലഭ്യമായ യൂണിറ്റുകൾ സഹായം ലഭ്യമായി, കുറഞ്ഞത് 5 വർഷക്കാലം പ്രവർത്തിക്കണമെന്ന് നിബന്ധനയുണ്ട്. അല്ലാത്തപക്ഷം, ലഭിച്ച സഹായം പലിശ സഹിതം സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടിവരുന്നതുമാണ്.

(ബി) വ്യവസായ ആവശ്യത്തിനായുള്ള ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ആധുനിക വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭങ്ങൾക്ക് കൈമാറുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് വ്യവസായ ഭൂമിക്ക് ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ (ഗാല) വ്യവസായ വകുപ്പ് രൂപീകരിക്കുന്നുണ്ട്. നിലവിൽ എറണാകുളം ജില്ലയിലെ എടയാർ വ്യവസായ എസ്റ്റേറ്റിൽ ഗാല പൂർത്തീകരിച്ച് സംരംഭകർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതുകൂടാതെ തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടം, ആലപ്പുഴ ജില്ലയിലെ പുന്നപ്ര എന്നീ വ്യവസായ എസ്റ്റേറ്റുകളിലും ഗാലകളുടെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ വേളിയിൽ ഗാലയുടെ നിർമ്മാണം ആരംഭഘട്ടത്തിലാണ്.

(സി) നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ജലം, ഗതാഗതം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ സംരംഭകർക്കായി ക്രമീകരിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമേ ഓരോ സാമ്പത്തിക വർഷത്തിലെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഓരോ വ്യവസായ എസ്റ്റേറ്റിന്റെയും

അടിസ്ഥാന സൗകര്യങ്ങളുടെ അധിക ആവശ്യകത പരിശോധിച്ച് അവയിൽ അറ്റകുറ്റപ്പണി/പുനർനിർമ്മാണം എന്നിവയ്ക്കായി ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റ് വിഹിതമായി തുക വകയിരുത്തുകയും പൊതുമരാമത്ത് വകുപ്പ് പോലെയുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി, നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ വ്യവസായ പാർക്കുകളുടെ സുരക്ഷ ഉറപ്പാക്കാനായി ചുറ്റുമതിൽ, ഗേറ്റ് എന്നിവയും വൈദ്യുതി തടസ്സം ഒഴിവാക്കാൻ Power feeder-കളും മാലിന്യ നിർമ്മാർജ്ജനത്തിനായി Common Effluent Treatment Plant എന്നിവ സജ്ജമാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 4851-00-101-86, 2851-00-101-92 എന്നീ ശീർഷകങ്ങളിലായി ആകെ 10 കോടി രൂപ വകയിരുത്തപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ മൺവിള, വേളി എറണാകുളം ജില്ലയിലെ ആലുവ, കളമശ്ശേരി, വാഴക്കുളം, തൃശ്ശൂർ ജില്ലയിലെ അയ്യങ്കുന്ന്, വേളക്കോട്, പുഴക്കൽപാടം, വരവൂർ എന്നീ വ്യവസായ പാർക്കുകളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായും എറണാകുളം ജില്ലയിലെ എടയാർ, ആലപ്പുഴ ജില്ലയിലെ അരൂർ എന്നീ വ്യവസായ പാർക്കുകളിൽ Common Effluent Treatment Plant (CETP) സ്ഥാപിക്കാനായിട്ടുള്ള DPR തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കോവിഡ് സമാശ്വാസ പദ്ധതി**

97(5758) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സംരംഭകർക്കായി നടപ്പിലാക്കിയ കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി പുതിയ പാക്കേജുകൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ

ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവന മേഖലയിലുൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതിപ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പ്രസ്തുത പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാകേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി പുതിയ പാക്കേജുകൾ പ്രഖ്യാപിക്കാൻ നിലവിലുദ്ദേശിക്കുന്നില്ല.

**സംരംഭക സഹായ പദ്ധതി ഇ.എസ്.എസ്.**

98(5759) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2021 കാലയളവിൽ സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) പ്രകാരം എത്ര സംരംഭക യൂണിറ്റുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദമായ കണക്ക് ലഭ്യമാക്കാമോ?

ആകെ 5743 യൂണിറ്റുകൾക്ക് പ്രയോജനം ലഭിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 1567.92 | 474 |
| കൊല്ലം | 1788.65376 | 710 |
| പത്തനംതിട്ട | 1595.78 | 356 |
| ആലപ്പുഴ | 1612 | 415 |
| കോട്ടയം | 1564.18 | 329 |
| ഇടുക്കി | 982.43705 | 195 |
| എറണാകുളം | 4668.64278 | 672 |
| തൃശ്ശൂർ | 2930.12 | 593 |
| പാലക്കാട് | 2482.24234 | 423 |

| (1) | (2) | (3) |
|---|---|---|
| മലപ്പുറം | 2107.237 | 397 |
| കോഴിക്കോട് | 1446.1569 | 398 |
| വയനാട് | 807.96294 | 159 |
| കണ്ണൂർ | 1359.21 | 369 |
| കാസർഗോഡ് | 1031.35318 | 253 |
| ആകെ | 25943.89588 | 5743 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്റ്റാർട്ടപ്പുകൾക്ക് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കഴിഞ്ഞിട്ടുണ്ട്. ഇതുവരെ എല്ലാ ജില്ലകൾക്കുംകൂടി 114 യൂണിറ്റുകൾക്കായി 181.336 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(സി) നാനോ യൂണിറ്റുകൾക്ക് നൽകിവരുന്ന മാർജിൻമണി ഗ്രാന്റ് പദ്ധതിയുടെ പ്രയോജനം എത്ര യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

74 യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 12 | 11 |
| കൊല്ലം | 30 | 11 |
| പത്തനംതിട്ട | 14 | 5 |

| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 9.33 | 4 |
| കോട്ടയം | 7.28939 | 3 |
| ഇടുക്കി | 1.55425 | 1 |
| എറണാകുളം | 0 | 12 |
| തൃശ്ശൂർ | 0 | 9 |
| പാലക്കാട് | 5 | 2 |
| മലപ്പുറം | 0 | 0 |
| കോഴിക്കോട് | 0 | 10 |
| വയനാട് | 0 | 0 |
| കണ്ണൂർ | 14.708 | 5 |
| കാസർഗോഡ് | 1.2 | 1 |
| ആകെ | 95.0816 | 74 |

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം പാലക്കാട് ജില്ലയിലെ എത്ര യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

രണ്ട് യൂണിറ്റുകൾക്ക് 5 ലക്ഷം രൂപ മാർജിൻമണി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയിലെ പൂട്ടിപ്പോയ വ്യാവസായിക യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

പ്രവർത്തനരഹിതമായ എം.എസ്.എം.ഇ യൂണിറ്റുകൾക്കുള്ള സഹായപദ്ധതി (Revival and Rehabilitation Scheme for Defunct MSME & Cashew Processing Unit) നടപ്പിലാക്കിവരുന്നു.

## യുവ സംരംഭകർക്ക് സർക്കാർ പ്രോത്സാഹനം

99 (5760) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

തൊഴിലന്വേഷകരെ തൊഴിൽദാതാക്കളാക്കുക എന്ന സർക്കാർ നയത്തിന് ഊന്നൽ നൽകിക്കൊണ്ട് യുവ സംരംഭകരുൾപ്പെടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകർക്ക് പ്രോത്സാഹനമാകുന്ന നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. 2019-ലെ കേരള സൂക്ഷ്മ- ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിലുൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ യുവസംരംഭകർക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. യുവജനങ്ങളിൽ സംരംഭകസംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്ന തിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പ്രോൽസാഹിപ്പിക്കുന്നതിനായി സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനമായി K-Swift പോർട്ടൽ നിലവിലുണ്ട്. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ്സ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി

ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപന ങ്ങളിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവസംരംഭങ്ങൾക്ക് മൂലധനസഹായം അനുവദിക്കുകയുണ്ടായി. മേൽ പ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസി പ്പിക്കുകയും വാണിജ്യവല്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

(ബി) യുവസംരംഭകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

യുവസംരംഭകരുടെ വായ്പയുടെ പലിശ നിലവിലെ ആർ.ബി.ഐ ബാങ്ക് നിരക്കായ 4.25% ആണ്. ഇത് താരതമ്യേന വളരെ കുറഞ്ഞ പലിശനിരക്കാണ്.

(സി) പ്രാദേശിക ഉല്പന്ന വ്യവസായം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

മേൽ പരാമർശിച്ച എല്ലാ പദ്ധതികളും യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ പ്രാദേശിക ഉല്പന്നങ്ങളും വ്യവസായവും പ്രോത്സാഹിപ്പിക്കുന്നതിനും കൂടി വേണ്ടിയുള്ളതാണ്.

## വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

100(5761) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി.അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് വിവിധ ഏജൻസികൾ വഴി ഭൂമി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം?

8-1-2020-ലെ സർക്കാർ ഉത്തരവ് GO(Ms)8/2020ID-യിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഹയർ പർച്ചേസ് വ്യവസ്ഥയിൽ നിലവിൽ വ്യവസായ വകുപ്പിന്റെ ഭൂമി അനുവദിക്കുന്നത്. കിൻഫ്ര ഭൂമി അനുവദിക്കുന്നത് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ്.

30 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നു; ഇത് കാലാവധി തീരുന്ന മുറയ്ക്ക് 5000 രൂപയും GST-യും അടച്ച് പരമാവധി 90 വർഷം വരെ പുതുക്കാവുന്നതാണ്. ഭൂമി വ്യവസായാവശ്യത്തിനുമാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ; ഉപ പാട്ടം അനുവദനീയമല്ല. നിശ്ചിത സമയത്തിനകം ഭൂമി ഉപയോഗിക്കാത്തപക്ഷം അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനും ഭൂമി തിരിച്ചെടുക്കുന്നതിനും വ്യവസ്ഥയുണ്ട്. അലോട്ട് ചെയ്യപ്പെട്ട ഭൂമി ഭാഗികമായി വിനിയോഗിക്കുകയും ബാക്കി ഭൂമി വിനിയോഗിക്കാതിരിക്കുകയും ചെയ്താൽ വിനിയോഗിക്കാത്ത ഭൂമി തിരിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്.

KSIDC ഭൂമി അനുവദിക്കുന്ന നിബന്ധനകൾ താഴെപ്പറയുന്നു.

30 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നു. ഭൂമി ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ ലഭിച്ചതിനുശേഷം 10 ഏക്കർ വരെയുള്ള അപേക്ഷകൾ DILAC തീരുമാനപ്രകാരവും 10 ഏക്കറും അതിൽ കൂടുതലും ആണെങ്കിൽ SILAC തീരുമാനപ്രകാരവും അത് അനുവദിക്കുന്നു. അലോട്ട്മെന്റിനുശേഷം ആദ്യ രണ്ട് വർഷം ലൈസൻസ് പീരിയഡായി കണക്കാക്കുന്നു. പ്രസ്തുത കാലയളവിനുള്ളിൽ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങേണ്ടതാണ്. യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിയശേഷം മുഴുവൻ ലീസ് പ്രീമിയം അടച്ച് യൂണിറ്റുമായി 30 വർഷത്തിന്റെ ബാക്കി കാലയളവിലേക്ക് ലീസ് എഗ്രിമെന്റിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്. കോവിഡ് സമാശ്വാസ പദ്ധതി പ്രകാരം പാട്ടത്തുകയുടെ 20% അടച്ചുകഴിഞ്ഞുവരുന്ന ബാക്കി 80% തുകയ്ക്ക് പലിശയീടാക്കാതെ 5 വർഷം കാലാവധി അനുവദിക്കുന്നു. സിഡ്കോയുടെ കീഴിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകൾ/വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ എന്നിവിടങ്ങളിൽ

30 വർഷം ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. മിനി വ്യവസായ എസ്റ്റേറ്റുകൾ/വ്യവസായ എസ്റ്റേറ്റുകൾ എന്നിവിടങ്ങളിൽ ഒഴിവുള്ള ഷെഡ്ഡുകൾ ചതുരശ്ര അടിക്ക് പ്രതിമാസം 5 രൂപ നിരക്കിൽ വാടക വ്യവസ്ഥയിൽ അനുവദിക്കുന്നു. ഷെഡ് അനുവദിച്ച് 3 മാസത്തിനകം വ്യവസായം ആരംഭിക്കണം. അനുവദിച്ചുനൽകിയ ഭൂമിയിൽ 3 മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണം ആരംഭിക്കണം. ആറ് മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കണം. തുടർച്ചയായി 3 മാസം വാടക അടയ്ക്കാതെവന്നാൽ നോട്ടീസ് നൽകാതെ തന്നെ ഷെഡ്/ഭൂമി തിരിച്ചെടുക്കുകയും വാടക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പ്രവർത്തിക്കാത്ത യൂണിറ്റുകൾ തിരിച്ചെടുത്ത് പുതിയ വ്യവസായികൾക്ക് അനുവദിച്ചുനൽകുന്നു.

(ബി) ഈ വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

(ബി&സി) ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് കരട് നയം സർക്കാർ പരിഗണനയിലാണ്.

**പ്രവർത്തനരഹിതമായ വ്യവസായ സഹകരണ സംഘങ്ങളുടെ ഭൂമി**

101(5762) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനരഹിതമായ നിരവധി വ്യവസായ സഹകരണ സംഘങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഭൂമികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ?

(എ&ബി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂമി സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) ഇവ പലതും ലിക്വിഡേറ്ററുടെ കൈവശത്തിലാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

ലിക്വിഡേഷനിലുള്ള സംഘങ്ങളുടെ ഭൂമി നടപടികളുടെ ഭാഗമായി ലിക്വിഡേറ്ററുടെ അധീനതയിലാണ്.

(ഡി) ഇത്തരം ഭൂമി സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശികയ്ക്ക് പകരമായി ഏറ്റെടുക്കാൻ സാധിക്കുമോ;

(ഇ) എങ്കിൽ ഇത്തരത്തിൽ ഏറ്റെടുക്കുന്ന ഭൂമി മറ്റ് വകുപ്പുകളുടെ ഉപയോഗത്തിന് കൈമാറാൻ സാധിക്കുമോയെന്നത് പരിശോധിക്കുമോ?

(ഡി& ഇ) KCS Act 1969 പ്രകാരം നേരിട്ട് ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ലിക്വിഡേഷനിലുള്ള സംഘങ്ങളുടെ ഭൂമി ബാധ്യതകൾ തീർത്ത് സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കുന്നതാണ്.

## ഹയർ പർച്ചേസ് വ്യവസ്ഥയിൽ വ്യവസായങ്ങൾക്ക് അനുവദിച്ചു നൽകുന്ന ഭൂമി

102(5763) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ പർച്ചേസ് വ്യവസ്ഥയിൽ വ്യവസായങ്ങൾക്ക് അനുവദിച്ചുനൽകുന്ന ഭൂമി ഈട് നൽകി വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

8-1-2020-ലെ സർക്കാർ ഉത്തരവ് GO(Ms) No.8/2020 ID-യിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഹയർപർച്ചേസ് വ്യവസ്ഥയിൽ നിലവിൽ വ്യവസായ വകുപ്പിന്റെ ഭൂമി അനുവദിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. സിഡ്കോയിൽനിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചു നൽകിയ ഭൂമിയുടെ മുഴുവൻ വില അടച്ചുതീർക്കുകയും ഉടമ്പടി വ്യവസ്ഥകൾ പാലിക്കുകയും സിഡ്കോയിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ കുടിശ്ശിക അവശേഷിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് അവയുടെ ഭൂമി ഈടുവച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാൻ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നു. ഭൂമി ഈടുവച്ചെടുക്കുന്ന വായ്പ, യൂണിറ്റ് ഒടുക്കി തീർക്കാത്തപക്ഷം പ്ലോട്ട് ലേലം ചെയ്യുമ്പോൾ ബാങ്ക് സിഡ്കോയെ അറിയിക്കണമെന്ന് നിബന്ധനയുണ്ട്. പ്ലോട്ട് ലേലം ചെയ്ത് പുതിയ വ്യവസായിക്ക് നൽകുമ്പോൾ ലേല തുകയുടെ 2% പ്രോസസ്സിംഗ് ഫീസും ഉൾപ്പെടെയുള്ള തുക പുതിയ വ്യവസായിയിൽനിന്നും ഈടാക്കുന്നു.

## പ്രവാസികൾക്ക് തൊഴിലും സ്വാശ്രയത്വവും ഉറപ്പുനൽകുന്ന വ്യവസായ പദ്ധതികൾ

103(5764) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ഉപജീവനത്തിനായി തൊഴിലും സ്വാശ്രയത്വവും ഉറപ്പുനൽകുന്ന എന്തെല്ലാം വ്യവസായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഇവർക്കായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്മൂലം തൊഴിൽരഹിതരായ പ്രവാസികൾക്കുകൂടി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ GO(MS) No.103/2020/ID ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു. ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-ൽ പ്രഖ്യാപിച്ച കോവിഡ് -19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റുവാൻവേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. തിരിച്ചെത്തിയ പ്രവാസികൾക്ക് രണ്ട് വർഷത്തെ വിദേശ തൊഴിൽ പരിചയം ഉണ്ടെന്ന് നോർക്കാ റൂട്ട്സ് സാക്ഷ്യപ്പെടുത്തിയാൽ ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. മടങ്ങി യെത്തുന്ന പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല എന്നിവയുൾപ്പെടുത്തി ബാങ്കുകളിൽനിന്നും വായ്പ നൽകിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. കൂടാതെ കോവിഡ്മൂലം മടങ്ങിയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, പ്രവാസി ഭദ്രതാ എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. തിരികെയെത്തിയ പ്രവാസി കേരളീയർക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത- പേൾ)
2. മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത–മൈക്രോ)
3. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത മെഗാ).

**വ്യവസായത്തിനാവശ്യമായ ഭൂമി**

104(5765) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ വ്യവസായത്തിനാവശ്യമായ സ്ഥലം വ്യവസായികൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻകീഴിൽ വയനാട് ഒഴികെ 13 ജില്ലകളിലായി 2500 ഏക്കറോളം വ്യവസായ ഭൂമി നിലവിൽ സംരംഭകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 10 വ്യവസായ വികസന ഏരിയ, 27 വ്യവസായ വികസന പ്ലോട്ട്, 2 കയർ പാർക്കുകൾ, 1 ഫംഗ്ഷണൽ എസ്റ്റേറ്റ് എന്നിവ അടിസ്ഥാന സൗകര്യങ്ങളോടുകൂടി സംരംഭകർക്ക് അനുവദിച്ചുനൽകുന്നുണ്ട്. വ്യവസായ ഭൂമിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ മാരുൾപ്പെടുന്ന ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി പരിശോധിച്ച് അനുയോജ്യമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നു. ടി പട്ടികയിലെ മുൻഗണനാ ക്രമത്തിലാണ് വ്യക്തികൾക്ക് ഭൂമി അനുവദിക്കുന്നത്. വ്യവസായ ഭൂമിയുടെ ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളും (വ്യവസായ ഗാലകൾ) സംരംഭകർക്കായി സജ്ജീകരിക്കുന്നുണ്ട്. നിലവിൽ എറണാകുളം ജില്ലയിലെ എടയാർ വ്യവസായ എസ്റ്റേറ്റിൽ ഗാല പൂർത്തീകരിച്ച് സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്തും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലും ഗാലകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മേൽപ്പറഞ്ഞവ കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും വ്യവസായത്തിന് അനുയോജ്യമായതുമായ ഭൂമികളിൽ (പഞ്ചായത്തുകളിൽ 25 ഏക്കറും മുനിസിപ്പാലിറ്റിയിൽ 15 ഏക്കറും വിസ്തൃതിയുള്ള ഭൂമിയിൽ) സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. സംരംഭകർക്കായി ഭൂമി ലഭ്യമാക്കുന്നതിന് കണ്ണൂർ, കോഴിക്കോട്, ചേർത്തല തുടങ്ങിയ സ്ഥലങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ വളർച്ചാ കേന്ദ്രങ്ങളും പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കും, തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കും ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സിഡ്കോയുടെ

ഉടമസ്ഥതയിൽ വിവിധ ജില്ലകളിൽ നിലവിലുള്ള മിനിവ്യവസായ എസ്റ്റേറ്റുകളിലും വ്യവസായ പ്ലോട്ടുകളിലും സംരംഭകർക്ക് വ്യവസായ ഭൂമിയും ഷെഡ്ഡും അനുവദിച്ചു വരുന്നുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള എറണാകുളം പെട്രോ കെമിക്കൽ പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, കണ്ണൂർ നാടുകാണി കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ തുടങ്ങിയ വ്യവസായ പാർക്കുകളിലും പിറവന്തൂർ(കൊല്ലം), തലശ്ശേരി, നാടുകാണി (കണ്ണൂർ), കാക്കഞ്ചേരി (മലപ്പുറം) എന്നീ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലും സംരംഭകർക്ക് സ്ഥലം ലഭ്യമാക്കിവരുന്നുണ്ട്.

## വ്യാവസായിക പുരോഗതി

105(5766) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലെയും വ്യാവസായിക പുരോഗതിയെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ജില്ല തിരിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികളുടെയും പ്രോത്സാഹന പ്രവർത്തനങ്ങളുടെയും ഫലമായി സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന MSME മേഖലയിലുള്ള സംരംഭങ്ങളുടെ വിവരങ്ങൾ ഓരോ വർഷവും ഓൺലൈൻ സംവിധാനമായ എം.ഐ.എസ് (Management Information System) വഴി ശേഖരിച്ചുവരുന്നുണ്ട്. ഇതിൽ ഓരോ ജില്ലയിലും ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, ആയതുവഴി ജില്ലയിൽ വന്ന നിക്ഷേപം, തൊഴിൽ അവസരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ഓൺലൈൻ വിവരശേഖരണ പോർട്ടലായ വ്യവസായ ജാലകം വഴിയും MSME സംരംഭങ്ങളുടെ കണക്ക് ശേഖരിച്ചുവരുന്നുണ്ട്. ഇതിൽ സംസ്ഥാനത്ത് MSME മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ സമഗ്രമായ വിവരങ്ങളാണ് രേഖപ്പെടുത്തിവരുന്നത്. ഓരോ ജില്ലയുടെയും വ്യവസായ മേഖലയിലുള്ള മുന്നേറ്റം മേൽ പറയുംപ്രകാരമുള്ള വിവര സമ്പത്തിൽനിന്നും വിശകലനം ചെയ്തുവരുന്നുണ്ട്.

(ബി) എങ്കിൽ സംസ്ഥാനത്ത് വ്യാവസായികമായി ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ച ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഓരോ വർഷവും പുതുതായി ആരംഭിക്കുന്ന MSME യൂണിറ്റുകളുടെ കണക്കുകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഓൺലൈൻ സംവിധാനമായ എം.ഐ.എസ് (Management Information System) പ്രകാരം എറണാകുളം, തൃശ്ശൂർ, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലാണ് താരതമ്യേന കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നത്.

(സി) വ്യാവസായികമായി ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള ജില്ലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഓൺലൈൻ സംവിധാനമായ എം.ഐ.എസ് (Management Information System) ആധാരമാക്കിയാൽ ഇടുക്കി, വയനാട്, കാസർഗോട്, പത്തനംതിട്ട ജില്ലകളിലാണ് താരതമ്യേന കുറവ് സംരംഭങ്ങൾ ആരംഭിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) പ്രസ്തുത ജില്ലകൾ പിന്നാക്കമാകാൻ കാരണമെന്താണെന്നും പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ജില്ലകളിലെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ പ്രത്യേകം പഠനവിധേയമാക്കിയിട്ടില്ല. എന്നാൽ നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഇടുക്കി, വയനാട്, കാസർഗോട്, പത്തനംതിട്ട എന്നിവയെ പിന്നോക്ക ജില്ലകളായി കണ്ട് ടി ജില്ലകളിൽ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്മേൽ സാധാരണ നൽകുന്ന സബ്സിഡിക്കു പുറമെ 10% (പരമാവധി 10 ലക്ഷം രൂപ വരെ) അധിക സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. ടി ജില്ലകളിൽ കൂടുതൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ അധിക സബ്സിഡി നൽകിവരുന്നത്.

## ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം

106(5767) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായമേഖലയിലെ ഭൂമി വിതരണത്തിനായി ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത് വ്യവസായ ഭൂമി അനുവദിക്കുന്നതിന് വ്യവസായ വാണിജ്യ `ഡയറക്ടർ, സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾക്ക് പൊതുവിൽ ബാധകമാകുന്ന തരത്തിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. വ്യവസായ വികസനം പ്രോൽസാഹിപ്പിക്കുന്നതിനും സംരംഭകരുടെ ഈ മേഖലയിലെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചുമാണ് കരട് നയം ആവിഷ്കരിച്ചിട്ടുള്ളത്.

## മാവേലിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ റോഡ് നിർമ്മാണം

107(5768) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റോഡുകൾ സഞ്ചാര യോഗ്യ മാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊല്ലകടവ് വ്യവസായ എസ്റ്റേറ്റിനെ ഒരു മോഡൽ വ്യവസായ എസ്റ്റേറ്റാക്കി മാറ്റുന്നതിനായി MSE-CDP പദ്ധതി പ്രകാരം 10 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കെ-ബിപ് മുഖേന തയ്യാറാക്കി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് വരുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൊല്ലകടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ആന്തരിക റോഡുകളുടെ അറ്റകുറ്റ പ്പണികൾക്കായി 25.83 ലക്ഷം രൂപ നടപ്പുസാമ്പത്തികവർഷത്തിൽ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. അനുവദിച്ച തുക വിനിയോഗിച്ച് ടി വകുപ്പ് ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും എസ്റ്റേറ്റിന്റെ വികസന പ്രവർത്തനങ്ങൾക്കുമാവശ്യമായ അഡീഷണൽ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## വ്യവസായ പാർക്ക്

108(5769) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും ഓരോ പഞ്ചായത്തിലും എത്ര സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

വ്യവസായ പാർക്കിന് അനുയോജ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ സ്വകാര്യ വ്യക്തികളിൽനിന്നോ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റേതുൾപ്പെടെ സർക്കാർ ഭൂമി ലഭ്യമാണെന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കാവുന്നതാണ്.

(സി) മാവൂർ വില്ലേജിലെ മലപ്രം ദേശത്ത് ഏറ്റെടുക്കാൻ തീരുമാനിച്ച നൂറ്റിപ്പത്ത് ഏക്കർ സ്ഥലം വിലയ്ക്കെടുക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ഡി) ഇല്ലെങ്കിൽ വേറെ സ്ഥലം കണ്ടെത്താൻ സർക്കാർ നിർദ്ദേശിക്കുമോ?

(സി&ഡി) കോഴിക്കോട് ജില്ലയിൽ മാവൂർ വില്ലേജിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച 110 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയിരുന്നു. പ്രസ്തുത ഭൂമിയിൽ പാറ ഖനനത്തിന്റെയും മറ്റും ഫലമായി ആഴമുള്ള കുഴികൾ രൂപപ്പെട്ടിട്ടുള്ളതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാൽ സംരംഭകർക്ക് ന്യായമായ വിലയ്ക്ക് ഭൂമി അനുവദിച്ചുനൽകാൻ സാധ്യമാകില്ലെന്ന് കണ്ടെത്തുകയുണ്ടായി. അനുയോജ്യമായ വേറെ സ്ഥലം സംബന്ധിച്ച് ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## തിരുവമ്പാടി നിയോജകമണ്ഡലത്തിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

109(5770) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി സംരംഭകർ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

കോഴിക്കോട് ജില്ലയിൽ കാരശ്ശേരി പഞ്ചായത്തിൽ കുമാരനല്ലൂർ വില്ലേജിൽ ഒരു സ്വകാര്യ വ്യവസായ പാർക്കിന് അംഗീകാരം നൽകുന്നതിനായി കേരള ക്വാറി ആൻഡ് ക്രഷർ ഓപ്പറേറ്റീവ് അസ്സോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി സി.എം.ഒ. പോർട്ടൽ മുഖേന ഒരു അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. കുമാരനല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 78 2A-ൽപ്പെട്ട 746.84 ഏക്കർ ഭൂമിയിലെ 110 ഏക്കർ ഭൂമിയിലാണ് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളത്. വില്ലേജ് രേഖകളിൽ ഈ ഭൂമിയുടെ തരം തോട്ടമായാണ് കാണപ്പെടുന്നത്. കൂടാതെ പ്രസ്തുത സർവ്വേ നമ്പറിൽ നൂറിലധികം തണ്ടപ്പേരുകളും നിലവിലുണ്ട്. അതിൽനിന്ന് അപേക്ഷയിൽ പറഞ്ഞിരിക്കുന്ന 110 ഏക്കർ ഭൂമി വേർതിരിച്ചെടുക്കേണ്ടതുണ്ട്. കൂടാതെ തോട്ടം എന്ന തരം മാറ്റിയെടുത്താൽ മാത്രമേ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. നിലവിൽ പ്രസ്തുത സ്ഥലത്ത് 3 എം-സാൻഡ് യൂണിറ്റുകളും 3 ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ അപ്രോച്ച്

റോഡ്, വൈദ്യുതി, ജലലഭ്യത എന്നിവ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നുള്ള അനുമതി ആവശ്യമാണ്. കൂടാതെ M/s. Jabal Ventures (P) Ltd. എന്ന സ്ഥാപനവും ഒരു പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

കേരള ക്വാറി ആൻഡ് ക്രഷർ ഓപ്പറേറ്റീവ് അസ്സോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ഭൂമി തരം മാറ്റി എടുക്കേണ്ടതുണ്ട്. ഇതിനായി ഭൂവുടമകളുടെ സമ്മതപത്രവും അപേക്ഷയും ആവശ്യമാണ്. ഇവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. M/s. Jabal Ventures (P) Ltd. സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ട് അപേക്ഷകളും സർക്കാർ പരിശോധിച്ചുവരുന്നു.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വ്യാവസായിക പദ്ധതികൾ**

110(5771) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

സംരംഭക സഹായ പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 27 വ്യവസായ യൂണിറ്റുകൾക്കായി ആകെ 88,36,000 രൂപ നിക്ഷേപക സബ്സിഡി അനുവദിച്ചിട്ടുണ്ട്. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിലുൾപ്പെടുത്തി 42,449 രൂപ 4 വ്യവസായ യൂണിറ്റുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 63 യൂണിറ്റുകൾക്ക് 1,15,82,719 രൂപ മാർജിൻ മണിയായി അനുവദിച്ചിട്ടുണ്ട്. വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതിപ്രകാരം 20 യൂണിറ്റുകൾക്ക് 3,70,619 രൂപ നൽകിയിട്ടുണ്ട്. ചങ്ങനാശ്ശേരി നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി വഴി 15,60,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനുകീഴിൽ ചങ്ങനാശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ " Modernisation of CFSC" എന്ന തുടർപദ്ധതി പ്രകാരം 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷ കാലയളവിൽ 1,66,28,330 രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമീണ വ്യവസായ ബോർഡിന്റെ കോട്ടയം പ്രോജക്റ്റ് ഓഫീസ് വഴി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരവും എന്റെ ഗ്രാമം പദ്ധതി പ്രകാരവും 3 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും അതിലൂടെ 17 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞു. കൂടാതെ പ്രസ്തുത യൂണിറ്റുകൾക്ക് മാർജിൻ മണിയായി (സബ്സിഡി) 7,03,720 രൂപ അനുവദിച്ചിട്ടുണ്ട്.

## കോതമംഗലം നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ.

111(5772) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ ഐ.ടി.ഐ. ഉൾപ്പെടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസം നേടുവാൻ കഴിയാത്ത പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ നിന്നുള്ള യുവതീ-യുവാക്കൾക്ക് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നൽകുവാൻ കഴിയുന്ന ഐ.ടി.ഐ. ഉൾപ്പെടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനു കീഴിൽ ഐ.ടി.ഐ. ഉൾപ്പെടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

## സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ റീ സ്ട്രക്ചറിംഗ്

112(5773) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രൈവറ്റ്/പബ്ലിക് സെക്ടറുകളിലായി എത്ര സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുണ്ട് എന്നതിന്റെ പട്ടിക ജില്ല തിരിച്ച് നൽകാമോ?

വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം നിലവിൽ പ്രൈവറ്റ്/പബ്ലിക് സെക്ടറുകളിലായി ആകെ 145 സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 27 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 3 |
| കോട്ടയം | 15 |
| ഇടുക്കി | 4 |
| എറണാകുളം | 21 |
| തൃശ്ശൂർ | 13 |
| പാലക്കാട് | 21 |
| മലപ്പുറം | 11 |
| കോഴിക്കോട് | 10 |
| വയനാട് | 0 |
| കണ്ണൂർ | 3 |
| കാസർഗോട് | 6 |
| ആകെ | 145 |

(ബി) ഇരുപത്തിയഞ്ച് ലക്ഷത്തിൽ താഴെ ഷെയർ ക്യാപിറ്റലുള്ള സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകൾ എത്രയെന്നും ഷെയർ ക്യാപിറ്റൽ ഇരുപത്തിയഞ്ച് ലക്ഷത്തിന് മുകളിലുള്ളവ എത്രയെന്നും വ്യക്തമാക്കാമോ?

സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ ഷെയർ ക്യാപിറ്റൽ സംബന്ധമായ വ്യക്തമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ നവീകരണത്തിനായി ക്യാപ്പിറ്റൽ റീസ്ട്രക്ചറിംഗ് പദ്ധതി സർക്കാർ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ നവീകരണത്തിനായി വ്യവസായ വകുപ്പുവഴി The Kerala Stressed MSMEs Revival & Rehabilitation Scheme എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദനരഹിതമായ ആസ്തികൾ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും പരമാവധി 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം,

1. നിലവിലുള്ള ബാങ്ക് വായ്പ പുനഃക്രമീകരിച്ച് ബാങ്ക് നൽകുന്ന അധിക വായ്പയ്ക്കാവശ്യമായ ഗുണഭോക്തൃ വിഹിതത്തിന്റെ 50% പരമാവധി 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായമായി നൽകുന്നു.

2. വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ ബാങ്ക് നൽകുന്ന അധിക വായ്പയിൽ ആദ്യവർഷം 6% ശതമാനം പലിശ സബ്സിഡിയായി പരമാവധി 1 ലക്ഷം രൂപ നൽകുന്നു.

3. പുനഃപ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പ സഹായമില്ലാതെ പുനരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷിനറികളുടെ വിലയുടെ 50% പരമാവധി 1.50 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുന്നു.

4. നിലവിലുള്ള മെഷിനറിയുടെയും കെട്ടിടത്തിന്റേയും അടിയന്തര അറ്റകുറ്റപ്പണികൾക്കുള്ള ചെലവിന്റെ 50% പരമാവധി 1 ലക്ഷം രൂപ തിരിച്ചുനൽകുന്നു.

5. കെ.എസ്.ഇ.ബി.എൽ., ജി.എസ്.ടി., എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളിൽ നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിന് 50% പരമാവധി 40,000 രൂപ സഹായം നൽകുന്നു.

6. പുനരുദ്ധാരണ പദ്ധതി രേഖ (Revival Project Report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000 രൂപ) തിരികെ നൽകുന്നു.

## കോക്കോണിക്സ്

113(5774) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ തനത് ലാപ്ടോപ് സംരംഭമായ കോക്കോണിക്സ് വിജയപ്രദമായിരുന്നോയെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയിൽത്തന്നെ ആദ്യമായി കമ്പ്യൂട്ടർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ആരംഭിച്ച സർക്കാർ സ്വകാര്യ സംയുക്ത സംരംഭമായ കോക്കോണിക്സ് ഒരു വിജയം തന്നെയാണ്. ഇതിനോടകം വികസിപ്പിച്ച ആറ് ലാപ്ടോപ് മോഡലുകൾക്ക് BIS സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ ആദ്യഘട്ടത്തിൽ 72 -ഓളം പേർക്ക് നേരിട്ടും 30 -ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുവാനും കോക്കോണിക്സിന് സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ലാപ്ടോപ്പുകൾ നാളിതുവരെ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം വിറ്റഴിഞ്ഞിട്ടുണ്ടെന്നും ലാപ്ടോപ്പിന്റെ വില എത്രയാണെന്നും വ്യക്തമാക്കുമോ?

ഇതിനോടകംതന്നെ പതിനൊന്നായിരത്തോളം ലാപ്ടോപ്പുകൾ നിർമ്മിക്കുകയും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. 15000 രൂപ മുതൽ 90000 രൂപ വരെ വിലയുള്ള വ്യത്യസ്ത സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പുകൾ കോക്കോണിക്സ് പുറത്തിറക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ലാപ്ടോപ്പുകൾ സംബന്ധിച്ചുണ്ടായ ഏറ്റവും പ്രധാനപ്പെട്ട പരാതി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

വിദ്യാശ്രീ പദ്ധതി വഴി നൽകിയ ലാപ്ടോപ്പുകളിൽ ചിലതിന് പവർ സ്വിച്ചുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ കണ്ടെത്തിയിരുന്നു. അപ്രകാരം കേടുപാടുകൾ കണ്ടെത്തിയവ തിരിച്ചെടുക്കുകയും പകരം പുതിയ ലാപ്ടോപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ലാപ്ടോപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പദ്ധതി പരാജയപ്പെട്ടതിനെത്തുടർന്ന് പുതിയ ലാപ്ടോപ് ഇറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്തതിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പുതിയ ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങളില്ലാത്ത പൂർണ്ണമായും പ്രവർത്തനസജ്ജമായ പുതിയ ബാച്ച് ലാപ്ടോപ്പുകൾ ടി പദ്ധതിപ്രകാരം വിതരണം ചെയ്യാൻ തയ്യാറാണെന്ന് കോക്കോണിക്സ് കെ.എസ്.എഫ്.ഇ.-യെ അറിയിച്ചിട്ടുണ്ട്.

## ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ

114(5775) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശനിക്ഷേപം സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ നിലവിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അത്തരം എത്ര യൂണിറ്റുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിദേശ നിക്ഷേപം സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന 4 ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

1. കേരള ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് പ്രോഗ്രാം യൂറോപ്യൻ യൂണിയൻ, വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്, നടുക്കര, ആവോലി.പി.ഒ, മൂവാറ്റുപുഴ, എറണാകുളം.
2. മെ. അൽ ബദർ സീ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, CSEZ കാക്കനാട്, എറണാകുളം.
3. മെ. കാൻകർ ഇൻഗ്രീഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇൻഡസ്ട്രിയൽ ഏരിയ, അങ്കമാലി, എറണാകുളം.
4. HIC-ABF സ്പെഷ്യൽ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, അരൂർ, ആലപ്പുഴ.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

115(5776) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളേയും ഒപ്പം കുടുംബശ്രീ തുടങ്ങിയ സർക്കാർ വിപണന ശൃംഖലയേയും അടുത്ത കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും ഒപ്പം കോവിഡും എപ്രകാരം ബാധിച്ചുവെന്നും, വ്യവസായ മേഖലയ്ക്കുണ്ടായ തകർച്ചയുടെ വ്യാപ്തി എത്രയാണെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്- 19 -ഉം അടുത്ത കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് സാരമായ ദോഷം സൃഷ്ടിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ വ്യവസായ വകുപ്പ് നടത്തിയിട്ടില്ല. കോവിഡ്-19 പകർച്ചവ്യാധിമൂലം രാജ്യം മുഴുവൻ ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയും അത് സംരംഭമേഖലയിൽ

ഉല്പാദനവും സേവനവും പെട്ടെന്ന് നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമാക്കുകയും ചെയ്തു. കോവിഡ്മൂലമുള്ള പ്രതിസന്ധി കേരളത്തിലെ സംരംഭങ്ങളെ മൂന്ന് രീതിയിൽ ബാധിച്ചതായി കണക്കാക്കാം.

1. രാജ്യവ്യാപകമായി പ്രഖ്യാപിച്ച ലോക്ഡൗൺ, ഉല്പാദനമേഖലയ്ക്കും ബിസിനസ്സുകൾക്കും നേരിട്ടുള്ള നഷ്ടത്തിന് കാരണമായി.

2. ഗതാഗതത്തിലെ തടസ്സങ്ങൾ വിതരണ ശൃംഖലയിലും നഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്.

3. കേരളത്തിലും മറ്റിടങ്ങളിലും ഉല്പന്നങ്ങൾക്കുള്ള ആവശ്യകത കുറഞ്ഞതുമൂലം നഷ്ടമുണ്ടായിട്ടുണ്ട്.

(ബി) ആഗോള വ്യവസായ കുത്തകകൾ ഓൺലൈൻ കച്ചവടം വ്യാപിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ അടിസ്ഥാന കച്ചവട മേഖലയെ എപ്രകാരം ബാധിക്കുന്നു എന്നതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽനിന്നും ചെറുകിട-ഇടത്തരം-സർക്കാർ നിയന്ത്രണ വ്യവസായ മേഖലയെ സംരക്ഷിക്കാനും സഹായം ഉറപ്പുവരുത്താനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(ബി&സി) കേരളത്തിലെ ചില്ലറ വ്യാപാര മേഖലയിൽ ചെറുകിട വ്യവസായികൾ നേരിടുന്ന പരാതികളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനും അവർ നേരിടുന്ന പരാതികൾ ശേഖരിക്കുന്നതിനുമായി സംസ്ഥാനത്തെ റീട്ടെയിൽ ബിസിനസ്സുകാരുടെ പ്രതിനിധികളുമായി സംവേദനാത്മക മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2021 സെപ്തംബർ 28-ന് നടന്ന പുനഃസംഘടിപ്പിച്ച വാണിജ്യമിഷന്റെ ആദ്യ യോഗത്തിൽ തീരുമാനിച്ചതിൻപ്രകാരം കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കോഴിക്കോട് ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ, തൃശ്ശൂർ ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ, കേരള വ്യാപാരി വ്യവസായി സമിതി പ്രതിനിധി, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതിനിധി തുടങ്ങിയ അംഗങ്ങളെയുൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ അടുത്ത മീറ്റിംഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കുന്നതാണ്. സംസ്ഥാനത്ത് സൂക്ഷ്മ -ചെറുകിട- ഇടത്തരം മേഖലയിലെ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ആ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവല്ക്കരണ സെമിനാറുകൾ, താലൂക്ക് -

ജില്ലാടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിലുൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
4. പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ. അവ
   (a) Revival and rehabilitation scheme for defunct MSMEs and cashew processing units
   (b) The Kerala stressed MSMEs Revival & Rehabilitation Scheme
5. കോവിഡ് -19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി നടപ്പിലാക്കുന്ന വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി (Scheme for Interest Subvention on Term Loan and working capital loan)
6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി
7. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി
8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)
9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

**എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതി**

116(5777) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം പ്രതിസന്ധി അഭിമുഖീകരിക്കുന്ന എം.എസ്.എം.ഇ. സംരംഭങ്ങളെ കരകയറ്റാൻ സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ ഭദ്രത - കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉല്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കൾ പാഴാകൽ, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജാണ് "വ്യവസായ ഭദ്രത". പ്രസ്തുത പദ്ധതി പ്രകാരം വിവിധ ഇളവുകൾ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകിവരുന്നുണ്ട്.

കോവിഡ്-19 സമാശ്വാസ പദ്ധതി - കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശ സഹായം ലഭ്യമാകുന്നതാണ്. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽനിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിലുൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യോഗ്യരാകും. കോവിഡ്-19 സമാശ്വാസ പദ്ധതിയനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ച് വർഷം കൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75%-10.75%) 10,000 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നു. ആകർഷകമായ പലിശ നിരക്കും ലളിതമായ തവണ വ്യവസ്ഥകളും സുതാര്യമായ ലോൺ നൽകുന്നതിനുള്ള നടപടിക്രമങ്ങളുമാണ് കെ.എസ്.ഐ.ഡി.സി.-യുടേത്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ.-കൾക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം പ്രാപ്തമാക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഈ വിഭാഗങ്ങൾക്ക് സമയബന്ധിതവും ഫലപ്രദവുമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനായി, കെ.എസ്.ഐ.ഡി.സി. " എം.എസ്.എം.ഇ/സ്റ്റാർട്ട്-അപ്പുകൾ/മൈക്രോ എന്റർപ്രൈസസ്, എൻ.ആർ.കെ എന്നിവർക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി എന്ന

പേരിൽ ഒരു പുതിയ ഫണ്ടിംഗ് സംരംഭവും ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതി പ്രകാരം ' കെ.എസ്.ഐ.ഡി.സി കുറഞ്ഞത് 25 ലക്ഷം രൂപയും പരമാവധി രണ്ട് കോടി രൂപയും ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്.

പ്രവാസി ഭദ്രത മെഗാ പദ്ധതി പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം രൂപ മുതൽ രണ്ടു കോടി രൂപ വരെയാണ്.

(ബി) പ്രസ്തുത സംരംഭങ്ങളെ കരകയറ്റാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഇല്ല.

(സി) എം.എസ്.എം.ഇ. സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് ലഭ്യത, കണക്റ്റിവിറ്റി, പവർ എന്നിവ ഉറപ്പാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

എം.എസ്.എം.ഇ. സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനായി ചുവടെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻമണി ഗ്രാന്റ്, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള പദ്ധതികൾ.

(ഡി) ഈ സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ എന്തെങ്കിലും ഇളവുകൾ സർക്കാർ നൽകുന്നുണ്ടോ എന്ന് അറിയിക്കുമോ?

വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് ലോക്ക്ഡൗൺ കാലയളവായ 2020 മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിലെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജിൽ 25% ഇളവ് നൽകുന്നതിനും ഫിക്സഡ് ചാർജിൽ ബാക്കി തുക അടയ്ക്കുന്നതിന് 2020 ഡിസംബർ വരെ പലിശരഹിതമായി സാവകാശം അനുവദിക്കുന്നതിനും KSEBL-ന് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 28-6-2021-ലെ സ.ഉ.(സാധാ)നമ്പർ 84/2021/ഊ.വ. പ്രകാരം കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് KSEB Ltd-ന്റെ വൈദ്യുതി ഉപഭോക്താക്കൾക്കുള്ള വിവിധ ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത ആനുകൂല്യം വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്കും ലഭ്യമാണ്.

## പ്രളയത്തിൽ തകർന്ന വ്യവസായ സംരംഭങ്ങൾ

117(5778) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ഇടത്തരം, ചെറുകിട, മൈക്രോ വ്യവസായ സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ 91 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലായി യന്ത്രങ്ങൾക്ക് 2,41,80,000 രൂപയുടെയും സാധന സാമഗ്രികൾക്ക് 4,41,500 രൂപയുടെയും അസംസ്കൃത വസ്തുക്കൾക്ക് 55,00,000 രൂപയുടെയും കെട്ടിടങ്ങൾക്ക് 19,00,000 രൂപയുടെയും ഉൾപ്പെടെ ആകെ 3,20,21,500 രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയത്തെ തുടർന്നുണ്ടായ നഷ്ടത്തിൽനിന്ന് കരകയറുന്നതിനായി സംരംഭകർക്ക് പലിശയിളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മഴക്കെടുതിയിൽ തകർന്ന യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ വായ്പാ സഹായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി &സി) പ്രളയത്തെ തുടർന്നുണ്ടായ നഷ്ടത്തിൽനിന്ന് കരകയറുന്നതിനായി സംരംഭകർക്ക് പലിശയിളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായിത്തീർന്നതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേയ്ക്കായി ചുവടെ പറയുന്ന രണ്ട് പ്രത്യേക പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കിവരുന്നുണ്ട്.

(a) The Kerala stressed MSMEs Revival & Rehabilitation Scheme-

തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദനരഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണിത്.

(b) Revival and rehabilitation scheme for defunct MSMEs and cashew processing units -

കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ -ചെറുകിട -ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി യാണിത്.

### കോതമംഗലം നിയോജകമണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്

118(5779) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയധികം റബ്ബർ കർഷകരും റബ്ബർ ഉല്പാദനവുമുള്ള എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലം കേന്ദ്രീകരിച്ച് ഒരു റബ്ബർ അധിഷ്ഠിത വ്യവസായപാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ നിലവിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ഒന്നും നിലവിലില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ നിലവിലില്ല.

(സി) രാജ്യത്ത് ആദ്യമായി റബ്ബർ പ്ലാന്റേഷൻ ആരംഭിച്ച പാലമറ്റം/ തട്ടേക്കാട് പ്ലാന്റേഷൻ, കുട്ടമ്പുഴ ആലാനിക്കൽ എസ്റ്റേറ്റ്, പരീക്കണ്ണി എസ്റ്റേറ്റ്, പൂയം കുട്ടി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള വൻകിട റബ്ബർ എസ്റ്റേറ്റുകളും നൂറ് കണക്കിന് ഇടത്തരം റബ്ബർ എസ്റ്റേറ്റുകളും ഉൾപ്പെടുന്ന ഈ നിയോജകമണ്ഡലത്തിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിൽനിന്നും ഏറ്റെടുത്ത HNL-ന്റെ ഭൂമിയിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ സമീപ മണ്ഡലമായ കോതമംഗലത്ത് മറ്റൊരു റബ്ബർ പാർക്ക് ആരംഭിക്കുന്നത് അനുഗുണമാവില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സ്വകാര്യ വ്യക്തികളോ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ റബ്ബർ അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണ സർക്കാർ നൽകുന്നതാണ്.

**മുളവ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടപടി**

119(5780) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളവ്യവസായ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ചിതറിക്കിടക്കുന്ന വിവിധ വിഭാഗങ്ങളെ സംയോജിപ്പിച്ച് പ്രസ്തുത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും മൂല്യവർദ്ധനവ്, വരുമാന വർദ്ധനവ്, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രത്യേക മിഷന് രൂപം കൊടുത്തിട്ടുണ്ടോ?

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായങ്ങളിൽ ഒന്നായ മുള വ്യവസായത്തിന്റെ ഉന്നമനത്തിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധരുടേയും സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമനപാതയിലേയ്ക്ക് നയിക്കുന്നതിനുംവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ 2003-ൽ രൂപീകരിച്ച് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മിഷൻ രൂപീകരിച്ചതിനുശേഷം മുളയുടെ കൃഷി, നൂതന മുള ഉല്പന്നങ്ങൾ, മുളയിലധിഷ്ഠിതമായ ആധുനിക വ്യവസായങ്ങൾ തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുക, കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുക, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുക, മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക, ദേശീയ അന്തർദ്ദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുക, വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക, ബാംബൂ സപ്ലൈ ചെയിൻ രൂപീകരിക്കുക, മുള അനുബന്ധ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി സ്ഥാപിച്ച കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. മുളയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി ബാംബൂ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നുണ്ട്. കേന്ദ്ര/സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 11 പ്രോജക്ടിന്റെ പൂർത്തീകരണത്തോടുകൂടി ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമവും വികസനവും ഉറപ്പു വരുത്താൻ കഴിയുമെന്ന് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു.

## ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

120(5781) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

<u>സംരംഭക സഹായ പദ്ധതി</u> -

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രവർത്തന സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്.

<u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u> -

5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക, ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

<u>ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് -</u>

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ യൂണിറ്റുകൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേയ്ക്ക് (a) Revival and Rehablitaton Scheme for Defunct MSMEs and Cashew Processing Units

(b) The Kerala Stressed MSMEs Revival & Rehabilitation Scheme എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കോവിഡ്-19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ടവർക്കും വരുമാനം നിലച്ചവർക്കും ആശ്വാസമേകാൻ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സബ്സിഡിയുള്ളതും പലിശ നിരക്ക് കുറഞ്ഞതുമായ ലോണുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) ഇത്തരം ലോണുകൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(ബി&സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉല്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കൾ പാഴാകൽ, വ്യാപാര നഷ്ടം, തൊഴിൽ വേതനബാധ്യത, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജാണ് "വ്യവസായ ഭദ്രത" . പ്രസ്തുത പദ്ധതിപ്രകാരം വിവിധ ഇളവുകൾ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകിവരുന്നുണ്ട്. ഇതുകൂടാതെ കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി 'കോവിഡ്-19 സമാശ്വാസ പദ്ധതി ' എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിലുൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതിപ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യോഗ്യരാകും. കോവിഡ്-19 സമാശ്വാസ പദ്ധതി യനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ച് വർഷംകൊണ്ട് പലിശ രഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ

സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10,000 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നു. ആകർഷകമായ പലിശനിരക്കും ലളിതമായ തവണ വ്യവസ്ഥകളും സുതാര്യമായ ലോൺ നൽകുന്നതിനുള്ള നടപടിക്രമങ്ങളുമാണ് കെ.എസ്.ഐ.ഡി.സി.-യുടേത്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ.-കൾക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം പ്രാപ്തമാക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഈ വിഭാഗങ്ങൾക്ക് സമയബന്ധിതവും ഫലപ്രദവുമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനുമായി, കെ.എസ്.ഐ.ഡി.സി. " എം.എസ്.എം.ഇ./ സ്റ്റാർട്ട്-അപ്പുകൾ/മൈക്രോ എന്റർപ്രൈസസ്, എൻ.ആർ.കെ. എന്നിവയ്ക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി എന്ന പേരിൽ ഒരു പുതിയ ഫണ്ടിംഗ് സംരംഭം ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതി പ്രകാരം ' കെ.എസ്.ഐ.ഡി.സി.' കുറഞ്ഞത് 25 ലക്ഷം രൂപയും പരമാവധി 2 കോടി രൂപയും ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം രൂപ മുതൽ രണ്ടുകോടി രൂപ വരെയാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

121(5782) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ എത്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ 751 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നിലവിലുണ്ട്.

(ബി) കോവിഡ് മഹാമാരി കാരണം ഈ സംരംഭങ്ങളിൽ എത്ര എണ്ണം പ്രവർത്തനമവസാനിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി കാരണം പ്രസ്തുത കാലയളവിൽ യൂണിറ്റുകൾ പ്രവർത്തനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ നിയോജകമണ്ഡലത്തിൽ വ്യവസായ സംരംഭങ്ങൾക്ക് കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം സഹായം വ്യവസായ വകുപ്പ് ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ ആഘാതത്തിൽനിന്ന് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിലേയ്ക്കായി 20-5-2020-ലെ G.O.(MS). No 56/2020/ID പ്രകാരം വ്യവസായ ഭദ്രത എന്ന ഒരു സ്പെഷ്യൽ പാക്കേജ് മുൻസർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഈ പാക്കേജിൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. സംരംഭക സഹായ പദ്ധതി (ESS)- ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ G.O.(MS) No.103/2020/ID ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിലെ പ്രധാന സവിശേഷതകൾ:

(a.) SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നു.

(b.) മുൻഗണന വിഭാഗത്തിലുൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്കുപുറമെ 10% സബ്സിഡികൂടി അനുവദിച്ചു.

(c.) അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതാണ്.

2. വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ (ഉൽപാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000 രൂപ പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ

ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി പാക്കേജ് വഴി, നിലവിലെ പലിശയിളവ് പദ്ധതിയിൽ (Scheme for Interest Subvention on Term Loan and working capital loan) കൂടുതൽ ഇളവ് കൊണ്ടുവന്നിട്ടുണ്ട്. 2020 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2019 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലാവധിയിൽ എടുത്ത വായ്പകൾക്കുകൂടി അനുവദിക്കുന്നതരത്തിൽ പുതുക്കി ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്. പുതിയ മാർഗ്ഗരേഖയനുസരിച്ച് മേൽ കാലയളവിൽ ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് (ഓരോ ലോണിനും പരമാവധി 60,000 രൂപ എന്ന നിരക്കിൽ) 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. കൂടാതെ COVID-19 സമാശ്വാസ പദ്ധതി പാക്കേജ് പ്രകാരം വകുപ്പുവഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്), നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി എന്നിവയിലും കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ പറയുന്ന പദ്ധതികൾ മങ്കട നിയോജകമണ്ഡലത്തിലെ സംരംഭകർക്കും ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അനുവദിച്ചുവരുന്നുണ്ട്.

## കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

122(5783) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കയർ മേഖലയെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കയർ രണ്ടാം പുനഃസംഘടന
2. വിപണനത്തിനും പരസ്യപ്രചരണ-വ്യാപാര പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമാവശ്യമായ ധന സഹായം.
3. 50% കേന്ദ്ര വിഹിതത്തോടെ കയറിന്റെയും കയറുല്പന്നങ്ങളുടെയും വില്പനയ്ക്കുള്ള വിപണി വികസന സഹായം.

4. കയർ ഭ്രവസ്ത്ര വികസന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും തൊഴിലും കയർ അധിഷ്ഠിത വ്യവസായത്തിന്റെ സ്ഥിരതയും ഉറപ്പാക്കൽ.

5. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.

6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും.

7. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും.

8. ഉല്പാദനവും വിപണന പ്രചോദനവും.

9. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് (ക്രയവില സ്ഥിരതാ പദ്ധതി).

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

11. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി.

12. കയർ സഹകരണ സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

13. കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും.

മറ്റൊരു പരമ്പരാഗത വ്യവസായമായ കൈത്തറിയെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നവയാണ്:

1. <u>കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി</u> :

2016-17 മുതൽ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുമുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 200-250 പ്രവൃത്തിദിനവും 681 രൂപ നിരക്കിൽ പ്രതിദിന വേതനവും നൽകിവരുന്നു.

2. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം:

സഹകരണ സംഘങ്ങളുടെ ആസ്തി സൃഷ്ടിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കാനും നെറ്റ് ഡിസ്പോസിബിൾ വിഭവശേഷി വർദ്ധിപ്പിക്കുകയുമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

3. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം:

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ മൂലധനാടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുക്കുന്നതിനുള്ള അർഹത ലഭിക്കുന്നതിനുമാണ് ഓരോ വർഷവും ഓഹരി പങ്കാളിത്തം നൽകുന്നത്.

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി:

നെയ്ത്തുകാർക്ക് യഥാസമയം ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഈ പദ്ധതി.

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ:

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പ നൽകുന്നതാണ് ഈ പദ്ധതി.

6. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ:

കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി.

7. യുവ വീവ് പദ്ധതി:

ഈ പദ്ധതി പ്രകാരം 18 മുതൽ 40 വരെ പ്രായം വരുന്ന ചെറുപ്പക്കാരെ നെയ്ത്തുകാരാക്കി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്.

8. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി:

അംഗീകൃത മാർഗ്ഗനിർദ്ദേശ പ്രകാരവും ശാസ്ത്രീയമായി ജോലി മൂല്യനിർണ്ണയം നടത്തിയും വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധ ജോലിക്കാർക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

9. കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ:

കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശത്തെ കൈത്തറി വ്യവസായത്തിന്റെ പരിണാമം, നെയ്ത്തുകാരുടെ സമ്പന്നമായ കലാവൈഭവം എന്നിവ പ്രദർശനാത്മകമാക്കുന്നതിനും മുഴുവൻ പ്രക്രിയയുടെ വിശകലനവുമായാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

10. അംശദാന സമ്പാദ്യ പദ്ധതി:

ഈ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം മുതലായവയ്ക്കുള്ള ചെലവിലേയ്ക്കായി ധനസഹായം നൽകുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

11. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന):

മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ ഭാരത സർക്കാരിന്റെ വിഹിതം 150 രൂപയും എൽ.ഐ.സി. ഓഫ് ഇന്ത്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്.

12. വിപണന – കയറ്റുമതി പ്രോത്സാഹനം:

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

13. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും:

കൈത്തറി മേഖലയിലെ നവീകരണമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തറി റിപ്പയർ, ടെക്നോളജി അപ്ഗ്രഡേഷൻ, പുനരുജ്ജീവിപ്പിക്കൽ, വർക്ക് ഷെഡ്ഡിന്റെ നവീകരണം എന്നിവ ഉൾപ്പെടുന്നു.

14. പരിശീലന, വൈദഗ്ധ്യ, ശേഷി വികസന പരിപാടി:

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും നിലവാരമുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിയാണിത്.

15. <u>നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപനം:</u>

കണ്ണൂർ ജില്ലയിലെ നാട്ടുകാണിയിൽ ഒരു പരിസ്ഥിതി സൗഹൃദ ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്.

16. <u>കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ്ലൂം വില്ലേജ്:</u>

കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് ഒരു സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദനം, പ്രദർശനം, വില്പന എന്നിവ നടക്കുന്നതിനാൽ ഈ ഗ്രാമം ഒരു വിനോദ സഞ്ചാര കേന്ദ്രമായി മാറും. പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടി, ഉത്സവബത്ത 1750 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കൽ എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതിപ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിക്കുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

(ബി) ക്രയ വിലസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി കയർ സഹകരണ സംഘങ്ങളിൽനിന്ന് സംഭരിക്കുന്ന കയർഭൂവസ്ത്രം ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നതിന് കയർ കോർപ്പറേഷൻ മുഖാന്തരം ഓർഡറുകൾ ലഭ്യമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്നും ഇപ്രകാരം ഉപയോഗിക്കുന്ന കയർഭൂവസ്ത്രം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നോ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചും ഇതിനുള്ള ലീഡിംഗ് ഏജൻസിയായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും 12-7-2019-ലെ സ.ഉ.(സാധാ) നമ്പർ 872/2019/പൊ.മ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഗുണനിലവാരം കുറഞ്ഞ കയർഭൂവസ്ത്രം ഉപയോഗിച്ച് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവാരം പരിശോധിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ അംഗീകരിച്ച ഷെഡ്യൂൾ പ്രകാരമുള്ള സ്പെസിഫിക്കേഷനുള്ള കയർ ഭൂവസ്ത്രമാണ് ഉപയോഗിച്ചുവരുന്നത്. റോഡ് നിർമ്മാണ പ്രവൃത്തികളെല്ലാംതന്നെ കരാറുകാർ മുഖേന നടപ്പിലാക്കുന്നതിനാൽ നിർമ്മാണ വസ്തുക്കൾ കരാറുകാർ നേരിട്ടാണ് ലഭ്യമാക്കുന്നത്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്നും കയർ ഭൂവസ്ത്രത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് റോഡ് നിർമ്മാണങ്ങളിലുപയോഗിക്കപ്പെടുന്ന കയർ ഭൂവസ്ത്രങ്ങൾക്ക് എൻ.സി.ആർ.എം.ഐ-യുടെ സർട്ടിഫിക്കേഷൻ ഉണ്ടായിരിക്കണമെന്നും 12-7-2019-ലെ സ.ഉ.(സാധാ) നമ്പർ 872/2019/പൊ.മ.വ. ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

## ഇ.എസ്.ഐ. ആശുപത്രിക്ക് ബാംബൂ കോർപ്പറേഷന്റെ ഭൂമി അനുവദിക്കുന്നതിനുള്ള നടപടി

123(5784) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ബാംബൂ കോർപ്പറേഷൻ വക ഭൂമി നൽകുന്നത് സംബന്ധിച്ച നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

സി.എം.ഒ. പോർട്ടൽ വഴി ലഭിച്ച പ്രസ്തുത നിവേദനം പരിശോധിക്കുന്നതിനായി വ്യവസായ- വാണിജ്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) ആശുപത്രി കെട്ടിടത്തിന് ബാംബൂ കോർപ്പറേഷൻ വക ഭൂമി നൽകുന്നതിന് എൻ.ഒ.സി. നൽകുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ബാംബൂ കോർപ്പറേഷന്റെ അങ്കമാലിയിലെ ഭൂമിയിൽ ഹെഡ് ഓഫീസ് കെട്ടിടവും കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററും അതുമായി ബന്ധപ്പെട്ട് പനമ്പ് ശേഖരിക്കുന്ന 2 ഗോഡൗണുകളും സംസ്ഥാന കെ-ബിപുമായി സഹകരിച്ചുള്ള തൊഴിൽ പരിശീലന കേന്ദ്രമായ ബാംബൂ ഇന്നവേഷൻ സെന്ററും സ്ഥിതി ചെയ്യുന്നുണ്ട്. ബാക്കിയുള്ള ഭൂമിയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ഈറ്റയും മുളയും വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കീഴിലുള്ള വിവിധ കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകളിലേയ്ക്ക് നൽകുന്നതിനുള്ള ഈറ്റ ലോഡുകൾ അങ്കമാലിയിലുള്ള കോർപ്പറേഷന്റെ ഭൂമിയിലാണ് സ്റ്റോക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. ഈറ്റ കൊണ്ടുവരുന്ന വണ്ടികൾക്ക് കയറിയിറങ്ങി പോകുന്നതിനും, ലോഡ് സ്റ്റോക്ക് ചെയ്യുന്നതിനുമുള്ള സ്ഥലം തികയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ ബാംബൂ ബോർഡ് ഫാക്ടറിയിലുള്ള ഭൂമിയിൽ ഫാക്ടറിയും ഓഫീസ് കെട്ടിടവും കഴിഞ്ഞുള്ള സ്ഥലങ്ങളിൽ ഈറ്റയും മുളയും വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ ആവശ്യത്തിലേയ്ക്ക് അങ്കമാലിയിലെ ഭൂമിയിൽനിന്നും സ്ഥലം അനുവദിച്ചുനൽകുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കഴിയുകയില്ല.

## ചീമേനിയിൽ വ്യവസായ പാർക്ക്

124(5785) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പ്രഖ്യാപിച്ച വ്യവസായ പാർക്ക് നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പാർക്കിനാവശ്യമായ പ്രാരംഭ തുകയുടെ ഇരുപത് ശതമാനം തുക ബഡ്ജറ്റിൽ പ്രഖ്യാപിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും വ്യവസായ പാർക്കുമായി ബന്ധപ്പെട്ട നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

(എ &ബി) കാസർഗോഡ് ജില്ലയിലെ ചീമേനിയിലും കണ്ണൂർ ജില്ലയിലെ എരമത്തും ഐ.ടി പാർക്കുകൾ തുടങ്ങുന്നതിനായി ഐ.ടി വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും പ്രസ്തുത സ്ഥലങ്ങളിൽ ഐ.ടി പാർക്കുകൾ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി സ്ഥലങ്ങൾ ഏറ്റെടുത്ത് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതുസംബന്ധിച്ച വിഷയം 7-10-2021-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, ഭൂമിയുടെ SEZ പദ്ധതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ഒരു feasibility report തയ്യാറാക്കി സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർ കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

**കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ പാർക്ക്**

126(5786) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ 16.22 ഏക്കർ വരുന്ന കൊല്ലകടവ് വ്യവസായ എസ്റ്റേറ്റ് നിലവിലുണ്ട്. ടി എസ്റ്റേറ്റിൽ തന്നെ സിഡ്കോയുടെ ഉടമസ്ഥതയിലെ വ്യവസായ പ്ലോട്ടിൽ 18 ഏക്കർ സ്ഥലത്ത് 54 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മറ്റൊരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള ഭൂമി നിലവിൽ ലഭ്യമല്ല.

**പട്ടാമ്പി നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക്**

126(5787) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ; നടപടി ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാന ബഡ്ജറ്റിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി തുടങ്ങിയിട്ടില്ലെങ്കിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ കൊപ്പം പഞ്ചായത്തിൽ പാർക്ക് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാമോ?

കൊപ്പം പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി നിലവിൽ സ്ഥലം ലഭ്യമല്ല.

**മഞ്ചേശ്വരത്ത് വ്യവസായ പാർക്ക്**

127(5788) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നിലവിലെ വ്യവസായ പാർക്കുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള അനന്തപുരം വ്യവസായ വികസന ഏരിയ, അനന്തപുരം വ്യവസായ വികസന പ്ലോട്ട്, ചട്ടഞ്ചാൽ വ്യവസായ വികസന പ്ലോട്ട്, നിർദ്ദിഷ്ട മടിക്കൈ പുതുക്കൈ വ്യവസായ വികസന പ്ലോട്ട് (പ്രവർത്തനമാരംഭിച്ചിട്ടില്ല) എന്നിവയും സീതാംഗോളിയിൽ കിൻഫ്രയുടെ ഒരു വ്യവസായ പാർക്കും സിഡ്കോയുടെ ഉടമസ്ഥതയിൽ ഒരു വ്യവസായ എസ്റ്റേറ്റും ഒരു കാഞ്ഞങ്ങാട് മിനി വ്യവസായ എസ്റ്റേറ്റും നിലവിലുണ്ട്.

(ബി) മഞ്ചേശ്വരം താലൂക്കിൽ വ്യവസായ പാർക്ക് തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്കിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

(ബി&സി) മഞ്ചേശ്വരം താലൂക്കിൽ അനന്തപുരം വ്യവസായ വികസന ഏരിയ, അനന്തപുരം വ്യവസായ വികസന പ്ലോട്ട് എന്നിങ്ങനെ 2 പാർക്കുകൾ നിലവിലുണ്ട്. കാസർഗോഡ് കിൻഫ്ര പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന 21.07 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ലക്ഷ്യമിടുന്നു.

## കാസർഗോഡ് ജില്ലയിലെ വ്യവസായ പാർക്ക്

128(5789) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി എത്ര ഏക്കർ ഭൂമി ലഭ്യമാക്കാനാണ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പാർക്കിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ എന്തൊക്കെ വ്യവസായങ്ങൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

(എ-സി) വ്യവസായ വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിലെ വ്യവസായ പാർക്കുകൾ താഴെപ്പറയുന്നു.

1. അനന്തപുരം ഡി എ -108 ഏക്കർ

2. അനന്തപുരം ഡി പി - 103 ഏക്കർ

3. ചട്ടഞ്ചൽ ഡി പി - 28.5 ഏക്കർ കൂടാതെ മടിക്കൈ പുതുക്കൈ വ്യവസായ പാർക്ക് -99.98 ഏക്കർ, ചുറ്റമതിൽ നിർമ്മാണം നടന്നുവരുന്നു. നിർദ്ദിഷ്ട ചീമേനി വ്യവസായ പാർക്കിന്റെ പ്രൊപ്പോസൽ പരിഗണിച്ചുവരുന്നു. ഈ പാർക്കുകളിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങളും മറ്റ് പൊതു വ്യവസായങ്ങളും തുടങ്ങാൻ ലക്ഷ്യമിടുന്നു. കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ 1.99 ഏക്കർ ഭൂമിയാണ് ലഭ്യമായിട്ടുള്ളത്. പ്രദേശത്തിന്റെ വ്യാവസായിക ആവശ്യങ്ങൾ മനസ്സിലാക്കി ഭൂമി വികസിപ്പിക്കുന്നതിനുള്ള ഒരു വിശദമായ പഠനം നടത്തുന്നതിനായി തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായം ആകർഷിക്കുന്നതിനായി സംരംഭകർക്ക് അനുയോജ്യമായ പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ സീതാഗോലിയിൽ ഒരു വ്യവസായ പാർക്ക് കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. കാസർഗോഡ് വ്യവസായ പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന 21.07 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി മാസ്റ്റർപ്ലാൻ തയ്യാറാക്കി പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ തുടങ്ങാൻ ലക്ഷ്യമിടുന്നു.

**നാഷണൽ ഗ്രഫീൻ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ഇന്നവേഷൻ സെന്റർ**

129(5790) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഇലക്ട്രോണിക്സ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിനു കീഴിൽ നാഷണൽ ഗ്രഫീൻ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ഇന്നവേഷൻ സെന്റർ സ്ഥാപിക്കുവാൻ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മെറ്റീരിയൽ ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി എന്ന ഗവേഷണ സ്ഥാപനത്തെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ സഹകരണം നൽകുന്നതിന് ആലോചനയുണ്ടോ?

(എ&ബി) ഉണ്ട്.

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണി ടൗണിലുള്ള കെൽട്രോൺ ഭൂമിയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മെറ്റീരിയൽ ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി എന്ന സ്ഥാപനത്തോട് ചേർന്നുതന്നെ പുതുതായി ആരംഭിക്കുന്ന എൻ.ജി.ഐ.ഐ.സി.-ക്ക് സ്ഥലം കണ്ടെത്താൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഇലക്ട്രോണിക്സ് ആൻഡ് വിവര സാങ്കേതികവിദ്യാവകുപ്പിന്റെ പരിഗണനയിലുള്ള ശിപാർശയിൽ നാഷണൽ ഗ്രഫീൻ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് ഇന്നവേഷൻ സെന്റർ അത്താണിയിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുള്ളതായി കാണുന്നില്ല.

**കുണ്ടറ അലുമിനിയം ഇൻഡസ്ട്രീസ്**

130(5791) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-1-2013-ലെ എം.ഒ.യു. പ്രകാരം കുണ്ടറ അലുമിനിയം ഇൻഡസ്ട്രീസിലെ സി.ഡബ്ല്യു.കെ., എസ്.പി.ഡി. എന്നീ ഡിവിഷനുകളിൽനിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്കും മരണപ്പെട്ട തൊഴിലാളികൾക്കും ലഭിക്കേണ്ട നിയമപരമായ ആനുകൂല്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുമോ; ആനുകൂല്യം വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) വളരെക്കാലമായി പൂട്ടിക്കിടക്കുകയും തൊഴിലാളികൾക്ക് വരുമാനമോ ആനുകൂല്യങ്ങളോ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനായുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കാമോ;

(സി) പ്രസ്തുത എം.ഒ.യു. പ്രകാരം തൊഴിലാളികൾക്ക് നൽകിയ ഗ്രാറ്റുവിറ്റിയിൽനിന്നും കമ്പനി പിടിച്ചിട്ടുള്ള നാൽപ്പതിനായിരത്തി അഞ്ഞൂറ് രൂപ തിരിച്ച് തൊഴിലാളികൾക്ക് നൽകണമെന്ന് കൊല്ലത്തെ കൺട്രോളിംഗ് അതോറിറ്റി നിർദ്ദേശിച്ചിട്ടും എന്തുകൊണ്ട് തുക നൽകിയില്ലായെന്നും ഇത് തിരിച്ച് നൽകാത്തതിന്റെ പേരിൽ സർക്കാരിന് നൽകിയ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ-സി) 11-1-2013, 22-01-2013 എന്നീ തീയതികളിൽ ബി. ഐ. എഫ്. ആർ. നിർദ്ദേശിച്ച പ്രകാരം കമ്പനി തൊഴിലാളികൾ/യൂണിയൻ എന്നിവരുമായി ചേർന്ന് ഒപ്പിട്ട ധാരണാപത്രത്തിന്റെ നിബന്ധനകൾ പ്രകാരം 99% തൊഴിലാളികളുടെയും കുടിശ്ശിക തീർത്തിട്ടുള്ളതായി കമ്പനി അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അലിൻഡിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള തർക്ക വിഷയം സംബന്ധിച്ച് മാനേജ്മെന്റും തൊഴിലാളികളുടെ പ്രതിനിധികളുമായും കൊല്ലം

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ അനുരഞ്ജന യോഗം നടത്തിയെങ്കിലും തർക്കം പരിഹരിക്കാൻ കഴിയാത്തതിനെത്തുടർന്ന് Industrial Dispute Act 2(4) പ്രകാരമുള്ള അനുരഞ്ജന പരാജയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതിനെത്തുടർന്ന് ആയത് 4-1-2019-ലെ ജി.ഒ(ആർ.റ്റി)നമ്പർ10/2019/എൽ.ബി.ആർ ഉത്തരവ് പ്രകാരം കൊല്ലം ലേബർ കോടതിയുടെ വിചാരണയ്ക്കായി കൈമാറിയിട്ടുള്ളതുമാണ്. അലിൻഡുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ചിട്ടുള്ള പരാതിയിന്മേൽ ബന്ധപ്പെട്ടവരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ഡി) സർക്കാരോ കെ.എസ്.ഐ.ഡി.സി.-യോ ആവശ്യപ്പെടാതെ 2014-ൽ മാനേജ്മെന്റ് തൊഴിലാളികളിൽനിന്നും പിടിച്ച തുക സർക്കാരിൽ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ തുക തൊഴിലാളികൾക്ക് മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

2014-ൽ മാനേജ്മെന്റ് തൊഴിലാളികളിൽനിന്നും പിടിച്ച തുക സർക്കാരിൽ അടച്ചിട്ടില്ല. കെ.എസ്.ഐ.ഡി.സി. ഓണം അഡ്വാൻസായി അലിൻഡിലെ വിരമിച്ച ജീവനക്കാർക്ക് 90,44,000 രൂപ നൽകുകയുണ്ടായി. ഈ തുക അലിൻഡ് മാനേജ്മെന്റ് വിരമിച്ച ജീവനക്കാരിൽനിന്ന് തിരിച്ചുപിടിച്ച് 92 ലക്ഷം രൂപ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അലിൻഡ് റിട്ട് പെറ്റിഷൻ സമർപ്പിച്ചിട്ടുണ്ട്.

**വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും**

131(5792) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ ഉമ്പർനാട് ഐ.ടി.ഐ.-യോട് ചേർന്ന് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

പ്രസ്തുത സ്ഥലം വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല. ഉമ്പർനാട് ഹരിജൻ ട്രെയിനിംഗ് പ്രൊഡക്ഷൻ സെന്ററിന്റെ കോമ്പൗണ്ടിൽ 17 സെന്റ് സ്ഥലത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെയാണ് പട്ടിക വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ പ്രത്യേക ധനസഹായ പദ്ധതിപ്രകാരം പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലാ കളക്ടറുടെ അനുമതിയോടെ ആലപ്പുഴ ജില്ലാ മിനി ഇൻഡസ്ട്രിയൽ സഹകരണ സംഘം മുഖേന ഷോപ്പിംഗ് കോംപ്ലക്സ്-കം-സർവീസ് സെന്റർ SIDCO നിർമ്മിച്ച് 1987-ൽ പണി പൂർത്തിയാക്കി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് അനുവദിച്ചുനൽകി.

(ബി) പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റവന്യൂ രേഖകൾ പ്രകാരം സർവ്വേ നമ്പർ 16/14-ൽ ഉൾപ്പെടുന്നു. സ്ഥല വിസ്തൃതി 35.65 ആർ ആണ്. സ്ഥലം പുറമ്പോക്കായി രേഖപ്പെടുത്തിയിരിക്കുന്നുണ്ട്.

(സി) പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത കെട്ടിടത്തിൽ 20 മുറികളുള്ളതിൽ 18 എണ്ണം ഉപയോഗശൂന്യമാണ്.

(ഡി) പ്രസ്തുത സ്ഥലത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതും പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പുതിയ കെട്ടിടനിർമ്മാണം നിലവിൽ പരിഗണനയിലില്ല. എന്നാൽ കെട്ടിടത്തിലെ ഉപയോഗിക്കാത്ത കടമുറികൾ ഏറ്റെടുത്ത് അർഹരായ പുതിയ പട്ടികജാതി- പട്ടികവർഗ്ഗ സംരംഭകർക്ക് റീ-അലോട്ട് ചെയ്യാവുന്നതാണ്.

## ഏകജാലക സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

132(5793) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന്റെ നിലവിലെ ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

(എ&ബി) 2018-ലാണ് സംസ്ഥാനത്ത് അവസാനമായി വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുള്ളത്. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' പ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ 'K-SWIFT' എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതുകൂടാതെ 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgment Certificate' ലഭ്യമാകുന്നതാണ്. വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ (EoDB) സമയബന്ധിതമായി ക്ലിയറൻസ് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) റാങ്ക് നിശ്ചയിക്കുന്നത്. കേരളത്തിൽ സംരംഭകർക്കാവശ്യമായ ലൈസൻസ് റിന്യൂവൽ/അപ്രൂവൽ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി സർക്കാർ ജില്ലാതല ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (DBRAP) 2020 നടപ്പിലാക്കി. ഇതിലൂടെ 2020-21 സാമ്പത്തിക വർഷം ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റിന്റെ (GSDP) 0.25% അധികമായി വായ്പയെടുക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കി. EoDB-യുടെ അടിസ്ഥാനത്തിൽ സംസ്ഥാന റാങ്കിംഗ് നിശ്ചയിക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2020 നടപ്പിലാക്കുന്നതിൽ 94% നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

## നിർമ്മാണ അസംസ്കൃതവസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റം

133(5794) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ അസംസ്കൃതവസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഇവയുടെ വിതരണം സുഗമമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കുന്നതിനും അതുവഴി സിമന്റ് വില കുറയ്ക്കുന്നതിനും സാധ്യമാണോയെന്ന് പരിശോധിക്കുമോ;

(ഡി) കമ്പി, പൈപ്പ് എന്നിവയുടെ വിലനിയന്ത്രണത്തിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വ്യക്തമാക്കുമോ?

(ബി-ഡി) സംസ്ഥാനത്തിനാവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ ബാക്കിയുള്ള സിമന്റ് സംസ്ഥാനത്തിന് പുറത്തുനിന്നാണ് ലഭ്യമാക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പി ക്കാനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിലുൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അധിക ഉല്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിൽ അധികമായി നിക്ഷേപിക്കുന്ന സ്ഥിരമൂലധനത്തിന് ആനുപാതികമായി പരമാവധി 30 ലക്ഷത്തിൽ നിജപ്പെടുത്തി സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതിപ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതു സംഭരണശാലകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതുസംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതുവഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് സഹായകരമാകുന്നുണ്ട്. പദ്ധതിത്തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതവുമായി വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ആവശ്യകതയുടെ 95%-വും അന്യ സംസ്ഥാന ഉൽപ്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചുനിർത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള സിമന്റിന് 3 വർഷം മുൻപുള്ള വിലയിൽനിന്ന് മെട്രിക് ടണ്ണിന് 600 രൂപ ഇളവിലാണ് ഇപ്പോൾ വിൽപ്പന നടത്തിവരുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തിവരുന്നത്. മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സിമന്റ്സ് ബ്ലെൻഡിംഗ് ടെർമിനൽ സ്ഥാപിച്ച് 0.3 മില്യൺ ടൺ സിമന്റ് ഓരോ വർഷവും ഉല്പാദിപ്പി ക്കുവാനുള്ള പദ്ധതിയും 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള ഒരു സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

## പാലക്കാട് ജില്ലയിലെ ഒരു ജില്ല ഒരു ഉല്പന്നം പദ്ധതി

134(5795) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 'ഒരു ജില്ല ഒരു ഉല്പന്നം' പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന ഏത്തക്കായ കൃഷിയുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ഭക്ഷ്യസംസ്കരണ മന്ത്രാലയം പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ (പി.എം.എഫ്.എം.ഇ) ഉൾപ്പെടുത്തി പാലക്കാട്, അട്ടപ്പാടിയിൽ മില്ലറ്റ്, പഴം, ഏത്തക്കായ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായി കാർഷിക വികസന വകുപ്പിന്റെ പൊതുവായ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ പദ്ധതി തുക 2.75 കോടി രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതമായ 1.71 കോടി രൂപയിൽ ആദ്യ ഗഡുവായി 1.518 കോടി രൂപ കേന്ദ്രം അനുവദിക്കുകയും ആ തുക ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി അഗ്രികൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫെയർ ഡിപ്പാർട്ട്മെന്റ് പാലക്കാടിന് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര യൂണിറ്റ് തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 20 യൂണിറ്റുകൾക്കായി വ്യക്തിഗത അപേക്ഷകൾ ഓൺലൈനായി ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനായി വാഴക്കൃഷിക്കാർക്കിടയിൽ എന്തെല്ലാം പ്രചരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ?

പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം.എഫ്.എം.ഇ) ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്), കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സംയുക്തമായി ഓൺലൈനായി 2021 ആഗസ്റ്റ് 12, 13 തീയതികളിൽ "ഒരു ജില്ല ഒരു ഉല്പന്നം" എന്ന സംസ്ഥാനതല ദ്വിദിനസെമിനാർ സംഘടിപ്പിച്ചിരുന്നു. കാർഷികമേഖലയിലെ മൂല്യവർദ്ധന ഉല്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യാവസായിക അന്തരീക്ഷം കേരളത്തിൽ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഈ ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചത്. ഈ ഓൺലൈൻ സെമിനാറിൽ പാലക്കാട് ജില്ലയിലെ ODOP

ഉൽപ്പന്നമായ ഏത്തക്കായയുടെ മൂല്യവർദ്ധനവിനെക്കുറിച്ചുള്ള വിശദമായ സെഷൻ കണ്ണറ ബനാന റിസർച്ച് സ്റ്റേഷൻ, തൃശ്ശൂരിലെ വിദഗ്ദ്ധർ നയിക്കുകയും ആയത് പുതിയ സംരംഭകർ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ഡെൽറ്റ എഞ്ചിനീയറിംഗ് കമ്പനിയുടെ കെട്ടിടത്തിന് ഉടമസ്ഥാവകാശം**

135(5796) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി എച്ച്.എം.റ്റി. ആൻസിലറി ഇൻഡസ്ട്രിയൽ ഏരിയയിൽ പ്രവർത്തിക്കുന്ന ഡെൽറ്റ എഞ്ചിനീയറിംഗ് കമ്പനിയുടെ മാനേജിംഗ് പാർട്ട്ണർ ടി. കെ. രാജൻ എന്ന വ്യക്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന ഷെഡ് നമ്പർ 3-ന്റെ ഉടമസ്ഥാവകാശം ടിയാളുടെ പേരിലേയ്ക്ക് മാറ്റി കിട്ടുന്നതിനായി പത്തൊൻപത് വർഷം മുൻപ് സമർപ്പിച്ച അപേക്ഷ തീർപ്പാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(ബി) ഉടമസ്ഥാവകാശം എന്നത്തേയ്ക്ക് ടിയാളുടെ പേരിലേയ്ക്ക് അനുവദിച്ച് കിട്ടുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ തൃക്കാക്കര നോർത്ത് വില്ലേജിൽ എച്ച്.എം.ടി. ആൻസിലറി എസ്റ്റേറ്റിൽ സർവ്വേ നമ്പർ 1037/10-ൽപ്പെട്ട 15 സെന്റ് സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന ഷെഡ് നമ്പർ എ 3-ഉം മെസ്സേഴ്സ് ഡെൽറ്റ എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനത്തിന് കൈമാറ്റം ചെയ്തുനൽകിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ തീരുമാനത്തിന് വിധേയമായി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**നിക്ഷേപക സംഗമങ്ങൾ**

136(5797) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം സംസ്ഥാനത്തിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഗ്ദാനങ്ങളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

(എ& ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് യുവ സംരംഭക സമ്മിറ്റ്, അസെൻഡ് 2019 എന്നീ പരിപാടികൾ നടത്തിയിരുന്നു. എന്നിരുന്നാലും ഒരു നിക്ഷേപ സംഗമമായി നടത്തിയത് അസെൻഡ് 2020 എന്ന സംഗമമാണ്.

2020-ലെ അസെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണാപത്രം/താല്പര്യപത്രം ഒപ്പുവച്ച പദ്ധതികൾ വഴി 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചത്. അസെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണ പത്രം/താല്പര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ, 22 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 98 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. 31 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി പദ്ധതി നിർവ്വഹണത്തിൽനിന്നും ചില പ്രൊമോട്ടർമാരെ പിന്തിരിപ്പിക്കാൻ കാരണമായിട്ടുണ്ട്. താല്പര്യപത്രം ഒപ്പുവച്ചിട്ടും നിലവിൽ പദ്ധതി ആരംഭിക്കാത്ത പ്രൊമോട്ടർമാരുമായി സർക്കാർ ചർച്ച നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രാവർത്തികമാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഒരു ജില്ല ഒരു ഉല്പന്നം പദ്ധതി**

137(5798) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള ഒരു ജില്ല ഒരു ഉല്പന്നം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Entreprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യ ഉല്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു.

(ബി)പ്രസ്തുത പദ്ധതിപ്രകാരം ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും ധനസഹായങ്ങളും നൽകുമെന്ന് അറിയിക്കാമോ?

ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ താഴെപ്പറയുന്നു.

---

* നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തിഗത സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് യോഗ്യമായ ചെലവിന്റെ 35% എന്ന അളവിൽ യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് സ്ഥിരമൂലധന സബ്സിഡി (മെഷീനറി വാങ്ങുന്നതിന്) നൽകും. സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി എസ്.എച്ച്.ജി.-യുടെ ഓരോ അംഗത്തിനും 40000 രൂപ വരെ പ്രാരംഭ മൂലധനം ലഭ്യമാകും. ഭക്ഷ്യ സംസ്കരണ സംരംഭം നടത്തുന്ന ഒരു എസ്.എച്ച്.ജി. അംഗത്തിന് 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി പരമാവധി 10 ലക്ഷം രൂപ. എസ്.എച്ച്.ജി. ഫെഡറേഷന്റെ മൂലധന നിക്ഷേപത്തിന് ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റോടുകൂടി 35% പിന്തുണ (പരമാവധി പരിധി ഭക്ഷ്യ മന്ത്രാലയം നിർദേശിക്കുന്ന തരത്തിലായിരിക്കും). കർഷക ഉല്പാദക സംഘടനകളും (എഫ്.പി.ഒ.-കൾ) ഉല്പാദക സഹകരണ സംഘങ്ങൾക്കും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി 35% ഗ്രാന്റ് (പരമാവധി പരിധി ഭക്ഷ്യ മന്ത്രാലയം നിർദ്ദേശിക്കുന്ന തരത്തിലായിരിക്കും). പൊതു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായം, ട്രെയിനിംഗ് & ഹാൻഡ് ഹോൾഡിംഗ് പിന്തുണ, ബ്രാൻഡിംഗിനും വിപണനത്തിനുമുള്ള പ്രാദേശിക സംസ്ഥാന തലത്തിൽ പിന്തുണ (എസ്.എച്ച്.ജി, എഫ്.പി.ഒ., സഹകരണ സംഘങ്ങൾക്കോ, സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംഘങ്ങളുടെ എസ്.പി.വി.ക്കോ).

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും കുടുംബശ്രീ മിഷൻ വഴിയും അനുയോജ്യരായ സംരംഭകരെ കണ്ടെത്തി തുടർനടപടി സ്വീകരിച്ചുവരുന്നു. ജില്ലകളിലുല്പാദിപ്പിച്ചുവരുന്ന തനത് ഭക്ഷ്യ വിഭവങ്ങളായ മരച്ചീനി, ചക്ക, വാഴപ്പഴം, നാളികേരം, നെല്ല്, കല്ലുമ്മേക്കായ മുതലായവയാണ് ജില്ലകളുടെ One District One Product (ODOP) ആയി തെരഞ്ഞെടുത്തിട്ടുള്ളത്. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും യൂണിറ്റുകൾക്കും എസ്.എച്ച്.ജി. അംഗങ്ങൾക്കും എല്ലാ ജില്ലകളിലും ODOP ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

**നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

138(5799) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിർമ്മാണമേഖല കടുത്ത പ്രതിസന്ധിയിലാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നതുകാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 വ്യാപനം ഈ പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു. സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ ബാക്കിയുള്ള സിമന്റ് സംസ്ഥാനത്തിന് പുറത്തുനിന്നാണ് ലഭ്യമാക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾവഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിലുൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അധിക ഉല്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിൽ അധികമായി നിക്ഷേപിക്കുന്ന സ്ഥിരമൂലധനത്തിന് ആനുപാതികമായി പരമാവധി 30 ലക്ഷത്തിൽ നിജപ്പെടുത്തി സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതിപ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതു സംഭരണശാലകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതുസംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതുവഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് സഹായകരമാകുന്നു. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതവുമായി വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ ആവശ്യകതയുടെ 95%-വും അന്യ സംസ്ഥാന ഉൽപ്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചുനിർത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള സിമന്റിന് 3 വർഷം മുൻപുള്ള വിലയിൽനിന്ന് മെട്രിക് ടണ്ണിന് 600 രൂപ ഇളവിലാണ് ഇപ്പോൾ വിൽപ്പന നടത്തിവരുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തിവരുന്നത്. മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സിമന്റ്സ് ബ്ലെൻഡിംഗ് ടെർമിനൽ സ്ഥാപിച്ച് 0.3 മില്യൺ ടൺ സിമന്റ് ഓരോ വർഷവും ഉല്പാദിപ്പിക്കുവാനുള്ള പദ്ധതിയും 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള ഒരു സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

(ബി) നിർമ്മാണ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പരിശോധിച്ചിട്ടുണ്ട്.

## കെ.പി.പി. നമ്പ്യാർ സ്മാരക ഇലക്ട്രോണിക് ഗവേഷണകേന്ദ്രം

139(5800) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാങ്ങാട്ട്പറമ്പ കെൽട്രോൺ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന കെ.പി.പി. നമ്പ്യാർ സ്മാരകം വിപുലപ്പെടുത്തി ഇലക്ട്രോണിക്സ് റിസർച്ച് & ഡെവലപ്മെന്റ് സെന്ററാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ നിർമ്മിച്ചിരിക്കുന്ന "കെ. പി. പി. നമ്പ്യാർ സ്മാരകം" ഒരു ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രമായാണ് [KPP Nambiar Electronics Research & Development Centre (KER & DC)] സ്ഥാപിച്ചിരിക്കുന്നത്. ഇതിനുവേണ്ടി സർക്കാർ ഗ്രാന്റായി നൽകിയ 2 കോടി രൂപ ഉപയോഗിച്ച് കെട്ടിടവും ആവശ്യമായ ഗവേഷണ ലാബുകളും ആദ്യഘട്ടത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഇപ്രകാരം നിർമ്മിച്ച MATERIAL DEVELOPMENT CENTRE, ENGINEERING AND DESIGN CENTRE, ELECTRONICS TEST AND CALIBRATION LAB എന്നീ ഗവേഷണ ലാബുകളാണ് സ്മാരകത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നത്. മൂന്ന് ഘട്ടമായാണ് കെ.പി.പി.നമ്പ്യാർ ഇലക്ട്രോണിക്സ് റിസർച്ച് & ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ ആദ്യഘട്ടനിർമ്മാണം മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ഇപ്പോൾ ഒറ്റനില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്മാരകം മൂന്നുനില കെട്ടിടമായി വികസിപ്പിക്കുവാനും കമ്പനിയുടെ സമഗ്ര-വികസനം ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം 2030-ഓടുകൂടി കമ്പനിയിൽ ഉല്പാദനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സൂപ്പർ കപ്പാസിറ്റർ, SMD (SURFACE MOUNT COMPONENTS), ACTIVE COMPONENTS എന്നീ ഉല്പന്നങ്ങളുടെ ഗവേഷണ ലാബുകൾ തയ്യാറാക്കാനുമാണ് ഉദ്ദേശിക്കുന്നത്. 5 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട വിപുലീകരണത്തിനായുള്ള DPR കമ്പനി തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. മൂന്നാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തോട് ചേർന്നുള്ള 20 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് മറ്റ് ഗവേഷണ സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ഘട്ടത്തിൽ ഗവേഷണ ലാബുകളോടൊപ്പം AMPHI THEATRE (Seminar Hall), INCUBATION CENTRE, SKILL ACADEMY WORKSHOP എന്നിവയും നിർമ്മിക്കാൻ പദ്ധതിയുണ്ട്.

## നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കൽ

140(5801) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ്, കമ്പി, മണൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വില ഏകീകരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമന്റ് ഉൽപ്പാദിപ്പിക്കുന്ന മലബാർ സിമന്റ്സിന്റെ ഉൽപ്പാദനം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉൽപ്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. Kerala state Mineral Development Corporation Limited (KEMDEL) -ന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അണക്കെട്ടുകളിൽ അടിയുന്ന മണൽ ശേഖരിച്ച് സംസ്കരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്.

## ക്വാറി വ്യവസായം

141(5802) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകയിൽ സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഒരു നടപടിക്രമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന വിധത്തിലും നിലവിലെ നിയമങ്ങൾക്കും വ്യവസ്ഥയ്ക്കുമനുസൃതമായി പൂർണ്ണമായും കുറ്റമറ്റതായാണ് സമർപ്പിക്കപ്പെടുന്നതെങ്കിൽ ആയത് കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പോളിസിയിൽ ക്വാറി വ്യവസായം ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(ഡി) കോവിഡ് പശ്ചാത്തലത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നൽകിയ ലൈസൻസുകളുടെ കാലാവധി നീട്ടി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ഇ) എങ്കിൽ ഏത് സാമ്പത്തിക വർഷം വരെയാണ് ദീർഘിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) ഉണ്ട്. കോവിഡ് പശ്ചാത്തലത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നൽകിയ ക്വാറിയിംഗ് പെർമിറ്റുകളുടെയും ക്വാറിയിംഗ് ലീസുകളുടെയും കാലാവധി 12-2-2021-ലെ ജി.ഒ. (ആർ.ടി.) നമ്പർ 203/2021/ഐ.ഡി. നമ്പർ ഉത്തരവുപ്രകാരം ഒരു വർഷത്തേയ്ക്ക് നീട്ടി നൽകിയിട്ടുണ്ട്.

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ സമർപ്പിച്ചതിന്റെ രസീത് ലൈസൻസ് പുതുക്കുന്നതിന്റെ രേഖയായി പരിഗണിക്കാൻ കഴിയുമോ; അറിയിക്കുമോ;

(ജി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ലൈസൻസ് വ്യവസ്ഥകളും ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എഫ് &ജി) ഇല്ല.

## പരിസ്ഥിതിലോല പ്രദേശങ്ങളിലെ ക്വാറികളുടെ പ്രവർത്തനം

142(5803) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പഠനം നടത്താതെ ക്വാറികൾക്ക് അനുമതി നൽകുന്നതാണ് ഉരുൾപൊട്ടലുകൾക്ക് കാരണമാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

2006-ലെ കേന്ദ്ര സർക്കാരിന്റെ EIA വിജ്ഞാപനപ്രകാരം പരിസ്ഥിതി അവലോകനം (Environmental Assessment) നടത്തി, Environment Management Plan തയ്യാറാക്കി സമർപ്പിക്കുന്ന ക്വാറികൾക്ക് മാത്രമേ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽനിന്നും പാരിസ്ഥിതികാനുമതി നൽകാറുള്ളൂ. പരിസ്ഥിതി പഠനം നടത്തി Environmental Clearance ഉള്ള ദൂരപരിധി പാലിക്കുന്ന പാറമടകൾക്ക് മാത്രമാണ് ഖനനാനുമതി നൽകുന്നത്.

(ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിക്കാറില്ല. ഖനനാനുമതി നൽകുന്നതിന് മുമ്പായി പാരിസ്ഥിതികാനുമതി നിർബന്ധമാകയാൽ ഖനനാനുമതി നൽകാറില്ല.

(സി) കഴിഞ്ഞ ദിവസങ്ങളിലെ ശക്തമായ മഴയിൽ ഉരുൾപൊട്ടലുണ്ടായ കോട്ടയം ജില്ലയിലെ കൂട്ടിക്കലിൽ ക്വാറികൾ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മെ. പെഡാ ക്രഷേഴ്സ് ഡോർ നമ്പർ 54/ബി, മണർകാട് പി.ഒ., കോട്ടയം എന്ന ക്വാറിക്ക് മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടറുടെ 2-3-2012-ലെ 836/2011 -12/ 1089/M3/2012 -ാം നമ്പർ ഉത്തരവുപ്രകാരം ടി വില്ലേജിലെ സർവ്വെ 59/1-1, 86/4 എന്നിവയിൽപ്പെട്ട സ്ഥലത്ത് 12 വർഷക്കാലാവധിയിൽ പ്രവർത്താനുമതി ഉള്ളതാണ്.

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയതിൽ സർക്കാരിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിന് വീഴ്ച ഉണ്ടായിട്ടില്ല. കൂട്ടിക്കൽ വില്ലേജിൽ 2 ക്വാറികൾക്കാണ് പ്രവർത്തനാനുമതി ഉണ്ടായിരുന്നത്. ടി വില്ലേജിൽ പ്രവർത്തിച്ചിരുന്ന മെ. വാഴത്തറ ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് ഖനനാനുമതി നൽകിയിരുന്ന

സ്ഥലം പൂർണ്ണമായും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യതാ മേഖലകളെ സംബന്ധിച്ചുള്ള മാപ്പിലെ ഹൈഹസാഡ് സോണിൽ സ്ഥിതി ചെയ്യുന്നതായി കണ്ടതിനെത്തുടർന്ന് 2018-ലെ അതിതീവ്ര മഴയ്ക്കുശേഷം ടി സ്ഥലത്ത് ഖനനാനുമതി നൽകിയിട്ടില്ലാത്തതും ഖനന പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുള്ളതുമാണ്. മെ. പെടാ ക്രഷേഴ്സിന് ഖനനാനുമതി ലഭ്യമായിരുന്ന സ്ഥലത്തിന്റെ ഒരു ഭാഗം ഹൈ ഹസാഡ് സോണിൽ ആയിരുന്നതിനാൽ ആ ഭാഗം ഒഴിവാക്കി ഖനനം ക്രമീകരിക്കുവാനുള്ള ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**സംസ്ഥാനത്തെ പാറ ക്വാറികൾ**

143(5804) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന പാറ ക്വാറികൾ എല്ലാ അനുമതികളും നേടിയാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും അനുമതി നൽകിയിട്ടുള്ള എല്ലാ പാറ ക്വാറികളും നിയമാനുസൃതമുള്ള എല്ലാ ലൈസൻസുകളോടും കൂടിയാണ് പ്രവർത്തിക്കുന്നത്.

(ബി) 2018-ന് ശേഷം അനുമതി നൽകിയ പുതിയ പാറ ക്വാറികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

46 എണ്ണം.

**പാറമടകൾക്ക് പരിസ്ഥിതി ക്ലിയറൻസ്**

144(5805) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ കാലാവധി കഴിഞ്ഞ പാറമടകൾ വീണ്ടും പരിസ്ഥിതി ക്ലിയറൻസ് വാങ്ങാതെ പ്രവർത്തിക്കരുതെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; അറിയിക്കാമോ;

(ബി) എന്നുമുതലാണ് ഈ ഉത്തരവിന് പ്രാബല്യം ഉള്ളതെന്നും ഉത്തരവിലെ മറ്റ് വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷം നടത്തുന്നത് അനധികൃത ഖനനം ആയിരിക്കുമെന്നും ഖനനം ചെയ്യുന്ന ഉൽപ്പന്നത്തിന് പരിസ്ഥിതി നഷ്ടപരിഹാരം ഈടാക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

(എ-ഡി) പാട്ടക്കരാർ കാലാവധി കഴിഞ്ഞ പാറമടകൾ വീണ്ടും പരിസ്ഥിതി ക്ലിയറൻസ് വാങ്ങാതെ പ്രവർത്തിക്കരുതെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാട്ടക്കരാർ കാലാവധി കഴിഞ്ഞ ക്വാറികൾക്ക് ലൈസൻസ് പുതുക്കാൻ പരിസ്ഥിതി ക്ലിയറൻസ് നിർബന്ധമാക്കി ബഹുമാനപ്പെട്ട സുപ്രീംകോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## പാറമടകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

145(5806) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. ടി. തോമസ്:
ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളും കൂടി വരുന്ന സാഹചര്യത്തിൽ പാറമടകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005-ന്റെ 23(1) വകുപ്പ് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്ത നിവാരണ പദ്ധതി 2016-ന്റെ (State Disaster Management Plan, 2016) ചാപ്റ്റർ 3.21.1 പ്രകാരം അതിതീവ്ര ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ/ പാറനിരങ്ങൽ സാധ്യതാമേഖലയായി (Landslide Susceptibility-High Hazard Zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ വെടിമരുന്ന് ഉപയോഗിച്ചുള്ള പാറ ഖനനം നിരോധിക്കണമെന്ന് ദുരന്ത നിവാരണ നിയമം 2005-ന്റെ 22(2)(b) വകുപ്പ് അനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി റെഡ് സോണായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഖനനത്തിനുള്ള അനുമതി നൽകുന്നില്ല.

(ബി) ക്വാറികൾ പൊതു ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ കൊണ്ടു വരണമെന്ന നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശകളിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

ക്വാറി ലൈസൻസ് ഒരു വ്യക്തിക്ക് അനുവദിക്കുന്നതിന് പകരം ക്വാറികൾ പൊതു ഉടമസ്ഥതയിൽ/ സർക്കാർ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരികയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ടി ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന് നിയമസഭാ പരിസ്ഥിതി സമിതി സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ക്വാറികളും ജനവാസ കേന്ദ്രവുമായുള്ള ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിക്കണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ടി ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**കുളം നിർമ്മിക്കുന്നതിന് അനുമതി**

146(5807) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിലേയ്ക്ക് കുളം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ശ്രീ. റോയ് മാത്യു (കുറുമണ്ണിൽ വീട്, കട്ടപ്പന, ഇടുക്കി ജില്ല) അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി എന്താണെന്നും വിശദമാക്കുമോ;

(ബി) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ഓഫീസിലുള്ള ഫയൽ നമ്പർ 10175/എം1/2018-ൽ എന്തെല്ലാം തുടർനടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) കൃഷി ആവശ്യത്തിലേയ്ക്ക് കുളം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ശ്രീ. റോയ് മാത്യു അപേക്ഷ നൽകിയിട്ടുണ്ട്. കട്ടപ്പന വില്ലേജാഫീസിൽനിന്നും ഇടുക്കി ജിയോളജിസ്റ്റിന് 13-4-2018-ന് അപേക്ഷ ലഭിച്ചു. ആർ.ഡി.ഒ.-യിൽനിന്നും എൻ.ഒ.സി. ഹാജരാക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകുന്നതിലേയ്ക്കായി ജില്ലാ ജിയോളജിസ്റ്റിന് മൈനിംഗ് & ജിയോളജി വകുപ്പ് ആസ്ഥാനത്തുനിന്ന് 5-11-2018-ൽ കത്ത് അയച്ചിരുന്നു. എൻ.ഒ.സി. 1-9-2021-ന് വകുപ്പ് ആസ്ഥാനത്ത് ലഭിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

(സി) പ്രസ്തുത വകുപ്പിന്റെ ഇടുക്കി ജില്ലാ ഓഫീസിൽനിന്നും അയച്ച 24-8-2021-ലെ ഡി.ഒ.1/626/എം/18 നമ്പർ കത്ത് പ്രകാരമുള്ള അപേക്ഷയും ആർ.ഡി.ഒ.-യുടെ എൻ.ഒ.സി.-യും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് അയച്ചതെന്നും അറിയിക്കുമോ; കത്തിന്റെയും ഉള്ളടക്കങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ?

സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) ആയത് ഡയറക്ടറേറ്റിൽനിന്നും നാളിതുവരെ സർക്കാരിലേയ്ക്ക് അയച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ ഫയൽ പരിശോധിച്ച് വരികയാണെങ്കിൽ ഫയൽ നമ്പർ, ബന്ധപ്പെട്ട സെക്ഷൻ എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി-എഫ്) കുളം വലുതാക്കുന്നതിന് എത്ര അളവിൽ പാറ നീക്കം ചെയ്യണമെന്ന് ജില്ലാ ജിയോളജിസ്റ്റിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം അപേക്ഷയും അനുബന്ധരേഖകളും തുടർനടപടിക്കായി സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എറണാകുളം ജില്ലയിലെ ഖനിജശേഖരങ്ങൾ**

147(5808) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ഖനിജ പര്യവേക്ഷണ വിഭാഗം എറണാകുളം ജില്ലയിലെ ഖനിജങ്ങളുടെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലയിൽ എന്തൊക്കെ ഖനിജങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും ഓരോ ഖനിജശേഖരത്തിന്റെയും അളവുകളും ഗുണമേന്മയും എന്താണെന്നും അറിയിക്കാമോ?

എറണാകുളം ജില്ലയിലെ നാഗപ്പുഴ, വടകോഡ് എന്നീ സ്ഥലങ്ങളിൽ 1980-81-ൽ നടത്തിയ പര്യവേഷണത്തിൽ ഉദ്ദേശം 40,000 മെട്രിക് ടൺ ഗുണമേന്മയുള്ള (85% recoverable) ഗ്രാഫൈറ്റ് നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഖനനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് ജില്ലയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ?

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ-ന് ക്വാറിയിംഗ് ലീസും ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഓർഡിനറി എർത്ത് എന്നിവയ്ക്ക് ക്വാറിയിംഗ് പെർമിറ്റും അനുവദിക്കുന്നതും ആയത് ചട്ട പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തുന്നതെന്നും ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഇമ്പോർട്ടഡ് സാൻഡ്, ബ്രിക് ക്ലേ എന്നിവ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചുപോരുന്നു. കെട്ടിട നിർമ്മാണത്തിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും നിർദ്ദേശപ്രകാരം പരിശോധന നടത്തി ധാതുക്കൾ നീക്കം ചെയ്യുന്നതിനും അനുമതി നൽകുന്നു.

(സി) ഖനനത്തിനായി ഏതെങ്കിലും സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഓർഡിനറി എർത്ത് എന്നിവ ഖനനം നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്കും സ്വകാര്യ കമ്പനികൾക്കുമാണ് അനുമതികൾ നൽകിയിട്ടുള്ളത്.

## പുല്ലൂരാംപാറ മേഖലയിലെ വാസയോഗ്യമല്ലാത്ത ഭൂമി

148(5809) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ലെ ഉരുൾപൊട്ടലിനെ തുടർന്ന് തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറയിലെ ചില മേഖലകൾ വാസയോഗ്യമാണോ എന്നതുസംബന്ധിച്ച് ജിയോളജി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മൈനിംഗ് & ജിയോളജി വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) താമസയോഗ്യമല്ലാത്തതിനാൽ പകരം ഭൂമി നൽകണം എന്ന ആവശ്യമുന്നയിക്കുന്ന എത്ര പേരുടെ അപേക്ഷ റവന്യൂ വകുപ്പ് ജിയോളജി വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഇവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

2012-ൽ പുല്ലൂരാംപാറ മേഖലയിൽ ഉരുൾപൊട്ടലിനെ തുടർന്ന് വാസയോഗ്യ മല്ലാത്തതിനാൽ പകരം ഭൂമി നൽകണമെന്ന് ആവശ്യമുന്നയിക്കുന്ന 9 പേരുടെ അപേക്ഷ റവന്യൂ വകുപ്പ് 18-6-2021-ന് ജിയോളജി വകുപ്പിന് കൈമാറിയിട്ടുണ്ട്. ആവരുടെ ലിസ്റ്റ് താഴെ നൽകുന്നു.

1. ഏലിക്കുട്ടി തോമസ് പ്ലാക്കുട്ടത്തിൽ
2. സുലോചന മേമ്മട
3. ജാനു പച്ചോളി
4. ദേവദാസ് ഇലഞ്ഞിക്കൽ
5. തങ്കമ്മ പുതുവയലിൽ
6. ചന്ദ്രൻ കാരപ്പാടം
7. രാമചന്ദ്രൻ കാക്കരുക്കിൽ
8. ദിവാകരൻ മറ്റത്തിൽ
9. ഗോപി ഇലഞ്ഞിക്കൽ

(സി) ഇതുസംബന്ധിച്ച് ജിയോളജി വകുപ്പ് നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

ജിയോളജി വകുപ്പ് പരിശോധന നടത്തിയിട്ടില്ല.

## കൈത്തറി ഉൽപ്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ

149(5810) ശ്രീ. എം. വിൻസെന്റ് :
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി ഉൽപ്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ നൽകുന്ന തിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൈത്തറി ഉൽപ്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ നൽകുന്നതിനു വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. ബാലരാമപുരം സാരീസ് & ഫൈൻ കോട്ടൺ ഫാബ്രിക്സ്, ചേന്ദമംഗലം ദോത്തീസ് & സെറ്റ്മുണ്ട്, കുത്താമ്പുള്ളി സാരീസ് & ഫൈൻ കോട്ടൺ ഫാബ്രിക്, കാസർഗോഡ് സാരീസ്, കുത്താമ്പുളി ദോത്തീസ് & സെറ്റ്മുണ്ട്, കണ്ണൂർ ഹോം ഫർണിഷിംഗ് എന്നീ ഉൽപ്പന്നങ്ങൾക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ ലഭിച്ചിട്ടുണ്ട്. ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ (ജി.ഐ.) ഉൽപ്പന്നങ്ങളുടെ വികസനത്തിനായി നിരവധി സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തിയിട്ടുണ്ട്. ഉൽസവകാലങ്ങളിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ന്യൂസ് പേപ്പർ- മാഗസിനുകളിലൂടെയും സിനിമാ തീയേറ്ററുകളിലും ജി.ഐ. ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുന്ന പരസ്യം നൽകിയിട്ടുണ്ട്. ഇതെല്ലാം ജി.ഐ. ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ പദവി ലഭിച്ചതിലൂടെ ലോകവ്യാപാര മേഖലയിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ പ്രശസ്തിയും ഡിമാന്റും വർദ്ധിക്കുന്നുണ്ട്.

## സൗജന്യ യൂണിഫോം പദ്ധതി

150(5811) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതിയുടെ ഭാഗമായി കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള യൂണിഫോം തുണിയുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി കൈത്തറി സഹകരണ സംഘങ്ങൾക്ക് യൂണിഫോം തുണിയുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടില്ല. സ്കൂൾ യൂണിഫോം തുണിക്ക് ആവശ്യമായ നൂൽ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ലഭ്യമാക്കി പ്രാഥമിക കൈത്തറി സംഘങ്ങൾക്ക്

സൗജന്യമായി വിതരണം ചെയ്യുകയും, ഈ നൂലുപയോഗിച്ച് പ്രാഥമിക കൈത്തറി സംഘങ്ങൾ യൂണിഫോം തുണി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് സംഘങ്ങളിലെ തൊഴിലാളികൾക്ക് വേതനവും സംഘങ്ങൾക്ക് നിശ്ചിത തുക മാർജിൻ മണിയായും സർക്കാർ അനുവദിക്കുന്നു.

(ബി) കൈത്തറി തൊഴിലാളികൾക്ക് എത്ര മാസത്തെ കൂലി കുടിശ്ശികയായിട്ടുണ്ട്; കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്ത് കൂലി ഇനത്തിൽ 2021 ജൂൺ മാസം മുതലുള്ള കൂലി നൽകുവാനുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൈത്തറി മേഖലയിലെ അസംസ്കൃതവസ്തുക്കളുടെ അഭാവം**

151(5812) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി മേഖലയിലെ അസംസ്കൃതവസ്തുക്കളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുപരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൈത്തറി മേഖലയ്ക്ക് ആവശ്യമായ നൂൽ, ചായം മറ്റ് രാസവസ്തുക്കൾ എന്നിവ വാങ്ങി സംഭരിച്ച് വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് 6 "യാൺ ബാങ്കുകൾ" പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഹാന്റെക്സ്, ഹാൻവീവ് എന്നിവയും മേൽ സൂചിപ്പിച്ച പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ട്. നെയ്ത്തുകാരുടെ ആവശ്യത്തിനനുസരിച്ച് വിവിധ കൗണ്ടുകളിലുള്ളതും ഗുണമേന്മയുള്ളതുമായ നൂലുകൾ "യാൺ ബാങ്കുകൾ" സംഭരിക്കുന്നു. അസംസ്കൃത വസ്തുക്കളായ നൂൽ, ചായം, രാസവസ്തുക്കൾ എന്നിവ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിനൂൽ സബ്സിഡിയും, ഡൈസ് ആൻഡ് കെമിക്കൽസ് സബ്സിഡിയും നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകി വരുന്നു. ഇപ്രകാരം ലഭ്യമാകുന്ന നൂൽ ഉപയോഗിച്ച് ഗുണമേന്മയുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നെയ്ത്തുകാർക്ക് സാധിക്കുന്നു.

**കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ**

152(5813) ശ്രീ. സജീവ് ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്ക് എപ്രകാരം സഹായകരമായെന്നും ഇതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 5 വർഷം പിന്നിട്ടപ്പോൾ 5600-ഓളം നെയ്ത്തുകാരും 1600-ഓളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ടി പദ്ധതി നടപ്പിലാക്കിയതിനുശേഷം ഒരു നെയ്ത്തുകാരന് 600-ഓളം രൂപ ദിവസ വരുമാനമായി ലഭിച്ചുവരുന്നു. ഇതുവരെ 208 കോടിയോളം രൂപ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂലിയിനത്തിൽ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് എസ്.എസ്.കെ.-യുടെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അനുമതി നിഷേധിച്ചിട്ടുണ്ടോയെന്നും എങ്കിൽ അനുമതി നേടിയെടുക്കാൻ വേണ്ടി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്നും വ്യക്തമാക്കാമോ?

അനുമതി നിഷേധിച്ചിട്ടില്ല.

**ആഭ്യന്തരമായി നൂൽ നിർമ്മാണം**

153(5814) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ നൂലിന്റെ അമിതമായ വിലക്കയറ്റം പരിഹരിക്കാൻ സംസ്ഥാനത്തുതന്നെ സർക്കാർ സഹായത്തോടെ നൂൽ നിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളായ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിലാണ് നിലവിൽ കഴിനൂൽ ഉൽപ്പാദിപ്പിക്കുന്നത്. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ 60 കൗണ്ടിലുള്ള സിംഗിൾ കഴിനൂൽ 7,500 കിലോയോളവും, 60 കൗണ്ടിലുള്ള ഡബിൾ കഴിനൂൽ 1,50,000 കിലോയോളവും, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ 1,50,000 കിലോയോളവും കഴിനൂൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നുണ്ട്. സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ പരുത്തി സംഭരണത്തിനായി Centralised Cotton Purchase Committee (CCPC) നിലവിലുണ്ട്.

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി കിട്ടാനുള്ള തുക ഏതുവർഷം വരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻ വർഷങ്ങളിലെ റിബേറ്റ് കുടിശ്ശികകളും അപാകതകൾ പരിഹരിച്ച് സമർപ്പിച്ച അപേക്ഷകളും കോവിഡ് സ്പെഷ്യൽ റിബേറ്റ് അപേക്ഷകളിൽ ഭൂരിഭാഗവുമുൾപ്പെടെ 2020-21 സാമ്പത്തിക വർഷം വരെയുള്ള അപേക്ഷകളിൽ അർഹതയുള്ളവർക്കെല്ലാം ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ വിഷു റിബേറ്റ് അപേക്ഷകളിൽ ചിലതും ഫണ്ട് നൽകിയപ്പോൾ പരിഗണിച്ചിരുന്നു.

(സി) കടലാസ് സംഘങ്ങൾ കൈത്തറി റിബേറ്റ് വാങ്ങുന്ന തെറ്റായ പ്രവണത തടയാൻ ശക്തമായ നടപടി ഉണ്ടാകുമോ എന്ന് അറിയിക്കുമോ?

സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ഉൽപ്പാദനമുള്ള സംഘങ്ങൾക്ക് മാത്രമാണ് കൈത്തറി റിബേറ്റ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. കൈത്തറി റിബേറ്റിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹത നിർണ്ണയിച്ച് ഫണ്ട് നൽകുന്നതിനാൽ കടലാസ് സംഘങ്ങൾ/ വ്യാജ സംഘങ്ങൾ റിബേറ്റ് പട്ടികയിലുൾപ്പെടുന്നില്ല.

## സഹകരണ സ്പിന്നിംഗ് മില്ലുകൾ

154(5815) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിൽ വരുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ടെക്സ്ഫെഡിനുകീഴിലുള്ള മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ ആധുനികവൽക്കരണത്തിനുള്ള പ്രവർത്തന നടപടി ഏറെക്കുറെ പൂർത്തിയാക്കുകയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തന ലാഭത്തിലാണ്.

(ബി) ഇവയെ കാലഘട്ടത്തിനനുസരിച്ച് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്പിന്നിംഗ് മില്ലുകളെ കാലഘട്ടത്തിനനുസരിച്ചുള്ള നവീകരണത്തിനായി 10 വർഷക്കാലത്തേയ്ക്കുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു.

(സി) ഏതൊക്കെ സഹകരണ സ്പിന്നിംഗ് മില്ലുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ പ്രവർത്തന ലാഭത്തിലാണ്.

(ഡി) സഹകരണ സ്പിന്നിംഗ് മില്ലിലെ തൊഴിലാളികളുടെ വേതന വ്യവസ്ഥ അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ; വേതന വ്യവസ്ഥ പരിഷ്കരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ടെക്സ്ഫെഡിന്റെ കീഴിൽ വരുന്ന മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ 1-3-2021 മുതൽ 4 വർഷക്കാലത്തേയ്ക്കും ആലപ്പി സഹകരണ

സ്പിന്നിംഗ് മിൽ 1-2-2021 മുതൽ 4 വർഷക്കാലത്തേയ്ക്കും തൊഴിലാളികൾക്ക് വേതന ഘടന, ദീർഘകാല കരാർ എന്നിവ പുതുക്കി നൽകിയിട്ടുണ്ട്. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നീ മില്ലുകളിലെ വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള കുടിശ്ശിക**

155(5816) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള സർക്കാർ ധനസഹായം യഥാസമയം ലഭിക്കാത്തതിനാലും കുടിശ്ശികയായതിനാലും ഇത് സംഘങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്സവ കാലങ്ങളിൽ റിബേറ്റ് നൽകിയ വകയിലും സർക്കാർ തലത്തിൽ സ്കൂൾ യൂണിഫോം നൽകിയ വകയിലും ഹാൻഡെക്സിൽ നിന്ന് കിട്ടാനുള്ളതുമായ കുടിശ്ശിക തീർത്ത് കൈത്തറി സഹകരണ സംഘങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധിമൂലം ഹാൻഡ്ടെക്സിന്റെ വിൽപ്പനയിൽ വലിയ കുറവ് സംഭവിക്കുകയും ശരാശരി വിൽപ്പന 36 കോടി രൂപയിൽ നിന്നും 13 കോടി രൂപയായി കുറയുകയും ചെയ്തിരുന്നു. തുണിത്തരങ്ങൾ സംഭരിച്ച വകയിൽ ഹാൻഡ്ടെക്സ്, സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുക 19.48 കോടി രൂപയാണ്. പ്രസ്തുത കുടിശ്ശിക തീർപ്പാക്കുന്നതിന് 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കാനുള്ള ഇൻസെന്റീവ് സമയബന്ധിതമായി കൊടുത്ത് തീർക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷം പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി വകയിരുത്തിയ 4 കോടി രൂപയിൽ 2,92,35,955 രൂപ വിവിധ ജില്ലകളിലെ നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി 2017-18 വരെയുള്ള കുടിശ്ശിക പൂർണ്ണമായും 2018-19 വർഷത്തെ കുടിശ്ശിക ഭാഗികമായും കൊടുത്ത് തീർത്തിട്ടുണ്ട്. ബാക്കിയുള്ള 1,07,64,045 രൂപ ഹാൻവീവിന്റെ വിവിധ സെന്ററുകൾക്ക് 2018-19 വരെയുള്ള കുടിശ്ശിക തീർപ്പാക്കുവാൻ നൽകിയിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കുവാൻ ഇനിയും തുക ആവശ്യമുള്ളതിനാൽ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൈത്തറി വകുപ്പിന്റെ വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചുവരുന്നു.

**കുന്നത്തറ ടെക്സ്റ്റയിൽസ്**

156(5817) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ നിലവിലെ കടബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്ഥാപനത്തിന്റെ ഒഫീഷ്യൽ ലിക്വിഡേറ്റർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ' സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ്' പ്രകാരം സ്ഥാപനത്തിന്റെ ബാധ്യതകൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു :

| | |
|---|---|
| Workment Creditors | 7,10,81,891.50 രൂപ |
| Workment(Badalies) | 96,381 രൂപ |
| Preferential creditors | 17,23,324 രൂപ |
| Unsecured creditors | 3,77,02,715 രൂപ |
| ആകെ | 11,06,04,311.50 രൂപ. |

(ബി) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമിയും മറ്റ് അനുബന്ധ വസ്തുക്കളും മാർക്കറ്റ് വിലയേക്കാൾ തുച്ഛമായ വിലയ്ക്ക് വിറ്റുപോവാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഭൂമി സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച നിർദ്ദേശം പരിഗണനയിലില്ല.

## കേരള ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

157(5818) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കരകൗശല മേഖലയുടെ സമഗ്ര വികസനം മുൻനിർത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വർഷങ്ങളായുള്ള ഈ മേഖലയുടെ പ്രവർത്തനമാന്ദ്യം മാറ്റിക്കൊണ്ട് ഒട്ടനവധി നൂതന പദ്ധതികളാണ് നടപ്പിലാക്കിയത്. കഴിഞ്ഞ വർഷങ്ങളിലെല്ലാംത്തന്നെ കരകൗശല വിപണന മേഖലയിൽ വിവിധ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. കേരളത്തിലുണ്ടായ മഹാപ്രളയം, നിപ്പാ വൈറസ്, കോവിഡ് മഹാമാരി തുടങ്ങിയവ ടൂറിസം മേഖലയെയും അതോട് ബന്ധപ്പെട്ട വിപണനമുള്ള കരകൗശല വിപണന മേഖലയെയും പ്രതികൂലമായി ബാധിച്ചിരുന്നു. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സെന്റിനറി ബിൽഡിംഗ് പൂർത്തീകരിച്ചു.

2. സെന്റിനറി ബിൽഡിംഗിൽ 4000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പ്രമേയാധിഷ്ഠിത ഷോറൂം ആരംഭിച്ചു. ഇത് ഈ മേഖലയിലെ ഒരു നൂതന കാൽവയ്പാണ്. ഇവിടെ വിവിധ ക്രാഫ്റ്റിലുള്ള പ്രദർശനങ്ങൾ ആരംഭിക്കും.

3. ഓൺലൈൻ വിപണനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ www.handicrafts.kerala. gov.in എന്ന സ്വന്തം വെബ്സൈറ്റ് പരിഷ്കരിക്കുകയും അതോടൊപ്പം ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ഓൺലൈൻ സെയിൽസ് ആരംഭിക്കുകയും ചെയ്തു. ഇത് നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു.

4. കോവിഡ് പ്രതിരോധ സാമഗ്രികൾ, വിവിധ തരം കരകൗശല വസ്തുക്കൾ ഉപയോഗപ്പെടുത്തി സാനിറ്റൈസർ ഡിസ്പെൻസർ പെഡൽ സ്റ്റാന്റ്, എലിഫെന്റ്ഹെഡ് സാനിറ്റൈസർ ഡിസ്പെൻസർ തുടങ്ങിയവ നിർമ്മിച്ച് വിപണിയിലെത്തിച്ചു.

5. എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് സ്പൈസസ് ഇൻ ക്രാഫ്റ്റ്സ് എന്ന ആശയത്തിൽ സുഗന്ധവ്യഞ്ജനവും കരകൗശലവും ചേർന്നുള്ള ഒരു ഷോറൂം ആരംഭിച്ചു.

6. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിലായി 49 എക്സിബിഷൻ, 18 ക്രാഫ്റ്റ് ബസാർ, 1 ഗാന്ധിശില്പ ബസാർ എന്നിവയും സംഘടിപ്പിച്ചു. 4085-ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ കഴിഞ്ഞ കാലങ്ങളിലെ കരകൗശല മേഖല നേരിട്ടിരുന്ന പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

1. <u>ക്ലസ്റ്റർ ഡെവലപ്മെന്റ് - പൊതുസേവന കേന്ദ്രങ്ങൾ -</u>

ഒരു പ്രത്യേക ക്രാഫ്റ്റിൽ പ്രാവീണ്യം സിദ്ധിച്ച ഒരു കൂട്ടം ശില്പികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും പരിശീലിപ്പിക്കുവാനും പുതിയ ഡിസൈനുകളും വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുവാനും സഹായകമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന സംവിധാനമാണ് പൊതുസേവന കേന്ദ്രങ്ങൾ. പൊതുസേവന കേന്ദ്രങ്ങൾകൊണ്ട് ഉല്പന്നങ്ങളുടെ നിർമ്മാണച്ചെലവ് കുറയ്ക്കുവാനും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തുവാനും സമയബന്ധിതമായി ഉല്പന്നങ്ങൾ നിർമ്മിക്കുവാനും സാധിക്കും. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കരകൗശല വികസന കോർപ്പറേഷൻ താഴെപ്പറയുന്ന സ്ഥലങ്ങളിലായി മൂന്ന് പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1970-കളിൽ സ്ഥാപിച്ച അട്ടക്കുളങ്ങര പൊതുസേവന കേന്ദ്രത്തിനുശേഷം ആദ്യമായാണ് പുതിയ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്.

(i) കുഞ്ഞിമംഗലം, കണ്ണൂർ-ബെൽമെറ്റൽ ക്രാഫ്റ്റ്

(ii) ചേർപ്പ്, തൃശ്ശൂർ - മരാധിഷ്ഠിത ക്രാഫ്റ്റ്

(iii) കടവൂർ, കൊല്ലം - സ്ക്രൂപിക്ചർ ക്രാഫ്റ്റ്

പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശലമേഖലയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ (സി.എ.പി) സംഘടിപ്പിച്ചിട്ടുണ്ട്. വിവിധജില്ലകളിലായി 27 ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ ഇതിനോടകം സംഘടിപ്പിച്ചുകഴിഞ്ഞു. 2800 പേർ ഇതിൽ പങ്കെടുത്തു.

2. നൈപുണ്യ വികസന പദ്ധതി-

തിരുവനന്തപുരം നെട്ടയത്ത് ബനാനാ ഫൈബർ ക്രാഫ്റ്റിൽ ഒരു സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുകയും ഇതിൽ 30 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

3. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 1 ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് പ്രോജക്ട്, 10 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. ഈ പരിപാടിയിലൂടെ 340 ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 160 പുതിയ പ്രോട്ടോറ്റൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു.

4. കരകൗശല തൊഴിലാളികൾക്ക് 5 ക്രാഫ്റ്റുകളിൽ സൗജന്യമായി 1030 ടൂൾകിറ്റുകൾ വിതരണം ചെയ്തു.

5. കേരളത്തിലെ കരകൗശല മേഖലയുടെ പ്രാധാന്യവും കൂടാതെ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനങ്ങളിൽ കരകൗശല മേഖലയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് 'ദാരുശില്പം' എന്ന ഒരു ഹ്രസ്വചിത്രം നിർമ്മിച്ചു.

(ബി) വിവിധ തരത്തിലുള്ള കരകൗശല തൊഴിലാളികളെ കണ്ടെത്തി അവരുടെ കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

ദേശീയ പിന്നാക്ക വികസന കോർപ്പറേഷന്റെ (NBCFDC) ധനസഹായത്തോടെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആർട്ടിസാൻ വിഭാഗക്കാർക്ക് സ്വയംതൊഴിൽ തുടങ്ങുന്നതിനായി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകി വരുന്നുണ്ട്. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തനത് ഫണ്ട് വിനിയോഗിച്ച് ധനസഹായ പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കുന്നില്ല.

**ഖാദിമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം**

158(5819) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

(ബി) ഖാദി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ?

പുതിയ ചർക്കകളും തറികളും സ്ഥാപിക്കുകയും ചർക്കകളുടേയും തറികളുടേയും പരിഷ്കരണം നടത്തുകയും ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി നടപ്പിലാക്കുകയും തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനവും സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതമുപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ചെന്നൈ IIT-യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റുട്ടാഗ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ഗവേഷണ പദ്ധതികൾ നടത്തി വരുന്നുണ്ട്. ഉൽപ്പാദനക്ഷമത കൂടിയ ചർക്കകളും തറികളും സ്ഥാപിച്ചുവരുന്നുണ്ട്.

**കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ**

159(5820) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം പ്രതിസന്ധിയിലായ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ കൈത്തറി മേഖലയെ സഹായിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും അനുവദിച്ചിരുന്നു.

(ബി) യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

യുവതലമുറയെ കൈത്തറിമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1) <u>കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി-</u>

കൈത്തറി മേഖലയിലേയ്ക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങി തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി പ്രകാരം, സ്ഥിരനിക്ഷേപം, പ്രവർത്തനമൂലധനം എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്ഥിരനിക്ഷേപത്തിന്റെ 40% പരമാവധി 4,00,000 രൂപയും (നാല് ലക്ഷം രൂപ മാത്രം), പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1,50,000 രൂപയും (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) മാർജിൻ മണി ഗ്രാന്റായി അനുവദിക്കുന്നു.

2) യുവ വീവ് കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സംസ്ഥാനത്തൊട്ടാകെ 20 പേർ അടങ്ങുന്ന 25 ബാച്ചുകളിലൂടെ 500 പേർക്ക് സൗജന്യമായി പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 6 മാസക്കാലയളവിൽ ആദ്യത്തെ മൂന്ന് മാസത്തെ പ്രൊബേഷൻ കാലയളവിൽ ശമ്പളവും നൽകുന്നതാണ്. പരിശീലനം, പ്രൊബേഷൻ എന്നിവ പൂർത്തിയാക്കിയവരിൽ ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സ്ഥിരതയും ഉറപ്പ് വരുത്തുന്നു. പരിശീലനാർത്ഥികൾ ഓരോ മാസവും 250 രൂപ നിരക്കിൽ സർക്കാർ വിഹിതവും തൊഴിലാളികളുടെ വേതനത്തിൽനിന്ന് അത്രയും തന്നെ തുകയും ഈടാക്കി പോസ്റ്റ് ഓഫീസിൽ നിക്ഷേപിച്ചുനൽകുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഹാൻഡ്‌ലൂം ഡയറക്ടർ ചെയർമാനായും കുടുംബശ്രീ സംസ്ഥാനതല ഉദ്യോഗസ്ഥൻ കൺവീനറായും ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന ഇൻകം സപ്പോർട്ടും പ്രൊഡക്ഷൻ ഇൻസെന്റീവും നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; ഇത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന ഇൻകം സപ്പോർട്ടും പ്രൊഡക്ഷൻ ഇൻസെന്റീവും നിർത്തലാക്കിയിട്ടില്ല.

## കയർ തൊഴിലാളികൾക്ക് കുടിശ്ശികയായ സ്റ്റൈപ്പൻഡ്

160(5821) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സഹകരണ സംഘം തൊഴിലാളികൾക്ക് ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളിൽ പരിശീലനം നൽകിയ കാലയളവിൽ നൽകുവാനുള്ള സ്റ്റൈപ്പൻഡ് തുക നാളിതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘത്തിലെ തൊഴിലാളികൾക്ക് സ്റ്റൈപ്പൻഡ് തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ള യന്ത്രവൽകൃത കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആണ്. പരിശീലന പരിപാടിക്ക് അനുവദിച്ച തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## തദ്ദേശ സ്ഥാപനങ്ങളിൽ കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ

161(5822) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകളുടെ ശൃംഖല ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ ആദ്യഘട്ടമായി 50 കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കുടുംബശ്രീ ഉല്പന്നങ്ങളുടെയും പരമ്പരാഗത വനിതാസ്വയം തൊഴിൽ സംരംഭക മേഖലയായ കയർ, കശുവണ്ടി, കരകൗശല ഉല്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തി സ്ത്രീ സംരംഭകർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട വരുമാനം കണ്ടെത്തുന്നതിനാണ് കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നത്. കൂടാതെ കുടുംബശ്രീ ഹോംഷോപ്പ് സംവിധാനത്തിന്റെ വെയർഹൗസ് സംവിധാനമായും ടി സ്റ്റോറുകൾ പ്രവർത്തിക്കും.

(സി) പ്രസ്തുത പദ്ധതി പ്രകാരം കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിക്കുന്നതിന് പലിശ രഹിത വായ്പ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ സി.ഡി.എസ്.-ന്റെ നേതൃത്വത്തിലാണ് ആരംഭിക്കുന്നതെങ്കിൽ പലിശരഹിത വായ്പയായാണ് അനുവദിക്കുന്നത്. കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളാണ് സ്റ്റോറുകൾ ആരംഭിക്കുന്നതെങ്കിൽ 4% പലിശ നിരക്കിലാണ് ലോൺ അനുവദിക്കുന്നത്. വായ്പയുടെ ക്രമമായ തിരിച്ചടവിന്റെ അടിസ്ഥാനത്തിൽ 1.5 ലക്ഷം രൂപ സബ്സിഡിയായും അനുവദിക്കും. 5 വർഷമാണ് ലോൺ തിരിച്ചടവ് കാലയളവ്.

(ഡി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സ്പെഷ്യൽ ലൈവ്‌ലിഹുഡ് പാക്കേജിലാണ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ ആലപ്പുഴ ജില്ലയിൽ മൂന്നും കാസർഗോഡ് ജില്ലയിൽ ഒന്നും ഉൾപ്പെടെ ആകെ 4 കയർ & ക്രാഫ്റ്റ് സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

162(5823) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ 2 കശുവണ്ടി ഫാക്ടറികളും സ്വകാര്യ മേഖലയിൽ 26 ഫാക്ടറികളുമുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഫാക്ടറികളിൽ എത്ര തൊഴിലാളികൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) കശുവണ്ടി തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെയും ക്ഷേമ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ?

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് കശുവണ്ടി മേഖലയിലെ മിനിമം വേജസ് പ്രകാരമുള്ള കൂലി നൽകിവരുന്നു. കൂടാതെ ഇ.എസ്.ഐ., പി.എഫ്., ക്ഷേമനിധി, ഗ്രാറ്റുവിറ്റി തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നൽകുന്നുണ്ട്. ഓണത്തോടനുബന്ധിച്ച് കാഷ്യു ഐ.ആർ.സി. തീരുമാനിക്കുന്ന നിരക്കിൽ ബോണസ്, 20 ദിവസം ജോലിക്ക് ഒരു ദിവസം എന്ന കണക്കിൽ ലീവ് വിത്ത് വേജസ്, പ്രവൃത്തി ദിവസങ്ങളെ അടിസ്ഥാനപ്പെടുത്തി വർഷം പരമാവധി 13 ഒഴിവ്, ശമ്പളം എന്നിവയും നൽകുന്നുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന വിവിധ ആനുകൂല്യങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

## ഇടുക്കി അണക്കെട്ടിലെ വൈദ്യുതി ഉൽപ്പാദനം

163(5824) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് ഇടുക്കി അണക്കെട്ടിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2020-21 വർഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനത്തിന്റെ 33.52% ഇടുക്കി അണക്കെട്ടിലെ ജലം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഇടുക്കി അണക്കെട്ട് തുറന്നതിനാൽ വൈദ്യുതി ഉൽപ്പാദനത്തിൽ കുറവുണ്ടാകുമെന്ന് വൈദ്യുതി ബോർഡ് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഇടുക്കി അണക്കെട്ട് തുറന്നതുമൂലം 69.44 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ഒഴുകി പോയത്. എന്നാൽ അധിക മഴ ലഭിച്ചതിനാൽ ഇതുമൂലം നിലയത്തിന്റെ ആകെ വൈദ്യുതി ഉൽപ്പാദനത്തിൽ കാര്യമായ കുറവുണ്ടാകുകയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത അണക്കെട്ടിൽ സംഭരണ ശേഷിയുടെ എത്ര ശതമാനം വെള്ളമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

3-11-2021-ലെ കണക്കുകൾ പ്രകാരം ഇടുക്കി അണക്കെട്ടിൽ സംഭരണ ശേഷിയുടെ 94.47% വെള്ളം ഉണ്ട്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മഴക്കെടുതി**

164(5825) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് എന്തെല്ലാം നാശനഷ്ടങ്ങളാണ് സംഭവിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

16-10-2021-ൽ ഉണ്ടായ മലവെള്ളപ്പാച്ചിലിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, എരുമേലി, കാഞ്ഞിരപ്പള്ളി, പാറത്തോട്, പൂഞ്ഞാർ, ഈരാറ്റുപേട്ട എന്നീ സ്ഥലങ്ങളിൽ നാശനഷ്ടങ്ങളുണ്ടായി. അതിൽ കൂട്ടിക്കൽ മേഖലയിലാണ് വ്യാപകമായ നാശനഷ്ടം രേഖപ്പെടുത്തിയത്. ഇതിൽ 100 kVA-യുടെ 16 ട്രാൻസ്ഫോർമറുകളും 12 km 11 kV ലൈനുകളും 15.5 km LT 3 phase ലൈനുകളും 30 km LT Single phase ലൈനുകളും 160 എണ്ണം 11 kV പോസ്റ്റുകളും 300 എണ്ണം LT പോസ്റ്റുകളും 400 സർവ്വീസ് കണക്ഷനുകളും തകരുകയും/ ഒലിച്ചുപോവുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വകയിൽ കെ.എസ്.ഇ.ബി.എൽ.-ന് 3.20 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ തകർന്ന വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

വിതരണ ശൃംഖലയുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെന്റർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതിഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. സർക്കിൾതല പ്രവർത്തനങ്ങളുടെ ഏകോപനം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനാണ്. ഉരുൾപൊട്ടലും പ്രതികൂല കാലാവസ്ഥയുംമൂലം തകർന്നുപോയ പ്രദേശങ്ങളിൽ വൈദ്യുതിവിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി. ഇതിനാവശ്യമായ ജീവനക്കാരെയും സാധന സാമഗ്രികളും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിനോടകം വന്ന പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതിബന്ധം

വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ക്ലൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ചുപോയതും പുനഃസ്ഥാപിക്കുവാൻ പറ്റാത്തതുമായ എൺപതോളം വീടുകൾ/ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റേതല്ലാത്ത കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

## വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി

165(5826) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ വീടും സ്ഥലവും ലഭിച്ചവർക്ക് അവരുടെ സ്ഥലത്തിന് മുകളിലൂടെ വൈദ്യുതി ലൈൻ കടന്ന് പോകുന്നതുകൊണ്ട് വീട് നിർമ്മിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ?

(എ & ബി) ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കളുടെ സ്വന്തം ആവശ്യത്തിനുവേണ്ടി ലൈൻ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക ഈടാക്കാൻ സപ്ലൈ കോഡ് 2014-ലെ 95-ാമത് റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്നു. അതിനാൽ സാധാരണഗതിയിൽ ഉപഭോക്താവിന്റെ ആവശ്യപ്രകാരം ലൈൻ മാറ്റി സ്ഥാപിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് തുക ഈടാക്കികൊണ്ടാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ലൈൻ മാറ്റി സ്ഥാപിക്കുന്നത്. എന്നാൽ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന അദാലത്തുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പരാതികൾ ഉന്നയിച്ച് BPL/SC/ST വിഭാഗത്തിന് കീഴിലുള്ള അപേക്ഷകർക്ക്, ലൈഫ് മിഷൻ ഹൗസിംഗ് സ്കീമിന് കീഴിലുള്ള വീടിന്റെ നിർമ്മാണത്തിന് തടസ്സമായി ഇലക്ട്രിക് ലൈൻ/പോസ്റ്റുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവ പുരയിടത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേയ്ക്കോ പൊതുവഴിയിലൂടെയോ മാറ്റി സ്ഥാപിക്കുന്നതിന് സാങ്കേതികമായി സാധ്യമാണെങ്കിൽ, അവ മാറ്റുന്നതിനുള്ള പൂർണ്ണമായ ചെലവ് KSEBL വഹിക്കാൻ തീരുമാനിച്ചിരുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ റെഗുലേഷൻസ്, 2010) റെഗുലേഷൻ 60(1) പ്രകാരം 650 V താഴെയുള്ള വൈദ്യുതി ലൈനുകളുടെ കീഴിലും 61(1) പ്രകാരം 650 V മുകളിലുള്ള വൈദ്യുതി ലൈനുകളുടെ കീഴിലും ഒരു കെട്ടിടവും നിർമ്മിക്കുവാൻ പാടില്ല. പക്ഷേ ഒരു വൈദ്യുതി ലൈനിന്റെ കീഴിൽ വീട് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി

റെഗുലേഷൻ 63 പ്രകാരം ആവശ്യമായ രേഖകൾ സഹിതം (ഫീസ്, പ്രസ്തുത കെട്ടിടവും വൈദ്യുതി ലൈനുകളും തമ്മിലുള്ള ലംബ, തിരശ്ചീന അകലം സൂചിപ്പിക്കുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ലഭിച്ച ഡ്രോയിംഗ്) ലൈൻ ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അതാത് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിൽ അപേക്ഷ നൽകിയാൽ റെഗുലേഷൻ 60, 61 എന്നിവ നിഷ്കർഷിക്കുന്ന ലംബ, തിരശ്ചീന അകലങ്ങൾ ഉണ്ടെങ്കിൽ റെഗുലേഷൻ 116 പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച്, റെഗുലേഷൻ 60(1), 61(1)-ലെ വൈദ്യുതി ലൈനുകളുടെ കീഴിൽ ഒരു കെട്ടിടവും നിർമ്മിക്കുവാൻ പാടില്ല എന്ന നിബന്ധനയിൽ ഇളവ് വരുത്തി അനുമതി നൽകിവരുന്നു.

**പവർ എക്സ്ചേഞ്ചിൽനിന്നുള്ള വൈദ്യുതിയുടെ നിരക്ക്**

166(5827) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ആറ് മാസക്കാലയളവിൽ സംസ്ഥാനം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഓരോ തവണയും വൈദ്യുതി വാങ്ങിയതിന്റെ നിരക്ക് വ്യക്തമാക്കുമോ?

കഴിഞ്ഞ 6 മാസക്കാലയളവിൽ പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങിയ വൈദ്യുതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ജല വൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ**

167(5828) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജല വൈദ്യുത പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും യഥാസമയം നടത്താൻ കഴിയുന്നുണ്ടോ എന്ന് അറിയിക്കാമോ?

ജലവൈദ്യുത പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും യഥാസമയം നടത്താൻ കഴിയുന്നുണ്ട്. എന്നാൽ, ഉപഭോഗം കൂടുകയും ജനറേറ്ററുകൾ പെട്ടെന്ന് നിർത്തി വയ്ക്കുവാൻ പറ്റാതെ വരുന്ന ചില അത്യാവശ്യ ഘട്ടങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഇവ നീട്ടി വയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സമഗ്രമായ പുനരുദ്ധാരണം വേണ്ടിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ സാങ്കേതികവിദ്യ വൈദ്യുതി ബോർഡിനുണ്ടോ; വിശദമാക്കാമോ?

ജലവൈദ്യുത പദ്ധതികളുടെ കാലാവധി ഏകദേശം 35 വർഷം കഴിയുമ്പോഴാണ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നത്. കരാർ കൊടുത്താണ് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നത്. ഇത്തരത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പഴയ ജലവൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ വകയിൽ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവ കൂടാതെ കുറ്റ്യാടി (3x25MW to 3x27.5MW) RMU പദ്ധതി പുരോഗമിക്കുന്നു. സെപ്റ്റംബർ 2023-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

(സി) കേന്ദ്ര പൂളിൽനിന്നും ഇതര നിലയങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയിൽ കുറവുണ്ടായ സാഹചര്യത്തിൽ ജലവൈദ്യുത പദ്ധതികൾ സമഗ്രമായി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയിൽ കുറവുണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജലവൈദ്യുത നിലയങ്ങളും പൂർണ്ണ ശേഷിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

## ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി

168(5829) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന് കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ.2 (FAME 2) സബ്സിഡി സ്കീം പ്രകാരമാണ് ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി നൽകുന്നത്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000/kWh നിന്നും 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസിൽ അംഗീകരിച്ച ഇലക്ട്രിക് ടൂ വീലർ, ത്രീ വീലർ, ഫോർ വീലർ വാഹനങ്ങൾക്ക് സബ്സിഡി ലഭിക്കുന്നതാണ്. ഇലക്ട്രിക് 4 വീലറുകളിൽ വാണിജ്യ ആവശ്യങ്ങൾക്ക് വാങ്ങുന്നവയ്ക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. എന്നാൽ കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഓൺലൈൻ പോർട്ടൽ മുഖാന്തരവും (www.MyEV.org.in) MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) മുഖേനയും വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഇ.എം.സി. സജ്ജമാക്കിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5-ന് കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ പദ്ധതിപ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണിവിലയേക്കാൾ കുറഞ്ഞനിരക്കിൽ ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ വാങ്ങുവാൻ സാധിക്കും. പോർട്ടൽ മുഖാന്തരം വിൽപ്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾക്ക് കേന്ദ്ര സർക്കാരിനുകീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ.2 (FAME 2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വൈദ്യുതി മേഖല**

169(5830) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വൈദ്യുതി മേഖല മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ 2016 മുതൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, 2016 മുതൽ 2018 വരെ KSEBL-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതമായതും ഗുണ മേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ KSEBL-ന്റെ " ദ്യുതി" പദ്ധതി തുടങ്ങിയവയിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി പദ്ധതിയിലുൾപ്പെടുത്തി 2018-19 വർഷം മുതൽ ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വൈദ്യുതി മേഖല മെച്ചപ്പെടുത്തുന്നതിനായി 110 കെ.വി. സബ്സ്റ്റേഷനുകളായ മഞ്ചേശ്വരം, കുബനൂർ, 33 കെ.വി പെർള, അനന്തപുരം എന്നീ സബ്സ്റ്റേഷനുകളിലേയ്ക്കുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈനുകളുടെയും, സബ്സ്റ്റേഷൻ ട്രാൻസ്ഫോർമറുകളുടെയും മറ്റ് ഉപകരണങ്ങളായ ലൈറ്റിനിംഗ് അരസ്റ്റർ, കറണ്ട് പൊട്ടൻഷ്യൽ, പവർ പൊട്ടൻഷ്യൽ ട്രാൻസ്ഫോർമറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വൈദ്യുതി മേഖലയിലെ പുതിയ പ്രൊപ്പോസലുകൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വിതരണ മേഖലയിൽ വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്താനും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേന്ദ്ര സഹായ പദ്ധതിയായ Revamped Distribution Sector Scheme-ലുൾപ്പെടുത്തി ABC/UG cable എന്നിവ ഉൾപ്പെടെ ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയവ നടപ്പിലാക്കുവാൻ പദ്ധതിയുണ്ട്. ആർ.ഡി.എസ്.എസ്./ദ്യുതി പദ്ധതിയിൽ പ്രൊപ്പോസലായി ഉൾപ്പെടുത്തിയ പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

- കൺസ്ട്രക്ഷൻ എച്ച്.ടി. ലൈൻ OH - Km 21.835
- കൺസ്ട്രക്ഷൻ എച്ച്.ടി. ലൈൻ എ.ബി.സി - Km 1.2
- കൺസ്ട്രക്ഷൻ എച്ച്.ടി. ലൈൻ UG - Km 9.05
- കൺസ്ട്രക്ഷൻ-ട്രാൻസ്ഫോമർ - 100 KVA - Nos 9

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പ്രസരണ മേഖലയിലെ പുതിയ പ്രൊപ്പോസ്സലുകൾ.

1) 110 കെ.വി. സബ് സ്റ്റേഷൻ സീതാംഗോളി.

2) 110 കെ.വി. സബ് സ്റ്റേഷൻ ധർമ്മനഗർ (വോർക്കാടി)

3) 33 കെ.വി. സബ് സ്റ്റേഷൻ ഉപ്പള.- ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലപരിശോധന നടന്നുവരികയാണ്. സ്ഥലലഭ്യത പരിഗണിച്ച്, സാങ്കേതികപഠനം നടത്തി ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണം ആവശ്യമാണെന്ന് കണ്ടാൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

മേൽപ്പറഞ്ഞിരിക്കുന്ന സീതാംഗോളിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻവേണ്ടി സാങ്കേതികപഠനം നടത്തി അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

**എമർജൻസി ആക്ഷൻ പ്ലാൻ അപ്ഗ്രഡേഷൻ**

170(5831) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ഡാം സേഫ്റ്റി റിവ്യൂ പാനൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ എമർജൻസി ആക്ഷൻ പ്ലാനുകളുടെ അപ്ഗ്രഡേഷൻ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. എമർജൻസി ആക്ഷൻ പ്ലാനുകളുടെ അപ്ഗ്രഡേഷൻ ഡ്രിപ്പ് രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ജലകമ്മീഷന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**വൈദ്യുതി മേഖലയ്ക്കുണ്ടായ നാശനഷ്ടങ്ങൾ**

171(5832) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്തുണ്ടായ ചുഴലിക്കാറ്റ്, ചക്രവാതച്ചുഴിമൂലമുള്ള പ്രളയം എന്നിവ വൈദ്യുത മേഖലയിലുണ്ടാക്കിയ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഓരോ ദുരിതത്തിലുമുണ്ടായ നാശനഷ്ടം എത്രയെന്നും ആയത് പരിഹരിച്ച് പൂർണ്ണതോതിൽ വൈദ്യുതി ഉറപ്പ് വരുത്തുന്നതിനായി ചെലവിട്ട തുക എത്രയെന്നും വ്യക്തമാക്കുമോ?

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതി മേഖലയിലുണ്ടാക്കിയ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) വിതരണ മേഖലയിലെ നഷ്ടം

മേയ് മാസത്തിൽ സംസ്ഥാനത്തുണ്ടായ ടൗട്ടെ ചുഴലിക്കാറ്റിൽ 23417 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 3.89 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 68 വിതരണ ട്രാൻസ്ഫോർമറുകൾക്കും 710 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 4763 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 615 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 17959 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ടൗട്ടെ ചുഴലിക്കാറ്റിൽ വിതരണ ശൃംഖലയിൽ ഏകദേശം 46.45 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്ത് മൺസൂൺമൂലമുണ്ടായ കെടുതിയിൽ 84 വിതരണ ട്രാൻസ്ഫോർമറുകൾക്കും 1043 ഹൈ ടെൻഷൻ

പോസ്റ്റുകൾക്കും 7981 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 910 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 33471 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ജൂൺ, ജൂലൈ മാസങ്ങളിലെ കാലവർഷ കെടുതിയിൽ വിതരണ ശൃംഖലയിൽ ഏകദേശം 83.94 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ഒക്ടോബർ മാസത്തിൽ ചക്രവാതച്ചുഴിമൂലമുണ്ടായ പ്രളയംമൂലം വിതരണമേഖലയിൽ വിവിധ ജില്ലകളിലായി പ്രാഥമിക കണക്കുകൾ പ്രകാരം 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറുകൾക്കും 600 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 2061 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 488 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 8156 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം വിതരണ ശൃംഖലയിൽ ഏകദേശം 24.24 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

(2) <u>പ്രസരണ മേഖലയിലെ നഷ്ടം</u>

ചുഴലിക്കാറ്റ്, കനത്ത മഴ, ഇടി മിന്നൽ, ചക്രവാതച്ചുഴിമൂലമുള്ള പ്രളയം എന്നിവമൂലം സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ മേഖലയിൽ 10,51,327 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(1.) 17-10-2021-ലെ ശക്തമായ മഴയും ഇടിമിന്നലുംമൂലം ഇടമൺ- അമ്പലപ്പുറം 110 കെ.വി. ലൈൻ പൊട്ടി വീണതുമൂലം 28,100 രൂപയുടെ നഷ്ടം ഉണ്ടായി.

(2.) 16-10-2021-ൽ ഉണ്ടായ അതിശക്തമായ മഴയിൽ ഈരാറ്റുപേട്ട 110 കെ.വി. സബ്സ്റ്റേഷനിലെ സംരക്ഷണ ഭിത്തി തകർന്ന് 10,23,227 രൂപയുടെ നഷ്ടം സംഭവിച്ചു. എന്നാൽ ഇത് വൈദ്യുതി വിതരണത്തെ ബാധിച്ചിട്ടില്ല.

ഉൽപ്പാദന മേഖലയിൽ പ്രളയത്താലുണ്ടായ നാശനഷ്ടം ചുവടെ ചേർക്കുന്നു.

<u>റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി</u>

(1.) പതിമൂന്ന് ദിവസത്തെ ഉൽപ്പാദന നഷ്ടം: ഏകദേശം 17 ലക്ഷം രൂപ

(2.)പൂർണ്ണതോതിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി ചെലവിട്ടത്: 8 ലക്ഷം രൂപ: ആകെ: 25 ലക്ഷം രൂപ

പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി തടയണയിൽ 2018-ൽ ഉണ്ടായ മഹാപ്രളയംമൂലം ക്രമാതീതമായി അടിഞ്ഞുകൂടിയ മണലും ചെളിയും മാറ്റുന്നതിനായി കഴിഞ്ഞ വർഷം 5 ലക്ഷം രൂപയും ഈ വർഷം 6 ലക്ഷം രൂപയും

മുടക്കിയിട്ടുണ്ട്. തുടർന്ന് 2021 ഒക്ടോബർ മാസത്തിലുണ്ടായ മഴയും വെള്ള പൊക്കവുംമൂലം പമ്പാ നദിയിൽനിന്നും ഫോർബേ ടാങ്കിലും കനാലിലും മണലും ചെളിയും ക്രമാതീതമായി അടിഞ്ഞുകൂടിയതിനാലും ടി പദ്ധതിയിലെ രണ്ട് ജനറേറ്ററുകളുടെയും പ്രവർത്തനം താൽകാലികമായി നിർത്തിവച്ചു. മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. ഫോർബേ ടാങ്കിലും കനാലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്തശേഷം ജലനിരപ്പ് താഴ്ന്നമുറയ്ക്ക് തടയണയിലുള്ള മണ്ണ് നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നു. പമ്പാ നദിയിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് അടുത്തിടെയുണ്ടായ കാലവർഷ- ചുഴലിക്കാറ്റ് തുടങ്ങിയവമൂലം അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷൻ പരിധിയിൽ ഏകദേശം 50,000 (അമ്പതിനായിരം) രൂപയോളം നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ നാശനഷ്ടങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെ ടുത്തുവാൻ സ്വീകരിച്ച നടപടി, ലഭ്യമായ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസരണ മേഖലയിലുണ്ടായ മേൽപ്പറഞ്ഞ നാശനഷ്ടങ്ങൾക്ക് ഇതുവരെയും കേന്ദ്രത്തിൽ നിന്ന് നഷ്ടപരിഹാരമൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചുഴലിക്കാറ്റുകൾ, കാലവർഷക്കെടുതി, ചക്രവാതച്ചുഴി ഭീഷണി എന്നീ കാരണങ്ങളാൽ അണക്കെട്ടുകൾ തുറന്നതുമൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ 18-10-2021 മുതൽ 31-10-2021 വരെ അണക്കെട്ടുകളിൽനിന്നും ഏകദേശം 198.61 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളം തുറന്നുവിട്ടിട്ടുണ്ട്.

## സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതി

172(5833) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി ഏകദേശം 1641 മെഗാവാട്ടും ദീർഘകാല കരാറുകൾ വഴി 1149 മെഗാവാട്ടും വൈദ്യുതിയാണ് ലഭ്യമാകേണ്ടത്. എന്നാൽ പ്രസരണ ലൈനുകളിൽ വരുന്ന തടസ്സങ്ങൾ മുഖേനയോ, ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ/ യന്ത്രത്തകരാറുകൾ എന്നിവമൂലമോ ടി ലഭ്യതയിൽ കുറവുണ്ടാകാറുണ്ട്. ദീർഘകാല കരാറുകൾ വഴി വൈദ്യുതി ലഭ്യമാകേണ്ട സ്രോതസ്സുകളിൽ ഒന്നിച്ചുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ, കൽക്കരി ക്ഷാമം, കേന്ദ്ര വൈദ്യുതി നിലയങ്ങളിലെ അറ്റകുറ്റപ്പണികൾ, യന്ത്രത്തകരാറുകൾ എന്നിവമൂലം സംസ്ഥാനത്തിന് പുറത്തു നിന്നും ലഭിക്കുന്ന വൈദ്യുതിയിൽ 2021 ഒക്ടോബർ മാസത്തിൽ ശരാശരി ഏകദേശം 786 മെഗാവാട്ട് കുറവുണ്ടായിട്ടുണ്ട്. ഇതിൽ 84.25 മെഗാവാട്ട് (ശരാശരി) കൽക്കരി ദൗർലഭ്യം കാരണം ഉണ്ടായിട്ടുള്ളതാണ്.

### സൗജന്യ വൈദ്യുതി കണക്ഷനുള്ള ദൂരപരിധി

173(5834) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള ദൂരപരിധിയിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) സൗജന്യ കണക്ഷൻ അനുവദിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള ദൂരപരിധി എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ കാലോചിതമായി പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

1000 W വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗാർഹിക അപേക്ഷകർക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി നൽകിവരുന്നു. സൗജന്യ വൈദ്യുതി കണക്ഷന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് പരിശോധിച്ചുവരുന്നു.

### വൈദ്യുതി ലൈൻ വലിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ

174(5835) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു-സ്വകാര്യ സ്ഥലങ്ങളിലൂടെ വൈദ്യുതി ലൈൻ വലിക്കുമ്പോൾ എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

Central Electricity Regulation Authority (Measures relating to Safety and Electric Supply) Regulations 2010-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളാണ് വൈദ്യുതി ലൈൻ വലിക്കുമ്പേൾ നിലവിൽ പാലിച്ചുവരുന്നത്. പൊതു-സ്വകാര്യ സ്ഥലങ്ങളിലൂടെ വൈദ്യുതി ലൈൻ വലിക്കുമ്പോൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റെഗുലേഷൻ 58, 59, 60, 61, 69 എന്നിവയിൽ നിഷ്കർഷിക്കുന്ന ലംബ തിരശ്ചീന അകലങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. റെഗുലേഷൻ 58 (1)- പൊതുവഴിക്ക് കുറുകെ ലൈൻ വലിക്കുകയാണെങ്കിൽ വൈദ്യുത ലൈനിന്റെ ഏറ്റവും താഴത്തെ conductor-ന് ഗ്രൗണ്ടിൽ നിന്നുള്ള മിനിമം അകലം

I. 650 വോൾട്ടിനു താഴെയുള്ളവയ്ക്ക് - 5.8 മീറ്റർ

II. 650 വോൾട്ടിനു മുകളിൽ 33 കിലോ വാട്ടിനു താഴെ - 6.1 മീറ്റർ

റെഗുലേഷൻ 58 (2)-പൊതുവഴിയുടെ അരികിലൂടെ ലൈൻ വലിക്കുകയാണെങ്കിൽ

1. 650 വോൾട്ടിന് താഴെയുള്ളവയ്ക്ക് - 5.5 മീറ്റർ

2. 650 വോൾട്ട് മുതൽ 33 കിലോ വോൾട്ട് വരെ - 5.8 മീറ്റർ

58 (3)- റെഗുലേഷൻ 58 (1)ലും 58 (2)ലും ഉൾപ്പെടാത്ത സ്ഥലങ്ങളിൽ

1. 11 കിലോ വോൾട്ട് വരെയുള്ള അനാവൃത ലൈനുകൾക്ക് - 4.6 മീറ്റർ

2. 11 കിലോ വോൾട്ട് വരെയുള്ള ആവരണമുള്ള ലൈനുകൾക്ക് - 4.0 മീറ്റർ

3. 11 കിലോ വോൾട്ട് മുതൽ 33 കിലോ വോൾട്ട് വരെയുള്ളവയ്ക്ക് - 5.2 മീറ്റർ

4. 33 കിലോ വോൾട്ടിന് മുകളിലുള്ളവയ്ക്ക് - 5.2 മീറ്റർ + ഓരോ 33000 വോൾട്ടിനും 0.3 എന്ന കണക്കിൽ (കുറഞ്ഞത് 6.1 വരത്തക്ക വിധം.)

റെഗുലേഷൻ 60-കെട്ടിടങ്ങളും (താത്കാലികവും, സ്ഥിരവുമായ) 650 Volt-ൽ താഴെയുള്ള വൈദ്യുതി ലൈനുകളും സർവ്വീസ് ലൈനുകളും തമ്മിൽ പാലക്കേണ്ട കുറഞ്ഞ അകലം

(1) (a) പരന്ന മേൽക്കൂര, തുറന്ന ബാൽക്കണി എന്നിവയുടെ മുകളിലൂടെ പോകുന്ന ലൈനുകൾക്ക് 2.5 മീറ്റർ ലംബ അകലം (ഏറ്റവും ഉയർന്ന പോയിന്റിൽ നിന്ന്)

(b) കെട്ടിടത്തിന്റെ വശങ്ങളിലൂടെ പോകുന്ന ലൈനുകൾക്ക് 1.2 മീറ്റർ തിരശ്ചീന അകലം (ഏറ്റവും അടുത്ത പോയിന്റിൽ നിന്നും)

(2) കുത്തനെയുള്ള മേൽക്കൂരകൾക്ക്

(a) ലംബം അകലം - 2.5 മീറ്റർ

(b) തിരശ്ചീന അകലം - 1.2 മീറ്റർ മുകളിൽ നിഷ്കർഷിച്ചിരിക്കുന്ന അകലം ഇല്ലാതെ വൈദ്യുതി ലൈൻ വലിക്കുകയാണെങ്കിൽ പ്രസ്തുത ലൈനിന് അനുയോജ്യമായ ഇൻസുലേഷൻ ഉണ്ടായിരിക്കണം. കൂടാതെ ഉചിതമായ ഇടവേളകളിൽ അനാവൃതമായ എർത്ത് bearer wire സ്ഥാപിക്കുകയും വേണം.

റെഗുലേഷൻ 61-650 Volt-ൽ കൂടിയ വൈദ്യുതി ലൈനുകൾക്ക് കെട്ടിടങ്ങളുമായി ഉണ്ടായിരിക്കേണ്ട അകലം

I. 650 Volt-ൽ കൂടിയ വൈദ്യുതി ലൈനുകൾ കെട്ടിടത്തിന് മുകളിലൂടെയോ അടുത്തുകൂടിയോ പോകുമ്പോൾ കെട്ടിടത്തിന്റെ ഏറ്റവും ഉയർന്ന ഭാഗത്തുനിന്നും താഴെപ്പറയുന്ന അകലം എങ്കിലും ഉണ്ടായിരിക്കോണ്ടതാണ്.

(i) 650 Volt മുതൽ 33,000 Volt വരെയുള്ള ലൈനുകൾക്ക് - 3.7 മീറ്റർ.

(ii) 33000-ൽ കൂടിയ വൈദ്യുതി ലൈനുകൾക്ക് - 3.7 meter + 0.3 (ഓരോ അധിക 33000 Volt-നോ അതിന്റെ ഭാഗത്തിനോ)

II. കെട്ടിടവും ഏറ്റവും അടുത്തുള്ള ലൈൻ കണ്ടക്ടറും തമ്മിലുണ്ടായിരിക്കേണ്ട കുറഞ്ഞ തിരശ്ചീന അകലം

1. 650 Volt മുതൽ 11000 Volt വരെയുള്ള ലൈനുകൾക്ക് - 1.2 meter.

2. 11000 Volt മുതൽ 33000 Volt വരെയുള്ള ലൈനുകൾക്ക് - 2.0 meter.

3. 33000 Volt-ന് അധികമായ Voltage ഉള്ള ലൈനുകൾക്ക് - 2.0 meter + 0.3 meter (ഓരോ അധിക 33000 volt-നോ അതിന്റെ ഭാഗത്തിനോ)

III. ഹൈ വോൾട്ടേജ് DC current line-കൾക്ക് കെട്ടിടങ്ങളുമായി താഴെപ്പറയുന്ന മിനിമം അകലം ഉണ്ടായിരിക്കണം.

ഇതുസംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*. റെഗുലേഷൻ 69 വൈദ്യുതി ലൈനുകൾ പരസ്പരം മറികടക്കുയോ സമീപത്തുകൂടി പോകുകയോ ചെയ്യുമ്പോൾ ഉണ്ടായിരിക്കേണ്ട മിനിമം അകലം അനുബന്ധം II

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയി ചേർത്തിരിക്കുന്നു*. ഒരു ശിരോപരി വൈദ്യുതി ലൈൻ മറ്റൊരു വൈദ്യുതി ലൈനിനെ മറികടന്നുപോകുകയാണെങ്കിലുണ്ടായിരിക്കേണ്ട മിനിമം അകലം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരം ലൈനുകൾ സ്ഥാപിക്കുമ്പോൾ പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

അപകടങ്ങൾ ഒഴിവാക്കാനായി ലൈനും പ്രതിഷ്ഠാപനങ്ങളും തമ്മിൽ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ഉറപ്പുവരുത്തുന്നുണ്ട്. കാലാകാലങ്ങളിൽ മരച്ചില്ലകൾ വെട്ടി ഒതുക്കി ലൈനുകളുടെ സുരക്ഷ ഉറപ്പാക്കുന്നുണ്ട്. അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ശരിയായ എർത്തിംഗ് നൽകുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി, ലൈനുകൾ പൊട്ടി വീഴുന്നത് തടയാൻ ആവശ്യമായ സ്ഥലങ്ങളിൽ, ലൈനുകളിൽ ഘട്ടംഘട്ടമായി സ്പേസർ സംവിധാനം, ലൈൻ മൗണ്ടഡ് ഗാർഡിംഗ് എന്നിവ സ്ഥാപിച്ച് വരുന്നു. സുരക്ഷ കൂടുതൽ ആവശ്യമുള്ള സ്ഥലങ്ങളിൽ, ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ഘട്ടംഘട്ടമായി എ.ബി.സി. കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിച്ചുകൊണ്ടും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തിക്കൊണ്ടും AAC കണ്ടക്ടറുകൾ മാറ്റി ACSR കണ്ടക്ടറുകൾ സ്ഥാപിച്ചുകൊണ്ടും വൈദ്യുതി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ ശ്രദ്ധിച്ച് വരുന്നു.

1. ലൈനുകൾ പൊട്ടി വീഴുന്നത് തടയുവാനായി ശിരോപരി ലൈനുകളുടെ എല്ലാ കണ്ടക്ടറുകളുടെ breaking strength 350 kg-Â കൂടുതലുള്ളതായിരിക്കും. പക്ഷേ 250 volt-ൽ താഴെ ഉള്ളതും 15 meter താഴെ നീളമുള്ളതും കൺസ്യൂമറുടെ വീട്ടുവളപ്പിൽ കൂടി വലിക്കുന്നതുമായ ലൈനുകൾക്ക് breaking strength 150 kg മതിയാകുന്നതാണ്. ശിരോപരി ലൈനുകളിലെ ഒരു കണ്ടക്ടറിലും ഒരു Span-ൽ ഒന്നിൽ കൂടുതൽ joint-കൾ വരാതെ ശ്രദ്ധിക്കുകയും കണ്ടക്ടറുകൾക്കിടയിലെ ജോയിന്റുകൾ എല്ലാ അർത്ഥത്തിലും സുരക്ഷിതമാകുകയും ചെയ്യും. ടി ലൈനുകൾക്ക് ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ ഫ്യൂസ് പ്രൊട്ടക്ഷൻ നൽകാറുണ്ട്.

2. 33000 volt-ന് താഴെയുള്ള വൈദ്യുതി ലൈനുകൾ റോഡുകളോ, തെരുവുകളോ മറികടന്നുപോകുമ്പോൾ earth guarding നൽകുന്നു. ഒരു ശിരോപരി ലൈൻ മറ്റൊരു ശിരോപരി ലൈനിന്റെ സമീപം സ്ഥാപിക്കുകയോ മറികടക്കുകയോ ചെയ്യുമ്പോഴും earth guarding നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. 33000 volt-ൽ കൂടിയ വൈദ്യുതി ലൈനുകൾ 250 volt-ൽ കൂടിയ വൈദ്യുതി ലൈനുകളേയോ റോഡിനേയോ മറികടക്കുമ്പോൾ റെഗുലേഷൻ 58-ൽ പറയുന്ന അകലങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ guarding-ന്റെ ആവശ്യമില്ല. 650 വോൾട്ടിന് മുകളിലുള്ള വൈദ്യുതി ലൈനുകൾക്ക് സർക്യൂട്ട് ബ്രേക്കർ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ സബ്സ്റ്റേഷനുകളിൽ നൽകുന്നു.

(സി) ഇതുസംബന്ധിച്ച് ലഭ്യമാക്കേണ്ട അനുമതി പത്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

ലൈനുകൾ ചാർജ്ജ് ചെയ്യുന്നതിനായി Power and Telecommunication Coordination Committee-യുടെ അനുമതി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി തുടങ്ങിയവ ആവശ്യമായ സന്ദർഭങ്ങളിൽ വാങ്ങാറുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലൂടെ വൈദ്യുതി ലൈൻ വലിക്കുമ്പോൾ വസ്തുവിന്റെ ഉടമസ്ഥന്റെ പക്കൽ നിന്നും ലൈൻ സ്ഥാപിക്കാനുള്ള അനുമതി രേഖാമൂലം വാങ്ങാറുണ്ട്. 650 വോൾട്ടിന് മുകളിലുള്ള വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്നതിനും ഊർജ്ജീകരിക്കുന്നതിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽനിന്നും ഊർജ്ജീകരണാനുമതി ആവശ്യമാണ്.

(ഡി) സ്വകാര്യ-പൊതു സ്ഥലങ്ങളിലൂടെ വീടുകളിലേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദമാക്കാമോ?

ലൈനും പ്രതിഷ്ഠാപനങ്ങളും തമ്മിൽ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് പാലിക്കുന്നെന്നും കണക്ഷൻ നൽകുന്ന വീടുകളിൽ E.L.C.B. വച്ചിട്ടുണ്ടോയെന്നും wiring, earthing സുരക്ഷിതമാണോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ മറ്റു വ്യക്തികളുടെ പുരയിടത്തിൽ കൂടി ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ നൽകേണ്ടി വരുന്ന സന്ദർഭങ്ങളിൽ വസ്തുവിന്റെ ഉടമസ്ഥന്റെ പക്കൽനിന്നും ലൈൻ സ്ഥാപിക്കാനുള്ള അനുമതി രേഖാമൂലം വാങ്ങാറുണ്ട്. ഇത് ലഭ്യമല്ലെങ്കിൽ എ.ഡി.എം.-നെ സമീപിക്കാറുണ്ട്.

### വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ

175(5836) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷത്തിൽ വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ജൂൺ, ജൂലൈ മാസങ്ങളിൽ മൺസൂൺമൂലമുണ്ടായ കെടുതിയിൽ വയനാട് ജില്ലയിൽ 64 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 324 ലോ ടെൻഷൻ പോസ്റ്റുകൾക്കും ഒരു വിതരണ ട്രാൻസ്ഫോർമറിനും കേടുപാടുകൾ സംഭവിക്കുകയും 50 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 686 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ജൂൺ, ജൂലൈ മാസങ്ങളിലെ കാലവർഷ കെടുതിയിൽ വയനാട് ജില്ലയിൽ വിതരണ ശൃംഖലയിൽ ഏകദേശം 1.96 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. ഒക്ടോബർ മാസത്തിൽ ചക്രവാതച്ചുഴിമൂലമുണ്ടായ മഴയിൽ വയനാട് ജില്ലയിൽ വിതരണമേഖലയിൽ 8 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 22 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 8 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 26 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. ലഭ്യമായ കണക്കുകൾപ്രകാരം വയനാട് ജില്ലയിൽ വിതരണ ശൃംഖലയിൽ ഏകദേശം 10.68 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളുടെ വൈദ്യുതീകരണം

176(5837) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എത്ര ആദിവാസി കോളനി കളിലാണ് വൈദ്യുതി കണക്ഷൻ നൽകിയതെന്നും ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

2016 മുതൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന 10 ആദിവാസി കോളനികളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി 10,06,503 രൂപ ചെലവഴിച്ചിട്ടുണ്ട്.

| നമ്പർ | കോളനിയുടെ പേര് | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | കല്ലടികുഴി, കുറുമ്പാല കോളനി | 35317 |
| 2 | കുന്നമ്പറ്റ, കല്ലുമൂല കോളനി | 203836 |

| (1) | (2) | (3) |
|---|---|---|
| 3 | നാരോകണ്ടി കോളനി | 23285 |
| 4 | കൈരളി കോളനി | 280840 |
| 5 | മണ്ടക്കാമൂല കോളനി | 21717 |
| 6 | അരപ്പറ്റ കോളനി | 91255 |
| 7 | അരണമല കോളനി | 154662 |
| 8 | എളമ്പലേരി കോളനി | 62082 |
| 9 | തലാരംകുന്ന് കോളനി | 25992 |
| 10 | പഞ്ചമി ഹൈസ്കൂൾകുന്ന് കോളനി | 107517 |
| ആകെ | | 10,06,503 രൂപ |

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ**

177(5838) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ജനവാസ പ്രദേശങ്ങൾ, കൃഷിയിടങ്ങൾ എന്നിവയുടെ മുകളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ജനവാസ പ്രദേശങ്ങൾ, കൃഷിയിടങ്ങൾ എന്നിവയുടെ മുകളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കാനുള്ള 10 അപേക്ഷകൾ ലഭിച്ചതിൽ 8 എണ്ണത്തിൽ നടപടി പൂർത്തീകരിച്ചു, 2 അപേക്ഷകളിന്മേൽ നടപടി പുരോഗമിച്ചുവരുന്നു.

## അത്താണി പൂമല സ്റ്റേഷനിൽ ഇൻഡോർ പാനൽ സ്ഥാപിക്കാൻ നടപടി

178(5839) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്താണി പൂമല 33 കെ.വി. സ്റ്റേഷനിൽ ഔട്ട് ഡോർ പാനലുകൾ സ്ഥാപിച്ചതിനാൽ പവർ സപ്ലൈയിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് ഇൻഡോർ ടൈപ്പ് പാനൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

ബാധകമല്ല.

## പിറവം നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ

179(5840) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും തുകയും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ നാളിതുവരെ 21 ട്രാൻസ്ഫോർമറുകളും 37.4 കി.മീ. 11 കെ.വി. ലൈനും 2.4 കി.മീ. യു.ജി. കേബിളും 8 കി.മീ. എൽ.ടി. എ.ബി.സി. ലൈനുകളുമുൾപ്പെടെ 37.79 കോടി രൂപയുടെ പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്. ദ്യുതി പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 257.44 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

1. പുതിയ 11 കെ.വി. ലൈൻ സ്ഥാപിക്കൽ - 9.225 കി.മീ. (68.59 ലക്ഷം രൂപ)
2. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ - 6.35 കി.മീ. (109.39 ലക്ഷം രൂപ)
3. എൽ.ടി. OH ലൈൻ വലിക്കൽ - 5.957 കി.മീ. (18.45 ലക്ഷം രൂപ)
4. എൽ.ടി. ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി - 33.71 കി.മീ. (24.2 ലക്ഷം രൂപ)
5. എ.ബി. സ്വിച്ച് സ്ഥാപിക്കുന്ന ജോലി - 60 എണ്ണം. (22.13 ലക്ഷം രൂപ)
6. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി - 4 എണ്ണം. (16.68 ലക്ഷം രൂപ)

ഇതിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പുതിയ 11 കെ.വി. ലൈൻ സ്ഥാപിക്കൽ - 1.65 കി.മീ. (10.66 ലക്ഷം രൂപ)

2. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ - 1 കി.മീ. (17.23 ലക്ഷം രൂപ)

3. എൽ.ടി. OH ലൈൻ വലിക്കൽ - 1.407 കി.മീ. (3.65 ലക്ഷം രൂപ)

4. എൽ.ടി. ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി - 18.7 കി.മീ. (13.33 ലക്ഷം രൂപ)

5. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി - 1 എണ്ണം. (3.63 ലക്ഷം രൂപ)

കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽനിന്നും രണ്ട് അങ്കണ വാടികൾക്ക് സൗജന്യമായി കണക്ഷനുകൾ നൽകുകയും ഫിലമെന്റ് ഫ്രീ പദ്ധതി യിൽപ്പെടുത്തി 30202 എണ്ണം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുകയും നിലാവ് പദ്ധതിയിൽപ്പെടുത്തി 450-ഓളം എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് . 66 കെ.വി. കൂത്താട്ടുകുളം സബ്സ്റ്റേഷനിൽ 66/11 കെ.വി.-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ ആണ് ഉണ്ടായിരുന്നത്. അതിൽ ഒരു 66/11 ട്രാൻസ്ഫോർമർ മാറ്റി പുതിയ 12.5 MVA, 110/11 kV ട്രാൻസ്ഫോർമറും രണ്ടു 110 കെ.വി. ഫീഡർ ബേ-കളും സ്ഥാപിച്ച് 29-1-2021-ൽ കൂത്താട്ടുകുളം 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ 6 കോടിയോളം രൂപ ചെലവ് വന്നിട്ടുണ്ട്.

(ബി) 2021-22 വർഷം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ സംബന്ധിച്ച വിശദാംശങ്ങൾ മുൻഗണനാ ക്രമത്തിലും ലഭ്യമാക്കാമോ?

2021-22 വർഷത്തിൽ പിറവം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേ ശിക്കുന്ന പ്രവൃത്തികൾ താഴെപറയുന്നു.

- പുതിയ 11 കെ.വി. ലൈൻ സ്ഥാപിക്കൽ - 7.575 കി.മീ. (57.93 ലക്ഷം രൂപ)
- 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ - 5.35 കി.മീ. (92.16 ലക്ഷം രൂപ)
- എൽ.ടി. OH ലൈൻ വലിക്കൽ - 4.55 കി.മീ. (14.8 ലക്ഷം രൂപ)

- എൽ.ടി. ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി - 15.01 കി.മീ. (10.87 ലക്ഷം രൂപ)
- എ.ബി. സ്വിച്ച് സ്ഥാപിക്കുന്ന ജോലി - 60 എണ്ണം. (22.13 ലക്ഷം രൂപ)
- ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി - 3 എണ്ണം. (13.05 ലക്ഷം രൂപ)

110 kV കൂത്താട്ടുകുളം സബ്സ്റ്റേഷനിൽനിന്നും തൊടുപുഴ സബ്സ്റ്റേഷനിലേയ്ക്ക് 66 കെ.വി സപ്ലൈ നല്കുന്നതിന് കൂത്താട്ടുകുളത്ത് ഒരു 110/66 കെ. വി. 40 MVA ട്രാൻസ്ഫോർമറും ബന്ധപ്പെട്ട മറ്റ് ഉപകരണങ്ങളും സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 2021 ഡിസംബർ അവസാനം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്യാൻ കഴിയും. ഇതിന് 13.11 കോടി രൂപയോളം ചെലവ് കണക്കാക്കുന്നു. രണ്ടാംഘട്ട വികസന പ്രവർത്തനത്തിന്റെ ഭാഗമായി കൂത്താട്ടുകുളം സബ്സ്റ്റേഷനിൽ, കുറവിലങ്ങാട് നിന്നുള്ള 110 കെ.വി ഫീഡറുകൾക്കുള്ള രണ്ട് ഫീഡർ ബേയും രണ്ടാമത്തെ 110/11 കെ.വി. 12.5 MVA, ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന ജോലി 2021 ഡിസംബർ മാസത്തോടുകൂടി ആരംഭിക്കുന്നതും 2022 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കുവാനും ഉദ്ദേശിക്കുന്നു. ആയതിന് ഏകദേശം 6.5 കോടിയോളം രൂപ ചെലവ് കണക്കാക്കുന്നു.

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾക്ക് കെട്ടിടം

180(5841) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എത്ര കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുന്നയൂർക്കുളം, ചാവക്കാട്, ബീച്ച് എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും, വാടാനപ്പിള്ളി സെക്ഷൻ ഓഫീസിന്റെ ഭാഗമായ ക്യാഷ് കളക്ഷൻ സെന്ററും (ഏത്തായ് സെന്റർ) വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പുന്നയൂർക്കുളം സെക്ഷന് വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) കെ.എസ്.ഇ.ബി.എൽ. 2021-22 സാമ്പത്തിക വർഷം ഭൂമി ലഭ്യമാക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി നീക്കിവെച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം ഭൂമി ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. 90.43 ലക്ഷം രൂപ നീക്കിവയ്ക്കുകയും 73.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 21.61 കോടി രൂപ നീക്കി വയ്ക്കുകയും 10.48 കോടി രൂപ 30-9-2021 വരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ഇന്ധന ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ**

181(5842) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വാഹനങ്ങളുടെ ഉപയോഗം കുറച്ച് ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പെട്രോൾ, ഡീസൽ വില വർദ്ധനവിനെത്തുടർന്ന് ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ കൂടുതലായി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പെട്രോൾ, ഡീസൽ വില വർദ്ധിക്കുന്നതിനാൽ മറ്റ് ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) പെട്രോൾവില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം

സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തു കഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം
2. ഓലൈ, കൊല്ലം.
3. പാലാരിവട്ടം, എറണാകുളം
4. വിയ്യൂർ, തൃശ്ശൂർ
5. നല്ലളം, കോഴിക്കോട്
6. ചൊവ്വ, കണ്ണൂർ.

ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നുവരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 9-10-2021-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിനാവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്വങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉപഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. ഇതോടൊപ്പം വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി വാഹനങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനവും വൈദ്യുതി ബോർഡ് കൈക്കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും. സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിലുപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ കരാർ വ്യവസ്ഥയിൽ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ വിവിധ മോഡലുകളിലുള്ള 133 ഇലക്ട്രിക് കാറുകൾ 20 സർക്കാർ വകുപ്പുകളിലായി അനെർട്ട് നൽകിയിട്ടുണ്ട്. പൊതു നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീചാർജ്ജിംഗ്

സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ (ആകെ 8 എണ്ണം) സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ ഇ.എം.സി. നടത്തുന്നു. ഈ സംസ്ഥാനതല ക്യാമ്പയിൻ 2021 ജൂൺ 5-ന് തുടങ്ങി. ഈ ക്യാമ്പയിനിന്റെ ഭാഗമായി വർഷം മുഴുവനും എല്ലാ ആഴ്ചകളിലും ഓരോ വെബിനാർ സംഘടിപ്പിച്ചുവരുന്നു. നിലവിൽ 25 വെബിനാർ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10-ന് ഗോ ഇലക്ട്രിക് ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെയും ഇലക്ട്രിക് പാചക ഉപകരണങ്ങളുടെയും നിർമ്മാതാക്കളെയുൾ പ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വെബിനാറുകൾ ഇ.എം.സി.-യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി. വെർച്വൽ എക്സിബിഷന്റെ ഭാഗമായി ബഹുമാന്യരായ മുഖ്യമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി എന്നിവരുടെ ആശംസാ വിഡിയോകൾ പ്രദർശിപ്പിക്കുകയുണ്ടായി. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5-ന് കരാറിൽ ഏർപ്പെടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ വാങ്ങുവാൻ സാധിക്കും. പോർട്ടൽ മുഖാന്തരം വിൽപ്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് ടൂ വീലറുകൾക്ക്, കേന്ദ്ര സർക്കാരിന് കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ.2 (FAME 2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000/kWh നിന്നും 15000/Kwh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. ഇ.എം.സി.-യുടെ 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ'-ന്റെ ഭാഗമായി കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ

നിരക്കിൽ www.MyEV.org.in എന്ന വെബ്സൈറ്റിൽനിന്നും MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി. മേൽപ്പറഞ്ഞ പോർട്ടൽ മുഖാന്തരം കുറഞ്ഞ വിലയിൽ ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി. വിഭാവന ചെയ്തുവരുന്നു. പദ്ധതി നടത്തിപ്പിനായുള്ള പ്രാരംഭ ചർച്ചകൾ ഇലക്ട്രിക് ഓട്ടോറിക്ഷ നിർമ്മാതാക്കളുമായി നടന്നുവരുന്നു.

**കൂമ്പാറ സെക്ഷൻ ഓഫീസിന് കെട്ടിടം**

182(5843) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ സൗജന്യമായി സ്ഥലം ലഭിച്ച കെ.എസ്.ഇ.ബി.എൽ. കൂമ്പാറ സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) കൂമ്പാറയിൽ സൗജന്യമായി ലഭിച്ച സ്ഥലത്ത് ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം പണിയുന്നതിന് 24-12-2020-ൽ 82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. എൽ. പ്രവൃത്തികൾ**

183(5844) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രവൃത്തിയുടെ അടങ്കൽ തുക, പുരോഗതി എന്നിവയും അറിയിക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, 2016 മുതൽ 2018 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത്

ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന " ദ്യുതി" പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതി, കേന്ദ്ര പദ്ധതിയായ IPDS പദ്ധതി തുടങ്ങിയവയിലുൾപ്പെടുത്തി 2765.732 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | DDUGJY പദ്ധതി | 136.492 |
| 2 | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 41.9 |
| 3 | PPS പദ്ധതി | 20.45 |
| 4 | IPDS പദ്ധതി | 286.94 |
| 5 | കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി | 2279.95 |
| ആകെ | | 2765.732 |

കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന " ദ്യുതി" പദ്ധതിയിലുൾപ്പെട്ട 770 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ കെ.എസ്.ഇ.ബി.എൽ. പ്രസരണ രംഗത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. 110 കെ.വി. ബ്ലാങ്ങാട് സബ്സ്റ്റേഷൻ പൂർത്തീകരിച്ചു. ഭരണാനുമതി നൽകിയ തുക – 6 കോടി രൂപ
2. 110 കെ.വി. ഗുരുവായൂർ സബ്സ്റ്റേഷനിൽ രണ്ട് 12.5 എം.വി.എ. ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് 20 എം.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിച്ചു. ഭരണാനുമതി നൽകിയ തുക-2.5 കോടി രൂപ

**കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായ നാശനഷ്ടങ്ങൾ**

184(5845) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തെ തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിൽ കനത്ത മഴയെ തുടർന്നുണ്ടായ പ്രളയത്തെതുടർന്ന് വളരെ വലിയ നാശനഷ്ടമാണ് കെ.എസ്.ഇ.ബിഎൽ.-ന്റെ വൈദ്യുതി വിതരണ സംവിധാനത്തിനുണ്ടായത്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 5079 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.61 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 99 വിതരണ ട്രാൻസ്ഫോർമറുകൾക്ക് കേടുപാടുണ്ടായി; ഇതിൽ 27 എണ്ണം കോട്ടയം ജില്ലയിലും 12 എണ്ണം വീതം കൊല്ലം, ഇടുക്കി ജില്ലകളിലും ആണ്. ഹൈ ടെൻഷൻ ലൈനുകളിൽ 585 പോസ്റ്റുകളും, ലോ ടെൻഷൻ ലൈനുകളിൽ 2028 പോസ്റ്റുകളും തകർന്നു. ഹൈ ടെൻഷൻ വൈദ്യുതി കമ്പികൾ 476 സ്ഥലങ്ങളിലും, ലോ ടെൻഷൻ കമ്പികൾ 7975 സ്ഥലങ്ങളിലും പൊട്ടിവീണു. എറണാകുളം ജില്ലയിൽ മാത്രം ആയിരത്തി അഞ്ഞൂറോളം ഭാഗങ്ങളിലാണ് വൈദ്യുതികമ്പി പൊട്ടിയിട്ടുള്ളത്. മലപ്പുറം, കോട്ടയം ജില്ലകളിൽ ആയിരത്തിൽപ്പരം സ്ഥലത്തും, തിരുവനന്തപുരം തൃശ്ശൂർ ജില്ലകളിൽ എണ്ണൂറ്റി അൻപതോളം സ്ഥലങ്ങളിലും വൈദ്യുതികമ്പികൾ പൊട്ടി. ലഭ്യമായ കണക്കുകൾ പ്രകാരം വിതരണ ശൃംഖല പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ മാത്രം ഏകദേശം 23.74 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഉൽപ്പാദന നിലയങ്ങളിൽ റാന്നി-പെരുനാട് (4 MW), പെരുന്തേനരുവി (6 MW), ഉറുമി I & II (ആകെ ശേഷി 6.15 MW), ചെമ്പുകടവ് I & II (ആകെ ശേഷി 6.45 MW) നിലയങ്ങളുടെ പ്രവർത്തനം തടസ്സപ്പെട്ടു. ഉൽപ്പാദന നഷ്ടം കാരണം വരുന്ന സാമ്പത്തിക നഷ്ടം 90 ലക്ഷം രൂപയിൽ അധികം വരുമെന്ന് കരുതുന്നു. ഉൽപ്പാദന നിലയങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികളുടെ ചെലവ് കൂടി കണക്കിലെടുത്താൽ കെ.എസ്.ഇ.ബി.എൽ.-ന് ഈ പ്രളയംമൂലം സംഭവിച്ച സാമ്പത്തികനഷ്ടം 25 കോടിയോളം രൂപ വരുമെന്ന് കണക്കാക്കുന്നു.

(ബി) കാലവർഷത്തെയും പ്രളയത്തെയും അതിജീവിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ എത്ര ഡാമുകളിൽനിന്ന് എത്ര ജലം പുറത്തേയ്ക്ക് ഒഴുക്കി വിട്ടുവെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കാമോ?

കാലവർഷത്തെയും പ്രളയത്തെയും അതിജീവിക്കുന്നതിനായി കെ.എസ്.ഇ. ബി.എൽ.-ന്റെ കീഴിൽ 8 ഡാമുകളിൽനിന്ന് ആകെ 204.05 MCM ജലം പുറത്തേയ്ക്ക് ഒഴുക്കി വിടുകയുണ്ടായി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നഷ്ടം നികത്തുന്നതിന് ബദൽ മാർഗ്ഗം എന്ന നിലയിൽ അധിക നികുതിയോ സെസ്സോ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കാലവർഷത്തെ തുടർന്നുണ്ടായ നഷ്ടം നികത്തുന്നതിന് അധിക സെസ്സോ നികുതിയോ ഏർപ്പെടുത്താൻ നാളിതുവരെ തീരുമാനിച്ചിട്ടില്ല.

(ഡി) കോവിഡ് മഹാമാരിയെ തുടർന്ന് ധന പ്രതിസന്ധി നേരിടുന്ന ജനങ്ങളുടെമേൽ അധിക ചാർജ്ജ് അടിച്ചേൽപ്പിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയി ക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. എന്നാൽ ഇപ്രകാരം അംഗീകരിക്കപ്പെട്ട നിരക്കുകളിൽ ഇന്ധന സർച്ചാർജ്ജിന്റെ രൂപത്തിലല്ലാതെ ഭേദഗതികൾ വരുത്താൻ കഴിയുകയില്ല. ഇപ്പോൾ താരിഫ് പരിഷ്കരണ നിർദ്ദേശ ങ്ങളൊന്നും തന്നെ കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. എന്നാൽ കോവിഡിന്റെ ഭാഗമായി വൈദ്യുതി ചാർജ്ജിൽ വിവിധ ഇളവുകൾ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

1. സംസ്ഥാന ഗവൺമെന്റ്, കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട്, വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ ഡിമാൻഡ് ചാർജ്ജിൽ വ്യാവസായിക/ വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ് അനുവദിക്കുകയും ബാക്കിയുള്ള തുക (75%) പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020-വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹികോപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗംമൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവുമൂലമുള്ള അധികഭാരം ലഘൂകരിക്കാൻ 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹികോപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗപരിധിയില്ലാതെ സൗജന്യമായി (20-4-2020 മുതൽ 19-6-2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനുപുറമേ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്കുകൂടി 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനം അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന നിരക്കിൽ സബ്സിഡിയായി നൽകിയിരുന്നു*.

3. സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, സിനിമ തിയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ, 1-6-2020-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020- ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തിയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തിയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്.

4. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മേയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും സിനിമാ തിയേറ്ററുകൾക്ക് ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 50% ഇളവ്, ബാക്കിയുള്ള തുക പലിശ രഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30-9-2021 വരെ സാവകാശവും നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിൻപ്രകാരം സിനിമാ തിയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്.

5. സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധ മേഖലകളിലെ ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്.

## 24 x 7 ചാർജ്ജിംഗ് സ്റ്റേഷനുകൾ

185(5846) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ പാതകളിലും സംസ്ഥാന പാതകളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി വാഹനങ്ങൾക്കായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസിപ്രകാരം സംസ്ഥാനത്തുട നീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തു കഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം
2. ഓലൈ, കൊല്ലം
3. പാലാരിവട്ടം, എറണാകുളം
4. വിയ്യൂർ, തൃശ്ശൂർ
5. നല്ലളം, കോഴിക്കോട്
6. ചൊവ്വ, കണ്ണൂർ.

ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം

10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 9-10-2021-ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്വങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉപഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. ദേശീയ പാതകളിലും സംസ്ഥാന പാതകളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി വാഹനങ്ങൾക്കായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെയോ, പൊതുമേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിന് ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിലായി 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചുകഴിഞ്ഞു.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം
2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി.), ശംഖുമുഖം, തിരുവനന്തപുരം
3. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം
4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി.), ചവറ, കൊല്ലം
5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ
6. ഡി.ടി.പി.സി. സെന്റർ, ഇടുക്കി
7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം
8. കാഞ്ഞിരംപുഴ ഡാം, പാലക്കാട്
9. ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്.

പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

1. പത്തനംതിട്ട മുനിസിപ്പാലിറ്റി പുതിയ ബസ് സ്റ്റാന്റ്
2. ടേക്ക് എ ബ്രേക്ക്, ബൈപ്പാസ് ലൈക്കാട് ചങ്ങനാശ്ശേരിക്ക് സമീപം
3. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ
4. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
5. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട്
6. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം
7. ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട്
8. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ.

അനുയോജ്യമായ കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയുള്ള നടപടി അനെർട്ട് സ്വീകരിച്ചുവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി 45 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്.

**അങ്കമാലി സെലസ്റ്റിയൽ പാർക്ക് അപ്പാർട്ട്മെന്റിന് വൈദ്യുതി കണക്ഷൻ**

186(5847) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നായത്തോട് സെലസ്റ്റിയൽ പാർക്ക് അപ്പാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷൻ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ 290/എം./വി.ഐ.പി./2021 നമ്പർ കത്ത് മുഖേന ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിരുന്നോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്നും ഉള്ളടക്കവും വിശദമാക്കാമോ?

(എ&ബി) അങ്കമാലി നായത്തോട് അറ്റ്ലസ് സെലിസ്റ്റിയൽ പാർക്ക് അപ്പാർട്ട്മെന്റ് ഓണേഴ്സ് അസ്സോസിയേഷൻ പ്രസിഡന്റ്, 10-8-2021-ൽ 290/എം./ വി.ഐ.പി./ 2021 നമ്പർ കത്ത്പ്രകാരം പ്രസ്തുത കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ നൽകുവാനുള്ള ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ശ്രീ റോജി എം ജോൺ, അങ്കമാലി എം.എൽ.എ. മുഖാന്തരം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ട്. ടി നിവേദനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഈ വിഷയത്തിൽ ഹൈക്കോടതി ഉത്തരവ് എന്താണെന്ന് വ്യക്തമാക്കുമോ; ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ നിയമോപദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) കോടതിയുടെ അന്തിമ വിധി വരുന്നതുവരെ താൽകാലിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(സി-ഇ) ടി വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി WPC 23730/2017, WA1673,1743,1817 എന്നി കേസുകളിൽ നൽകിയ 20-2-2019, 29-1-2021 ഉത്തരവ് പ്രകാരം അറ്റ്ലസ് ഗോൾഡ് ടൗൺഷിപ്പിന് നൽകിയ HT കണക്ഷൻ നിയമപരമായി സാധുതയില്ല എന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ റിവൈസ്ഡ് സ്കീം അനുമതി പ്രകാരം LT കണക്ഷൻ ആവശ്യാനുസരണം പ്രത്യേകം അപേക്ഷയും അനുബന്ധ രേഖകളും ഓരോ അപേക്ഷകനും നൽകുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുവാനും, HT കണക്ഷൻ ആവശ്യമുള്ളവർ പുതുതായി അതിലേയ്ക്കുള്ള അപേക്ഷയും അനുബന്ധ രേഖകളും നൽകേണ്ടതാണെന്നും ഉത്തരവായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ പ്രസ്തുത വിഷയത്തിൽ നിയമോപദേശം ആരായുകയും ഇതുപ്രകാരം HT കണക്ഷൻ വിച്ഛേദിക്കുവാൻ KSEBL തീരുമാനിക്കുകയുണ്ടായി. തുടർന്ന് HT കണക്ഷൻ 16-4-2021-ന് വിച്ഛേദിക്കുകയും അവ 29-6-2021-ന് അഴിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 10-8-2021-ന് സമർപ്പിച്ച അപേക്ഷ KSEBL പരിശോധിക്കുകയും ഫീൽഡ് തലത്തിൽ റിപ്പോർട്ട് ലഭ്യമാക്കി ഇതിന്മേൽ ആവശ്യമായ നിയമോപദേശം ലഭ്യമാക്കി ടി സമുച്ചയത്തിലെ അപേക്ഷകർക്ക് 3-11-2021-ലെ ബോർഡ് ഉത്തരവുപ്രകാരം മുൻ കുടിശ്ശിക തുക അടവാക്കി ഇൻസ്പെക്ടറേറ്റിന്റെ അപ്രൂവലിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകർക്കും പ്രത്യേകം അപേക്ഷകളിന്മേൽ പുതിയ വൈദ്യുതി കണക്ഷൻ (LT) നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് അപേക്ഷകർ ഒടുക്കുന്ന മുൻ കുടിശിക തുക കോടതിയുടെ അന്തിമ തീരുമാനപ്രകാരം ഉത്തരവ് കിട്ടുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ്.

**ഡാം തുറക്കൽ**

187(5848) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2021 ഒക്ടോബർ 15, 16 തീയതികളിൽ പെയ്ത കനത്ത മഴയെത്തുടർന്ന് വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഡാമുകൾ തുറന്ന് ജലം ഒഴുക്കിവിട്ടു എന്നതിന്റെ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് 2021 ഒക്ടോബർ 15, 16 തീയതികളിൽ പെയ്ത കനത്ത മഴയെത്തുടർന്ന് കെ.എസ്.ഇ.ബി.-യുടെ ഡാമുകൾ തുറന്ന് ജലം ഒഴുക്കിവിടുകയുണ്ടായി. ഇത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**വൈദ്യുതി ബോർഡ് ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയ ഉത്തരവ്**

188(5849) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയ നടപടി ഉത്തരവ് പുറപ്പെടുവിച്ച് ഇരുപത്തിനാല് മണിക്കൂറിനകം പിൻവലിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

വൈദ്യുതി ബോർഡ് ഫീൽഡ് ജീവനക്കാർക്ക് നിലവിലുള്ള യൂണിഫോം മാറ്റത്തിനായി ദീർഘകാല കരാറുകളിൽ തീരുമാനിച്ചിരുന്ന രീതിക്ക് മാറ്റം വരുത്തുന്ന യാതൊരു നടപടിയും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പ്രത്യേക ഉത്തരവുകളായി ഇറങ്ങിയിട്ടില്ല. എന്നാൽ സേഫ്റ്റി അപ്പാരൽ/ജാക്കറ്റ് നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഉത്തരവ് പിൻവലിച്ചത് പ്രമുഖ സർവീസ് സംഘടനകളുടെ സമ്മർദ്ദം മൂലമാണോ എന്ന് അറിയിക്കാമോ?

ബാധകമല്ല.

(സി) ബോർഡിലെ അഴിമതി ആരോപണം നേരിടുന്നവരെ അകറ്റി നിർത്തി ബോർഡിന് പുതിയ മുഖം നൽകാൻ കൈക്കൊള്ളുന്ന നടപടികൾ അട്ടിമറിക്കാൻ ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോതമംഗലം നിയോജകമണ്ഡലത്തിലെ ദ്യുതി പദ്ധതി**

189(5850) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കോതമംഗലം നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ദ്യുതി 2021-ൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും പൂർത്തീകരിക്കാത്തവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 233.14 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്.

| പ്രവൃത്തി | Quantum | തുക |
|---|---|---|
| പുതിയ കെ.വി. ലൈൻ സ്ഥാപിക്കൽ | 2.5 കി.മീ. | 17.88 ലക്ഷം |
| 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ | 2.5 കി.മീ. | 43.07 ലക്ഷം |
| എ.സി.ബി. ഉപയോഗിച്ച് പുതിയ 11 കെ.വി. ലൈൻ സ്ഥാപിക്കൽ | 0.16 കി.മീ. | 3.16 ലക്ഷം |
| ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി | 238.98 കി.മീ. | 150.76 ലക്ഷം |
| ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി | 6 എണ്ണം | 14.06 ലക്ഷം |
| എ.ബി. സ്വിച്ച് സ്ഥാപിക്കുന്ന ജോലി | 13 എണ്ണം | 4.21 ലക്ഷം |

ഇതിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| പ്രവൃത്തി | Quantum | തുക |
|---|---|---|
| പുതിയ കെ.വി. ലൈൻ സ്ഥാപിക്കൽ | 2 കി.മീ. | 12.92 ലക്ഷം |
| ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന ജോലി | 25.205 കി.മീ. | 16.44 ലക്ഷം |
| ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി | 6 എണ്ണം | 4.21 ലക്ഷം |
| എ.ബി. സ്വിച്ച് സ്ഥാപിക്കുന്ന ജോലി | 13 എണ്ണം | 4.21 ലക്ഷം |

ദ്യുതി പദ്ധതിയിൽ നാളിതുവരെ 17 ട്രാൻസ്ഫോർമറുകളും 27.6 കി.മീ. 11 കെ.വി. ലൈനും 1 കി.മീ. യു.ജി. കേബിളും 3.5 കി.മീ. കവേർഡ് കണ്ടക്ടർ ലൈനുകളുൾപ്പെടെയുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും, കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗൺ എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി ദ്യുതി പദ്ധതിയിൽ കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ 2022 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ദ്യുതി പദ്ധതിയിലുൾപ്പെടുത്തി കോതമംഗലം നിയോജകമണ്ഡലത്തിൽ എത്ര തുകയുടെ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ദ്യുതി പദ്ധതിയിൽ കോതമംഗലം സബ്സ്റ്റേഷൻ മുതൽ കോതമംഗലം ടൗൺ വരെ 6 കി.മീ. യു.ജി. കേബിൾ ഇടുന്നതിന് 104 ലക്ഷം രൂപയുടെ പ്രവൃത്തി ഉൾപ്പെടുത്താൻ നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ദ്യുതി പദ്ധതിയിലുൾപ്പെടുത്തി കോതമംഗലം നിയോജകമണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിച്ചുവരുന്നു. വിതരണ മേഖലയിൽ വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്താനും പ്രസരണ, വിതരണ നഷ്ടം കുറയ്ക്കാനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേന്ദ്രസഹായ

പദ്ധതിയായ Revamped Distribution Sector Scheme-ൽ ഉൾപ്പെടുത്തി covered conductor/ABC/UG cable എന്നിവ ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിംഗ് പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കുവാൻ DPR തയ്യാറാക്കി വരുന്നു.

**ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി**

190(5851) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തിന്റെ പ്രസരണശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഒന്നാം ഘട്ടത്തിൽ 2017-2022 കാലയളവിൽ പൂർത്തീകരിക്കാൻ വിഭാവനം ചെയ്ത KIIFB, Power System Development Fund (PSDF) എന്നീ ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 circuit കി.മീ. 400 കെ.വി. ലൈനും 845 circuit കി.മീ. 220 കെ.വി. ലൈനും 820 കി.മീ. സർക്യൂട്ട് 110 കെ.വി. ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകളുൾപ്പെടുന്ന 5 പാക്കേജുകളും ഉണ്ട്. ഇതിൽ 1697 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 6 സബ് സ്റ്റേഷനുകളും (മഞ്ചേരി, കോതമംഗലം, ചാലക്കുടി എന്നീ 220 kV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (AIS), ആലുവ, കലൂർ, കുന്നമംഗലം എന്നീ 220 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS)) 178 circuit കി.മീ. 400 കെ.വി. ലൈനും 465 circuit കി.മീ. 220 കെ.വി. ലൈനും 548 circuit കി.മീ. 110 കെ.വി. ലൈനും ഉൾപ്പെടുന്നു. (മാടക്കത്തറ-മലാപ്പറമ്പ്- അരീക്കോട് 400/220 kV MCMV Line, ഉതിയൂർ- കലൂർ 220 kV DC കേബിൾ, മലപ്പുറം-മഞ്ചേരി 110 kV ഡബിൾ സർക്യൂട്ട് ലൈൻ, കക്കയം- നല്ലളം 110 kV DC line, ആലുവ -പള്ളിക്കര, ആലുവ - എടത്തല -കോതമംഗലം, ബ്രഹ്മപുരം-ഉതിയൂർ ലൈൻ, കറുകടം - കോതമംഗലം കീഴിശ്ശേരി-ചേളാരി, ചേളാരി -നല്ലളം, കൊന്നക്കുഴി – ചാലക്കുടി, മലയമ്മ - കുന്നമംഗലം എന്നീ 220/110 kV MCMV ലൈനുകൾ:-.

ആലുവ - പള്ളിവാസൽ, മുണ്ടയാട് – തലശ്ശേരി, കൊടുങ്ങല്ലൂർ - ഇരിങ്ങാലക്കുട, കോട്ടയം- ഏറ്റുമാനൂർ, കോട്ടയം - ഇറവൂർ എന്നീ 220/110 kV MCMV ലൈനുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ഈ പദ്ധതികൾ 2021 ഡിസംബർ മാസത്തോടെയും, മുണ്ടയാട്- മയിലാട്ടി 220/110 കെ.വി. MCMV ലൈൻ 2022 മധ്യത്തോടെയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമാക്കുന്നത്. ട്രാൻസ്ഗ്രിഡ് 2.0-യുടെ രണ്ടാം ഘട്ടത്തിലെ 3414 കോടി രൂപയുടെ പദ്ധതികളിൽ 11 ലൈൻ പാക്കേജുകളും, 13 സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. ശബരി 220/110 kV ലൈൻ, തൃശ്ശിവപേരൂർ 220/110 kV ലൈൻ എന്നീ പദ്ധതികൾ നിർമ്മാണം ആരംഭിച്ചു. പത്തനംതിട്ട, കക്കാട് 220 kV GIS സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. ശാസ്താംകോട്ട 220 kV GIS സബ്സ്റ്റേഷൻ, കൊല്ലം, തിരുവിതാംകൂർ ലൈൻ പാക്കേജുകൾ, ആലുവ കൊടുങ്ങല്ലൂർ 220/110 kV MCMV ലൈൻ എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. രണ്ടാംഘട്ടത്തിലുൾപ്പെട്ടിട്ടുള്ള തിരൂർ, ഇരിങ്ങാലക്കുട, ഇറവൂർ എന്നീ 220 kV GIS സബ്സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. വള്ളുവനാട് പാക്കേജ് (പാലക്കാട് - മണ്ണാർക്കാട് 220/110 kV ലൈൻ) തലശ്ശേരി-കുന്നമംഗലം 220/110 kV ലൈൻ എന്നീ പദ്ധതികൾ സാങ്കേതിക, സാമ്പത്തിക അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. 220 kV പാഞ്ഞാൾ GIS സബ്സ്റ്റേഷൻ, 400 kV എടമൺ GIS സബ്സ്റ്റേഷൻ, ഇരിങ്ങാലക്കുട - പഴവിൽ 220/110 kV ലൈൻ, ആലുവ - ചാലക്കുടി 220/110 MCMV ലൈൻ എന്നീ പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഗ്രീൻ കോറിഡോർ പദ്ധതിയിൽപ്പെട്ട വയനാട് - കാസർഗോഡ് ലൈനിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. മറ്റ് ഗ്രീൻ കോറിഡോർ പദ്ധതികളായ കുയിലിമല ഗ്രീൻ കോറിഡോർ പദ്ധതി, 400 kV വയനാട് GIS, അട്ടപ്പാടി GCP (220 kV GIS മണ്ണാർക്കാട്, 220 kV GIS കോട്ടത്തറ), 220 kV GIS കട്ടപ്പന എന്നിവയ്ക്ക് MNRE (Ministry of Non Renewable Energy)-യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്. 2024-ലാണ് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടി സംബന്ധിച്ച ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കോടതികളിൽ കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ രണ്ട് ഘടക പദ്ധതികളുടെ ടെണ്ടർ നടപടി സംബന്ധിച്ച് ചില ആരോപണങ്ങൾ കഴിഞ്ഞ നിയമസഭയ്ക്ക് മുമ്പാകെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ മറ്റൊരു ഉപ പദ്ധതിയായ ട്രാവൻകൂർ

ലൈൻസ് പാക്കേജിന്റെ ടെണ്ടറുമായി ബന്ധപ്പെട്ട് പോളികാബ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കേരള ഹൈക്കോടതിയിൽ 24-8-2021-ന് W.P (C) No.17117/2021 (L) നമ്പരായി ഒരു കേസും ഫയൽ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കുമോയെന്ന് കരുതുന്നുണ്ടോ?

ട്രാൻസ്ഗ്രിഡ് പദ്ധതിക്കായി 10,000 കോടി രൂപയാണ് പ്രാഥമിക ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ തുകയ്ക്ക് പദ്ധതി പൂർത്തീകരിക്കുമെന്ന് കരുതുന്നു.

**അതിരപ്പിള്ളി പദ്ധതി**

191(5852) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സർക്കാരിന്റെ നിരാക്ഷേപപത്രം 4-6-2020 മുതൽ 7 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് ഗവൺമെന്റും കെ.എസ്.ഇ.ബി. ലിമിറ്റഡും തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പിന്റെ പുരോഗതി വ്യക്തമാക്കാമോ?

പദ്ധതിക്ക് ആവശ്യമായത് 138.60 ഹെക്ടർ വനഭൂമി മാത്രമാണ്. പ്രസ്തുത വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് വിട്ടുനൽകികൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വിശദമാക്കാമോ?

സർക്കാർ സമവായത്തിലൂടെ മാത്രമെ പദ്ധതിയുമായി മുന്നോട്ടുപോകുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

(ഡി) സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതിക ആഘാതം പഠന വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച പരിസ്ഥിതി ആഘാത നിയമമനുസരിച്ച് പഠനവിധേയമാക്കിയിട്ടുണ്ട്.

## ജലവൈദ്യുതി പദ്ധതികളുടെ പ്രവർത്തനം

192(5853) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര ജല വൈദ്യുത പദ്ധതികളാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്ന് പേരും സ്ഥാപിതമായ വർഷവും സഹിതം വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ നിലയത്തിലും നാളിതുവരെ എത്ര ജനറേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ജനറേറ്ററുകളുടെ ശേഷി എത്ര വീതമാണെന്ന് അറിയിക്കാമോ?

(എ&ബി) ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച വിശദവിവരവും ജനറേറ്ററുകളുടെ ശേഷിയും എണ്ണവും അനുബന്ധം ആയി ചേർത്തിരിക്കുന്നു*. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുത ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽനിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം-ആയി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ എത്ര ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും മറ്റുള്ളവ ഓരോന്നും പ്രവർത്തിപ്പിക്കാത്തതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ?

പ്രവർത്തനരഹിതമായ ജനറേറ്ററുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. മറ്റുള്ളവ പ്രവർത്തിക്കുന്നതാണ്

(1) ശബരിഗിരി - 2 എണ്ണം:

ജനറേറ്റർ നമ്പർ 4 - അനിയന്ത്രിതമായ പ്രകമ്പനംമൂലം നിർത്തിയിട്ടിരിക്കുന്നു, അറ്റകുറ്റപണികൾ പുരോഗമിക്കുന്നു. ജനറേറ്റർ നം. 2 - ജനറേറ്റർ സ്റ്റേറ്റർ തകരാർ, അറ്റകുറ്റപണികൾ പുരോഗമിക്കുന്നു.

(2) കല്ലട-1 എണ്ണം: ജനറേറ്റർ സ്റ്റേറ്റർ തകരാറ്, അറ്റകുറ്റപണികൾ പുരോഗമിക്കുന്നു.

(3) പെരുന്തേനരുവി-2 എണ്ണം: പ്രകൃതി ക്ഷോഭംമൂലം പ്രവർത്തനരഹിതമായിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(4) പള്ളിവാസൽ - 2 എണ്ണം :

വിദഗ്ധ സമിതിയുടെ പരിശോധനയിൽ, പെൻസ്റ്റോക്ക് പൈപ്പിന്റെ കനം കാലപ്പഴക്കംമൂലം കുറഞ്ഞിട്ടുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് ജനറേറ്ററുകൾ നിർത്തി വച്ചിരിക്കുന്നു. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ പെൻസ്റ്റോക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ പ്രസ്തുത ജനറേറ്ററുകൾ പ്രവർത്തന സജ്ജമാകുന്നതാണ്.

(5) ബ്രഹ്മപുരം ഡീസൽ പവർ പ്രോജക്ട് (ബി.ഡി.പി.പി.) :

(6) കോഴിക്കോട് ഡീസൽ പവർ പ്രോജക്ട് (കെ.ഡി.പി.പി.) പ്രവർത്തനം നിർത്തലാക്കാനുണ്ടായ കാരണം:

ഉല്പാദന ചെലവിൽ വന്ന വർദ്ധനവും കുറഞ്ഞ ചെലവിൽ പുറമെ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയും.

(ഡി) എല്ലാ ജനറേറ്ററുകളും പ്രവർത്തിക്കാത്തതിനാൽ ഡാമുകളിലെ അധിക ജലം ഉപയോഗപ്പെടുത്താതെ പുറത്തേയ്ക്ക് ഒഴുക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ശക്തമായ മഴയും നീരൊഴുക്കുംമൂലം അതാത് ഡാമുകളുടെ റൂൾ കർവ് പാലിച്ച് അധിക ജലം പുറത്തേയ്ക്ക് ഒഴുക്കി വിടേണ്ടിവന്നിട്ടുണ്ട്.

**ഊർജ്ജ കേരള മിഷൻ**

193(5854) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷന്റെ വിവിധ പദ്ധതികളും ഉദ്ദേശ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമുള്ള 'ദ്യുതി 2021' , പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന ' ട്രാൻസ്ഗ്രിഡ് 2.0' , സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി ' സൗര' , ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' , വൈദ്യുതി അപകടരഹിത കേരളം ലക്ഷ്യമിടുന്ന 'ഇ-സേഫ് എന്നിവയാണ് ഊർജ്ജ കേരള മിഷനിലുൾപ്പെട്ടിട്ടുള്ള പദ്ധതികൾ.

(ബി) മിഷന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) മിഷൻ ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി &സി) ദ്യുതി 2021 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 3134 കി.മീ. HT OH ലൈനും 598 കി.മീ. HT എ.ബി.സി. കണ്ടക്ടറും 25 കി.മീ. HT കവേർഡ് കണ്ടക്ടറും 375 കി.മീ. HT ഭൂഗർഭകേബിളുകളും 1642 കി.മീ. LT OH ലൈനും 1007 കി.മീ. LT എ.ബി.സി. കണ്ടക്ടറും 2835 ട്രാൻസ്ഫോർമറുകളുടെ സ്ഥാപനവും 2337 ട്രാൻസ്ഫോർമറുകളുടെ അപ്ഗ്രഡേഷനും 260 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എ.ബി.സി. കണ്ടക്ടറുകളുടെ സ്ഥാപനവും 5409 കി.മീ. LT സിംഗിൾ ഫേസ് ലൈനുകൾ മാറ്റി ത്രീ ഫേസ് ലൈനുകളുടെ സ്ഥാപനവും 2194 കി.മീ. HT OH ലൈനുകളുടെയും 59546 കി.മീ. LT OH ലൈനുകളുടെയും റീ-കണ്ടക്റ്ററിംഗും 8471 എണ്ണം DTR മീറ്ററുകളുടെയും 524 എണ്ണം ബോർഡർ മീറ്ററുകളുടെയും സ്ഥാപനവും 17,65,910 എണ്ണം കേടായ മീറ്ററുകളുടെ മാറ്റി സ്ഥാപനവും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കാനും വൈദ്യുതി അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും ഗുണമേന്മയുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഊർജ്ജ കേരള മിഷൻ പദ്ധതിയുടെ ഭാഗമായി പ്രസരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച ബൃഹത്തായ പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. പ്രസ്തുത പദ്ധതിയിൽ KIIFB (Kerala Industrial Investment Fund Board), PSDF (Power System Development Fund), MNRE (Ministry of New & Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 circuit കി.മീ. 400 കെ.വി. ലൈനും 845 circuit കി.മീ. 220 കെ.വി. ലൈനും 820 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളും ഉണ്ട്. ഇതിൽ 1697 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 6 സബ്സ്റ്റേഷനുകളും 178 സർക്യൂട്ട് കി.മീ. 400 കെ.വി. ലൈനും 465 സർക്യൂട്ട് കി.മീ. 220 കെ.വി. ലൈനും 548 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനും ഉൾപ്പെടുന്നു. രണ്ടാംഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ 3414 കോടി രൂപയുടെ പദ്ധതികളിലായി 13 സബ്സ്റ്റേഷനുകളും, 11 ലൈൻ പാക്കേജുകളിലായി 248 circuit കി.മീ. 400 കെ.വി. ലൈനും 877 circuit കി.മീ. 220 കെ.വി. ലൈനും 786 സർക്യൂട്ട് കി.മീ. 110 കെ.വി. ലൈനും പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം 2022-ലും രണ്ടാംഘട്ടം

2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കേരള സർക്കാർ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ച് പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം 1 കോടി LED വിഭാവനം ചെയ്തതിൽ 96.6 ലക്ഷം LED ഇതിനോടകം വിതരണം ചെയ്തു. കൂടുതൽ ആവശ്യകത ഉള്ളതിനാൽ 17.5 ലക്ഷം LED കൂടി വിതരണം നടത്തുന്നതാണ്. കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്യുന്നത്. ഈ പദ്ധതിയുടെ ഭാഗമായി തിരികെ ശേഖരിക്കുന്ന സി.എഫ്.എൽ.-കൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ചുമതല ഇ.എം.സി.-ക്കാണ്. ഇതിനായി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സി.എഫ്. എൽ.-കൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുവേണ്ടി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി 1000 MW-ന്റെ സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. ഇതിൽ 109.75 MW-ന്റെ ഗ്രൗണ്ട് മൗണ്ടഡ് പ്ലാന്റും 500 KW-ന്റെ ഫ്ലോട്ടിംഗ് പ്ലാന്റും നേരത്തെ പ്രവർത്തനം ആരംഭിച്ചു. 500 MW സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സൗര ഒന്നാം ഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ 29.0474 MW-ന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇത് ഡിസംബർ 31-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടിയുള്ളതാണ്. ഇതിൽ 2019-20 വർഷത്തിൽ 10.2 MW ശേഷിക്കും 2020-21 വർഷത്തിൽ 36.435 MW ശേഷിക്കും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നാളിതുവരെ 10.23 MW-ന്റെ സൗര പദ്ധതികൾ പൂർത്തിയായി. ഊർജ്ജ കേരള മിഷൻ എന്ന പദ്ധതിയുടെ കീഴിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയാണ് e-safe കേരള. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ അഗളി പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 600-ഓളം വീടുകളിലെ വയറിംഗ് നവീകരിച്ച് 4 light point, 1 plug point എന്നിവ ELCB-യോടൊപ്പം സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ഉടനീളം പൊതുജന വൈദ്യുതി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വയർമെൻ സൂപ്പർവൈസർ മേഖലകളിൽ ജോലി ചെയ്യുന്നവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ശ്രവ്യ മാധ്യമങ്ങളിലൂടെ പൊതുജന വൈദ്യുത ബോധവൽക്കരണം നടത്തിയിട്ടുണ്ട്. വൈദ്യുതി ലൈൻ പൊട്ടി വീഴുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഇലക്ട്രിക്കൽ സർക്കിളിലെ പേട്ട ഇലക്ട്രിക്കൽ

സെക്ഷനിലെ വിതരണ ശൃംഖലയിൽ സ്പേസറും ഗാർഡിംഗും ട്രാൻസ്ഫോർമർ സെക്കണ്ടറിയിൽ ബ്രേക്കർ എന്നിവയും സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ.-മായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

194(5855) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ Deen Dayal Upadhyaya Gram Jyoti Yojana (DDUGJY), ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ KSEBL നടത്തുന്ന " ദ്യുതി" പദ്ധതി, സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് പുത്തനുണർവ് പകരാൻ സംസ്ഥാന സർക്കാർ രൂപം നൽകിയ ഊർജ്ജ കേരള മിഷനിലുൾപ്പെടുത്തി ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിച്ച ഫിലമെന്റ് രഹിത കേരളം, കേരളത്തിലെ എല്ലാ പരമ്പരാഗത തെരുവ് വിളക്കുകളും എൽ.ഇ.ഡി. ലൈറ്റുകളാക്കി മാറ്റാനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന "നിലാവ്" ഉടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ 522.17 ലക്ഷം രൂപയുടെ പ്രവൃത്തികൾ DDUGJY പദ്ധതിയിലും (72.974 km സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, 2.67 km ത്രീ ഫേസ് ലൈൻ നിർമ്മാണം, 17.32 km HT ലൈൻ നിർമ്മാണം, 12058 മീറ്റർ മാറ്റി വയ്ക്കൽ, 1025 സർവീസ് കണക്ഷൻ), കൂടാതെ 2506 സർവ്വീസ് കണക്ഷനുകൾക്കായി, 202.92 ലക്ഷം രൂപയുടെ പ്രവൃത്തികൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലും 2018-19 മുതൽ 42 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 30.6 km HT ലൈൻ നിർമ്മാണം, 92.6km ത്രീ ഫേസ് ലൈൻ/കൺവെർഷൻ, 25.5 km LT ലൈൻ നിർമ്മാണം എന്നിവയിൽ 1277.72 ലക്ഷം രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിലുമുൾപ്പെടുത്തി മൊത്തം 2002.81 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ഫിലമെന്റ് രഹിത കേരളം പദ്ധതിയിലുൾപ്പെടുത്തി 103804 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു. "നിലാവ്" പദ്ധതിയിലുൾപ്പെടുത്തി 1463 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചു. പ്രസരണ രംഗത്ത് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. 33 കെ.വി. സബ്സ്റ്റേഷൻ, രാജപുരം.
2. 220 കെ.വി. സോളാർ സബ്സ്റ്റേഷൻ, അമ്പലത്തറ.
3. 33 കെ.വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാട് ടൗൺ.

കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ പരിസരത്ത് DC ഫാസ്റ്റ് EV ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. രണ്ട് മാസങ്ങൾക്കകം പ്രവർത്തനം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ സോളാർ പദ്ധതിയിലുൾപ്പെടുത്തി ആകെ 335 KWP Solar Plant താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ distribute ചെയ്ത് സ്ഥാപിച്ചിട്ടുണ്ട്.

1. GHSS കുമ്പള - 15 KWP
2. GHSS ചന്ദ്രഗിരി - 20 KWP
3. GHSS മൊഗ്രാൻ പുത്തൂർ - 100 KWP
4. ഡിസ്ട്രിക് ആയുർവ്വേദ ഹോസ്പിറ്റൽ, പടന്നക്കാട്-15 KWP
5. ഡിസ്ട്രിക് ആയുർവ്വേദ ഹോസ്പിറ്റൽ, കാഞ്ഞങ്ങാട് 185 KWP

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിൽ ഡിസ്ട്രിക്ട് ആയുർവ്വേദ ഹോസ്പിറ്റൽ, പടന്നക്കാട്, ഡിസ്ട്രിക്ട് ആയുർവ്വേദ ഹോസ്പിറ്റൽ, കാഞ്ഞങ്ങാട്. ഇവ കാഞ്ഞങ്ങാട് നിയോജകമണ്ഡലം പരിധിയിലാണ്. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ സൗരപദ്ധതിയുടെ കീഴിൽ 2019-21 കാലഘട്ടത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സൗര ഒന്നാംഘട്ട പദ്ധതിയനുസരിച്ച് 9 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകുകയും (147 KW) 4 ഉപഭോക്താക്കൾക്ക് നിലയം സ്ഥാപിക്കുകയും ചെയ്തു (110 KW). സൗര സബ്സിഡി രണ്ടാം ഘട്ട പദ്ധതിയിൽ 56 സൈറ്റുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട് (249 KW). ഒരു ഉപഭോക്താവിന് സൗരനിലയം സ്ഥാപിച്ചു (4 KW).

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ദ്യുതി പദ്ധതിയിൽ 2021-22 വർഷത്തിൽ ഇതുവരെ 4 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 3 km HT ലൈൻ നിർമ്മാണം, 13 km ത്രീ ഫേസ് ലൈൻ/ കൺവെർഷൻ, 7 km സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, 5 km ത്രീ ഫേസ് ലൈൻ നിർമ്മാണം, 1 km HT റീ കണ്ടക്ടറിംഗ്, 30.8 km LT റീ കണ്ടക്ടറിംഗ്, 7 km HT ABC ലൈൻ നിർമ്മാണം, 6 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

1. 33 കെ.വി. സബ്സ്റ്റേഷൻ, രാജപുരം നിലവിൽ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു.

2. 220 കെ.വി. സോളാർ സബ്സ്റ്റേഷൻ, അമ്പലത്തറ നിലവിൽ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. ഒരു 100 എം.വി.എ. 220/110 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. രണ്ടാമത്തെ 100 എം.വി.എ. 220/100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

3. 33 കെ.വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാട് ടൗൺ നിലവിൽ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു.

**മണലൂർ നിയോജകമണ്ഡലത്തിലെ ഊർജ്ജ ഓഡിറ്റ്**

195(5856) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണലൂർ നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇ.എം.സി.-യുടെ " ഊർജ്ജയാൻ" പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് നടന്നുവരുന്നു.

1. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്
2. ഗുരുവായൂർ കോർപ്പറേഷൻ സോണൽ ഓഫീസ്
3. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
4. മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
5. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്
6. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസ്
7. പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസ്
8. എളവള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്
9. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്
10. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഓഫീസ്

മേൽപ്പറഞ്ഞ പഞ്ചായത്ത് ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റ്, ഇ.എം.സി-യുടെ എംപാനൽ ഊർജ്ജ ഓഡിറ്റ് സ്ഥാപനമായ പ്രൂഡന്റ് എനർജി വഴിയാണ് നടത്തുന്നത്.

(ബി) ഊർജ്ജ ഓഡിറ്റുമായി ബന്ധപ്പെട്ട ചെലവുകൾക്കായി എനർജി മാനേജ്മെന്റ് സെന്ററിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുക വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ അറിയിക്കാമോ?

(ബി&സി) ഉണ്ട്. 'ഊർജ്ജയാൻ' പദ്ധതി പ്രകാരം ഊർജ്ജ ഓഡിറ്റ് നടത്തുന്ന നിയോജകമണ്ഡലങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്താനും മറ്റ് സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ടുകൾ നടത്തുന്നതിനും ഇ.എം.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽ ഈ സാമ്പത്തിക വർഷം 127.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തുന്ന ഊർജ്ജ ഓഡിറ്റിന് പ്രസ്തുത കെട്ടിടങ്ങളുടെ വൈദ്യുതി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്റ്റഡ് ലോഡ് അടിസ്ഥാനമാക്കിയാണ് ഫീസ് നിശ്ചയിക്കുന്നത്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന തുക ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്ന സമയത്താണ് ഇ.എം.സി.-യുടെ എംപാനൽ ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിന് നൽകുന്നത്. മേൽപ്പറഞ്ഞ മണലൂർ നിയോജകമണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ നാളിതുവരെ ടി ഊർജ്ജ ഓഡിറ്റിന് തുക ചെലവഴിച്ചിട്ടില്ല.

## ബി.പി.എൽ. കുടുംബങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ

196(5857) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ബി.പി.എൽ. റേഷൻ കാർഡിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ബി.പി.എൽ. വൈദ്യുതി കണക്ഷനായി സമർപ്പിച്ച അപേക്ഷ മറ്റ് കാരണങ്ങൾ ഉന്നയിച്ച് നിരസിക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ?

(എ&ബി) 1000 W വരെ കണക്ടഡ് ലോഡുള്ളതും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതുമായ ഗാർഹിക അപേക്ഷകർക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ തനത് ഫണ്ടിൽനിന്നും നൽകിവരുന്നു. ബി.പി.എൽ. വിഭാഗത്തിലെ സൗജന്യ കണക്ഷൻ ലഭിക്കുവാൻ അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, ബി.പി.എൽ. രേഖ എന്നിവ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാനദണ്ഡത്തിലുൾപ്പെടുന്ന അപേക്ഷകൾ നിരസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വൈദ്യുതി ലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ**

197(5858) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കൽക്കരി ക്ഷാമവും സംസ്ഥാനത്തെ കാലവർഷമുൾപ്പെടെയുള്ള പലവിധ ദുരന്തങ്ങളും വൈദ്യുതി വിതരണത്തേയും ലഭ്യതയേയും എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കൽക്കരി ക്ഷാമംമൂലം കേന്ദ്ര നിലയങ്ങളിൽനിന്നും ദീർഘകാല കരാറുകൾ വഴിയും ലഭ്യമാകേണ്ട വൈദ്യുതിയിൽ കുറവ് വന്നിട്ടുണ്ട്. ചില ദിവസങ്ങളിൽ ഏകദേശം 120 മെഗാവാട്ടിന്റെ കുറവുവരെ വന്നിട്ടുണ്ട്. ടി കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ പീക്ക് സമയത്തുള്ള വൈദ്യുതി ലഭ്യതയെയാണ് ബാധിച്ചിരുന്നത്. വൈദ്യുതി ലഭ്യതയിൽ കുറവുണ്ടായ അവസരങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങി കുറവ് പരിഹരിച്ചിട്ടുണ്ട്. ഇതല്ലാതെ കാലവർഷംകൊണ്ടുള്ള ദുരന്തങ്ങൾ വൈദ്യുതി പ്രസരണമേഖലയെ കാര്യമായി ബാധിച്ചിട്ടില്ല. കാലവർഷം ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾമൂലം വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും തൽഫലമായി വൈദ്യുതി വിതരണ സംവിധാനത്തെ സാരമായി ബാധിക്കുകയും ചെയ്തു. ലഭ്യമായ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിന് കീഴിൽ ഈ പ്രളയംമൂലം 2021 ഒക്ടോബർ മാസത്തിൽ സംഭവിച്ച സാമ്പത്തികനഷ്ടം 24.24 കോടി രൂപയോളം വരുമെന്ന് കണക്കാക്കുന്നു.

(ബി) എങ്കിൽ സംസ്ഥാനത്തെ വ്യവസായ, ഗാർഹിക മേഖലകൾ ഉൾപ്പെടെയുള്ള മേഖലകൾക്ക് വൈദ്യുതി ലഭ്യത ഉറപ്പാക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വ്യവസായ, ഗാർഹിക മേഖലകളുൾപ്പെടെയുള്ളവയ്ക്ക് വൈദ്യുതി ലഭ്യത ഉറപ്പാക്കാനായി താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

| നമ്പർ | പദ്ധതിയുടെ പേര് | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 മെഗാവാട്ട് |
| 2 | തോട്ടിയാർ HEP | 40 മെഗാവാട്ട് |
| 3 | പെരിങ്ങൽക്കുത്ത് | 24 മെഗാവാട്ട് |
| 4 | പെരുവണ്ണാമൂഴി | 6 മെഗാവാട്ട് |
| 5 | പഴശ്ശി സാഗർ | 7.5 മെഗാവാട്ട് |
| 6 | ഭൂതത്താൻകെട്ട് | 24 മെഗാവാട്ട് |
| 7 | കുറ്റ്യാടി RMU (3x25 MW to 3x27.5 MW) | 7.5 മെഗാവാട്ട് കൂട്ടിച്ചേരൽ |

ഇതുകൂടാതെ ടെണ്ടറിംഗ് സ്റ്റേജിലുള്ള പദ്ധതികൾ:- ചിന്നാർ (2x12 MW) ആനക്കയം (3X2.5 MW), മാരിപ്പുഴ (2x3 MW), ഒലിക്കൽ (2x2.5 MW), പൂവരംതോട് (2x1.5 MW).

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് നിലവിലെ താരിഫ് വ്യവസ്ഥകൾ പ്രകാരം വൈദ്യുതി ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികളും അതിനായി ആവശ്യപ്പെട്ട കേന്ദ്ര സഹായവും ലഭ്യമായ കേന്ദ്ര സഹായവും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ഉറപ്പുവരുത്തുവാൻ കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികളായ രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY), റീ സ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (RAPDRP), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY) സംയോജിത ഊർജ്ജ വികസന പദ്ധതി (IPDS) പദ്ധതികളും കൂടാതെ സൗഭാഗ്യ പദ്ധതിയും നടപ്പിലാക്കി. പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

1. <u>രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന-</u>

എല്ലാ ഗ്രാമീണ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനായി 2005 ഏപ്രിൽ 4-ന് കേന്ദ്ര സർക്കാർ RGGVY പദ്ധതി നടപ്പിലാക്കുന്നതിന് 224.36 കോടി രൂപയുടെ അനുമതി നൽകി. ഈ പദ്ധതി 14 ജില്ലകളിൽ 224.36 കോടി രൂപ ചെലവഴിച്ച് മാർച്ച് 2015-ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതി മുഖാന്തരം കേന്ദ്ര വിഹിതമായി 175.93 കോടി രൂപ ലഭ്യമായിട്ടുണ്ട്.

2. <u>റീ-സ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (RAPDRP)</u>-

നഗര /ഉപനഗരങ്ങളുടെ വിതരണ-ഉപപ്രസരണ ശൃംഖല ശാക്തീകരണം ലക്ഷ്യമാക്കി 2009-ൽ അനുമതി ലഭിച്ച പ്രസ്തുത പദ്ധതി 43 നഗര/ഉപനഗരങ്ങളിൽ നടപ്പിലാക്കി മാർച്ച് 2018-ൽ പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ 1078 കോടി രൂപയുടെ അനുമതി നൽകുകയും പദ്ധതി 1033.17 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതി തുകയുടെ 50% കേന്ദ്രസഹായമായി മാറ്റുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

3. <u>ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)</u>-

ഗ്രാമീണ ഭവന വൈദ്യുതീകരണം, ഉപപ്രസരണ വിതരണ ശൃഖലയുടെ ശാക്തീകരണം തുടങ്ങിയവ ലക്ഷ്യംവച്ച് 2016-ൽ അനുമതി ലഭിച്ച പ്രസ്തുത പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി. പദ്ധതി സെപ്റ്റംബർ 2019-ൽ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 485.37 കോടി രൂപയുടെ അനുമതി ലഭിക്കുകയും പദ്ധതി 504.84 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് കേന്ദ്ര അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായമായി നാളിതുവരെ 238.64 കോടി രൂപ ലഭിച്ചു.

4. <u>സംയോജിത ഊർജ്ജ വികസന പദ്ധതി (IPDS)</u>-

നഗര/ പ്രാന്ത പ്രദേശവികസനം ലക്ഷ്യമാക്കി 2016-ൽ അനുമതി ലഭിച്ച പ്രസ്തുത പദ്ധതി 14 ജില്ലാതലത്തിൽ നഗര /ഉപനഗരങ്ങളിൽ നടപ്പിലാക്കി, 2019 ഡിസംബർ മാസം പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ 595.03 കോടി രൂപയുടെ അനുമതി നൽകുകയും പദ്ധതി 579.514 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടിന്മേൽ കേന്ദ്ര അംഗീകാരം ലഭിച്ചുകഴിഞ്ഞു. പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായമായി നാളിതുവരെ 337.88 കോടി രൂപ ലഭിച്ചു.

5. സൗഭാഗ്യ:

പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിന് 2018-ലെ പ്രളയത്തിൽ വൈദ്യുതി വിച്ഛേദിക്കപ്പെട്ട 319171 എണ്ണം വീടുകൾ പുനഃവൈദ്യുതീകരിച്ചു. ഈ പദ്ധതി 90 കോടി രൂപയ്ക്ക് 300000 വീടുകളുടെ പുനഃവൈദ്യുതീകരണത്തിനുവേണ്ടി special case ആയിട്ടാണ് അനുമതി ലഭിച്ചത്. എന്നാൽ 95.75 കോടി രൂപ മുടക്കി 319171 എണ്ണം വീടുകൾ പുനഃവൈദ്യുതീകരിച്ചു. പദ്ധതിയുടെ കേന്ദ്രസഹായമായി 66.34 കോടി രൂപ ലഭ്യമായി.

**പുതിയ അണക്കെട്ടുകളുടെ നിർമ്മാണം**

198(5859) ശ്രീ. തോമസ് കെ .തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ അപകടകരമായ നിലയിലുള്ള അണക്കെട്ടുകൾക്ക് താഴെ പുതിയവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പിന് കീഴിലുള്ള അണക്കെട്ടുകൾ എല്ലാം അപകടകരമല്ലാത്ത നിലയിലുള്ളതാണ്.

(ബി) അപകടസാധ്യത കുറയ്ക്കുന്നതിനും വൈദ്യുതി ഉൽപ്പാദനം കൂട്ടുന്നതിനും ജനജീവിതത്തെ ബാധിക്കാത്ത തരത്തിൽ പുതിയ ഡാമുകൾ നിർമ്മിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി ഉൽപ്പാദനം കൂട്ടുന്നതിനുവേണ്ടി പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ പര്യവേഷണ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിലുള്ള അണക്കെട്ടുകൾ നിർമ്മിക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് മുൻഗണന നൽകുന്നത്. കൂടാതെ നിലവിലുള്ള നിലയങ്ങളുടെ സ്ഥാപിതശേഷി കൂട്ടുന്നതിനുള്ള പര്യവേഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

## വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

199(5860) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരിക്ഷാമംമൂലം താപവൈദ്യുതി നിലയങ്ങളിലെ ഉൽപ്പാദനം കുറഞ്ഞതിനാൽ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ കേന്ദ്രം സംസ്ഥാനത്തിന്റെ പിന്തുണ അഭ്യർത്ഥിച്ചിരുന്നോ; വ്യക്തമാക്കാമോ?

അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര സർക്കാരിലെ ഊർജ്ജ വകുപ്പ് സെക്രട്ടറി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് അയച്ച 14-10-2021-ലെ DO 15-27/27/2021 Hydel-II നമ്പർ കത്തിൽ രാജ്യത്തെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 31 വരെയുള്ള ദിവസങ്ങളിൽ off peak നേരങ്ങളിൽ ഇടുക്കി ഉൾപ്പെടെയുള്ള ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള ഉൽപ്പാദനം ഉയർത്തി പരമാവധി പിന്തുണ നൽകുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ.-ന് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ലഭ്യമാക്കുന്ന മിച്ച വൈദ്യുതി വിവരം കേന്ദ്രത്തിനും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ രംഗത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഉണ്ട്. ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ജലവൈദ്യുത പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ ടെണ്ടറിംഗ് സ്റ്റേജിലുള്ള പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ചിന്നാർ (2x12 MW)
2. ആനക്കയം (3x2.5 MW)
3. മരിപുഴ (2x3 MW)
4. ഒലിക്കൽ (2x2.5 MW)
5. പൂവാരംതോട് (2x1.5 MW) എന്നിവയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 337.12 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി ജില്ലയിലെ റിസർവ്വോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) മുഖേന ബാണാസുരസാഗർ റിസർവ്വോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. ഇടുക്കി റിസർവ്വോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന ഒരു മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജപ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ നിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജപ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-ൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ് ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശ് നിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവൽക്കരണത്തിനായി എം.എൻ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.ഇ.-ൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ്ബന്ധിത പമ്പുകളുടെ സൗരോർജ്ജവൽക്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സൗരോർജ്ജ രംഗത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് സൗര സബ്സിഡി പദ്ധതി. ഇതിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് പങ്കെടുക്കാനാവുക. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 kW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 3 മുതൽ 10 kW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 kW- ന് 40%-ഉം തുടർന്ന് 20% സബ്സിഡി എന്ന രീതിയിലാണ് കേന്ദ്രസബ്സിഡി നൽകുന്നത്. സബ്സിഡി നൽകുന്നതിനാൽ ഗാർഹിക ഉപഭോക്താക്കൾ സൗര നിലയം സ്ഥാപിക്കുന്നതിൽ താൽപ്പര്യം പ്രകടിപ്പിച്ച് നിക്ഷേപം നടത്തിവരുന്നു. വൈദ്യുതിയുത്പാദനം വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനും ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

**കണ്ടെയ്നർ സബ് സ്റ്റേഷൻ**

200(5861) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കിഴിശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് 33 കെ.വി. ഇലക്ട്രിക് ലൈൻ ഉപയോഗിച്ച് കോഴിക്കോട് വിമാനത്താവള പരിസരത്ത് ഒരു 33 കെ.വി. കണ്ടെയ്നർ സബ് സ്റ്റേഷൻ സ്ഥാപിക്കാൻ കഴിയുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ആവശ്യമായ സ്ഥലം സൗജന്യമായി നഗരസഭ നൽകിയാൽ ആർ.ഡി.എസ്.എസ്. എന്ന കേന്ദ്ര സർക്കാർ സ്കീമിലുൾപ്പെടുത്തി 33 കെ.വി. കണ്ടെയ്നർ സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) കോഴിക്കോട് വിമാനത്താവളത്തിനടുത്ത് 33 കെ.വി. സബ്സ്റ്റേഷൻ- കുന്നുമ്പുറം, 33 കെ.വി. സബ്സ്റ്റേഷൻ കൊണ്ടോട്ടി എന്നീ രണ്ട് സബ്സ്റ്റേഷനുകൾ പരിഗണനയിലുണ്ട്. കൊണ്ടോട്ടി നഗരസഭ നൽകാമെന്ന് പറഞ്ഞ സ്ഥലത്താണ് 33 കെ.വി. കൊണ്ടോട്ടി സബ്സ്റ്റേഷൻ പരിഗണിക്കുന്നത്. ടി സബ്സ്റ്റേഷൻ Revamped Distribution Sector Scheme (RDSS) -ൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 33 കെ.വി. സബ്സ്റ്റേഷൻ കുന്നുമ്പുറം കണ്ടെയ്നർ സബ് സ്റ്റേഷനായി സ്ഥാപിക്കാനാണ് നിർദ്ദേശമുള്ളത്.

## സംസ്ഥാനത്തെ വൈദ്യുത നിലയങ്ങൾ

201(5862) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തെ മൊത്ത വൈദ്യുതി ഉപഭോഗം എത്രയാണ്; ഇത് ഏതൊക്കെ തരം വൈദ്യുത നിലയങ്ങളിൽനിന്ന് എത്രയൊക്കെ വീതമാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

2021 ഒക്ടോബർ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 71.24 ദശലക്ഷം യൂണിറ്റാണ്. ഓരോ സ്രോതസ്സിൽനിന്നും ലഭിച്ച വൈദ്യുതിയുടെ പ്രതിദിന ശരാശരി കണക്കുകൾ താഴെപ്പറയുന്നു.

ജലവൈദ്യുത നിലയങ്ങൾ : 35.03 ദശലക്ഷം യൂണിറ്റ്

സൗരോർജ്ജ നിലയങ്ങൾ : 0.5833 ദശലക്ഷം യൂണിറ്റ്

കാറ്റാടിപ്പാടങ്ങൾ : 0.2433 ദശലക്ഷം യൂണിറ്റ്

ദീർഘകാല കരാർ വഴി : 17.243 ദശലക്ഷം യൂണിറ്റ്

കേന്ദ്ര വിഹിതം : 29.43 ദശലക്ഷം യൂണിറ്റ്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ എത്ര വൈദ്യുത നിലയങ്ങൾ വീതമാണുള്ളതെന്നും പ്രസ്തുത നിലയങ്ങളുടെ പേര്, ഇന്ധനം, ആരംഭിച്ച വർഷം തുടങ്ങിയ വിശദാംശങ്ങളും ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൈദ്യുതി നിലയങ്ങളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു*. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സൗരോർജ്ജ നിലയങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.* മേൽ പട്ടികയിലുള്ള വൈദ്യുതി നിലയങ്ങളെല്ലാം പ്രവർത്തനക്ഷമമാണ്.

(സി) ഇവയിൽ പ്രവർത്തിക്കാത്ത നിലയങ്ങൾ ഏതൊക്കെയെന്നും ഇവ പ്രവർത്തനം നിർത്തലാക്കിയ വർഷം, പ്രവർത്തനം നിർത്തലാക്കാനുണ്ടായ കാരണം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ?

പ്രവർത്തനരഹിതമായ വൈദ്യുതി നിലയങ്ങളുടെ വിശദാംശം താഴെപ്പറയുന്നു.

പദ്ധതി- ബി.ഡി.പി.പി.

ആരംഭിച്ച വർഷം- 1997-98

ഇന്ധനം - LSHS

നിർത്തലാക്കിയ വർഷം - 2020

പ്രവർത്തനം നിർത്തലാക്കാനുണ്ടായ കാരണം- ഉൽപ്പാദന ചെലവിൽ വന്ന വർദ്ധനവ്, കുറഞ്ഞ ചെലവിൽ പുറമെ നിന്നുള്ള ലഭ്യത.

Independent Power Producers (IPPs), Captive Power Plants (CPPs), Cogeneration plant എന്നിവയുടെ പേര്, ഇന്ധനം, കമ്മീഷനിംഗ് തീയതി എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം - ആയി ചേർക്കുന്നു.* ഇതിൽ Cogeneration plant ആയ MPS Steel castings pvt. Ltd. പ്രവർത്തനരഹിതമായിട്ട് ഏകദേശം 4 മുതൽ 5 വർഷമായി. ഇതൊരു പ്രൈവറ്റ് കമ്പനിയായതിനാൽ പ്രവർത്തനം നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമല്ല. സംസ്ഥാനത്തെ എല്ലാ സൗരോർജ്ജ നിലയങ്ങളും പ്രവർത്തനക്ഷമമാണ്. 2018-ലെ വെള്ളപ്പൊക്കംമൂലം മാങ്കുളം ഗ്രാമപഞ്ചായത്ത് സംരംഭകരായിട്ടുള്ള പാമ്പുകയം പദ്ധതിയിലെ മെഷീനുകൾ തകരാറിൽ ആവുകയും അതുകാരണം വൈദ്യുതോർജ്ജോൽപ്പാദനം നിർത്തിവയ്ക്കുകയും ചെയ്തു. നിലവിൽ ഈ പദ്ധതി പ്രവർത്തനക്ഷമമല്ല.

(ഡി) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിനായി നിലവിൽ പ്രവർത്തന ക്ഷമമായ നിലയങ്ങളിൽനിന്നും സംസ്ഥാനത്തെ മൊത്ത വൈദ്യുതി ഉപഭോഗത്തിന്റെ എത്ര ശതമാനം വീതം വൈദ്യുതിയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ മൊത്ത വൈദ്യുതി ഉപഭോഗത്തിന്റെ എത്ര ശതമാനം വീതം ലഭ്യമാക്കുന്നതിനുള്ള ശേഷിയാണ് പ്രവർത്തനം നിർത്തലാക്കിയ നിലയങ്ങൾ ക്കുള്ളത്; അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രവർത്തന ക്ഷമമായ നിലയങ്ങളിൽ നിന്നും (കെ.എസ്.ഇ.ബി.എൽ.-ന്റേതുൾപ്പെടെ) ഏകദേശം 1115.66 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 50-51% ആണ്. ഒക്ടോബർ മാസത്തെ കണക്കുകൾ എടുക്കുകയാണെങ്കിൽ പ്രവർത്തനം നിർത്തലാക്കിയ cogeneration പദ്ധതിയായ MPS Steel castings pvt. Ltd.- ൽ നിന്നും ലഭ്യമാകേണ്ടിയിരുന്ന വൈദ്യുതി സംസ്ഥാനത്തെ മൊത്തം ഉപഭോഗത്തിന്റെ 0.34% ആണ്.

(ഇ) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത വൈദ്യുത നിലയങ്ങൾ പ്രവർത്തന ക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

Bioactive Dietary Polyphenol Preparation (BDPP)-യിൽ ഇന്ധനം മാറ്റി പ്രവർത്തനക്ഷമമാക്കുന്നതിനായി താരിഫ് അടിസ്ഥാനത്തിലുള്ള ബിഡ്ഡിംഗ് നടപ്പിലാക്കാനുള്ള സാധ്യതാപഠനം നടത്താൻ ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കംമൂലം മാങ്കുളം ഗ്രാമപഞ്ചായത്ത് സംരംഭകരായിട്ടുള്ള പാമ്പുകയം പദ്ധതിയിലെ മെഷീനുകൾ തകരാറിൽ ആവുകയും അതുകാരണം വൈദ്യുതോർജ്ജോൽപ്പാദനം നിർത്തിവയ്ക്കുകയും ചെയ്തു. നിലവിൽ ഈ പദ്ധതി പ്രവർത്തനക്ഷമമല്ല. മാങ്കുളം ഗ്രാമപഞ്ചായത്തും ഇ.എം.സി.-യുമായി ചേർന്ന് പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സൗരോർജ്ജ ഉൽപ്പാദനത്തിൽ നിയമ നിർമ്മാണം**

202(5863) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കൽക്കരി പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സ്വീകരിച്ചിരിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 337.12 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. ബ്രഹ്മപുരം, അഗളി,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 100 MW-ന്റെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇടുക്കി ജില്ലയിലെ റിസർവ്വോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) മുഖേന ബാണാസുരസാഗർ റിസർവ്വോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. ഇടുക്കി റിസർവ്വോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ് ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവൽക്കരണത്തിനായി എം.എൻ.ആർ.ഇ.-യിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ്ബന്ധിത പമ്പുകളുടെ സൗരോർജ്ജവൽക്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി

ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ നടപടി പുരോഗമിക്കുന്നു. സൗരോർജ്ജത്തിന് മുൻതൂക്കം നൽകി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് 'സൗര'. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിവയിൽനിന്നും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാതരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഒന്നാംഘട്ടത്തിൽ 29.074 മെഗാവാട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇത് ഡിസംബർ 31-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി യുള്ളതാണ്. ഇതിൽ 2019-20 വർഷത്തിൽ 10.2 മെഗാവാട്ട് ശേഷിയുടേയും, 2020-21 വർഷത്തിൽ 36.435 മെഗാവാട്ട് ശേഷിയുടേയും പദ്ധതികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ, 3 KW-ൽ താഴെ ശേഷി ആവശ്യമുള്ള മുഴുവൻ ഉപഭോക്താക്കൾക്കും സാദ്ധ്യമായ ഡെവലപ്പർ കപ്പാസിറ്റി നൽകുകയും ശേഷിക്കുന്ന ഉപഭോക്താക്കൾക്ക് മുഴുവൻ സൗരനിലയം സ്ഥാപിക്കുന്നതിനായി 100 മെഗാവാട്ടിന്റെ ടെണ്ടർ സെപ്റ്റംബർ മാസത്തിൽ ക്ഷണിക്കുകയും ഒക്ടോബറിൽ ടെണ്ടർ തുറക്കുകയും ചെയ്തു. അതിന്റെ തുടർ നടപടി പുരോഗതിയിലാണ്. സംസ്ഥാനത്ത് സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് മുഖേന സ്വീകരിച്ചിരിക്കുന്ന നടപടി ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗി ക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതാണ്.

2. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാകും.

3. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) എങ്കിൽ നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദമാക്കാമോ?

(ബി &സി) പരിശോധിക്കുന്നതാണ്.

## ഗാർഹിക-വ്യാവസായിക വൈദ്യുതി നിരക്ക്

203(5864) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗാർഹിക-വ്യാവസായിക വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; അറിയിക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം- 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. എന്നാൽ ഇപ്രകാരം അംഗീകരിക്കപ്പെട്ട നിരക്കുകളിൽ ഇന്ധന സർചാർജ്ജിന്റെ രൂപത്തിലല്ലാതെ ഭേദഗതികൾ വരുത്താൻ കഴിയുകയില്ല. നിലവിൽ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളൊന്നുംതന്നെ കെ.എസ്.ഇ.ബി.എൽ. കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ചാർജ്ജിൽ വിവിധ ഇളവുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ ഗാർഹിക/വ്യവസായിക ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

**പിറവം നിയോജകമണ്ഡലത്തിൽ യു. ജി. ലൈനുകൾ സ്ഥാപിക്കാൻ നടപടി**

204(5865) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ യു.ജി. ലൈനുകൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിൽ 2016 മുതൽ 2018 വരെ KSEBL-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ KSEBL നടത്തുന്ന " ദ്യുതി" പദ്ധതി, Integrated Power Development Scheme (IPDS) എന്നിവയിലുൾപ്പെടുത്തി 2016-17 മുതൽ 2020-21 വരെ 6.091 കി.മീ. 11 കെ.വി. ഭൂഗർഭ കേബിൾ നിർമ്മിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22-ൽ 11.55 കി.മീ. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പിറവം നിയോജകമണ്ഡലത്തിൽ 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി, കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുള്ള 11 കെ.വി. ലൈൻ നിർമ്മാണം, എ.ബി.സി. കണ്ടക്ടർ ഉപയോഗിച്ചുള്ള 11 കെ.വി. ലൈൻ നിർമ്മാണം എന്നീ പ്രവൃത്തികളുൾപ്പെടുത്തി DPR തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട കൂത്താട്ടുകുളം സെക്ഷനിലേയ്ക്ക് കൂത്താട്ടുകുളം 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് ഒരു പുതിയ 11 കെ.വി. ഫീഡർ ഔട്ട്ലെറ്റ് നൽകുന്നതിനുള്ള പ്രവൃത്തി (22 ലക്ഷം രൂപ അടങ്കൽ തുക) റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) യു.ജി. ലൈൻ സ്ഥാപിക്കുന്നതിനായി വൈദ്യുതി വകുപ്പ് ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

യു.ജി. കേബിൾ സ്ഥാപിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 344.39 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 224.23 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ലഭ്യതയിലെ കുറവ്**

205(5866) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മാസങ്ങളിലാണ് വൈദ്യുതി ഉപഭോഗം കൂടാറുള്ളതെന്നും ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; വർദ്ധിച്ച വൈദ്യുതി ഉപഭോഗമുള്ള സമയം ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാധാരണഗതിയിൽ വേനൽക്കാലത്ത് (മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ) ആണ് വൈദ്യുതി ഉപഭോഗം കൂടാറുള്ളത്. അന്തരീക്ഷത്തിലെ താപ വ്യതിയാനമാണ് ഉപഭോഗം കൂടാനുള്ള പ്രധാന കാരണം. കൂടാതെ പൊതുഅവധികൾ, സമരങ്ങൾ, ഹർത്താലുകൾ, ഉത്സവങ്ങൾ മുതലായ സന്ദർഭങ്ങളിൽ ഉപഭോഗത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. വൈകിട്ട് 6.30 മുതൽ രാത്രി 10.30 വരെയാണ് വർദ്ധിച്ച വൈദ്യുതി ഉപഭോഗം ഉള്ള സമയം (peak time).

(ബി) കൽക്കരി നിലയങ്ങളിൽനിന്നും ഉപഭോഗത്തിന്റെ എത്ര ശതമാനം വൈദ്യുതിയാണ് സംസ്ഥാനം വാങ്ങാറുള്ളതെന്ന് വ്യക്തമാക്കാമോ?

2020-21-ലെ കണക്കനുസരിച്ച് വിവിധ കൽക്കരി നിലയങ്ങളിൽനിന്നും 14480 MU (generator periphery-യിൽ) വാങ്ങിയിട്ടുണ്ട്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 57.58% ആണ്.

(സി) കൽക്കരി ക്ഷാമം കാരണം സംസ്ഥാനത്തിന്റെ വൈദ്യുതി ലഭ്യതയിൽ എത്ര മെഗാവാട്ടിന്റെ കുറവുണ്ടായെന്നും ഇത് എത്ര ശതമാനമാണെന്നും വിശദമാക്കാമോ?

കൽക്കരിക്ഷാമംമൂലം കേന്ദ്രനിലയങ്ങളിൽനിന്നും ദീർഘകാല കരാറുകൾ വഴിയും ലഭ്യമാകേണ്ട വൈദ്യുതിയിൽ കുറവ് വന്നിട്ടുണ്ട്. ചില ദിവസങ്ങളിൽ ഏകദേശം 120 MW-ന്റെ കുറവ് വരെ വന്നിട്ടുണ്ട്. ശരാശരി എടുക്കുകയാണെങ്കിൽ ഏകദേശം 110 MW-ന്റെ, അതായത് 5 മുതൽ 6% വരെ കുറവ് വന്നതായി കണക്കാക്കാം.

**കാസർഗോഡ് മൈലാട്ടിയിൽ സൗരോർജ്ജ നിലയം**

206(5867) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിന് എലക്ട്രോണ എനർജി പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തിന് കരാർ നൽകിയിരുന്നു. എന്നാൽ കരാറുകാരൻ യാതൊരു നിർമ്മാണ പ്രവൃത്തിയും നടത്താതിരുന്നതിനാൽ കരാർ റദ്ദ് ചെയ്തു. നിലവിൽ എലക്ട്രോണ എനർജി പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു റിവ്യൂ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ഇത് തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത നിലയത്തിന്റെ ഉൽപ്പാദനലക്ഷ്യം എത്ര മെഗാവാട്ട് വൈദ്യുതിയാണ് എന്നതിന്റെ വിശദാംശം നൽകാമോ?

പ്രസ്തുത നിലയത്തിന്റെ സ്ഥാപിതശേഷി 1 മെഗാവാട്ടാണ്.

**അനെർട്ട് മുഖാന്തരമുള്ള പദ്ധതികൾ**

207(5868) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ട് മുഖാന്തരം ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഓരോന്നിന്റെയും വിശദവിവരങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് അനെർട്ട് മുഖാന്തരം താഴെപ്പറയുന്ന പദ്ധതികളാണ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

1. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 10 ശതമാനം തുക ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതി.
2. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേനയുള്ള റെസ്കോ മോഡലിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.
3. നിലവിൽ ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ അവ കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത പ്ലാന്റുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി.
4. ഗാർഹിക പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി.
5. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം.

6. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണ പൂർത്തീകരണം.

7. വൈദ്യുതി വാഹനങ്ങൾക്ക് വേണ്ടിയുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

8. ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി.

9. വിവിധ സർക്കാർ വകുപ്പുകൾക്ക് ഇലക്ട്രിക് കാറുകൾ വാടക കരാർ വ്യവസ്ഥയിൽ നൽകുന്ന പദ്ധതി.

10. സോളാർ റാന്തൽ, റേഡിയോ, മൊബൈൽ ചാർജ്ജർ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ' സൗര സുവിധ' കിറ്റുകളുടെ വിതരണം.

11. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സോളാർ തെർമ്മൽ സാങ്കേതികവിദ്യയിൽ സ്റ്റീം ഉപയോഗിച്ചുള്ള പാചകം സാധ്യമാക്കുന്ന സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്ന പദ്ധതി.

12. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഹിൽ സ്റ്റേഷനിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തിയുള്ള മൈക്രോ ഗ്രിഡ് പദ്ധതി.

13. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജൈവ മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

14. സൗരോർജ്ജ ഉപകരണങ്ങൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ലബോറട്ടറി സ്ഥാപിക്കുന്ന പദ്ധതി.

15. വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ.

16. പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

17. ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' എന്ന ഇ-കൊമേഴ്സ് വെബ് പോർട്ടലിന്റെ വിപുലീകരണം.

18. വിവിധ പരിശീലന പരിപാടികൾ.

19. ഊർജ്ജമിത്ര കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണം.

20. കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡുകൾ നൽകുന്ന പദ്ധതി.

സംസ്ഥാനത്ത് അനെർട്ട് മുഖാന്തരം തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2020-21-ൽ കേന്ദ്ര സബ്സിഡി കേരളത്തിന് അനുവദിച്ച 200 മെഗാവാട്ടിൽ 25% പദ്ധതികൾ അനെർട്ട് മുഖേനെ നടത്താനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ ഓരോ പദ്ധതിയുടെയും വിശദാംശം നൽകാമോ?

1. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്ക്, ടെക്നിക്കൽ കൺസൾട്ടൻസി എന്നീ രീതികളിൽ അനെർട്ട് മുഖേന ചെയ്യുമ്പോൾ ചെലവിന്റെ 10 ശതമാനം തുക ഇൻസെന്റീവ് ആയി നൽകുന്നതാണ്.

2. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. തലശ്ശേരിയിലുള്ള റബ്കോയുടെ (കേരള സംസ്ഥാന റബ്ബർ കോപ്പറേറ്റീവ് ലിമിറ്റഡ്) ഫാക്ടറിയിൽ 350 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് ആണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുന്നത്. ഇങ്ങനെ നിർമ്മിക്കുന്ന പ്ലാന്റിൽ നിന്നും പ്രതിവർഷം 5 ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഈ ഫാക്ടറിയുടെ പ്രവർത്തനത്തിനാവശ്യമായ മുഴുവൻ വൈദ്യുതിയും ഈ സൗരോർജ്ജ പ്ലാന്റിൽ നിന്നുതന്നെ ഉപയോഗിക്കാവുന്നതാണ്. എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിലും റെസ്കോ മോഡലിൽ 350 കിലോവാട്ട് ശേഷിയുള്ള സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതാണ്.

3. നിലവിൽ ഓഫ്ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ (ബാറ്ററി സംഭരണ സംവിധാനം ഉള്ളത്) സ്ഥാപിച്ചിട്ടുള്ള 14 സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ആകെ 164 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിത പ്ലാന്റുകളാക്കി മാറ്റുന്നതാണ്.

4. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2 മുതൽ 10 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതോൽപ്പാദനം നടത്തുന്നതിന് സബ്സിഡി നൽകുന്നതാണ്. 20 മുതൽ 40 ശതമാനം വരെയാണ് സബ്സിഡി.

5. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി-കുസും പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടി ഈ വർഷം അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും.

6. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽനിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽ 500 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അനെർട്ട് സി-ഡാക്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി ഗ്രിഡ്-റ്റൈ ഇൻവെർട്ടർ സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. 500 കിലോവാട്ട് സൗരോർജ്ജ പാനലുകൾ കൂടി കൂട്ടിച്ചേർത്ത് ഒരു മെഗാവാട്ട് പ്ലാന്റിന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കുന്നതാണ്.

7. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

8. ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്

സബ്സിഡി നൽകുന്നതാണ്. സംസ്ഥാനത്തെ 14 ജില്ലകളിലായി ഈ വർഷം 24 സോളാർ പവർ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് അനെർട്ട് തീരുമാനിച്ചിരിക്കുന്നത്. 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സോളാർ പാനലുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

9. വിവിധ സർക്കാർ വകുപ്പുകൾക്ക് നിലവിൽ കരാർ വ്യവസ്ഥയിലുപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ വാടക കരാർ വ്യവസ്ഥയിൽ നൽകുന്ന പദ്ധതി ഈ വർഷവും തുടരുന്നതാണ്.

10. സോളാർ റാന്തൽ, റേഡിയോ, മൊബൈൽ ചാർജ്ജർ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ' സൗര സുവിധ' കിറ്റുകൾ വിതരണം ചെയ്യുന്നതാണ്.

11. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സോളാർ തെർമ്മൽ സാങ്കേതികവിദ്യയിൽ സ്റ്റീം ഉപയോഗിച്ചുള്ള പാചകം സാധ്യമാക്കുന്ന സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

12. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഹിൽ സ്റ്റേഷനിൽ സൗരോർജ്ജവും കാറ്റിൽനിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തിയുള്ള മൈക്രോ ഗ്രിഡ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

13. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജൈവ മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

14. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ STIC (Sophisticated Testing Instrumentation Centre)-ഉം ആയി ചേർന്ന് സൗരോർജ്ജ ഉപകരണങ്ങൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ലബോറട്ടറി സ്ഥാപിക്കുന്നതാണ്.

15. വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ പാലക്കാട്, ഇടുക്കി ജില്ലകളിൽ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

16. വിവിധ സാങ്കേതിക സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണ പ്രോജക്ടുകൾ പരിശോധിച്ച് അർഹതയുള്ള പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതാണ്.

17. ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' എന്ന ഇ-കൊമേഴ്സ് വെബ് പോർട്ടലിന്റെ സേവനം വിപുലീകരിക്കുന്നതാണ്.

18. അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും പരിശോധനകൾക്കും വേണ്ടി ടെക്നീഷ്യന്മാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി അനെർട്ടും, KASE- ഉം (Kerala Academy for Skill Excellence) സംയുക്തമായി വിവിധ കോഴ്സുകൾ സംഘടിപ്പിക്കുന്നതാണ്.

19. പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി അസംബ്ലി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ആരംഭിച്ച അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്രകളിൽ മൂന്ന് വർഷം വിജയകരമായി പൂർത്തിയാക്കിയ സംരംഭകർക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്.

20. അക്ഷയ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, സംരംഭകർ, നിർമ്മാതാക്കൾ എന്നിവർക്ക് കേരള സംസ്ഥാന അക്ഷയ ഊർജ്ജ അവാർഡുകൾ നൽകുന്നതാണ്.

(സി) അനെർട്ട് ഗാർഹിക സോളാർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

അനെർട്ട് ഗാർഹിക സോളാർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നവീന നവീകരണ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള പദ്ധതി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് 2021 ഒക്ടോബർ 11- ന് കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2 മുതൽ 10 കിലോവാട്ട് ശേഷിയുള്ള ഗാർഹിക സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതാണ്. 20 മുതൽ 40 ശതമാനം വരെയാണ് സബ്സിഡി. കെ.എസ്.ഇ.ബി.എൽ. നിശ്ചയിച്ചിട്ടുള്ള കമ്പനികൾ മുഖേന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി അനെർട്ട് സ്വീകരിച്ചുവരുന്നു.

## വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിക്കൽ

208(5869) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം നടത്തി വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## മഴക്കാല വൈദ്യുതി അപകടങ്ങൾ

209(5870) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപകടങ്ങൾ നേരിടുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടി വിശദീകരിക്കാമോ?

മഴക്കാലത്ത് വൈദ്യുതി അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. കാലവർഷത്തിന് മുന്നോടിയായി ഇലക്ട്രിക്ക് ലൈനുകളുടെയും ഉപകരണങ്ങളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും തകരാറുണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷത്തിന് മുന്നോടിയായി ലൈനിലേയ്ക്ക് ചാഞ്ഞുനിൽക്കുന്നതും വീഴാറായതുമായ മരങ്ങളും മരച്ചില്ലകളും വെട്ടി മാറ്റിയിട്ടുണ്ട്. പോസ്റ്റുകൾ, ക്രോസ്സാം, ഇൻസുലേറ്റർ, സ്റ്റേ, എർത്തിംഗ്, എ.ബി.സ്വിച്ച്, ട്രാൻസ്ഫോർമർ സ്റ്റേഷൻ എന്നിവയുടെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ താഴ്ന്ന കിടക്കുന്ന ലൈനുകൾ റീഷാക്കിളിംഗ് ചെയ്തിട്ടുണ്ട്.

(ബി) ശക്തമായ കാറ്റ്, മഴ, മിന്നലോടുകൂടിയ ഇടി എന്നിവയുള്ളപ്പോൾ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ശക്തമായ കാറ്റ്, മഴ, ഇടിമിന്നൽ എന്നിവയുള്ളപ്പോൾ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ താഴെപ്പറയുന്ന അറിയിപ്പുകൾ വിവിധ മാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്.

പൊതുജനങ്ങളുടെ ശ്രദ്ധക്കായി നൽകുന്ന അറിയിപ്പ്

വൈദ്യുതി ലൈൻ/സർവ്വീസ് വയർ പൊട്ടി വീണുകിടക്കുന്നത് കണ്ടാൽ യാതൊരു കാരണവശാലും സ്പർശിക്കരുത്. ബന്ധപ്പെട്ട കെ.എസ്.ഇ.ബി. എൽ.ഓഫീസിൽ അറിയിച്ച് പ്രസ്തുത ലൈൻ/സർവ്വീസ് വയർ ഓഫ് ചെയ്തു എന്ന് ഉറപ്പുവരുത്താതെ അതിനടുത്തേയ്ക്ക് പോവുകയോ സ്പർശിക്കുകയോ ചെയ്യരുത്. വെള്ളത്തിൽ വൈദ്യുതി ലൈൻ പൊട്ടി വീണുകിടക്കുന്നത് കണ്ടാൽ യാതൊരു കാരണവശാലും ആ വെള്ളത്തിൽ ചവിട്ടുകയോ സ്പർശിക്കുകയോ ചെയ്യരുത്. ശക്തമായ കാറ്റും മഴയും ഇടിമിന്നലും ഉള്ളപ്പോൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കരുത്. പ്ലഗ്ഗിൽ ഘടിപ്പിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും അതിൽ നിന്നും ഊരിയിടുക. കാലവർഷക്കെടുതിമൂലം വൃക്ഷങ്ങളോ ശിഖരങ്ങളോ വീണ് കമ്പികൾ താഴെ കിടക്കുവാനും പോസ്റ്റുകൾ ഒടിയുവാനും സാധ്യതയുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ, മറ്റ് വൈദ്യുത അപകടങ്ങൾ എന്നിവ ശ്രദ്ധയിൽ പ്പെട്ടാലുടൻ തന്നെ അടുത്തുള്ള കെ.എസ്.ഇ.ബി. ഓഫീസിൽ അല്ലെങ്കിൽ 1912/ സുരക്ഷാ എമർജൻസി നമ്പരായ 9496010101 എന്നീ നമ്പരിലോ വിളിച്ചറിയിച്ച് വിലപ്പെട്ട ജീവൻ രക്ഷിക്കുക. വെള്ളം കയറിയതുമൂലം വൈദ്യുതി ബന്ധം വിച്ഛേദിച്ച കെട്ടിടങ്ങളിൽ വൈദ്യുത ബന്ധം പുനഃസ്ഥാപിക്കുന്നതിനുമുമ്പ് വയറിംഗും അനുബന്ധ ഉപകരണങ്ങളും അംഗീകൃത വയർമാനെക്കൊണ്ട് അപകടരഹിതമാണെന്ന് ഉറപ്പാ ക്കേണ്ടതാണ്.

(സി) കാലവർഷത്തിന് മുന്നോടിയായി വൈദ്യുതി അപകട സാധ്യതയുള്ള പ്രദേശങ്ങളിലെ മരങ്ങളും ചില്ലകളും മുറിക്കുന്ന ജോലികൾ സമയബന്ധിതമായി നടപ്പാക്കുമോ; വ്യക്തമാക്കുമോ?

മഴക്കാലം വരുന്നതിന്റെ മുന്നോടിയായി ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ജീവനക്കാർ ഇലക്ട്രിക് ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും തകരാറുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുകയും അറ്റകുറ്റ പണികൾ ചെയ്യുന്നതിനും ലൈൻ പരിശോധന നടത്തി ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷങ്ങളും വൃക്ഷ ശിഖരങ്ങളും നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തു ന്നതിനും പ്രീ-മൺസൂൺ മെയിന്റനൻസ് നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ഇത് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

## കാഞ്ഞങ്ങാട് വൈദ്യുതി ഭവൻ നിർമ്മാണം

210(5871) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വൈദ്യുതി ഭവൻ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ &ബി) കാഞ്ഞങ്ങാട് 33 കെ.വി. സബ്സ്റ്റേഷന് സമീപമുള്ള ഭൂമിയിൽ ഒരു മിനി വൈദ്യുതി ഭവനം നിർമ്മിക്കുന്നതിന് 330 ലക്ഷം രൂപയുടെ ഭരണാനുമതി 18-1-2021-ൽ കെ.എസ്.ഇ.ബി.എൽ. നൽകിയിരുന്നു. എന്നാൽ PRICE Software-ൽ വന്ന മാറ്റങ്ങൾ ചേർത്ത് എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നു. പുതുക്കിയ എസ്റ്റിമേറ്റ് (385 ലക്ഷം രൂപ) തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ

211(5872) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നഗരസഭ പരിധിയിലെ കോട്ടയ്ക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ അടിയന്തരമായി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) തിരൂരങ്ങാടി ഇലക്ട്രിക്കൽ ഡിവിഷനുകീഴിലുള്ള കോട്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ സെക്ഷൻ രൂപീകരിക്കുന്നതിന് 24-2-2016-ൽ കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിരുന്നു. വാടകരഹിത കെട്ടിടമോ അല്ലെങ്കിൽ കുറഞ്ഞത് 10 സെന്റ് സ്ഥലം സൗജന്യമായോ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. ഇവയിലേതെങ്കിലുമൊന്ന് ലഭ്യമാകുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വാടകരഹിത കെട്ടിടത്തിൽ സെക്ഷൻ പ്രവർത്തനം ആരംഭിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇന്ത്യാന്നൂർ ഉൾപ്പെടുന്ന കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയുടെ കീഴിൽ സെക്ഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സൗകര്യപ്രദമായ കെട്ടിടം നാളിതുവരെ ലഭ്യമായിരുന്നില്ല. ഈസ്റ്റ് വില്ലൂരിലുള്ള തഹസീനുൾ മുളിമീൻ സംഘം ആദ്യത്തെ 3 വർഷം സൗജന്യമായും തുടർന്നുവരുന്ന 3 വർഷം 15,000 രൂപ നിരക്കിൽ

കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി വാടക നൽകിയും ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് 16-6-2021-ൽ കെ.എസ്.ഇ.ബി.എൽ. ഉത്തരവ് നൽകിയിരുന്നു. കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയുടെ അന്തിമ തീരുമാനം ലഭിക്കാത്തതിനാൽ സെക്ഷൻ ഓഫീസ് പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല.

**ഉപ്പള കെ.എസ്.ഇ.ബി. എൽ. സെക്ഷൻ വിഭജനം**

212(5873) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പള കെ.എസ്.ഇ.ബി.എൽ. സെക്ഷനിൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെ.എസ്.ഇ.ബി. എൽ. സെക്ഷൻ ഓഫീസിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര ഉപഭോക്താക്കളാണ് വർദ്ധിച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; ഇത് സംസ്ഥാന ശരാശരിയേക്കാളും കൂടുതലാണോ; വ്യക്തമാക്കുമോ?

ഉപ്പള സെക്ഷൻ ഓഫീസിനുകീഴിൽ 2015-16 സാമ്പത്തികവർഷം മുതൽ 2021-22 സാമ്പത്തികവർഷം വരെയുള്ള ഉപഭോക്താക്കളുടെ എണ്ണവും ഓരോ വർഷവും ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും അനുബന്ധമായി ചേർത്തിരിക്കുന്നു.* ചില സാമ്പത്തിക വർഷങ്ങളിൽ ഉപഭോക്താക്കളുടെ വർദ്ധനവ് ആ വർഷത്തെ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.

(സി) ഉപ്പള കെ.എസ്.ഇ.ബി.എൽ. സെക്ഷൻ വിഭജിച്ച് പുതിയ കെ.എസ്.ഇ.ബി. എൽ.സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിലുൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതിനിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് നിരവധി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും വൈദ്യുതി സംബന്ധമായ സേവനങ്ങൾക്ക് ഓഫീസിൽ പോകാതെതന്നെ ലഭ്യമാക്കുന്നതിന് "സേവനം വാതിൽ പടിയിൽ" എന്ന പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കിയതുംമൂലം പുതിയ സെക്ഷൻ ഓഫീസിന്റെ ആവശ്യം തൽക്കാലമില്ല എന്നതാണ് ബോർഡിന്റെ നിലപാട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ സെക്ഷൻ ഓഫീസുകൾ

213(5874) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ എണ്ണവും ഓരോ ഓഫീസിലും വിവിധ വിഭാഗങ്ങളിലുള്ള എത്ര ഉദ്യോഗസ്ഥരുടെ തസ്തികകൾ വീതം നിലവിലുണ്ടെന്നും വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് കാസർഗോഡ് ജില്ലയിൽ 30 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ വിവിധ തസ്തികകളിലെ അനുവദനീയമായ അംഗസംഖ്യ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഒഴിവുകളും അവ എത്രകാലമായി ഒഴിഞ്ഞുകിടക്കുകയാണെന്നും അറിയിക്കാമോ;

(സി) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് സേവനം ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) കാസർഗോഡ് ജില്ലയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം സെക്ഷൻ ഓഫീസ് തിരിച്ച് പട്ടികയാക്കി അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2021-ലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ പ്രക്രിയ നടന്നുകൊണ്ടിരുന്നതിനാൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ചില തസ്തികകളിലെ ഒഴിവുകളിൽ ജീവനക്കാർ വന്നുചേരുന്നമുറയ്ക്കും പിരിഞ്ഞുപോകുന്നമുറയ്ക്കും വ്യത്യാസം വരാൻ സാധ്യതയുണ്ട്. 2021-ലെ ജീവനക്കാരുടെ ജനറൽ ട്രാൻസ്ഫർ പ്രക്രിയ പൂർത്തിയാകുമ്പോൾ ഒഴിഞ്ഞു കിടക്കുന്ന ഭൂരിപക്ഷം ഒഴിവുകളും നികത്തപ്പെടും. ബാക്കിവരുന്ന ഒഴിവുകൾ ജീവനക്കാരുടെ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ വാഹനങ്ങളുടെ കുറവുണ്ടോ; എങ്കിൽ സെക്ഷൻ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ സെക്ഷൻ ഓഫീസുകളിലും വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കരിന്തളം സബ്സ്റ്റേഷൻ നിർമ്മാണം

214(5875) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലത്താണെന്നും അപകടസാധ്യതയുള്ളതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സബ്സ്റ്റേഷൻ പ്രസ്തുത സ്ഥലത്തുനിന്ന് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ-സി) സബ്സ്റ്റേഷൻ നിർമ്മാണത്തിനായി തുടക്കത്തിൽ ഉദ്ദേശിച്ച സ്ഥലത്തെ സംബന്ധിച്ച് പ്രാദേശികമായി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായതിനെത്തുടർന്ന് സ്ഥലം മാറ്റുന്നതിനായി നിർമ്മാണം ഏറ്റെടുത്ത കമ്പനിയായ യു.കെ.ടി.എൽ. (Udupi Kasargode Transmission Limited) തയ്യാറായിട്ടുണ്ട്. കരിന്തളം വില്ലേജിലെ സർവ്വേ നമ്പർ 83-ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമി സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പാട്ടക്കരാർ വ്യവസ്ഥയിലും സ്ഥലം മുൻകൂറായി ലഭ്യമാക്കാനും നിർമ്മാണം ഏറ്റെടുത്ത യു.കെ.ടി.എൽ. ജില്ലാ കളക്ടർ മുഖാന്തരം റവന്യൂ വകുപ്പിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സബ്സ്റ്റേഷനിലേയ്ക്കുള്ള 400 കെ.വി. ലൈൻ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

## കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പുളിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം

215(5876) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പുളിക്കൽ 110 കെ.വി. സബ്സ്റ്റേഷന് സ്ഥലം കണ്ടെത്തുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലപരിശോധന പൂർത്തിയാക്കി പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ പുളിക്കൽ എന്ന സ്ഥലത്ത് ആറ് കോടി മുപ്പത് ലക്ഷം രൂപ ചെലവിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2013-ൽ ഭരണാനുമതി നൽകിയിരുന്നു. ടി ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ പുതിയ ഭരണാനുമതി നൽകേണ്ടതുണ്ട്. എന്നാൽ പന്തീരാൻകാവിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുള്ളതിനാൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാധ്യത ഒന്നുകൂടി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാങ്കേതികപഠനത്തിൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തുകയാണെങ്കിൽ ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പുതിയ ഭരണാനുമതി നൽകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുകയും ചെയ്യാൻ സാധിക്കും. പുളിക്കലിൽ സബ്സ്റ്റേഷനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ ട്രാൻസ്ഫോർമറുകൾക്ക് പ്രവർത്തനാനുമതി**

216(5877) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലെ ട്രാൻസ്ഫോർമറുകൾക്കാണ് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്ന് പ്രവർത്തനാനുമതി നൽകാനുള്ളതെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ചുവടെ ചേർക്കുന്ന 22 കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഫോർമറുകൾക്ക് പരിശോധന നടത്തിയശേഷം പ്രവർത്തനാനുമതി നൽകാൻ ബാക്കിയുണ്ട്.

| Sl.No. | Place of installation | Electrical Section |
|---|---|---|
| (1) | (2) | (3) |
| 1 | Marad Beach, High School North, Pannikkamadam, Forest West | Beypore |
| 2 | Cheruvallimukku | Chakkittappara |
| 3 | Peruvannamuzhi | Chakkittappara |

| (1) | (2) | (3) |
|---|---|---|
| 4 | Pandyenpurath | Kakkattil |
| 5 | Peruvattoor | Koyilandy North |
| 6 | Riza Complex, Koyilandy Kozhikode | Koyilandy North |
| 7 | Shakthi Plaza, Koyilandy | Koyilandy North |
| 8 | Doha Tower, Koyilandy | Koyilandy North |
| 9 | Chembil Thazhe | Koyilandy North |
| 10 | Kuttathkunnu Koyilandy | Koyilandy North |
| 11 | N K Arcade, Ayanikkad | Melady |
| 12 | Chennamangaloor HS Road | Mukkom |
| 13 | Kuttippala Pump House | Mukkom |
| 14 | Mizba UI islamTrust, Mini Bypass, Bevco Outlet | Nadakkavu |
| 15 | GAlL Mundupara | Omassery |
| 16 | Venappara | Omassery |
| 17 | Ambalappatta | Pannikkode |
| 18 | Elavanameethal | Pottammal |
| 19 | Vellur | Thooneri |
| 20 | Aayoth | Thooneri |
| 21 | M/s Amana Toyota, Perod | Thooneri |
| 22 | Orchid Piaza, Near Moozhikkal | Vellimadukunnu |

(ബി) ഇൻസ്പെക്ഷൻ പൂർത്തിയാക്കിയ ട്രാൻസ്ഫോർമറുകൾക്ക് പ്രവർത്ത നാനുമതി നൽകുന്നതിന് എന്തെങ്കിലും കാലതാമസമുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലഭിക്കുന്ന അപേക്ഷയോടൊപ്പം മതിയായ ഫീസ് ഒടുക്കിയിട്ടുള്ളതും പരിശോധനകൾക്കുശേഷം ന്യൂനതകൾ ഇല്ലാത്തതുമാണെങ്കിൽ അനുമതി ഉടൻതന്നെ നൽകുന്നതായിരിക്കും. ട്രാൻസ്ഫോർമർ പരിശോധനയ്ക്കുശേഷം ന്യൂനതകൾ ഇല്ലെങ്കിൽ/ ബാക്കി ഫീസും ഇല്ലെങ്കിൽ പ്രവർത്തനാനുമതി നൽകാൻ കാലതാമസം ഉണ്ടാവാറില്ല. അത്യാവശ്യസന്ദർഭങ്ങളിൽ ട്രാൻസ്ഫോർമർ എനർജൈസ് ചെയ്യാൻ കെ.എസ്.ഇ.ബി. എൽ. സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാക്കാലുള്ള നിർദ്ദേശവും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നൽകാറുണ്ട്.

(സി) പ്രസ്തുത ഇൻസ്പെക്ഷൻ നടപടികൾക്കുശേഷം ട്രാൻസ്ഫോർമറുകളുടെ ചെറിയ ന്യൂനതകൾ പരിഹരിക്കാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ.-ന് നൽകി പ്രവർത്തനാനുമതിക്കുള്ള നടപടി ഇൻസ്പെക്ടറേറ്റ് സ്വീകരിക്കാറുണ്ടോ; വിശദമാക്കാമോ?

ചെറിയ ന്യൂനതകളുണ്ടെങ്കിൽ നിബന്ധനയോടുകൂടി പ്രവർത്തനാനുമതി നൽകാറുണ്ട്.

**സർക്കാർ വകുപ്പുകളുടെ ഇലക്ട്രിക് വാഹനങ്ങൾ**

217(5878) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനെർട്ട് മുഖേന വിവിധ സർക്കാർ വകുപ്പുകൾക്ക് ലഭ്യമാക്കിയ ഇലക്ട്രിക് വാഹനങ്ങൾ എത്രയെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനെർട്ട് മുഖേന വിവിധ സർക്കാർ വകുപ്പുകൾക്ക് കരാർ വ്യവസ്ഥയിലുപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റുകയും അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ വാടക/കരാർ വ്യവസ്ഥയിൽ നൽകുന്ന പദ്ധതിയാരംഭിക്കുകയും ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഈ പദ്ധതി പ്രകാരം 100 ഇലക്ട്രിക് കാറുകൾ താഴെപ്പറയുന്ന സർക്കാർ വകുപ്പുകൾക്ക് ലീസ് കോൺട്രാക്ട് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | മോട്ടോർ വാഹന വകുപ്പ് | - | 66 എണ്ണം |
| 2. | തദ്ദേശസ്വയംഭരണ വകുപ്പ് | - | 4 എണ്ണം |
| 3. | ഊർജ്ജ വകുപ്പ് | – | 8 എണ്ണം |

| | | | |
|---|---|---|---|
| 4. | പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് | - | 1 എണ്ണം |
| 5. | സഹകരണ വകുപ്പ് | – | 1 എണ്ണം |
| 6. | സാംസ്കാരിക വകുപ്പ് | - | 1 എണ്ണം |
| 7. | ആരോഗ്യവകുപ്പ് | – | 1 എണ്ണം |
| 8. | വിദ്യാഭ്യാസ വകുപ്പ് | – | 3 എണ്ണം |
| 9. | ഐ. & പി.ആർ.ഡി. | – | 1 എണ്ണം |
| 10. | വ്യവസായ വകുപ്പ് | – | 7 എണ്ണം |
| 11. | വാട്ടർ അതോറിറ്റി | – | 4 എണ്ണം |
| 12. | ഫിഷറീസ് വകുപ്പ് | – | 1 എണ്ണം |
| 13. | ലാൻഡ് റവന്യൂ വകുപ്പ് | – | 1 എണ്ണം |
| 14. | യുവജന കമ്മീഷൻ | - | 1 എണ്ണം |

(ബി) അനെർട്ട് മുഖേന മാത്രമാണ് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങേണ്ടതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനെർട്ട് മുഖേന മാത്രമാണ് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങേണ്ടതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വാടക/കരാർ വ്യവസ്ഥയിൽ, വിവിധ സർക്കാർ വകുപ്പുകൾ ഉപയോഗിക്കുന്ന ഡീസൽ/പെട്രോൾ വാഹനങ്ങൾ മാറ്റി EESL (Energy Efficiency Services Limited)-ൽ നിന്നും അനെർട്ട് മുഖേന ഇലക്ട്രിക് വാഹനങ്ങൾ വാടക/കരാർ വ്യവസ്ഥയിലുപയോഗിക്കുന്നതിന് സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് 7-3-2020-ലെ G.O(P)No. 24/2020/ Fin. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അനെർട്ട് മുഖേനയല്ലാതെ വകുപ്പുകൾ ഇലക്ട്രിക് വാഹനങ്ങൾ സ്വന്തമായി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാർ നിഷ്കർഷിച്ചിരിക്കുന്നതിലും കൂടുതൽ തുകയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ സ്പെഷ്യൽ സാങ്ഷൻ നൽകുന്നുണ്ടോ; വിശദമാക്കാമോ?

(സി &ഡി) വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൺകറന്റ് ആഡിറ്റർമാർ

218(5879) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺകറന്റ് ആഡിറ്റർമാരെ വിട്ടുനൽകുന്നതിനുവേണ്ടി എത്ര സഹകരണ സ്ഥാപനങ്ങളാണ് കെ.എസ്.ആർ. ചട്ടം 156 പ്രകാരം ആഡിറ്റ് കോസ്റ്റ് അടച്ച് 2019-20, 2020-21, സാമ്പത്തിക വർഷങ്ങളിലും 2021 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയും അപേക്ഷ നൽകിയിട്ടുള്ളതെന്ന് വർഷം തിരിച്ച് അറിയിക്കാമോ; ആഡിറ്റർമാരെ വിട്ടുനൽകി എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

| | | |
|---|---|---|
| 2019 | – | 1176 |
| 2020 | - | 1260 |
| 2021 സെപ്റ്റംബർ വരെ | - | 813 |

എല്ലാ സംഘങ്ങളിലേയ്ക്കും ആഡിറ്റർമാരെ വിട്ടുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവുകളിൽ മേൽചട്ടപ്രകാരം വിട്ടുനൽകിയ ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് കൺകറന്റ് ആഡിറ്റർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർ - കൺകറന്റ്, ഡെപ്യൂട്ടി ഡയറക്ടർ -കൺകറന്റ്, ജോയിന്റ് ഡയറക്ടർ - കൺകറന്റ് എന്നിവരുടെയും എണ്ണം വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ?

അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാന സഹകരണ വകുപ്പിൽ ആഡിറ്റ് ഫീസ് ഈടാക്കിക്കൊണ്ട് യൂണിറ്റ് ആഡിറ്റർമാരായി സേവനം അനുഷ്ഠിക്കുന്ന എത്ര ജീവനക്കാരുണ്ട്; ഇവരിൽ ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് യൂണിറ്റ് ആഡിറ്റർമാർ എത്ര വീതമാണെന്നും സീനിയർ, സ്പെഷ്യൽ ഗ്രേഡ് കൺകറന്റ് ആഡിറ്റർമാർ എത്ര വീതമാണെന്നും അസിസ്റ്റന്റ്, ഡെപ്യൂട്ടി, ജോയിന്റ് ഡയറക്ടർമാർ - കൺകറന്റ് എത്ര വീതമാണെന്നും അറിയിക്കാമോ?

അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) സഹകരണ വകുപ്പിൽ ഇൻസ്പെക്ഷൻ ചുമതല നിർവ്വഹിച്ചുവരുന്ന യൂണിറ്റ് ഇൻസ്പെക്ടർമാർ, എ.ആർ.സി., ഇ.പി. കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് എ & ഇ യൂണിറ്റ് ഇൻസ്പെക്ടർമാർ എത്ര വീതമാണെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ വകുപ്പിൽ 272 യൂണിറ്റ് ഇൻസ്പെക്ടർ ഇൻസ്പെക്ഷൻ ചുമതല നിർവ്വഹിച്ചുവരുന്നുണ്ട്. എ.ആർ.സി., ഇ.പി. കേസ്സുകളിൽ നടപടി സ്വീകരിക്കുന്ന തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂനിയർ ഇൻസ്പെക്ടർ | - | 42 |
| സീനിയർ ഇൻസ്പെക്ടർ | - | 24 |
| സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ | - | 24 |

(ഇ) സഹകരണ വകുപ്പിലെ പൊതുഭരണ വിഭാഗത്തിൽ സ്പെഷ്യൽ സെയിൽസ് ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജൂനിയർ, സീനിയർ, സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർമാർ എത്ര വീതമാണെന്ന് അറിയിക്കാമോ?

| | | |
|---|---|---|
| ജൂനിയർ ഇൻസ്പെക്ടർ | - | 154 |
| സീനിയർ ഇൻസ്പെക്ടർ | - | 72 |
| സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ | - | 15 |

(എഫ്) സഹകരണ വകുപ്പിൽ കെ.എസ്.ആർ. റൂൾ 144 (ഫോറിൻ സർവ്വീസ്) പ്രകാരം എത്ര ജീവനക്കാരാണ് വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ?

40 ജീവനക്കാർ.

**മുറ്റത്തെ മുല്ല പദ്ധതി**

219(5880) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതി വഴി ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുറ്റത്തെ മുല്ല വായ്പ പദ്ധതി വഴി ആലത്തൂർ സർക്കിളിലെ ആലത്തൂർ സേവന സഹകരണ ബാങ്ക്, എരിമയൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം, മഞ്ഞളൂർ സേവന സഹകരണ ബാങ്ക്, കിഴക്കഞ്ചേരി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം, കുഴൽമന്ദം സേവന സഹകരണ ബാങ്ക് എന്നീ ബാങ്കുകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മുറ്റത്തെ മുല്ല വായ്പ പദ്ധതിയുടെ പ്രയോജനം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി ക്യാമ്പയിൻ ഉൾപ്പെടെയുള്ള പ്രചാരണ പദ്ധതികൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതിനും കൂടുതൽ സംഘങ്ങളെ ടി വായ്പാ പദ്ധതിയിലുൾപ്പെടുത്തുന്നതിനും എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

### സഹകരണ മെമ്പർ റിലീഫ് പദ്ധതി

220(5881) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മെമ്പർ റിലീഫ് പദ്ധതിപ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ എത്ര അംഗങ്ങൾക്ക് എത്രതുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സഹകരണ മെമ്പർ റിലീഫ് പദ്ധതിപ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ 25 അംഗങ്ങൾക്കായി 5,80,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കോവിഡ് ബാധിച്ച് ഏകവരുമാനദായകൻ മരിച്ച കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ്മൂലം മരണപ്പെടുന്ന വായ്പക്കാർക്കായി പ്രത്യേകം വ്യവസ്ഥകൾ ഒന്നുംതന്നെ നിയമാവലിയിലുൾക്കൊള്ളിച്ചിട്ടില്ല. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുന്ന വായ്പക്കാർക്ക് ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി മരണാനന്തര സഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണ്.

### അംഗ സമാശ്വാസ നിധി പദ്ധതി

221(5882) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗ സമാശ്വാസനിധി വഴി എത്ര അംഗങ്ങൾക്ക് എത്രതുക നിലവിൽ വിതരണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

നാളിതുവരെ അംഗ സമാശ്വാസനിധി വഴി 11,194 പേർക്ക് 23,94,10,000 രൂപ വിതരണം നടത്തിയിട്ടുണ്ട്.

(ബി) അംഗ സമാശ്വാസനിധി വഴി തുടർന്നും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

അംഗ സമാശ്വാസനിധിവഴി തുടർന്നും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ കെയർ ഹോം പദ്ധതി

222(5883) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം മണ്ഡലം തിരിച്ച് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം 206 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള വീടുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഇതിനായി ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ സ്ഥാപനവും എത്ര രൂപ വീതം നൽകിയെന്നും എത്ര വീടുകൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ?

(ബി &സി) കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിനായി പാലക്കാട് ജില്ലയിലെ 182 സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി തുക അനുവദിച്ചിട്ടുണ്ട്. ടി സഹകരണ സ്ഥാപനങ്ങളുടെ പേര് വിവരവും സംഭാവനയായി അനുവദിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.* പാലക്കാട് ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം 206 വീടുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. 206 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## വിദ്യാതരംഗിണി വായ്പാപദ്ധതി

223(5884) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാതരംഗിണി വായ്പാപദ്ധതി പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിൽ ലഭ്യമായ അപേക്ഷകളും അനുവദിച്ച വായ്പയും സംബന്ധിച്ച വിശദാംശങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിദ്യാതരംഗിണി വായ്പാപദ്ധതി പ്രകാരം 11 സഹകരണ സംഘങ്ങളിലൂടെ ലഭിച്ച 478 അപേക്ഷകളിൽ 478 വായ്പകളിലായി 47,65,498 രൂപ അനുവദിച്ചിട്ടുണ്ട്. സംഘങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ അനുവദിച്ച വായ്പ കളുടെയും തുകയുടെയും വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിദ്യാതരംഗിണി വായ്പാപദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ നാളിതുവരെ ലഭ്യമാക്കിയ വായ്പകളുടെയും തുകകളുടെയും വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

**മുറ്റത്തെ മുല്ല, കെയർ ഹോം പദ്ധതികൾ**

224(5885) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എത്ര കുടുംബശ്രീ യൂണിറ്റുകളിലെ എത്ര പേർക്ക് എത്ര തുക വിതരണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

മുറ്റത്തെ മുല്ല പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ 236 കുടുംബശ്രീ യൂണിറ്റുകളിലായി 15,204 പേർക്ക് 39.80 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കെയർഹോം പദ്ധതി പ്രകാരം 4 വീടുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) ഇവയിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണവും ഇനി പൂർത്തീകരി ക്കാനുള്ള വീടുകളുടെ എണ്ണവും വ്യക്തമാക്കാമോ?

4 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

**പിറവം നിയോജകമണ്ഡലത്തിലെ വിദ്യാതരംഗിണി പദ്ധതി**

225(5886) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ:

(എ) വിദ്യാതരംഗിണി വായ്പാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19 മഹാമാരിയെത്തുടർന്ന് സംസ്ഥാനത്ത് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി പലിശരഹിത വായ്പ അനുവദിക്കുക എന്നതായിരുന്നു വിദ്യാതരംഗിണി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അതത് സഹകരണ സ്ഥാപനങ്ങളുടെ പരിധിയിൽവരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പരമാവധി പ്രയോജനം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(ബി) ഇതിലൂടെ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വിദ്യാതരംഗിണി പദ്ധതി മുഖേനയുള്ള വായ്പകൾ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ലഭ്യമാക്കിയിരുന്നു. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിച്ചിരുന്നത്. അപേക്ഷകർ സഹകരണ സംഘത്തിലെ എ ക്ലാസ്/സി ക്ലാസ് മെമ്പർ ആയിരിക്കണം. വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്നതിന് സൗകര്യം ചെയ്യുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർക്ക് നിർദ്ദേശം നൽകിയിരുന്നു. വായ്പയ്ക്കു വേണ്ടിയുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും സംഘങ്ങൾ ഒന്നിച്ച് പരിഗണിച്ചിരുന്നു. ടി വായ്പ പരമാവധി 24 മാസത്തെ തുല്യഗഡുക്കളായി തിരിച്ചടയ്ക്കണം. വായ്പ ലഭിച്ചിട്ടുള്ള ഉണഭോക്താക്കൾ വിദ്യാർത്ഥിയോ രക്ഷാകർത്താവോ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കേണ്ടതാണ്. വായ്പ അനുവദിച്ച് അടുത്തമാസം മുതൽ തിരിച്ചടവ് ആരംഭിക്കണം. വായ്പാകാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. വായ്പകൾക്കുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ഈ വായ്പയ്ക്ക് ബാധകമല്ല. ഈ പദ്ധതിയുടെ കാലാവധി ഇപ്പോൾ അവസാനിച്ചിട്ടുണ്ട്.

(സി) പിറവം നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ പിറവം നിയോജകമണ്ഡലത്തിൽ വിദ്യാതരംഗിണി പദ്ധതി പ്രകാരം ആകെ 621 അപേക്ഷകൾ ലഭിക്കുകയും 621 വായ്പകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കെയർ കേരള പദ്ധതി

226(5887) ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയബാധിതർക്ക് ദുരിതാശ്വാസവും പുനരധിവാസവും നൽകുന്നതിനായി ആരംഭിച്ച കെയർ കേരള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിലുള്ള ഉപപദ്ധതികളായ കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ &ബി) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് 'കെയർ കേരള' എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടക പദ്ധതികളാണ് കെയർ കേരള പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ഉപപദ്ധതിയാണ് പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതി. ഒന്നാംഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 വീട് നിർമ്മിച്ചുനൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നത്. എങ്കിലും 2021 ഒക്ടോബർ 11 വരെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതിപ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ കെയർ ലോൺ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യസംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കെയർ ഗ്രേസ്. പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി മേൽനടപടികൾ നിർദ്ദേശിക്കുന്നതിന് വിവിധ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്.

(സി) സമീപ കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും പ്രളയക്കെടുതിയുടെയും പശ്ചാത്തലത്തിൽ ദുരിതബാധിതരെ കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സമീപകാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും പ്രളയക്കെടുതിയുടെയും പശ്ചാത്തലത്തിൽ ദുരിതബാധിതരെ കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തുന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

227(5888) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ മൊത്തം അടയ്ക്കേണ്ട തുകയിൽ നിന്നാണോ പലിശയിൽനിന്ന് മാത്രമാണോ ഇളവ് ലഭ്യമാകുന്നത്; എങ്കിൽ എത്ര ശതമാനമാണ് പരമാവധി ഇളവ് ലഭിക്കുന്നത്; വ്യക്തമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സാധാരണഗതിയിൽ പലിശയിലാണ് ഇളവ് നൽകുന്നത്. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് അനുവദിക്കുന്നു. കൂടാതെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/പൂർണ്ണമായോ മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/ പൂർണ്ണമായോ വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് അനുവദിച്ചുനൽകാറുണ്ട്. വിശദവിവരങ്ങൾ അടങ്ങിയ സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 നമ്പർ സർക്കുലർ അനുബന്ധമായി ചേർക്കുന്നു.*

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ വായ്പക്കാർക്ക് പലിശയിളവ്

228(5889) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പ കുടിശ്ശിക വരുത്തുന്നവർക്ക് നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി മുഖേന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പലിശയിളവ് നൽകുന്നുണ്ടെങ്കിലും പ്രസ്തുത സംഘങ്ങൾക്ക് കേരള ബാങ്ക് ഈ പലിശയിളവ് നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പലിശയിളവ് ആനുകൂല്യം ഈ സംഘങ്ങൾക്ക് ലഭ്യമാക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി പ്രകാരം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് കേരള ബാങ്ക് വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ ഇളവിന് അർഹതയുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തി വായ്പാക്കണക്ക് അവസാനിപ്പിക്കുന്നപക്ഷം ടി സംഘങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി കേരള ബാങ്ക് പലിശ ഇളവുകൾ നൽകിവരുന്നുണ്ട്.

**വായ്പ എടുത്തവർ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ**

229(5890) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിപ്പിച്ചിട്ടുള്ള വിവിധ ജില്ലാ ബാങ്കുകളിൽനിന്നും വായ്പയെടുത്തവർ വായ്പാകുടിശ്ശികയുടെ പേരിൽ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുടിശ്ശിക വായ്പക്കാരുടെ ബുദ്ധിമുട്ടുകൾ കണക്കാക്കി പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിനായി ബാങ്ക് നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നവകേരളീയം പദ്ധതി പ്രകാരം, മരണപ്പെട്ടവർ, അപകടംപറ്റി ശയ്യാവലംബരായവർ, മാരകരോഗം ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരുടെ വായ്പകൾ പ്രത്യേക ഇളവിന് പരിഗണിക്കുന്നുണ്ട്. കൂടാതെ ബാങ്ക് നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും അർഹരായ കുടിശ്ശിക വായ്പക്കാർക്ക് കൂടുതൽ ഇളവുനൽകുന്നുണ്ട്.

(ബി) കോവിഡ്-19-ന്റെ സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വായ്പാതിരിച്ചടവിന് ഉദാരസമീപനം സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

കോവിഡ്-19-ന്റെ സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വായ്പാതിരിച്ചടവിന് ബാങ്ക് ഇപ്പോൾ ഉദാരസമീപനമാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം അർഹമായ വായ്പകൾക്ക് മൊറട്ടോറിയം, പുനഃക്രമീകരണം എന്നിവ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക വായ്പകൾ തിരിച്ചടയ്ക്കുമ്പോൾ ബാങ്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നുണ്ട്. കൂടാതെ നവകേരളീയം പദ്ധതി പ്രകാരവും റിക്കവറി മാനേജ്മെന്റ് പോളിസിപ്രകാരവും വായ്പകൾ തീർപ്പാക്കുന്നവർക്ക് പലിശയിലും പിഴപ്പലിശയിലും പരമാവധി ഇളവ് അനുവദിക്കുന്നുണ്ട്.

**കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാൻ വേണ്ടിയുള്ള പദ്ധതികൾ**

230(5891) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ സാദ്ധ്യമാക്കി കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയെ നേരിടാൻ കേരള ബാങ്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഈ പദ്ധതികൾക്ക് പലിശ സബ്സിഡി ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക സഹകരണ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി PACS as MSC എന്ന പേരിൽ നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് വായ്പാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശീയമായി ഉൽപാദിപ്പിക്കുന്ന കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിപണനം, വിനിമയം എന്നിവ മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മൂല്യവർദ്ധിത സംരംഭങ്ങൾക്ക് 4% പലിശ നിരക്കിൽ Long Term Refinance വായ്പ അനുവദിക്കുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി രൂപ വരെയുള്ള മൂല്യവർദ്ധിത സംരംഭവായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (AIF) നിന്നുള്ള 3% പലിശയിളവിന് അർഹത ഉണ്ടായിരിക്കും. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസ് (PMFME) പദ്ധതിയുടെ ഭാഗമായി കേരള ബാങ്ക് ഭക്ഷ്യസംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭക വായ്പ അനുവദിക്കുന്നു. PMFME പ്രകാരം കേരള ബാങ്ക് ഭക്ഷ്യ സംസ്കരണ സംരംഭക വായ്പകൾക്ക് 35% സബ്സിഡി ലഭ്യമാക്കുന്നതാണ് (പരമാവധി 10 ലക്ഷം രൂപ).

**കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പ**

231(5892) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന സർക്കാർ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള ബാങ്ക് നിലവിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന വായ്പ അനുവദിച്ചുനൽകുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും പ്രത്യേകമായി ഭവന വായ്പ പദ്ധതി നിലവിലില്ല. നിലവിൽ 9% പലിശ നിരക്കിലാണ് ഭവന വായ്പ നൽകിവരുന്നത്.

(ബി) മറ്റ് ദേശസാൽകൃത/വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് ഭവന വായ്പയ്ക്ക് ടി ബാങ്കിൽ പലിശ നിരക്ക് കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേശസാൽകൃത/വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് കേരള ബാങ്കിന് Cost of fund കൂടുതലാണ്.

(സി) ഭവന വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ബാങ്ക് നടത്തുന്ന പ്രചാരണ പരിപാടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ബാങ്കിന്റെ വെബ്സൈറ്റിലൂടെയും ബ്രൗഷറിലൂടെയും മറ്റ് നവമാധ്യമങ്ങൾ വഴിയും വായ്പാ പദ്ധതികളെക്കുറിച്ചുള്ള പരസ്യപ്രചാരണങ്ങൾ നൽകുന്നുണ്ട്. കൂടാതെ അതത് ജില്ലകളിലെ ലീഡുബാങ്കുമായി ചേർന്നുനടത്തുന്ന ക്രെഡിറ്റ് ഔട്ട്റീച്ച് പ്രോഗ്രാമിലൂടെയും കൂടുതൽ ഇടപാടുകാരെ ബാങ്കിലേയ്ക്ക് ആകർഷിക്കുന്നുണ്ട്.

**അനോമലി കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി**

232(5893) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജില്ലാസഹകരണ ബാങ്കുകളിലെയും കേരള സംസ്ഥാന സഹകരണ ബാങ്കിലെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും അവരുടെ സംഘടനകൾക്കും ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിന് അനോമലി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

രൂപീകരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ അനോമലി കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സഹകരണ ബാങ്കുകളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

233(5894) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര കേസ്സുകളാണ് തീർപ്പാക്കിയത്; കോവിഡ് സാഹചര്യത്തിൽ ഈ പദ്ധതിയിൽ വായ്പ കുടിശ്ശികയുള്ളവരുടെ പ്രതികരണം കുറവാണെങ്കിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ച് ഈ പദ്ധതി വീണ്ടും നടപ്പാക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതുവഴി 3,85,934 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. കോവിഡ്-19 മഹാമാരിയും അതിനെത്തുടർന്നുള്ള ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കാരണവും തൊഴിൽ നഷ്ടത്താലും ആരോഗ്യകാരണങ്ങളാലും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി " നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2021 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 30 വരെ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കോവിഡ് സാഹചര്യത്തിൽ ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകാരികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ടി പദ്ധതിയുടെ കാലാവധി 2021 നവംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കേരള ബാങ്കിന് 2021 നവംബർ 30 വരെയും മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് ഡിസംബർ 31 വരെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കൂടുതൽ ഇളവുകൾ നൽകുന്നത് സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കും എന്നതിനാൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സഹകരണ അർബൻ ബാങ്കുകളുടെ ആഡിറ്റ്**

234(5895) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന സഹകരണ അർബൻ ബാങ്കുകളുടെ ആഡിറ്റ് നിലവിലെ സഹകരണ വകുപ്പ് ആഡിറ്റർമാരെ ഉപയോഗിച്ച് നടത്തുന്നതിന് ആർ.ബി.ഐ. ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അർബൻ ബാങ്കുകളിൽ സഹകരണ വകുപ്പിന്റെ ആഡിറ്റ് നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അർബൻ ബാങ്കുകളിൽ പ്രസ്തുത ആഡിറ്റ് തുടരുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ ഭേദഗതി പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മുൻകൂർ അനുമതിയോടെ മാത്രമേ അർബൻ സഹകരണ ബാങ്കുകൾക്ക് ആഡിറ്റർമാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്ത് ആർ.ബി.ഐ. നിയന്ത്രണത്തിലുള്ള അർബൻ സഹകരണ ബാങ്കുകളിൽ 31-3-2019-ൽ അസിസ്റ്റന്റ് ഡയറക്ടർ, ജൂനിയർ ആഡിറ്റർ, സീനിയർ ആഡിറ്റർ, സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ എന്നീ തസ്തികകളിൽ എത്ര സഹകരണ വകുപ്പ് ആഡിറ്റർമാർ ഉണ്ടായിരുന്നുവെന്നും നിലവിൽ ഈ തസ്തികകളിൽ എത്ര പേരുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിലുള്ള സഹകരണ അർബൻ ബാങ്കുകളിൽ 31-3-2019-ൽ 75 സഹകരണ വകുപ്പ് ആഡിറ്റർമാർ ഉണ്ടായിരുന്നു.

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | - | 25 |
| സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | - | 5 |
| സീനിയർ ആഡിറ്റർ | - | 24 |
| ജൂനിയർ ആഡിറ്റർ | - | 21 |
| ആകെ | - | 75 |

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിലുള്ള സഹകരണ അർബൻ ബാങ്കുകളിൽ നിലവിൽ 5 സഹകരണ വകുപ്പ് ആഡിറ്റർമാരുണ്ട്.

| | | |
|---|---|---|
| സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | - | 1 |
| സീനിയർ ആഡിറ്റർ | - | 2 |
| ജൂനിയർ ആഡിറ്റർ | - | 2 |
| ആകെ | - | 5 |

(ഡി) സംസ്ഥാനത്ത് ആർ.ബി.ഐ. നിയന്ത്രണത്തിലുള്ള എത്ര അർബൻ സഹകരണ ബാങ്കുകളുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിലുള്ള 60 സഹകരണ അർബൻ ബാങ്കുകളുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുടിശ്ശിക നിവാരണ പദ്ധതികൾ

235(5896) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്ക് ഉപഭോക്താക്കൾക്ക് നിലവിൽ നൽകിവരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിയും അതിനെത്തുടർന്നുള്ള ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കാരണവും തൊഴിൽ നഷ്ടത്താലും ആരോഗ്യകാരണങ്ങളാലും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി " നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കിയിരുന്നു. പ്രസ്തുത സർക്കുലർ അനുബന്ധമായി ചേർക്കുന്നു.* നിലവിൽ പദ്ധതിയുടെ കാലാവധി 30-11-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവുനൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവുനൽകിയും വായ്പാക്കണക്ക് അവസാനിപ്പിച്ചുവരുന്നു. കേരള ബാങ്കിന് 2021 നവംബർ 30 വരെയും മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് ഡിസംബർ 31 വരെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

## ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുബ്രാൻഡിംഗ്

236(5897) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി സംഭരണ സമയത്തുതന്നെ പണം നൽകി കൃഷിക്കാരിൽനിന്നും നെല്ല് സംഭരിക്കുന്നതിനും ഇവ സംസ്കരിച്ച് വില്പന നടത്തുന്നതിനുമായി രൂപീകരിച്ച സൊസൈറ്റി നെൽകൃഷിക്കാർക്ക് എത്രത്തോളം സഹായമായിട്ടുണ്ട്; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി സംഭരണ സമയത്തു തന്നെ പണം നൽകി കൃഷിക്കാരിൽനിന്നും നെല്ല് സംഭരിക്കുന്നതിനും ഇവ സംസ്കരിച്ച് വിൽപ്പന നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.1449 (PAPCOS), കൂടാതെ പാലക്കാട് ഒഴികെ സംസ്ഥാന പരിധിയായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) എന്നീ രണ്ട് സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(1) <u>പാപ്കോസ്:</u>

പാലക്കാട് ജില്ലയിലെ കർഷകരിൽനിന്നും നെല്ല് സംഭരിച്ചും സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, ആയതിനു വേണ്ടി ആധുനിക സാങ്കേതികവിദ്യയോടുകൂടിയ അരിമിൽ, സംസ്കരണകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആവശ്യമായ സംഭരണശാലകൾ സ്ഥാപിക്കുകയും ചെയ്യുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾവഴി വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്യുക, പാലക്കാട് ജില്ലയിലെ കൃഷിക്കാരെ എല്ലാവിധത്തിലും സഹായിക്കുകയും ജില്ലയിൽ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാനലക്ഷ്യം. ടി ലക്ഷ്യസാക്ഷാത്കാരത്തിനായി നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS-ന്റെ മേൽനോട്ടത്തിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള ഇ-ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

(2)<u>കാപ്കോസ്:</u>

സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുക, കേരള സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണശാലകൾ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾവഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തനപരിധിയിൽപ്പെട്ട മുഴുവൻ

നെൽക്കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽക്കൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലുള്ള മേൽ രണ്ട് സഹകരണ സംഘങ്ങളുടെയും പ്രവർത്തനം പൂർണ്ണപഥത്തിലെത്തുമ്പോൾ മാത്രമേ ലക്ഷ്യമിട്ടപ്രകാരം നെൽകർഷകർക്ക് സഹായകമായി വർത്തിക്കുവാൻ കഴിയുകയുള്ളൂ.

(ബി) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുബ്രാൻഡിംഗ് അവതരിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുബ്രാൻഡിംഗ് അവതരിപ്പിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

" ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിലേയ്ക്ക് രൂപകൽപ്പന ചെയ്ത 'coopkerala' ട്രേഡ് മാർക്കിന് കേന്ദ്രസർക്കാരിന്റെ ട്രേഡ് മാർക്ക് രജിസ്ട്രറിയിൽനിന്നും രജിസ്ട്രേഷൻ നേടുകയുണ്ടായി. കൂടാതെ coopkerala സർട്ടിഫിക്കേഷൻ മാർക്ക് ഉല്പന്നങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പേർട്ട്, ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവരുൾപ്പെട്ട 11 അംഗ മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 14 ജില്ലകളിൽ 14 സഹകരണ ഉൽപ്പന്ന വിപണനശാലകൾ ആരംഭിക്കുകയും ടി ഉൽപ്പന്ന വിപണനശാലകൾക്ക് coopmart എന്ന നാമധേയം നൽകിക്കൊണ്ട് ടി ട്രേഡ് നെയിമിനും കേന്ദ്ര സർക്കാരിന്റെ ട്രേഡ് മാർക്ക് രജിസ്ട്രറിയിൽനിന്നും രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണ്. പദ്ധതിയുടെ ഭാഗമായി E-selling mobile application & Web application software, ആദ്യഘട്ടം ഔട്ട്ലെറ്റുകൾക്കാവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കാൻ കഴിയും വിധമുള്ള സോഫ്റ്റ്‌വെയറിന് രൂപം നൽകുന്നതിനായുള്ള നടപടി വളരെ പുരോഗതി യിലാണ്. Coopmart-കൾക്ക് ആവശ്യമായ സഹകരണ ഉല്പന്നങ്ങൾ എത്തിക്കുന്ന തിനുള്ള Logistics സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**യുവജന സഹകരണസംഘങ്ങൾ**

237(5898) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി രൂപീകരിച്ച യുവജന സഹകരണസംഘങ്ങളുടെ എണ്ണം ലഭ്യമാക്കുമോ?

സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 30 യുവജന സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത യുവജന സഹകരണസംഘങ്ങളുടെ പേരുവിവരവും പ്രവർത്തന പരിധി മേഖലയും ഇനം തിരിച്ച് ലഭ്യമാക്കുമോ?

രജിസ്റ്റർ ചെയ്ത യുവജന സഹകരണ സംഘങ്ങളുടെ പേരുവിവരവും പ്രവർത്തന പരിധി മേഖലയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് കേന്ദ്രമാക്കി രൂപീകരിച്ച യൂത്ത് ബ്രിഗേഡ് സംരംഭക സഹകരണസംഘത്തിന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എൻട്രപ്രിന്യൂവേഴ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ റ്റി.2283-ന്റെ ബൈലോയുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) രജിസ്ട്രേഷനായി നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള യുവജന സഹകരണസംഘങ്ങളുടെ എണ്ണം അറിയിക്കാമോ?

യുവജന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിലവിൽ 4 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

**എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ ബാങ്കിനുള്ള ധനസഹായം**

238(5899) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ ബാങ്കിന് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് നൽകാനുള്ള തുകയെത്രയാണ്; തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ ബാങ്കിന് നൽകാനുള്ള ആകെ ക്ലെയിം തുക 18,30,31,513 രൂപയാണ്. അതിൽ RP (Resolution Professionals) അംഗീകരിച്ച തുക 8,05,25,864 രൂപയാണ്. RP അംഗീകരിച്ച തുക 16.31% മാത്രമായ 1,30,77,400 രൂപയാണ് ബാങ്കിന് ഇതുവരെ ലഭിച്ചിട്ടുള്ളത്. ബാങ്കിന് ലഭിക്കാനുള്ള ആകെ ക്ലെയിം തുകയും ലഭ്യമാക്കാൻ, നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ (NCLT) ഉത്തരവിനെതിരെ ബാങ്ക് ചെന്നൈ നാഷണൽ കമ്പനി ലാ അപ്പലെറ്റ് ട്രിബ്യൂണലിൽ (NCLAT) അപ്പീൽ നൽകിയിട്ടുണ്ട്.

(ബി) നിക്ഷേപകർ പ്രസ്തുത ബാങ്കിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത ബാങ്കിന് ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. ബാങ്ക് അപേക്ഷ സമർപ്പിക്കുന്നപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റാർട്ടപ്പ് സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നടപടി

239(5900) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്ക് തൊഴിൽ നൽകാനായി സഹകരണസംഘങ്ങളിൽ വിവിധ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

( എ & ബി) യുവാക്കൾക്ക് തൊഴിൽ നൽകാനായി സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയ യുവസഹകരണ സംഘങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവജന സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാതൃകാ നിയമാവലി തയ്യാറാക്കി സഹകരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം, ഘടന, ലാഭവിഹിതം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തൽപരരും സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്നവരുമായ യുവജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക, ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്നുള്ളതാണ് യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. അംഗങ്ങളുടെ യിടയിൽ സ്വയംപര്യാപ്തതയും സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുകയും സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 പേരിൽ കുറയാത്ത അംഗങ്ങൾ ഉണ്ടാകണം. ഒരു ജില്ലയ്ക്കകത്ത് പ്രവർത്തനപരിധി ആയിട്ടാണ് യുവജന സഹകരണസംഘം രജിസ്റ്റർ ചെയ്തുനൽകുന്നത്. സഹകരണ നിയമത്തിനും ചട്ടത്തിനും അനുസൃതമായി അതത് സംഘത്തിന്റെ നിയമാവലി വ്യവസ്ഥയ്ക്കും വിധേയമായി അംഗങ്ങളുടെ ഓഹരി വിഹിതത്തിന് ആനുപാതികമായി ലാഭവിഹിതത്തിനും അർഹതയുണ്ടായിരിക്കു ന്നതാണ്.

**കേരള ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭാരവാഹികൾ**

240(5901) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ റ്റി.424-ലെ നിലവിലെ ഭാരവാഹികൾ ആരെല്ലാമാണെന്നും അവർ ഏതൊക്കെ ഓഫീസിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

കേരള ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ റ്റി.424-ലെ നിലവിലെ ഭാരവാഹികളുടെയും അവർ ജോലി ചെയ്യുന്ന ഓഫീസുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സൊസൈറ്റിയിൽ പുതുതായി അംഗത്വം നൽകുന്നില്ലെയന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഗവൺമെന്റിന് പരാതി ലഭിച്ചതായി കാണുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ പ്രസ്തുത സൊസൈറ്റിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥരുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

5 പേർ. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| കൊല്ലം | - | 1 |
| ആലപ്പുഴ | - | 1 |
| കോഴിക്കോട് | - | 1 |

**കോട്ടയം ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ**

241(5902) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിൽ 3 യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കോട്ടയം ജില്ല യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1232
2. ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1233
3. വൈക്കം സത്യാഗ്രഹ മെമ്മോറിയൽ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1234

**സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾ**

242(5903) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് വിപുലമായ വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങൾ അംഗങ്ങളായുള്ള

പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ പി. 1449 (PAPCOS) എന്ന സഹകരണസംഘം രൂപീകരിച്ചുകൊണ്ട് വിപുലമായ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയൊഴികെ സംസ്ഥാനം പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ 26 കാർഷികവായ്പാ സഹകരണസംഘങ്ങൾ അംഗങ്ങളായി രൂപീകരിച്ച കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4505 (KAPCOS)-ന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. മേൽ മാതൃകയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ട്.

(ബി) വിദ്യാഭ്യാസ-ടൂറിസ-വ്യവസായ മേഖലകളിൽ സഹകരണ വകുപ്പുവഴി കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിൽ ആരംഭിച്ച സഹകരണ സ്ഥാപനങ്ങൾ**

243(5904) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച സഹകരണസ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ ജില്ലയിൽ സഹകരണസ്ഥാപനങ്ങൾ പുതുതായി തുടങ്ങാൻ എത്ര അപേക്ഷകളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

153.

(സി) അപേക്ഷിച്ചവർ ആരെല്ലാമായിരുന്നുവെന്നും അപേക്ഷിച്ചവർക്കെല്ലാം സ്ഥാപനങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ചീഫ് പ്രൊമോട്ടർമാരുടെ പേരിലാണ് അപേക്ഷിച്ചിരിക്കുന്നത്. നിയമാനുസൃതമായതും ന്യൂനതകളില്ലാത്തതുമായ മുഴുവൻ അപേക്ഷകളും പരിഗണിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇല്ലെങ്കിൽ ആർക്കൊക്കെയാണ് അനുമതി നൽകാത്തതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

1. നിർദ്ദിഷ്ട കുറ്റിക്കോൽ ലേബർ കോൺട്രാക്ട് വെൽഫെയർ സഹകരണ സംഘം:

അപേക്ഷയും നിയമാവലിയും സഹകരണ നിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിനും വിരുദ്ധമായതിനാലാണ് നിരസിച്ചിട്ടുള്ളത്.

2. നിർദ്ദിഷ്ട പനത്തടി പ്രവാസി ക്ഷേമ സഹകരണസംഘം:

രജിസ്ട്രേഷൻ ഫയലുകൾ ഓൺലൈൻ സംവിധാനത്തിൽ ICDMS സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കാത്തതിനാലാണ് നിരസിച്ചിട്ടുള്ളത്.

3. നിർദ്ദിഷ്ട കാസർഗോഡ് ജില്ലാ ആട്ടുവളർത്തൽ കർഷക ക്ഷേമ സഹകരണസംഘം:

പ്രോജക്ടും നിയമാവലിയും സഹകരണനിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിനും വിരുദ്ധമായതിനാൽ നിരസിച്ചു.

4. നിർദ്ദിഷ്ട തളങ്കര പൂഴിത്തൊഴിലാളി സഹകരണസംഘം:

പ്രോജക്ടും നിയമാവലിയും സഹകരണനിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിനും വിരുദ്ധമായതിനാൽ നിരസിച്ചു.

5. നിർദ്ദിഷ്ട ജനശക്തി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ ആൻഡ് പ്രോസസ്സിംഗ് സഹകരണസംഘം:

പ്രോജക്ടും നിയമാവലിയും സഹകരണനിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിനും വിരുദ്ധമായതിനാൽ നിരസിച്ചു.

**കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റികളുടെ പ്രവർത്തനം**

244(5905) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കാനും അതുവഴി വിദേശനാണ്യം സമ്പാദിക്കാനും ഉതകുന്ന തരത്തിൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റികളുടെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ടോ?

വിപുലീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം ശക്തിപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുവിപണിയിൽ സ്വകാര്യ വ്യാപാരസ്ഥാപനങ്ങളുമായി കടുത്ത മത്സരമുള്ളതിനാലും കോവിഡ്-19 പ്രതിസന്ധികൾ നിലനിൽക്കുന്നതിനാലും സഹകരണ കൺസ്യൂമർ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. ചില ജില്ലകളിൽ ഓൺലൈൻ വിൽപ്പനവഴിയും തവണ വ്യവസ്ഥയിൽ ഗൃഹോപകരണങ്ങളും മറ്റും വിൽപ്പന നടത്തി പ്രവർത്തിക്കുന്നുണ്ടെങ്കിലും സഹകരണ കൺസ്യൂമർ മേഖലയിൽ വികസനാത്മകമായ ഒരു മാറ്റം കാണാത്ത അവസ്ഥയാണുള്ളത്. ഇത്തരം സംഘങ്ങൾക്ക് സർക്കാർതലത്തിൽ ധനസഹായം നൽകി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മൂത്തേടം കോ-ഓപ്പറേറ്റീവ് അർബൻ സംഘത്തിലെ ഓഡിറ്റ്**

245(5906) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂത്തേടം കോ-ഓപ്പറേറ്റീവ് അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653, കാരപ്പുറം എന്ന സംഘത്തിന്റെ 2013-14, 2014-15, 2015-16, 2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ സഹകരണ വകുപ്പിന്റെ ആഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

മൂത്തേടം കോ-ഓപ്പറേറ്റീവ് അർബൻ സംഘം ക്ലിപ്തം നമ്പർ എം. 653, കാരപ്പുറം എന്ന സംഘത്തിന്റെ 2013-2014 മുതൽ 2019-2020 വരെയുള്ള വർഷങ്ങളിലെ അംഗീകരിച്ച ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.* 2020-2021 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു നൽകിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനം സർക്കാരിനും സഹകരണ വകുപ്പിനുമെതിരെ 2014 മുതൽ നാളിതുവരെ വിവിധ കോടതികളിൽ നൽകിയ തീർപ്പാക്കിയതും നിലവിലുള്ളതുമായ കേസ്സുകളുടെയും അപ്പീലുകളുടെയും കേസ് നമ്പരടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥാപനം 2015-ൽ കേരള ഹൈക്കോടതിയിൽ WP(C) 10389/2015(W) നമ്പരിൽ ഫയൽ ചെയ്ത കേസ് 31-3-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ മറ്റ് കേസ്സുകളൊന്നുമില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സഹകരണ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ

246(5907) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിലെ ആധുനികവൽകരണത്തിന്റെ ഭാഗമായി ഐ.സി.ഡി.എം.എസ്. പദ്ധതി പ്രകാരം ഓൺലൈൻ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം താഴെപ്പറയുന്ന 3 സേവനങ്ങളാണ് ഓൺലൈൻവഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

1. സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ & ബൈലാ ഭേദഗതി

2. ഫണ്ട് മാനേജ്മെന്റ്

3. ആഡിറ്റ് സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷ ഓൺലൈനിലൂടെ നേരിട്ട് സമർപ്പിക്കുന്നതിനും ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനും കഴിയുന്ന തരത്തിലുള്ള ഓൺലൈൻ ആപ്ലിക്കേഷനാണ് സജ്ജമാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങൾക്ക് സംസ്ഥാന/ എൻ.സി.ഡി.സി. പദ്ധതികളിലുൾപ്പെടുത്തി അനുവദിക്കുന്ന ധനസഹായ പദ്ധതികൾക്കുള്ള അപേക്ഷ സമർപ്പിക്കൽ, ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി തുടങ്ങിയവയും തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേയ്ക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. സഹകരണസംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സഹായത്തോടെ തയ്യാറാക്കി വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ആഡിറ്റ് മൊഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. ടി മൊഡ്യൂളിൽ ആഡിറ്റ് അലോക്കേഷൻ, ആഡിറ്റ് നോട്ട് എൻട്രി, ആഡിറ്റ് നോട്ട് വെരിഫിക്കേഷൻ & ആഡിറ്റ് സർട്ടിഫിക്കറ്റ് ജനറേഷൻ മുതലായ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നവിധമാണ് പ്രസ്തുത ആപ്ലിക്കേഷൻ തയ്യാറാക്കുന്നത്. ടി പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം വികസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. Co-operative Audit Monitoring &

Information System (CAMIS) എന്ന പേരിൽ തയ്യാറാക്കുന്ന പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ നിശ്ചിത കാലയളവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താലൂക്ക് തിരിച്ച് ആഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ആഡിറ്റ് പൂർത്തീകരിച്ചവയുടെ എണ്ണം, പൂർത്തീകരിക്കാനുള്ളവയുടെ എണ്ണം, ആഡിറ്റ് ബാക്കി നിൽപ്പ് തുടങ്ങിയ വിവരങ്ങൾ പൊതുജനങ്ങൾക്കുൾപ്പെടെ ലഭ്യമാക്കാൻ സാധിക്കും. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും ഇതിലൂടെ ലഭ്യമാക്കാൻ സാധിക്കും.

(ബി) സഹകരണ സംഘങ്ങൾ വഴി കാർഷിക രംഗത്ത് നെൽകൃഷി, പച്ചക്കറികൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായുള്ള തനതായ കൃഷിരീതികളും പദ്ധതികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണവകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും ഏറ്റെടുത്ത് മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന പദ്ധതി നടപ്പിലാക്കി. സഹകരണസ്ഥാപനങ്ങൾ നേരിട്ടാണ് കൃഷിത്തോട്ടം സജ്ജീകരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പ സഹകരണസംഘങ്ങൾ വായ്പ നൽകുന്നു. സുഭിക്ഷ കേരള പദ്ധതിയിലുൾപ്പെടുന്ന വകുപ്പുകളും കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ടാണ് പ്രവർത്തനം സംഘടിപ്പിച്ചിരുന്നത്. വായ്പകൾക്കുള്ള അപേക്ഷകൾ കൃഷിവകുപ്പ് അതത് കൃഷി ഭവനുകളിലൂടെയും മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ അവയുടെ ബ്ലോക്കുതല ഉദ്യോഗസ്ഥർ മുഖാന്തരവും ശിപാർശ ചെയ്ത് ഗുണഭോക്താവിന്റെ വിവരം പ്രാഥമിക വായ്പാസംഘത്തിന് നൽകുന്നു. വായ്പകൾ കഴിവതും കിസാൻ ക്രെഡിറ്റ് കാർഡ് അടിസ്ഥാനത്തിൽ നൽകാനാണ് തീരുമാനിച്ചിരുന്നത്. കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, ജൈവവളങ്ങൾ, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കിയോ, അല്ലെങ്കിൽ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം സഹകരണസംഘങ്ങൾ വഴിയോ ഉറപ്പുവരുത്തുന്നു. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്

സൊസൈറ്റി ലി. നമ്പർ പി. 1449 (PAPCOS) എന്ന സഹകരണസംഘം രൂപീകരിച്ചുകൊണ്ട് വിപുലമായൊരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനമൊട്ടാകെ (പാലക്കാട് ജില്ല ഒഴികെ) പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ അംഗങ്ങളായി രൂപീകരിച്ച കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS)-ന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതും പരിഗണനയിലുണ്ട്.

(സി) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി സഹകരണസംഘങ്ങൾ മുഖേന നെൽകൃഷിക്ക് പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശരഹിത വായ്പാപദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്കുള്ള പലിശരഹിത വായ്പാപദ്ധതി 2010-2011 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും നെൽകൃഷിക്കായി എടുക്കുന്ന വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 2,09,29,902 രൂപ അനുവദിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങളിലെ മൊറട്ടോറിയം**

247(5908) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ മൊറട്ടോറിയം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ ജപ്തി നടപടി നടത്തുന്നതിന് ഏതെങ്കിലും വിധത്തിലുള്ള നിയമതടസ്സം നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംഘങ്ങളിൽ മൊറട്ടോറിയം നിലവിലില്ല. എന്നാൽ എല്ലാവിധ ജപ്തിനടപടികളും 2021 ഡിസംബർ 31 വരെ നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ട്.

## സഹകരണ സംഘം പ്രസിഡന്റുമാരുടെ ഓണറേറിയം

248(5909) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങളുടെ പ്രസിഡന്റുമാർക്ക് നൽകിവരുന്ന ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ;

(ബി) ജോലിഭാരം കണക്കിലെടുത്ത് സഹകരണസംഘം പ്രസിഡന്റുമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ എന്തെങ്കിലും ശിപാർശ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങളുടെ പ്രസിഡന്റുമാർക്ക് നൽകിവരുന്ന ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

249(5910) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കൺസ്യൂമർ ഫെഡിന്റെ പ്രധാന ചുമതലകൾ താഴെപ്പറയുന്നവയാണ്:- അഫിലിയേറ്റ് ചെയ്ത ഉപഭോക്തൃ സൊസൈറ്റികളുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ച് സുഗമമാക്കൽ, ഉപഭോക്തൃ സഹകരണത്തിന്റെ ഉയർച്ച, സംഘാടനം, വികസനം എന്നിവയിൽ സഹായം നൽകുക, ഉപഭോക്തൃ സാധനങ്ങളുടെ മൊത്തം സംഭരണം, വിതരണം, അത്തരം സാധനങ്ങളുടെ ശരിയായ സംഭരണം, പാക്കിംഗ്, ഗ്രേഡിംഗ്, ഗതാഗതം എന്നിവ ക്രമീകരിക്കുക, ഉപഭോക്തൃ വസ്തുക്കളുടെ വിതരണത്തിനുള്ള ഏജന്റുമാരായി പ്രവർത്തിക്കാനും ആവശ്യമുള്ളപ്പോഴെല്ലാം ഉപഭോക്തൃ സാധനങ്ങൾ ഇറക്കുമതി ചെയ്യാനും ഇടപെടൽ നടത്തുക. മറ്റ് സഹകരണ സ്ഥാപനങ്ങളുമായി

സഹകരിച്ചോ നേരിട്ടോ ഉപഭോക്തൃ വസ്തുക്കളുടെ ഉൽപാദനത്തിനായി നിർമ്മാണ, സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക. സർക്കാർ നിശ്ചയിച്ച കാലയളവിലേയ്ക്ക് ഉത്സവസീസണുകളിൽ തെരഞ്ഞെടുത്ത പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉപഭോക്തൃ സാധനങ്ങളുടെ വിതരണം നടത്തുകയും ഉത്സവസീസണുകളിൽ ഉത്സവച്ചന്തകൾ നടത്തുകയും ചെയ്യുക. അനുബന്ധ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ കേഡറുകൾ സൃഷ്ടിക്കുക, അഫിലിയേറ്റഡ് സൊസൈറ്റികൾക്ക് ഗ്രേഡിംഗ്, പാക്കിംഗ്, സ്റ്റാൻഡേർഡൈസേഷൻ, ബൾക്ക് വാങ്ങൽ, സ്റ്റോറിംഗ്, ഡിസ്പ്ലെ വിലനിർണ്ണയം, മറ്റ് ബിസിനസ്സ് ടെക്നിക്കുകൾ, കൂടാതെ മാനേജ്മെന്റ് രീതികൾ എന്നിവയിൽ അവരുടെ പ്രവർത്തനകാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക മാർഗ്ഗനിർദ്ദേശവും സഹായവും നൽകുക. അക്കൗണ്ടിംഗ്, സ്റ്റോക്ക് കൺട്രോൾ രീതികളും സ്റ്റാൻഡേർഡ് ചെയ്യുന്നതിൽ അഫിലിയേറ്റഡ് സൊസൈറ്റികളെ ഉപദേശിക്കലും സഹായിക്കലും അഫിലിയേറ്റഡ് സൊസൈറ്റികളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കൽ. സെമിനാറുകൾ, കോൺഫറൻസുകൾ, മീറ്റിംഗുകൾ, പബ്ലിസിറ്റി ഏറ്റെടുക്കൽ, പ്രചാരണ വിദ്യാഭ്യാസ ക്യാമ്പയിനുകളും അതിന്റെ പ്രവർത്തനമേഖലയിൽ ഉപഭോക്തൃ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തിന് സഹായകമായ മറ്റുപ്രവർത്തനങ്ങളും ഏറ്റെടുക്കൽ, കൺസ്യൂമർ സൊസൈറ്റിയിലെ ജീവനക്കാർക്ക് മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെ സഹകരണത്തോടെ പരിശീലനം നൽകൽ, ഉപഭോക്തൃ സഹകരണസംഘങ്ങളുടെ ബിസിനസ്സുമായി ബന്ധപ്പെട്ട മാർക്കറ്റ് ഇന്റലിജൻസും മറ്റുവിവരങ്ങളും ശേഖരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. സർക്കാർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്നും മറ്റ് വാണിജ്യ ബാങ്കുകളിൽനിന്നും സാമ്പത്തിക ഏജൻസികളിൽനിന്നും സാമ്പത്തിക സൗകര്യം ഉറപ്പാക്കുന്നതിൽ അഫിലിയേറ്റഡ് സൊസൈറ്റികളെ സഹായിക്കുക. സർക്കാർ അനുമതിയോടുകൂടി ആവശ്യാനുസരണം റീട്ടെയിൽ ശാഖകൾ തുടങ്ങുക. സർക്കാരിൽനിന്നും മറ്റ് സഹകരണ ഏജൻസി കളിൽനിന്നും ഓഹരി മൂലധനം, വായ്പകളും ഗ്രാന്റുകളും ബാങ്കിംഗ് കമ്പനികളിൽ നിന്നും അംഗീകരിച്ച മറ്റ് ഏജൻസികളിൽനിന്നും വായ്പകളും നിക്ഷേപങ്ങളും സ്വീകരിക്കുക. ഉപഭോക്തൃവസ്തുക്കളുടെ മൊത്തവ്യാപാരത്തിനായി ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ ഏജൻസിയെ സ്വീകരിക്കുക. മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. സംസ്ഥാന സഹകരണ ബാങ്കിലും ദേശീയ സംസ്ഥാനതല സഹകരണ ഫെഡറേഷ നുകളിലും യൂണിയനുകളിലും അംഗമാകുക. ഭൂമി, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ഏറ്റെടുക്കുക. ഫെഡറേഷനും അഫിലിയേറ്റഡ് സൊസൈറ്റികളും തമ്മിൽ പരസ്പരം അംഗീകരി

ച്ചേയ്ക്കാവുന്ന നിബന്ധനകളിലും വ്യവസ്ഥകളിലും ആവശ്യമെങ്കിൽ അഫിലിയേറ്റഡ് സൊസൈറ്റികളുടെ മാനേജ്മെന്റ് ഏറ്റെടുക്കുക. കൺസ്യൂമർ കോ-ഓപ്പറേറ്റിവ് പ്രസ്ഥാനത്തിന്റെ വികസനത്തിന് സഹായിക്കുന്നതിനായും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകരവുമായ മറ്റ് പ്രവർത്തനങ്ങൾ രജിസ്ട്രാറുടെ അംഗീകാരത്തോടെ ഏറ്റെടുക്കുക. വിതരണ ഔട്ട്ലെറ്റുകളുടെ സാധ്യത കണക്കിലെടുത്ത് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കൺസ്യൂമർ ഗുഡ്സ്, സ്റ്റേഷനറി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ റീട്ടെയിൽ ശാഖകൾ, പഴം, പച്ചക്കറി ഔട്ട്ലെറ്റുകൾ, ബിസിനസ് സംബന്ധമായ പ്രവർത്തനങ്ങൾ എന്നിവ നടത്തുക. യൂണിറ്റിന്റെ സാധ്യത കണക്കിലെടുത്ത് മെഡിക്കൽ സ്റ്റോറുകൾ, മെഡിക്കൽ വെയർഹൗസുകൾ, മെഡിക്കൽ ലബോറട്ടറികൾ, ക്ലിനിക്കുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ എന്നിവ നടത്തുകയും സഹകരണ സംഘങ്ങൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകൾക്ക് വിതരണം ചെയ്യുക, കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ സാധ്യതകൾ കണക്കിലെടുത്ത് സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ മുതലായവ നടത്തുക. ഫെഡറേഷന്റെ നിയന്ത്രണത്തിൽ ഫാർമസി കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, നഴ്സിംഗ് സ്കൂളുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവ നടത്തുക. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ഉപഭോക്തൃസാധനങ്ങൾ വാതിൽപ്പടി വിതരണം ചെയ്യുന്നതിനായി മൊബൈൽ കൺസ്യൂമർ സ്റ്റോറുകൾ നടത്തുക. കൂടാതെ ബോട്ടുകൾ ഉപയോഗിച്ച് ഉപഭോക്തൃ സാധനങ്ങൾ വിതരണം ചെയ്യുകയും അനുയോജ്യമായ സ്ഥലങ്ങളിൽ മരുന്നുകൾ വിതരണം ചെയ്യുന്നതിനായി മൊബൈൽ മെഡിക്കൽ സ്റ്റോറുകൾ നടത്തുകയും ചെയ്യുക. വിദേശമദ്യ വിൽപ്പനശാലകൾ നടത്തുകയും സർക്കാർ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗുണ നിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ കുറഞ്ഞ വിലയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ഇ - ത്രിവേണി ബിസിനസ് സെന്ററുകൾ നടത്തുക. ഉയർന്ന ഗുണനിലവാരവും കുറഞ്ഞ വിലയുമുള്ള ത്രിവേണി നോട്ട്ബുക്കുകൾ നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റുവഴി നേരിട്ട് ഉൽപ്പാദിപ്പിക്കുക. സഹകരണ സംഘം രജിസ്ട്രാർ തെരഞ്ഞെടുത്ത വിവിധ പ്രാഥമിക കാർഷിക സംഘങ്ങളുടെയും മറ്റ് സഹകരണ സംഘങ്ങളുടെയും നിയന്ത്രണത്തിൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ നടത്തുക.

(ബി) അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ഇടനിലക്കാരുടെ ചൂഷണമില്ലാതെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമാണ്; വിശദാംശങ്ങൾ നൽകാമോ?

അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ഇടനിലക്കാരുടെ ചൂഷണമില്ലാതെ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കേരളമൊട്ടാകെ 178 ത്രിവേണി സ്റ്റോറുകളും 46 മൊബൈൽ ത്രിവേണികളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽക്കൂടി അവശ്യ നിത്യോപയോഗസാധനങ്ങളും കോസ്മെറ്റിക്സ്, ഹൗസ് ഹോൾഡ് ഇനങ്ങളും പൊതുമാർക്കറ്റിനേക്കാൾ 10% മുതൽ ഏകദേശം 30% വരെ വിലകുറച്ച് വില്പന നടത്തുന്നുണ്ട്. ഇതോടൊപ്പം സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഏകദേശം 750 നീതി സ്റ്റോറുകൾക്കും അവശ്യ നിത്യോപയോഗസാധനങ്ങൾ മിതമായ നിരക്കിൽ വിൽപ്പനയ്ക്കുവേണ്ടി വിതരണം ചെയ്യുന്നു. ഇതുകൂടാതെ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ബക്രീദ്, ഓണം, റംസാൻ, ക്രിസ്തുമസ്, ഈസ്റ്റർ എന്നീ ഉത്സവ കാലഘട്ടത്തിൽ സഹകരണ സംഘങ്ങളുടെ വിപണികളേയുംകൂടി ഏകോപിപ്പിച്ചുകൊണ്ട് 10 ദിവസക്കാലം വീതം 1000 മുതൽ 3500 വരെ വിപണന കേന്ദ്രങ്ങൾ മുഖേന പൊതുമാർക്കറ്റിനേക്കാൾ 50% വരെ വിലക്കുറവോടുകൂടി അവശ്യവസ്തുക്കൾ വിൽപന നടത്താറുണ്ട്. ഇത്തരത്തിൽ പരമാവധി സാധ്യതകളെ ഉപയോഗപ്പെടുത്തി ഇടനിലക്കാരുടെ ചൂഷണമില്ലാതെ അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) കൺസ്യൂമർഫെഡ് ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

നിലവിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 73 നീതി മെഡിക്കൽ സ്റ്റോറുകളാണുള്ളത്. ഇവയിൽ ബഹുഭൂരിപക്ഷവും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ പ്രതിദിന വിൽപ്പന ശരാശരി 10,000 രൂപയിൽ കുറവുള്ള ചുരുക്കം ചില നീതി മെഡിക്കൽ സ്റ്റോറുകളും നിലവിലുണ്ട്. കേന്ദ്രീകൃതവും പ്രാദേശികവുമായ പർച്ചേസിലൂടെ ഉപഭോക്താക്കൾക്കാവശ്യമായ മരുന്നുകളിൽ ഭൂരിഭാഗവും ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

**നീതി മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

250(5911) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വെളിപ്പെടുത്തുമോ?

സഹകരണ സംഘങ്ങളുടെ കീഴിൽ 1,027 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അറിയിക്കുമോ; ഇവ പുതുക്കി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ടി ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തിയത് എന്നാണെന്നും പുതുക്കിയ ശമ്പളം എന്നുമുതൽ നൽകി വരുന്നുണ്ടെന്നും അറിയിക്കുമോ?

(ബി &സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 1-4-2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 15-2-2021-ലെ സ.ഉ (അച്ചടി) നമ്പർ 32/2021/സഹ. നമ്പർ ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*). എന്നാൽ ടി ശമ്പള പരിഷ്കരണ ഉത്തരവിൽ നീതി മെഡിക്കൽ സ്റ്റോർ ജീവനക്കാർക്ക് 6-8-2016-ലെ സ.ഉ. (സാധാ) നമ്പർ 424/2016/സഹ. ഉത്തരവ് പ്രകാരം ശമ്പള സ്കെയിൽ പുതുക്കി നൽകിയിരുന്നതിന് ആനുപാതികമായ വർദ്ധനവ് 15-2-2021-ലെ സ.ഉ(അച്ചടി) നമ്പർ 32/21/സഹ. ശമ്പള പരിഷ്കരണ ഉത്തരവിൽ വന്നിട്ടില്ലെന്നും ആയത് പരിഹരിക്കണമെന്നുമാവശ്യപ്പെട്ട് ലഭ്യമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

**കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ**

251(5912) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേപ്പിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നുണ്ട്. ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും കേപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. കേപ്പിൽ 9 എഞ്ചിനീയറിംഗ് കോളേജുകൾ, ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു ഫിനിഷിംഗ് സ്കൂൾ, ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി എന്നിവ പ്രവർത്തിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ 5 പ്രോഗ്രാമുകളിലായി 2850 സീറ്റുകളും എം.ബി.എ.-യ്ക്ക് 120 സീറ്റുകളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.സി.എ.-യ്ക്ക് 60 സീറ്റുകളും എം.ടെക്കിന് 108 സീറ്റുകളുമാണുള്ളത്. വിവിധ കോളേജുകളിലെ വ്യത്യസ്ത പ്രോഗ്രാമുകളിലായി ISO Certification, NBA, NAAC Accreditation എന്നിവ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രോഗ്രാമുകളിൽകൂടി മേൽ അംഗീകാരങ്ങൾ ലഭിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. എഞ്ചിനീയറിംഗ് പഠനത്തിന് ആവശ്യക്കാർ കുറഞ്ഞത് സീറ്റുകൾ ഒഴിഞ്ഞുകിടക്കാൻ കാരണമാകുകയും ഇത് കേപ്പിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, നോൺ-എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾ എന്നിവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡിപ്ലോമ കോഴ്സുകൾ ഇക്കൊല്ലം ആരംഭിച്ചുകഴിഞ്ഞു. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് പരിശീലനം ആരംഭിച്ചു. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽക്കൂടി സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലാണ്. കേപ്പിനെ വൈവിധ്യവത്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) കേപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

അദ്ധ്യാപകർക്ക് സാർവ്വത്രികമായ പരിശീലനം, Faculty Development Programme, ഇന്റർ യൂണിവേഴ്സിറ്റി ഇന്ററാക്ഷൻ, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ എന്നിവ പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനും നടപടി കൈക്കൊള്ളുന്നുണ്ട്. ഈ നടപടികളിലൂടെ അദ്ധ്യാപകരുടെ മികവ് ഉയർത്തിയും വിവിധ ഏജൻസികളുടെ അക്രഡിറ്റേഷനും സർട്ടിഫിക്കേഷനും നേടിയും സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയാണ് ലക്ഷ്യം. കുട്ടികൾ സമർപ്പിക്കുന്ന Teacher Evaluation Report പരിശോധിച്ച് പരിഹരിക്കേണ്ടവ കണ്ടെത്തി അതിൻമേൽ നടപടികൾ കൈക്കൊണ്ടുവരുന്നു. റിസൽട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അദ്ധ്യാപകരുടെ പ്രവർത്തനവും പരിശോധിച്ചുവരുന്നുണ്ട്.

(സി) വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിച്ച് സിവിൽ സർവീസ് ഉൾപ്പെടെയുള്ള പരീക്ഷകളിൽ മെച്ചപ്പെട്ട വിജയം നേടുന്നതിന് കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് പരിശീലനം ആരംഭിച്ചിട്ടുണ്ട്. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽക്കൂടി സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലാണ്.

**സഹകരണ ആശുപത്രികളിലെ ചികിത്സാ സഹായ പദ്ധതി**

252(5913) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ചികിത്സാ സഹായ പദ്ധതികളിൽ സഹകരണ ആശുപത്രികളെ പങ്കാളികളാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ചികിത്സാ സഹായ പദ്ധതികളിൽ സഹകരണ ആശുപത്രികളെക്കൂടി പങ്കാളികളാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മഴക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായം**

253(5914) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വീടും വസ്തുവകകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി വകുപ്പ് സഹായപദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വ്യാപാരസ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി വായ്പാസഹായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ &ബി) സമഗ്ര സഹായ പദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുന്നതാണ്.

**വയനാട് ജില്ലയിലെ കാർഷിക വായ്പയും കിട്ടാക്കടവും**

254(5915) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളിൽനിന്നും അനുവദിച്ച കാർഷിക വായ്പകളിൽ തിരിച്ചടവ് നടക്കാതെ ജപ്തി നടപടി സ്വീകരിക്കുന്നവയുടെ എണ്ണം വ്യക്തമാക്കാമോ?

ജപ്തി നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

(ബി) കാർഷിക വായ്പ നൽകിയ ഇനത്തിൽ പ്രസ്തുത ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് എത്രതുക കിട്ടാക്കടമായി നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ജില്ലയിൽ 27 സഹകരണ ബാങ്കുകളിലായി കാർഷിക വായ്പ നൽകിയ ഇനത്തിൽ 14,36,10,978 രൂപ കിട്ടാക്കടമായി നിലനിൽക്കുന്നുണ്ട്.

## സഹകരണ ബാങ്ക് വായ്പകളിലെ ഇളവ്

255(5916) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുകയും റിസ്ക് ഫണ്ടിലുൾപ്പെടാത്തവരുമായവർ മരണപ്പെട്ടാൽ വായ്പാതുക പലിശ ഉൾപ്പെടെ ഇളവുചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം, ആയതിന് സ്വീകരിച്ച നടപടി എന്നിവ വിശദമാക്കാമോ?

(എ&ബി) സഹകരണബാങ്കുകളിൽനിന്നും വായ്പ എടുക്കുകയും റിസ്ക് ഫണ്ടിൽ ഉൾപ്പെടാത്തവരുമായവർ മരണപ്പെട്ടാൽ വായ്പ തുക പലിശ ഉൾപ്പെടെ പൂർണ്ണമായും ഇളവ് ചെയ്തുനൽകുന്ന പദ്ധതികൾ പരിഗണനയിലില്ല. എന്നാൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/ പൂർണ്ണമായോ വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 219 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 40 അപേക്ഷകൾ ഇളവുകൾ നൽകി തീർപ്പാക്കിയിട്ടുണ്ട്. 179 അപേക്ഷകളിന്മേൽ നിയമാനുസൃതനടപടി സ്വീകരിച്ചു വരുന്നു.

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

256(5917) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ സഹകരണ സ്ഥാപനങ്ങളിലെ റിസ്ക് ഫണ്ടിൽനിന്നുള്ള സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന സഹകരണ ബാങ്ക്/ സംഘങ്ങളിൽനിന്നും ബോർഡിലേയ്ക്ക് 1-4-2016 മുതൽ 31-10-2021 വരെ 217 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും ആയതിൽ 158 അപേക്ഷകളിൽ നടപടി പൂർത്തിയാക്കി ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. 33 അപേക്ഷകൾ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി നിരസിച്ചിട്ടുള്ളതും 26 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിന് ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതുമാണ്.

## മാവേലിക്കര താലൂക്കിലെ റിസ്ക് ഫണ്ട് പദ്ധതി

257(5918) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ 2017 മുതൽ നാളിതുവരെ റിസ്ക് ഫണ്ടിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, ആനുകൂല്യം ലഭിച്ചവരുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ?

മാവേലിക്കര താലൂക്കിൽ 2017 മുതൽ നാളിതുവരെ റിസ്ക് ഫണ്ട് ധനസഹായ ത്തിനായി 262 അപേക്ഷകൾ ബോർഡിൽ ലഭിച്ചിട്ടുണ്ട്. അതിൽ 168 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതാണ്.

(ബി) മാവേലിക്കര താലൂക്കിലെ റിസ്ക് ഫണ്ട് അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മാവേലിക്കര താലൂക്കിൽനിന്നും റിസ്ക് ഫണ്ട് സഹായത്തിനായി 2021 ആഗസ്റ്റ് മാസം വരെ ലഭിച്ച അപേക്ഷകളിന്മേൽ നടപടി പൂർത്തിയാക്കിക്കഴിഞ്ഞു. ബാക്കിയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ ബാങ്ക് ജീവനക്കാർക്ക് ശമ്പളപരിഷ്കരണം

258(5919) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ?

സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) എല്ലാ സഹകരണ ബാങ്കുകളിലും ആയത് നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

എല്ലാ സഹകരണ ബാങ്കുകളിലേയും ശമ്പളം പരിഷ്കരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ ശമ്പള വർദ്ധനവും ശമ്പള കുടിശ്ശികയും വിതരണം ചെയ്യുന്നതിൽ നിയന്ത്രണങ്ങൾ നിലവിലുണ്ടോ; ബാങ്ക് ഭരണ സമിതികൾക്ക് ആയത് നടപ്പിലാക്കാതിരിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണബാങ്കുകളിൽ ശമ്പള പരിഷ്കരണവും ശമ്പള കുടിശ്ശികയും വിതരണം ചെയ്യുന്നതിൽ നിയന്ത്രണങ്ങൾ നിലവിലില്ല. എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതും സാമ്പത്തിക ഭദ്രതയില്ലാത്തതുമായ സംഘങ്ങളെ സംബന്ധിച്ചിടത്തോളം അത്തരം സംഘങ്ങൾക്ക് ഭരണസമിതിയുടെ വ്യക്തമായ കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ശമ്പള പരിഷ്കരണ ഉത്തരവിൽനിന്നോ, ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥയിൽനിന്നോ ഒഴിവ് നൽകുന്നതിന് സഹകരണസംഘം രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ഡി) ശമ്പള വർദ്ധനവ് നടപ്പിലാക്കാത്ത ബാങ്കുകളിൽ സാമ്പത്തിക വർഷാവസാനത്തിലെ ലാഭനഷ്ടക്കണക്ക് തയ്യാറാക്കുമ്പോൾ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ഇനത്തിൽ നൽകാനുള്ള തുക ലാഭത്തിൽനിന്നും കുറച്ച് ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കണമെന്ന് മാർഗ്ഗനിർദ്ദേശത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ?

പ്രത്യേകം മാർഗ്ഗനിർദ്ദേശം നൽകിയിട്ടില്ല.

(ഇ) ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പള കുടിശ്ശിക വൈകിപ്പിക്കുന്ന നടപടി അവസാനിപ്പിക്കാൻ ബാങ്ക് ഭരണസമിതികൾക്ക് നിർദ്ദേശം നൽകുമോ?

സംഘം/ബാങ്കിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കേണ്ടത് അതത് ഭരണസമിതിയാണ്.

**സഹകരണ സ്ഥാപനങ്ങളിലെ പെൻഷൻ**

259(5920) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ പെൻഷൻ ഫണ്ടിൽ അടച്ചതുക വിരമിച്ചതിനുശേഷം പെൻഷൻ പദ്ധതി ചട്ടപ്രകാരം ആരുടെ പേരിലാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേരിൽ സഹകരണ പെൻഷൻ പദ്ധതിപ്രകാരം പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുന്ന തുക കണക്കാക്കിയാണ് പെൻഷൻ നൽകുന്നത്.

(ബി) നഷ്ടത്തിലാവുകയും പൂട്ടപ്പെടുകയും ചെയ്ത സംഘത്തിൽനിന്ന് വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം സംഘങ്ങളിൽ ജോലി ചെയ്ത കാലയളവിൽ പെൻഷൻ വിഹിതം അടച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കാത്ത വിഷയം പരിശോധിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി &സി) സംഘം നഷ്ടത്തിലാവുകയോ പൂട്ടുകയോ ചെയ്ത് മുഴുവൻ ഫണ്ട് അടയ്ക്കാൻ സാധിക്കാതെ വന്നാൽ അടവാക്കിയ ഫണ്ടിന് ആനുപാതിക പെൻഷൻ അനുവദിക്കുന്നതിന് സ്കീമിൽ വ്യവസ്ഥയുണ്ട്. എന്നാൽ അടച്ചുപൂട്ടിയ സംഘങ്ങൾ ലിക്വിഡേഷൻ നടപടിയിലാണെങ്കിൽ സർക്കാരിന്റെ ബാധ്യതകൾ തീർത്തശേഷം മിച്ചമുള്ള തുക മാത്രമേ ജീവനക്കാരന്റെ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിക്കാറുള്ളൂ. പരാതികൾ നിലവിലെ വ്യവസ്ഥകൾപ്രകാരം പരിശോധിക്കുന്നതാണ്.

**കൊണ്ടോട്ടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്**

260(5921) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർക്ക് കോഴിക്കോട് വിമാനത്താവളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ മേൽനോട്ടച്ചുമതല നൽകിയത് കാരണം ഓഫീസ് ജോലികൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പ്രസ്തുത ജോലിത്തിരക്ക് കാരണം സഹകരണ സംഘങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാകാത്തതിനാൽ പ്രസ്തുത ആവശ്യത്തിന് കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർക്ക് ചുമതലയുണ്ടായിരുന്ന കോഴിക്കോട് വിമാനത്താവളത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 13-10-2021-ന് അവസാനിച്ചിട്ടുണ്ട്.

**വർക്കല ഹരിഹരപുരം കായൽ ടൂറിസം പദ്ധതി**

261(5922) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഹരിഹരപുരം കായൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി ടൂർഫെഡ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

കായൽ ടൂറിസം വികസിപ്പിക്കുന്നതിന് ടൂർഫെഡ് കേരളത്തിന്റെ വിവിധ ജില്ലകളിൽ സർവ്വേ നടത്തുകയും തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ ഹരിഹരപുരം എന്ന സ്ഥലം കായൽ ടൂറിസം നടപ്പിലാക്കാൻ ഉചിതമാണെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി പ്രദേശത്തെ രൂപരേഖ തയ്യാറാക്കി വിശദമായ പരിശോധനയ്ക്കുശേഷം മേൽനടപടി സ്വീകരിക്കുന്നതാണ്.

(ബി) ടൂർഫെഡ് നടപ്പിലാക്കിവരുന്ന ടൂർ പാക്കേജുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വൺ ഡേ വണ്ടർ പാക്കേജ്, അറേബ്യൻ സീ പാക്കേജ്, അനന്തവിസ്മയം പാക്കേജ്, ഹൗസ് ബോട്ട് പാക്കേജ്, മൺറോ-ജഡായു പാക്കേജ്, ഗവി-വാഗമൺ പാക്കേജ്, നീലക്കുറിഞ്ഞി പാക്കേജ്, മൂന്നാർ പാക്കേജ്, ബാംഗ്ലൂർ-മൈസൂർ പാക്കേജ്, ഗോവ പാക്കേജ്, ഡൽഹി-ആഗ്ര-കുളു-മണാലി-പാക്കേജ്, മുംബൈ-പൂനെ പാക്കേജ്, ആൻഡമാൻ പാക്കേജ്, തായ്‌ലാൻഡ് പാക്കേജ്, സിങ്കപ്പൂർ പാക്കേജ്, ദുബായ് പാക്കേജ്, റഷ്യ പാക്കേജ്, തീർത്ഥാടന പാക്കേജുകൾ (മൂകാംബിക, ആഴിമല-ചെങ്കൽ, ഗുരുവായൂർ തുടങ്ങിയവ) എന്നിവയാണ് ടൂർഫെഡ് നടപ്പിലാക്കിവരുന്ന ടൂർ പാക്കേജുകൾ.

## സഹകരണ അർബൻ ബാങ്കുകളിലെ ആഡിറ്റ് നിയന്ത്രണം

262(5923) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്കുകളുടെ ആഡിറ്റ് സഹകരണ വകുപ്പ് ആഡിറ്റർമാരെ ഉപയോഗിച്ച് നടത്തുന്നതിന് ആർ.ബി.ഐ. ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) അർബൻ ബാങ്കുകളിൽ സഹകരണ വകുപ്പ് ആഡിറ്റ് നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) അർബൻ ബാങ്കുകളിൽ നിലവിലുള്ള സഹകരണ വകുപ്പ് ആഡിറ്റ് തുടരുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം?

( എ-സി) ബാങ്കിംഗ് റെഗുലേഷൻ ഭേദഗതി ആക്ടിലെ സെക്ഷൻ 30 (1 എ) അനുസരിച്ച് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മുൻകൂർ അനുമതിയോടെ മാത്രമേ അർബൻ സഹകരണ ബാങ്കുകൾക്ക് ആഡിറ്റർമാരെ നിയമിക്കാൻ സാധിക്കുകയുള്ളൂ എന്ന ആർ.ബി.ഐ. നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കൺകറന്റ് ആഡിറ്റ് തസ്തിക തുടരേണ്ടതില്ലെന്ന് ബാങ്കുകൾ തീരുമാനമെടുത്തിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് 30(1) അനുസരിച്ച് കമ്പനി ആഡിറ്റ് നിർവ്വഹിക്കുന്നതിന് യോഗ്യരായ ആഡിറ്റർ മാർക്ക് മാത്രമേ അർബൻ ബാങ്ക് ആഡിറ്റ് നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) സംസ്ഥാനത്ത് ആർ.ബി.ഐ. നിയന്ത്രണത്തിലുള്ള എത്ര അർബൻ സഹകരണ ബാങ്കുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

60 സഹകരണ അർബൻ ബാങ്കുകളുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത ബാങ്കുകളിൽ 31-3-2019-ൽ അസിസ്റ്റന്റ് ഡയറക്ടർ, ജൂനിയർ ആഡിറ്റർ, സീനിയർ ആഡിറ്റർ, സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ എന്നീ വിഭാഗങ്ങളിലായി എത്ര സഹകരണ വകുപ്പ് ആഡിറ്റർമാർ ഉണ്ടായിരുന്നു; ഇനം തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിലെ ആർ.ബി.ഐ. നിയന്ത്രണത്തിലുള്ള സഹകരണ അർബൻ ബാങ്കുകളിൽ 31-3-2019-ൽ 75 സഹകരണ വകുപ്പ് ആഡിറ്റർമാർ ഉണ്ടായിരുന്നു.

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയക്ടർ | - | 25 |
| സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | - | 5 |
| സീനിയർ ആഡിറ്റർ | - | 24 |
| ജൂനിയർ ആഡിറ്റർ | - | 21 |
| ആകെ | | 75 |

(എഫ്) പ്രസ്തുത ബാങ്കുകളിൽ മേൽസൂചിപ്പിച്ച വിഭാഗങ്ങളിലായി 30-9-2021-ൽ എത്ര സഹകരണ വകുപ്പ് ആഡിറ്റർമാർ ഉണ്ടായിരുന്നു; ഇനം തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിലെ ആർ.ബി.ഐ. നിയന്ത്രണത്തിലുള്ള സഹകരണ അർബൻ ബാങ്കുകളിൽ 30-9-2021-ൽ 5 സഹകരണ വകുപ്പ് ആഡിറ്റർമാർ ഉണ്ടായിരുന്നു.

| | | |
|---|---|---|
| സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | - | 1 |
| സീനിയർ ആഡിറ്റർ | - | 2 |
| ജൂനിയർ ആഡിറ്റർ | - | 2 |
| ആകെ | - | 5 |

**സഹകരണ ബാങ്കുകളെയും സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കാൻ ഉത്തേജക പാക്കേജ്**

263(5924) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എത്ര സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളുമുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ റിസർവ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസോടെ പ്രവർത്തിക്കുന്ന കേരള ബാങ്ക്, 59 അർബൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് (മലപ്പുറം) ഉൾപ്പെടെ 61 ബാങ്കുകളുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.* സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ 16051 സഹകരണ സംഘങ്ങളുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ചേർക്കുന്നു.*

(ബി) ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനം നിലച്ചുപോയവ എത്ര; പുതുതായി രൂപീകരിക്കപ്പെട്ടവ എത്ര; വ്യക്തമാക്കാമോ?

ഇവയിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പ്രവർത്തനം നിലച്ചുപോയ സഹകരണ സംഘങ്ങളുടെ എണ്ണം 13- ഉം പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങളുടെ എണ്ണം 78-ഉം ആണ്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കാൻ ഉത്തേജക പാക്കേജിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംഘങ്ങളിൽനിന്നും ലഭിക്കുന്ന Viable projects-ന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സഹകരണ സംഘങ്ങളെയും നവീകരിക്കുന്നതിനായി " നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണം" എന്ന പുതിയ ധനസഹായ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതാണ്.

## സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതി

264(5925) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിൽ സാമ്പത്തികമായി പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംഘങ്ങളിൽനിന്നും ലഭിക്കുന്ന viable projects-ന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സഹകരണ സംഘങ്ങളെയും നവീകരിക്കുന്നതിനായി "നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണം" എന്ന പുതിയ ധനസഹായപദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സഹകരണ വകുപ്പ് ജനറൽ വിഭാഗം പുനഃസംഘടന**

265(5926) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന വ്യാപ്തിയും എണ്ണത്തിലുള്ള വർദ്ധനവും കണക്കിലെടുത്ത് സഹകരണ വകുപ്പ് ജനറൽ വിഭാഗം പുനഃസംഘടന ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുരീതിയിലാണ് പുനഃസംഘടന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ& ബി) ഈ വിഷയത്തിൽ വിശദമായ പഠനം ആവശ്യമാണ്. അതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ സഹകരണസംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിമുക്തഭടന്റെ ആധാരം തിരികെ ലഭിക്കുന്നതിന് നടപടി**

266(5927) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളത്തെ കേരള സ്റ്റേറ്റ് ഡിഫൻസ് സർവീസ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4343 -ൽനിന്നും 2014-ൽ ലോൺ എടുത്ത് 2019-ൽ ക്ലോസ് ചെയ്ത കൊച്ചി താലൂക്ക് കുമ്പളങ്ങി വില്ലേജ് ചക്കാലക്കൽ വീട്ടിൽ പത്മനാഭൻ മകൻ സി. പി. പൊന്നപ്പൻ വസ്തുവിന്റെ ആധാരം തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രീ. സി. പി. പൊന്നപ്പൻ നൽകിയ പരാതി പരിശോധിച്ച് ടിയാനെ നേരിൽ കേൾക്കുന്നതിനും പരാതിയിന്മേൽ സത്വര നടപടി സ്വീകരിക്കുന്നതിനും ടിയാന് മറുപടി നൽകുന്നതിനും എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് നിർദ്ദേശം നൽകിയിരുന്നു. ശ്രീ. സി. പി. പൊന്നപ്പൻ ടി വായ്പ അടച്ച് തീർപ്പാക്കിയതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടിയാന്റെ ഈട് ആധാരങ്ങളും അനുബന്ധങ്ങളും തിരിച്ച് നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ടി സംഘത്തിനും കേരള ബാങ്കിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

267(5928) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമിക്ക് ന്യായവില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ ഭൂമിയുടെ നിലവിലുള്ള ന്യായവില നിരക്കുകൾ 1-4-2010-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. തുടർന്ന് 14-11-2014-ലെ ജി.ഒ(പി) 188/2014/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ ന്യായവിലയുടെ 50% വർദ്ധനവും 31-3-2018-ലെ ജി.ഒ(പി) 43/2018/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 30-4-2019-ലെ ജി.ഒ(പി) 70/2019/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 31-3-2020-ലെ ജി.ഒ(പി)47/2020/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10% വർദ്ധനവുംകൂടി വരുത്തിയിട്ടുണ്ട്. ഭൂമിയിൽ യഥാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ പരിഗണിച്ചും റവന്യൂ നഷ്ടം വരാതെയും ജനങ്ങളിൽ അധികബാധ്യത വരുത്താതെയും സർക്കാർ നിർണ്ണയിക്കുന്ന ഭൂമിയുടെ യഥാർത്ഥ വില പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ന്യായവില. ആയത് കണക്കാക്കുന്നത് ഭൂമിയുടെ എല്ലാ നൽപ്പ, നിൽപ്പ സാഹചര്യങ്ങളും പരിഗണിച്ചാണ്. പുതുതായി ന്യായവില നിർണ്ണയിച്ചുകിട്ടുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ കേരള മുദ്രപത്ര നിയമം 1959 വകുപ്പ് 28 എ, കേരളാ സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർവാല്യു ഓഫ് ലാൻഡ്) റൂൾസ്, 1995 എന്നിവ പ്രകാരം വില്ലേജ് ഓഫീസറുടെയും തഹസിൽദാരുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർ ന്യായവില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് ഫോറം 'എ' ഷെഡ്യൂൾ പ്രകാരം സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു.

(ബി) ന്യായവില നിർണ്ണയം നടത്തുന്ന വകുപ്പ് ഏതെന്ന് വ്യക്തമാക്കുമോ; ന്യായവില നിർണ്ണയത്തിലെ അപാകത കാരണം ചില സ്ഥലങ്ങളിൽ ഭൂമിക്ക് വില കൂടുതലും സമാന സ്ഥിതിയിലുള്ള മറ്റ് സ്ഥലങ്ങളിൽ വില കുറവും രേഖപ്പെടുത്തി യിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലാൻഡ് റവന്യൂ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന റവന്യൂ ഡിവിഷണൽ ഓഫീസർമാരാണ് സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നത്. ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിൽ ചില അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## തിരുവിതാംകൂർ-കൊച്ചി സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കോംമ്പൗണ്ടിംഗ് പദ്ധതി

268(5929) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചി സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നടപ്പാക്കിയിരുന്ന കോംമ്പൗണ്ടിംഗ് പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ വാർഷിക റിട്ടേണുകൾ, മുടക്കം വന്ന ഓരോ വർഷത്തിനും 500 രൂപ നിരക്കിൽ പിഴയൊടുക്കി ഫയൽ ചെയ്യാവുന്ന കോമ്പൗണ്ടിംഗ് പദ്ധതിയുടെ കാലാവധി, 30-9-2021-ലെ ജി.ഒ (പി) നമ്പർ 86/2021/ടാക്സസ് ഉത്തരവ് പ്രകാരം 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ**

269(5930) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രജിസ്ട്രേഷനുള്ള കാലതാമസം എന്താണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണനിയമത്തിന് വിധേയമായി സമർപ്പിക്കുന്ന അപേക്ഷകൾ ആയത് ലഭ്യമായി 90 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണെന്ന് സഹകരണനിയമം വകുപ്പ് 7 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ രജിസ്ട്രേഷനിൽ കാലതാമസമുണ്ടാകുന്നില്ല. രജിസ്ട്രേഷനായി നിയമാനുസരണം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നാണ് സർക്കാർ നയം.

(ബി) കോവിഡ്മൂലം ജോലി നഷ്ടപ്പെട്ട പ്രവാസികൾ രൂപീകരിച്ച സഹകരണ സംഘങ്ങൾ ഉൾപ്പെടെ നിരവധി സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണനിയമത്തിനും ചട്ടങ്ങൾക്കും അനുസൃതമായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

**രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണം**

270(5931) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തികവർഷം കെട്ടിടനിർമ്മാണത്തിന് രജിസ്ട്രേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുള്ള രജിസ്ട്രാർ ഓഫീസുകൾ ഏതൊക്കെയെന്നതിന്റെ തുകയടക്കം നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

2021-22 സാമ്പത്തികവർഷം രജിസ്ട്രേഷൻ വകുപ്പിന്റെ ശീർഷകത്തിൽ കെട്ടിടനിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പ് ശീർഷകമായ 4059-01-051-95- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനുമെന്ന ശീർഷകത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| മണ്ഡലം | സബ്രജിസ്ട്രാർ ഓഫീസ് | തുക |
|---|---|---|
| (1) | (2) | (3) |
| കോവളം | പൂവാർ സബ്രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം | ₹12,37,000 |
| കാട്ടാക്കട | മലയിൻകീഴ് സബ്രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം | ₹13,98,000 |
| നെടുമങ്ങാട് | കന്യാകുളങ്ങര സബ്രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം | ₹4,57,000 |
| ചാത്തന്നൂർ | ആദിച്ചനല്ലൂർ (കൊട്ടിയം) സബ്രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം | ₹5,38,000 |
| പുനലൂർ | കുളത്തൂപ്പുഴ സബ്രജിസ്ട്രാർ ഓഫീസ് | ₹5,92,000 |
| കൊട്ടാരക്കര | അഡീഷണൽ സബ്രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടനിർമ്മാണം | ₹12,91,000 |
| മട്ടന്നൂർ | മട്ടന്നൂർ സബ്രജിസ്ട്രാർ ഓഫീസ് നിർമ്മാണം | ₹2,69,000 |
| നെൻമാറ | കൊല്ലങ്കോട് സബ്രജിസ്ട്രി നിർമ്മാണം | ₹4,87,000 |
| പാലക്കാട് | ഒലവക്കോട് സബ്രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം | ₹2,66,000 |
| നെൻമാറ | നെൻമാറ സബ്രജിസ്ട്രാർ ഓഫീസ് അഡീഷണൽ ബ്ലോക്ക് നിർമ്മാണം | ₹1,77,000 |

| (1) | (2) | (3) |
|---|---|---|
| തരൂർ | വടക്കഞ്ചേരി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം | ₹5,53,000 |
| പാലാ | പാലാ മീനച്ചിൽ സബ്‌രജിസ്ട്രാർ ഓഫീസ് നിർമ്മാണം | ₹19,36,000 |
| കൊല്ലം | കൊല്ലം രജിസ്ട്രാർ ഓഫീസിൽ കോൺഫറൻസ് ഹാളും സ്റ്റോറും നിർമ്മാണം | ₹6,45,000 |
| കൊല്ലം | കൊല്ലം രജിസ്ട്രാർ ഓഫീസിലെ രണ്ടുനില കെട്ടിടത്തിന്റെ സ്റ്റോറിന്റെയും കോൺഫറൻസ് ഹാളിന്റെയും നിർമ്മാണം | ₹15,06,000 |
| പിറവം | കൂത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിനു വേണ്ടി ട്രെയിനിംഗ് സെന്റർ | ₹32,24,000 |
| തലശ്ശേരി | തലശ്ശേരി ജില്ലാ രജിസ്ട്രാർ ഓഫീസിൽ കോൺഫറൻസ് ഹാൾ നിർമ്മാണം | ₹54,000 |
| ഇരിക്കൂർ | ഉളിക്കൽ സബ്‌രജിസ്ട്രാർ ഓഫീസിൽ പ്രത്യേക അറ്റകുറ്റപ്പണി | ₹5,38,000 |
| ചടയമംഗലം | ചിതറ സബ്‌രജിസ്ട്രാർ ഓഫീസ് നിർമ്മാണം | ₹6,64,000 |
| കണ്ണൂർ | കണ്ണൂർ സബ്‌രജിസ്ട്രാർ ഓഫീസിന് കക്ഷിപ്പുര നിർമ്മാണം | ₹2,10,000 |

**മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം**

271(5932) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏകദേശം എത്രതുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഏതെല്ലാം രീതിയിൽ തുക വകയിരുത്താൻ കഴിയുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കായി 23,00,000 ഇരുപത്തിമൂന്ന് ലക്ഷം) രൂപകൂടി ആവശ്യമാണെന്ന് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (കെട്ടിടവിഭാഗം) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം**

272(5933) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലം സബ്‌രജിസ്ട്രാർ ഓഫീസിന്റെ പെയിന്റിംഗ്, ഫ്ലോറിംഗ്, ജനാല, വാതിലുകൾ, ചുറ്റുമതിലുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണ ജോലികൾ, ശുചിമുറികളുടെ ജോലികൾ, പ്രധാന ഗേറ്റിന്റെ ജോലികൾ എന്നിവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത രജിസ്ട്രേഷൻ കോംപ്ലക്സിൽ നടപ്പിലാക്കുന്ന സൗകര്യങ്ങൾ വ്യക്തമാക്കുമോ; ഇതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

വാഹനപാർക്കിംഗ് സൗകര്യം, റാമ്പ്, ശുചിമുറികൾ, വെയിറ്റിംഗ് റൂം മുതലായവ പൊതുജനങ്ങൾക്കായി ഒരുക്കുന്ന സൗകര്യങ്ങളാണ്. ഇവയിൽ റാമ്പ്, വെയിറ്റിംഗ് റൂം എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണം 2021 നവംബർ 24-നുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവമ്പാടി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം**

273(5934) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി സബ്‌രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ആയതിന് നടപടി സ്വീകരിക്കുമോ?

(എ &ബി) തിരുവമ്പാടി സബ്‌രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പരപ്പനങ്ങാടി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം**

274(5935) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉദ്ഘാടനം നിർവ്വഹിച്ചതാരാണെന്നും എന്നാണെന്നും അറിയിക്കാമോ?

ഉണ്ട്. 15-7-2019-ന് മുൻ എം.എൽ.എ. ശ്രീ. പി. കെ. അബ്ദുറബ്ബ് നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ല. മണ്ണ് പരിശോധനയിൽ മണ്ണിന് ബലക്ഷയമുണ്ടെന്ന് കണ്ടെത്തിയതിനാൽ പൈലിംഗ് ചെയ്ത് ഫൗണ്ടേഷൻ നിർമ്മിക്കേണ്ടതുണ്ട്. ആയതിനാൽ റീ ടെൻഡർ വിളിക്കുന്നതിന് പുതുക്കിയ 2018-ലെ ഡി.എസ്.ആർ. നിരക്കുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി റ്റി.എസ്. കമ്മിറ്റിയുടെയും കിഫ്ബിയുടെയും അനുമതിക്കായി സമർപ്പിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

**ആധാരം എഴുത്തുകാർക്കും സ്റ്റാമ്പ് വെണ്ടർമാർക്കും പകർപ്പെഴുത്തുകാർക്കും പെൻഷൻ**

275(5936) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം എഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ, പകർപ്പെഴുത്തുകാർ എന്നിവർക്ക് ക്ഷേമനിധി പദ്ധതിയിൽനിന്നും പെൻഷൻ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര പേർക്കാണ് പെൻഷൻ വിതരണം ചെയ്യുന്നത്?

പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ എന്നീ ഇനങ്ങളിലായി ആകെ 56 പേർക്ക് പെൻഷൻ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പെൻഷൻ:

ക്ഷേമനിധി പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ക്ഷേമനിധിയിൽ അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരു അംഗം തൊഴിൽ അവസാനിപ്പിച്ചാൽ അദ്ദേഹത്തിന് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

പ്രത്യേക പെൻഷൻ:

ക്ഷേമനിധി ആക്ടിന്റെ പ്രാരംഭ തീയതിക്കുമുൻപ് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയായിട്ടുള്ളതും ഇരുപത്തിയഞ്ച് വർഷത്തിൽ കുറയാതെ ആധാരമെഴുത്തുകാരനോ പകർപ്പെഴുത്തുകാരനോ സ്റ്റാമ്പ് വെണ്ടറോ ആയിരുന്നതുമായ ഒരാളിന് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അംഗമായി ഒരുവർഷക്കാലം അംശാദായം അടച്ചാൽ പ്രത്യേക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

കുടുംബ പെൻഷൻ:

പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗം മരിച്ചു പോയാൽ അയാളുടെ ആശ്രിതന് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## ഇലക്ട്രോണിക് രൂപത്തിലുള്ള വിരൽ പതിപ്പ് എടുത്ത് പതിപ്പിക്കുന്ന സംവിധാനം

276(5937) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് ആധാരം എഴുതിക്കൊടുക്കുന്ന കക്ഷികളുടെ ഫോട്ടോയും മറ്റും ഓഫീസിൽവച്ചുതന്നെ എടുക്കുകയും ഇലക്ട്രോണിക് രൂപത്തിലുള്ള വിരൽ പതിപ്പ് എടുത്ത് പതിപ്പിക്കുന്ന സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാമോ?

പരിഗണനയിലുണ്ട്. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതവൽകരിക്കുന്നതിന്റെ ഭാഗമായി 12-9-2021-ലെ GO(Rt) No.618/2021 നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സൗകര്യം നടപ്പിലാക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന കക്ഷികളുടെ വിരൽപ്പതിപ്പ് ഇലക്ട്രോണിക് ഉപകരണത്തിന്റെ സഹായത്താൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയശേഷം ആധാരത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഭാഗമായുള്ള പുറത്തെഴുത്തിൽ ഫോട്ടോയും വിരൽപ്പതിപ്പും പ്രിന്റ് ചെയ്തുവരുന്ന രീതിയാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.

## ആധാരം എഴുത്തുകാരുടെ ക്ഷേമനിധി

277(5938) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരം എഴുത്തുകാരുടെ ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതം അടയ്ക്കാത്തതുകാരണം നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭിക്കുന്നതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായതുകയുടെ 10% ബോണസും മൊത്തം അല്ലെങ്കിൽ ജീവനക്കാരുടെ ബോണസും അവധി പണമാക്കുന്നതുൾപ്പെടെ, എന്നാൽ യാത്രാബത്ത ഒഴികെ

ക്ഷേമനിധിയുടെ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ള ശമ്പളത്തിന്റെയും ബത്തകളുടെയും ഹെഡ്ഡിൽനിന്നും വഹിക്കേണ്ടതായ ചെലവുകൾ, ഇതിൽ ഏതാണോ കുറവ്, അത് സർക്കാർ അംശദായമായി നൽകേണ്ടതാണെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ക്ഷേമനിധിയിലെ അംഗങ്ങൾക്കും വിരമിച്ചവർക്കും ഗുണകരമാകത്തക്ക രീതിയിൽ നിരവധി ആനുകൂല്യങ്ങളും നിലവിൽ അനുവദിച്ചുവരുന്നുണ്ട്. ചികിത്സാ സഹായം, വിരമിക്കൽ ആനുകൂല്യം, മരണാനന്തരാനുകൂല്യം, വിവാഹധനസഹായം, പ്രസവാനുകൂല്യം, ഓണക്കാല ഉത്സവബത്ത, ദുരിതകാല പ്രത്യേക സഹായം, വിദ്യാഭ്യാസ അവാർഡ്, പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളാണ് അനുവദിച്ചുവരുന്നത്.

(ബി) ക്ഷേമനിധിയിൽ അംഗത്വമുള്ളവർ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും കാലതാമസം കൂടാതെ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ക്ഷേമനിധിയിൽ അംഗത്വമുള്ളവർ മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനികൾക്കോ അവകാശികൾക്കോ മരണാനന്തരാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. തുടക്കത്തിൽ ഒരു ലക്ഷം രൂപയായിരുന്ന ആനുകൂല്യം 1-7-2017 പ്രാബല്യത്തിൽ രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തുക വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ആനുകൂല്യത്തിനായി ക്രമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ അനുവദിച്ചുവരുന്നുണ്ട്.

(സി) കോവിഡ്മൂലവും മറ്റ് വ്യത്യസ്ത കാരണങ്ങൾകൊണ്ടും വരിസംഖ്യ അടയ്ക്കാനും അംഗത്വം പുതുക്കാനും സാധിക്കാത്തതിനാൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത ക്ഷേമനിധി അംഗങ്ങൾക്ക് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

അംഗത്വം നഷ്ടപ്പെട്ട ഒരംഗത്തിന് പരമാവധി ഒരുവർഷത്തിനുള്ളിൽ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. ഈ പരിധിക്കുപുറത്തുള്ള കേസ്സുകളിൽ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5697,5704,5739 എന്നിവയുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

**10.00 AM]**

## II അടിയന്തരപ്രമേയം

തമിഴ്നാടിന് മരം മുറിക്കാൻ അനുമതി

മി. സ്പീക്കർ: പുതിയ ഡാം പണിയാതെ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 152 അടി ആക്കുന്നതിന് ബേബി ഡാം അടക്കമുള്ളവ ബലപ്പെടുത്തണമെന്ന തമിഴ്നാടിന്റെ ആവശ്യത്തിന് വഴങ്ങി ഡാം പ്രദേശത്തെ മരങ്ങൾ മുറിക്കാൻ തമിഴ്നാടിന് അനുമതി നൽകിയതുമൂലം കേരളത്തിലെ ജനങ്ങൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ വിഷയം അടിയന്തരപ്രമേയമായും സബ്മിഷനായും ശ്രദ്ധ ക്ഷണിക്കലായും അടിയന്തര ചോദ്യമായുമൊക്കെ ഇതേ സമ്മേളനത്തിൽത്തന്നെ ഉന്നയിക്കപ്പെട്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇത് ആദ്യത്തെ സബ്മിഷനായി അനുവദിക്കാവുന്നതാണ്; അതല്ലേ നല്ലത്?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ചെയർ അറിയേണ്ടത്, അന്നൊന്നും ഉന്നയിച്ച വിഷയങ്ങളല്ല ഇതിലുള്ളത്. ഏറ്റവും പുതിയതായി ഉണ്ടായിരിക്കുന്ന, വളരെ ഗുരുതരമായ ഒരു വിഷയമാണിത്. ഇത് റൂൾ 50 പ്രകാരംതന്നെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. അതുകൊണ്ടാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് സഹകരിച്ചാൽ... സഭയുടെ സമയം ...

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളിത് ചുരുക്കിപ്പറയാം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ, ഈ വിഷയം പലവട്ടം നിയമസഭയിൽ ചർച്ച ചെയ്തതാണ്. എന്നാലും അവതരണാനുമതി നൽകിയ സാഹചര്യത്തിൽ സർക്കാർ നിലപാട് ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. മുല്ലപ്പെരിയാർ ഡാമിന് സമീപമുള്ള ബേബി ഡാമിന്റെ പരിസരത്ത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി മരംമുറിക്കാൻ അനുമതി നൽകിയതുമൂലം ജനങ്ങൾക്ക് ആശങ്കയും അരക്ഷിതാബോധവും ഉണ്ടായിട്ടുണ്ടെന്നാണ് അടിയന്തരപ്രമേയത്തിന് കാരണമായി ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ബേബി ഡാമിന്റെ പരിസരത്തെ 23 മരങ്ങൾ മുറിക്കാനായി തമിഴ്നാട് ജലവിഭവ വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടു

ണ്ടായിരുന്നു. Principal Chief Conservator of Forest and Chief Wildlife Warden 15 മരങ്ങൾ മുറിക്കാൻ അനുമതി നൽകി 2021 നവംബർ 5-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള കാര്യം ശരിയാണ്. സർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യം വരുന്നത് നവംബർ മാസം 6-ാം തീയതിയാണ്. ഉടൻതന്നെ ജാഗ്രതയോടു കൂടിയുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. Principal Chief Conservator of Forest and Chief Wildlife Warden-ന്റെ മേൽപ്പറഞ്ഞ ഉത്തരവ് 7-ാം തീയതി ഞായറാഴ്ച അവധി ദിവസമായിരുന്നിട്ടുകൂടി മരവിപ്പിച്ചുകൊണ്ട് വനംവകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് അവധി ദിവസമാണോ അല്ലയോ എന്നൊന്നും നോക്കാതെ സർക്കാർ നടപടി സ്വീകരിച്ചത്. മുല്ലപ്പെരിയാർ വിഷയം പലവട്ടം ചർച്ച ചെയ്തപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ സ്വീകരിച്ച നിലപാട് എല്ലാവരും ഓർക്കുന്നുണ്ടായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ആ നിലപാട് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിന് സുരക്ഷയും തമിഴ്നാടിന് ജലവും എന്നുതന്നെയാണ് സഭ അംഗീകരിച്ച നിലപാട്. ആ നിലപാടിൽനിന്ന് മാറ്റം വരുന്ന ഒരു കാര്യവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകാൻ അനുവദിക്കുകയില്ലെന്ന കാര്യം ഇവിടെ അറിയിക്കുകയാണ്. ഈ പ്രമേയങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളുന്ന വിധത്തിൽത്തന്നെയാണ് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ നിലപാട് സ്വീകരിച്ചിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല; ഉണ്ടാവുകയുമില്ല. സംസ്ഥാന താല്പര്യത്തിന് വിരുദ്ധമായി നിലവിൽ സുപ്രീംകോടതിയിൽ ഹിയറിംഗിനുള്ള കേസ്സിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് ശക്തമായി അവതരിപ്പിക്കുന്ന രീതിയിൽ നോട്ടും മറുപടി സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. മറുപടി സത്യവാങ്മൂലത്തിലെ ഖണ്ഡിക 17-ൽ തമിഴ്നാടിന്റെ മരം മുറിക്കാനുള്ള ആവശ്യം പരിഗണിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എടുത്തുപറഞ്ഞിട്ടുണ്ട്. കടുവാ സങ്കേതത്തിന്റെ ഭാഗമായി മരം മുറിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അനുവാദവും ആവശ്യമാണ്. ഇതിനുപുറമെ, 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള അനുമതിയും ആവശ്യമാണ്. തമിഴ്നാട് ഈ അനുമതി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ആവശ്യം പരിഗണിക്കാനാവില്ലെന്ന മറുപടിയാണ് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയത്. ഇതിൽ താഴെപ്പറയും പ്രകാരമാണ് ഞങ്ങൾ നിലപാട് സ്വീകരിച്ചിട്ടുള്ളത്. "........The cutting of trees from the Tiger Reserve which is a part of the sanctuary is subject to grant of clearance by the Ministry of Environment and Forests, Government of India and other statutory authorities concerned. Tamil Nadu has to obtain approval from Standing Committee of National Board of Wild Life clearance and Environmental clearance in addition to Forest clearance under the Forest Conservation Act 1980, for diversion of forest land. The proposal was submitted by the User Agency without providing required

details of wildlife clearance and without rectifying the defects". Xxx xxx xxx xxx* ഇക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനാണ് നവംബർ 5-ാം തീയതി പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിച്ചുകൊണ്ടുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സ്വീകരിച്ച നിലപാടിന് അനുസൃതമല്ലാത്ത ഒരുത്തരവ് ഏത് ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ചാലും നിലനിൽക്കുന്നതല്ലെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 2021 നവംബർ 5-ാം തീയതിയിലെ ഉത്തരവ് മരവിപ്പിച്ചിരിക്കുകയാണ്. ഇത് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യവും ആവശ്യമായ കേന്ദ്രസർക്കാർ അനുമതികളുമുണ്ടോയെന്ന് വിശദമായും സമയബന്ധിതമായും സർക്കാർ പരിശോധിക്കുന്നതാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയിൽ കോട്ടം വരുത്തുന്നതും കേരളത്തിന്റെ സുരക്ഷയ്ക്ക് ഭംഗം വരുത്തുന്നതുമായ ഒരു നിലപാടും സർക്കാർ സ്വീകരിച്ചിട്ടില്ലെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ 2006-ലും 2014-ലും രണ്ട് കേസ്സുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതി തീർപ്പാക്കിയിട്ടുണ്ട്. രണ്ട് വിധിയും വന്നത് വർഷം സൂചിപ്പിച്ചതിലൂടെ ഏത് കാലയളവിലാണെന്ന് നമുക്കെല്ലാവർക്കും മനസ്സിലായിക്കാണുമെന്ന് ഞാൻ വിചാരിക്കുകയാണ്. 2006-ലെ വിധിയിലാണ് മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടിവരെ ഉയർത്താമെന്നവാദം ഡാം സുരക്ഷ പരിശോധിച്ചശേഷം വിദഗ്ദ്ധരുടെ അഭിപ്രായംതേടി 152 അടി ആക്കാമെന്ന് സുപ്രീംകോടതി വിധിച്ചത്. കേരളം നിലവിലെ കേസിലും പുതിയ ഡാം പണിയണമെന്ന കാര്യത്തിലും ഉറച്ചുനിൽക്കുകയാണ്. ഭൂചലന മേഖലയിലുള്ളതും 126 വർഷം പഴക്കമുള്ളതുമായ ഇപ്പോഴുള്ള ഡാം മതിയായ സുരക്ഷ നൽകുന്നില്ലെന്ന ആശങ്ക സംസ്ഥാനം സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. 136 അടിക്കുമുകളിൽ ജലനിരപ്പ് ഉയരുമ്പോൾ ക്രമാതീതമായി ഡാമിനുണ്ടാകുന്ന മർദ്ദത്തെക്കുറിച്ചും സർക്കാർ സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലപാട് മേൽപ്പറഞ്ഞ വസ്തുതകളിൽനിന്നും വ്യക്തമാണ്. ഇത്രയേറെ ഫലപ്രദമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് മുമ്പ് ചർച്ച ചെയ്ത വിഷയങ്ങളിലേയ്ക്ക് പോകാതെ പുതുതായി ഉന്നയിക്കുന്ന പ്രശ്നങ്ങളിൽമാത്രം ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതിനോട് യോജിച്ചുകൊണ്ട് ഒരു വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. കേരളത്തിലെ ഒരു വിഭാഗത്തിൽപ്പെട്ട ജനങ്ങളെ മുഴുവൻ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണിത്. സഭയുടെ മുഴുവൻ കണക്കുകൾ പരിശോധിച്ച് നോക്കിയാൽ ഈ വിഷയം നിരവധി പ്രാവശ്യം അടിയന്തരപ്രമേയമായും മറ്റും പല രൂപത്തിൽ വന്നിട്ടുണ്ട്.

---

* ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ 8-11-2021-ലെ 285/2021/M(F&WL) നമ്പർ കത്ത് പ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

<u>മി. സ്പീക്കർ</u>: ഈ സമ്മേളനത്തിൽത്തന്നെ ബാക്കി എല്ലാ കാര്യങ്ങളും നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ സെഷനിൽ മാത്രമല്ല, ഈ വിഷയം പെർപ്പച്വാലിറ്റിയുള്ള ഒന്നല്ലേ? ഈ സഭതന്നെ നൂറ് വർഷത്തെ പഴക്കമുള്ളതാണ്; ഈ എഗ്രിമെന്റാണെങ്കിലോ 128 വർഷത്തെ പഴക്കമുണ്ട്. അതുകൊണ്ട് സ്വാഭാവികമായും ഈ സഭയിൽ ധാരാളം പ്രാവശ്യം ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടാകും. അത് അന്നത്തെ പ്രതിപക്ഷ ഭാഗത്തു നിന്നും ഇന്നത്തെ പ്രതിപക്ഷ ഭാഗത്തുനിന്നുമെല്ലാം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതിന് ശാന്തമായി ഒരു പരിഹാരം തേടുന്നതിനു വേണ്ടിയുള്ള നടപടിയെടുക്കണമെന്നുള്ളതാണ് എന്റെ ഏറ്റവും പ്രധാനപ്പെട്ട ആഗ്രഹം. അതുകൊണ്ട് കൂടുതൽ സമയമെടുത്തെങ്കിൽ അങ്ങ് ദയവായി ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ചർവ്വിതചർവ്വണം പാടില്ലെന്നാണ് പറഞ്ഞത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നത്. കാരണം തമിഴ്നാടും കേരളവുമായി അഞ്ച് വാട്ടർ ഇഷ്യൂസ് ഉണ്ട്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനാണ് മറുപടി പറയേണ്ടിയിരുന്നത്; തമിഴ്നാടിന്റെ ഭാഗത്തു നിന്ന് അവിടത്തെ മുഖ്യമന്ത്രിയായ എം. കെ. സ്റ്റാലിനും. സ്വാഭാവികമായും മുഖ്യമന്ത്രി മറുപടി പറയുമെന്നുള്ള പ്രതീക്ഷയാണ് എനിക്ക് ഉണ്ടായിരുന്നത്. പക്ഷേ അങ്ങേയ്ക്ക് ആരെ വേണമെങ്കിലും ചുമതലപ്പെടുത്താം. പ്രത്യേകിച്ച് വനംവകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തിയത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അതുകൊണ്ടുമാത്രം തീരുന്നതല്ല ഈ പ്രശ്നമെന്നുള്ളത് നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ അർദ്ധറൂളിംഗിലൂടെ മനസ്സിലാക്കുകയാണ്. 30-10-2021-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ കത്ത് സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ ഒന്നാം തീയതി അഡീഷണൽ ചീഫ് സെക്രട്ടറി (ഇറിഗേഷൻ)-യുടെ ഓഫീസിൽ യോഗം ചേരുന്നു. ബേബി ഡാമിലെ 23 മരങ്ങൾ മുറിക്കാൻ തമിഴ്നാട് ആവശ്യപ്പെട്ടെങ്കിലും 15 എണ്ണം മുറിക്കാനുള്ള അനുമതിയേ കൊടുത്തുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വാദഗതി. 5-11-2021-ൽ 15 മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിയെടുക്കുകയുണ്ടായി. 11-ാം തീയതി ഡോ. ജോ ജോസഫ് വാദിയായുള്ള കേസ്സിൽ സുപ്രീം കോടതിയിൽ affidavit സമർപ്പിക്കാൻ കേരള ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന് ഒരാഴ്ചമുമ്പ്, 6-ാം തീയതി ധൃതിവച്ച് ഈ പണിയെല്ലാം ചെയ്തു. സുപ്രീംകോടതിയിൽ വരുമ്പോൾ എന്താകും കഥ എന്നു ഞാൻ പറയേണ്ട കാര്യമില്ല. എല്ലാവർക്കും അറിയാവുന്ന കാര്യമാണ് തിരുമുൽപ്പാട് കേസിന്റെ

പശ്ചാത്തലം. ആ കേസ് അന്തിമ ഘട്ടത്തിൽ എത്തിയിട്ടില്ല, അതിലും affidavit സമർപ്പിക്കണമെന്ന് കേരള ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ affidavit-കൾ എല്ലാം സമർപ്പിക്കാനിരിക്കെ ഇത്ര തിടുക്കപ്പെട്ട് ഈ രൂപത്തിൽ കൊണ്ടു പോകേണ്ട കാര്യമെന്തായിരുന്നു എന്നുള്ളത് കേരള ജനതയോട് പറയണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ഇവിടെ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളാണുള്ളത്. അങ്ങ് വനംവകുപ്പിന്റെ കാര്യമാണ് പറഞ്ഞത്. അതിലെ ഇല്ലീഗാലിറ്റിയിലേയ്ക്ക് ഞാൻ എത്താം. പക്ഷേ ഇത് സെൻസിറ്റീവ് ഏരിയയല്ലേ, ഭൂചലനത്തിന് വളരെ സാധ്യതയുള്ള മേഖലയാണെന്നുള്ളതുകൊണ്ട് സോൺ 2-ൽ ആണ് മുല്ലപ്പെരിയാർ അടങ്ങുന്ന സ്ഥലം ഉൾപ്പെട്ടിരുന്നത്. ഇപ്പോൾ സീസ്മിക് സോൺ മാപ്പിൽ മുല്ലപ്പെരിയാർ ഡാം മേഖല - 3 ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പത്ത് വർഷം മുമ്പ് അത് സോൺ - 2 ആയിരുന്നു, അത് വർദ്ധിച്ചുവരികയാണ്. നാളെ എങ്ങോട്ട് പോകുമെന്ന് പ്രവചിക്കാൻ സാധിക്കില്ല. പ്രവചിച്ചാൽ ഞാൻ പറഞ്ഞതുകൊണ്ടാണ് ഈ കുഴപ്പം ഉണ്ടായതെന്ന് പറയാൻ നിങ്ങൾ ഒട്ടും മടിക്കില്ലെന്നുള്ളതുകൊണ്ട് ഞാൻ അങ്ങനെയൊരു പ്രവചനത്തിന് തയ്യാറാകുന്നില്ല. 2021 ജൂലൈ മാസത്തിൽ റിക്ടർ സ്കെയിലിൽ 2.3 രേഖപ്പെടുത്തിയ ഭൂചലനമുണ്ടായിട്ടില്ലേ? അത് അങ്ങ് കൈകാര്യം ചെയ്യുന്ന വകുപ്പല്ല. എന്നാൽ ഈ സഭ അറിയേണ്ട കാര്യമാണ്. ജനങ്ങളുടെ ജീവന് സുരക്ഷിതത്വം ലഭിക്കുകയെന്ന ഒറ്റ ആവശ്യം വച്ചുകൊണ്ടുമാത്രമാണ് ഞങ്ങൾ ഇക്കാര്യങ്ങളൊക്കെ പറയുന്നത്. ഞാൻ നേരത്തെ പറഞ്ഞ കാര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഡോ. ജോ ജോസഫിന്റെ കേസ്സിൽ affidavit കൊടുക്കണമെന്ന് സുപ്രീംകോടതി കേരള ഗവൺമെന്റിനോട് നിർബ്ബന്ധിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ഇത്ര വേഗത്തിൽ ഇക്കാര്യങ്ങളൊക്കെ ചെയ്യാൻ എന്തിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്? മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ദീർഘകാലം കേസ് നടത്തി. ശ്രീ. രാജീവ് ധവാൻ ആയിരുന്നു കേരള ഗവൺമെന്റിന്റെ വക്കീൽ. 2006-ൽ ഞാൻ ജലവിഭവ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ശ്രീ. രാജീവ് ധവാന്റെ ഒരു പേഴ്സണൽ ലെറ്റർ എനിക്ക് ലഭിച്ചിരുന്നു. അതിൽ പറയുന്നത് ഈ കേസിൽ നിന്ന് മാറാൻ അദ്ദേഹത്തെ അനുവദിക്കണമെന്നാണ്. കാരണം അതിനുമുമ്പുള്ള വക്കീൽ ഫീസ് അദ്ദേഹത്തിന് നൽകിയിട്ടില്ല, ഒന്നുകിൽ ഫീസ് അല്ലെങ്കിൽ കേസിൽ നിന്ന് പിൻമാറാൻ അനുവദിക്കണമെന്നുപറഞ്ഞാണ് അദ്ദേഹം കത്തെഴുതിയത്. പിന്നീട് ആ പ്രശ്നം സെറ്റിൽ ചെയ്തു. ശ്രീ. രാജീവ് ധവാനെത്തന്നെ ആ കേസ്സിന്റെ ചുമതല ഏൽപ്പിച്ചു. അതു മുന്നോട്ട് പോയി. അതൊരു ഫ്ലാഷ്ബാക്ക് മാത്രം. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ തുടക്കം മുതൽ ഇതിൽ വളരെ തേങ്ങിത്തേങ്ങി നിൽക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ഇതുപോലെയുള്ള കാര്യത്തിൽ അങ്ങനെ തേങ്ങി നിൽക്കാമോ? നമ്മൾ ശക്തമായ നിലപാട് സ്വീകരിക്കേണ്ടേ? ഈ ഭൂപ്രദേശത്തെ ജനങ്ങളുടെ ഭയപ്പാടിനെക്കുറിച്ച് മറക്കാൻ കഴിയുമോ? അവിടെ ആളുകൾ വളരെ ഭയവിഹ്വലരായിട്ടിരിക്കുന്നു. ആളുകളെ ഭയപ്പെടുത്തരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരിക്കൽ ഈ സഭയിൽ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അതുകൊണ്ട് ഞാൻ ഭയപ്പെടുത്തുന്നില്ല. പക്ഷെ ഭയത്തിന്റെ അന്തരീക്ഷം ആ പ്രദേശത്ത് ഉണ്ടെന്നുള്ള യാഥാർത്ഥ്യം നമുക്ക് മറക്കാൻ കഴിയുമോ? ഇപ്പോൾ ഇടുക്കി ജില്ലയിൽ തുടരെത്തുടരെയുണ്ടായ ഭൂചലനങ്ങളും അതോടനുബന്ധിച്ചുള്ള ഉരുൾപൊട്ടലുകളുടെയുമെല്ലാം വിഷമത്തിൽ നമ്മൾ ജീവിക്കുമ്പോഴെങ്കിലും ഈ വിഷയങ്ങളിലുള്ള വാശി അവസാനിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നമ്മൾ ശ്രമിക്കണ്ടേ? അതിനുവേണ്ടിയുള്ള ശ്രമമുണ്ടായില്ലെന്നുള്ളതാണ് യഥാർത്ഥത്തിൽ എനിക്കുള്ള വിഷമം. The Forest (Conservation) Act, 1980-ന്റെ സെക്ഷൻ 2 പ്രകാരം അങ്ങ് രണ്ട് അധികാരങ്ങളെക്കുറിച്ച് പറഞ്ഞത് ശരിയാണ്. പ്രസ്തുത ആക്ട് അനുസരിച്ച് സംസ്ഥാനത്ത് വൈൽഡ് ലൈഫ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ വൈൽഡ് ലൈഫ് ബോർഡിന്റെ ചെയർമാൻ ആരാണെന്ന് അറിയുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന്റെ ചെയർമാൻ, അങ്ങ് അതിന്റെ വൈസ് ചെയർമാനാണ്. വൈസ് ചെയർമാനായ അങ്ങ് അറിയാതെ ഇത് താഴെത്തട്ടിലെ ഉദ്യോഗസ്ഥർ നടത്തിയെന്നു പറഞ്ഞാൽ അത് വിശ്വസിക്കത്തക്കവിധത്തിലുള്ള മണ്ടന്മാരാണോ കേരള പൗരസമൂഹമെന്ന് ഞാൻ അങ്ങയോട് വിനീതമായി ചോദിക്കുകയാണ്; ആരെങ്കിലും അത് വിശ്വസിക്കുമോ? വെറുതെ വാദത്തിനു വേണ്ടി പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഓരോരുന്നുപറഞ്ഞ്, അംഗബലത്തിന്റെ അടിസ്ഥാനത്തിൽ മിടുക്കന്മാരാണെന്ന് പറഞ്ഞ്, ശബ്ദഘോഷമുണ്ടാക്കി, കൈകൾ കൂട്ടിയടിച്ച് ബഹളമുണ്ടാക്കി നിങ്ങൾക്ക് പിരിയാം. പക്ഷേ വൈൽഡ് ലൈഫ് ബോർഡിന്റെ വൈസ് ചെയർമാൻ അങ്ങാണ്; ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. നിങ്ങൾ രണ്ടുപേരുമറിയാതെ വൈൽഡ് ലൈഫ് ബോർഡ് ഇങ്ങനെയൊരു തീരുമാനമെടുത്തെന്നുപറഞ്ഞാൽ അതിന്റെ vicarious liability ആർക്കാണ്? അതിന്റെ ഉന്നതസ്ഥാനത്തിരിക്കുന്നവർക്കല്ലേ അത് വന്നുചേരുകയുള്ളൂ. എന്തുകൊണ്ടാണ് അത് കണ്ടില്ലെന്നുനടിക്കുന്നത്? ദയവായി അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

<u>മി. സ്പീക്കർ</u>: യെസ്.......യെസ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് റൂൾ 50 അനുവദിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാക്ക് വിശ്വാസത്തിലെടുത്താണ് ചെയർ ഈ വിഷയം അനുവദിച്ചത്. അങ്ങ് ദയവായി അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് ഏറ്റവും സീരിയസ്സായ വിഷയമാണ്. കേരളത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ബേബി ഡാം ശക്തിപ്പെടുത്തിയാൽ 152 അടിവരെ വെള്ളം സംഭരിക്കാൻ തമിഴ്നാടിന് അനുമതി കൊടുക്കാമെന്ന് നേരത്തെ തീരുമാനമെടുത്തിട്ടില്ലേ? കേരളം 136 അടിയിൽ വെള്ളം സംഭരിക്കുന്നതിനാണ് നിലകൊണ്ടത്. അവസാനം കോടതിയാണ് 142 അടിയെന്ന് പറഞ്ഞത്. 152 അടിവരെ വെള്ളം സംഭരിക്കുന്നതിന് തമിഴ്നാടിന് അനുമതി കൊടുക്കുന്നതിനുവേണ്ടിയുള്ള ഗൂഢ ഉദ്ദേശ്യമാണ് ഇതിനുപിന്നിൽ നടന്ന ഈ നാടകമെന്നുള്ളത് ആർക്കാണറിയാത്തത്? ഇതിലൂടെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് ലംഘിച്ചു; നിലവിലെ സുപ്രീം കോടതിയിലെ കേസ്സുകൾക്ക് വിരുദ്ധമായി നമ്മൾ നിലകൊണ്ടു; റൂൾ കർവ് സംബന്ധമായി കേരളത്തിന്റെ സത്യവാങ്മൂലം 11-ാം തീയതി സമർപ്പിക്കുന്നതിന് തെറ്റിദ്ധാരണാജനകമായൊരു സാഹചര്യമുണ്ടാക്കി. മുല്ലപ്പെരിയാർ ഡാം ഭയാനകമായ സാഹചര്യത്തിലാണെന്നാണ് യു.എൻ. യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ എൻവയോൺമെന്റ് ആൻഡ് ഹെൽത്ത് (UNU-INWEH)-ന്റെ സുപ്രധാനമായൊരു നിഗമനം. ഇതെന്റെ നിഗമനമല്ല. ഞാൻ അവരുടെ നിഗമനം വായിച്ചെന്നേയുള്ളൂ.

മി. സ്പീക്കർ: ഇക്കാര്യങ്ങളൊക്കെ നേരത്തെ പറഞ്ഞതാണ്. പ്ലീസ് കൺക്ലൂഡ് .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത്തരമൊരു അലാറം മുൻകാലങ്ങളിൽ മുല്ലപ്പെരിയാറിൽ വച്ചിരുന്നെങ്കിൽ നമുക്ക് പെട്ടെന്ന് ഓടിയെങ്കിലും രക്ഷപ്പെടാമായിരുന്നു. ജലസമ്പത്തും വനസമ്പത്തും സംരക്ഷിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിച്ചിരിക്കുകയാണ്. ഇക്കാര്യം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് എന്തുകൊണ്ട് മടിക്കുന്നു എന്നതാണ് എന്റെ ചോദ്യം. കാരണം അങ്ങ് വൈൽഡ് ലൈഫ് ബോർഡിന്റെ വൈസ് ചെയർമാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിലെ ചെയർമാനുമാണ്. നിങ്ങളെടുത്ത തീരുമാനത്തെക്കുറിച്ച് നിങ്ങൾതന്നെ ഞങ്ങളെ അറിയിക്കുന്നതിനു പകരം നിഷ്പക്ഷമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുവേണ്ട നടപടിയെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ടൈഗർ റിസർവിലെ ഒരു മരം മുറിക്കാനുള്ള അവകാശം ആർക്കെങ്കിലുമുണ്ടോ? പെരിയാർ ടൈഗർ റിസർവ് ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു ടൈഗർ റിസർവ്വാണ്. അവിടെനിന്നും ഒരു മരംമുറിക്കാൻ നമുക്ക് അധികാരമുണ്ടോ? നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ അംഗീകാരമില്ലാതെ പതിനഞ്ച് മരങ്ങൾ മുറിക്കാൻ എങ്ങനെയാണ് ഉത്തരവ് കൊടുത്തത്? ഇപ്പോൾ അങ്ങ് പറയുകയുണ്ടായി ഞങ്ങൾ ആ ഉത്തരവ് മരവിപ്പിച്ചുവെന്ന്.

എന്തിനാണ് മരവിപ്പിച്ചത്? ഈ സർക്കാരിന് ആ ഉത്തരവ് എന്തുകൊണ്ട് റദ്ദ് ചെയ്തുകൂടാ? എന്തിനാണ് നിങ്ങളുടെ കൈവിറയ്ക്കുന്നത്; എന്തുകൊണ്ടാണ് നിങ്ങൾ ചമ്മി നിൽക്കുന്നത്? നവവധു കല്യാണപ്പന്തലിൽ വരുന്നതുപോലെയല്ലേ അങ്ങ് പമ്മിപ്പമ്മി ചില കാര്യങ്ങൾ പറയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ ഇവിടെ സംസാരിക്കുന്ന നിമിഷത്തിലും ഇത് റദ്ദാക്കുമെന്നൊരു വാക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പറഞ്ഞേക്കുമെന്ന പ്രതീക്ഷയിൽ ഞാൻ കാത്തിരുന്നതാണ്. അദ്ദേഹം ഇപ്പോഴും മരവിപ്പിനെക്കുറിച്ച് പറയുകയാണ്. ഈ മരവിപ്പ് എന്ന് തീരും ?

മി. സ്പീക്കർ: യെസ്.......യെസ്......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ആവർത്തിച്ച് നിയന്ത്രിക്കുന്നതു കൊണ്ട് ഞാൻ എല്ലാത്തിനും കീഴ്പ്പെട്ടുപോകുകയാണ്. ജനങ്ങളുടെ ഈ വിഷമവും പ്രയാസവും മാറണം. നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ അംഗീകാരമില്ലാത്ത നിയമവിരുദ്ധമായ നടപടി റദ്ദാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അങ്ങ് മുൻകയ്യെടുത്ത് ഇക്കാര്യം ഈ സഭയിലൂടെ കേരള പൗരസമൂഹത്തെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഇതിന്റെ ദുരാരോപണത്തിലേയ്ക്ക് പോകുന്നില്ല. പക്ഷേ പ്രതിപക്ഷ നേതൃസ്ഥാനത്ത് ശ്രീ. വി.എസ്.അച്ചുതാനന്ദൻ ഇരുന്നകാലത്ത് പറയുകയുണ്ടായി; വാർദ്ധക്യത്തിലെത്തിയ അദ്ദേഹത്തെ ഞാൻ ക്വാട്ട് ചെയ്യുന്നതിൽ ക്ഷമിക്കണം. അദ്ദേഹം പറഞ്ഞു, 'ഇവിടെയൊക്കെ സീക്രട്ട് ഫണ്ട് ഇരിപ്പുണ്ട്, അത് മോഹിപ്പിച്ചാണ് ഇവരെ പിടിക്കാൻ ശ്രമിക്കുന്നത് ' എന്ന്. ഞാൻ ആക്ഷേപിക്കുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ ആക്ഷേപം പറഞ്ഞുവെന്നേയുള്ളൂ.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പക്ഷേ, ആ ദുരാരോപണത്തിന് കിഴ്പ്പെടാൻ സാധിക്കുമോ? ആ തെറ്റായ നടപടിയിലേയ്ക്ക് പോകാതെ കേരള ജനതയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിയില്ലാതെ മരങ്ങൾ മുറിക്കാൻ നൽകിയ ഉത്തരവ് റദ്ദാക്കണം. ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് നടപടിയെടുക്കണം. 40 ലക്ഷത്തോളം വരുന്ന ആളുകൾക്ക് സ്വൈര്യമായി ഉറങ്ങുന്നതിനുള്ള സമീപനമുണ്ടാക്കണം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, മുൻ വനംവകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വാക്ചാതുര്യത്തോടെ കുറേകാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചുവെന്നല്ലാതെ സർക്കാരിന്റെ നിലപാടിനെക്കുറിച്ച് ഒരക്ഷരവും

പറഞ്ഞില്ലെന്നത് ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ മുഖ്യ ആരോപണങ്ങളിലൊന്ന് കോടതിയെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടുവെന്നാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പലപ്പോഴായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അങ്ങ് ഓർക്കുന്നുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. 2006-ലും 2014-ലുമാണ് സംസ്ഥാനത്തിന് വലിയ തിരിച്ചടി നേരിട്ട വിധി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭാഗത്തുനിന്നുണ്ടായത്. അപ്പോൾ ഭരിച്ചിരുന്നത് ഞങ്ങളല്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. എന്നാൽ അത്തരത്തിലുള്ള ഒരു വാദപ്രതിവാദത്തിന് ഞാൻ മുതിരുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ വിധി വന്നിരുന്നു. അതിനുശേഷമാണ് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അനുമതിയോടു കൂടി പ്രത്യേക നിയമസഭാസമ്മേളനം കൂടിയത്. അതിനുശേഷം ഡാം സേഫ്റ്റി നിയമമുണ്ടാക്കി. ആ നിയമത്തെ ഇപ്പോൾ ചോദ്യം ചെയ്തിരിക്കുകയാണ്. അത് വേറെ പ്രശ്നം, അതിനെക്കുറിച്ചുള്ള വാദവിവാദങ്ങൾ വേറെ നടക്കുന്നുണ്ട്. പക്ഷേ കേരളമെടുത്ത ആത്മാർത്ഥതയെ അങ്ങ് കാണാതിരിക്കരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാനൊരു വസ്തുതയും കാണാതിരിക്കുന്നില്ല. പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വലിയ വീഴ്ചയുണ്ടായിയെന്ന ധ്വനിയോടുകൂടി അങ്ങ് സംസാരിച്ചപ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് എതിരായ വിധികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നുണ്ടായത് അങ്ങുൾപ്പെടെയുള്ള സംസ്ഥാന ഗവൺമെന്റ് താൽപ്പര്യമെടുക്കാത്തതുകൊണ്ടാണോ എന്നൊരു ചോദ്യം സ്വാഭാവികമായും ഉയർന്നുവരും. ഡാമിന് അപകടം സംഭവിച്ചാലുണ്ടാകുന്ന ദുരന്തസാധ്യതയെക്കുറിച്ച് സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീം കോടതിയെ അറിയിച്ചുകൊണ്ടേയിരിക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പലപ്പോഴും കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടുകളാണ് സ്വീകരിച്ചതെന്ന വസ്തുത ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ഒരുപോലെ അംഗീകരിക്കേണ്ടതായുണ്ട്. പക്ഷേ ഇവിടത്തെ പ്രശ്നം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 152 അടിയായി ഉയർത്തുന്നതിനുവേണ്ട തമിഴ്നാടിന്റെ നീക്കങ്ങൾക്ക് ഗൂഢാലോചനയെന്ന് പറഞ്ഞില്ലെങ്കിലും അങ്ങ് ഉദ്ദേശിച്ചത് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. അങ്ങനെയൊരു ഒത്തുകളി നടന്നിട്ടുണ്ടെന്ന സൂചനയാണ് അങ്ങ് നൽകിയത്. അങ്ങനെ ഒത്തുകളിക്കേണ്ട ഒരാവശ്യവും ഞങ്ങൾക്കില്ലെന്ന് ദയവായി അങ്ങ് മനസ്സിലാക്കണം. ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ഇക്കാര്യം ഉന്നയിച്ച ഘട്ടത്തിൽ അങ്ങുൾപ്പെടെയുള്ളവർ പറഞ്ഞ മറുപടിയും എന്ത് നിലപാടാണ് സ്വീകരിച്ചതെന്നുമുള്ള കാര്യവും ആലോചിക്കണമെന്നാണ് ഈ ഘട്ടത്തിൽ ഞാൻ

ഓർമ്മിപ്പിക്കുന്നത്. ആരാണ് ഇവിടെ ഭീതിയുണ്ടാക്കാൻ ശ്രമിക്കുന്നത്? ഞാൻ ഭീതിയുണ്ടാക്കുന്ന വിധത്തിൽ സംസാരിക്കുകയില്ലെന്ന് അങ്ങ് പറഞ്ഞപ്പോൾ, ആ പറഞ്ഞതിന്റെ വ്യംഗ്യാർത്ഥം ഈ ലോകത്ത് ആർക്കാണ് അറിയാത്തത്? ഇപ്പോൾ പൊട്ടുമെന്നുപറഞ്ഞ് ഈ സഭയിലും പുറത്തും വിലപിച്ചത് എൽ.ഡി.എഫ്. നേതാക്കന്മാരോ മന്ത്രിമാരോ അല്ല എന്നുകൂടി അങ്ങ് സദയം ഓർക്കുന്നത് നന്നായിരിക്കും. വസ്തുതകൾ വസ്തുതകളായിത്തന്നെ അവതരിപ്പിക്കുന്നതിൽ ഗവൺമെന്റ് ഒരു വീഴ്ചയും വരുത്തിയിട്ടില്ല. കാര്യങ്ങൾ ഈ നിലയിലായിരിക്കെ സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി സർക്കാർ എന്തെങ്കിലും ചെയ്തുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഇപ്പോൾ ബേബി ഡാം പ്രദേശത്തുള്ള 15 മരങ്ങൾ മുറിക്കാൻ അനുവാദം നൽകുന്നതിന് വൈൽഡ് ലൈഫ് ബോർഡിന്റെ അംഗീകാരം വേണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളും അതുതന്നെയാണ് പറയുന്നത്. അങ്ങനെയൊരു അംഗീകാരമില്ലാതെയാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നുതന്നെയാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഒരു വിഷയം ശ്രദ്ധയിൽവരുമ്പോഴാണ് നമ്മൾ നടപടി സ്വീകരിക്കുന്നത്. പ്രതിപക്ഷത്തുള്ളവർ മന്ത്രിമാരായാലും ഭരണപക്ഷത്തുള്ളവർ മന്ത്രിമാരായാലും ഗവൺമെന്റിന്റെ ഒരു കാര്യം ശ്രദ്ധയിൽപ്പെടുമ്പോഴാണ് ഇടപെട്ട് നടപടികൾ സ്വീകരിക്കുന്നത്. അത് പുതുമയുള്ളൊരു കാര്യമല്ല; അങ്ങനെ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. വേഗത്തിൽ നടപടി സ്വീകരിച്ചത് കുറ്റകരമാണെന്നാണ് അങ്ങ് ഇവിടെ വിശദീകരിച്ചത്. വേഗത്തിൽ നടപടി സ്വീകരിച്ചതിനെ അങ്ങ് അഭിനന്ദിക്കുമെന്നാണ് ഞാൻ കരുതിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇപ്പോൾ സംസാരിക്കുന്ന സമയത്തും അനുമതി റദ്ദാക്കിയെന്ന് പറയുന്നില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അടിയന്തര സാഹചര്യത്തിൽ ചെയ്ത നടപടിയല്ലേ എനിക്ക് സഭയിൽ പറയാൻ കഴിയുന്നത്. ചെയ്യാത്ത കാര്യം ചെയ്തുവെന്ന് എനിക്ക് പറയാൻ പറ്റുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ......

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ നുണ പറയണമെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത്. ദയവായി എന്നെ അതിന് പ്രേരിപ്പിക്കരുത്. ഇതറിഞ്ഞയുടനെ അടിയന്തരമായി ഫസ്റ്റ് എയ്ഡ് നടപടി ഒരു മിനിട്ടുപോലും കളയാതെ സർക്കാർ സ്വീകരിച്ചു. തീർച്ചയായും ഇതിന്റെ ബാക്കി കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികളാണ് സർക്കാർ സ്വീകരിക്കുക. ആ

നടപടിയിൽ ആർക്കെതിരെയാണോ വിരൽ ചൂണ്ടേണ്ടത്; ആരെയാണോ ശിക്ഷി ക്കേണ്ടത്; ആരെയാണോ പ്രതിക്കൂട്ടിൽ കയറ്റി നിർത്തേണ്ടതെന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും കാലവിളമ്പവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ലെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു. പക്ഷെ അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേ ണ്ടതുണ്ട്. അങ്ങ് വകുപ്പുമന്ത്രിയായിരുന്ന സമയത്തും നടപടിക്രമങ്ങൾ പൂർത്തിയാ ക്കിയാണ് കാര്യങ്ങൾ ചെയ്തത്. നാളെ മന്ത്രിമാരാകാൻ പോകുന്നവരും നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. പ്രത്യേകിച്ച് ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ളത് ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരാണ്. അതിനാൽ നിയമവശങ്ങളെല്ലാം കുറെക്കൂടി പരിശോധിച്ച്, കുറ്റമറ്റ രീതിയിൽ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഞങ്ങൾ ഒരു നടപടി സ്വീകരിക്കുമ്പോൾ, അതിനെ ദുർബ്ബലപ്പെടുത്തുന്ന സാഹചര്യമൊരുക്കാതെ, എല്ലാ പഴുതുകളുമടച്ചുകൊണ്ടുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അത്തരം നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും ബഹുമാനപ്പെട്ട പ്രമേയാവതാരകനും ഒരു സംശയത്തിന്റെയും ആവശ്യമില്ല. ആരുടെ മുമ്പിലും മുട്ടുവിറയ്ക്കേണ്ട ഒരു സാഹചര്യവും ഗതികേടും ഈ ഗവൺമെന്റിന് ഉണ്ടാകില്ല; അത് നാളെയുമുണ്ടാകില്ല. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരേ വികാരമാണുള്ളത്, ആ വികാരത്തിൽ ഒരുമിച്ച് നിന്ന് അതിന് വിഘാതം സൃഷ്ടിക്കുന്ന ഒരു നടപടിയും ദയവായി സ്വീകരിക്കരുത്. മുല്ലപ്പെരിയാർ ഡാമിനെയും നാൽപ്പത്തിയെട്ട് ലക്ഷത്തോളം വരുന്ന ജനങ്ങളെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമാണ്. ആ ഉത്തരവാദിത്വം സർക്കാർ നിർവ്വഹിക്കുകതന്നെ ചെയ്യുമെന്ന് അറിയിക്കുന്നു. ആയതിനാൽ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടില്ലെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ എത്രയോ പ്രാവശ്യം ഈ വിഷയം സഭ ചർച്ച ചെയ്തു; കഴിഞ്ഞ യാഴ്ചയിലും ചർച്ച ചെയ്തിരുന്നു. ഈ നിയമസഭയിൽ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചയുടെ റെക്കോർഡിന്റെ മഷിയുണങ്ങുന്നതിനുമുമ്പ്, ആ ചർച്ചയുടെ സ്പിരിറ്റിന് വിരുദ്ധമായ തീരുമാനം സർക്കാർ സ്വീകരിച്ചുവെന്നുള്ളതുകൊണ്ടാണ് അടിയന്തരപ്രമേയത്തിന് ഞങ്ങൾ നോട്ടീസ് കൊടുക്കാൻ കാരണമായത്. കേരള പ്പിറവിദിനമായ നവംബർ ഒന്നാം തീയതിയാണ് ജലവിഭവ വകുപ്പ് അഡീഷണൽ

ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ തെറ്റായ നടപടികൾക്ക് തുടക്കം കുറിക്കുന്നത്. ആരാണ് ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി? സുപ്രീംകോടതി നിയമിച്ച, മൂന്നംഗ മേൽനോട്ടസമിതിയിലെ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന, ഈ സർക്കാരിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട ഉദ്യോഗസ്ഥനാണ് അദ്ദേഹം. 5-ാം തീയതി തമിഴ്നാട്ടിലെ അഞ്ച് മന്ത്രിമാർ മുല്ലപ്പെരിയാർ സന്ദർശിക്കുകയുണ്ടായി. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന് യാതൊരു പ്രസക്തിയുമില്ലെന്നും ബേബി ഡാം ശക്തിപ്പെടുത്തിയാൽ 152 അടി ജലനിരപ്പിലേയ്ക്ക് ഉയർത്താൻ കഴിയുമെന്നും തമിഴ്നാട്ടിലെ ജലവിഭവ വകുപ്പുമന്ത്രി അസന്ദിഗ്ദ്ധമായി മുല്ലപ്പെരിയാറിൽ വച്ച് പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, 'ഞങ്ങൾ നിരവധി വർഷമായി ബേബി ഡാം ശക്തിപ്പെടുത്തുന്നതിനുവേണ്ടി, അതിന്റെ സമീപത്തുള്ള മരങ്ങൾ മുറിച്ചു മാറ്റണമെന്ന് ആവശ്യപ്പെട്ടിരുന്നു' എന്ന്. മൂന്ന് മരങ്ങളെന്നാണ് അദ്ദേഹം അവിടെ സൂചിപ്പിച്ചത്. എന്നാൽ ഇരുപത്തിമൂന്ന് മരങ്ങളാണ് മുറിച്ചുമാറ്റാൻ അവർ ആവശ്യപ്പെട്ടിരുന്നത്. ആ മൂന്ന് മരങ്ങൾ മുറിച്ചുമാറ്റിയാൽ ബേബിഡാം ശക്തിപ്പെടുത്താമെന്ന് പറഞ്ഞിരുന്നു. ആറ് മാസത്തിനകം ആ മരങ്ങൾ മുറിച്ചുമാറ്റി ബേബി ഡാം ശക്തിപ്പെടുത്തി മുല്ലപ്പെരിയാറിലെ ജലനിരപ്പ് 152 അടിയായി ഉയർത്തുമെന്ന് തമിഴ്നാട്ടിലെ മന്ത്രി പറയുകയാണ്. ആറ് മാസം പോയിട്ട് ആറ് മണിക്കൂർ വേണ്ടി വന്നില്ല; ആറ് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തെ വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഈ പതിനഞ്ചു മരങ്ങളും മുറിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകുകയാണ് ചെയ്തത്. അപ്പോൾ നാം മനസ്സിലാക്കേണ്ടത്, സംസ്ഥാന ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി യോഗം ചേർന്ന് ഇത്തരമൊരു തീരുമാനമെടുക്കുന്നത് കേരളത്തിലെ ജലവിഭവ വകുപ്പുമന്ത്രി അറിയാതെയാണ് എന്നാണ്. അഞ്ചാം തീയതി, പ്രിൻസിപ്പൽ വൈൽഡ് ലൈഫ് വാർഡൻ ഈ പതിനഞ്ച് മരങ്ങൾ മുറിക്കാൻ ഉത്തരവിടുന്നത് ബഹുമാന്യരായ വനം വകുപ്പുമന്ത്രിയോ, മുഖ്യമന്ത്രിയോ അറിയുന്നില്ല. പക്ഷെ, ഇക്കാര്യം ആറാം തീയതിതന്നെ തമിഴ്നാട് മുഖ്യമന്ത്രി അറിഞ്ഞുവെന്നുള്ളതാണ് ഇതിലെ ഏറ്റവും വലിയ വിരോധാഭാസം. ഇവിടത്തെ ബഹുമാന്യരായ വനം വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അറിയാത്ത, കേരള സർക്കാരെടുത്ത തീരുമാനം തമിഴ്നാട് മുഖ്യമന്ത്രി അറിഞ്ഞ് അദ്ദേഹം അഭിനന്ദനക്കത്ത് കൊടുക്കുന്ന സാഹചര്യമുണ്ടായിട്ടും ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ പരിഹസിച്ചുകൊണ്ട് നിയമസഭയിൽ സംസാരിക്കുകയാണ്; അടിയന്തര പ്രമേയം കൊണ്ടുവന്നതിന് ഞങ്ങളെ അദ്ദേഹം പരിഹസിക്കുകയാണ്. അങ്ങയുടെ വകുപ്പിലെ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഇറക്കിയ ഉത്തരവാണ്. നിങ്ങൾ അറിഞ്ഞില്ലെങ്കിൽ ഞാൻ വിനയപൂർവ്വം ചോദിക്കുന്നു, അങ്ങ് എന്തിനാണ് ആ കസേരയിൽ ഇരിക്കുന്നത്? ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി

ഈ വിഷയം അറിയാത്ത ആളല്ല. അദ്ദേഹം മേൽനോട്ട സമിതിയിലെ അംഗമാണ്. അദ്ദേഹത്തിന് ഈ കേസ്സിൽ കേരളത്തിന്റെ നിലപാട് കൃത്യമായി അറിയാം. അദ്ദേഹം കാര്യങ്ങൾ ഭംഗിയായി പഠിക്കുന്ന നല്ലൊരു ഉദ്യോഗസ്ഥനാണ്. ഞാൻ പറയുന്നു, ഭരണ നേതൃത്വത്തിന്റെ, രാഷ്ട്രീയ നേതൃത്വത്തിന്റെ അനുമതിയില്ലാതെ ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി നവംബർ ഒന്നാം തീയതി ഇങ്ങനെയൊരു തീരുമാനമെടുക്കില്ല. എന്തുകൊണ്ടാണ് അദ്ദേഹം ഇത്തരമൊരു തീരുമാനമെടുത്തത്; എന്തുകൊണ്ടാണ് അദ്ദേഹമെടുത്ത തീരുമാനം നിങ്ങൾ അറിഞ്ഞില്ലെന്ന് പറഞ്ഞ് കൈമലർത്തുന്നത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. അങ്ങ് പറഞ്ഞതുപോലെ, സെക്രട്ടറി തലത്തിലെ യോഗത്തിലെടുത്ത തീരുമാനം, പതിനഞ്ച് മരങ്ങൾ മുറിക്കാനുള്ള അനുമതിയുടെ കാര്യം പരിശോധനയിലാണെന്ന് മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തിന്റെ അറിവോടെയാണ് ചെയ്തതെന്ന് പറയുന്നത് ശരിയായ കാര്യമല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അതിനുള്ള മറുപടി പറയാം. 5-11-2021-ന് Principal Chief Conservator of Forest and Chief Wildlife Warden ഇറക്കിയ ഉത്തരവിൽ, അദ്ദേഹം റഫറൻസ് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, അതിലെ മൂന്നാമത്തെ റഫറൻസ് എടുത്തു പരിശോധിച്ചുനോക്കൂ. The meeting held at the chamber of the Additional Chief Secretary, Water Resources Department on 1-11-2021. പതിനഞ്ച് മരങ്ങൾ മുറിച്ചുമാറ്റാനുള്ള ഉത്തരവിലെ റഫറൻസ് കൊടുത്തിരിക്കുന്നത് 1-ാം തീയതി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത റഫറൻസിന്റെ തുടർനടപടിയായിട്ടാണ് അഞ്ചാം തീയതി ഇറക്കിയിരിക്കുന്ന ഈ ഉത്തരവ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് വീണ്ടും അതാവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ആ യോഗത്തിലെ മിനിട്ട്സാണ് എന്റെ കയ്യിലുള്ളത്, ആ മിനിട്ട്സിലെ ഭാഗമാണ് ഇവിടെ പറഞ്ഞത്. മരംമുറിക്കാൻ അനുവദിക്കുന്ന കാര്യം പരിശോധനയിലാണെന്ന് മാത്രമല്ല..., 'The Mullapperiyar Dam: The Principle Secretary, Forest and Wild Life Kerala, informed the permission for cutting down the identified 15 trees, is being processed.' എന്നുമാത്രമേ പറയുന്നുള്ളൂ; There is no decision as you said here.

ശ്രീ. വി. ഡി. സതീശൻ: സർ, ദുരൂഹതയെന്ന് പറയുന്നത് ഇതാണ്. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ഈ മീറ്റിംഗിന്റെ മിനിട്ട്സ് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞത് എന്തിനാണ്? ആദ്യം സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വായിച്ചല്ലോ. സുപ്രീംകോടതിയിൽ കേരളം എടുത്തിരിക്കുന്ന നിലപാട് എന്താണ്? ബേബിഡാം ശക്തിപ്പെടുത്താൻ മരങ്ങൾ മുറിച്ചുമാറ്റാൻ കഴിയില്ല. കാരണം പ്രൊസീജ്യുവർ പറഞ്ഞു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ വൈൽഡ് ലൈഫ് ബോർഡ് മീറ്റിംഗ് കൂടണം. ഇവിടെ നിന്ന് ശിപാർശ ചെയ്ത് നാഷണൽ വൈൽഡ് ലൈഫ് ബോർഡ് മീറ്റിംഗ് കൂടി അവിടെ നിന്നും ശിപാർശ ചെയ്ത് സുപ്രീംകോടതിയിലേയ്ക്ക് അയയ്ക്കുകയും വേണം. സുപ്രീംകോടതിയുടെ അനുമതിയോടുകൂടി മാത്രമെ ഒരു വൈൽഡ് ലൈഫ് സാംഗ്ച്വറിയിൽ മരം മുറിച്ചുനീക്കാൻ അനുവാദം കൊടുക്കാൻ കഴിയുകയുള്ളൂവെന്ന് സർക്കാർ സുപ്രീംകോടതിയിൽ വാദിക്കുകയും അതേ സർക്കാർ തന്നെ ഈ അനുമതിയൊന്നുമില്ലാതെ മരം മുറിക്കാനുള്ള ഉത്തരവ് കൊടുക്കുകയും ചെയ്തതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. അതിനെ എന്തിനാണ് ന്യായീകരിക്കുന്നത്? അതിനെ ന്യായീകരിക്കേണ്ട ഒരു കാര്യവുമില്ല. ഇതെല്ലാം പറഞ്ഞതിനുശേഷം സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ എടുത്ത നിലപാടിന് വിരുദ്ധമായ ഒരു തീരുമാനമെടുക്കുന്നു. അങ്ങ് പറയുന്നത് ഞങ്ങൾ എങ്ങനെയാണ് ഉറപ്പുവരുത്തുന്നത്? മുട്ടിൽ മരംമുറി കേസുമായി ബന്ധപ്പെട്ട് അവിടത്തെ ഉദ്യോഗസ്ഥനെതിരായി നടപടിയെടുക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ആ ഉദ്യോഗസ്ഥനെ തൊടാൻ പറ്റാത്ത ആളാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി. എന്നിട്ട് ഇവിടെ വന്ന് സ്വന്തം വകുപ്പിനെക്കുറിച്ചാണ് പറയുന്നത്. അങ്ങയുടെ വകുപ്പിലെ Principal Chief Conservator of Forest and Chief Wildlife Warden ഇറക്കിയ പ്രമാദമായ ഉത്തരവിനെക്കുറിച്ചാണ് ഞങ്ങളിവിടെ ചോദ്യം ചെയ്യുന്നത്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഇതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇവിടെ ബഹുമാന്യനായ മന്ത്രി ഇടപെട്ടതുകൊണ്ടാണ്. അല്ലെങ്കിൽ ഞാൻ കൂടുതൽ സമയമെടുത്ത് സംസാരിക്കില്ലായിരുന്നു. സുപ്രീംകോടതിയിൽ തമിഴ്നാട് ഒരു നിലപാട് എടുത്തിട്ടുണ്ട്. അത് 2006 -ലെ സുപ്രീംകോടതി വിധിയിൽ പറയുന്നുണ്ട്. 'On the other hand, Tamil Nadu set up the case, that as per the report of the Expert Committee constituted by this Court, the water level could be raised upto 142 feet as an interim measure on taking certain steps and after execution of the strengthening measure in respect of Baby Dam, earthen bund and on completion of remaining portion, the water level

could be allowed to be restored as FRL i.e., 152 feet. The State of Tamil Nadu sought specific direction for raising water level to 142 feet and after strengthening, to its full level of 152 feet...' ബേബി ഡാം സ്ട്രെംഗ്തൻ ചെയ്യാൻ വേണ്ടി കേരളത്തിന്റെ പ്രദേശത്ത് നിൽക്കുന്ന മരം മുറിച്ച് മാറ്റാൻ കേരളം അനുമതി കൊടുത്തിരിക്കുന്നു എന്നതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കേസ്. ഞാൻ ഒറ്റ ചോദ്യം മാത്രം ചോദിക്കുന്നു. മന്ത്രിമാരുടെ ജോലി എന്താണ്; ഇതൊക്കെ അറിയണ്ടേ? കേരളം രഹസ്യമാക്കി വച്ച ഈ തീരുമാനം തമിഴ്നാട് പരസ്യമാക്കിയിരുന്നില്ലെങ്കിലോ; നവംബർ 11-ാം തീയതി കേസ്സെടുക്കാൻ പോകുകയാണ്. ഒരു കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ : ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രി മൂന്ന് തവണ ഇടപെട്ടുകൊണ്ടാണ്. അങ്ങ് ഇങ്ങനെ ഇടപെടുകയാണെങ്കിൽ ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ : അങ്ങ് തന്ന ഉറപ്പ് ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് വാക്കൗട്ട് പ്രസംഗത്തിൽ നിരന്തരം ഇങ്ങനെ ഇടപെടുന്നത് ശരിയല്ല. അങ്ങ് എന്നെ തടസ്സപ്പെടുത്തുകയാണ്. I am sorry to say, അങ്ങ് എന്നെ തടസ്സപ്പെടുത്തല്ലേ.

മി. സ്പീക്കർ : അങ്ങ് ചെയറിന് തന്ന ഉറപ്പ് ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാനൊരു പോയിന്റ് തീർത്ത് പറയുകയാണെന്ന് പറഞ്ഞില്ലേ. അങ്ങ് എന്നെ തടസ്സപ്പെടുത്തല്ലേ.

മി. സ്പീക്കർ : ശരി. അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മന്ത്രി മൂന്ന് തവണ എന്റെ പ്രസംഗത്തിൽ ഇടപെട്ടു. എനിക്ക് അദ്ദേഹത്തിന് വഴങ്ങാതിരിക്കാൻ സാധിക്കുമോ? പ്രധാനപ്പെട്ട പോയിന്റ്, പുതിയ ഡാമിനായി കേരളം മണ്ണ് പരിശോധനയ്ക്കായി അനുമതി ചോദിച്ചപ്പോൾ അത് കൊടുക്കില്ലെന്നുപറഞ്ഞ വനം-പരിസ്ഥിതി വകുപ്പാണ് മരം മുറിച്ചുമാറ്റി ബേബിഡാം ശക്തിപ്പെടുത്താൻ തമിഴ്നാടിന് അനുമതി കൊടുത്തിരിക്കുന്നത്. പഠനങ്ങളും വിദഗ്ദ്ധ അഭിപ്രായങ്ങളും ബേബിഡാം ശക്തിപ്പെടുത്തുന്നത് അശാസ്ത്രീയമാണെന്ന് ഉറപ്പിച്ചുപറയുമ്പോൾ, കേരളത്തിന്റെ നിലപാട് സംശയകരമാകുകയാണ്. സർക്കാരിന്റെയും സി.പി.ഐ.(എം)-ന്റെയും അഭിപ്രായമെന്താണ്? 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം; ബേബിഡാം ശക്തിപ്പെടുത്തിയാൽ ഇത് സുരക്ഷിതമാകുമെന്ന അഭിപ്രായം സർക്കാരിനുണ്ടോയെന്നാണ്

ഞങ്ങൾ ചോദിച്ചത്. കേരളത്തിന്റെ താല്പര്യം സംരക്ഷിക്കാൻ ഈ സംസ്ഥാനം സ്വീകരിച്ചുവരുന്ന ഉറച്ച നിലപാടിൽ ഈ സർക്കാർ അയഞ്ഞ സമീപനം സ്വീകരിക്കുന്നുവെന്നുള്ളതാണ് ഞങ്ങളുടെ ആക്ഷേപം. നവംബർ 11-ന് വീണ്ടും സുപ്രീം കോടതിയിൽ ഈ കേസ് വരുമ്പോൾ മരവിപ്പിച്ച നിർത്തിയ ഈ തീരുമാനം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാകുമെന്ന് ഞങ്ങൾ ഓർമ്മപ്പെടുത്തുന്നു. ആരും ഒന്നും അറിഞ്ഞിട്ടില്ല. ഭരണ നേതൃത്വത്തിന്റെയും സി.പി.ഐ.(എം) നേതൃത്വത്തിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും അനുമതിയോടുകൂടി നടന്ന ഈ തീരുമാനം വിവാദമായപ്പോൾ ഇപ്പോൾ മരവിപ്പിച്ചിരിക്കുകയാണ്. ഇത് ഗൗരവതരമായ വിഷയമാണ്. കേരളത്തിന്റെ താല്പര്യങ്ങൾക്ക് ഹാനികരമാണ്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വത്തിനും പുതിയ ഡാം നിർമ്മിക്കണമെന്നുള്ള നമ്മുടെ നിലപാടിനും വിരുദ്ധമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ് : സർ, സംസ്ഥാന താല്പര്യത്തിന് വിരുദ്ധമായി ബേബിഡാം ബലപ്പെടുത്തുന്നതിനുവേണ്ടി മരം മുറിക്കാൻ അനുവാദം നല്കിയതിന്റെ ഫലമായുണ്ടായ വിവിധ പ്രശ്നങ്ങളെക്കുറിച്ചും മുല്ലപ്പെരിയാറിൽ നമ്മുടെ അവകാശവാദത്തെപ്പോലും തടസ്സപ്പെടുത്തുന്ന രീതിയിലുള്ള ഈ നീക്കങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ് : സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജല നിരപ്പ് 142 അടി പോലും സുരക്ഷിതമല്ല. അതുകൊണ്ടാണ് മേൽനോട്ട സമിതി ഇത് നിരീക്ഷിക്കണമെന്ന് പറയുകയും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളത്. ആ സമയത്ത് ബേബിഡാം ശക്തിപ്പെടുത്തുന്നതിന് സുപ്രീംകോടതിയിൽ വന്ന എല്ലാ അപേക്ഷകളും നീക്കങ്ങളും സുപ്രീംകോടതിപോലും അനുവദിച്ചിട്ടില്ല. ബേബിഡാം ശക്തിപ്പെടുത്തുക എന്നുപറഞ്ഞാൽ ജലനിരപ്പ് 152 അടിയിലേക്ക് പോകുന്ന ഒരു സ്ഥിതിയാണ്. അത്രയും ഗുരുതരമായൊരു വിഷയം സർക്കാർ ഗൗരവമായി എടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ് : സർ, സാംഗ്ച്വറിയിൽ മരം മുറിക്കാനുള്ള അനുമതി കൊടുക്കാൻ പി.സി.സി.എഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡന് യാതൊരു അധികാരവുമില്ല. ഇല്ലാത്ത അധികാരം ഉപയോഗിച്ചിരിക്കുകയാണ്. അതിന്റെ പിന്നിൽ ദുരൂഹതയും അഴിമതിയുമുണ്ട്. അതുസംബന്ധിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയത്തെ സർക്കാർ നിയമസഭയിൽ പറയുന്ന സ്പിരിറ്റിലല്ല നിങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥരെടുക്കുന്നത്. അതാണ് ഇവിടെ സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ച ഈ വിഷയത്തിൽ ഉണ്ടായിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ : സർ, മരം മുറിച്ചുനല്കാൻ അനുമതി കൊടുത്തതിലും പ്രസ്തുത വിഷയം നിയമസഭയിൽ ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ജലസ്രോതസ്സുകൾ സംരക്ഷിക്കൽ

ശ്രീ. കെ. പി. മോഹനൻ : സർ, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിലൂടെ കാർഷിക മേഖലയിലും കുടിവെള്ളത്തിനും നിത്യോപയോഗത്തിനും ജലലഭ്യത ഉറപ്പുവരുത്തണമെന്ന വിഷയമാണ് ബഹുമാനപ്പെട്ട നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. ഇത് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ഇഞ്ചക്കാട് ബാലചന്ദ്രൻ രചിച്ച്, നമ്മുടെ പ്രിയങ്കരിയായ ഗായിക പ്രസീദ ആലപിച്ച കാവ്യമാണ്.

"ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ
മലിനമായ ജലാശയം
അതി മലിനമായൊരു ഭൂമിയും"

അതാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. 'നല്ല വെള്ളം, നല്ല വായു, നല്ല മണ്ണ്, നല്ല വളം, നല്ല വിള, നല്ല സംസ്കാരം' എന്നതാണ് നമ്മുടെ ആഗ്രഹം. എന്നാൽ ഈ ആഗ്രഹം എത്രമാത്രം നമ്മുടെ ചുറ്റുപാടിൽ യാഥാർത്ഥ്യമാകുന്നുണ്ടെന്ന് പരിശോധിക്കണം. കോവിഡ് മഹാമാരിയെ പോലെ കഴിഞ്ഞ ഏതാനും ദിവസങ്ങളായി പ്രളയദുരന്തത്തിലും കേരളം വിറങ്ങലിച്ചിരിക്കുകയാണ്. വർഷകാലത്ത് വെള്ളപ്പൊക്കം, വേനൽ കാലത്ത് വരൾച്ച എന്നതാണ് സംസ്ഥാനത്തിന്റെ അവസ്ഥ. രാജ്യത്ത് ഏറ്റവും കൂടുതൽ കിണറുകളുള്ള കേരളത്തിൽ ജൽജീവൻ മിഷനും മറ്റ് ആസൂത്രണ പദ്ധതികളും നമ്മുടെ കുടിവെള്ളപ്രശ്നം പരിഹരിച്ചുവരുന്നുണ്ട്. എന്നാൽ കാർഷിക മേഖലയുടെ സ്ഥിതി പരിതാപകരമാണ്. ഒരു വിള മാത്രം കൃഷി നടത്തിയിരുന്ന എന്റെ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുകളിൽ, തോടുകൾ സംരക്ഷിച്ചതിന്റെ ഭാഗമായി മൂന്ന് വിള കൃഷി നടത്താനും അവർക്ക് അതിലൂടെ കൂടുതൽ വരുമാനം നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. അത് എല്ലായിടത്തും പ്രാവർത്തികമാക്കാൻ സാധിക്കണം. വിസ്തൃതിയിൽ മലബാറിലെ ഏറ്റവും വലിയ കുളമാണ് കൂത്തുപറമ്പിലെ കോട്ടയം (മലബാർ) ഗ്രാമപഞ്ചായത്തിലെ തൃക്കൈക്കുന്ന് ക്ഷേത്രക്കുളം. സഹസ്രസരോവർ പദ്ധതിയിലുൾപ്പെടുത്തി ഇത് സംരക്ഷിച്ചതിലൂടെ ഉദ്ദേശ്യം 800-ലധികം വീടുകളിലെ കിണറുകളിൽ ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിക്കാനും വേനൽക്കാലത്ത് കിണറുകളിൽ സുലഭമായി വെള്ളം നിലനിർത്താനും സാധിച്ചു. എല്ലാ ജില്ലകളിലേയും പല കുളങ്ങളും ഇത് പോലെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കേരളത്തിൽ 68 ലക്ഷത്തോളം ഗ്രാമീണ വീടുകളുണ്ട്. ഇപ്പോഴും 50 ശതമാനം വീടുകൾക്ക് കുടിവെള്ള കണക്ഷൻ എത്തിക്കാൻ സാധിച്ചിട്ടില്ല. അവർ കിണറുകളെയാണ് ആശ്രയിക്കുന്നത്. ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിച്ചാൽ മാത്രമേ കിണറുകൾ സമ്പുഷ്ടമാകുകയുള്ളൂ. ജലസമ്പത്ത് സംരക്ഷിക്കുക, പരിപോഷിപ്പിക്കുക എന്നതാണ് അതിന് പരിഹാരം. നാണ്യവിളകളും മറ്റ് കൃഷികളും കൂപ്പുകുത്തിത്തുടങ്ങുകയാണ്. മണ്ണിന്റെ ഘടനയും താപനിലയും മാറിയത് ഉല്പാദനത്തെ സാരമായി ബാധിക്കുകയാണ്. കർഷകർക്കായി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ വയനാട് പോലുള്ള പല ജില്ലകളിലും പല രീതിയിലുള്ള ജലസ്രോതസ്സുകൾക്ക് വേണ്ടിയുള്ള തെരച്ചിൽ നടത്തുകയാണ്. തോടുകൾ, അരുവികൾ, പുഴകൾ എന്നിവ നാടിന്റെ സമ്പത്താണ്. അവയുടെ ഇരുവശവും ഭിത്തി കെട്ടി സംരക്ഷിക്കണം. ജലസ്രോതസ്സുകളുടെ സംരക്ഷണം വഴി വേണ്ടത്ര വെള്ളം ലഭ്യമാക്കി കാര്യക്ഷമമായി കൈകാര്യം ചെയ്യാനും ജലമലിനീകരണം നിയന്ത്രിക്കാനും പ്രകൃതിദുരന്തങ്ങൾ ലഘൂകരിക്കാനും സാധിക്കും. നഗരവല്ക്കരണവും കാലാവസ്ഥാവ്യതിയാനവും ഭൂഗർഭജലക്കുറവും വഴി

വരുംകാലഘട്ടങ്ങിൽ നിരന്തരം ജലസമ്മർദ്ദം വർദ്ധിപ്പിക്കും. അടുത്ത ലോകമഹായുദ്ധം ജലത്തിന് വേണ്ടിയാണെന്നുള്ള വാദം തള്ളിക്കളയാൻ കഴിയില്ല. 2025-ഓടെ രൂക്ഷമാകുന്ന ജലകമ്മി കാർഷിക മേഖലയെയും ബാധിക്കും. ഇത് വളരെ വിദൂരമല്ല. ഈ നിയമസഭയുടെ കാലാവധി കഴിയുന്നതിന് മുമ്പുള്ള കാലമായാണ് വിദഗ്ദ്ധർ പറയുന്നത്. നാല് വർഷം കൊണ്ടുതന്നെ ഇത് സംഭവിക്കുമെന്നും ഇത് ബാധിക്കുന്നത് ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളെയാണെന്നുമാണ് അവർ പറയുന്നത്. ഈ നിർദ്ദേശത്തെ ഗൗരവപൂർവ്വം കണക്കിലെടുക്കണം. ഈ വിഷയം സൂക്ഷ്മമായി പരിശോധിക്കുന്നതിനാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധ ഈ വിഷയ ത്തിലേയ്ക്ക് ക്ഷണിച്ചത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ഭൂവിനിയോഗത്തിലും ജീവിതശൈലിയിലുമുണ്ടായ മാറ്റമാണ് സംസ്ഥാനത്തെ നദികളും തോടുകളുമുൾപ്പെടെയുള്ള ജലസ്രോതസ്സുകളിലും കായലുകളിലും അനിയന്ത്രിതമായ തോതിൽ മാലിന്യം അടിയുന്നതിന് കാരണമാകുന്നത്. ജലത്തിന്റെ ഗുണനിലവാരം താഴുന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. മാലിന്യ പ്രശ്നങ്ങൾ പരിഹരിച്ച് വരുംതലമുറയ്ക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനത്തോടു കൂടിയ പ്രവർത്തനം ആവശ്യമാണ്. മാലിന്യ രൂക്ഷത ലഘൂകരണം ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. നദികളിലെ നിലവിലുള്ള പ്രശ്നങ്ങൾ പ്രാഥമിക വിവര ശേഖരണത്തിലൂടെ കണ്ടെത്തുന്നതിന് 44 നദീഭാഗങ്ങളുടെ ചുമതല ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. വിവരശേഖരണവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വളരെ അത്യാവശ്യമുള്ള നദീഭാഗ ങ്ങളിലെ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 'ഹരിതകേരളം' മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാ ടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ

നിർവ്വഹിക്കുന്നതോടൊപ്പം നദികളിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ ചെറുതടയണകൾ, വെന്റ് ക്രോസ് ബാറുകൾ എന്നിവ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയായി ഭൂജലപോഷണവും സാധ്യമാക്കുന്നു. കൂടാതെ, നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽനിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിലെ കൈവരികളോട് ചേർന്ന് കമ്പിവേലി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും ധനലഭ്യതയ്ക്കനുസരിച്ച് നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം മനുഷ്യനിർമ്മിതികളായ ഡാമുകൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി, എക്കൽ, മണൽ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമേ, ജലസ്രോതസ്സുകൾ കൂടുതൽ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. 2018-ലെ നിയമഭേദഗതി പ്രകാരം ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് ചുമത്തേണ്ട പിഴ 35,000 രൂപയിൽനിന്ന് 2 ലക്ഷം രൂപയായും 2 വർഷം തടവ് എന്നത് 3 വർഷമായും ഉയർത്തിയിട്ടുണ്ട്. ഗാർഹിക മാലിന്യവും വാണിജ്യ വ്യവസായ മാലിന്യങ്ങളും ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതാണ് മലിനീകരണത്തിന് ശാശ്വതമായ പരിഹാരം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ, ഇറിഗേഷൻ, ഹെൽത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളുടെ സംയോജിത നടപടികളിലൂടെ മാത്രമേ നദികളുടെ മലിനീകരണം തടയാൻ സാധ്യമാകുകയുള്ളൂ.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ 44 നദികളുടെ കാര്യം പറഞ്ഞു. അതുപോലെ കുളങ്ങളും കുട്ടനാട് പോലെയുള്ള പ്രദേശങ്ങളും സംസ്ഥാനത്തുണ്ട്. അവിടെ ജലസംരക്ഷണം ഉറപ്പ് വരുത്തണം. അതിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ എല്ലാ അരുവികളിലും തോടുകളിലും തടയണകൾ നിർമ്മിച്ചാൽ അവിടെ ജലം സംരക്ഷിക്കപ്പെടും. അത്തരത്തിൽ തടയണകൾ നിർമ്മിക്കാനും ആ പ്രദേശത്തുള്ള തോടുകളുടെ ഭിത്തികെട്ടി അവ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആ നിർദ്ദേശം പരിഗണനയിലുണ്ട്. പക്ഷേ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ചുള്ള നടപടി പൂർത്തീകരിക്കും.

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കുറേ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതുംകൂടി നടപ്പിലാക്കും.

(2) റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ശബരിമല തീർത്ഥാടനകാലം ആരംഭിക്കു ന്നതിനുമുമ്പായി സംസ്ഥാനത്തെ പ്രധാന റോഡുകൾ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഇത് അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് മഴയുടെ അളവ് വർദ്ധിക്കുകയും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്തതിനെ തുടർന്ന് വിവിധ ജില്ലകളിൽ നിരവധി റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത വിധത്തിൽ തകർന്നു കിടക്കുകയാണ്. പൊതുപ്രാധാന്യമുള്ള സംസ്ഥാന പാതകളും മേജർ ഡിസ്ട്രിക്റ്റ് റോഡുകളും യാത്ര ചെയ്യാൻ കഴിയാത്ത വിധത്തിൽ കുഴികൾ രൂപപ്പെട്ട് ദയനീയ സ്ഥിതിയിലായിരിക്കുന്നതു സംബന്ധിച്ച പരാതികൾ എല്ലാ ജില്ലകളിലും വിവിധ മാധ്യമങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശബരിമല തീർത്ഥാടനകാലം നവംബർ മാസം 17-ാം തീയതി (വൃശ്ചികം 1-ന്) ആരംഭിക്കുകയാണ്. ഇപ്പോഴും ശക്തമായ മഴ തുടരുന്നു. ഇതിനിടയിൽ റോഡുകളുടെ നവീകരണം വളരെ ശ്രമകരമായ ജോലിയാണെന്നതിൽ തർക്കമില്ല. ആയതിനാൽ ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണ മെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പുകൾ കഴിഞ്ഞ് പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നെങ്കിലും ഇതേത്തുടർന്നുണ്ടായ കാലതാമസത്തിന്റെ ഫലമായി റോഡ് പ്രവൃത്തികൾ ക്രമീകരിക്കുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് കൊടുക്കാനും മറ്റും നടപടിയുണ്ടായിട്ടില്ലെന്നതാണ് ഞാൻ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. ശബരിമല റോഡുകൾക്ക് കഴിഞ്ഞ ആഴ്ച പുതുതായി ഭരണാനുമതി കൊടുത്തു. അത് വളരെ നേരത്തെ കൊടുക്കേണ്ട തായിരുന്നുവെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് ടെക്നിക്കൽ സാംഗ്ഷൻ കൊടുത്ത് എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. എത്രയും പെട്ടെന്ന് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കു കയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗം വിളിച്ചെങ്കിലും അവർ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഇതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. വിവിധ ജില്ലകളിലും നിയോജകമണ്ഡലങ്ങളിലുമുള്ള റോഡുകളെല്ലാം തകർന്ന് യാത്ര ചെയ്യാൻ കഴിയാത്തവിധം കുഴികൾ രൂപപ്പെട്ട് നിരവധി അപകടങ്ങളും മരണങ്ങളും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ

സാഹചര്യത്തിൽ ജില്ലകളിൽനിന്നുള്ള ലിസ്റ്റ് ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് ജില്ലാ തലത്തിലെ റോഡുകളുൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ഫണ്ട് സർക്കാർ ഇതുവരെ റിലീസ് ചെയ്തിട്ടില്ല. അത് എത്രയുംവേഗം ചെയ്യേണ്ടത് സംസ്ഥാനത്തിന്റെ പൊതുആവശ്യമായും നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ.-മാരെ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രശ്നമായും നിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പുതുതായി ഫണ്ടും ഭരണാനുമതിയും എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രവൃത്തികൾക്കെല്ലാം ഓരോ നിയോജകമണ്ഡലാടിസ്ഥാനത്തിലാണ് ഭരണാനുമതി നൽകിയിരുന്നത്. ഒന്നുകിൽ ആ നിലയിൽ ഫണ്ട് അനുവദിക്കണം, അല്ലെങ്കിൽ ജില്ലാടിസ്ഥാനത്തിൽ ഫണ്ട് നൽകണം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തീരുമാനിക്കട്ടെ. പക്ഷേ, കാര്യം നടക്കണം. ഇതുവരെ അതിന്റെ നടപടിയിലേയ്ക്ക് വന്നിട്ടില്ല. അത് എത്രയും വേഗമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, പി.ഡബ്ല്യൂ.ഡി. (റോഡ്സ് വിഭാഗം) ആണ് ഇതുവരെ റോഡുകളുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തിയിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിലൊരു ഭേദഗതി വരുത്തി പുതുതായൊരു മെയിന്റനൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഈ വിംഗാണ് ഇപ്പോൾ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. മേജർ റീ-ടാറിംഗ് ഉൾപ്പെടെയുള്ള വർക്കുകൾ റോഡ്സ് വിഭാഗവും നടത്തുകയാണ്. എന്നാൽ ഇപ്പോൾ രണ്ട് കാര്യങ്ങളും നടക്കുന്നില്ലെന്നൊരു സ്ഥിതിയിലേയ്ക്ക് വരികയാണ്. കാരണം, ഫണ്ട് ലഭ്യമാകാത്തതുകൊണ്ട് റീ-ടാറിംഗ് വർക്കുകൾ ക്രമീകരിക്കാൻ കഴിയുന്നില്ല. ബഡ്ജറ്റ് വർക്കുകൾക്കുൾപ്പെടെ സാംഗ്ഷൻ ലഭിച്ചിട്ടില്ല. അതിനാൽ പി.ഡബ്ല്യൂ.ഡി.-യുടെ റോഡ്സ് വിഭാഗത്തിന് റീ-ടാറിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല. മെയിന്റനൻസ് വിംഗാണ് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിലും അവർക്കും ആവശ്യമായ ഫണ്ടും നിർദ്ദേശവും ലഭിച്ചിട്ടില്ല. അതുകൊണ്ട് മെയിന്റനൻസ് വിംഗിനും ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് ഇടപെടാൻ സാധിക്കുന്നില്ല. ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് ഈ രണ്ടും വിഭാഗങ്ങൾക്കിടയിലും അവ്യക്തത നിലനിൽക്കുകയാണ്. ഈ അവ്യക്തത പരിഹരിച്ചുകൊണ്ട് മെയിന്റനൻസ് വിംഗിനെ ശക്തിപ്പെടുത്തി, അതിന്റെ റിസൾട്ടുണ്ടാകാൻ കഴിയുംവിധത്തിലുള്ള നടപടിയും ഇടപെടലുമുണ്ടാകണമെന്ന് പ്രത്യേകം സൂചിപ്പിക്കുകയാണ്.

അതുപോലെ സംസ്ഥാനത്തൊട്ടാകെയുണ്ടായ വളരെ ഗുരുതരമായൊരു സ്ഥിതി വിശേഷം നമ്മളെല്ലാവരും ഒരുപോലെ അനുഭവിക്കുകയും ബാധിക്കുകയും ചെയ്യുന്നതും പരിഹരിക്കപ്പെടേണ്ടതുമായ ഒരു വിഷയമെന്ന നിലയിൽ കണ്ടുകൊണ്ട് ഏതാനും മിനിട്ടുകൂടി അങ്ങ് എനിക്ക് സംസാരിക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. റോഡ് നിർമ്മാണ കാര്യങ്ങൾ ഇനി നടപ്പാക്കണമെങ്കിൽ വിവിധ പ്രശ്നങ്ങൾകൂടി ഗവൺമെന്റ് പരിഹരിക്കേണ്ടതായിട്ടുണ്ട്. കരാറുകാരുടെ സംഘടനകളുമായി ബഹുമാന്യരായ ധനകാര്യം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുമന്ത്രിമാർ ചർച്ചകൾ നടത്തുകയും വളരെ നല്ല ഇടപെടലുകൾ അക്കാര്യത്തിൽ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്പിയുടെയും സിമന്റിന്റെയും ടാറിന്റെയും വില അന്യായമായി വർദ്ധിച്ചിരിക്കുകയാണ്. അമിതമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എസ്റ്റിമേറ്റ് റേറ്റും ഇപ്പോൾ നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന റേറ്റും തമ്മിലുള്ള അന്തരം ഒരു പ്രധാന പ്രശ്നമായി വന്നിരിക്കുകയാണ്. കോസ്റ്റ് ഡിഫറൻസ് പരിഹരിക്കുന്നതിന് നേരത്തെ സംസ്ഥാനത്ത് നടപടി എടുത്തിട്ടുണ്ട്. എനിക്കും ശ്രീ. പി. ജെ. ജോസഫിനും ഡോ. എം. കെ. മുനീറിനും പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന സമയത്തും ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി ആയിരിക്കുമ്പോഴും ഇത്തരം പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരനടപടി സ്വീകരിച്ചിട്ടുണ്ട്. എനിക്ക് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയോടും പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും ചൂണ്ടിക്കാണിക്കാനുള്ളത്, കോസ്റ്റ് ഡിഫറൻസിന്റെ പ്രശ്നം ഗവൺമെന്റ് ചർച്ച ചെയ്തിട്ടുണ്ടെങ്കിലും അതിന് പരിഹാരമുണ്ടാക്കാൻ കഴിയും വിധത്തിൽ തുടർനടപടിയോ സർക്കാർ തലത്തിൽ ഉത്തരവുകളോ ഇറക്കിയിട്ടില്ല. അത് എത്രയുംപെട്ടെന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

11.00 AM]

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ റോഡ് നിർമ്മാണ രംഗത്ത് മാറ്റങ്ങൾ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നേരത്തേ ചെയ്തുകൊണ്ടിരുന്ന റോഡ് നിർമ്മാണ രീതിയിൽ കാലാനുസൃതമായ മാറ്റം അനിവാര്യമായിരിക്കുകയാണ്. സാധാരണപോലെ റോഡ് ടാറിംഗ് നടത്തിയാലും ആഴ്ചകൾ കഴിയുമ്പോൾ അവ പൊളിഞ്ഞ് നശിച്ചുപോകുകയാണ്. അതുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ റോഡ് നിർമ്മാണരംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കുവാനും അതിന്റെയടിസ്ഥാനത്തിൽ പുതിയ തീരുമാനങ്ങളെടുക്കുവാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അങ്ങ് ഒരുകാര്യം എന്നുപറഞ്ഞുകൊണ്ട് ഒരുപാട് കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി. (Kerala State Transport Project) കുറെയേറെ കാര്യങ്ങൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ ഭരണ കാലത്താണ് പ്രസ്തുത പ്രഖ്യാപനം വന്നത്. എന്റെ നിയോജകമണ്ഡലത്തിലെ പട്ടിത്താനം മുതൽ കുത്താട്ടുകുളം വരെയുള്ള എം. സി. റോഡിന്റെ ഭാഗം ആക്സിഡന്റ് സ്പോട്ടാണ്. പ്രസ്തുത ഭാഗത്തെ റോഡ് നവീകരണ പ്രവൃത്തികൾ നടന്നുകഴിഞ്ഞു. തുടർച്ചയായുണ്ടാകുന്ന ആക്സിഡന്റിൽ നിരവധി മരണങ്ങൾ സംഭവിക്കുന്നുണ്ട്. റോഡ് സുരക്ഷയുടെ കാര്യത്തിൽ കാര്യക്ഷമമായി ഒന്നും ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. അപകടം കുറയ്ക്കുന്നതിന് സ്ഥാപിച്ച സ്പീഡ് ബ്രേക്കറുകൾ അപകടം കൂടുതലായി ക്ഷണിച്ചു വരുത്തുന്നു. വാഹനങ്ങൾ സ്പീഡ് ബ്രേക്കറുകളിലിടിച്ച് അപകടങ്ങളും മരണങ്ങളു മുണ്ടാകുന്നു. അതുകൊണ്ട് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നടപ്പാക്കുന്നതിനും തകർന്ന റോഡുകൾ നവീകരിക്കുന്ന തിനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾക്കുള്ള മറുപടി വളരെ വ്യക്തമായിത്തന്നെ നേരത്തേ നിയമസഭയിൽ പറഞ്ഞതാണ്, അദ്ദേഹം വീണ്ടും അത് ഉന്നയിച്ചിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ മഴക്കാല പൂർവ്വ അറ്റകുറ്റപ്പണി പുരോഗമിക്കുന്നതിനിടെ യായിരുന്നു ഈ സർക്കാർ അധികാരമേറ്റെടുത്തത്. അതിനുശേഷം മഴ തുടർച്ചയായി പെയ്തുകൊണ്ടിരുന്നു, ബഹുമാനപ്പെട്ട അംഗവും അത് അംഗീകരിക്കുന്ന കാര്യമാണ്. മഴക്കാല പൂർവ്വ അറ്റകുറ്റപ്പണികളുടെ പുരോഗതി വിലയിരുത്തുന്നതിനായുള്ള ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ആദ്യഘട്ടങ്ങളിൽത്തന്നെ എല്ലാ ജില്ലകളിലും വളരെ വേഗത്തിൽ വിളിച്ചുചേർത്തിരുന്നു. വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ നേതൃത്വത്തിൽത്തന്നെ ഒരു ടീം ആ യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് അറ്റകുറ്റപ്പ ണികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ലോക്ഡൗൺ, കാലംതെറ്റി പെയ്തുകൊണ്ടിരിക്കുന്ന മഴ തുടങ്ങിയ തടസ്സങ്ങളെല്ലാമുണ്ടായിരുന്നെങ്കിലും അത്തരം പ്രവൃത്തികൾ ഭൂരിഭാഗവും നിശ്ചയിച്ച സമയത്തിനുള്ളിൽത്തന്നെ നടപ്പി ലാക്കാൻ സാധിച്ചിട്ടുണ്ട്. റോഡിലെ കുഴി അടയ്ക്കൽ, ഡ്രെയിനേജ് വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ ഇതിന്റെ ഭാഗമായി നടന്നു. മഴക്കാലത്തിന്റെ ആദ്യഭാഗം വലിയ പരാതികളില്ലാതെ കടന്നുപോകാനായി എന്നുള്ളകാര്യം അംഗീകരിച്ചു കൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. എന്നാൽ

ഇപ്പോഴും മഴ നിലയ്ക്കാതെ പെയ്യുന്നത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമാകുന്നുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച റോഡ് നിർമ്മാണത്തിലെ മാറ്റം തീർച്ചയായും പരിഗണിക്കേണ്ട വിഷയമാണ്. സർക്കാർ ആ നിലയിൽത്തന്നെയാണ് പ്രസ്തുത വിഷയത്തെ കണ്ടിട്ടുള്ളതും. ഇവിടെ ഫണ്ടിനെക്കുറിച്ച് ചിലർ സൂചിപ്പിച്ചു. നോൺപ്ലാൻ ഫണ്ടിലുൾപ്പെടുത്തി 17.50 കോടിരൂപ ആദ്യഘട്ടത്തിലും 37.97 കോടി രൂപ ഇപ്പോഴും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണി ആവശ്യമുള്ള റോഡുകളെ കണ്ടെത്തി പണി നിശ്ചയിക്കുന്നതിലും പ്രവൃത്തി നടത്തുന്നതിലും യാതൊരു തരത്തിലുള്ള കാലതാമസവുമുണ്ടായിട്ടില്ല. അതിന്റെ ഭാഗമായിട്ടല്ല ഈ പ്രശ്നങ്ങളുണ്ടായിട്ടുള്ളത്. മഴ തുടർന്നുപോകുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. അതുപോലെ റോഡ്സ്, മെയിന്റനൻസ് എന്നിങ്ങനെ പ്രവൃത്തികളെ പ്രത്യേകം തരംതിരിച്ച് പുതിയൊരു മെയിന്റനൻസ് വിംഗ് രൂപീകരിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. യാതൊരു തരത്തിലുള്ള അവ്യക്തതയും ഈ രണ്ട് വിഭാഗങ്ങൾക്കുമില്ല. ബഹുമാനപ്പെട്ട അംഗം അങ്ങനെ പറഞ്ഞതെന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. റോഡ്സ്, മെയിന്റനൻസ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് ഇതുസംബന്ധിച്ച് എങ്ങനെയൊക്കെ ഇടപെടണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിലവിൽ ഒരു തരത്തിലുള്ള അവ്യക്തതയും ഈ വിഭാഗങ്ങൾ തമ്മിലില്ലെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ എനിക്ക് പറയാൻ കഴിയും. രണ്ടാഴ്ച കൂടുമ്പോഴെല്ലാം പി.ഡബ്ല്യു.ഡി. മിഷൻ ടീം യോഗം ചേരുന്നുണ്ട്. ആ മീറ്റിംഗിൽ മന്ത്രിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ, പി.ഡബ്ല്യു.ഡി. സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരടക്കം പങ്കെടുക്കുകയും ഓരോ വിഷയങ്ങളിലെയും സൂക്ഷ്മാംശംപോലും ചർച്ച ചെയ്യുകയും ചെയ്യാറുണ്ട്. അപ്പോഴൊന്നും ഇത്തരത്തിലുള്ള ഒരഭിപ്രായവും വന്നിട്ടില്ല. വ്യക്തത വരുത്തി മുന്നോട്ടുപോകുന്ന വിഷയങ്ങളിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതുൾപ്പെടെ മാറ്റിക്കൊണ്ടാണ് റോഡ്സ്, മെയിന്റനൻസ് വിംഗുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. വകുപ്പിന്റെ പ്രവർത്തനത്തിൽ ഈ രണ്ടു വിഭാഗവും വളരെ യോജിപ്പോടുകൂടി പ്രവർത്തിക്കുന്നുണ്ട്. യാതൊരു തരത്തിലുള്ള പ്രശ്നവും നിലവിലില്ല. കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന 78 റോഡ് പ്രവൃത്തികൾക്കായി 360.07 കോടി രൂപയുടെ ഭരണാനുമതി ആഗസ്റ്റ് മാസത്തിൽത്തന്നെ നൽകുകയുണ്ടായി, അതിലൊന്നും ഒരു കാലതാമസവുമുണ്ടായിട്ടില്ല. എം.എൽ.എ.-മാർ നിർദ്ദേശിച്ചതുൾപ്പെടെയുള്ള റോഡുകൾ നബാർഡ് പ്രവൃത്തിയിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ ഓവർ ലേ അടക്കമുള്ള കാര്യങ്ങളിൽ മുൻഗണനാപട്ടിക വകുപ്പ് പരിശോധിച്ചുവരികയാണ്. കിഫ്ബി പദ്ധതിയുടെ ഭാഗമായിരുന്ന, പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതിരുന്ന റോഡുകളിൽ

അറ്റകുറ്റപ്പണി നടത്തണമെന്ന ആവശ്യം എം.എൽഎ.മാർ തന്നെ മുന്നോട്ടു വച്ചിരുന്നു. ഈ പ്രശ്നങ്ങളുടെ ഭാഗമായി കിഫ്ബിയുമായി മാസത്തിലൊരിക്കൽ യോഗം ചേരുന്ന സംവിധാനവും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രശ്നം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. അത്തരം നടപടികളുടെ ഭാഗമായി റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള തീരുമാനമെടുക്കുകയും ചില റോഡുകളുടെ പ്രവൃത്തി നടപടിക്രമങ്ങളിലേയ്ക്ക് കടന്നിരിക്കുകയുമാണ്. ഇതൊഴികെയുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ ഉടൻ നടത്തുവാൻ കഴിയുന്ന തരത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം മഴക്കെടുതിയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന അതിവർഷംമൂലം റോഡുകൾക്ക് സാരമായുണ്ടാകുന്ന തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കഴിഞ്ഞ മാസങ്ങളിൽ അപ്രതീക്ഷിതമായുണ്ടായ ന്യൂനമർദ്ദം സംസ്ഥാനത്തെ പൊതുറോഡുകൾക്ക് കനത്ത നാശമാണ് വിതച്ചത്. റോഡുകൾക്കും പാലങ്ങൾക്കും കാര്യമായ നാശനഷ്ടങ്ങൾ പലയിടത്തും സംഭവിച്ചിട്ടുണ്ട്. മഴ തുടർച്ചയായി പെയ്യുന്നതിനിടയിലും ന്യൂനമർദ്ദ മുന്നറിയിപ്പുകൾ ഇപ്പോഴും മുന്നിലുള്ളതുകൊണ്ടും പ്രവൃത്തി നടത്താൻ കഴിയാത്ത നിലവിലെ സാഹചര്യം മുൻപൊതുമരാമത്ത് വകുപ്പുമന്ത്രി കൂടിയായ അങ്ങേയ്ക്ക് മനസ്സിലാകുമെന്ന് ഞാൻ കരുതുകയാണ്. മഴ കുറയുന്ന മുറയ്ക്ക് പ്രസ്തുത റോഡുകളുടെ പ്രവൃത്തി നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം വളരെ പ്രസക്തമാണ്. പുതിയ കാലത്തെ കാലാവസ്ഥാ പ്രശ്നത്തിനനുസരിച്ച് റോഡ് പ്രവൃത്തികളിൽ മാറ്റം വരുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ ചില പദ്ധതികൾ വകുപ്പ് മുന്നോട്ടുവച്ചിട്ടുണ്ട്. മഴക്കാലത്ത് റോഡുകളിൽ നിരന്തരമായുണ്ടാകുന്ന കുഴി എന്ന പ്രശ്നം പരിഹരിക്കാനും ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിക്കുന്നത്. റോഡിന്റെ നിലവാരമുയർത്തുകയെന്നത് പരമ പ്രധാനമാണ്. അതിനായി കൂടുതൽ റോഡുകൾ ബി.എം.&ബി.സി. (Bituminous concrete and Bituminous macadam) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നുണ്ട്. 2016 മുതൽ 2021 വരെ എൽ.ഡി.എഫ്. സർക്കാർ 7700 കിലോമീറ്റർ ബി.എം.&ബി.സി. റോഡുകൾ ചെയ്തു. ഈ സർക്കാർ പുതുതായി 15000 കിലോമീറ്റർ ബി.എം.&ബി.സി. റോഡ് നവീകരണം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുകയാണ്.

ഡി.എൽ.പി. (Defect Liability Period) -യെക്കുറിച്ച് സഭയിൽ നേരത്തെ ചർച്ച ചെയ്തതാണ്. ഡി.എൽ.പി.-യിൽപ്പെടുന്ന റോഡുകൾ അറ്റകുറ്റപ്പണി നടത്താതെ പോകുന്നുവെന്ന പ്രശ്നം നിലവിലുണ്ട്. അത് വസ്തുതയാണ്. ശ്രദ്ധ ക്ഷണിക്കലായി ഈ വിഷയം വന്നതുകൊണ്ട് അക്കാര്യം ആവർത്തിക്കുകയാണ്. സംസ്ഥാനത്ത്

ഡി.എൽ.പി.-യിൽ ഉൾപ്പെടുന്ന പ്രവൃത്തികളെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരിക്കണം. അവർ ഇതിന്റെയൊന്നും കാഴ്ചക്കാരല്ല, കാവൽക്കാരാണ്. ഡി.എൽ.പി.-യിൽ ഉൾപ്പെടുന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്താത്ത നിലപാട് കരാറുകാരോ നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സ്വീകരിക്കുകയാണെങ്കിൽ ജനപ്രതിനിധികൾക്കും ജനങ്ങൾക്കും അത് ചോദ്യം ചെയ്യാം. കേരളത്തിലെ എല്ലാ ഡി.എൽ.പി.-യിലുള്ള റോഡുകളുടെയും വിശദവിവരങ്ങൾ പി.ഡബ്ല്യു.ഡി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പ്രസ്തുത റോഡുകളുടെ രണ്ടറ്റത്തും കാലാവധിയും കരാറുകാരന്റെയും ഉദ്യോഗസ്ഥന്റെയും പേരും ഫോൺ നമ്പരും എഴുതിവയ്ക്കും. ഇക്കാര്യത്തിൽ ആർക്കെങ്കിലും അസ്വസ്ഥത യുണ്ടാകുന്നുണ്ടെങ്കിൽ അതിൽ കാര്യമില്ല, പ്രസ്തുത നടപടി പി.ഡബ്ല്യു.ഡി. മാന്വലിൽത്തന്നെ പറയുന്നുണ്ട്. ഇതുവരെയില്ലാത്ത ചില പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായി അടുത്തകാലത്ത് ആരെങ്കിലും ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചിട്ടും കാര്യമില്ല; സർക്കാർ ഇക്കാര്യം നടപ്പിലാക്കുകതന്നെ ചെയ്യുമെന്ന് ഈ നിയമസഭയെ അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. അതിന്റെ ഭാഗമായി തെറ്റായ പ്രവണതയിൽ പോകുന്നതായി ആർക്കെങ്കിലും പരാതിയുണ്ടാകുന്നതോ, പരാതിയുടെ ഭാഗമായി പുതിയ പ്രശ്നങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുകയോ ചെയ്യുന്നതു കൊണ്ട് യാതൊരു കാര്യവുമില്ല. സർക്കാർ അത് നടപ്പിലാക്കുകതന്നെ ചെയ്യും.

മൂന്നാമത്തെ പ്രശ്നം റണ്ണിംഗ് കോൺട്രാക്റ്റാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പുതിയ സംവിധാനങ്ങളുടെ ഭാഗമായുള്ള ഇടപെടലിൽ ഉൾപ്പെടാത്ത, ഡിഫക്ട് ലയബിലിറ്റി പിരീഡിൽ ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണി നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ഡി.എൽ.പി. കഴിഞ്ഞശേഷം റോഡിൽ കുഴി രൂപപ്പെട്ടാൽ എന്തുചെയ്യും? അപ്പോൾത്തന്നെ എസ്റ്റിമേറ്റ് എടുക്കുന്നു, ടെണ്ടർ വിളിക്കുന്നു തുടങ്ങിയ നടപടികൾ ചെയ്യുമെങ്കിലും രൂപപ്പെട്ട കുഴിയിൽ ആളുകൾ വീഴുന്ന പ്രശ്നമുണ്ടാകുന്നതുകൊണ്ട് ഇത്തരം പ്രവൃത്തികൾക്കായി ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ഡി.എൽ.പി. കഴിഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നേരത്തെ ടെണ്ടർ വിളിച്ച് കരാർ നൽകുന്നതിനെയാണ് റണ്ണിംഗ് കോൺട്രാക്റ്റ് എന്നു പറയുന്നത്, ഇതാണ് ആവശ്യമായ സ്ഥിരം സംവിധാനം. പ്രസ്തുത സംവിധാനവും കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്; അതും ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നതാണ്. ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട കരാറുകാർ എന്നിവരുടെ പേരുകൾ ഉൾപ്പെടെ ഇതിലുണ്ടാകും. ഡി.എൽ.പി.-യിലുള്ള റോഡുകളിൽ അത് കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാന മൊരുക്കുകയും കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും പേര് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതാണ്. കാലവർഷ സമയങ്ങളിലെ പ്രവൃത്തി തുടങ്ങുന്നത് ഒഴിവാക്കാൻ വർക്കിംഗ് കലണ്ടർ തയ്യാറാക്കും. ഓരോ പ്രവൃത്തികളും എപ്പോൾ പൂർത്തീകരിക്ക

ണമെന്നത് ഈ കലണ്ടറിൽ രേഖപ്പെടുത്തും. ഈ നിയമസഭയിലെ ബഹുമാന്യരായ മന്ത്രിമാർ, പ്രതിപക്ഷനേതാവ്, കക്ഷി നേതാക്കൾ തുടങ്ങിയവരുമായി ചർച്ച നടത്തി കേരളത്തിലൊരു വർക്കിംഗ് കലണ്ടർ സംവിധാനം കൊണ്ടുവരാൻ ആലോചിക്കുകയാണ്. Output and performance based running contract-ൽ ഉൾപ്പെടുത്തി core road network-ൽ ഉൾപ്പെട്ട റോഡുകളുടെ പ്രവൃത്തി നടക്കുകയാണ്. അഞ്ച് പാക്കേജുകളിലായി ഈ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്ന സാഹചര്യമുണ്ടായാൽ റീ-ടെണ്ടർ നടപടികൾ സമയബന്ധിതമായി നടത്തുമെന്ന് ഉറപ്പാക്കുന്നതാണ്. പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഒരു ടെർമിനേഷൻ ഇഷ്യൂവിൽ ഒരാഴ്ചയ്ക്കകംതന്നെ റീ-ടെണ്ടർ ചെയ്ത സ്ഥിതിയുണ്ടായി. White topping, Full Depth Reclamation Technology, Cold In-place Recycling (CIR) തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ നിർമ്മാണ രീതികൾ വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സമയക്കുറവുള്ളതിനാൽ വിശദീകരിക്കുന്നില്ല. ശ്രീ. മോൻസ് ജോസഫിനും അക്കാര്യങ്ങൾ അറിയാവുന്നതാണ്. ശബരിമലയിലേയ്ക്കുള്ള റോഡുകൾ ഉത്സവകാലത്തിനുമുമ്പ് സജ്ജമാക്കാനുള്ള എല്ലാ നടപടികളും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. നേരത്തെ ഇതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചിരുന്നു. ശബരിമലയുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ ജൂലൈ മാസം 3-ന് മന്ത്രിതലയോഗം ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ മുഖ്യമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും യോഗം വിളിച്ച് ചേർക്കുകയും പ്രവൃത്തികൾ കൃത്യമായി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ കളക്ടർമാർ, ചീഫ് എഞ്ചിനീയർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഒരു യോഗം പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. ഇപ്പോഴത്തെ കാലവർഷം ശബരിമല റോഡുകളെ ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് കാര്യങ്ങൾ കൂടുതൽ വേഗത്തിലാക്കാൻ ഒരു പ്രത്യേക സംഘത്തെയും നിയോഗിച്ചിരുന്നു. പി.ഡബ്ല്യു.ഡി. ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ അടങ്ങിയ സംഘം അതുസംബന്ധിച്ച് സമർപ്പിച്ച വിശദമായ റിപ്പോർട്ടുപ്രകാരം കാര്യങ്ങൾ മുന്നോട്ടുപോകുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ വർഷത്തേക്കാൾ നൂറ് ശതമാനത്തിലധികം മഴയാണുണ്ടായതെന്ന് നമുക്കറിയാം; ജില്ലയിൽ സർവ്വകാല റിക്കാർഡ് മഴയാണ് ഒക്ടോബർ മാസത്തിലുണ്ടായത്. ഇതൊക്കെയാണെങ്കിലും ഇതിൽ ഇടപെട്ട് പരിഹരിക്കാനുള്ള തീരുമാനങ്ങളുമായി മുന്നോട്ടുപോകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ശബരിമല പാക്കേജിലുൾപ്പെടുത്തി 293.579 കിലോമീറ്റർ വരുന്ന അറുപത് പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

224.97 കോടി രൂപ ഈ പ്രവൃത്തികൾക്ക് വകയിരുത്തുകയും സമയബന്ധിതമായി ഇവ ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സീസൺ മുൻകൂട്ടി കണ്ടുകൊണ്ട് ശബരിമല പ്രവൃത്തികൾ ക്രമീകരിക്കാൻ ആലോചിക്കുന്ന കാര്യംകൂടി സഭയിൽ പ്രത്യേകമായി അറിയിക്കാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരം എല്ലാ പ്രവൃത്തികളും എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി ഒരു ടീമായി നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. അതിനെല്ലാവരുടെയും പിന്തുണ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് വന്ന മറ്റ് ചില വിഷയങ്ങൾ സമയക്കുറവുമൂലം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്. അദ്ദേഹം ചൂണ്ടിക്കാട്ടിയ എം.സി. റോഡിലെ ബ്ലാക്ക് സ്പോട്ട്, ഉഴവൂർ ടൗൺ ബൈപ്പാസ് ഇഷ്യൂ, കെ. ആർ. നാരായണൻ റോഡ്, ഇടക്കോലി - കോട്ടയം മെഡിക്കൽ കോളേജ് റോഡ്, വാക്കേത്തറ-കല്ലറ-കപിക്കാട് റോഡ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ മേശപ്പുറത്തുവയ്ക്കുകയാണ്*.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, Defect Liability Period-ന്റെ പ്രശ്നങ്ങളുൾപ്പെടെ അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. ഞങ്ങളെല്ലാവരും അതിനെ സ്വാഗതം ചെയ്യുന്നു. ഞാൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരിക്കുമ്പോൾ പി.ഡബ്ല്യു.ഡി. മാന്വൽ പുതുക്കാൻ നടപടി എടുക്കുകയും അങ്ങേയ്ക്ക് മുമ്പുണ്ടായിരുന്ന മന്ത്രി ഇക്കാര്യത്തിൽ എന്നെ പരസ്യമായി അഭിനന്ദിക്കുകയും ചെയ്തതാണ്. പ്രധാനമായും ചൂണ്ടിക്കാണിച്ചത് Defect Liability Period തന്നെയാണ്. അതിനൊന്നും ഒരു തർക്കവുമില്ല, പ്രതിപക്ഷത്തിന്റെ പൂർണ്ണ സപ്പോർട്ടുണ്ട്. ഭരണകക്ഷിയിൽ ആരെങ്കിലും എതിർക്കുന്നുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. ഞങ്ങളാരും എതിർക്കുന്നില്ല; ഞങ്ങൾ ഒറ്റക്കെട്ടായി അതിൽ സഹകരിക്കുകയാണ്; ഞങ്ങളെല്ലാവരും അതിന് നടപടി സ്വീകരിച്ചവരുമാണ്. അതുകൊണ്ട് നല്ല ഉദ്ദ്യശ്യത്തോടുകൂടി ഗവൺമെന്റുമായി പ്രതിപക്ഷം സഹകരിക്കും. ഞാൻ അവ്യക്തത പറഞ്ഞത് ഇപ്പോൾ റോഡ്സ് വിഭാഗവും മെയിന്റനൻസ് വിഭാഗവും രൂപീകരിച്ചതിൽ മെയിന്റനൻസ് വിഭാഗം തയ്യാറാക്കിയ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനാണ്. ഉദാഹരണത്തിന് കോട്ടയം ജില്ലയ്ക്ക് ആവശ്യമായ ഫണ്ട് വന്നിട്ടില്ല. അതുകൊണ്ട് റോഡ്സ് വിഭാഗത്തിന് റീ-ടാറിംഗ് നടത്താനുള്ള തുക ലഭിച്ചിട്ടില്ല. ശബരിമലയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ആണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഇത് എത്രയും വേഗം പരിഹരിക്കണം. മഴക്കാലം മാറുന്ന സമയത്തുമാത്രമേ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്താനും റീ-ടാറിംഗ് ചെയ്യാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, Defect Liability Period എൽ.ഡി.എഫിന്റെ നയമാണ്. ആ നയം നടപ്പിലാക്കിക്കൊണ്ടാണ് എൽ.ഡി.എഫ്. മുന്നോട്ട് പോകുന്നത്. ബഹുമാന്യരായ പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും എം.എൽ.എ.-മാരുമൊക്കെ അതിൽ ഒരു ടീമായി നില്ക്കുന്നുയെന്നതിൽ വളരെ സന്തോഷമുണ്ട്. നാടിന്റെ നല്ലതിനുവേണ്ടി നമുക്കത് നടപ്പിലാക്കണം. ബഹുമാനപ്പെട്ട മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി കരാറുകാരുടെ സംഘടനയുടെ ഭാരവാഹികൂടിയാണ്. പൊതു റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻവേണ്ടി അദ്ദേഹവുമായി വ്യക്തിപരമായി ചർച്ച നടത്താറുണ്ട്. അത് ഇനിയും തുടർന്നുപോകുന്നതിൽ സന്തോഷമേയുള്ളൂ. അദ്ദേഹം മന്ത്രിയായപ്പോഴുണ്ടായ അനുഭവവും കരാർ സംഘടനയുടെ ഭാരവാഹി എന്നുള്ള അനുഭവവും പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തിയിൽ ഗുണകരമായി മാറ്റുന്നതിന് അത്തരം ചർച്ചകൾ നല്ലതാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അത് തീർച്ചയായും തുടരാവുന്നതാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച മെയിന്റനൻസ്-റോഡ്സ് വിഭാഗങ്ങളെ സംബന്ധിച്ച വിഷയം ഏതെങ്കിലും തരത്തിൽ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ടെങ്കിൽ പരിശോധിക്കാം. നിലവിൽ അതിലൊരു അവ്യക്തതയുമില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. കോട്ടയം ജില്ലയുടെ പ്രശ്നം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയത് പരിഗണിക്കാവുന്നതാണ്.

## IV സബ്മിഷൻ

### (1) ഗവേഷണം പൂർത്തീകരിക്കാൻ അവസരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജാതി വിവേചനം നേരിടേണ്ടി വന്നതിനെത്തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഒരു ദളിത് വിദ്യാർത്ഥിനി കഴിഞ്ഞ പത്ത് ദിവസത്തിലധികമായി ആ ക്യാമ്പസിൽ നിരാഹാരം അനുഷ്ഠിക്കുകയാണ്. വളരെ ഗൗരവതരമായ ഈ വിഷയം നിയമ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. മെഡിക്കൽ മൈക്രോബയോളജിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ഈ പെൺകുട്ടി മറ്റ് രണ്ട് ദളിത് പെൺകുട്ടികളോടൊപ്പമാണ് അവിടെ എം.ഫിൽ.-ന് ചേർന്നത്. ജാതി വിവേചനം കൊണ്ട് മറ്റ് രണ്ട് പെൺകുട്ടികളും പഠനം നിർത്തിപോയി. ഈ പെൺകുട്ടിമാത്രം എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് അവിടെ പഠിച്ച്, എം.ഫിൽ. പഠനം പൂർത്തിയാക്കി. GATE പരീക്ഷയും പാസ്സായി. Ph.D-ക്ക് ജോയിൻ ചെയ്യുന്നതിന് ടി.സി. കൊടുക്കാൻ മനഃപൂർവ്വം വൈകിപ്പിച്ച് ആ കുട്ടിയുടെ ആദ്യവർഷം കളഞ്ഞു. അവസാനം Ph.D-ക്ക് ജോയിൻ ചെയ്തുകഴിഞ്ഞപ്പോൾ കെമിക്കൽസ് കൊടുക്കാതെ അവിടത്തെ ആളുകളെല്ലാവരും ചേർന്ന് അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. അവസാനം അവർക്ക് കോടതിയിൽ പോകേണ്ട

സ്ഥിതിവന്നു. കോടതി വളരെ ഗൗരവത്തോടുകൂടി ഈ വിഷയം കൈകാര്യം ചെയ്തു. ആ വിദ്യാർത്ഥിനിക്ക് കെമിക്കൽസ് വാങ്ങി നൽകണമെന്ന് ഉത്തരവിറക്കി. സർവ്വകലാശാല ഒരു അന്വേഷണ കമ്മീഷനെ നിയോഗിക്കുകയും ആ വിദ്യാർത്ഥിനി ഉന്നയിച്ച പരാതി വാസ്തവമാണെന്ന് തെളിയുകയും ചെയ്തു. ജാതിപരമായ വിവേചനം നടന്നുവെന്ന ആരോപണം ശെരിയാണെന്ന് ആ സമിതി വിലയിരുത്തി. ഈ സെന്ററിൽ ചില വിദ്യാർത്ഥികൾക്ക് നിയമങ്ങൾ മറികടന്ന് ആനുകൂല്യങ്ങൾ നൽകുന്നതും ചില വിദ്യാർത്ഥികളോട് മുൻവിധിയോടെ പെരുമാറുന്നതും സർവ്വകലാശാലപോലെ ഒരു സ്ഥാപനത്തിൽ നടക്കാൻ പാടില്ലാ ത്തതാണെന്ന് കമ്മീഷൻ റിപ്പോർട്ടും കൊടുത്തു. എന്നിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. അതിനുശേഷം ഹൈക്കോടതി 2018-ൽ വീണ്ടും ഇക്കാര്യത്തിൽ ഇടപെട്ടു. ആ വിദ്യാർത്ഥിനിക്ക് ഗവേഷണത്തിന് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കണമെന്ന് സർവ്വകലാശാലയോട് നിർദ്ദേശിച്ചെങ്കിലും കൊടുത്തില്ല. പരാതിക്കാരിയുടെ ആവലാതികൾ പരിഹരിക്കണമെന്നും വിദ്യാർത്ഥിനിക്ക് ഗവേഷണ പ്രവർത്തനങ്ങൾക്കായി ലാബ് തുറന്നുകൊടുക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും നിർദ്ദേശിച്ചു. ഗവേഷണം നടത്തുന്ന ഒരു വിദ്യാർത്ഥിനിക്ക് കെമിക്കൽസ് ലഭിക്കാനും ലാബ് തുറന്നുകൊടുക്കാനും കേരള ഹൈക്കോടതിയിൽ പോയി റിട്ട് പെറ്റീഷൻ കൊടുക്കേണ്ട ഗതികേട് കേരളത്തിലല്ലാതെ എവിടെയുണ്ട്? പോലീസിൽ പരാതി കൊടുത്തെങ്കിലും അതും അട്ടിമറിക്കപ്പെട്ടു. ഇത് ജാതിവിവേചനമാണെന്ന് പ്രോ-വൈസ് ചാൻസലറിന്റെ മുറിയിലുണ്ടായിരുന്നയാൾ വളരെ വ്യക്തമായി പറഞ്ഞു. പട്ടികജാതി കമ്മീഷൻ ഇതിൽ ഇടപെട്ട് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു. ഒരുതരത്തിലുള്ള നടപടിയും സ്വീകരിക്കാതെ, ഗവേഷണം നടത്തുന്ന ഈ വിദ്യാർത്ഥിനിയോട് ജാതിവിവേചനം കാണിച്ച് നിരന്തരമായി പ്രയാസപ്പെടുത്തു കയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ആറു വർഷമാണ് ഈ വിദ്യാർത്ഥിനിക്ക് നഷ്ടപ്പെട്ടത്. ഗവേഷണത്തിന് കെമിക്കൽസ് കൊടുക്കില്ല, ലാബ് തുറന്നുകൊടുക്കില്ല, വളരെ മോശമായി സംസാരിക്കും, തീസിസ് സബ്മിറ്റ് ചെയ്യുമ്പോൾ മോഷ്ടിച്ചതാണെന്ന് ആക്ഷേപിക്കും, പട്ടികജാതിക്കാരിക്ക് ഈ പണിയൊന്നും പറ്റിയതല്ലെന്ന് പറയും. അത്തരത്തിൽ പൂർണ്ണമായ ജാതിവിവേചനം ആ വിദ്യാർത്ഥിനിക്ക് എല്ലാ രംഗത്തും ഉണ്ടായിട്ടുണ്ട്. നമുക്കറിയാം ഇത് മനുഷ്യാവകാശ ലംഘനമാണ്; ജാതി വിവേചനമാണ്; ഇതിനെതിരായി നടപടി സ്വീകരിക്കണ്ടേ? ഇതിന്റെ ചാർജ്ജ് ഉണ്ടായിരുന്ന ഡയറക്ടറെക്കുറിച്ച് ആരോപണം വന്നു. ആരോപണം വലിയ വിഷയമായപ്പോൾ അദ്ദേഹത്തെ മാറ്റി ഇവിടെ, വൈസ് ചാൻസലറിന് ചാർജ്ജ് കൊടുത്തു. വൈസ് ചാൻസലർ നേരത്തെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്നു. അദ്ദേഹമാണ് ഇതിനെല്ലാം ഈ ഡയറക്ടർക്ക് കൂട്ടുനിന്നത്. വീണ്ടും അതേ ആൾ തന്നെ ആ സ്ഥാനത്ത് വന്നിരിക്കുകയാണ്. ഇവർക്ക് ഗവേഷണം തുടരാൻ

കഴിയാത്ത സ്ഥിതി ആ സർവ്വകലാശാലയിലുണ്ടായിരിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എ.ഐ.എസ്.എഫ്. അംഗമായ ഒരു വിദ്യാർത്ഥിനി ക്രൂരമായി അധിക്ഷേപിക്കപ്പെടുകയും ലൈംഗികാതിക്രമത്തിന് വിധേയയാകുകയും ചെയ്തിട്ട് ആ പ്രതികളെയും ഇതുവരെ അറസ്റ്റുചെയ്തിട്ടില്ല. അതൊരു ദളിത് പെൺകുട്ടിയാണ്. എന്തൊരു അപമാനകരമായ കാര്യമാണിത്. ഇതെല്ലാം നിയമസഭയിൽ വന്നുപറയേണ്ട ഒരു സംസ്ഥാനമായി കേരളം അധഃപതിച്ചോ? ഇക്കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി സർക്കാർ കാണുകയും ഗവേഷകയായ ഈ വിദ്യാർത്ഥിനിക്ക് പഠനം തുടരാനുള്ള നടപടി സ്വീകരിക്കുകയും ഉത്തരവാദികളായ ആളുകൾക്കെതിരായി നിയമം അനുശാസിക്കുന്ന തരത്തിലുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് സമീപിക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠിക്കുന്ന ശ്രീമതി ദീപ പി. മോഹനൻ എന്ന വിദ്യാർത്ഥിനിക്കുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ചാണ് അദ്ദേഹം ഉന്നയിച്ചത്. ശ്രീമതി ദീപ പി. മോഹനൻ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ International and Inter University Centre for Nanoscience and Nanotechnology-യിൽ ഗവേഷണത്തിനുവേണ്ടി 24-3-2014-നാണ് ചേർന്നത്. ഈ ഗവേഷണ വിദ്യാർത്ഥിനിക്ക് അഞ്ചുവർഷത്തെ ഗവേഷണം പൂർത്തീകരിക്കാൻ കഴിയേണ്ടതായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ പല കാരണങ്ങളാൽ ആ വിദ്യാർത്ഥിനിക്ക് ഗവേഷണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഈ വിദ്യാർത്ഥിനിക്കെതിരായ പീഡനത്തെ സംബന്ധിച്ചുള്ള പരാതി 2015-ൽ തന്നെ കൃത്യമായി കൊടുത്തിട്ടുണ്ട്. അതനുസരിച്ച് യൂണിവേഴ്സിറ്റി ഒരു അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസിലേക്ക് കേസ്സ് റഫർ ചെയ്യുകയും ചെയ്തു. The Scheduled Castes and Scheduled Tribes (Prevention of Atrocities) Act അനുസരിച്ച് പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് വന്ന ഉത്തരവിൽ, പ്രസ്തുത ആക്ടിന്റെ പരിധിയിൽ ഈ വിഷയം വരില്ലെന്ന് പറയുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇത് 2014 മുതൽ തുടങ്ങിയതാണ്. ആ വിദ്യാർത്ഥിനിയുടെ ഗവേഷണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെങ്കിലുമുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള വലിയ ഇടപെടലാണ് പിന്നീട് യൂണിവേഴ്സിറ്റിയിലുണ്ടായത്. ഗവേഷണ കാലാവധി 2019-ൽ അവസാനിപ്പിക്കേണ്ടതാണ്. അതിനെതിരായി

വിദ്യാർത്ഥിനി ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഗവേഷണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലംഘിച്ചാൽ യുക്തമായ നടപടി സർവ്വകലാശാലയ്ക്ക് സ്വീകരിക്കാമെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞത്. തുടർന്ന് വിദ്യാർത്ഥിനിക്ക് ഗവേഷണപഠനം പൂർത്തീകരിക്കുന്നതിനുവേണ്ട സമയം അനുവദിക്കുന്ന കാര്യത്തെ സംബന്ധിച്ച് സർവ്വകലാശാല ചർച്ച ചെയ്യുകയുണ്ടായി. അഞ്ചുവർഷംകൊണ്ട് പൂർത്തീകരിക്കേണ്ട ഗവേഷണം ആറു വർഷ കാലാവധി അവസാനിച്ചിട്ടും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻവേണ്ടി യൂണിവേഴ്സിറ്റി തയ്യാറായി. ഇതിനിടയിലാണ് ജാതി വിവേചനവും മാനസിക വിഷമതയും സൃഷ്ടിക്കുന്നുയെന്ന തരത്തിലുള്ള നിരവധി പരാതികൾ ഗവേഷണ കേന്ദ്രത്തിന്റെ മേധാവിയായ ഡോ. നന്ദകുമാർ കളരിക്കലിനെതിരായി ഉയർന്നുവന്നത്. അതുസംബന്ധിച്ച് യൂണിവേഴ്സിറ്റി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുക യുമുണ്ടായി. ഇതിനിടയിലാണ് 2020 മുതൽ വീണ്ടും ഒരു വർഷത്തേയ്ക്കുകൂടി കാലാവധി ദീർഘിപ്പിച്ചുനൽകണമെന്ന് യൂണിവേഴ്സിറ്റിയോട് വിദ്യാർത്ഥിനി ആവശ്യപ്പെട്ടത്. ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യമ റിഞ്ഞപ്പോൾ അതിൽ ഇടപെടുകയും ഗവേഷണം തുടരുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തു. അതിനിടയിലാണ് സമരം ആരംഭിച്ചത്. ആ ഘട്ടത്തിലും ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെട്ട് ഈ വിദ്യാർത്ഥിനിക്ക് നീതി ലഭിക്കാൻവേണ്ട എല്ലാ നടപടിയും സ്വീകരിക്കണമെന്ന് വൈസ് ചാൻസലറോട് നേരിട്ട് പറയുക മാത്രമല്ല, കത്തെഴുതുന്ന സ്ഥിതിയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ ഉന്നതതല യോഗം ചേരുകയും വിദ്യാർത്ഥിനിക്ക് തുടർന്ന് പഠിക്കാൻവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഗവേഷണ കേന്ദ്രത്തിന്റെ തലവനായിരുന്ന ഡോ. നന്ദകുമാർ കളരിക്കലിനെ ആ സ്ഥാനത്തുനിന്നും മാറ്റണമെന്നതായിരുന്നു ഈ വിദ്യാർത്ഥിനിയുടെ പ്രധാന ആവശ്യം. അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റി വൈസ് ചാൻസലർ ആ സ്ഥാനം ഏറ്റെടുക്കുന്ന സ്ഥിതിയുമുണ്ടായി. ഇനി യാതൊരു തരത്തിലുമുള്ള തടസ്സവുമില്ലാതെ ഗവേഷണം പൂർത്തീകരിക്കുന്നതിന് എല്ലാ സഹായവും ചെയ്തുകൊടുക്കാമെന്ന് വൈസ് ചാൻസലർ തന്നെ സമരം ചെയ്യുന്ന വിദ്യാർത്ഥിനിയോടും സമരത്തിന് നേതൃത്വം കൊടുക്കുന്ന ആളുകളോടും പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനി പ്പിക്കുകയല്ല, ഡോ. നന്ദകുമാറിനെ സർവ്വീസിൽനിന്നുതന്നെ ടെർമിനേറ്റ് ചെയ്യണമെന്ന നിലപാടിലേയ്ക്കാണ് അവർ പോയത്. ഡോ. നന്ദകുമാറിനെ ഗവേഷണ കേന്ദ്രത്തിന്റെ തലവൻ എന്ന സ്ഥാനത്തുനിന്നും മാറ്റണമെന്നതായിരുന്നു ആദ്യം ആവശ്യമെങ്കിൽ ആ ആവശ്യം നിറവേറ്റി. അതായത് ഡോ. നന്ദകുമാറിനെ ഗവേഷണ കേന്ദ്രത്തിന്റെ തലവൻ എന്ന സ്ഥാനത്തുനിന്നുമാറ്റി പകരം വൈസ് ചാൻസലർ

തന്നെ ആ ഗവേഷണ കേന്ദ്രത്തിന്റെ തലവനായി മാറുകയും ചെയ്തു. വൈസ് ചാൻസലറിനെക്കുറിച്ച് എല്ലാവർക്കും അറിയാമല്ലോ. നല്ല രീതിയിൽ ഇടപെടുന്നൊരു സ്ഥിതി അക്കാര്യത്തിലുണ്ടായിട്ടുണ്ട്. ഡോ. നന്ദകുമാറിനെ ആ സ്ഥാനത്തുനിന്നും മാറ്റിയശേഷം, അദ്ദേഹത്തെ സർവ്വീസിൽനിന്ന് പിരിച്ചുവിടണമെന്നുള്ള നിലപാടിലേയ്ക്കാണ് സമരക്കാർ മാറിയിരിക്കുന്നത്. സർവ്വകലാശാലയുടെ നിയമവും സ്റ്റാറ്റ്യൂട്ടുമെല്ലാം അനുസരിച്ചാണ് ഒരു അദ്ധ്യാപകനെ പിരിച്ചുവിടാൻ കഴിയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എന്താണ് നടപടി സ്വീകരിക്കേണ്ടതെന്നുള്ളത് പിന്നീട് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട ഗവർണർ തന്നെ ഇക്കാര്യത്തിൽ ഇടപെടുകയുണ്ടായി. ബഹുമാന്യനായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി, കോട്ടയം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള മറ്റ് ഉയർന്ന വ്യക്തികളെല്ലാം ഇടപെട്ട് വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള ജാതീയമായ വിവേചനങ്ങളോ പീഡനങ്ങളോ ഈ വിദ്യാർത്ഥിനിക്ക് നേരിടേണ്ടി വന്നിട്ടുണ്ടെങ്കിൽ അതുകൂടി കൃത്യമായി അന്വേഷിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ വിദ്യാർത്ഥിനിക്ക് തുടർന്ന് പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. പല സ്ഥലത്തും ഗവേഷണ വിദ്യാർത്ഥികൾക്ക് പല തരത്തിലുള്ള വിവേചനങ്ങൾ ഇപ്പോഴും നേരിടേണ്ടി വരുന്നുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരത്തിലുള്ള എന്തെങ്കിലും പീഡനങ്ങൾ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥികൾ നേരിടുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച് കൃത്യമായിട്ടുള്ള പരാതിയുണ്ടെങ്കിൽ ആ പരാതി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാട് ഒരു കാരണവശാലും ഗവൺമെന്റ് സ്വീകരിക്കുകയില്ല. അതുകൊണ്ടുതന്നെ ഈ വിദ്യാർത്ഥിനിക്ക് എല്ലാ സഹായവും നൽകണമെന്നാണ് പൊതുവെയുള്ള തീരുമാനം. ശ്രീമതി ദീപ പി. മോഹനന്റെ ഗവേഷണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതിന് ആരുടെയെങ്കിലും ഭാഗത്തുനിന്ന് ബോധപൂർവ്വമായിട്ടുള്ള ഇടപെടലുണ്ടായിട്ടുണ്ടെങ്കിൽ അത് കൃത്യമായി പരിശോധിക്കാനും ജാതി വിവേചനമടക്കമുള്ള നിലപാടുകളുണ്ടാകുകയോ അല്ലെങ്കിൽ അവരെ പീഡിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അത് ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ തീർച്ചയായും കുറ്റക്കാർക്കെതിരെ ചട്ടപ്രകാരമുള്ള ശക്തമായ നടപടി സ്വീകരിക്കുമെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. തെറ്റ് ചെയ്യുന്ന ആളുകളെ സംരക്ഷിക്കുന്ന നിലപാട് ഈ ഗവൺമെന്റ് ഒരു കാരണവശാലും സ്വീകരിക്കുകയില്ല. ഈ ഗവേഷണ വിദ്യാർത്ഥിനിയുടെ നിരാഹാര സമരം അവസാനിപ്പിക്കേണ്ടതാണ്. പ്രധാനപ്പെട്ട ഡിമാന്റുണ്ടായിരുന്നത് ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടറായിട്ടുള്ള ഡോ. നന്ദകുമാർ കളരിക്കലിനെ മാറ്റണമെന്നതാണ്. അദ്ദേഹത്തെ

മാറ്റി പകരം വൈസ് ചാൻസലർ തന്നെ ആ സ്ഥാനമേറ്റെടുത്തു. ഇനിയും സമരവുമായി പോകുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യമെന്താണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഒരു വിദ്യാർത്ഥിയെയും ഗവേഷണത്തിന്റെ പേരിൽ പീഡിപ്പിക്കാതിരിക്കാനുള്ള ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അതുകൊണ്ട് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സമരം അവസാനിപ്പിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

(2) പട്ടികജാതി-പട്ടികവർഗ്ഗ തൊഴിലാളികളുടെ വേതന വിതരണം

ശ്രീമതി സി. കെ. ആശ: സർ, തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണത്തിൽ കേന്ദ്രസർക്കാർ പുതുതായി സ്വീകരിച്ച വിവേചനപരമായ സമീപനംമൂലം തൊഴിലുറപ്പ് മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന അസമത്വവും അനീതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാനിത് ഉന്നയിക്കുന്നത്. തൊഴിലുറപ്പുമേഖലയിൽ കേന്ദ്രസർക്കാരിന്റെ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ മസ്റ്റർറോളിൽ ജാതിയെപ്പറ്റിയുള്ള കോളങ്ങൾ നിലവിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ ഒരേ തൊഴിലിടങ്ങളിൽ തൊഴിൽ ചെയ്യുന്ന എസ്.സി., എസ്.ടി., ജനറൽ എന്നീ വിഭാഗങ്ങൾക്ക് ജാതിയുടെ അടിസ്ഥാനത്തിൽ വേതനം വിതരണം ചെയ്യുകയും ചെയ്യുന്ന രീതി അത്യന്തം അപലപനീയമാണ്. കഴിഞ്ഞ ആഗസ്റ്റ് മാസവും ഇപ്പോൾ കഴിഞ്ഞ ഒരു മാസക്കാലവുമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ തൊഴിൽ ചെയ്ത പൊതുവിഭാഗം തൊഴിലാളികൾക്ക് വേതനം ലഭിച്ചിട്ടും എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ളവർക്ക് വേതനം ലഭിച്ചിട്ടില്ല. ഒരേ മേഖലയിൽ ഒരേ ജോലി ഒരുമിച്ച് ചെയ്യുന്ന തൊഴിലാളികളിൽ ഒരു വിഭാഗത്തിന് വേതനം ലഭിക്കുകയും മറ്റൊരു വിഭാഗത്തിന് വേതനം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം അത്യന്തം വിവേചനപരമായതിനാൽ സർക്കാർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് കേന്ദ്രസർക്കാരിന്റെ അനീതിക്കെതിരെ ശക്തമായ സമ്മർദ്ദം ചെലുത്തി വിവേചനം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സവിനയം ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ശ്രീമതി സി. കെ. ആശ ഉന്നയിച്ച പ്രശ്നം അവരുടെ നിയോജകമണ്ഡലത്തിന്റെ ഭാഗമായി മാത്രമുള്ളതല്ല, കേരളത്തെയും ഇന്ത്യയെയുമാകെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു കാര്യമാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച വിവേചന പരമായ സമീപനംമൂലം തൊഴിലുറപ്പ് മേഖലയിൽ സൃഷ്ടിക്കപ്പെട്ട അസ്വാരസ്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ബഹുമാനപ്പെട്ട മെമ്പർ ഈ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. സാധാരണക്കാരായ ജനങ്ങൾക്ക്, പ്രത്യേകിച്ച് ഗ്രാമീണ സ്ത്രീകൾക്ക് തൊഴിലും

വരുമാനവും ഉറപ്പാക്കുകയും അവരിൽ അവകാശബോധം ഉണർത്താനുതകുകയും ചെയ്യുന്ന വിധത്തിലാണ് നമ്മുടെ സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നത്. സുതാര്യമായ പദ്ധതി നടത്തിപ്പിലൂടെ സാധാരണക്കാരായ അടിസ്ഥാന ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അദ്ധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് ജീവനോപാധി ഉറപ്പാക്കുകയും പ്രാദേശിക സാമ്പത്തിക വികസനവും ആസ്തി വികസനവും സാധ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം അവിദഗ്ദ്ധ തൊഴിലിനുള്ള വേതനവും ഒരു പ്രവൃത്തിയുടെ വേതനവും ഒരുമിച്ച് തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് അവലംബി ക്കുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനം 2-3-2021-ലെ ഒരു ഉത്തരവനുസരിച്ച് കേന്ദ്ര സർക്കാരിന്റെ 37/16/06 നമ്പർ കത്ത് പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗം/ ജനറൽ വിഭാഗം എന്നിങ്ങനെ പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ച് അതിൽനിന്ന് വേതനം നൽകുന്നതിനും ഈ ആവശ്യത്തിലേയ്ക്ക് നിലവിലുള്ള ഒരു ബാങ്ക് അക്കൗണ്ടിന് പുറമെ സംസ്ഥാന തലത്തിൽ രണ്ട് ബാങ്ക് അക്കൗണ്ടുകൾ കൂടി പട്ടികജാതി/ പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങൾക്കായി ആരംഭിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗം/ ജനറൽ വിഭാഗം തൊഴിലാളികൾക്ക് വേതനം പ്രത്യേകം നൽകുന്നതിനായി ബാങ്ക് അക്കൗണ്ടുകൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടിവന്നു. ഈ അക്കൗണ്ടുകൾ മുഖേനയാണ് 2021 ഏപ്രിൽ മാസം മുതൽ തൊഴിലാളികൾക്ക് വേതനം നൽകിവരുന്നത്. അതിന്റെ ഭാഗമായി, പ്രതീക്ഷിച്ചതിൽനിന്ന് വ്യത്യസ്തമായി എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നതിൽ പലപ്പോഴും കാലതാമസം വരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവർ ജോലി ചെയ്തുകഴിഞ്ഞാൽ അപ്പോൾത്തന്നെ വേതനം നൽകുകയെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ ഈ മൂന്ന് അക്കൗണ്ടുകളായി രൂപാന്തരപ്പെടുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ ചെയ്യുന്നതിന്റെ കൂലി വേഗംതന്നെ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചതാകെ അടിതെറ്റുകയും പലപ്പോഴും ഇത്തരം ദുർബ്ബല ജനവിഭാഗങ്ങൾക്ക് വേതനം നൽകാൻ കാലതാമസം നേരിടുകയുമാണ്. ജാതി തിരിച്ചുള്ള ഇത്തരം അക്കൗണ്ടിംഗ് സിസ്റ്റം തൊഴിലാളിക ൾക്കിടയിൽ അസ്വസ്ഥതകൾ ഉളവാക്കുകയും ചില വിഭാഗങ്ങൾക്കുമാത്രം വേതനം നൽകുന്നു എന്ന പരാതി ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം പരിശോധിച്ചാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബ്ബലപ്പെടുത്താനുള്ള നീക്കങ്ങളാണിതെന്ന് സംശയിക്കേണ്ടി വരും. കേന്ദ്ര ഗവൺമെന്റിന്റെ പ്രസ്തുത നടപടിയെത്തുടർന്ന് വരാനിടയുള്ള

അസ്വസ്ഥതകളും പ്രായോഗിക പ്രശ്നങ്ങളും സംസ്ഥാന ഗവൺമെന്റ് മനസ്സിലാക്കുകയുണ്ടായി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്ക് ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കൂലി തടസ്സപ്പെടുന്ന സാഹചര്യമുണ്ടായി. തൊഴിലാളികൾക്കിടയിൽ വേർതിരിവിനും വിവേചനത്തിനുമിടയാക്കുന്ന ഈ പരിഷ്കാരം പിൻവലിക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് പലതവണ വ്യക്തമാക്കിയിട്ടുള്ളതും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ പുതിയ സമ്പ്രദായം പിൻവലിക്കണമെന്ന് കഴിഞ്ഞമാസം അവസാനം ഔദ്യോഗികമായി ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ നേരിട്ടുകണ്ട് രേഖാമൂലം ഉന്നയിച്ചിട്ടുള്ളതാണ്. പുതിയ പരിഷ്കാരംവഴിയും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവും എല്ലാ വിഭാഗം തൊഴിലാളികൾക്കും നിലവിൽ വേതന കുടിശ്ശികയുണ്ടായിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കാത്തതിനാൽ എസ്.സി. വിഭാഗത്തിന് 64.66 കോടി രൂപയും എസ്.ടി. വിഭാഗത്തിന് 22.19 കോടി രൂപയും മറ്റ് വിഭാഗത്തിന് 112.6 കോടി രൂപയും ചേർത്ത് ആകെ 199.45 കോടി രൂപ നിലവിൽ വേതന കുടിശ്ശികയുണ്ട്. വിഷയം ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധാനം ചെയ്യുന്ന വൈക്കം നിയോജക മണ്ഡലത്തിൽ അവിദഗ്ദ്ധ വേതന ഇനത്തിൽ എസ്.ടി. വിഭാഗത്തിന് 1,37,716 രൂപയും എസ്.സി. വിഭാഗത്തിന് 58,02,211 രൂപയും പൊതുവിഭാഗം തൊഴിലാളികൾക്ക് 1,80,78,005 രൂപയും കുടിശ്ശിക വന്നിട്ടുണ്ട്. കേന്ദ്ര ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതിനാൽ എസ്.സി. വിഭാഗത്തിന്റേത് 1-10-2021 മുതലും എസ്.ടി. വിഭാഗത്തിന്റേത് 3-10-2021 മുതലും മറ്റ് വിഭാഗങ്ങളുടേത് 20-10-2021-മുതലും കുടിശ്ശികയാണ്. ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ഇതോടൊപ്പം വളരെ ഗൗരവമുള്ള മറ്റൊരു പ്രശ്നംകൂടി ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി വകകൊള്ളിച്ചിട്ടുള്ളത് 61,500 കോടി രൂപയായിരുന്നു. കോവിഡ് പാക്കേജിന്റെ ഭാഗമായി പിന്നീട് 40,000 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം രാജ്യത്ത് ആകെ ചെലവഴിച്ചത് 1,11,443 കോടി രൂപയാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത് 73,000 കോടി രൂപ മാത്രമാണ്. കഴിഞ്ഞ വർഷത്തെ തൊഴിലുറപ്പ് ബഡ്ജറ്റ് വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ 28,500 കോടി രൂപയുടെയും കഴിഞ്ഞവർഷം ചെലവഴിച്ച തുകയെ അപേക്ഷിച്ച് 38,443 രൂപയുടെയും കുറവാണ് ഇതിലൂടെ സംഭവിച്ചിരിക്കുന്നത്. ഇതിൽ 70,410 കോടി രൂപ നാളിതുവരെ ചെലവഴിച്ചുകഴിഞ്ഞു. അതായത് ബഡ്ജറ്റ് വിഹിതത്തിന്റെ 96.45 ശതമാനം തുക ഇതിനകം ചെലവായിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാൻ മാസങ്ങൾ

ബാക്കിയിരിക്കെ പദ്ധതി നിർവ്വഹണത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് ഇത് വഴിവയ്ക്കുകയാണ്. ഈ പദ്ധതിപ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതനം, ജീവനോപാധി, ആസ്തികളടക്കം വ്യക്തിഗത ആസ്തികൾ നിർമ്മിച്ച ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക എന്നിവ വൈകുന്നത് ഈ കോവിഡ് സാഹചര്യത്തിൽ ഗുരുതരമായ സാമ്പത്തിക, സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യങ്ങളെല്ലാം നേരിട്ടും രേഖാമൂലവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയിൽത്തന്നെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 96.7 ശതമാനം തുക ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള മാസങ്ങളിൽ ചെലവഴിക്കുന്നതിന് പണമില്ലാത്ത സാഹചര്യമാണുണ്ടാകുന്നത്. ഇത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുകയെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(3) ബി.ഇ.എം.എൽ.-ന്റെ സ്വകാര്യവത്കരണം

ശ്രീ. എ. പ്രഭാകരൻ: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ.)-ന്റെ സ്വകാര്യവത്കരണത്തിനുള്ള നീക്കം ഉപേക്ഷിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: നേരത്തേ പല പ്രാവശ്യം നിയമസഭയിൽ ഈ വിഷയം സൂചിപ്പിച്ചിട്ടുള്ളതാണ്. അംഗങ്ങൾ ലഘുവായി ചോദ്യം ചോദിക്കുകയും ദീർഘമായ ഉത്തരമാണെങ്കിൽ മന്ത്രിമാർ അത് മേശപ്പുറത്ത് വയ്ക്കുകയും ചെയ്യണമെന്നുള്ള കാര്യം പറഞ്ഞിട്ടുള്ളതാണ്. അത് അവരവർ പാലിക്കേണ്ടതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ 1964-ൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് ബി.ഇ.എം.എൽ. 2010-ൽ സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ബി.ഇ.എം.എൽ.-ന്റെ നാലാമത്തെ നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. സംസ്ഥാന സർക്കാർ പാട്ടത്തിന് നൽകിയ 375 ഏക്കർ സ്ഥലത്താണ് ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്. രാജ്യ സുരക്ഷാ വാഹനങ്ങൾ, റെയിൽവേ കോച്ചുകൾ, മെട്രോ കോച്ചുകൾ, മൈനിംഗ് ആൻഡ് കൺസ്ട്രക്ഷൻ വാഹനങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന ഒരു മിനി നവരത്ന കമ്പനിയാണ് ബി.ഇ.എം.എൽ. പാലക്കാടിനു പുറമെ ബാംഗ്ലൂർ, മൈസൂർ, കോലാർ എന്നിവിടങ്ങളിലൊക്കെ അവർക്ക് യൂണിറ്റുകളുണ്ട്. കഞ്ചിക്കോട് യൂണിറ്റിൽ ഇപ്പോൾ അഞ്ഞൂറോളം തൊഴിലാളികൾ

പണിയെടുക്കുന്നുണ്ട്. സ്വകാര്യ മുതലാളിമാർക്ക് ഈ സ്ഥാപനം വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ കഞ്ചിക്കോട് യൂണിറ്റിൽ തൊഴിലാളികൾ കമ്പനിപ്പടിക്കൽ മുന്നൂറ്റിരണ്ടാം ദിവസമായ ഇന്നും സമരം നടത്തിവരികയാണ്. ഇന്ത്യൻ റെയിൽവേയ്ക്കു വേണ്ടി കോച്ചുകൾ നിർമ്മിച്ച് കൊടുക്കുന്നതിനുപുറമെ മെട്രോ കോച്ചുകളും നിർമ്മിക്കുന്ന ഏക ഇന്ത്യൻ പൊതുമേഖലാ കമ്പനിയാണ് ബി.ഇ.എം.എൽ. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കെ-റെയിൽ, കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടം, മോണോ റെയിൽ എന്നിവയ്ക്കാവശ്യമായ കോച്ചുകൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയും സൗകര്യവുമുള്ള കഞ്ചിക്കോട് ബി.ഇ.എം.എൽ. യൂണിറ്റിനെ പൊതുമേഖലയിൽ നിലനിർത്തേണ്ടത് കേരളത്തിന്റെകൂടി ആവശ്യമാണ്. വിദേശ മെട്രോ കോച്ച് നിർമ്മാണ കമ്പനികളോട് ആഗോള ടെണ്ടറിൽ മത്സരിച്ച് ഏകദേശം പതിനായിരത്തിലധികം കോടി രൂപയുടെ ഓർഡറുകൾകൂടി ഈ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയും സൗകര്യവുമുള്ള കഞ്ചിക്കോട് ബി.ഇ.എം.എൽ. യൂണിറ്റിൽ ഇത് നിർമ്മിക്കുന്നതിലൂടെ ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങളുണ്ടാകുമെന്ന് മാത്രമല്ല, ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് അധിക വരുമാനവും ലഭിക്കും. ദേശീയ മാധ്യമങ്ങളിൽ വന്ന വാർത്തപ്രകാരം നാല് ഇന്ത്യൻ കമ്പനികളും രണ്ട് വിദേശ കമ്പനികളും ബി.ഇ.എം.എൽ. വാങ്ങാൻ താൽപ്പര്യപത്രം നൽകുകയും കേന്ദ്ര സർക്കാർ അവരെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തതായി മനസ്സിലാക്കുന്നു. ഇവർക്കാർക്കും ബി.ഇ.എം.എൽ.-ന്റെ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയോ മുൻപരിചയമോ ഇല്ലാത്ത തിനാൽ സ്ഥാപനങ്ങളോടല്ല, അതിനോടനുബന്ധിച്ചുള്ള വിശാലമായ സ്ഥലത്തിലും റിയൽ എസ്റ്റേറ്റ് കച്ചവടത്തിലുമാണ് കണ്ണ് എന്ന് ബലമായും സംശയിക്കുന്നു. രാജ്യസുരക്ഷ മാനിച്ച് കേന്ദ്ര സർക്കാർ ബി.ഇ.എം.എൽ. സ്വകാര്യവത്കരിക്കരുത് എന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 2021 ജനുവരി 5-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തെഴുതിയിരുന്നു. ഇന്ത്യൻ പട്ടാളക്കാരുടെയും ഇന്ത്യൻ ജനതയുടെയും സുരക്ഷ മാനിച്ച് രാജ്യരക്ഷാ സ്ഥാപനമായ ബി.ഇ.എം.എൽ.-നെ, പ്രത്യേകിച്ച് കഞ്ചിക്കോട് യൂണിറ്റിനെ സംരക്ഷിക്കണം. ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കിയാൽ കേരളത്തിൽ കേന്ദ്ര നിക്ഷേപം കുറവാണ്. സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ അവഗണനയാണ് കാണിച്ചിട്ടുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലം മുതൽ കേൾക്കാൻ തുടങ്ങിയതാണ് പാലക്കാട് കോച്ച് ഫാക്ടറി. തെരഞ്ഞെടുപ്പ് വരുമ്പോഴൊക്കെ ജനങ്ങളെ പറ്റിക്കുന്ന സമീപനമായിരുന്നു. ഈ സ്ഥാപനമെങ്കിലും പൊതുമേഖലയിൽ നിലനിർത്താനുള്ള പ്രവർത്തനം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് ഗൗരവതരമായ പ്രശ്നമാണ്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായും കയ്യൊഴിയുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമീപനം അതിൽ നിന്നും വ്യത്യസ്തമാണ് . ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉടമ സ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന്റെ റോളിംഗ് സ്റ്റോക്ക് മാനുഫാക്ച്ചറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആയിരം ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374.59 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ട വ്യവസ്ഥയിൽ കിൻഫ്ര മുഖാന്തരം നൽകിയിരുന്നു. നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്ന പ്രസ്തുത സ്ഥാപനത്തിൽ ഇന്ത്യൻ റെയിൽവേയ്ക്കും പ്രതിരോധസേനകൾക്കും ആവശ്യമായ യന്ത്രസാമഗ്രികളാണ് നിർമ്മിച്ചുവരുന്നത്. ആഗോള ടെണ്ടറുകൾവഴി ധാരാളം ഓർഡർ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് ബി.ഇ.എം.എൽ. ആഗോള ടെണ്ടറുകളിലൂടെ പതിനായിരം കോടി രൂപയുടെ ഓർഡറുകൾ നേടിയിട്ടുണ്ട്. സൈനിക വാഹനങ്ങൾ, റെയിൽ മെട്രോ കോച്ചുകൾ എന്നിവയുടെ നിർമ്മാണത്തിലും കമ്പനി ഏർപ്പെട്ടിരിക്കുന്നു. പാലക്കാട് യൂണിറ്റിന് ആയിരത്തി അഞ്ഞൂറുകോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ഇതു കമ്പനിയുടെ മൊത്തം ഓർഡറുകളുടെ 15 ശതമാനമാണ്. പ്രവർത്തനത്തിനാവശ്യമായ ഹെലിപാഡ് ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെ വികസിപ്പിച്ചിട്ടുണ്ട്. മുന്നൂറോളം ജീവനക്കാർ ജോലിചെയ്യുന്നുണ്ട്. ബി.ഇ.എം.എൽ. എന്നത് മിനിനവരത്ന വിഭാഗ ത്തിൽപ്പെട്ട കമ്പനിയാണ്. പാലക്കാട് യൂണിറ്റ് നിലവിൽ ലാഭത്തിൽ പ്രവർത്തി ക്കുന്നുയെന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്രപ്രതിരോധ മന്ത്രാലയം 2019 ജൂലായ് 4-ലെ കത്ത് മുഖാന്തരം ബി.ഇ.എം.എൽ.-ന് അനുവദിച്ച 374.59 ഏക്കർ ഭൂമിയിൽ 226.21 ഏക്കർ ഭൂമി സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന് തയാറാണെന്നും ഇതിന്റെ വ്യവസ്ഥകൾ അറിയിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാരിനു കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസെറ്റ് മാനേജ്മെന്റ് സെക്രട്ടറിയും ബി.ഇ.എം.എൽ. ഉദ്യോഗസ്ഥരും സംസ്ഥാന സർക്കാർ പ്രതിനിധികളും വിവിധ ഘട്ടങ്ങളിൽ ചർച്ച നടത്തുകയുണ്ടായി. 2021 ഏപ്രിൽ 20-ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിതല കമ്മിറ്റി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുകയും തുടർന്ന് BEML തിരികെ നൽകുന്ന 226.21 ഏക്കർ ഭൂമിയുടെ വില സംബന്ധിച്ച് തീരുമാനമായിട്ടുമുണ്ട്. 13-10-2021-ലെ ഉത്തരവുപ്രകാരം കിൻഫ്രയ്ക്ക് തിരികെ നൽകുന്ന പ്രസ്തുത ഭൂമിയുടെ വിലയായ 27.59 കോടി രൂപ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി

ബന്ധപ്പെട്ട ഭൂമി തിരികെ ഏറ്റെടുക്കുന്ന നടപടി കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ബി.ഇ.എം.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കരുതെന്ന് പാർലമെന്റ് അംഗങ്ങളും ട്രേഡ് യൂണിയൻ സംഘടനകളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ഇക്കാര്യത്തിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുവികാരം മുൻനിർത്തിയും ദേശീയ സുരക്ഷ കണക്കിലെടുത്തും കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നില നിർത്തേണ്ടതുണ്ട്. ഈ സ്ഥാപനം സ്വകാര്യവത്കരിക്കരുതെന്ന് ആവശ്യപ്പെട്ട് 5-1-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറുപടി ഇതുവരെ ലഭ്യമായിട്ടില്ല.

(4) <u>ചീമേനി വ്യവസായ പാർക്ക്</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കാസർഗോഡ് ജില്ലയിൽ കയ്യൂർ-ചീമേനി പഞ്ചായത്തിലെ ചീമേനി വില്ലേജിൽ സർക്കാർ അധീനതയിൽ ഉണ്ടായിരുന്ന നൂറ് ഏക്കർ ഭൂമിയിൽ 2006 - 2011-ലെ എൽ.ഡി.എഫ്. സർക്കാർ ഈ നവീന ശാസ്ത്രയുഗത്തിൽ അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തെ മുൻനിർത്തി 'എല്ലാ ജില്ലകളിലും ഐ.ടി. പാർക്ക്' എന്ന കാഴ്ചപ്പാടോടുകൂടി ഐ.ടി. പാർക്ക് പ്രഖ്യാപിക്കുകയും ശിലാസ്ഥാപനം നടത്തുകയുമുണ്ടായി. ഇതിനായി അനുവദിക്കപ്പെട്ട നൂറ് ഏക്കർ സ്ഥലത്ത് ചീമേനി ടൗണിനോടനുബന്ധിച്ച് ഐ.ടി. വകുപ്പിന്റെ നേതൃത്വത്തിൽ ചുറ്റുമതിലും മതിയായ കെട്ടിടത്തിനുള്ള അസ്ഥിവാരവുമൊക്കെ നിർമ്മിച്ചുവെങ്കിലും തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ ടി പദ്ധതി തീർത്തും ഉപേക്ഷിക്കുകയായിരുന്നു. 2016-2021-ലെ ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലയളവിൽ വീണ്ടും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഐ.ടി. പാർക്കിന് പകരം അവിടെ വ്യവസായ പാർക്ക് പ്രഖ്യാപിക്കുകയുമുണ്ടായി. സർക്കാരിന്റെ ഈ പ്രഖ്യാപനം വ്യവസായരഹിത ജില്ലയായിട്ടുള്ള കാസർഗോഡിന് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നായിരുന്നു. വ്യവസായ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒന്നാം പിണറായി സർക്കാർ ഇരുപതു കോടിരൂപ വകയിരുത്തുകയും കാസർഗോഡ് ജില്ലാ കളക്ടറും വ്യവസായ കേന്ദ്ര മാനേജരും ഉൾപ്പെടെയുള്ളവർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ വ്യവസായ പ്രോജക്ട് തയാറാക്കുകയുമുണ്ടായി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും കാസർഗോഡ് വികസന പാക്കേജിന്റെയും സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തുതന്നെ സർക്കാർ ഉടമസ്ഥതയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റേഷനുകളുള്ളത് കാസർഗോഡ് ജില്ലയിലാണ്. അതുപോലെ, ഇന്ത്യയിൽ ഏറ്റവും ഗുണനിലവാരമുള്ള അടയ്ക്ക ഉൽപ്പാദിപ്പിക്കുന്ന

ജില്ലകളിലൊന്നാണ് കാസർഗോഡ്. ഏഷ്യയിൽ കല്ലുമ്മക്കായ ഏറ്റവും അധികം ഉൽപ്പാദിപ്പിക്കുന്ന ജില്ല കാസർഗോഡാണ്. ഇവയെല്ലാം ഉപയോഗിച്ച് വൈവിധ്യ വൽക്കരണത്തിലൂടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കാനുള്ള പദ്ധതി തീരുമാനിക്കുകയും ടി പ്രോജക്ട് സർക്കാർ ഇതിനകം തന്നെ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ ചീമേനിയിൽ സൗജന്യമായി ലഭിച്ച നൂറേക്കർ ഭൂമി ഐ.ടി. വിഭാഗം ഷെയർ ആക്കി മാറ്റി. കമ്പനി ചെലവാക്കിയ തുകയുൾപ്പെടെ അനുവദിച്ചുകിട്ടിയാൽ മാത്രമേ ടി വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂവെന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്തുതന്നെ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. സി. മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ വ്യവസായ വകുപ്പിന്റെയും ഐ.ടി. വകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേരുകയും പ്രശ്നപരിഹാരത്തിനായി കുറെയധികം നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. പിന്നീട് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്ന് വേണ്ടത്ര താൽപ്പര്യം കണ്ടില്ല. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അടുത്തദിവസം തന്നെ യോഗം വിളിച്ചത് ഏറെ സ്വാഗതാർഹമായ തീരുമാനമായിരുന്നു. നിരവധി നിവേദനങ്ങൾ ഇതുസംബന്ധിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തന്നെ ഒരു ഘട്ടത്തിൽ ഇതിനാവശ്യമായ തുക നീക്കിവച്ചിട്ടുണ്ടായിരുന്നു. പ്രഖ്യാപിച്ച ചീമേനി വ്യവസായ പാർക്ക് യാഥാർ ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം പല നിവേദനങ്ങളിലൂടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ യോഗം ചേരുകയുമുണ്ടായി. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL)-ന്റെ ഉടമസ്ഥതയിലുള്ള ഇൻഫർമേഷൻ ടെക്നോളജി പാർക്കിനായി മാറ്റിവച്ചിരുന്ന സ്ഥലം 11-7-2018-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കിനായി കിൻഫ്രയ്ക്ക് നൽകാൻ തീരുമാനിക്കുകയും 12-12-2018-ൽ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം സന്ദർശിക്കുകയും ചെയ്തിരുന്നു. തുടർന്ന് 5-12-2019-ൽ തൃക്കരിപ്പൂർ എം.എൽ.എ., കാസർഗോഡ് ജില്ലാകളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേരുകയും അഗ്രോ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയും ചെയ്തിരുന്നു. ഭൂമി സംസ്ഥാന ഐ.ടി. വകുപ്പിന്റെ

കൈവശമായതിനാൽ അത് ജില്ലാ വ്യവസായകേന്ദ്രത്തിന് കൈമാറുന്നത് സംബന്ധിച്ച ചർച്ച അന്ന് നടത്തുകയുണ്ടായി. 26-12-2019-ൽ ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ. ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിക്കായി നടപടി കൈക്കൊള്ളാൻ തീരുമാനിച്ചു. എന്നാൽ ഐ.ടി. പാർക്കിനായി നീക്കിവച്ചിരുന്ന സ്ഥലം ഐ.ടി. വകുപ്പിൽനിന്നും ഇതുവരെ വ്യവസായ വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. ഈ സ്ഥലം ഏറ്റെടുത്ത് വ്യവസായപാർക്ക് സ്ഥാപിക്കുന്നതുസംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് 7-10-2021-ന് വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭൂമിയുടെ അനുയോജ്യത, സംരംഭകരുടെ ലഭ്യത, ഭൂമിയുടെ സെസ് പദവി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇവ സംബന്ധിച്ച് പഠനം നടത്തി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണ്.

## (5) റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിൽ 2018 ജനുവരിയിൽ കിഫ്ബിയുടെ ഫിനാൻഷ്യൽ സാംഗ്ഷൻ ലഭിക്കുകയും 2018 ജൂലൈ മാസത്തിൽ വർക്ക് ഓർഡർ കൊടുത്ത് കോൺട്രാക്ടറുമായി എഗ്രിമെന്റ് ഒപ്പിടുകയും ചെയ്ത ഒരു പ്രവൃത്തിയാണ് മട്ടന്നൂർ-ഇരിക്കൂർ റോഡ്. അതിന്റെ നിർമ്മാണം ഇപ്പോൾ നിലച്ചിരിക്കുകയാണ്. മണ്ണൂർ റോഡിന്റെ സൈഡിൽ പുഴയോരത്ത് മണ്ണിടിച്ചിൽ ഉണ്ടായതിന്റെ ഭാഗമായി ജനങ്ങൾ ബുദ്ധിമുട്ടിലാണ്, ഗതാഗതവും തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രദേശം സന്ദർശിക്കുകയും അടിയന്തിരമായി ഈ നിർമ്മാണപ്രവൃത്തി പൂർത്തിയാക്കി ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കുമെന്ന് പറഞ്ഞതിൽ വളരെ നന്ദിയുണ്ട്. ഇത് അടിയന്തരമായി പൂർത്തിയാക്കണം. ഇതിൽ കിഫ്ബിയുടെ ചില പ്രവൃത്തികൾ ഭൂമി അക്വിസിഷന് തുക അനുവദിച്ചുകൊണ്ടുള്ളതാണ്. എന്നാൽ തുടക്കത്തിലുള്ള ചില പ്രവൃത്തികൾക്ക് ഫ്രീ ഓഫ് കോസ്റ്റ് സറണ്ടറാണ് നിർദ്ദേശിച്ചിരിക്കുന്നത്. മറ്റു ചില പ്രവൃത്തികൾക്ക് അക്വിസിഷന് പണം കിട്ടുമ്പോൾ നാട്ടുകാർ സ്വമേധയാ ഫ്രീയായി ഭൂമി കൊടുക്കാൻ വിസമ്മതിക്കുകയാണ്. പക്ഷേ പൊളിച്ചുമാറ്റുന്ന മതിൽ കെട്ടിക്കൊടുക്കാൻ സൗകര്യമുണ്ടാക്കിയാൽ ഭൂമി ലഭ്യമാക്കി പ്രവൃത്തി തുടരാൻ സാധിക്കും. കിഫ്ബിയുമായി നടത്തിയ ചർച്ചയിൽ മതിൽ കെട്ടിക്കൊടുക്കാൻ കഴിയുമെന്നൊരു സൂചനയും

ഉണ്ടായിട്ടുണ്ട്. അതുപോലെ പുഴ ഇടിഞ്ഞ ഭാഗം കുറച്ചു ശക്തമായിട്ടുള്ള കാംപെയ്ൻ കൺസ്ട്രക്ഷൻ നടത്തേണ്ടതായി വരുമെന്നാണ് കാണുന്നത്. ബഹുമാനപ്പെട്ട മന്ത്രി ടി വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. എന്നാലും വളരെ പെട്ടെന്നുതന്നെ ഈ പ്രശ്നം പരിഹരിച്ച് റോഡിന്റെ മെക്കാഡം ടാറിംഗും അതുപോലെ പുഴയുടെ സൈഡ് ഇടിഞ്ഞത് സംരക്ഷിച്ചുകൊണ്ടും പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ-ഇരിക്കൂർ റോഡിലെ മണ്ണൂർ റോഡിന്റെ പുഴഭാഗം ഇടിഞ്ഞ് അപകടാവസ്ഥ നിലനിൽക്കുന്ന സാഹചര്യമാണ് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ ഉന്നയിച്ചത്. നേരത്തെതന്നെ ടീച്ചർ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് മണ്ണൂരിൽപ്പോയി സ്ഥലം നേരിട്ട് കണ്ടിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 24.07 കോടിരൂപ ചെലവഴിച്ചാണ് മട്ടന്നൂർ-ഇരിക്കൂർ റോഡ് നവീകരിക്കുന്നത്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ 2019-ലെ വെള്ളപ്പൊക്കത്തിൽ മണ്ണൂരിൽ റോഡിന്റെ പുഴഭാഗം ഇടിയുകയായിരുന്നു. ഇടിഞ്ഞ ഭാഗത്ത് ഗാബിയോൺ ഉപയോഗിച്ച് സംരക്ഷണ ഭിത്തി കൂടി നിർമ്മിക്കുന്ന തരത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കിഫ്ബിക്ക് കൈമാറിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ തകർന്ന മേഖല പ്രത്യേക പാക്കേജായി ചെയ്യാനാണ് തീരുമാനിച്ചത്. ഇത് ഐ.ഐ.റ്റി. റിപ്പോർട്ട് കൂടി പരിഗണിച്ചാകണമെന്നും കിഫ്ബി നിർദ്ദേശിച്ചിരുന്നു. ഡീറ്റെയിൽഡ് ഡിസൈൻ തയ്യാറാക്കുവാൻ പാലക്കാട് ഐ.ഐ.റ്റി.യെ ഏൽപ്പിച്ചിരിക്കുകയാണ്. അത് ലഭിച്ചയുടൻതന്നെ സംരക്ഷണഭിത്തി നിർമ്മിച്ച് റോഡ് സംരക്ഷിക്കാനുള്ള പ്രവൃത്തി നടത്താനാണ് പൊതുവെ ധാരണയായിട്ടുള്ളത്. കിഫ്ബിയുമായി നടത്തിയ യോഗത്തിൽ ഈ റോഡിന്റെ കാര്യം ചർച്ച ചെയ്തിരുന്നു. ഇപ്പോൾ മാസത്തിലൊരിക്കൽ കിഫ്ബിയുമായി യോഗം നടക്കുന്നുണ്ട്. ഈ പ്രവൃത്തി നടത്തുംവരെ ശോചനീയമായ റോഡിലൂടെ വാഹനഗതാഗതം ദുഷ്കരമാകുന്ന സാഹചര്യവും പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പുഴ ഇടിഞ്ഞഭാഗത്ത് നിലവിലെ കരാറുകാരനെക്കൊണ്ട് നിലവിലുള്ള വീതിയിൽ M.S.S. (Mixed Sealed Surfacing) ടാറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ എത്രയും വേഗം ഇടപെട്ട് മറ്റ് കാര്യങ്ങൾ ചെയ്യുന്നതാണ്.

### (6) സീതിഹാജി പാലം പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഒരു പാലമാണ് എടവണ്ണക്കടവ് സീതിഹാജി പാലം. 2019-ലെ പ്രളയത്തിൽ സീതിഹാജി പാലത്തിന്റെ ഒരു സ്ലാബ് തെന്നിമാറി അപകടാവസ്ഥ

യിലായതിനെത്തുടർന്ന് സർക്കാർ 14-1-2021-ലെ ഉത്തരവുപ്രകാരം രണ്ടരക്കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകി. അടിയന്തര പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചുവെങ്കിലും ആ സമയത്ത് തെന്നിമാറി അപകടാവസ്ഥയിലായ സ്ലാബ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടത്തിയ പരിശോധനയിൽ രണ്ടാമത്തെ പിയറിന് കാര്യമായ തകരാർ സംഭവിച്ചതായും പിയർ ക്യാപ്പ് തിരിഞ്ഞുനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് അതിൽ കാര്യമായ തകരാർ സംഭവിച്ചിട്ടുണ്ടെന്നും പാലം അത്യന്തം അപകടാവസ്ഥയിലാണെന്നും വിള്ളലുകളുള്ള ധാരാളം കോൺക്രീറ്റ് പാളികളുണ്ടെന്നും കണ്ടെത്താൻ സാധിച്ചു. പിന്നീട് പി 2 പിയറിന്റെ തുടർ ചലനം നിയന്ത്രിക്കുന്നതിന് ഉരുക്ക് വടം ഉപയോഗിച്ച് പി1 പിയറിന്റെ അടിഭാഗത്തേയ്ക്ക് ഇപ്പോൾ കെട്ടിയുറപ്പിച്ചിരിക്കുകയാണ്. നിലവിൽ പാലം വളരെ അപകടകരമായ സ്ഥിതിയിലാണുള്ളത്. അതുകൊണ്ട് ഇത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. എടവണ്ണയിൽനിന്നും അരീക്കോട്-മുക്കം ഭാഗത്തേയ്ക്ക് പോകുന്ന ഒരു പ്രധാനപ്പെട്ട പാലമാണിതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഇരുപത്തിയഞ്ച് കൊല്ലം മുമ്പാണ് അതിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചത്. ഇപ്പോൾ അപകടാവസ്ഥയിലായ ആ പാലത്തിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കണം; അല്ലെങ്കിൽ അവിടെ ഗതാഗതം തടസ്സപ്പെടുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണക്കടവ് സീതിഹാജി പാലത്തിന്റെ പ്രശ്നമാണ് ശ്രീ. പി. കെ. ബഷീർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. രണ്ടരക്കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്ന ഇതിൽ അടിയന്തര പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തതാണ്. തെന്നിമാറിയ സ്ലാബ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടത്തിയ പരിശോധനയിൽ പാലത്തിന്റെ പി2 പിയറിന്റെ മുകൾഭാഗം തിരിഞ്ഞിരിക്കുന്നതായും പിയറിന് ചെറിയ ചരിവുള്ളതായും ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് കേടുപാട് സംഭവിച്ച പിയറിന്റെ തുടർചലനങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനായി ഉരുക്കുവടം ഉപയോഗിച്ച് മറ്റൊരു പിയറിന്റെ അടിഭാഗത്തേയ്ക്ക് കെട്ടിയിട്ട് ഉറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതായിരുന്നു. പാലത്തിന്റെ total station survey- ഉം under water survey നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് പൂർത്തിയാക്കി റിപ്പോർട്ടുകൾ ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ വേഗത്തിൽ ചെയ്തു പോകേണ്ടതുണ്ട്. ഡിസൈൻ വിഭാഗം ആവശ്യപ്പെട്ടതനുസരിച്ച് K.H.R.I. (Kerala

Highway Research Institute) സംഘം പരിശോധന നടത്തുകയും കൂടുതൽ സാങ്കേതിക പഠനത്തിനായി ന്യൂഡൽഹി ആസ്ഥാനമായ C.R.R.I. (Central Road Research Institute)-നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പഠനത്തിന് ബ്രിഡ്ജ് ഇൻസ്പെക്ഷൻ വെഹിക്കിൾ വാടകയ്ക്കെടുക്കേണ്ടതുണ്ട്. ഇതിന്റെ നടപടികൾ പൂർത്തിയാക്കി വരികയാണ്. ഡിസംബർ മാസത്തോടെ വാഹനം എത്തിച്ച് ഒരു മാസത്തിനകം പഠനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് കുറച്ചുകൂടി നേരത്തെയാക്കാൻ സാധിക്കുമോയെന്ന് അവരോട് ചോദിച്ചിട്ടുണ്ട്. പക്ഷെ ഡിസംബർ മാസം എത്തിക്കുന്നതിനുള്ള സാഹചര്യമാണ് നിലവിലുള്ളത്. ഇത് പൂർത്തിയായാലുടൻതന്നെ വിശദമായ രൂപരേഖ തയ്യാറാക്കി അടിയന്തര പ്രവൃത്തികൾ നിലവിലുള്ള ഭരണാനുമതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുകയാണ് നടപടിക്രമം. നിശ്ചിത സമയപരിധിക്കുള്ളിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ഞാൻ യഥാസമയം പരിശോധിക്കുന്നതാണ്. അതിൽ എവിടെയെങ്കിലും കാലതാമസം വന്നാൽ ബഹുമാനപ്പെട്ട അംഗത്തിന് അത് അപ്പോൾത്തന്നെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

### (7) അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിൽ പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി എത്രയുംവേഗം ആരംഭിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് അന്നത്തെ ടൂറിസം വകുപ്പുമന്ത്രി നിയമസഭയിൽ കേരളത്തിലെ ആദ്യ അഡ്വഞ്ചർ ടൂറിസം അക്കാദമി കാട്ടാക്കട നിയോജകമണ്ഡലത്തിലെ ശാസ്താംപാറയിൽ ആരംഭിക്കുമെന്ന് അറിയിച്ചത്. തുടർന്ന് വിളപ്പിൽ പഞ്ചായത്തിലെ 4.8 ഹെക്ടർ ഭൂമിയുടെ ഉപയോഗാനുമതി റവന്യൂ വകുപ്പ് പ്രസ്തുത ആവശ്യത്തിനായി വിനോദസഞ്ചാര വകുപ്പിന് നൽകിയിട്ടുണ്ട്. കോവിഡിനുശേഷം ലോകമെമ്പാടും പഴയ ജീവിതക്രമത്തിലേയ്ക്ക് തിരികെ വന്നുതുടങ്ങുമ്പോൾ ഏറ്റവും പ്രകടമായ മാറ്റം പ്രത്യക്ഷമാകുന്നത് ടൂറിസം മേഖലയിലാണ്. അതിൽ അഡ്വഞ്ചർ ടൂറിസം അക്കാദമിയുമായി ബന്ധപ്പെട്ട് പുതിയ പ്രവണതകൾ ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ നിയമസഭാ കാലയളവിൽ ഞാൻകൂടി അംഗമായിരുന്ന യുവജന ക്ഷേമകാര്യ സമിതി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി. ഭാവിയിൽ അഡ്വഞ്ചർ ടൂറിസം അക്കാദമിക്ക് വലിയ സാദ്ധ്യതകളുണ്ടെന്നാണ് അവിടെയുള്ള അക്കാദമികളിൽനിന്ന് ലഭ്യമായ വിവരം. പ്രസ്തുത യുവജനക്ഷേമ കാര്യ സമിതി ശാസ്താംപാറയിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് എന്തൊക്കെ പ്രവൃത്തികളാണ് അവിടെ അനിവാര്യമായി നടപ്പാക്കേണ്ടതെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. ഇന്ത്യയിലെ പ്രശസ്തമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്, ഹിമാലയൻ മൗണ്ടനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,

ഉത്തരാഖണ്ഡിലെ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീയറിംഗ് തുടങ്ങിയ സ്ഥാപനങ്ങൾ കേരളത്തിലെ നിർദ്ദിഷ്ട അഡ്വഞ്ചർ ടൂറിസം അക്കാദമിയുമായി സഹകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ മാനവശേഷി ഉപയോഗിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ആഭ്യന്തര ടൂറിസത്തിന് ഒട്ടേറെ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാനും പറ്റുന്ന തരത്തിൽ ഉയർന്നുവരുന്ന സാദ്ധ്യതകളെ ഏറ്റവും പെട്ടെന്ന് ഉപയോഗപ്പെടുത്തുന്നതിന് അഡ്വഞ്ചർ ടൂറിസം അക്കാദമി എത്രയുംവേഗം പ്രവർത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. ഐ. ബി. സതീഷ് വളരെ കാലിക പ്രസക്തിയുള്ള ഒരാവശ്യമാണ് ഇവിടെ ഉന്നയിച്ചത്. ടൂറിസത്തിന്റെ ലോകത്ത് പുതിയ ട്രെൻഡ് തന്നെയാണ് അഡ്വഞ്ചർ ടൂറിസം. അതിന് വളരെ സാദ്ധ്യതയുള്ള ഒരു സംസ്ഥാനമാണ് കേരളം. കഴിഞ്ഞ ഗവൺമെന്റ് ആ സാദ്ധ്യത വളരെ നന്നായി ഉപയോഗപ്പെടുത്താൻ ശ്രമിച്ചിരുന്നു. അത് കുറേക്കൂടി നമുക്ക് മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. ടൂറിസം വികസനത്തിൽ ഈ മേഖലയെ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ മാനവവിഭവശേഷി ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ഇതിനായാണ് സംസ്ഥാനത്ത് ഒരു അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചത്. അക്കാദമിക്കായി തിരുവനന്തപുരം കാട്ടാക്കട നിയോജകമണ്ഡലത്തിൽപ്പെട്ട വിളപ്പിൽ പഞ്ചായത്തിലെ വിളപ്പിൽശാല വില്ലേജിൽ 4.85 ഹെക്ടർ റവന്യൂ ഭൂമിയിൽ ടൂറിസം വകുപ്പിന് ഉപയോഗാനുമതി ലഭിച്ചിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം അക്കാദമി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി തയ്യാറാക്കിയ 9.82 കോടി രൂപയുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ നൽകുവാൻ ടൂറിസം ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിയുടെ സവിശേഷതകൾ, കോഴ്സുകളുടെ വിശദാംശങ്ങൾ, സാമ്പത്തിക കാര്യങ്ങൾ എന്നിവ വിശദമാക്കുന്ന വിപുലമായ പ്രൊപ്പോസൽ തയ്യാറാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന് മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച അനുഭവം ഇവിടെ സൂചിപ്പിച്ചിരുന്നു. കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി ഒരു വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. അത് ലഭിച്ചാലുടൻ തീരുമാനമെടുത്ത് മറ്റ് നടപടികളിലേയ്ക്ക് കടക്കുവാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോവിഡിനുശേഷമുള്ള ഈ പുതിയ ട്രെൻഡിനെ അതേ അർത്ഥത്തിൽത്തന്നെ സംസ്ഥാനത്ത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നതിന് വളരെ അനിവാര്യമാണ് ഈ അക്കാദമി എന്നുതന്നെയാണ് വകുപ്പ് കാണുന്നത്.

12.00 Noon]

## ( 8) മൂവാറ്റുപുഴയിലെ കുടിവെള്ള ക്ഷാമം

ഡോ. മാത്യു കുഴൽനാടൻ: സർ, മൂവാറ്റുപുഴ നഗരത്തിൽ വളരെ നാളുകളായി പെൻഡിംഗിലുള്ള ഒരു പ്രധാന വിഷയമാണ് ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2001-ൽ മൂവാറ്റുപുഴയുടെ നഗരഭാഗത്ത്, കോറമലയിൽ 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്ക് കെട്ടുകയും അതിന്റെ താഴെയുള്ള സ്ഥലം ഉപയോഗപ്പെടുത്തി ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുകയും ചെയ്തു. മുഖ്യമന്ത്രിമാരടക്കം പ്രധാനപ്പെട്ട മുഴുവൻ നേതാക്കളും വന്ന് താമസിച്ചിട്ടുള്ള വളരെ ആകർഷണീയമായ ഒരു ഗസ്റ്റ് ഹൗസ് കൂടിയാണത്. നിർഭാഗ്യവശാൽ 2015-ൽ അതിനു താഴെ മണ്ണിടിച്ചിലുണ്ടായിനുശേഷം വളരെ അപകടകരമായ സ്ഥിതിയിലാണത് നിൽക്കുന്നത്. തുടർന്ന് പ്രാഥമിക നടപടിയെന്ന നിലയ്ക്ക് വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി 10 ലക്ഷത്തിൽനിന്ന് 60 ശതമാനമായി കുറയ്ക്കാൻ റവന്യൂ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 60 ശതമാനമായി കുറയ്ക്കുകയുണ്ടായി. ഐ.ബി. (ഇൻസ്പെക്ഷൻ ബംഗ്ലാവ്) ഉപയോഗിക്കേണ്ടെന്നു പറഞ്ഞതിനാൽ 2015 മുതൽ ആ ഗസ്റ്റ് ഹൗസും പരിസര പ്രദേശങ്ങളും മുഴുവൻ കാടുപിടിച്ച് ഉപയോഗപ്രദമല്ലാതെ കിടക്കുകയാണ്. ഞാനിവിടെ ഉന്നയിക്കുന്ന കാര്യത്തിൽ ഒരു പരിഹാരം കാണാതിരിക്കാൻ കഴിയില്ല. ഇനിയൊരു അപകടമുണ്ടാകുന്നതുവരെ കാത്തുനിൽക്കുമെന്നുള്ളതാണ് പലപ്പോഴും നമ്മുടെ അനുഭവം. അതായത് അതിനു താഴെ ജനവാസമേഖലയും വ്യാപാരസ്ഥാപനങ്ങളുമെല്ലാമുണ്ട്. ഇനിയൊരു മണ്ണിടിച്ചിലോ മറ്റെന്തെങ്കിലും ആഘാതമോ സംഭവിച്ച് ആളുകൾക്ക് ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായാൽ അതിനുത്തരവാദി സർക്കാർ മാത്രമായിരിക്കും. കാരണം 2015 മുതൽ കൺമുന്നിൽ കാണുന്ന ഒരു അപകടത്തെ തിരിച്ചറിയാൻ നമ്മൾ ഇതുവരെ തയ്യാറായിട്ടില്ല. മാത്രമല്ല, 60 ശതമാനമായി ടാങ്കിന്റെ കപ്പാസിറ്റി കുറച്ചതുകൊണ്ട് നഗരത്തിലെ ജലവിതരണം തടസ്സപ്പെടുകയും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു; ഐ.ബി. ഉപയോഗിക്കാനും കഴിയുന്നില്ല. ചെയ്യേണ്ട പ്രവൃത്തി സമയത്തിന് കൃത്യമായി ചെയ്യാത്തതുകൊണ്ട് നിർമ്മാണ ച്ചെലവ് വർദ്ധിക്കുകയും ചെയ്യും. ഇത് ചെയ്യാതിരിക്കുന്നതുമൂലമുണ്ടാകുന്ന അപകടം വളരെ വലുതുമാണ്. 2015 മുതൽ ഇത്രയേറെ ഗൗരവമുള്ള ഒരു വിഷയമുണ്ടായിട്ടും അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ; അതിനുള്ള നടപടിയുണ്ടാകില്ലേ?

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മൂവാറ്റുപുഴ ജലവിതരണ പദ്ധതിക്കായി 10.7 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയാണ് കോറമലയിൽ സ്ഥാപിച്ചിരിക്കുന്നത്. ടാങ്കിൽനിന്നും മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ പകുതി പ്രദേശങ്ങളിലും പായിപ്ര,

വാളകം പഞ്ചായത്തുകളിലെ ചില ഭാഗങ്ങളിലും ജലവിതരണം നടത്തിവരുന്നു. 27-6-2015-ൽ ഈ പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനെത്തുടർന്ന് കേരള ജല അതോറിറ്റിയുടെ നിർദ്ദേശപ്രകാരം കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പഠന റിപ്പോർട്ടിൽ ടാങ്കിന് പ്രത്യക്ഷത്തിൽ ബലക്ഷയമൊന്നുമില്ലെന്നും എന്നാൽ മഴക്കാലത്ത് വെള്ളത്തിന്റെ അളവ് കുറച്ചുമാത്രം സംഭരിച്ചുകൊണ്ട് വിതരണം ചെയ്യണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. വിദഗ്ദ്ധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലസംഭരണിയിൽ പൂർണ്ണതോതിൽ ജലം സംഭരിച്ചു നിർത്താതെ പമ്പ് ചെയ്യുന്ന ജലം സംഭരണിയിൽ കയറി ഒഴുകിപ്പോകുന്ന ഒരു 'ബാലൻസിംഗ് സംഭരണി' എന്ന നിലയിലാണ് ഇപ്പോൾ ക്രമീകരിച്ചിട്ടുള്ളത്. 2020 ഒക്ടോബർ മാസത്തെ മഴക്കെടുതിയുടെ സാഹചര്യത്തിൽ 21-10-2021-ൽ കൂടിയ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ മീറ്റിംഗിൽ തീരുമാനിച്ചതനുസരിച്ച് മൂവാറ്റുപുഴ താലൂക്കിലെ കോറമലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മണ്ണിടിച്ചിലിനെപ്പറ്റി ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന സംഘം സ്ഥലം സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ കോറമലയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർടാങ്കിന്റെ സ്ഥാനംകൊണ്ട് സമീപഭാവിയിൽ പ്രസ്തുത സ്ഥലത്തിന്റെ സ്വാഭാവിക ചരിവിന് കാര്യമായ ദോഷമുണ്ടാകില്ലെന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയതിന് വിശദമായ പഠനമാവശ്യ മാണെന്ന് പറയുന്നുണ്ട്. ജൽജീവൻ മിഷൻ പദ്ധതി നഗരപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ, അതിലുൾപ്പെടുത്തി മൂവാറ്റുപുഴ ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിലൂടെ മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നതാണ്. ആ പദ്ധതിയിലുൾപ്പെടുത്തി ഈ ടാങ്കിന്റെ സുരക്ഷിതത്വം പരിശോധിച്ച് ആവശ്യമെങ്കിൽ ടാങ്ക് ബലപ്പെടുത്തുകയോ അല്ലാത്തപക്ഷം സൗകര്യപ്രദമായ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപി ക്കുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ആവശ്യമായ മെയിന്റനൻസ് പ്രവൃത്തികൾ നടത്തി ഐ.ബി. ഉപയോഗയോഗ്യമാക്കാവുന്നതാണ്. ഇതിന് ഏകദേശം 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2022-23-ലെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി അതിനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്.

(9) റേഷൻ മണ്ണെണ്ണയുടെ വില വർദ്ധന

ശ്രീ. പി. എസ്. സുപാൽ: സർ, കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില കുത്തനെ കൂട്ടിയിരിക്കുകയാണ്. പെട്രോൾ, പാചക വാതകം, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളോടുള്ള വെല്ലുവിളിയാണ് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ മണ്ണെണ്ണയുടെ കാര്യത്തിലും അത് ആവർത്തിച്ച

കൊണ്ടിരിക്കുകയാണ്. ഒരു ലിറ്ററിന് 47 രൂപയിൽ നിന്നും 55 രൂപയാക്കി വർദ്ധിപ്പിച്ചതിലൂടെ 8 രൂപയുടെ വർദ്ധനവാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. അത് ചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധനവാണ്. 2 വർഷത്തിനിടെ ഗാർഹികാവശ്യത്തിനുള്ള മണ്ണെണ്ണയുടെ വില 37 രൂപയാണ് വർദ്ധിപ്പിച്ചത്. മത്സ്യത്തൊഴിലാളികൾ, ആദിവാസികളുൾപ്പെടെ മലയോര മേഖലയിൽ താമസിക്കുന്ന ദുർബ്ബല ജനവിഭാഗങ്ങൾ എന്നിവരെ വളരെ ഗുരുതരമായി ഇത് ബാധിക്കുന്നു. 9264 കിലോ ലിറ്റർ മണ്ണെണ്ണ വിഹിതം കിട്ടിയിരുന്ന സ്ഥാനത്ത് 6480 കിലോ ലിറ്ററായിട്ടാണ് കുറച്ചിരിക്കുന്നത്. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് പ്രതിമാസം 4 ലിറ്റർ മണ്ണെണ്ണ കിട്ടിയിരുന്ന സ്ഥാനത്ത് 3 മാസം കൂടുമ്പോൾ മാത്രം 4 ലിറ്ററാക്കി കുറച്ചു. അതുപോലെ മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് ഇനി മുതൽ 3 മാസത്തിൽ ഒരിക്കൽ ഒരു ലിറ്റർ മണ്ണെണ്ണ ലഭിക്കുന്ന സാഹചര്യമാണുള്ളത്. വെള്ള, നീല കാർഡുടമകൾക്ക് 3 മാസത്തിൽ ഒരിക്കൽ അര ലിറ്റർ മണ്ണെണ്ണ മാത്രമേ ഉണ്ടാവുകയുള്ളൂ. ഇത്തരത്തിൽ ജനങ്ങൾക്ക് വലിയ തോതിൽ ബുദ്ധിമുട്ടുണ്ടാക്കുന്ന തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനുമേൽ ഉയർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ കഴിയുന്ന എല്ലാ ഇടപെടലും നടപടിയും ഇക്കാര്യത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഒക്ടോബർ മാസത്തിൽ മണ്ണെണ്ണ ലിറ്ററിന് 47 രൂപ നിരക്കിലാണ് റേഷൻ കടയിലൂടെ വിതരണം നടത്തിവന്നിരുന്നത്. നവംബർ മാസത്തിൽ കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചതുകാരണം വില്പന വിലയിൽ 8 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിക്കുന്നത് ഓയിൽ കമ്പനികളാണെങ്കിൽ മണ്ണെണ്ണയുടെ വില വർദ്ധിപ്പിക്കുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാന സർക്കാരിന് മണ്ണെണ്ണയുടെ വില വർദ്ധനവിൽ യാതൊരു പങ്കുമില്ല. 2021 നവംബർ മാസത്തിലുണ്ടായിരിക്കുന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വിലവർദ്ധനവാണ്. 2020 ഏപ്രിൽ മാസം ഒരു ലിറ്റർ മണ്ണെണ്ണയുടെ അടിസ്ഥാനവില 22 രൂപ 26 പൈസയായിരുന്നു. എന്നാൽ 2021 നവംബർ മാസത്തിൽ അത് 45 രൂപ 80 പൈസയായി ഉയർത്തി. ഒന്നരവർഷം കൊണ്ട് മണ്ണെണ്ണയുടെ വില ഇരട്ടിയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. 2020 ഏപ്രിൽ മാസത്തിൽ സംസ്ഥാനത്തിന് അനുവദിച്ച മണ്ണെണ്ണയുടെ അളവ് 13908 കിലോലിറ്ററായിരുന്നു. എന്നാൽ നിലവിൽ അനുവദിക്കുന്നത് 6480 കിലോ ലിറ്ററാണ്. കാർഡുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിക്കാത്തതുകാരണം നിലവിൽ 3 മാസത്തിലൊരിക്കൽ മുൻഗണനാ കാർഡുകൾക്ക് ഒരു ലിറ്റർ വീതവും

മുൻഗണനയിൽ ഉൾപ്പെടാത്ത കാർഡുകൾക്ക് അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് കാർഡ് ഒന്നിന് 8 ലിറ്റർ മണ്ണെണ്ണയും നൽകേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്. 2021 ആഗസ്റ്റ് മാസത്തിൽ മുൻഗണനാ കാർഡുകാർക്ക് ഒരു ലിറ്ററും മറ്റു കാർഡുകാർക്ക് അര ലിറ്ററും മണ്ണെണ്ണ അധികമായി നൽകുകയുണ്ടായി. സംസ്ഥാനത്തിന് കൂടുതൽ മണ്ണെണ്ണ അനുവദിക്കണമെന്നാവശ്യപ്പെട്ട് 9-8-2021-ലും 8-10-2021-ലും കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ നോൺ-സബ്സിഡി ഇനത്തിൽ 12000 കിലോ ലിറ്റർ മണ്ണെണ്ണ സംസ്ഥാനത്തിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. ഡിസംബർ മാസംവരെ റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുള്ള മണ്ണെണ്ണ സർക്കാർ വിട്ടെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡിസംബർ മാസംവരെ നിലവിലെ മണ്ണെണ്ണയുടെ സ്റ്റോക്ക് പഴയ വിലയായ 47 രൂപ നിരക്കിൽ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

### (10) നടുവിൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇദംപ്രഥമമായി ആരംഭിച്ച നടുവിൽ ഗവൺമെന്റ് പോളിടെക്നിക് യാഥാർത്ഥ്യമാക്കി വിദ്യാർത്ഥികൾക്കായി തുറന്നുകൊടുക്കണമെന്ന കാര്യമാണ് ഉന്നയിക്കാനുള്ളത്. 2015-ലാണ് നടുവിൽ ഗവൺമെന്റ് പോളിടെക്നിക് അനുവദിച്ചത്. നിലവിലുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ 7.4 ഏക്കർ ഭൂമിയിൽനിന്നും അഞ്ച് ഏക്കർ ഭൂമി വിട്ടുനൽകിയാണ് ഈ പോളിടെക്നിക്കിന് ആരംഭം കുറിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ആരംഭിച്ചത്. രണ്ട് കൊല്ലം മുമ്പുതന്നെ ഇതിനാവശ്യമായ കെട്ടിട നിർമ്മാണം പൂർത്തിയായതാണ്. മുൻ എം.എൽ.എ. ശ്രീ. കെ. സി. ജോസഫിന്റെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപയും ശ്രീ. എ. കെ. ആന്റണി എം.പി.-യുടെ ഫണ്ടിൽനിന്നും 75 ലക്ഷം രൂപയും വകുപ്പിന്റെ ഫണ്ടിൽനിന്നും അനുവദിച്ച മറ്റു തുകയും ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച തുകയുമെല്ലാം ചേർത്ത് അതിനാവശ്യമായിട്ടുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചെങ്കിലും രണ്ടുവർഷം മുമ്പ് പൂർത്തിയാക്കിയ ഈ കെട്ടിട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. A.I.C.T.E. (All India Council for Technical Education)-യുടെ അംഗീകാരം ലഭ്യമാകാത്തതുകൊണ്ടാണ് ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയാത്തതെന്നാണ് മനസ്സിലാക്കുന്നത്. ഇതിനോടൊപ്പം അനുവദിച്ച മാനന്തവാടി, മഞ്ചേരി എന്നീ പോളിടെക്നിക്കുകൾക്ക് A.I.C.T.E.-യുടെ അംഗീകാരം ലഭിക്കുകയും അവിടെനിന്നും ഒരു ബാച്ച് പഠനം പൂർത്തിയാക്കിയിരിക്കുകയുമാണ്. ഈ

സാഹചര്യത്തിൽ നടുവിൽ ഗവൺമെന്റ് പോളിടെക്നിക് വൈകാനുള്ള കാരണമായി മനസ്സിലാക്കുന്നത് A.I.C.T.E നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡം പൂർത്തീകരിച്ചിട്ടില്ലായെന്നതാണ്. ഇതിനാവശ്യമായിട്ടുള്ള ഭൂമി ഒരേ വകുപ്പിൽനിന്നാണ് കൈമാറിയിരിക്കുന്നത്. അതിനാൽ റവന്യൂ വകുപ്പ് ഭൂമി അളന്നുതിട്ടപ്പെടുത്തി നൽകാത്തതാണ് ഒരു തടസ്സമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുകൊണ്ട് ആ നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്രയും വലിയ തുക ചെലവഴിച്ച് എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇപ്പോൾ ജില്ലാപഞ്ചായത്ത് ആവശ്യമായ ഫർണിച്ചറും അവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എത്രയുംവേഗം A.I.C.T.E -യുടെ അനുമതി തേടി ക്ലാസ്സുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇതിന് ഒറ്റവാക്കിൽ മറുപടി പറയാവുന്നതാണ്. അടുത്ത അദ്ധ്യയനവർഷംതന്നെ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിച്ചുവരികയാണ്.

## V റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അഞ്ച് ബില്ലുകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗം ഒട്ടനവധി മഹാരഥന്മാരുടെയും ഭരണകൂടങ്ങളുടെയുമൊക്കെ പ്രവർത്തനഫലമായി വളരെ ഉന്നതനിലവാരത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം. ഇന്നത്തെ സ്ഥിതിയിൽ ഒട്ടനവധി കുട്ടികൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വന്നുചേരുകയും അതിന്റെ പ്രസക്തി വളരെ വലുതായി അനുഭവിക്കുകയും ചെയ്യുന്നു. അതിന് പുറത്തുനിന്നുള്ള കുട്ടികളുടെ തിരിച്ചുവരവും സാമ്പത്തിക പ്രയാസങ്ങളുമൊക്കെയുള്ള ധാരാളം കാരണങ്ങളുണ്ട്. ഈ സമയത്ത് നമ്മുടെ വിദ്യാഭ്യാസരംഗത്ത് സമൂഹവും കേരളത്തിന്റെ കഴിഞ്ഞകാല പൈതൃകവും ആഗ്രഹിക്കുകയും ഉദ്ദേശിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ടോയെന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ബില്ലിലെ ഒന്നുരണ്ട് കാര്യങ്ങൾ തിരുത്തണമെന്നാണ് പറയുന്നത്. ചട്ടം (9)-ൽ എയ്ഡഡ് സ്കൂളുകളിലെ എല്ലാ ജീവനക്കാരുടെയും ശമ്പളം സർക്കാർ നേരിട്ടോ സ്കൂളിലെ ഹെഡ്മാസ്റ്റർ, ഹെഡ്മിസ്ട്രസ്, വൈസ്-പ്രിൻസിപ്പാൾ മുഖേനയോ നൽകേണ്ടതാണെന്നാണ് ചേർത്തിരിക്കുന്നത്. അവിടെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഒറ്റ യൂണിറ്റായി പരിഗണിക്കുമ്പോൾ പ്ലസ് ടു വരെയുള്ള സ്കൂളുകളിലെ

അദ്ധ്യാപകരുടെയും പ്രിൻസിപ്പാളിന്റെയും ശമ്പളം നൽകുന്ന ചുമതല ഹൈസ്കൂളിലെ വൈസ് പ്രിൻസിപ്പാളിനാകും വരുന്നത്. ആയതിനാൽ വൈസ് പ്രിൻസിപ്പാൾ എന്നതിനുപകരം പ്രിൻസിപ്പാൾ എന്നാക്കി മാറ്റിയാലേ അതിന്റെ പരിമിതി പരിഹരിക്കാൻ കഴിയുകയുള്ളൂ. അതുപോലെ, ചട്ടം (17)-ൽ, ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ചാണ് പറയുന്നത്. നിലവിൽ പ്രസ്തുത അതോറിറ്റിയിൽ ഹൈസ്കൂൾ/യു.പി./എൽ.പി. എന്നീ വിഭാഗങ്ങളിലെ ഹെഡ്മാസ്റ്റർ, ഹെഡ്മിസ്ട്രസ്, വൈസ് പ്രിൻസിപ്പാൾ എന്നിവർ അംഗങ്ങളാണ്. എന്നാൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാളിനെ ഈ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജില്ലയിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പാൾമാരിൽനിന്നും ഒരാളെയും ജില്ലയിലെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പാൾമാരിൽ നിന്നും ഒരാളെയും സമിതിയിൽ ഉൾപ്പെടുത്തുംവിധം ചട്ടം ഭേദഗതി ചെയ്യുന്നത് നന്നായിരിക്കുമെന്ന് ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. അതുപോലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് 6 വയസ് മുതൽ 14 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം അവകാശമാണ്. K.E.R. (Kerala Education Rules) അനുസരിച്ച് ആറാം പ്രവൃത്തി ദിവസമുള്ള കുട്ടികളുടെ എണ്ണമനുസരിച്ചാണ് സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നത്. അഞ്ചാം പ്രവൃത്തി ദിവസം വരെ ഹാജരായ കുട്ടി ആറാം ദിവസം വന്നില്ലെങ്കിൽ ആ കുട്ടിയെ റിമൂവ് ചെയ്യും. ഇത് വിദ്യാഭ്യാസ അവകാശ നിയമത്തിന് എതിരാണ്. കേന്ദ്രനിയമം നിലനിൽക്കുമ്പോൾ സംസ്ഥാനം അതിന് വിപരീതമായുള്ള നിലപാടാണ് അതിലൂടെ സ്വീകരിക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഈ സമയം വിനിയോഗിക്കുകയാണ്. എച്ച്.എസ്.എസ്. അദ്ധ്യാപക നിയമനത്തിന് നിരവധി കടമ്പകളാണ് നിലവിലുള്ളത്. സർക്കാർ നോമിനിയെ കണ്ടെത്തണം, സർക്കാരിലേയ്ക്ക് തസ്തിക അനുവദിക്കാൻ പ്രൊപ്പോസൽ നൽകണം, തസ്തിക അനുവദിച്ചതിനുശേഷം നിയമനം അംഗീകരിക്കാൻ ആർ.ഡി.ഡി. (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ)-ക്ക് പ്രൊപ്പോസൽ നൽകണം. ഇതിന് മാസങ്ങളോളം സമയമെടുക്കും. അത്രയും നാൾ അദ്ധ്യാപകരില്ലാതെ ക്ലാസ്സുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ടാകും. ഇതുപോലെ എൽ.പി./യു.പി./എച്ച്.എസ്.എസ്.-ലും ആയിരക്കണക്കിന് അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കും. ഇപ്പോൾ എച്ച്.എസ്.എ.-യിൽ 2157 ഉദ്യോഗാർത്ഥികൾക്ക് നിയമനാംഗീകാരം നൽകിയിട്ടില്ല. യു.പി.എസ്.എ.-യിൽ 2722 ഉദ്യോഗാർത്ഥികളുടെയും എൽ.പി.എസ്.എ.-യിൽ 1746 ഉദ്യോഗാർത്ഥികളുടെയും നിയമനാംഗീകാരം നൽകിയിട്ടില്ല. സംസ്ഥാനത്തെ മൊത്തം വിദ്യാഭ്യാസ മേഖലയിൽ നിയമനാംഗീകാരം ലഭിക്കാത്തവരുടെ എണ്ണം 6625 ആണ്. അതൊക്കെ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റിയെ തകർക്കുന്നതിലും പിന്നോട്ടുകൊണ്ടു പോകുന്നതിലും വലിയ കാരണമാകുമെന്നതുകൊണ്ട്

അങ്ങ് ഇക്കാര്യത്തിൽ ശ്രദ്ധിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അദ്ധ്യാപകരും മാനേജ്മെന്റും എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഒ. എന്നിവരും ദിവസവും സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങി നടക്കേണ്ട സ്ഥിതിയുണ്ടാകും. ഹെഡ് ടീച്ചർ വേക്കൻസികൾ പ്രൊട്ടക്ടഡ് അദ്ധ്യാപകരെക്കൊണ്ട് നികത്തണമെന്നതിനാൽ മറ്റ് ജില്ലകളിലുള്ള പ്രൊട്ടക്ടഡ് അദ്ധ്യാപകരെ അതത് ജില്ലകളിൽ നിയമിക്കാതെ പകരം പി.എസ്.സി. ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടാത്തവിധം നിയമനം നടത്താനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

ഡോ. കെ. ടി. ജലീൽ: സർ, യഥാർത്ഥത്തിൽ ഇപ്പോൾ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇല്ലാത്ത അവസ്ഥയാണ് വന്നിട്ടുള്ളത്. ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞപ്പോൾ എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള സീനിയർ അദ്ധ്യാപകരായിരുന്ന പ്രൊട്ടക്ടഡ് അദ്ധ്യാപകരായി വന്നത്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകൾ കുട്ടികളാൽ സമ്പന്നമാണ്. അതുകൊണ്ട് ഇപ്പോൾ ഒരു ജില്ലയിലും 'പ്രൊട്ടക്ടഡ് അദ്ധ്യാപകർ' എന്ന കാറ്റഗറിയിൽ അദ്ധ്യാപകരില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടാകുമല്ലോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ആ പേരുപറഞ്ഞ് അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ തടസ്സങ്ങൾ നീക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. പ്രൊട്ടക്ടഡ് അദ്ധ്യാപകർ എന്ന കാറ്റഗറിയിൽ അദ്ധ്യാപകരില്ല. മലപ്പുറം ജില്ലയിൽ അല്ലെങ്കിൽ മറ്റിടങ്ങളിൽ മാത്രം പ്രൊട്ടക്ടഡ് അദ്ധ്യാപകർ വരുമെന്ന് പറഞ്ഞ് പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമിക്കാതെയിരിക്കുമ്പോൾ, കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത ഒരവസ്ഥവരും. അത് ഒഴിവാക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇപ്പോൾ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ പറയുകയുണ്ടായി.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇപ്പോഴത്തെ നേട്ടങ്ങളെക്കുറിച്ച് ഡോ. കെ. ടി. ജലീൽ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ പകുതിയോളം എൽ.പി. സ്കൂളുകളിൽ പ്രധാനാദ്ധ്യാപകരില്ല; മിക്കവാറും കോളേജുകളിൽ പ്രിൻസിപ്പാൾമാരുമില്ല. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുന്നത് പ്രൊട്ടക്ടഡ് അദ്ധ്യാപകരെക്കുറിച്ചാണ്. മുൻ മന്ത്രി അതിനെക്കുറിച്ച് അഭിപ്രായവും പറയുകയുണ്ടായി. പി.എസ്.സി. ലിസ്റ്റിലൂടെ നിയമിക്കേണ്ട നിയമനങ്ങളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കുന്നതുകൊണ്ട് സംവരണ ക്വാട്ടയിലൂടെ കടന്നുവരുന്നവർക്ക് ഇന്ന് അവസരം നിഷേധിക്കപ്പെടുകയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും ശരിയാണ്. ജില്ലയിൽ പി.എസ്.സി. ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടമാകുന്നതുകൊണ്ടുതന്നെയാണ് ഞാനിത് സൂചിപ്പിച്ചത്.

ഡോ. കെ. ടി. ജലീൽ: സർ, പ്രൊട്ടക്ടഡ് അദ്ധ്യാപകർ വേണമെന്നുള്ള ആവശ്യം അദ്ധ്യാപക സംഘടനകളാണ് ശക്തമായി ഉയർത്തിയത്. ഒരു സ്കൂളിൽ വേണ്ടത്ര വിദ്യാർത്ഥികളില്ലാതെ വരുമ്പോൾ പോസ്റ്റ് നഷ്ടമാകുന്ന സീനിയർ മോസ്റ്റായിട്ടുള്ള അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകണമെന്ന അദ്ധ്യാപക സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയുമെല്ലാം ആവശ്യം മാനിച്ചാണ് അത്തരമൊരു സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നത്. ഹെഡ്മാസ്റ്റർമാരുടെയും പ്രിൻസിപ്പാൾമാരുടെയും കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രധാനാദ്ധ്യാപകരുടെ പ്രൊമോഷൻ നടന്ന സ്കൂളുകളിലെ ഒഴിവ് എന്തുകൊണ്ടാണ് നികത്താത്തത്? അതുമായി ബന്ധപ്പെട്ട് ട്രിബ്യൂണലിലും കോടതിയിലുമൊക്കെ നിരവധി കേസ്സുകൾ നിലനിൽക്കുകയാണ്. ഇത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല സംഭവിക്കുന്നത്. അദ്ധ്യാപകർ പരസ്പരം കേസ്സുകൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ടു കൊണ്ടാണ് പല നിയമനങ്ങളും തടസ്സമായി നിൽക്കുന്നത്; പ്രത്യേകിച്ച് ഹെഡ്മാസ്റ്റർമാരുടെയും പ്രിൻസിപ്പാൾമാരുടെയും നിയമനങ്ങൾ. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചതുപോലെ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ പ്രൊമോഷൻ സംബന്ധിച്ച് ട്രിബ്യൂണലിലും ഹൈക്കോടതിയിലും ആയിരത്തി എണ്ണൂറോളം കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1800 ഹെഡ്മാസ്റ്റർമാരെ നിയമിക്കുകയും അവർ ചുമതലയേൽക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യം മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കൃത്യമായ വിവരമനുസരിച്ചും ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതനുസരിച്ചും വച്ച് നോക്കുകയാണെങ്കിൽ ആറായിരത്തിലധികം അദ്ധ്യാപകർ നിയമന ഉത്തരവിനായി കാത്തുനിൽക്കു കയാണ്. പ്രൊമോഷനുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പുതുതായി ഇറക്കിയ ഒരു ഉത്തരവിന്റെ ഫലമായാണ് അദ്ധ്യാപകർ കേസ്സിന് പോയത്. ഉത്തരവിന്റെ അപാകതകൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്താൽ സ്വാഭാവികമായും അത് പരിഹരിക്കാൻ സാധിക്കും. അത്തരത്തിൽ പരിഹാരം കാണണമെന്നേ ഞാൻ സൂചിപ്പിച്ചുള്ളൂ. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കുകയും അതിന്റെ ആശങ്കകളുമായി വിദ്യാർത്ഥികൾ സ്കൂളുകളിൽ പോകുകയും ചെയ്യുന്നു. തെർമൽ സ്കാനർ, സാനിറ്റൈസർ ഉൾപ്പെടെയുള്ള സാധനങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. നാട്ടുകാർ പിരിവെടുത്തും അദ്ധ്യാപകരുടെ തലയിൽ കെട്ടിവച്ചും പ്രയാസം അനുഭവിക്കുന്നതിൽനിന്ന് ഒഴിവാക്കാനായി സ്കൂളുകളിൽത്തന്നെ സർക്കാർ അതിനുള്ള സൗകര്യമൊരുക്കണമെന്ന് സൂചിപ്പിക്കുകയാണ്. സംസ്ഥാനത്തെ സ്കൂളുകളിൽ പുതിയ ഡിവിഷനുകളോ, തസ്തികകളോ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിവേണമെന്ന് ഡോ. ടി. എം. തോമസ് ഐസക് മന്ത്രിയായിരുന്ന സമയത്ത് ഒരു ഉത്തരവു ണ്ടായിരുന്നു. അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ അത് പറഞ്ഞിട്ടുമുണ്ടായിരുന്നു. എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി. എന്നിവരുൾപ്പെട്ട് ലഭിക്കുന്ന സ്റ്റാഫ് ഫിക്സേഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണ - ധനകാര്യ വകുപ്പുകളുടെ അനുമതിയോടെ തസ്തിക സൃഷ്ടിച്ചതിനുശേഷംമാത്രമേ നിയമനവും അംഗീകാരവും നൽകാവൂവെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയത് പുനഃപരിശോധിക്കാനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. എയ്ഡഡ് സ്കൂളുകളിലെ നിയമനമടക്കം നിയന്ത്രിക്കാൻ കൊണ്ടുവന്ന ഒരു നിർദ്ദേശത്തിന്റെ ഭാഗമാണോയെന്നറിയില്ല. അത് മാറ്റിയില്ലെങ്കിൽ ഈ നിയമനങ്ങളൊക്കെ അതുപോലെ നിലകൊള്ളുന്ന അവസ്ഥയുണ്ടാകും. അങ്ങനെ ഉണ്ടാകാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

അധിക തസ്തികയുടെ നിയമനം 1:1 എന്ന അനുപാതത്തിൽ സംരക്ഷിതാ ദ്ധ്യാപകർ, മാനേജർ നിയമിക്കുന്ന ആൾ എന്ന ക്രമത്തിലും പുതുതായി ഉൾപ്പെടു ത്താനുദ്ദേശിക്കുന്ന വ്യവസ്ഥകൾ നിലനിൽക്കുന്നതല്ല. 1:1 എന്ന അനുപാതം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പെൻഡിംഗിലുള്ള കേസ്സാണ്. ടി കേസ്സിലുള്ള വിഷയം നടപ്പാക്കുന്നതിനെതിരെ സ്റ്റേയുള്ളതുകൊണ്ട് അത് സബ്ജുഡീസായി വരുന്ന തരത്തിലേയ്ക്ക് പോകും. അതുകൊണ്ട് അത് പരിഹരിക്കാനാവശ്യമായ ശ്രമമുണ്ടാകണം.

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്ന മറ്റൊരു കാര്യം, 6-ാം പ്രവൃത്തി ദിവസം അപ്രതീക്ഷിതമായി വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞാൽ ആ ദിവസം മുതൽ തസ്തിക/ഡിവിഷൻ നഷ്ടപ്പെടുന്നതും അദ്ധ്യാപകരുടെ ജോലി നഷ്ട പ്പെടുന്നതുമായ വ്യവസ്ഥകളും ഇതിലുണ്ട്. ഈ വ്യവസ്ഥ ഒഴിവാക്കണം. കാരണം ആറാം പ്രവൃത്തി ദിവസം ഒന്നോ രണ്ടോ വിദ്യാർത്ഥികൾ അപ്രതീക്ഷിതമായി വരാതിരിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്റെ അപ്രതീക്ഷിത സന്ദർശനമുണ്ടായാൽ അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഇറക്കിയ ഉത്തരവുകളും എസ്.ആർ.ഒ.-കളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് അതിൽ മാറ്റം വരുത്താനുള്ള നടപടി ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. ഈ ആക്ടുമായി ബന്ധപ്പെട്ട എസ്.ആർ.ഒ.-കളിലെ പിഴവുകൾ ഈ നിയമസഭയിൽ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് 2018-19-ലാണ് അവസാനമായി സ്റ്റാഫ് ഫിക്സേഷൻ നടത്തിയത്. 2019-20 മുതൽ നാളിതുവരെ സ്റ്റാഫ് ഫിക്സേഷൻ നടത്താത്തതിനാൽ ആയിരക്കണക്കിന് അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. അദ്ധ്യാപകർ വിരമിച്ചാലും റിട്ടയർമെന്റ് തസ്തികകളിലേയ്ക്ക് നിയമനം നടക്കുന്നില്ല. ഫലത്തിൽ സംസ്ഥാനത്ത് ആയിരക്ക ണക്കിന് അദ്ധ്യാപകരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. സംസ്ഥാനത്ത് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നിലപാട് സ്വീകരി ക്കുമ്പോൾ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 29 പിരീഡ് ഉണ്ടെങ്കിൽ മാത്രമേ സീനിയർ അദ്ധ്യാപക തസ്തിക ആകുകയുള്ളൂ. അതുകൊണ്ട് 29 പിരീഡ് ഹയർ സെക്കണ്ടറിയിലില്ലാത്ത ഒരു അദ്ധ്യാപകൻ പിരീഡ് തികയ്ക്കാൻവേണ്ടി ബാക്കി സമയം ഹൈസ്കൂളിൽ പഠിപ്പിക്കേണ്ടതായി വരുന്നുണ്ട്. അതിന്റെ ഫലമായി ഹൈസ്കൂൾ അദ്ധ്യാപകരുടെ പിരീഡ് കുറയുകയും അവിടെ തസ്തികകൾ നഷ്ടമാകുകയും ചെയ്യും. ഇത് ഭാഷാദ്ധ്യാപകരുടേതടക്കം ആയിരക്കണക്കിന് തസ്തികകളാണ് നഷ്ടപ്പെടാൻ ഇടയാക്കുന്നത്. പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടുപ്രകാരം പാർട്ട് ടൈം അദ്ധ്യാപകർക്ക് പി.എഫ്. വേണമെന്ന നിർദ്ദേശം നാളിതുവരെ നടപ്പിലാക്കി യിട്ടില്ല. നിലവിൽ ഒന്നു മുതൽ പത്താംക്ലാസ്സ് വരെ അറബിക്, ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ പാർട്ട്-ടൈം, ഫുൾ-ടൈം അദ്ധ്യാപകർ എന്ന് വിളിക്കുമ്പോൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ/സീനിയർ എന്നതാണ് ഡെസിഗ്നേഷൻ. ആയതിനാൽ പ്രൈമറി - സെക്കണ്ടറി സ്കൂളുകളിലെ ഭാഷാദ്ധ്യാപകരുടെ തസ്തികകൾ ജൂനിയർ/സീനിയർ എന്നാക്കാൻ നടപടിയുണ്ടാക ണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മുൻകാലങ്ങളിൽ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി ആരംഭിച്ച ന്യൂനപക്ഷ/പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ മേഖലയിലെ

ഉണർവ്വിനുവേണ്ടിയുണ്ടാക്കിയ എ.ഐ.പി. (ഏരിയ ഇന്റൻസീവ് പ്രോഗ്രാം)-യെക്കുറിച്ചാണ് സൂചിപ്പിക്കാനുള്ളത്. പിന്നാക്ക പ്രദേശങ്ങളിലുള്ള ജനവിഭാഗങ്ങളെ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും ഉയർത്തിക്കൊണ്ടുവരാൻ തുടക്കം കുറിച്ച ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഇന്ത്യയിലെ 7 സംസ്ഥാനങ്ങളിലെ 41 ജില്ലകളിലാണ് ആരംഭിച്ചത്. ഇതിൽ കേരളത്തേയും ഉൾപ്പെടുത്തിയിരുന്നു. എ.ഐ.പി. അനുസരിച്ചുള്ള ലിസ്റ്റിൽപ്പെട്ട സ്കൂളുകൾക്ക് നൽകിയിരുന്ന എയ്ഡഡ് പദവി സർക്കാർ ഉത്തരവ് 196/2021 പ്രകാരം 2003-മുതൽ മുൻകാല പ്രാബല്യത്തോടെ റദ്ദാക്കി ടി സ്കൂളുകളെ പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിത അദ്ധ്യാപകരെ മാത്രം നിയമിക്കണമെന്ന ഉത്തരവാണ് ഉണ്ടായിട്ടുള്ളത്. 2003 മുതൽ നാളിതുവരെ എയ്ഡഡ് സ്കൂളിലെ ജീവനക്കാരെന്ന നിലയിൽ ജോലി ചെയ്ത് ശമ്പളം വാങ്ങി വന്നിരുന്നവരെ ഈ ഉത്തരവ് സാരമായി ബാധിക്കും. കാരണം അവർ പെൻഷനാകുമ്പോൾ ഇക്കാലയളവിലെ സർവ്വീസ് പരിഗണിക്കുമോയെന്നത് വ്യക്തമാക്കിയിട്ടില്ല. അതിനാൽ എയ്ഡഡ് സ്കൂൾ പദവി റദ്ദാക്കിയ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. മറ്റ് സ്കൂളുകളിൽ 1:30, 1:35 എന്നീ അനുപാതം അനുസരിച്ച് അദ്ധ്യാപക തസ്തിക നിർണ്ണയിക്കുമ്പോൾ എ.ഐ.പി. സ്കൂളുകളിൽ ഇപ്പോഴും 1:45 അനുപാതത്തിലാണുള്ളത്. കൂടാതെ newly open സ്കൂളുകളിലെ അദ്ധ്യാപക നിയമനം 1:1 അനുപാതത്തിലായിരിക്കുമ്പോൾ എ.ഐ.പി. സ്കൂളുകൾ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ മാത്രമേ നിയമിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഈ അനോമലി മാറ്റേണ്ടതാണ്.

മലപ്പുറം ജില്ലയിൽ ആയിരത്തിലേറെ പ്രൈമറി അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലിരിക്കെ 518 ഒഴിവുകൾ മാത്രമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്. എന്നാൽ ഇപ്പോൾ നിലവിൽ വന്ന യു.പി.എസ്.എ.-യുടെ മെയിൻ റാങ്ക് ലിസ്റ്റിൽ 997 പേരെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ മൂന്ന് മുതൽ അഞ്ചിരട്ടിവരെയുള്ള ഉദ്യോഗാർത്ഥികളെയുൾപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്നിരിക്കെ നിലവിലുള്ള ഒഴിവുകൾ നികത്താൻപോലും ആവശ്യമായ ഉദ്യോഗാർത്ഥികളെ നിലനിർത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നിലവിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ പലരും ജോലിയുള്ളവരാണ്. അതിനാൽ ഇക്കാര്യം പരിഹരിക്കാനാവശ്യമായ നടപടിയും അങ്ങയുടെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കാരണം ഈ നിയമം ഇവിടെ നിലനിൽക്കുമോയെന്നതിനെക്കുറിച്ച് സംശയിക്കേണ്ടതുണ്ട്. 1958-ൽ പാസ്സാക്കിയ കേരള എഡ്യൂക്കേഷൻ റൂളിലെ 128-ാമത്തെ ഭേദഗതിയാണിത്. 1959 ഫെബ്രുവരി 19-ന് ഇന്ത്യൻ പ്രസിഡന്റിന്റെ അസന്റ്

ലഭിച്ച ഒരു നിയമമാണിത്. കേരള നിയമസഭ പാസ്സാക്കിയതിൽ വളരെ അപൂർവ്വം ബില്ലുകൾക്കുമാത്രമേ പ്രസിഡന്റിന്റെ അസന്റ് വാങ്ങിയിട്ടുള്ളൂ. ഇത്തരമൊരു ബില്ലിൽ അമെന്റ്മെന്റ് വരുമ്പോൾ സ്വാഭാവികമായും പ്രസിഡന്റിന്റെ അനുവാദം വേണ്ടിവരുമോ ഇല്ലയോയെന്നുള്ളതിന്റെ നിയമപരമായൊരു സംശയം ആദ്യമേ ഞാൻ രേഖപ്പെടുത്തുകയാണ്. ഇതിൽ വന്നിരിക്കുന്ന മാറ്റം ലളിതമാണ്. ഒരു അദ്ധ്യാപക സംഘടനയുടെ നിർബന്ധത്തിന് വഴങ്ങി ഈ ഗവൺമെന്റ് നടപ്പാക്കുന്നൊരു നിയമനിർമ്മാണം അല്ലെങ്കിൽ ഭേദഗതിയാണിത്. ഹൈസ്കൂളിനേയും ഹയർ സെക്കൻഡറിയേയും ലയിപ്പിച്ചുകൊണ്ട് ഹയർ സെക്കൻഡറി മേഖലയുടെ എല്ലാ ഗുണമേന്മയെയും നശിപ്പിക്കുന്ന തീരുമാനമാണിത്. ഞാൻ കൃത്യമായി പറയുന്നു, ഒരദ്ധ്യാപക സംഘടനയുടെ ഈഗോയുടെ ഭാഗമായെടുത്ത തീരുമാനത്തിന് ഗവൺമെന്റ് വശംവദരാകുകയാണ്. അക്കാര്യം പ്രൊഫ. സി. രവീന്ദ്രനാഥ് ഇവിടെ നടപ്പിലാക്കിയിരുന്നില്ല; ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ ഉത്തരവാദിത്വത്തിലേയ്ക്ക് അത് വന്നിരിക്കുകയാണ്. ഈ ബില്ലിനാധാരമായിട്ടുള്ള ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ കാര്യത്തിലേയ്ക്ക് വരുന്നതിനുമുമ്പായി ബില്ലിൽ പറഞ്ഞിട്ടുള്ള മൂന്ന് കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാം. 4-ാം വകുപ്പിന്റെ ഭേദഗതിയിൽ (ബി) (2)-ാം ഉപവകുപ്പിൽ പറയുന്നത് ഡി.പി.ഐ. (Director of Public Instructions)-യ്ക്ക് പകരം ഡി.ജി.ഇ. (Director of General Education) ആകുന്നു എന്നാണ്. ഇതിലെ 9-ാം വകുപ്പിലെ ഭേദഗതിയിൽ പറയുന്നതാണ് കൂടുതൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നത്. മറ്റുള്ളവ നമുക്ക് വിട്ടുകളയാം. ഇതിൽ പറയുന്നത് 'ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/ വൈസ് പ്രിൻസിപ്പാൾ' ആകുന്നുവെന്നുള്ളതാണ്. സത്യത്തിൽ ആ പേരുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ല; പേര് അങ്ങനെ ആക്കുന്നതോടുകൂടി കൂടുതൽ പ്രത്യാഘാതങ്ങളുണ്ടാകുന്നു. ഈ ബില്ലിലെ മൂലനിയമത്തിൽ 9-ാം വകുപ്പിലെ ഒന്നാമത്തെ ക്ലോസിൽ പറയുന്നത് "(1) The Government shall pay the salary of all teachers in aided schools direct or through the Headmaster of the school" എന്നാണ്. എയ്ഡഡ് സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും സാലറി നൽകുന്നതും സ്കൂളിന്റെ ഗ്രാന്റ് ഉൾപ്പെടെ വാങ്ങുന്നതും ഹെഡ്മാസ്റ്റർ ആയിരിക്കും; ഹെഡ്മാസ്റ്റർ ഹയർ സെക്കണ്ടറി കൂടി കൂട്ടിച്ചേർത്തിട്ടുള്ള അതിന്റെ വൈസ് പ്രിൻസിപ്പാൾ ആകുന്നതോടുകൂടി ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പാൾ ഉണ്ടായിരിക്കെ ആ സ്കൂളിലെ ഹെഡ്മാസ്റ്റർ ആണ് ഡ്രോയിംഗ് ഓഫീസറായി മാറാൻ പോകുന്നത്. നിയമത്തിന്റെ ഈ ഭേദഗതി ഏറ്റവും വലിയ പ്രത്യാഘാതമാണുണ്ടാക്കുന്നത്. ഒരു സ്കൂളിന്റെ ഭരണ സംവിധാനത്തിൽ അവിടെയുള്ള ഹെഡ് പ്രിൻസിപ്പാൾ ആയിരിക്കെ രജിസ്റ്റർ സൂക്ഷിക്കുന്നതും ആ സ്കൂളിലെ ടീച്ചേഴ്സ് ഉൾപ്പെടെയുള്ളവരുടെ ഭരണാധികാരവും ഹെഡിന്റെ കൈവശമാകുന്നു; എന്നാൽ അവിടെയുള്ള വൈസ്

പ്രിൻസിപ്പാൾ ഡ്രോയിംഗ് ഓഫീസറായി വരികയും ചെയ്യുന്നു. ഈ ഭേദഗതിയിൽ ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയെക്കുറിച്ച് പറയുന്നുണ്ട്. അതിൽ പറയുന്നത് "(2) The District Educational Authority shall consist of the following persons, namely:- (a) the District Panchayat President..., ...... "(h)-ൽ പറയുന്നത് one person elected from among the Headmasters of Aided High Schools in the district; " ഒരു ജില്ലയിലെ എയ്ഡഡ് സ്കൂളിൽനിന്ന് ഒരു ഹെഡ്മാസ്റ്റർ ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയിൽ വരുന്നുണ്ട്. എന്നുപറഞ്ഞാൽ ഹെഡ്മാസ്റ്റർ വൈസ് പ്രിൻസിപ്പാൾ ആകുന്നതോടുകൂടി സ്കൂളിന്റെ പ്രിൻസിപ്പാൾ ഇല്ലാതെ ഹെഡ്മാസ്റ്ററാണ് ഡ്രോയിംഗ് അതോറിറ്റിയിൽ വരുന്നത് എന്നാണ്. ഒരു സ്കൂളിന്റെ മെയിൻ മേധാവി ജില്ലാ അതോറിറ്റിയിൽ വരുന്നില്ല, എന്നാൽ അദ്ദേഹത്തിന്റെ സബോർഡിനേറ്റ് ജില്ലാ അതോറിറ്റിയുടെ കമ്മിറ്റിയിൽ വരികയും ചെയ്യുന്നു. കൂടാതെ അതിൽ പറയുന്നുണ്ട്. "(i) one person elected from among the Headmasters of Government Upper Primary and Lower Primary Schools in the district; (j) one person elected from among the Headmasters of Aided Upper Primary and Lower Primary Schools in the district;" ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ നിന്നെല്ലാം ഓരോ ആളുകൾ വീതം വരുന്നുണ്ടെന്നാണ്. പക്ഷേ സ്കൂളിലെ ഹെഡ്മാസ്റ്റർക്കുപകരം വരുന്നത് വൈസ് പ്രിൻസിപ്പാൾ ആയി മാറുകയാണ്. അത് ഗുരുതരമായൊരു കേസാണ്. അതുകൊണ്ടുതന്നെ ഈ നിയമത്തിലെ വലിയൊരു അപാകത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, പ്രിൻസിപ്പാൾ/വൈസ് പ്രിൻസിപ്പാൾ എന്നതിലെ ഡ്രോയിംഗ് അതോറിറ്റി വൈസ് പ്രിൻസിപ്പാളാണെന്ന് പറഞ്ഞു; എന്നുവച്ചാൽ നേരത്തെ ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ ആയിരുന്ന വ്യക്തിയാണ് ഡ്രോയിംഗ് അതോറിറ്റി. പക്ഷേ അത് ഹൈസ്കൂളുകളിലെ അദ്ധ്യാപകർക്കു മാത്രമായുള്ള ഡ്രോയിംഗ് അതോറിറ്റിയല്ലേ? ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകരുടെ ഡ്രോയിംഗ് അതോറിറ്റി എന്നു പറയുന്നത് ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാൾമാർ ആണ്. അപ്പോൾ ഹയർ സെക്കണ്ടറി സ്കൂളിലെ ഡ്രോയിംഗ് അതോറിറ്റി പ്രിൻസിപ്പാളിൽത്തന്നെ നിക്ഷിപ്തമല്ലേ; അതും ഈ വൈസ് പ്രിൻസിപ്പളിനാണോ അതല്ല ഹെഡ്മാസ്റ്ററിനാണോ നൽകുന്നത്; അങ്ങനെയാണോ ബഹുമാനപ്പെട്ട അംഗം പറയുന്നത്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പറയുന്നതല്ല. ഈ നിയമത്തിൽ പറയുന്നത് അതാണ്. കെ.ഇ.ആർ. ആണ് ഞാനാദ്യം വായിച്ചത്. കെ.ഇ.ആർ.-ൽ ഹെഡ്മാസ്റ്റർ എന്നുള്ളതിനുപകരം എല്ലായിടത്തും വൈസ് പ്രിൻസിപ്പാൾ ആകുന്നു

എന്നതാണ് ഭേദഗതി. അപ്പോൾ ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയിൽ ഹെഡ്മാസ്റ്റർ വൈസ് പ്രിൻസിപ്പാൾ ആകുമ്പോൾ ഹയർ സെക്കണ്ടറിയുള്ള സ്കൂളുകളിൽ അവിടെയുള്ള ശമ്പളമെഴുതാനും മറ്റുമുള്ള ഡ്രോയിംഗ് ഓഫീസറായി വൈസ് പ്രിൻസിപ്പാൾ വരുന്ന എന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാര്യ പ്രിൻസിപ്പാൾ ആണ്. പക്ഷേ അംഗത്തിന്റെ ഭാര്യയെ നോക്കുകുത്തിയാക്കി ആ സ്കൂളിലെ ഹെഡ്മാസ്റ്റർ ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാര്യയ്ക്കുടക്കം ശമ്പളമെഴുതിക്കൊടുക്കുന്ന ആളാക്കിമാറ്റുകയാണ് ഈ ബിൽ. അങ്ങനെ ഗുരുതരമായൊരു ഭവിഷ്യത്ത് ഇതിന്റെ പിന്നിലുണ്ട്. ഉദാഹരണമായി സെക്രട്ടറിയേറ്റിൽ അഡീഷണൽ സെക്രട്ടറിയിരിക്കവേ അദ്ദേഹത്തിന്റെയും ജോയിന്റ് സെക്രട്ടറിയുടെയും ശമ്പളം അണ്ടർ സെക്രട്ടറി എഴുതുന്നതുപോലെയാണിത്. സ്വാഭാവികമായും ശമ്പളമെഴുതുന്നത് ഒരാൾ, അറ്റൻഡൻസും മറ്റും സൂക്ഷിക്കുന്നത് വേറൊരാൾ എന്ന രീതിയിലുള്ള വലിയ പ്രത്യാഘാതങ്ങൾ ഇതിന്റെ പിന്നിലുണ്ടാകുന്നുവെന്നുള്ളതാണ് ഞാൻ സൂചിപ്പിക്കുന്നത്. ആരുടെയോ വാശിക്കുവേണ്ടി ഇങ്ങനെയൊരു നിയമം നടപ്പിലാക്കുമ്പോൾ ഗുരുതരമായൊരു പ്രത്യാഘാതം ഉണ്ടാകുമെന്നതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ രീതിയിൽത്തന്നെ അതിനെ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഖാദർ കമ്മിറ്റിയെന്നു പറയുന്നത് സത്യത്തിൽ എന്താണ് ? 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള തീരുമാനമെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ കമ്മിറ്റിയാണത്. പക്ഷേ, 2017 ഒക്ടോബർ മാസമാണ് ഈ കമ്മിറ്റിക്ക് ചുമതല നൽകുന്നത്. മികവിനായിട്ടുള്ള സ്കൂൾ വിദ്യാഭ്യാസമെന്നാണ് ഖാദർ കമ്മിറ്റിയുടെ ഒന്നാമത്തെ റിപ്പോർട്ടിൽ പറയുന്നത്. രണ്ടാമത്തെ റിപ്പോർട്ട് വന്നിട്ടുമില്ല. അതിനുമുമ്പാണ് ഒന്നാമത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമമുണ്ടാക്കുന്നത്. റിപ്പോർട്ട് പൂർണ്ണമായും വരാത്തതുകൊണ്ടാണ് ഇത് awkward legislation ആണെന്ന് പറയാൻ കാരണം. ഇത് തീർച്ചയായും absurd and awkward decision ആണെന്നുള്ള കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലുണ്ട്. കേരള ഹയർ സെക്കണ്ടറി ടീച്ചേഴ്സ് യൂണിയന്റെ പ്രസിഡന്റ് കൊടുത്ത കേസ് അവിടെയുണ്ട്. ആ കേസ്സിൽ പ്രധാനമായും സൂചിപ്പിക്കുന്നതും ഇതുതന്നെയാണ്. ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ സമർപ്പണത്തിൽത്തന്നെ പറയുന്നത്, '2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ...' എന്നാണ് പറയുന്നത്. ഇപ്പോൾ പറയുന്നത് വിദ്യാഭ്യാസ മേഖലയുടെ ഘടനയിൽ മാറ്റം വരുത്തുകയെന്നതാണ്. ഹയർ സെക്കണ്ടറിയേയും ഹൈസ്കൂളിനെയും ഒരു തൊഴുത്തിൽ കെട്ടുക, എന്നിട്ട്

അതിലെ ഘടന മാറ്റുകയെന്നുള്ളതാണ് ഇതിന്റെ ആകെത്തുകയായി വരുന്നത്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന് നേരെ എതിരായിട്ടാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട് വരുന്നത്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളാണ് ലോവർ പ്രൈമറി, 6 മുതൽ 8 വരെ ക്ലാസ്സുകൾ അപ്പർ പ്രൈമറി എന്നാണ് പറയുന്നത്. ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ 'സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ എന്നതിൽ പ്രീസ്കൂൾ കഴിഞ്ഞ് രണ്ടാമത് പറയുന്നത് പ്രൈമറി 1 മുതൽ 7 വരെ, അതിൽ ലോവർ പ്രൈമറി 4-ാം ക്ലാസ് വരെയുള്ളത്, പ്രൈമറി 7-ാം ക്ലാസ് വരെയുള്ളത് എന്നുള്ള രീതിയിലാക്കുകയാണ്. സെക്കണ്ടറിയിൽത്തന്നെ, ലോവർ സെക്കണ്ടറി 8, 9, 10 ക്ലാസ്സുകൾ വരെയെന്നാണ് പറയുന്നത്. അങ്ങനെയുള്ള ഗുരുതരമായ വീഴ്ചകൾ ഇതിൽ വന്നുകൊണ്ടിരിക്കുകയാണ്. 2009-ലെ നിയമം എങ്ങനെ നടപ്പിലാക്കണമെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുപകരം വിദ്യാഭ്യാസ അവകാശ നിയമത്തിനെതിരായിട്ടാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നത്. 'ഒരു പേരിൽ എന്തിരിക്കുന്നു' എന്ന് ഷേക്സ്പിയറുടെ ഒരു കൃതിയിൽ പറയുന്നുണ്ട്. അതിവിടെ കൃത്യമായി അന്വർത്ഥമാകുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. വിരൂപിയായ ഒരാൾക്ക് സുന്ദരൻ എന്ന് പേരിടുന്നതു പോലെയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നുപറയുന്നു, ഗുണമേന്മയ്ക്കെതിരായിട്ടുള്ള റിപ്പോർട്ട് സമർപ്പിക്കുന്നു. അത്തരത്തിലുള്ള കാര്യങ്ങളാണ് ഇവിടെ നടപ്പിലാക്കുന്നത്. മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്നുപറഞ്ഞിട്ട് അത് തകർക്കുന്ന രീതിയിലാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. അക്കാദമിക നിലവാരം ഉയർത്തുന്നതിനെക്കുറിച്ച് ഒരുകാര്യം പോലും ബില്ലിൽ പറയുന്നില്ല. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന് എതിരായിട്ടുള്ള ഒരു നിയമമാണ് നടപ്പിലാക്കാൻ പോകുന്നത്. കോത്താരി കമ്മീഷൻ റിപ്പോർട്ടിനും എതിരായി വരുന്നു. ഖാദർ കമ്മിറ്റി റിപ്പോർട്ടും കേന്ദ്ര സർക്കാരിന്റെ കസ്തൂരിരംഗൻ റിപ്പോർട്ടും സയാമീസ് ഇരട്ടകളെപോലെയാണ്. രണ്ട് റിപ്പോർട്ടുകളിലും പറയുന്നത് ഒരുപോലെയാണ്. കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിൽ നിയമിക്കപ്പെട്ടതാണോ ഡോ.എം.എ. ഖാദർ കമ്മിറ്റിയെന്ന് തോന്നുന്ന വിധത്തിലാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. സാക്ഷരതാ മിഷൻ നടത്തുന്ന 'മികവ് ഉത്സവം' പരീക്ഷ ഇന്നലെയാണ് സംസ്ഥാനത്ത് തുടങ്ങിയത്. മട്ടന്നൂർ നഗരസഭയിലെ അയ്യല്ലൂർ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിൽ നോഡൽ പ്രേരക് ബിന്ദുവിനും പ്രേരക് ഷീജയ്ക്കും കൗൺസിലർ കെ. ശ്രീജകുമാരിക്കുമൊപ്പം സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറി ശ്രീ. കെ. ശശിധരനും പരീക്ഷയ്ക്ക് മേൽനോട്ടം വഹിച്ചതായി മിഷൻ ഡയറക്ടർ

ഫേസ്ബുക്കിൽ കുറിച്ചിരിക്കുകയാണ്. അതുസംബന്ധിച്ച് ഇന്നത്തെ മലയാള മനോരമ പത്രത്തിലും വാർത്ത വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സാക്ഷരതാ മിഷനിലും എസ്.സി.ഇ.ആർ.ടി.-യിലും SCOLE (State Council for Open and Lifelong Education) Kerala-യിലും നടക്കുന്ന ഒട്ടനവധി കാര്യങ്ങൾ നമുക്ക് പറയാനുണ്ട്. ഈ ഭേദഗതിക്കുള്ളിൽനിന്ന് സംസാരിക്കുന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. മികവിനായി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അതിനുവേണ്ടിയുള്ള ഒരു നിർദ്ദേശവും ഇതിൽ വച്ചിട്ടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ഇക്കാര്യം ഫേസ്ബുക്കിൽ കുറിച്ച ഡയറക്ടറുടെ സത്യസന്ധത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, യാതൊരു സംശയവുമില്ല. ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് വളരെ ശരിയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ ഹയർ സെക്കണ്ടറിയിൽ സീറ്റുകളുടെ 30 ശതമാനം മാർജിൻ വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഇന്ത്യയിൽത്തന്നെ ചർച്ച ചെയ്യപ്പെടുകയാണ്. ഇന്ത്യയിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഏറ്റവും ഉന്നത ഗുണനിലവാരമുള്ളതാണ് കേരളത്തിലെ ഹയർ സെക്കണ്ടറി വിഭാഗം.

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട അംഗം ഹയർ സെക്കണ്ടറി അദ്ധ്യാപകൻ കൂടിയാണല്ലോ, ഹയർ സെക്കണ്ടറി നിലവിൽ വന്നതിനുശേഷം സർക്കാരുകൾ മാറിമാറി വന്നു. പക്ഷേ ഒരു ക്ലാർക്കിനെയോ ഒരു പ്യൂണിനെയോ ഹയർ സെക്കണ്ടറിയിൽ നിയമിക്കാനുള്ള സാഹചര്യമുണ്ടായില്ല. അവിടെ ഇതെല്ലാം ചെയ്യുന്നത് പ്രിൻസിപ്പാളാണ്. ഇത് ഒന്നാകാത്തതുകൊണ്ടായിരുന്നു ഈ പ്രയാസമെന്നായിരുന്നു ഇതുവരെയും പറഞ്ഞിരുന്നത്. ആ കുറവ് നികത്തുക യെന്നതിന്റെ ഭാഗമായി ഹയർ സെക്കണ്ടറിയിലെ ജോലികളും ഇപ്പോൾ ഹൈസ്കൂളിലെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ക്ലാർക്കിന്റെ ജോലിയുടെ ഭാഗമാക്കുകയാണ്. അതോടൊപ്പം ഹയർ സെക്കണ്ടറിയിലെ പ്യൂൺ ചെയ്യുന്ന പ്രവൃത്തികളും ഹൈസ്കൂളിലെ പ്യൂണിന്റെ പ്രവൃത്തിയുടെ ഭാഗമാക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സത്യത്തിൽ സ്കൂളുകളിലെ സ്റ്റാഫിനെ ഹയർ സെക്കണ്ടറിയിലേയ്ക്ക് കൊടുക്കുകയല്ല വേണ്ടത്. ഓരോ ഹയർ സെക്കണ്ടറിക്കും ലൈബ്രറിയുണ്ടാക്കണമെന്നും അവിടെ കൃത്യമായി ലൈബ്രേറിയനെ നിയമിക്ക ണമെന്നും എട്ടുവർഷംമുമ്പ് കോടതി വിധിച്ചതാണ്. പക്ഷേ ഇന്നുവരെ അത് നടപ്പിലാക്കിയിട്ടില്ല. ഹയർ സെക്കണ്ടറി വിഭാഗത്തിന് ക്ലാർക്കും പ്യൂണും വേണം.

ക്ലാർക്കിന്റെയും പ്യൂണിന്റെയും ജോലി ഇപ്പോൾ പ്രിൻസിപ്പാളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ക്ലാർക്കിനുപകരം സ്വീപ്പറെയും മറ്റും നിയമിക്കുകയല്ല വേണ്ടത്. ഹയർ സെക്കണ്ടറിയെ സ്ട്രെംഗ്തൻ ചെയ്യണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണം. സ്റ്റാഫിനെ ആവശ്യത്തിന് നിയമിക്കണം. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ മുഴുവൻ മേന്മകളും തകർക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. വിദ്യാർത്ഥികൾക്ക് പഠിക്കാൻ ക്ലാസ്സ് മുറികളില്ലെന്ന് പറഞ്ഞപ്പോൾ ഓരോ ക്ലാസ്സുകളിലും വിദ്യാർത്ഥികളെക്കൊണ്ട് കുത്തി നിറയ്ക്കുകയാണ്. 30 ശതമാനം വിദ്യാർത്ഥികളുടെ margin increase ചെയ്തുകൊടുത്ത് സയൻസ് ക്ലാസ്സ് മുറികളിൽ 65 കുട്ടികളെ കൊണ്ടുചെന്നാൽ പഠിപ്പിക്കുന്ന അദ്ധ്യാപകന് എന്താണ് ചെയ്യാൻ കഴിയുന്നത്? ഇതിന്റെ ബുദ്ധിമുട്ട് പഠിപ്പിക്കുന്ന അദ്ധ്യാപകർക്കേ മനസ്സിലാകുകയുള്ളൂ. വിദ്യാർത്ഥികളെ ലാബിൽ കൊണ്ടുപോയി പ്രാക്ടീസ് ചെയ്യിക്കണ്ടേ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..... പതിനഞ്ച് മിനിട്ടാകുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടിയാണ് എടുക്കേണ്ടത്. ഒരു ക്ലാസ്സിൽ 50-ൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കരുതെന്ന് ബഹുമാനപ്പെട്ട കോടതി കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിനുപകരം പുതിയ ബാച്ചും പുതിയ പോസ്റ്റും അനുവദിക്കുകയാണ് ചെയ്യേണ്ടത്. ഈ ബില്ലിന് നിയമപരമായി നിരവധി തടസ്സങ്ങളുള്ളതിനാൽ കോടതിയിൽപ്പോലും ഇതിന് നിലനിൽക്കാൻ കഴിയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കൂട്ടത്തിൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞ ഒരു കാര്യം ഞാൻ അടിവരയിട്ട് പറയുകയാണ്. സ്കൂളുകളിൽ ഗുണമേന്മ വർദ്ധിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. ശ്രീ. എ. പി. അനിൽ കുമാർ, ഇടപെട്ട് സംസാരിച്ചതുപോലെ നാല് പോസ്റ്റുകൾ ഒരു സ്കൂളിൽ വരും, അതിൽ രണ്ട് പോസ്റ്റ് ടീച്ചേഴ്സ് ബാങ്കിലേയ്ക്ക് മാറ്റിവച്ചു. ഈ രണ്ട് പോസ്റ്റ് അപ്രൂവൽ ആകുമ്പോൾ മാത്രമെ ടീച്ചേഴ്സ് ബാങ്കിൽനിന്ന് ഉദ്യോഗാർത്ഥികളെ നിയമിക്കാൻ കഴിയുകയുള്ളൂ. ടീച്ചേഴ്സ് ബാങ്കിൽനിന്ന് നിയമനം നടത്താൻ പോയാലോ അവിടെ ടീച്ചർമാരില്ല; പ്രൊട്ടക്ടഡ് ഹാൻഡ്സ് ഇല്ല. പ്രൊട്ടക്ടഡ് ഹാൻഡ്സ് ഇല്ലാതെ വരുമ്പോൾ അവിടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആരുണ്ട്? പ്രൊട്ടക്ടഡ് ഹാൻഡ്സിൽനിന്നും ടീച്ചേഴ്സ് ബാങ്കിൽനിന്നും വരുന്നതുവരെ ഒരു സ്കൂളിൽ ഇത്രയും വിദ്യാർത്ഥികൾ ശിക്ഷണത്തിന് വിധേയമല്ലാതിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ദിവസ വേതനാടിസ്ഥാനത്തിലെങ്കിലും പ്രൊട്ടക്ടഡ് ഹാൻഡ്സ് വരാത്ത സ്ഥലങ്ങളിൽ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ എ.ഐ.പി. സ്കൂളിനോടുള്ള വിവേചനം അവസാനിപ്പിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പദ്ധതിയുടെ വരുമാനം അപര്യാപ്തമായതിനാൽ ഉടമകളുടെയും കർഷക ത്തൊഴിലാളികളുടെയും നിലവിലുള്ള അംശദായ നിരക്ക് വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഗ്രാന്റ് നൽകു ന്നതിനുമായി ബന്ധപ്പെട്ട വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിനാണ് 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിനെ അനുകൂലിച്ചുകൊണ്ട് സംസാരിക്കേണ്ടതല്ലേ; അത് കഴിഞ്ഞല്ലേ അടുത്ത ബില്ലിലേയ്ക്ക് പോകേണ്ടത്?

മി. ചെയർമാൻ: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളാണ് ആദ്യം സംസാരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരേ വിഷയമായിരുന്നെങ്കിൽ അതുപോലെ ചെയ്യാമായിരുന്നു. ഇത് രണ്ടും രണ്ട് വിഷയമാണ്.

മി. ചെയർമാൻ: എല്ലാം ഒരേ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന വിഷയമായതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു മന്ത്രിയാണെങ്കിലും അങ്ങനെ ചെയ്യാൻ പറ്റില്ല, അത്തരത്തിൽ ഒരു precedent ഇല്ല.

മി. ചെയർമാൻ: ചർച്ച ഒരുമിച്ചാണെന്നുള്ളതുകൊണ്ടാണ് ആ രീതിയിൽ കൈകാര്യം ചെയ്യുന്നത്. ശ്രീ. അൻവർ സാദത്തിന് തുടർന്ന് സംസാരിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചപ്പോൾത്തന്നെ സർക്കാർ നൽകുന്ന ഗ്രാന്റ് നിലവിലുള്ളതിന്റെ നാലിലൊന്നായി കുറയ്ക്കുന്ന തൊഴിലാളിവിരുദ്ധ സമീപനമാണ് ഈ ബില്ലിലൂടെ സ്വീകരിച്ചിട്ടുള്ളത്. ക്ഷേമനിധിയിൽനിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ക്ഷേമനിധി ബോർഡുകളിൽ നിലനിൽക്കുന്നത്. ഇതൊഴിവാക്കുന്നതിന്, ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കുന്ന തുക പരിമിതപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്. ഈ ബില്ലിലൂടെ കർഷകത്തൊഴിലാളിയുടെ അംശദായം അഞ്ചുരൂപയിൽനിന്ന് ഇരുപത് രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിനനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാത്തത് കർഷകത്തൊഴിലാളികളെ നിരാശപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് ബില്ലിൽ പരാമർശിക്കാതെപോയതും വളരെ ദൗർഭാഗ്യകരമായിപ്പോയി. ഇത് കർഷകത്തൊഴിലാളികളെ നിരാശപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. അഞ്ചുരൂപ അംശദായം പിരിച്ചെടുത്ത സ്ഥാനത്താണ് ഇത്തരത്തിൽ വർദ്ധനവ് വരുത്തിയിരിക്കുന്നത്. 60 വയസ്സിൽ പെൻഷനാകുമ്പോൾ 25,000 രൂപയാണ് അവർക്ക് പെൻഷനായി അല്ലെങ്കിൽ ആനുകൂല്യമെന്ന നിലയിൽ ലഭിക്കുന്നത്. അംശദായം 20 രൂപയായി ഉയർത്തുമ്പോൾ ഏകദേശം 27,000 രൂപ നിലവിൽ അവർ പിരിച്ചുകഴിയും. എന്നിട്ടും 25,000 രൂപയാണ് കർഷകത്തൊഴിലാളികൾക്ക് കൊടുക്കുന്നത്. അത് 75,000 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. കേരളത്തിലെ കർഷകത്തൊഴിലാളികളോടൊപ്പംനിന്ന ഡി.കെ.ടി.എഫ്. (ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ) എന്ന സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോയി മാളിയേക്കൽ അടക്കം സെക്രട്ടേറിയറ്റിനുമുമ്പിലും വിവിധ പ്രദേശങ്ങളിലും നിരന്തരം സമരം നടത്തിയപ്പോൾ ഇത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഔദ്യോഗികമായി പ്രഖ്യാപിച്ച ആനുകൂല്യമായി അല്ലെങ്കിൽ അവർ ആവശ്യപ്പെട്ട 75,000 രൂപയെങ്കിലും കൊടുക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് അവർക്കു വേണ്ടി ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൊഴിലാളികൾക്ക് കൊടുക്കുന്ന വിവാഹ ധനസഹായവും മരണാനന്തര ധനസഹായവും 3000 രൂപയിൽനിന്ന് 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ വർദ്ധിപ്പിക്കുമ്പോൾ മുൻകാലപ്രാബല്യം കൊടുക്കുന്നില്ല. ധാരാളം ആളുകൾ മുൻകാലങ്ങളിൽ അപേക്ഷ നൽകിയിട്ടും ഇപ്പോഴും കൊടുക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ച തുക കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കണം. 2013 വരെയുള്ള പെൻഷനും മറ്റുള്ള തുകകളുമാണ് കൊടുത്തുതീർത്തിട്ടുള്ളത്. അതിനുശേഷം

ഇതുവരെയും ആ കുടിശ്ശിക തീർക്കാനുള്ള സാഹചര്യം ഈ ഗവൺമെന്റ് ഒരുക്കിയിട്ടില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈ കുടിശ്ശികയെല്ലാം വീട്ടുമെന്ന് ജനങ്ങളോടും കർഷകത്തൊഴിലാളികളോടും പറഞ്ഞിരുന്നു. പക്ഷേ ഒരു കുടിശ്ശികയും വീട്ടാതെയാണ് ഇന്നും ഈ സർക്കാർ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള സാഹചര്യമുണ്ടാകണം. നിരന്തരം മണ്ണിനോട് മല്ലടിച്ച് ഈ രാജ്യത്തിനും നാടിനുംവേണ്ടി പ്രയത്നിക്കുന്ന കർഷകത്തൊഴിലാളികളോടുള്ള ഈ ഗവൺമെന്റിന്റെ മുഖംതിരിഞ്ഞ സമീപനം മാറ്റണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്.

കശുവണ്ടിത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി കശുവണ്ടി തൊഴിലാളി ക്ഷേമ നിധിയിലെ വരുമാനം അപര്യാപ്തമായതിനാൽ കശുവണ്ടി ഫാക്ടറികളിലെ ഓരോ ദിവസത്തെ ജോലിക്ക് ഓരോ തൊഴിലാളിക്കുംവേണ്ടി തൊഴിലുടമ അടയ്ക്കേണ്ടതും തൊഴിലാളി നൽകേണ്ടതുമായ അംശദായം രണ്ട് രൂപയായി വർദ്ധിപ്പിക്കുന്നതിനും സർക്കാർ നൽകേണ്ട അംശദായം തൊഴിലാളികളുടെ അംശദായത്തിന്റെ പകുതിയായി പരിമിതപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് വേണ്ടിയാണ് 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അംശദായം ഉയർത്തുന്നതിനാനുപാതികമായി ആനുകൂല്യങ്ങളിൽ യാതൊരു വർദ്ധനവുമുണ്ടായിട്ടില്ല. അംശദായം ഉയർത്തുന്നതിനാനുപാതികമായ ഗ്രാന്റ് നൽകി ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമനിധികളിൽനിന്നുള്ള വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് ക്ഷേമനിധി ബോർഡുകളിൽ നിലനിൽക്കുന്നത്. ഇതൊഴിവാക്കുന്നതിനായി ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കാവുന്ന തുക പരിമിതപ്പെടുത്തുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്. കേരളത്തിലെ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും ബില്ലിലുൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് വളരെ ഖേദകരമായ കാര്യമാണ്. കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കുമെന്ന് പറഞ്ഞ് കൊല്ലം ജില്ലയിലെ ജനങ്ങളെയുൾപ്പെടെ കബളിപ്പിച്ചാണ് രണ്ട് തവണയും ഈ സർക്കാർ അധികാരത്തിൽ വന്നത്. പക്ഷേ അവർക്ക് യാതൊരു ആനുകൂല്യവും കൊടുക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. സംസ്ഥാനത്തെ 750 കശുവണ്ടി ഫാക്ടറികളിൽ 600 ഫാക്ടറികളും അടഞ്ഞുകിടക്കുന്ന സാഹചര്യമാണുള്ളത്. അവ തുറന്നുപ്രവർത്തിപ്പിക്കാനും സാമ്പത്തികമായി സഹായിക്കാനും ഈ സർക്കാർ എന്തുകൊണ്ട് തയ്യാറാകുന്നില്ല?

ആറ് വർഷമായി കശുവണ്ടി തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചിട്ടില്ല. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യം ലഭിക്കുന്നില്ല. ഇതൊക്കെ പരിഹരിക്കാനുള്ള യാതൊരു നിർദ്ദേശവും ഈ ബില്ലിൽ പരാമർശിക്കാത്തത് ഖേദകരമാണ്. പകരം തൊഴിലാളികളുടെ അംശദായം ഉയർത്താനുള്ള ഭേദഗതി മാത്രമാണുള്ളത്. തൊഴിലാളികളെ എങ്ങനെ ചൂഷണം ചെയ്യാമെന്ന സമീപനമാണ് ബില്ലിലുടനീളം കാണുന്നത്. തൊഴിലാളി വിഹിതം ഉയർത്തുമ്പോൾ സർക്കാർ വിഹിതം കുറയ്ക്കുകയാണ് ചെയ്യുന്നത്. തൊഴിലാളികൾക്കെതിരായ സർക്കാരാണോയിത്; തൊഴിലാളികളെ മാത്രം മുന്നിൽ നിർത്തിക്കൊണ്ട് എന്നും സമരങ്ങൾ ചെയ്യുന്ന ഈ സർക്കാർ തൊഴിലാളി വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. തയ്യൽ തൊഴിലാളികളുടെയും സ്ഥിതി ഇതുപോലെ തന്നെയാണ്. അവർക്കും യാതൊരു ആനുകൂല്യങ്ങളും കൊടുക്കുന്നില്ല. തയ്യൽ തൊഴിലാളികളുടെ അംശദായം 20-ൽ നിന്ന് 50 രൂപയായി വർദ്ധിപ്പിച്ചെങ്കിലും സർക്കാർ ഇവർക്ക് യാതൊരു ആനുകൂല്യവും കൊടുക്കുന്നില്ല. പല ഹോസ്പിറ്റലുകളിലും ഇവർക്ക് ചികിത്സാ ആനുകൂല്യങ്ങളുണ്ടെങ്കിലും ഒരു ജില്ലയിൽ രണ്ട് ഹോസ്പിറ്റലുകളിൽ മാത്രമാണ് ചികിത്സ ചെയ്യാനുള്ള സൗകര്യമുള്ളത്. അതുകൊണ്ട് ആനുപാതികമായി മറ്റുള്ള ഹോസ്പിറ്റലുകളിലും ഇവർക്ക് ചികിത്സ ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തയ്യൽത്തൊഴിലാളി മേഖലയിൽ ഉണ്ടാകുന്ന കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് നാട്ടിൻപുറങ്ങളിലെ തൊഴിലാളികൾക്ക് സാങ്കേതിക സൗകര്യങ്ങളുയർത്താൻ കഴിയാത്തത് ഇന്ന് ഈ മേഖലയിലുള്ളവർക്ക് വലിയ പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്. തയ്യൽ ത്തൊഴിലാളി മേഖലയിലുള്ളവർക്ക് ആധുനിക പരിശീലന പദ്ധതികളും മെഷീൻ സൗകര്യങ്ങളും സ്വായത്തമാക്കുന്നതിന് സാമ്പത്തികസഹായം അനുവദിക്കണം. കാരണം, വലിയ പ്രതിസന്ധിയുള്ള, വളരെ സാധാരണക്കാരായ അവരെ സഹായിക്കാനൊരു സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. പെട്രോൾ, ഡീസൽ വില വർദ്ധനവിനെക്കുറിച്ച് കേരളം ചർച്ച ചെയ്യുകയാണ്. കോൺഗ്രസിന്റെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും ഇന്ന് ചക്രസമരം നടത്തുകയാണ്. അതിനുള്ള സാഹചര്യമെന്താണ്? കേന്ദ്രസർക്കാർ പെട്രോളിനും ഡീസലിനും നികുതി കുറച്ചപ്പോൾ അതിനാനുപാതികമായി 22 സംസ്ഥാനങ്ങളിൽ നികുതി കുറയ്ക്കുന്ന സാഹചര്യമുണ്ടായി. പക്ഷേ, കേരളത്തിലെ ബഹുമാന്യരായ മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ കണ്ണ് തുറക്കുന്നില്ല. എന്തുകൊണ്ട് കണ്ണ് തുറക്കുന്നില്ല? 22 സംസ്ഥാനങ്ങളിൽ പെട്രോളിനും ഡീസലിനും വില കുറച്ചപ്പോൾ കേരള സർക്കാർ മാത്രം വില കുറയ്ക്കാത്തത്

ജനങ്ങളോടുള്ള വെല്ലുവിളിയായിട്ടാണ് കാണാൻ സാധിക്കുന്നത്. അതുകൊണ്ട് ഇന്ന് കേരളത്തിലെ 14 ജില്ലകളിലും കോൺഗ്രസ് പ്രവർത്തകർ റോഡ് ഉപരോധിച്ചുകൊണ്ടുള്ള ചക്രസ്തംഭനം നടത്തി ജനങ്ങളെ ഈ സമരത്തിലേയ്ക്ക് വലിച്ചിറക്കുകയാണ്. ഞങ്ങൾക്ക് ഇങ്ങനെയുള്ള സമരങ്ങൾക്ക് താൽപ്പര്യമില്ലെങ്കിലും ജനങ്ങൾക്കുവേണ്ടി ഈ ചക്രസമരവുമായി ഞങ്ങൾക്ക് മുന്നോട്ടുപോകേണ്ട രാഷ്ട്രീയ സാഹചര്യം ഇവിടെയുണ്ടായി. എന്നിട്ടും ഈ സർക്കാർ കണ്ണ് തുറന്നില്ലെങ്കിൽ ഇനിയും സമരമുറകളുമായിത്തന്നെ മുന്നോട്ടുപോകുന്നതാണ്.

കഴിഞ്ഞ ദിവസം എറണാകുളത്ത് ഒരു സമരം നടത്തിയപ്പോൾ ശ്രീ. ജോജു ജോർജ്ജ് എന്ന നടൻ അവിടെ കയറിവരുന്ന സാഹചര്യമുണ്ടായി. അവിടെയുള്ള ഒരു ബൈറോഡുവഴി പോകണമെന്ന് ഞങ്ങളുടെ വാളന്റിയേഴ്സ് ആ നടനോട് പറഞ്ഞതാണ്. എന്നാൽ ഞങ്ങളവിടെ സമരം നടത്തിയപ്പോൾ അദ്ദേഹം അവിടെ കടന്നുകയറി ആക്രോശിക്കുന്ന സാഹചര്യമാണുണ്ടായത്. ഈ സിനിമാനടന് എന്ത് സാമൂഹ്യ പ്രതിബദ്ധതയാണുള്ളത്; ആർക്കുവേണ്ടിയാണ് അവിടത്തെ ജനങ്ങൾ സമരം നടത്തിയത്? കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് അവിടെ സമരം നടത്തിയത്. യാതൊരു സാമൂഹ്യ പ്രതിബദ്ധതയുമില്ലാതെ ശ്രീ. ജോജു ജോർജ്ജ് എന്ന നടൻ അവിടെക്കയറി ആക്രോശിച്ചതിൽ എന്തോ രാഷ്ട്രീയ പിൻബലമുണ്ടെന്ന് ഞങ്ങൾ സംശയിക്കുന്നു. കാരണം, ഈ നടനുവേണ്ടി വക്കാലത്ത് പിടിക്കാൻ ഇവിടെയുള്ള ചില രാഷ്ട്രീയനേതാക്കൾ നിയമസഭയ്ക്കകത്തും പുറത്തും വന്നപ്പോൾ ഇതിലെന്തോ രാഷ്ട്രീയ പിൻബലമുണ്ടെന്ന് ഞങ്ങൾ സംശയിക്കുന്നതിൽ യാതൊരു തെറ്റും പറയാൻ സാധിക്കുകയില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ശ്രീ. അൻവർ സാദത്ത് കൊച്ചിയിൽ നടന്ന സമരത്തെക്കുറിച്ചാണ് പറഞ്ഞത്. അതുസംബന്ധിച്ച് സിറ്റി പോലീസിനെ അറിയിക്കുകയും ചെയ്തിരുന്നു. സിറ്റി പോലീസ് കമ്മീഷണർ പുറപ്പെടുവിച്ച പ്രസ് റിലീസാണ് എന്റെ കയ്യിലുള്ളത്. സമയക്കുറവുകൊണ്ട് ഞാനത് വായിക്കുന്നില്ല. സമരത്തെക്കുറിച്ച് മുൻകൂട്ടി അറിയിച്ചതനുസരിച്ച് പോലീസുതന്നെ ഗതാഗതം വഴിതിരിച്ചുവിടുകയാണ് ഉണ്ടായത്. അങ്ങനെ വഴിതിരിച്ചുവിട്ട സ്ഥലത്താണ് ഈ സിനിമാനടൻ വന്ന് പ്രശ്നമുണ്ടാക്കിയത്. ഇതൊരു പെൻഡ്രൈവാണ് (പെൻഡ്രൈവ് ഉയർത്തിക്കാട്ടി). ഈ സിനിമാ നടൻ ചാവക്കാട് എന്ന സ്ഥലത്ത് പ്രശ്നമുണ്ടാക്കിയതിന്റെ ദൃശ്യങ്ങൾ ഇതിനകത്തുണ്ട്. എറണാകുളത്ത് ഈ നടൻ വന്ന് കോൺഗ്രസ് പ്രവർത്തകരോട് വളരെ മോശമായി സംസാരിച്ചു; മലയാളത്തിൽ തെറിയും തമിഴിൽ തെറിയല്ലാത്തതുമായ പ്രയോഗവും നടത്തി. അതും ഈ പെൻഡ്രൈവിലുണ്ട്. ഇക്കാര്യങ്ങളെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1.00 PM]

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണം മലയാളത്തിലും തമിഴിലും ഭാഷാപ്രയോഗങ്ങളിൽ അർത്ഥവ്യത്യാസമുണ്ട്. ഇതെല്ലാം ജനങ്ങൾ കണ്ടുകൊണ്ടിരുന്നതാണ്. ഞങ്ങൾക്ക് പറയാനുള്ളത്, ശ്രീ. ജോജു ജോർജ്ജ് എന്ന നടന് ഇങ്ങനെയൊരു സാഹചര്യമുണ്ടാക്കേണ്ട യാതൊരു കാര്യവു മുണ്ടായിരുന്നില്ല. അഹങ്കാരത്തിന് കയ്യും കാലും വച്ചെന്നേ അതിനെ പറയാൻ സാധിക്കുകയുള്ളൂ. സിനിമാനടന്മാർ അഭിനയിക്കുമ്പോൾ പറയുന്ന ഡയലോഗ് ജീവിതത്തിലും അനുവർത്തിക്കാൻ തയ്യാറാകണം. ശ്രീ. ജോജു ജോർജ്ജ് ഖേദം പ്രകടിപ്പിക്കാൻ പോയപ്പോഴും ഇവിടെ ചില സമ്മർദ്ദങ്ങളുണ്ടായി. അത് അദ്ദേഹത്തിന്റെ ഖേദപ്രകടനത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കോൺഗ്രസ്സ് പ്രവർത്ത കരോടും ജനങ്ങളോടും ഖേദം പ്രകടിപ്പിച്ചാൽ മാത്രമേ ഞങ്ങൾ അതിനെക്കുറിച്ച് ആലോചിക്കുന്നുള്ളൂ. അതല്ലാതെ അദ്ദേഹത്തോട് യാതൊരു വിട്ടുവീഴ്ചയ്ക്കോ അദ്ദേഹത്തിന്റെ ഈ ചെയ്തികൾക്കോ നിലപാടെടുക്കാൻ സാധിക്കില്ല. നിയമം നിയമത്തിന്റെ വഴിയിൽ തന്നെ പോകണം. അതുമാത്രമല്ല, മഹിളാ കോൺഗ്രസ്സിന്റെ സഹോദരിമാർ ഒരു പരാതി നൽകുകയുണ്ടായി. സാധാരണയായി ഒരു വനിത പരാതി നൽകിയാൽ അതിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് അന്വേഷിച്ച ശേഷം മാത്രമാണ് അത് ശരിയാണോ തെറ്റാണോ എന്ന് തീരുമാനിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. അൻവർ സാദത്ത്: സർ, പക്ഷേ, എറണാകുളത്തെ കമ്മീഷണർ അടക്കമുള്ള പോലീസുദ്യോഗസ്ഥർ അതിനെതിരെ കേസ്സെടുക്കാൻപോലും തയ്യാറായില്ല. അതിൽ ഞങ്ങൾ സംശയിക്കുന്നു. കേസ്സെടുത്തശേഷം അന്വേഷണത്തിൽ അത് ശരിയാണോ തെറ്റാണോ എന്നുതെളിഞ്ഞാൽ പിന്നീട് അതിനെക്കുറിച്ച് ആലോചിക്കാം. സ്ത്രീകൾ പരാതി നൽകിയിട്ടും കേസ്സെടുക്കാത്ത, അതിനെക്കുറിച്ച് അന്വേഷിക്കാത്ത ഗവൺമെന്റിന്റെയും പോലീസിന്റെയും നിലപാട് സ്ത്രീവിരുദ്ധമല്ലേ? അതുകൊണ്ട് ശ്രീ. ജോജു ജോർജ്ജിനെപ്പോലുള്ള ആളുകൾക്കെതിരായി ശക്തമായ നിയമ നടപടികളുമായി ഞങ്ങൾ മുന്നോട്ടുപോകും. അദ്ദേഹം ഖേദം പ്രകടിപ്പിച്ചാൽ അതിനെക്കുറിച്ച് ആലോചിക്കാമെന്നല്ലാതെ ഞങ്ങൾ നിയമ പോരാട്ടവുമായിത്തന്നെ മുന്നോട്ടുപോകുന്നതാണ്. അതുകൊണ്ട് ഇനിയുള്ള കാലങ്ങളിൽ ശ്രീ. ജോജു ജോർജ്ജിനെപ്പോലുള്ള ആളുകൾ റോഡുപരോധിച്ച് ഷൂട്ടിംഗ് നടത്തുമ്പോൾ, അത് ജനങ്ങൾ തെറ്റിദ്ധരിച്ച് മറ്റ് രീതിയിൽ കണ്ടാൽ യാതൊന്നും പറയാൻ സാധിക്കുക യില്ലെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. തയ്യൽ-കർഷക-കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും ചെലവുകൾ നിർവ്വഹിക്കാനും ടി ബോർഡുകളിൽനിന്നുള്ള വരുമാനം അപര്യാപ്തമായതിനാൽ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്നതിനുമാണ് വിവിധ ഭേദഗതികൾ അവതരിപ്പിക്കുന്നത്. അംശദായം ഉയർത്തുന്നതിന് ആനുപാതികമായി തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ യാതൊരു വർദ്ധനവുമുണ്ടായിട്ടില്ല. ഇത് തൊഴിലാളി വിരുദ്ധ നടപടിയായതിനാൽ ഈ ബില്ലിലെ വ്യവസ്ഥകളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുന്നു. അംശദായം ഉയർത്തുന്നതിന് ആനുപാതികമായി ഗ്രാന്റ് നൽകി ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകളുടെ വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണപരമായ ചെലവുകൾക്ക് വിനിയോഗിക്കുന്ന നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി ഈ തുക പരിമിതപ്പെടുത്തുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം.

ഈ വിയോജിപ്പിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം തയ്യൽ തൊഴിലാളികളുമായി ബന്ധപ്പെട്ട ക്ഷേമനിധിയുടെ വിഷയമാണ്. ഈ വിഷയം എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. തയ്യൽ തൊഴിലാളി എന്നുപറയുമ്പോൾ കുഞ്ഞുനാളിൽ തൊട്ടടുത്തുള്ള, നമ്മുടെ ജീവിതത്തിലൂടെ കടന്നുപോയ ഏതെങ്കിലുമൊരു തയ്യൽ തൊഴിലാളിയുടെ കടയായിരിക്കും മനസ്സിലൂടെ കടന്നുവരുന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ എന്റെ പ്രദേശത്തെ കടമ്പാർ സ്കൂളിന് സമീപത്ത് ഞങ്ങൾ 'മാധവച്ചാ' എന്നു വിളിക്കുന്ന മാധവേട്ടന്റെ ടെയ്‌ലറിംഗ് ഷോപ്പുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തയ്യൽ ശൈലി, വാർത്ത കേൾക്കുന്ന പഴയ റോഡിയോ, ഉഷാ ടെയ്‌ലറിംഗ് ഷോപ്പിന്റെ പരിമളമൊക്കെ മനസ്സിലൂടെ കടന്നുപോകുന്നുണ്ട്. പെരുന്നാൾ പോലുള്ള സന്തോഷകരമായ നാളുകൾ വരുമ്പോൾ ഹീറോ പരിവേഷത്തോടുകൂടി നിൽക്കുന്ന മാധവേട്ടന്റെ ഷോപ്പിലേയ്ക്ക് പിതാവിന്റെ കൂടെ ഞാനും പോകാറുണ്ട്. ഒരിക്കൽ എന്റെ നാട്ടിൽ കന്നഡ ഭാഷയിൽ എന്റെ പിതാവ് 'നന്ന മാഗനിഗേ ഒന്തു അങ്കി ബേക്കു. യാവ ബെലെഗേ സിഗഭഹുതു' എന്ന് ചോദിച്ചൊരു ചോദ്യമിപ്പോഴും മനസ്സിലുണ്ട്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് മനസ്സിലാകുന്നതിനായി അത് തർജ്ജമ ചെയ്താൽ നന്നായിരിക്കും.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പെരുന്നാളാണ് മാധവേട്ടാ, എത്രയും പെട്ടെന്ന്, എത്രദിവസത്തിനുള്ളിൽ എന്റെ കുട്ടിക്ക് ഒരു ഷർട്ടടിച്ച് കിട്ടുമെന്നാണ് എന്റെ പിതാവ് ചോദിച്ചത്. മാധവേട്ടന്റെ ആ ഷോപ്പ് ഇന്ന് പ്രവർത്തിക്കുന്നില്ല.

സഹായിക്കാൻ ആളുകളില്ലാതെ, പുതിയ വൻകിട കമ്പനികളുടെയും ബ്രാൻഡഡ് ഷർട്ടുകളുടെയും വരവ് കാരണം ആ ഒരു വിഭാഗം നമ്മുടെ മുന്നിൽനിന്നും അസ്തമിച്ചു പോയിട്ടുണ്ട്. അവരുടെ ഇന്നത്തെ അവസ്ഥ എല്ലാവർക്കുമറിയാം. നമ്മളെല്ലാവരും തയ്യൽ തൊഴിലാളിയെ സമീപിക്കുന്ന അവസ്ഥയിൽ നിന്നും മാറ്റം വന്നു; അവരുടെ എണ്ണത്തിലും ഒരുപാട് കുറവുവന്നു. അവരുടെ ദുരിതങ്ങളും പ്രയാസങ്ങളും കേൾക്കേണ്ട ഒരവസ്ഥയാണ് നമ്മുടെ മുമ്പിലുള്ളത്.

1990-ലാണ് കർഷകത്തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിച്ചത്. നിലവിൽ 16 ലക്ഷത്തിനടുത്ത് സജീവ അംഗങ്ങളുള്ള ഈ ക്ഷേമനിധി ബോർഡിൽ വർഷത്തിൽ 38 കോടിയിലധികം രൂപയാണ് അംശദായമായി ലഭിക്കുന്നത്. 1990-ൽ തൊഴിലാളികളുടെ അംശദായം പ്രതിമാസം 2 രൂപയായിരുന്നു. തുടർച്ചയായി 5 വർഷം അംശദായം അടച്ച് 6-ാം വർഷം വിരമിക്കുമ്പോൾ 5,000 രൂപയായിരുന്നു അതിവർഷാനുകൂല്യമായി അന്ന് ലഭിച്ചിരുന്നത്. ഇത് പരമാവധി 25,000 രൂപയായിരുന്നു. 30 വർഷം കഴിയുമ്പോൾ 2 രൂപയായിരുന്ന അംശദായം 20 രൂപയായി, പത്തിരട്ടിയായി വർദ്ധിച്ചപ്പോൾ, ഇതിനാനുപാതികമായി വിരമിക്കൽ ആനുകൂല്യം വർദ്ധിപ്പിച്ചിട്ടില്ല. അതുമാത്രമല്ല, അംശദായം പത്തിരട്ടി വർദ്ധിപ്പിക്കുമ്പോൾ വിരമിക്കൽ ആനുകൂല്യം 15,000 രൂപയായെങ്കിലും വർദ്ധിപ്പിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. പരമാവധി 25,000 രൂപയെന്നത് 1,50,000 രൂപയാക്കണം. കർഷകത്തൊഴിലാളികൾക്ക് 1990-ൽ വിവാഹ ധനസഹായമായി നൽകിയിരുന്നത് 2,000 രൂപയായിരുന്നു. മുപ്പതുവർഷത്തിനുശേഷം ഇത് 5,000 രൂപയായി കഴിഞ്ഞമാസം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് 10,000 രൂപയെങ്കിലുമാക്കണം. മരണാനന്തര സഹായമായി 2,000 രൂപ നൽകിയിരുന്നത് 4,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതും 10,000 രൂപയാക്കണം. വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ് കാരണം പല തൊഴിലാളികൾക്കും പലവിധ രോഗങ്ങൾക്ക് ചികിത്സ നടത്തുന്നതിൽ പ്രയാസം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ക്ഷേമനിധി അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തണം. തൊഴിലാളികളിൽ പലർക്കും മുൻഗണനാ സബ്സിഡി റേഷൻ കാർഡ് ലഭ്യമായിട്ടില്ല. അത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അവരെ ബി.പി.എൽ. വിഭാഗത്തിലുൾപ്പെടുത്തി റേഷൻ കാർഡ് ലഭ്യമാക്കണം. കുറഞ്ഞ പലിശയ്ക്ക് ഭവനവായ്പാപദ്ധതി വേണമെന്ന വർഷങ്ങളായുള്ള ആവശ്യം പരിഗണിക്കണം. കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യം, വിവാഹ-വിദ്യാഭ്യാസ ധനസഹായങ്ങൾ തുടങ്ങിയവ 2014 വരെയുള്ള അപേക്ഷകർക്കാണ് നിലവിൽ നൽകിക്കൊണ്ടിരിക്കുന്നത്. 2014-ന് ശേഷം അപേക്ഷ നൽകിയവർക്ക് ഇവ എപ്പോൾ വിതരണം

ചെയ്യുമെന്ന് ഒരു നിശ്ചയവുമില്ല. ആനുകൂല്യം നൽകുന്നതിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വോർക്കാടി പഞ്ചായത്തിൽ 1996-ൽ സ്ഥാപിതമായ കൃഷി വിജ്ഞാൻ കേന്ദ്രം ഇപ്പോഴും നിലവിലുണ്ട്. അതിന്റെ 25-ാം വാർഷികം ആഘോഷിക്കേണ്ട ഒരു ഘട്ടമാണ്. ആ സ്ഥാപനവുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദ്യം ഉന്നയിച്ച ഘട്ടത്തിൽ നൽകിയ മറുപടി ഒരുവർഷം ഒരു കോടിയോളം രൂപ ആ സ്ഥാപനത്തിൽ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി വിനിയോഗിക്കുന്നുണ്ടെന്നാണ്. തുളുഭാഷയും സംസ്കാരവും കൂടാതെ കാർഷിക പോരാട്ടങ്ങളുടെയും കർഷക രക്തസാക്ഷികളുടെയും കഥ പറയുന്ന തുളുനാട്ടിൽ 25 വർഷങ്ങൾക്കുമുമ്പ് എന്റെ നാട്ടിലെ കർഷക തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു സ്ഥാപനം ഇപ്പോഴും അവർക്ക് നൂതന വിദ്യാഭ്യാസമോ, പരിജ്ഞാനമോ നൽകാതെ കടന്നുപോകുന്നുവെന്നത് അതീവ സങ്കടകരമായൊരു കാര്യമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ അംശദായം വർദ്ധിപ്പിക്കുന്നതിനും മറ്റുമായി ബന്ധപ്പെട്ട ചർച്ചയാണ് നടന്നുവരുന്നത്. കേരളത്തിൽ കാർഷികമേഖല, പ്രത്യേകിച്ച് നെൽകൃഷി ഇന്ന് വലിയ തകർച്ചയിലാണെന്ന് എല്ലാവർക്കുമറിയാം. 1970-ൽ സംസ്ഥാനത്ത് ഉണ്ടായിരുന്ന നെൽകൃഷിയുടെ അഞ്ചിലൊന്ന് ഭാഗം മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നതെന്നൊരു വസ്തുതയുമുണ്ട്. പല കാരണങ്ങളും കാർഷികമേഖലയുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. അതിലൊന്ന് കാലാവസ്ഥാ വ്യതിയാനമാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം, ആവശ്യത്തിന് തൊഴിലാളികളെ കിട്ടുന്നില്ലെന്നുള്ളതാണ്. ഇവിടെ 16 ലക്ഷത്തിലേറെ തൊഴിലാളികൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പേര് രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ കൈപ്പറ്റുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. ഇത്രയും തൊഴിലാളികൾ കാർഷികമേഖലയിൽ ഉണ്ടായിരുന്നുവെങ്കിൽ കേരളത്തിലെ കാർഷികമേഖല ഇതിനേക്കാൾ കൂടുതൽ കരുത്താർജ്ജിക്കുമായിരുന്നു. നെൽവയലുകളിൽ പണിയെടുക്കുന്നതിന് തൊഴിലാളികളെ കിട്ടാത്ത സാഹചര്യമുണ്ടെന്നുള്ളതാണ് വസ്തുത. തൊഴിലാളികൾ ഇല്ലാതായപ്പോൾ പകരം യന്ത്രവൽക്കരണം പല സംസ്ഥാനങ്ങളിലും ആരംഭിച്ചതും നമുക്കറിയാം. യന്ത്രങ്ങളുടെ വരവിനെ തകർക്കുകയും എതിർക്കുകയും ചെയ്ത സമരങ്ങൾ ധാരാളം അരങ്ങേറിയ ഒരു സംസ്ഥാനമാണ് കേരളം. യന്ത്രങ്ങളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് അറച്ചുനിന്നതും തൊഴിലാളികളെ നമുക്ക് കിട്ടാതായതുമാണ് കാർഷികമേഖലയുടെ തകർച്ചയ്ക്ക്

വഴിയൊരുക്കിയത്. 16 ലക്ഷത്തിലേറെ തൊഴിലാളികൾ ഈ ക്ഷേമനിധി ബോർഡിലുണ്ടെന്ന് പറയുമ്പോൾ അവരൊക്കെ കർഷകത്തൊഴിലാളികൾ തന്നെയാണോയെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സമീപനങ്ങളോ, സംവിധാനങ്ങളോ ഉണ്ടോയെന്നതുസംബന്ധിച്ച് അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും. ശ്രീ. കുറുക്കോളി മൊയ്തീൻ കർഷക സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റുകൂടിയാണ്. അദ്ദേഹം ഗൗരവത്തോടുകൂടി സൂചിപ്പിച്ചത് ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്. അതോടൊപ്പം നമ്മൾ കോവിഡിനെതിരെ അതിജീവന പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഈ ബില്ലിന്റെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച 1,000 രൂപ ധനസഹായം പലർക്കും ഇപ്പോഴും കിട്ടിയിട്ടില്ല. ബാങ്കുകളുടെ ലയനംമൂലമുള്ള പ്രശ്നങ്ങൾ കാരണമാണ് ഇവർക്ക് ആനുകൂല്യം ലഭ്യമാകാത്തത്. ഇതിനൊരു പരിഹാരം അടിയന്തരമായി കാണേണ്ടതുണ്ട്. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസും മലപ്പുറം ജില്ലയിലെ ഓഫീസും യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതാണ്. നിലവിൽ രണ്ടിടത്തും എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. 2021 ഡിസംബർ 31 വരെ കുടിശ്ശികത്തുക പിഴയില്ലാതെ അടയ്ക്കുന്നതിന് സമയം അനുവദിച്ചിട്ടുണ്ടെങ്കിലും ഈ രണ്ട് ഓഫീസുകളിലും എക്സിക്യൂട്ടീവ് ഓഫീസർമാർ ഇല്ലാത്തതിനാൽ അതിന് കഴിയാത്ത സ്ഥിതിയാണ്. മാത്രമല്ല, പുതിയ രജിസ്ട്രേഷൻ നടത്താനും കഴിയുന്നില്ല. കാസർഗോഡ്-മലപ്പുറം ജില്ലകളിലെ തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസുകളിൽ എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമിച്ച് പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണണം. 20 രൂപയിൽ നിന്ന് 50 രൂപയാക്കി അംശദായം വർദ്ധിപ്പിച്ചപ്പോൾ അതിനാനുപാതികമായി തൊഴിലാളികളുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്. നിലവിൽ പ്രസവാനുകൂല്യമായി നൽകുന്നത് 15,000 രൂപയാണ്. ഇതിൽ ആദ്യഗഡുവായി 2,000 രൂപയാണ് നൽകുന്നത്. ബാക്കിയുള്ള 13,000 രൂപ കിട്ടുന്നതിനുവേണ്ടി വർഷങ്ങൾ കഴിയണം. ടി കാര്യത്തിൽ വർഷങ്ങളായിട്ടുള്ള കുടിശ്ശികയുണ്ട്. അതിനാൽ പ്രസവാനുകൂല്യം ഒറ്റത്തവണയായി സമയബന്ധിതമായി വിതരണം ചെയ്യാനുള്ള സംവിധാനമേർപ്പെടുത്തണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വോർക്കാടി പഞ്ചായത്തിലെ കാൽ നൂറ്റാണ്ട് പൂർത്തിയാക്കിയ കൃഷി വിജ്ഞാൻകേന്ദ്രത്തിന് സർക്കാർ വർഷാവർഷം ഒരു കോടി രൂപ വീതം നൽകുന്നുണ്ടെങ്കിലും കർഷകത്തൊഴിലാളികൾക്ക് അതിൽനിന്നും ഒരു ഗുണവുമില്ലാത്ത അവസ്ഥയാണുള്ളത്. കർഷകത്തൊഴിലാളികൾക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷിരീതികളെക്കുറിച്ച് പരിശീലനം

നൽകുന്ന Hi-Tech Training Centre-ആയി വോർക്കാടി പഞ്ചായത്തിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തെ ഉയർത്താനുള്ള നടപടികൂടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടു വന്ന മാറ്റങ്ങൾ സംബന്ധിച്ചുള്ള ഒരു സമഗ്ര പഠനത്തിനാണ് ഡോ. എം. എ. ഖാദർ കമ്മിറ്റിയെ നിയോഗിച്ചത്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതിന്റെ ഒന്നാം ഭാഗമെന്ന നിലയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് ഘടനാപരമായ മാറ്റങ്ങളുണ്ടാക്കാനും അക്കാദമിക് നിലവാരം ഉയർത്താനുമുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരാൻ കഴിഞ്ഞത്. ഞാൻ അതിലേയ്ക്ക് കടന്നുവരുന്നതിനുമുമ്പ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും അനുമോദിക്കുകയാണ്. ഏതാണ്ട് ഒന്നരവർഷക്കാലത്തിനുശേഷം ഒട്ടേറെ ആശങ്കകൾക്കിടയിൽ കേരളത്തിലെ വിദ്യാലയങ്ങൾ കഴിഞ്ഞകാല വസന്തങ്ങളിലേയ്ക്ക് മടങ്ങിവരുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ മാത്രമുണ്ടായിരുന്ന ഒരു സംവിധാനത്തിൽനിന്ന് വീണ്ടും സ്കൂളുകളിൽ ആഹ്ലാദത്തിന്റെയും ആർപ്പുവിളികളുടെയുമൊക്കെ ശബ്ദങ്ങൾ കേട്ടുതുടങ്ങിയെന്നുള്ളത് ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെ ഭാഗമാണ്. വേർതിരിവുകളില്ലാതെ ഡിജിറ്റൽ വിദ്യാഭ്യാസം നൽകുവാൻ ആ കാലഘട്ടത്തിലെടുത്ത നടപടി ശ്ലാഘനീയമാണ്. ഞാൻ ആ പ്രവർത്തനങ്ങളെയെല്ലാം ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പം തന്നെ ഈ നിയമവുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച ചില ആശങ്കകളുണ്ട്. ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രധാന ഭേദഗതികളാണ് വരുന്നത്. അതിലൊന്ന്, ഘടനാപരമായ മാറ്റം അതിൽ വരുന്നതാണ്. അതോടൊപ്പം തന്നെയാണ് അക്കാദമിക് മികവിനാവശ്യമായ സാഹചര്യങ്ങളൊരുക്കുകയെന്നുള്ളതും. അദ്ധ്യാപകൻ കൂടിയായ ശ്രീ. ടി. വി. ഇബ്രാഹിം ഇതിനെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് വിയോജിച്ചുകൊണ്ട് ഒരു കാര്യം സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. അടിസ്ഥാനപരമായ കാര്യങ്ങളിൽ മാറ്റമുണ്ടാക്കാതെ പൂർണ്ണമായും നമ്മൾ ലക്ഷ്യംവയ്ക്കുന്ന അക്കാദമിക് മികവിലേയ്ക്കെത്താൻ കഴിയുകയില്ല. മാത്രമല്ല, ഒരു വിദ്യാലയത്തിനകത്തുള്ള വിഭവങ്ങൾ പങ്കുവയ്ക്കാനുള്ള സാദ്ധ്യതകൾ

തീർച്ചയായും ആരായേണ്ടതുണ്ട്. അതോടൊപ്പംതന്നെ പ്രവർത്തനങ്ങളുടെ ഏകോപനവും അടിസ്ഥാനപരമായ സംവിധാനങ്ങളും ഒരുക്കിയതിനുശേഷം മാത്രമേ ഈ രംഗത്ത് കൂടുതലായി കൊണ്ടുവരാൻ കഴിയുന്ന അക്കാദമിക് നിലവാരത്തിന്റെ മികവിനെ ക്കുറിച്ച് ചിന്തിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. പി. ടി. എ. റഹീം: സർ, പല സ്കൂളുകളിലും ഹയർ സെക്കണ്ടറിക്ക് ഒരു നാഥനുണ്ട്. ഹൈസ്കൂളിന് ഒരു നാഥൻ, ചിലയിടങ്ങളിൽ യു.പി. സ്കൂളുകളിൽ ഒരു നാഥൻ ഇതെല്ലാം ഒരേ കോമ്പൗണ്ടിലാണ് പ്രവർത്തിക്കുന്നത്. ബെഞ്ചിനും ലാബിനും കളിസ്ഥലത്തിനും വരെ തർക്കമാണ്. ഇതിൽ മദ്ധ്യസ്ഥം പറയലാണ് ജില്ലാ പഞ്ചായത്തിന്റെ ജോലിയെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും. ഞാൻ അതാണ് സൂചിപ്പിച്ചത്. ഒരു ക്യാമ്പസിനകത്തുതന്നെയുള്ള വിഭവങ്ങൾ പരസ്പരം ഉപയോഗിക്കാനുള്ള സാദ്ധ്യതകൾ നിലവിലില്ല. ഒരേ ക്യാമ്പസിൽത്തന്നെ പ്ലസ്-ടു, ഹൈസ്കൂൾ, യു.പി. എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലാബുകൾ, ലൈബ്രറികൾ എന്നിവ പങ്കുവയ്ക്കാനുള്ള സാഹചര്യമില്ല. അങ്ങ് സൂചിപ്പിച്ചതുപോലുള്ള അധികാരത്തർക്കങ്ങൾ പലപ്പോഴും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കാറുണ്ട്. അത്തരം തർക്കങ്ങൾ ഒഴിവാക്കുക, എല്ലാവർക്കും ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ ലൈബ്രറിയുൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുക എന്നതാണ് ഇതിൽ പ്രധാന ലക്ഷ്യമായി വരുന്നത്. അതിന്റെ ഭാഗമെന്ന നിലയിലാണ് പൊതുവിദ്യാഭ്യാസത്തിൽ 'ഒരു ക്യാമ്പസിൽ ഒരു പ്രിൻസിപ്പാൾ' എന്ന രീതി വരുന്നത്. അതോടൊപ്പം ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് വൈസ് പ്രിൻസിപ്പാളായി മാറുന്നു. അങ്ങനെയുള്ള മാറ്റങ്ങൾ ഘടനാ പരമാക്കുന്നു. അദ്ധ്യാപകരുടെ ചില വിഷയങ്ങളും ഇതിൽ പറയുന്നുണ്ട്. ഒരു കാര്യം വിസ്മരിക്കാൻ കഴിയില്ല, ഒരു വിദ്യാലയത്തിൽ അദ്ധ്യാപകനേക്കാൾ ഏറെ പ്രധാനമായും നമ്മൾ ചേർത്തുപിടിക്കേണ്ടത് അവിടത്തെ വിദ്യാർത്ഥികളെയാണ്. അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നിലപാടുകളാണ് പ്രധാനമായും സ്വീകരി ക്കേണ്ടത്. ഇത്തരം ഘടനാപരമായ മാറ്റങ്ങളുണ്ടാകുമ്പോൾ അദ്ധ്യാപക സമൂഹത്തിന് എവിടെയെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും വിദ്യാർത്ഥികളുടെ നന്മയെക്കരുതി അത്തരം കാര്യങ്ങൾ വിസ്മരിക്കാൻ ശ്രമിക്കുകയെന്നുള്ള ആവശ്യമാണ് പ്രധാനമായും സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ എടുക്കുന്ന നിലപാടിനോട് പൂർണ്ണമായും യോജിക്കാൻ ആഗ്രഹിക്കുകയാണ്. സമീപകാലത്ത് വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ചർച്ചകൾ ഉണ്ടായിരുന്നു. ഇവിടെ ഏറ്റവും മികച്ച തരത്തിലുള്ള റിസൾട്ടൊക്കെയുണ്ടാകുന്നു. എന്നാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം, യഥാർത്ഥത്തിൽ നമ്മുടെ evaluation process ഭംഗിയായിട്ടാണോ നടക്കുന്നത്?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഡോ. എൻ. ജയരാജ് നല്ല അദ്ധ്യാപകനാണ്. പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിലെ എൻ.എസ്.എസ്. കോളേജിൽ പഠിപ്പിച്ച അദ്ധ്യാപകൻ കൂടിയാണ്. അദ്ധ്യാപകർ മാതൃകാപരമായി മാറണമെന്നത് ഏറ്റവും പ്രധാനമാണ്. പ്രത്യേകിച്ച്, പ്രളയകാലത്ത് സാലറി ചലഞ്ചിനുവേണ്ടി ആഹ്വാനം ചെയ്ത അവസരത്തിൽ ഈ ഗവൺമെന്റിന് കടമായി ചോദിച്ച സമ്പത്ത് കൊടുത്തില്ലെന്നുമാത്രമല്ല, അതിനഭ്യർത്ഥിച്ച് ഇറക്കിയ ഉത്തരവ് കത്തിച്ചതിലൂടെ യഥാർത്ഥത്തിൽ അദ്ധ്യാപകരിൽനിന്ന് ഈ വിദ്യാർത്ഥികൾക്ക് എന്ത് സന്ദേശമാണ് ഉണ്ടാകുകയെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, അദ്ധ്യാപകർ തീർച്ചയായും സമൂഹത്തിന് മാതൃകയാകേണ്ട ആളുകളാണ്. ഒരു അദ്ധ്യാപകന്റെ mannerism, body language, ഭാഷ, ശൈലി എന്നിവപോലും വിദ്യാർത്ഥി യഥാർത്ഥത്തിൽ കണ്ടുപഠിക്കുന്നു വെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് പൊതുസമൂഹത്തിനുമുന്നിൽ തീർച്ചയായും അദ്ധ്യാപകർ മാതൃകയാകണം. ഒരുപാട് മാതൃകാ അദ്ധ്യാപകരെ കണ്ടിട്ടുള്ള ഒരു സമൂഹംകൂടിയാണ് നമ്മുടേത്. അതുകൊണ്ട് അത്തരം നിലപാടുകൾ ശരിയാണെന്ന് വിശ്വസിക്കുന്നില്ല. വിവിധ വിഷയങ്ങൾക്ക് Continuous Evaluation (C.E.)-ലൂടെ ഏതാണ്ട് 120-ഓളം മാർക്ക് പല ഘട്ടത്തിലായി ലഭിക്കാറുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അദ്ധ്യാപകർ മാതൃകയായിരിക്കണം, കാരണം അവർ സമൂഹത്തിൽ അത്രയും ബഹുമാനം അർഹിക്കുന്നവരാണെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. പാലക്കാട് ജില്ലയിലെ ഒരു കോളേജ് പ്രിൻസിപ്പാളിന് എസ്.എഫ്.ഐ. എന്നുപറയുന്ന വിദ്യാർത്ഥി സംഘടന കുഴിമാടം സ്ഥാപിച്ചത് art installation ആണെന്നുപറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, വിദ്യാഭ്യാസ രംഗത്തെ ചില കാര്യങ്ങളിൽ മാറ്റമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. അത്തരം ചില വിഷയ ങ്ങളിലേയ്ക്കാണ് കടക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, സാധാരണ അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കാറുണ്ട്. അത്തരമൊരു അദ്ധ്യാപക പരിശീലന ക്ലാസ്സിൽ പങ്കെടുക്കാൻ പോയ അദ്ധ്യാപകനെ ചവിട്ടിക്കൊന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എസ്.എഫ്.ഐ.-പ്രവർത്തകർ എറണാകുളത്തും പ്രിൻസിപ്പാളിന്റെ കസേര കത്തിച്ച വിവരം അറിയാമോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, അദ്ധ്യാപകരെ മാത്രമല്ല, വിദ്യാഭ്യാസ മേഖലയിൽ നൂതനപദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഉന്നത തലത്തിലുള്ള ഐ.എ.എസ്. നേടിയ ഉദ്യോഗസ്ഥരെ കരി ഓയിൽ ഒഴിക്കുന്ന രീതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാന മന്ത്രിയായിരുന്ന പ്രൊഫ. കെ. വി. തോമസ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിൽ കരി ഓയിൽ ഒഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, നുണപറയരുത്, അങ്ങനെയൊരു സംഭവം കണ്ണൂരിൽ നടന്നിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അദ്ദേഹം ഒരു അദ്ധ്യാപകനാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ....(മൈക്ക് ഓഫ്).... സഭയെ തെറ്റിദ്ധരിപ്പിക്കുന്ന സമീപനമാണ് ഏറ്റവും സീനിയറായ സാമാജികന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. കണ്ണൂരിൽ അത്തരത്തിലുള്ള സംഭവം ബഹുമാനപ്പെട്ട അന്നത്തെ മന്ത്രിക്ക് നേരെയുണ്ടായിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ തെളിയിച്ചുതരാം.

ഡോ. എൻ. ജയരാജ്: സർ, പൊതുവിദ്യാഭ്യാസരംഗത്ത് വർഷങ്ങളായി നമ്മൾ നടത്തിയിട്ടുള്ള പ്രയത്നങ്ങളുടെ ഫലമാണ് കേരളം ആർജ്ജിച്ച നേട്ടങ്ങൾ. അതുകൊണ്ടുതന്നെ ഇത്തരം അനഭിലഷണീയമായ മാതൃകകൾ എവിടെയെങ്കിലുമൊക്കെ സൃഷ്ടിക്കപ്പെടുന്നുവെങ്കിൽ അവ നമുക്ക് ഒരിക്കലുമുൾക്കൊള്ളാൻ കഴിയുകയില്ലെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. Continuous evaluation-ന്റെ കാര്യത്തിൽ ഇപ്പോൾ നടക്കുന്നൊരു പ്രക്രിയ അദ്ധ്യാപകന്റെ മനോധർമ്മമനുസരിച്ച് മാത്രമാണ് ചെയ്യുന്നത് എന്നതാണ്. ഇംഗ്ലീഷിന് 20 മാർക്ക്, മലയാളത്തിന് 20 മാർക്ക്, മാത്തമാറ്റിക്സിന് 20 മാർക്ക്, മറ്റു വിഷയങ്ങൾക്ക് 10 മാർക്ക് എന്ന evaluation process-ൽ ഘടനാപരമായി എന്തൊക്കെ മാനദണ്ഡങ്ങൾ എടുക്കണമെന്നത് സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഇപ്പോഴുമില്ല. വിദ്യാർത്ഥികളിൽ പലപ്പോഴും അദ്ധ്യാപകന്റെ മനോധർമ്മമനുസരിച്ച് 120 മാർക്കിൽ പരമാവധി മാർക്ക് കൊടുക്കുന്ന ഒരു പ്രക്രിയയും അതോടൊപ്പം വളരെ കുറച്ച് മാത്രമായി പരീക്ഷ എഴുതിയാൽ ജയിക്കാൻ കഴിയുന്ന ഒരു സാഹചര്യവും നിലവിലുണ്ടെന്നുള്ളത് തീർച്ചയായും നമുക്ക് വിസ്മരിക്കാൻ കഴിയാത്ത കാര്യമാണ്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ Continuous Evaluation Process-ൽ കുറേക്കൂടി ഘടനാപരമായ,

സമഗ്രമായ ഒരു മാറ്റമുണ്ടാകണം. വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മാർക്ക് കിട്ടാനുള്ള സാഹചര്യമൊരുക്കി പഠനനിലവാരത്തെയും വിദ്യാർത്ഥിയുടെ അറിവിനെയും കൃത്യമായി വിലയിരുത്തുന്ന സമ്പ്രദായമാണ് അനിവാര്യമായിട്ടുള്ളത്. കഴിഞ്ഞ കുറേക്കാലമായി മലയാള അക്ഷരങ്ങൾ കേരളത്തിലെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നില്ലെന്നുള്ളത് ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. ശ്രീ. എം. എൻ. കാരശ്ശേരി, ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ എന്നിവരെപ്പോലെ പ്രമുഖരായ ഭാഷാശാസ്ത്രജ്ഞർ കുറച്ചുദിവസങ്ങളായി ഉയർത്തിക്കാണിക്കുന്ന പ്രധാനപ്പെട്ടൊരു കാര്യമാണത്. ഞാൻ ഈ സന്ദർഭത്തിൽ കുഞ്ഞുണ്ണി മാഷിന്റെ മനോഹരമായ കവിതയിലെ വരി വായിക്കാം,

"എന്നും അക്ഷരമേ നിന്നെ എനിക്കി 'ക്ഷ' പിടിച്ചു

അതിൽ 'അര'മുള്ളതിനാൽ എന്നും".

'അരം' എന്നുപറയുന്നത് ഒന്നിനെ മിനുക്കിയെടുക്കുന്നതാണ്. അക്ഷരങ്ങളില്ലാതെ, ലിപിയില്ലാതെ എങ്ങനെയാണ് ഈ ഭാഷയെ വളരെ ഭംഗിയായി കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ കഴിയുക? സ്ഥൂലത്തിൽ നിന്ന് സൂക്ഷ്മത്തിലേയ്ക്ക് പോകുന്ന പ്രക്രിയയ്ക്ക് പകരം സൂക്ഷ്മത്തിൽ നിന്ന് സ്ഥൂലത്തിലേയ്ക്ക് പോകുന്ന പ്രക്രിയയെ behavioural system-ന്റെ ഭാഗമായി കുട്ടിയുടെ അറിവിനെ അക്ഷരങ്ങളിൽനിന്ന് വാക്യങ്ങളിലേയ്ക്കും വാക്യത്തിൽനിന്ന് അക്ഷരങ്ങളിലേയ്ക്കും അവിടെനിന്ന് ലിപികളിലേയ്ക്കും പോകുന്ന ഒരു പ്രക്രിയയിലേയ്ക്ക് മാറ്റിയെടുക്കുമ്പോൾ യഥാർത്ഥത്തിൽ അത് തലതിരിഞ്ഞ ഏർപ്പാടായി മാറുന്നുവെന്നുള്ളതാണ്. ഒരു ജനതയുടെ സ്വത്വബോധത്തിന്റെ ഭാഗമാണ് യഥാർത്ഥത്തിൽ ഭാഷ. ഈ നിയമസഭ തന്നെ, നമുക്ക് അറിയാം മലയാള ഭാഷയ്ക്കുവേണ്ടി നിയമ നിർമ്മാണം നടത്തിയിട്ടുള്ളതാണ്. അങ്ങനെ നിയമനിർമ്മാണം നടത്തി മലയാള ഭാഷയെ സംരക്ഷിക്കാൻ കൃത്യമായ ബോദ്ധ്യമുള്ള നമ്മൾ എന്തുകൊണ്ടാണ് ചെറിയ ക്ലാസ്സുകളിൽ മലയാളത്തിൽ അക്ഷരങ്ങൾ പഠിക്കേണ്ട എന്നുപറയുന്നത്. മലയാളത്തിൽ എത്ര അക്ഷരമുണ്ടെന്നുള്ളത്, 51 ആണോ 56 ആണോ എന്നുള്ള കാര്യത്തിൽ യഥാർത്ഥത്തിൽ ഇപ്പോഴും തർക്കമുള്ള വിഷയമാണ്.

"അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ!

വേദമാകുന്ന ശാഖി-

ക്കൊമ്പത്തൻപോടു പൂക്കും..............."

എന്നുപറഞ്ഞുകൊണ്ട് മഴമംഗലം നാരായണൻ നമ്പൂതിരി എഴുതിയ മനോഹരമായ കവിത മലയാളത്തിലുണ്ട്. പക്ഷേ 56 അക്ഷരമുണ്ടെന്ന് അപ്പുറത്ത് ഒരു വാദമുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ്, മഞ്ചേശ്വരം നിയോജക മണ്ഡലങ്ങളിൽ മലയാളം പഠിപ്പിക്കാത്ത സ്കൂളുകളുണ്ടെന്നതും അവിടെ മലയാളം മീഡിയമില്ലാത്ത പഞ്ചായത്തുകളുണ്ടെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, സപ്തഭാഷാ സംഗമഭൂമിയിൽനിന്നും വന്നൊരു ജനപ്രതിനിധികൂടിയാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന്. അതുകൊണ്ടുതന്നെ ഏത് ഭാഷയെയുമുൾക്കൊള്ളാനും സ്വായത്തമാക്കാനും സ്വാംശീകരിക്കാനും കൃത്യമായ ബോദ്ധ്യമുള്ള അങ്ങയെ സംബന്ധിച്ചിടത്തോളം അങ്ങ് ഒരു ഭാഷയുടെ മാത്രം കേവലമായ പരിമിതികൾക്കകത്ത് നിൽക്കേണ്ട വ്യക്തിയല്ല. അതിനപ്പുറത്തേയ്ക്ക് ഈ സപ്തഭാഷയുടെ മുഴുവൻ സൗന്ദര്യവും ആവാഹിക്കാൻ കഴിയുന്നൊരു ജനപ്രതി നിധിയെന്ന നിലയിൽ അങ്ങ് തീർച്ചയായും മലയാളത്തോടൊപ്പം കന്നഡയേയും മറ്റ് ഭാഷകളെയുമുൾക്കൊള്ളണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. ചെയർമാൻ: യെസ്..........പ്ലീസ്....

ഡോ. എൻ. ജയരാജ്: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുമെന്നാണ് ഞാൻ സൂചിപ്പിച്ചത്. മലയാളത്തിലെ ഭാഷാപണ്ഡിതരും ഭാഷാ സ്നേഹികളുമുയർത്തുന്ന ഗൗരവമായൊരു വിഷയമാണിത്. അക്ഷരങ്ങൾ പഠിച്ചു തന്നെ നമ്മുടെ കുട്ടികൾ വളരണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് മലയാള ഭാഷയെ സ്നേഹിക്കുന്ന മലയാളികളുടെ പൊതുവികാരമെന്ന നിലയിൽ അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുന്ന ഈ കാലഘട്ടത്തിൽ കരിക്കുലത്തിന്റെ ഭാഗമായി കുട്ടികളെ ഭാഷയും മലയാള അക്ഷരങ്ങളും പഠിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കണം. പണ്ട് മണലിലാണ് അക്ഷരങ്ങൾ എഴുതി പഠിപ്പിക്കുന്നതെന്ന് ഞാൻ കേട്ടിട്ടുണ്ട്. കാരണം എഴുതുന്ന വിരലിന്റെ അഗ്രത്ത് തലച്ചോറിനെ സ്വാധീനിക്കാൻ കഴിയുന്ന ഒരു ഭാഗമുണ്ട് എന്നുള്ളതുകൊണ്ടാണ്. അതുപോലെ പരമ്പരാഗതമായി തുടർന്നുവന്ന ചില രീതികളുണ്ട്. അതിനെയെല്ലാം ഒരു ദിവസം നിഷ്കാസനം ചെയ്ത്, ആ രംഗത്ത് മാറ്റമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അടിസ്ഥാനപരമായി വിദ്യാഭ്യാസംകൊണ്ട് എന്താണോ ലക്ഷ്യമാക്കാനുദ്ദേശിക്കുന്നത് അതിൽനിന്നും മാറിപ്പോകാതെ, മാനവികതയുടെയും ധാർമ്മികതയുടെയും മൂല്യങ്ങളുയർത്തിപ്പിടിക്കുന്ന ഒരു തലമുറയെ സംരക്ഷിക്കാനും വളർത്തിയെടുക്കാനും കഴിയണം. ഇത്തരമൊരു പ്രക്രിയയിൽ പങ്കാളിയാകുമ്പോൾ ഭരണപരിഷ്കാരത്തോടൊപ്പംതന്നെ സാംസ്കാരിക പശ്ചാത്തലവുംകൂടി ഒരുക്കി, നമ്മുടെ നാടിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനവിക തയുടെ നല്ല അംശങ്ങളെക്കൂടി സ്വായത്തമാക്കാൻ കഴിയുന്ന തലമുറയുടെ ഭാഗമാക്കി വിദ്യാഭ്യാസരംഗത്തെ മാറ്റിയെടുക്കാൻ കഴിയണമെന്ന വളരെ സ്നേഹപൂർവ്വമായ അഭ്യർത്ഥനയോടെ ഞാനെന്റെ എളിയവാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. മമ്മിക്കുട്ടി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മഹാമാരിയെത്തുടർന്ന് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഭാവിയെക്കുറിച്ച് ഏവരും ആശങ്കപ്പെട്ടപ്പോൾ ഡിജിറ്റൽ വിദ്യാഭ്യാസത്തിലൂടെ മാതൃകാപരമായി മുന്നേറിയ നാടാണ് കേരളം. പരിമിതികളിലും സാദ്ധ്യത കണ്ടെത്തി പ്രതിസന്ധിയുടെ കാലത്തും കുട്ടികളുടെ പഠനം ഉറപ്പാക്കിയൊരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ആവശ്യമായ കരുതലുണ്ടെങ്കിൽ ആശങ്ക വേണ്ടെന്ന അനുഭവപാഠവുമായാണ് സ്കൂളുകളിൽ വിദ്യാർത്ഥികളെ നേരിട്ടെത്തിച്ചുകൊണ്ട് അദ്ധ്യയനം ആരംഭിച്ചിട്ടുള്ളത്. ഇതിലൂടെ വീണ്ടും ക്ലാസ് മുറികളെ സജീവമാക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ കേരളീയ സമൂഹമാകെ അഭിനന്ദിക്കുകയാണ്. കേരള വിദ്യാഭ്യാസ ഭേദഗതി ബിൽ വിദ്യാഭ്യാസത്തിന്റെ മൊത്തം ഭേദഗതി എന്ന നിലയിലാണ് ചില ബഹുമാന്യരായ അംഗങ്ങൾ സമീപിക്കുന്നത്. അത്തരത്തിലുള്ള ഒരു ഭേദഗതിയല്ല ഇവിടെ നിർദ്ദേശിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് എന്നത് പൊതു വിദ്യാഭ്യാസ വകുപ്പെന്നും ഡി.പി.ഐ. എന്നത് പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡി.ജി.ഇ.) എന്നും മാറ്റുന്നതാണ് ഈ ഭേദഗതി. ഇതുമായി ബന്ധപ്പെട്ട് നിരാകരണപ്രമേയം അവതരിപ്പിച്ച് ബഹുമാന്യരായ അംഗങ്ങൾ കേരളത്തിന്റെ മുൻകാല വിദ്യാഭ്യാസ നടപടികളെയും വിദ്യാഭ്യാസത്തിന്റെ വികാസത്തേയും വളർച്ചയേയും സംബന്ധിച്ച കാര്യങ്ങൾ വിസ്മരിച്ചുകൊണ്ടാണ് സംസാരിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇവരുടെ നയങ്ങളും നടപടികളും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും എതിരാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരെടുത്ത് ഉദ്ധരിക്കുന്നത് കോത്താരി കമ്മീഷൻ റിപ്പോർട്ടും ഖാദർ കമ്മീഷൻ റിപ്പോർട്ടുമൊക്കെയാണ്. കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ 11, 12 ക്ലാസ്സുകൾ സെക്കണ്ടറി തലവുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറിയുടെ ഭാഗമാക്കി മാറ്റണമെന്ന വ്യവസ്ഥ നേരത്തെയുണ്ടായിരുന്നു. ആ വ്യവസ്ഥ കേരളം അംഗീകരിച്ചില്ല, പക്ഷേ കേന്ദ്രീയ വിദ്യാലയങ്ങളും നവോദയ വിദ്യാലയങ്ങളും സി.ബി.എസ്.ഇ. സംവിധാനങ്ങളുമൊക്കെ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം പരിഗണിച്ചപ്പോൾ കേരളം പത്താം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി നിലനിർത്താനാണ് പരിശ്രമിച്ചത്. അതുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്, അതൊന്നും ഞാനിവിടെ വിശദീകരിക്കുന്നില്ല. കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം പരാമർശിക്കുന്നവർ കോളേജ് തലത്തിൽനിന്നും പ്രീ-ഡിഗ്രിയെ പ്ലസ് ടു ആക്കി

മാറ്റുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ചപ്പോൾ ഇവിടെ പ്ലസ് ടു സംവിധാനത്തിനല്ല, പ്രീ-ഡിഗ്രി ബോർഡുകൾ സ്ഥാപിക്കാനാണ് അവർ ശ്രമിച്ചത്. ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി പരിശ്രമം നടത്തിയവരാണ് കോത്താരി കമ്മീഷനെയുദ്ധരിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് സ്കൂൾ പ്രായത്തിലുള്ള ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളുകളിൽ എത്തിക്കഴിഞ്ഞു. അതിൽ ഏതാണ്ട് എല്ലാവരും പന്ത്രണ്ടാം ക്ലാസ് വരെ എത്തിച്ചേരുന്ന അവസ്ഥ നിലനിൽക്കുന്നു. ദേശീയതലത്തിൽനിന്നും തികച്ചും ഭിന്നമായ അവസ്ഥയാണിത്. സ്കൂൾ പ്രായത്തിലുള്ള 3.22 കോടി കുട്ടികൾ സ്കൂളിനുപുറത്താണെന്നാണ് ദേശീയ സർക്കാർ പുറത്തിറക്കിയ രേഖകളിൽ പറയുന്നത്. അതുപോലെ സ്കൂളുകളിൽ ചേരുന്ന കുട്ടികളിൽ വലിയൊരു വിഭാഗം വിവിധ ഘട്ടങ്ങളിൽ കൊഴിഞ്ഞുപോകുന്നു. ഇത്തരമൊരു ദേശീയ സാഹചര്യത്തിലാണ് ഇന്ത്യയുടെ ഭാഗമായ കേരളത്തിൽ എല്ലാ കുട്ടികളെയും സ്കൂളുകളിലെത്തിക്കാനും പഠനത്തുടർച്ച ഉറപ്പാക്കാനും കഴിയുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

ഇക്കാര്യത്തിൽ ദേശീയ ശരാശരിയുമായി ബന്ധപ്പെട്ട് നാം ഒട്ടേറെ മുന്നിലാണ്. പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിലെന്നുമാത്രമല്ല, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട കാര്യത്തിലും നാം മുന്നിലാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ അക്കാദമിക് നിലവാരത്തെ സംബന്ധിച്ച് ചില യു.ഡി.എഫ്. അംഗങ്ങൾ ആശങ്കപ്പെടുന്നതായി കണ്ടു. അക്കാദമിക് തലത്തിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റുമായി ബന്ധപ്പെട്ട്, 'ഘടനാപരമായ മാറ്റം മതിയോ ക്വാളിറ്റി ഇംപ്രൂവ്മെന്റ് വേണ്ടേ' എന്നൊക്കെ ചോദിക്കുന്നതുകേട്ടു. അക്കാദമിക് രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമാണ് നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ എസ്.സി.ക്യൂ. (Social Communication Questionnaire)-ൽ നമുക്ക് ലഭിച്ച ഒന്നാം സ്ഥാനം. കേന്ദ്ര ഏജൻസികൾ നടത്തിയ പഠനവുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേയിൽ അക്കാദമിക രംഗത്ത് മികവാർന്ന പ്രവർത്തനത്തിന് ഒന്നാം സ്ഥാനം ലഭിച്ച കേരളത്തിൽനിന്നാണ് ക്വാളിറ്റി ഇംപ്രൂവ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് പറയുന്നത്. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബില്ലിൽ നിലവിലെ ഹയർ സെക്കണ്ടറി സംവിധാനം വന്നുകഴിഞ്ഞു. അതിനെത്തുടർന്ന് പ്രായോഗികമായി അഡ്മിനിസ്ട്രേഷൻ സുഗമമാക്കാനാണ് ഈ ഭേദഗതി ബിൽ. 1990-ൽ അധികാരത്തിൽ വന്ന ഇ. കെ. നായനാർ ഗവൺമെന്റാണ് പ്ലസ് ടു സംവിധാനത്തിലേയ്ക്ക് കടക്കാനാവശ്യമായ തീരുമാനമെടുത്തത്. സബ് ജില്ലാടിസ്ഥാനത്തിൽ ഓരോ സ്കൂളുകളിലും പരീക്ഷണാടിസ്ഥാനത്തിൽ നായനാർ ഗവൺമെന്റ് ഇത് നടപ്പിലാക്കിയിട്ടുണ്ട്. പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്.

ഗവൺമെന്റ് ഇതിൽനിന്നും വീണ്ടും പുറകോട്ടുപോകുന്ന സ്ഥിതിയാണ് ഉണ്ടായത്. അതിനുശേഷം അധികാരത്തിൽ വന്ന ഇടതുപക്ഷ മുന്നണി ഗവൺമെന്റാണ് പ്ലസ് ടു സംവിധാനത്തെ ഹയർ സെക്കണ്ടറിയുടെ ഭാഗമാക്കിമാറ്റാൻ തീരുമാനമെടുത്തത്. കോത്താരി കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് 12-ാം ക്ലാസ് വരെ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ കേന്ദ്രീയ വിദ്യാലയവും സി.ബി.എസ്.ഇ.-യും നവോദയ വിദ്യാലയവുമൊക്കെ 1960-കളുടെ അവസാനം തന്നെ പരിഗണിച്ചിരുന്നു. ആ സമയത്ത് പത്താം ക്ലാസ് കഴിഞ്ഞാൽ കോളേജുകളുടെ ഭാഗമായി പ്രീ-ഡിഗ്രി വിദ്യാഭ്യാസം മാറുന്ന സ്ഥിതിയായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ, നായനാർ ഗവൺമെന്റാണ് അതിനെ കോളേജിൽനിന്നും വേർപ്പെടുത്തി പ്ലസ് ടുവാക്കി ഹയർ സെക്കണ്ടറിയുടെ ഭാഗമാക്കി നിലനിർത്താനുള്ള ശ്രമം സ്വീകരിച്ചത്. ഇന്ന് ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലായി ആയിരത്തി എണ്ണൂറിലധികം ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ അൺ-എയ്ഡഡ് മേഖലയിൽ 362 സ്കൂളുകൾ വേറെയും പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ വന്നുവെന്നത് യാഥാർത്ഥ്യമാണ്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്താണെന്ന് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. നേരത്തെ ഹൈസ്കൂളായി പ്രവർത്തിച്ചിരുന്നവ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കണ്ടറിയായപ്പോൾ ഹൈസ്കൂളായി പ്രവർത്തിച്ചപ്പോഴുള്ള ഹെഡ്മാസ്റ്റർമാരും അവിടെയുണ്ട്. ഒന്നുമുതൽ 12 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭരണാധിപന്മാർ പ്രിൻസിപ്പാൾമാരാണ്. എന്നാൽ നേരത്തെയുണ്ടായിരുന്ന ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പോസ്റ്റ് സംരക്ഷിക്കപ്പെടേണ്ടേ? അവരെ വൈസ് പ്രിൻസിപ്പാൾമാരെന്നാണ് പറയുന്നത്. പത്താം ക്ലാസ് വരെയുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തന്നെയാണ് ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അതുപോലെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നതിനു പകരം ജനറൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ് (ഡി.ജി.ഇ.) ആയി മാറുകയാണ്. അതുപോലെ വൊക്കേഷണൽ ഹയർ സെക്കണ്ടറിയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ അവിടെയുണ്ട്. പക്ഷേ പല പ്രദേശങ്ങളിലും ഹയർ സെക്കണ്ടറിയും ഹൈസ്കൂളും ഒരുഭാഗത്ത് പ്രവർത്തിക്കുമ്പോൾ അവിടെയുള്ള ലൈബ്രറിയുൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളെ വേർതിരിച്ചു നിർത്തുകയാണ്. ഇത് ഹയർ സെക്കണ്ടറിയുടെ അല്ലെങ്കിൽ ഹൈസ്കൂളിന്റെ ഭാഗമാണെന്ന കാരണത്താൽ ലൈബ്രറിയിൽ പോകുമ്പോൾ ചിലപ്പോൾ അവ തുറന്നുകൊടുക്കാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിമിതികളും പ്രയാസങ്ങളും വരുന്നതിന്റെ അടിസ്ഥാനത്തിലാണ് അഡ്മിനിസ്ട്രേഷന്റെ ഭാഗമായി ഇക്കാര്യങ്ങൾ ഒരുമിച്ച് കൊണ്ടുവരുന്നതിനുള്ള നിലപാട് സ്വീകരിച്ചത്. ഭരണപരമായ നടപടികളുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ പ്രയോഗത്തിൽ

വരുത്താനാവശ്യമായ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. പ്രായോഗിക അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ നിർണ്ണയിക്കുമ്പോൾ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് ശരിയാണോ? ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ ത്തെക്കുറിച്ച് നമ്മളെല്ലാവരും ആവേശം കൊള്ളുകയാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. അതിന് അടിസ്ഥാനപരമായി പ്രവർത്തിച്ചത് 1957-ലെ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണെന്ന് ആർക്കാണ് അറിയാത്തത്. ഇ.എം.എസ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി 1957 കാലഘട്ടത്തിൽ പ്രായോഗിക അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ടവരുടെ മക്കൾക്ക് പഠിക്കാനാവശ്യമായ സംവിധാന മൊരുക്കാനും വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കി മാറ്റാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചില നിയമനിർമ്മാണങ്ങൾ കൊണ്ടു വന്നില്ലേ? ഇപ്പോൾ അദ്ധ്യാപകരെയും മാനേജ്മെന്റിനെയും അഡ്മിനിസ്ട്രേഷനെയും ഹയർ സെക്കണ്ടറിയെയും സംബന്ധിച്ച് ആശങ്കപ്പെടുന്ന ആളുകൾ അന്ന് അതിനെ എങ്ങനെയാണ് സമീപിച്ചത്? അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കാർഷിക വികേന്ദ്രീകരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഭൂപരിഷ്കരണവും അതുപോലെതന്നെ സമഗ്രമായ വിദ്യാഭ്യാസ പരിഷ്കരണവുമാണ് കൊണ്ടുവന്നത്. ആ സമഗ്രമായ വിദ്യാഭ്യാസ പരിഷ്കരണ നിയമത്തിന് അടിത്തറ പാകിയ നിയമം കൊണ്ടുവന്നപ്പോൾ അദ്ദേഹത്തെ മണ്ടനായിട്ടും മുണ്ടനായിട്ടുമാണ് നിങ്ങൾ വിശേഷിപ്പിച്ചത്, അത് ചരിത്ര രേഖകളിലുണ്ട്. അദ്ദേഹത്തിന്റെ തലയിൽ ചകിരിച്ചോറാണോ ചാരായമാണോയെന്ന് അവഹേളിക്കുന്ന തരത്തിലുള്ള മുദ്രാവാക്യമാണ് നിങ്ങൾ വിളിച്ചത്. അങ്ങനെ അന്ന് അസ്ഥിവാരമിട്ടുകൊണ്ട് പൊതുവിദ്യാഭ്യാസത്തെ പടിപടിയായി സംരക്ഷിച്ച്, പാവപ്പെട്ടവരുടെ മക്കൾക്ക് പണം കൊടുക്കാതെ പഠിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കിയതിന്റെ ഭാഗമായിട്ടാണ് ഈ സംവിധാനം രൂപപ്പെട്ടതും ശക്തിപ്പെട്ടതും. പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് മാനേജ്മെന്റിനെയും അദ്ധ്യാപകരെയും സംബന്ധിച്ച് നിങ്ങൾ പറയുന്നുണ്ട്. ഞങ്ങളാരും അവർക്കെതിരല്ല. മാനേജ്മെന്റിന്റെയും അദ്ധ്യാപകരുടെയും താല്പര്യം സംരക്ഷിക്കണം, പക്ഷെ, സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സംവിധാന ത്തിലൂടെ മാത്രമേ ഇതിന് പരിഗണന നൽകാൻ കഴിയുകയുള്ളൂ. അന്ന് മാനേജ്മെന്റ് സ്കൂളുകളിൽ പണിയെടുത്തിരുന്ന അദ്ധ്യാപകരുടെ സ്ഥിതിയെന്താണ്? അദ്ധ്യാപകരെന്ന് പറഞ്ഞാൽ മാനേജർമാരുടെ അടിമകളായി, അടിമ സമാനമായ ജീവിതമാണ് നയിച്ചിരുന്നത്. മാനേജർമാരുടെ വീട്ടിലെ പശുവിന് പുല്ലുകൊടുക്കാനും പരുത്തിക്കുരു ആട്ടിക്കൊടുക്കാനുമൊക്കെയായിരുന്നു മാനേജ്മെന്റ് സ്കൂളിൽ പണിയെടുത്തിരുന്ന ഈ അദ്ധ്യാപകരെ ഉപയോഗിച്ചിരുന്നത്. ശമ്പളമില്ല, വർഷത്തിൽ കിട്ടുന്ന ഒരു

ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ നൽകുന്ന തുച്ഛമായ തുകയുടെ അടിസ്ഥാനത്തിലല്ലേ അവർ പ്രവർത്തിച്ചിരുന്നത്? ആ മാനേജ്മെന്റിന്റെ നഖത്തിന്റെ കീഴിൽനിന്ന് അദ്ധ്യാപകരെ മോചിപ്പിച്ചുകൊണ്ട്, സർക്കാരിൽനിന്ന് ശമ്പളവും അവർക്ക് മാന്യതയും സമൂഹത്തിൽ അംഗീകാരവും പദവിയും നൽകി അവരെ ഉയർത്തിക്കൊണ്ടു വന്നവരാണ് ഈ കേരളീയ സമൂഹം. 1957 മുതൽ കേരളത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകൾ നടപ്പിലാക്കിയ കാര്യങ്ങൾ പരിശോധിച്ചാൽ എവിടെയാണ് പ്ലസ് എവിടെയാണ് മൈനസ് എന്ന് നമുക്ക് മനസ്സിലാക്കാം. ഇപ്പോഴത്തെ പ്ലസ് ടു, ഡിഗ്രി, ഹയർ സെക്കണ്ടറി എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പറ്റി പറയുന്നുണ്ടല്ലോ, അത് നേരെ കൊണ്ടുവരാൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ 1986-ൽ നിങ്ങൾ പ്രീഡിഗ്രി ബോർഡല്ല കൊണ്ടുവരേണ്ടിയിരുന്നത്. അപ്പോൾ നിങ്ങളുടെ സമീപനം കച്ചവടത്തിലധിഷ്ഠിതമായ താല്പര്യമായിരുന്നുവെന്ന് മനസ്സിലാകും. ആ രീതിയിൽ കച്ചവട താല്പര്യത്തോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്തു പോകുന്നതിൽനിന്നും വ്യത്യസ്തമായി സാമൂഹ്യ പ്രതിബദ്ധതയിലധിഷ്ഠിതമായ നിലപാടുകൾ സ്വീകരിച്ചുപോകും. അത്തരം നിലപാടുകളുമായി പോകുമ്പോൾ കൊണ്ടുവരുന്ന നിയമനിർമ്മാണങ്ങളിൽ പ്രായോഗികമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വേണമെങ്കിൽ മാറ്റം വരുത്തും. ഇവിടെ ഒട്ടേറെ റിപ്പോർട്ടുകളുണ്ട്, ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കണമെന്ന് പറഞ്ഞ് ഒരു 'സംരക്ഷണ യജ്ഞം' കൊണ്ടുവന്നു. പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി അയ്യായിരത്തിലധികം കോടി രൂപ കിഫ്ബി പദ്ധതിയിലൂടെ ചെലവഴിച്ച് സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങളും മറ്റും വികസിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിച്ചിട്ടില്ലേ? അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നില്ലേ; മാറ്റങ്ങളില്ലേ? അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കും ഇൻസ്ട്രക്ടർമാർക്കും പരിശീലന പരിപാടികൾ ഒരു ഭാഗത്ത് നടക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ അതിനൊരു പരിമിതിയുണ്ടായെങ്കിലും ഇത്തരം കാര്യങ്ങൾ അനുസ്യൂതമായി ഓൺലൈൻ സംവിധാനത്തിലൂടെ കൊണ്ടുപോകാൻ ഈ ഗവൺമെന്റിനും വിദ്യാഭ്യാസ വകുപ്പിനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ മുൻപന്തിയിൽതന്നെയാണ് കേരളമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആ നിലയിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങളിലേയ്ക്ക് കടക്കുമ്പോൾ കഴിഞ്ഞകാല അനുഭവങ്ങളും ചരിത്രവും മറന്നുകൊണ്ട് അന്ന് ആരൊക്കെ എവിടെയെല്ലാംനിന്നുവെന്ന് മനസ്സിലാക്കാതെ ഇടതുപക്ഷക്കാരും ഇടതുപക്ഷ ഗവൺമെന്റും ഇതിനെല്ലാം എതിരാണെന്ന സമീപനം സ്വീകരിക്കുന്ന നിലപാടുകൾ തിരുത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസത്തെ ഒരു ചരക്കാക്കി, ഉൽപ്പന്നമാക്കി, ലാഭാധിഷ്ഠിത കച്ചവടമാക്കി മാറ്റി പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠിക്കാനുള്ള അവകാശത്തെപ്പോലും നിഷേധിച്ച നിലപാടുകൾ സ്വീകരിച്ചിരിക്കുന്ന ആളുകളാണിവർ. വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരത്തിൽ ഗൗരവതരമായ പ്രത്യാഘാതം ഉണ്ടാകുമെന്നും അദ്ധ്യാപകർക്കിടയിലെ ജൂനിയർ-സീനിയർ പ്രശ്നങ്ങൾ ഉടലെടുക്കുമെന്നുമാണ് ഇവർ പറയുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്ത് അനോമലികൾ പരിഹരിക്കുന്നതിന് റൂളും കെ.ഇ.ആർ.-ഉം പോലുള്ള സംവിധാനങ്ങളുണ്ട്. സീനിയർ-ജൂനിയർ പ്രശ്നങ്ങൾ എല്ലാ ഭരണകാലത്തുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ എന്തോ വലിയ അപകടം വരാൻ പോകുന്നുവെന്ന് പറഞ്ഞ് ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് ഈ കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് കൊണ്ടുവന്ന ഈ ഭേദഗതിയെ നിഷേധാത്മകമായ സമീപനത്തോടെ സ്വീകരിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ഈ ഗവൺമെന്റിന്റെ നടപടിയുടെ ഭാഗമായി ഒട്ടേറെ നേട്ടങ്ങളെപ്പറ്റി ഞാൻ വിശദീകരിക്കുന്നില്ല. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംഖ്യയും അതുപോലെ തന്നെ മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു; നൈതിക വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചു; വിദ്യാലയങ്ങളെ ഏകീകരിച്ച് ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുകയുണ്ടായി. ഇനിയും എണ്ണിയെണ്ണി പറയാൻ ഒട്ടേറെ കാര്യങ്ങളുണ്ട്. ഒരു കാലത്ത് ഈ വിദ്യാഭ്യാസ മേഖലയെ 'ഈജിയൻ തൊഴുത്ത്' എന്ന് വിശേഷിപ്പിച്ച ആളുകൾ ഇവിടെയുണ്ട്. അക്കാര്യം നമ്മൾ വിസ്മരിച്ചുകൂടെന്നാണ് എനിക്ക് പ്രതിപക്ഷത്തെ ഓർമ്മപ്പെടുത്താനുള്ളത്. സാക്ഷരതയുടെ കാര്യത്തിലും മറ്റ് കാര്യങ്ങളിലുമെല്ലാം ഒന്നാംസ്ഥാനത്താണ് നമ്മൾ. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ 1957-ലെ ഇടതുപക്ഷ ഗവൺമെന്റ് നടപ്പിലാക്കിയ സമഗ്രമായ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ പരിഷ്കരണവും പൊതുജനാരോഗ്യവുമുൾപ്പെടെയുള്ള കാര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നേട്ടങ്ങളും മാറ്റങ്ങളുമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളുൾക്കൊണ്ടുകൊണ്ട്, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളോട് താരതമ്യം ചെയ്ത് ബഹുദൂരം മുന്നിലായ കേരളത്തിന്റെ വിദ്യാഭ്യാസക്കുതിപ്പിന് മങ്ങലേൽപ്പിക്കുന്ന രീതിയിലുള്ള നിലപാട് സ്വീകരിക്കാതെ നമ്മൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന കാര്യത്തിൽ യോജിച്ച അഭിപ്രായമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുള്ള ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ നിയോജകമണ്ഡലമായ ഷൊർണ്ണൂരിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജില്ല. അതുകൊണ്ട്

ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജും ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിൽപ്പെട്ട വാണിയംകുളത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യിൽ ധാരാളം കെട്ടിടങ്ങളും സൗകര്യങ്ങളുമുണ്ടെങ്കിലും രണ്ട് കോഴ്സുകൾ മാത്രമാണ് ഇപ്പോഴുള്ളത്. അവിടെ രണ്ടോമൂന്നോ ട്രേഡുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 'എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കശുവണ്ടി തൊഴിലാളി ക്ഷേമനിധിയുടെ പേര് കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി എന്നാണ്. മറ്റ് പല ക്ഷേമനിധികൾക്കും ഇങ്ങനെയൊരു പേരില്ല. ഈ ക്ഷേമനിധിക്ക് മാത്രമാണ് കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്ന് പേരുള്ളത്. കാരണം ഇത്രയും ചുരുങ്ങിയ കൂലിയിൽ ജോലി ചെയ്യുന്ന, അവശത അനുഭവിക്കുന്ന തൊഴിലാളികളാണ് കശുവണ്ടിത്തൊഴിലാളികൾ. ഈ ഭേദഗതിയിലൂടെ ഈ തൊഴിലാളികളോട് സർക്കാർ വലിയ വഞ്ചനയാണ് കാണിച്ചിരിക്കുന്നത്. അംശദായം ഒരു രൂപയെന്നുള്ളത് രണ്ടുരൂപയായി വർദ്ധിപ്പിക്കുകയും എന്നാൽ സർക്കാർ വിഹിതത്തിൽ അൻപത് ശതമാനത്തിന്റെ കുറവ് വരുത്തുകയുമാണ് ചെയ്തിരിക്കുന്നത്. ഇത് പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളെ അങ്ങേയറ്റം ദ്രോഹിക്കുന്ന നിലപാടാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വായിച്ച് കേൾപ്പിക്കാം. In sub section (1), for the words "one rupee", the words "two rupees" shall be substituted. In sub section 3(A), for the words "an amount equal to the amount of", the words "an amount equal to half the amount of" shall be substituted. എന്നുപറഞ്ഞാൽ നേരത്തെ നൂറ് ശതമാനമായിരുന്ന സർക്കാർ വിഹിതം അമ്പത് ശതമാനമായി കുറയുമെന്നും തൊഴിലാളികളുടെ അംശദായം ഒരുരൂപയിൽനിന്നും രണ്ടുരൂപയായി വർദ്ധിപ്പിക്കുമെന്നുമാണ്. ഈ തൊഴിലാളികൾ വളരെയേറെ ചൂട് സഹിച്ച്, പുകയടിച്ച്, ശരീരം മുഴുവൻ കറപുരണ്ട് ഏറ്റവും കുറഞ്ഞ ശമ്പളത്തിന് ജോലി ചെയ്യുന്നവരാണ്. അവരോട് സർക്കാർ ഇങ്ങനെയൊരു ദ്രോഹം ചെയ്യുന്നത് ശരിയല്ല. സർക്കാരിന്റെ ആ നിലപാട് പുനഃപരിശോധിക്കണം. അതുകൊണ്ട് ഈ ഭേദഗതി പൊതുജനാഭിപ്രായം തേടുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന നിലപാട് ആവർത്തിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ക്ഷേമനിധി തുടങ്ങുന്ന സമയത്ത് 50 പൈസ തൊഴിലാളിയും 1 രൂപ സർക്കാരും 1 രൂപ തൊഴിലുടമയുമെന്ന നിലയിലായിരുന്നു വിഹിതം നൽകിയിരുന്നത്. പിന്നീട് തൊഴിലാളി വിഹിതം 1 രൂപയായി,

ഇപ്പോഴത് രണ്ട് രൂപയാകുമ്പോൾ സർക്കാരിന്റെ വിഹിതം 4 രൂപയായി വർദ്ധി ക്കേണ്ടതായിരുന്നു. പകരം പകുതിയാക്കിയതാണെന്നുള്ള പ്രസക്തമായ കാര്യമാണ് അങ്ങിവിടെ സൂചിപ്പിക്കുന്നത്. ആ ചരിത്രം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് കൊല്ലം ജില്ലയിലെ കുണ്ടറ നിയോജകമണ്ഡലത്തിലെ എം.എൽ.എ-യാണ്. സ്വാഭാവികമായും അദ്ദേഹത്തിന് ഇക്കാര്യങ്ങൾ നന്നായിട്ടറിയാം. സത്യത്തിൽ ഈ പാവപ്പെട്ട തൊഴിലാളികളോട് വലിയ ദ്രോഹമാണ് സർക്കാർ ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടിയോട് എനിക്ക് രാഷ്ട്രീയമായ വിയോജിപ്പുണ്ടെങ്കിലും ഞങ്ങൾ നല്ല സുഹൃത്തുക്കളാണ്. ഞാൻ പറഞ്ഞാൽ അദ്ദേഹം ഒന്നും ചെയ്യില്ല. അത് വേറെ കാര്യം. പക്ഷെ അദ്ദേഹം ഒരു തൊഴിലാളി നേതാവ് കൂടിയാണ്. അദ്ദേഹം ഈ ദ്രോഹത്തിന് കൂട്ടുനിൽക്കുന്നത് വലിയ കഷ്ടമായിപ്പോയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2014-ലെ യു.ഡി.എഫ്. ഭരണകാലത്ത് അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെ വില ക്രമാതീതമായി വർദ്ധിച്ചു. ആ സമയത്ത് തോട്ടണ്ടി ലഭ്യമായിരുന്നില്ലെന്ന കാരണത്താൽ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തിക്കാനും സാധിച്ചില്ല. ആ പശ്ചാത്തലത്തിലാണ് എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ അധികാരത്തിൽ വരുന്നത്. യു.ഡി.എഫ്.-ഭരണത്തിന്റെ അവസാന കാലഘട്ടത്തിൽ, കശുവണ്ടി വ്യവസായ വകുപ്പിന്റെ മുൻ മന്ത്രിയായിരുന്ന ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ, മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. പി. കെ. ഗുരുദാസൻ തുടങ്ങിയവരെല്ലാം സെക്രട്ടറിയേറ്റിൽ തുടർച്ചയായി സമരം നടത്തുകയുണ്ടായി. ആ സമരത്തിൽ പ്രധാനമായും പറഞ്ഞത്, എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ എല്ലാ ഫാക്ടറികളും തുറക്കും, തുറക്കാൻ വിസമ്മതിക്കുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള ഫാക്ടറികളെല്ലാം ഏറ്റെടുക്കുമെന്നായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? കൊല്ലം ജില്ലയിൽ ലൈൻസൻസുള്ള എണ്ണൂറ്റി പതിനാറിൽപ്പരം ഫാക്ടറികളുള്ളതിൽ എഴുന്നൂറിലധികവും അടഞ്ഞു കിടക്കുകയാണ്. എല്ലാ ഫാക്ടറികളും തുറക്കുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ 5 കൊല്ലം പൂർത്തിയാക്കി രണ്ടാം പിണറായി സർക്കാർ വന്നപ്പോഴും പലതും അടഞ്ഞു കിടക്കുകയാണ്. CAPEX-ഉം കശുവണ്ടി വികസന കോർപ്പറേഷനും ചേർന്ന് നാൽപ്പതോളം ഫാക്ടറികൾ നടത്തുന്നുണ്ട്. ഇവയൊഴികെ ബാക്കി ഫാക്ടറികളും അടഞ്ഞു കിടക്കുകയാണ്. ഈ ഫാക്ടറികളിൽ പരമാവധി 15000 തൊഴിലാളികൾ മാത്രമേയുള്ളൂ. സർക്കാരിന്റെ കണക്കനുസരിച്ച് ഏകദേശം 200000 തൊഴിലാളികൾ ഈ മേഖലയിലുണ്ട്. ഇവരിൽ തൊണ്ണൂറ് ശതമാനത്തിനും തൊഴിലില്ല. നാമമാത്രമായ തൊഴിലാളികൾക്ക് മാത്രമേ ജോലി കൊടുക്കാൻ സാധിക്കുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നാൽ എല്ലാ ഫാക്ടറികളും തുറപ്പിക്കും, തുറക്കാൻ പറ്റാത്ത

ഫാക്ടറികൾ ഏറ്റെടുക്കുമെന്നൊക്കെയാണ് പ്രഖ്യാപിച്ചിരുന്നത്. മുൻസർക്കാർ അടഞ്ഞുകിടന്ന മൂന്ന് ഫാക്ടറികൾക്ക് നോട്ടീസ് കൊടുത്തെങ്കിലും തുടർ നടപടി കളൊന്നുമുണ്ടായില്ല. ഒരു ഫാക്ടറിപോലും ഏറ്റെടുക്കുകയോ തുറക്കുകയോ ചെയ്തില്ല; തൊഴിലാളികൾക്ക് ജോലി കിട്ടിയതുമില്ല. യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്ന കുറേ ഫാക്ടറികളും ഇക്കൂട്ടത്തിൽ അടയ്ക്കുകയുണ്ടായി. കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാനാകാതെ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് 6 ചെറുകിട ഫാക്ടറിയുടമകൾ ആത്മഹത്യ ചെയ്യുകയുണ്ടായി. പ്രതിസന്ധിയിലായ ഫാക്ടറികൾ തുറക്കാൻ കഴിയാത്തൊരു സാഹചര്യത്തിൽ ബാങ്കുകളുമായി ചർച്ച ചെയ്ത് പാക്കേജുണ്ടാക്കാൻ സർക്കാർ മുന്നോട്ടുവരണമെന്നാണ് എനിക്ക് സൂചിപ്പി ക്കാനുള്ളത്. ജപ്തി നടപടികൾ മരവിപ്പിക്കാനും പുനരധിവാസ പാക്കേജുണ്ടാക്കാനും സർക്കാർ മുൻകയ്യെടുക്കണം. 6 ഫാക്ടറി ഉടമകൾ ആത്മഹത്യ ചെയ്തു. ഇനിയും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നിലവിൽ CAPEX-ഉം കശുവണ്ടി വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് കേരള കാഷ്യൂ ബോർഡ് എന്നൊരു പുതിയ വെള്ളാനയെക്കൂടി സൃഷ്ടിച്ചിട്ടുള്ളത്. കശുവണ്ടി വികസന കോർപ്പറേഷനും CAPEX-ഉം ചെയ്യുന്ന അതേ ജോലി തന്നെയാണ് കേരള കാഷ്യൂ ബോർഡും ചെയ്യുന്നത്. അതായത് തോട്ടണ്ടി ഇറക്കുമതി ചെയ്യുക, കശുവണ്ടിപ്പരിപ്പ് വില്പന നടത്തുക തുടങ്ങിയ ജോലികൾക്കായി രണ്ട് സ്ഥാപനങ്ങൾ അവിടെ പ്രവർത്തിക്കുമ്പോൾ അതേ മേഖലയിൽ വീണ്ടും കേരള കാഷ്യൂ ബോർഡ് രൂപീകരിച്ച്, ഒരു വെള്ളാനയെയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇത് ആർക്കുവേണ്ടിയാണ്? ഇത് തൊഴിലാളികളുടെ താല്പര്യത്തെയോ, വ്യവസായത്തെയോ സംരക്ഷിക്കാൻ വേണ്ടിയല്ല. കശുവണ്ടി വികസന കോർപ്പറേഷനിലും CAPEX-ലും ജനപ്രതിനിധികളും തൊഴിലാളി-വ്യവസായ പ്രതിനിധികളുമുള്ള തിനാൽ അവിടെ കുറച്ചുകൂടി ഡെമോക്രാറ്റിക്കായി കാര്യങ്ങൾ നടക്കും. എന്നാൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് കേരള കാഷ്യൂ ബോർഡ് പ്രവർത്തിക്കുന്നത്. സർക്കാരിന് ഇക്കാര്യത്തിൽ എന്തോ താല്പര്യമുണ്ടെന്നുവേണം അനുമാനിക്കാൻ. പട്ടിണിമരണം ഈ മേഖലയിലുണ്ടാകേണ്ട സമയം കഴിഞ്ഞു. യു.പി.എ. സർക്കാർ കൊണ്ടുവന്ന തൊഴിലുറപ്പ് പദ്ധതിയുള്ളതുകൊണ്ടുമാത്രമാണ് അതുണ്ടാകാതിരിക്കുന്നത്. കശുവണ്ടി തൊഴിലാളികൾ ഇപ്പോൾ ആ ജോലിക്ക് പോകുകയാണ്. നിസ്സാര കൂലിക്കാണെങ്കിലും അവർ പട്ടിണി ഒഴിവാക്കുന്നത് അങ്ങനെയാണ്. കശുവണ്ടി വ്യവസായം കേരളത്തിന് അന്യമായിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ വ്യാപകമായി ഈ മേഖലയിൽ നിന്ന് പിന്തിരിയുകയാണ്. വ്യവസായികൾ തമിഴ്നാട്ടിലേയ്ക്ക് കൂടുമാറുന്നു. തൊഴിലാളികൾ മറ്റു മേഖലകളിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. അത്രയേറെ പ്രതീക്ഷ നശിച്ചൊരു മേഖലയായി കശുവണ്ടി

വ്യവസായം മാറിക്കഴിഞ്ഞിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് തുറമുഖ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയെന്ന നിലയിൽ ഞാൻ മുൻകയ്യെടുത്ത് ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് കുറയ്ക്കുന്നതിനുവേണ്ടി തൂത്തുക്കുടിയിൽ നിന്ന് ജലമാർഗ്ഗം തോട്ടണ്ടി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. ഇത്തരമൊരു സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ ഇൻകം സപ്പോർട്ട് സ്കീം ഈ മേഖലയിൽ നടപ്പാക്കിയിരുന്നു. വേജ് സപ്പോർട്ട് സ്കീം നടപ്പാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ മേഖലയിൽ അത് നടപ്പാക്കിയാൽ തൊഴിലാളികൾക്ക് വലിയ ആശ്വാസമാകും. CAPEX-ലെ തോട്ടണ്ടി ഇടപാടിനെക്കുറിച്ച് അന്വേഷിക്കണം. ഇത് 4-ാം തീയതിയിലെ മലയാള മനോരമ ദിനപത്രമാണ് (ദിനപത്രത്തിന്റെ കോപ്പി ഉയർത്തിക്കാട്ടി). ഇതിലെ വാർത്തയാണ് സൂചിപ്പിക്കുന്നത്. 'CAPEX-ലെ തോട്ടണ്ടി ഇടപാടുകളിൽ വൻ സാമ്പത്തിക നഷ്ടം - എം.ഡി. ആർ. രാജേഷിനെ മാറ്റണം. വിജിലൻസ് അന്വേഷിക്കണം.' ഇക്കാര്യം ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പറഞ്ഞതാണ്. എം.ഡി.-യെ മാറ്റണമെന്ന് കുറേക്കാലമായി പറയുന്നുണ്ടെങ്കിലും ഇപ്പോഴാണ് മാറ്റിയത്. CAPEX-ൽ നടന്ന ഈ അഴിമതികൾ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ചൂണ്ടിക്കാണിച്ചതാണ്. നിലവിലില്ലാത്ത കമ്പനികൾക്കു വേണ്ടി ഉത്തരവ് കൊടുത്ത് തോട്ടണ്ടി സംഭരിക്കാൻ തീരുമാനിച്ചു; വലിയ കർഷകനാണെന്ന് പറഞ്ഞ് എഗ്രിമെന്റ് വച്ചു. തമിഴ്നാട്ടിൽ നിന്നുള്ള കശുവണ്ടിയാണ് വാങ്ങിക്കൊണ്ടിരുന്നത്. അതിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ഒരുപാട് പ്രശ്നങ്ങൾ വന്നു. വലിയ നഷ്ടമുണ്ടായി. നഷ്ടമുണ്ടാക്കിയതിൽ സർക്കാരിന്റെ നിസ്സംഗത പ്രധാന കാരണമായി. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം നേടുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന് ഞാൻ ഒരിക്കൽകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ വ്യവസായം പ്രതിസന്ധിയിലായപ്പോൾ 6 ചെറുകിട കശുവണ്ടി മുതലാളിമാർ ആത്മഹത്യ ചെയ്തുവെന്ന് പറയുകയുണ്ടായി. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മറ്റൊരു കാര്യം, കാലഹരണപ്പെട്ട Kerala Value Added Tax നിയമം ഉപയോഗപ്പെടുത്തി സെയിൽ ടാക്സ് ഉദ്യോഗസ്ഥർ കശുവണ്ടി മുതലാളിമാർക്ക് നോട്ടീസ് കൊടുത്തുകൊണ്ടിരിക്കുകയാണ്. അവർ മുമ്പ് ചെയ്ത കച്ചവടങ്ങളുടെ 'C' Form കൊടുക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഉത്തരേന്ത്യയിൽ പല സ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തിക്കാത്തതിനാൽ 'C' Form കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ്. അതിന്റെ പേരിൽ വ്യവസായികളുടെമേൽ വൻ തുക പിഴയായി സംസ്ഥാന ധനകാര്യ വകുപ്പ് നൽകുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2.00 PM]

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇക്കാര്യം എന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതുപോലുള്ള ദ്രോഹനടപടികൾ മറ്റ് പല മേഖലകളിലും നടക്കുന്നുണ്ട്. കൊറോണ കാലഘട്ടത്തിൽ ഹാജർ കുറയ്ക്കുന്നത് സംബന്ധിച്ചൊരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇ.എസ്.ഐ. ആനുകൂല്യം കിട്ടാൻ വേണ്ടി തൊഴിലാളികൾക്ക് 78 ദിവസം ഹാജർ വേണമായിരുന്നു; അത് 39 ആയി കുറയ്ക്കാൻ തീരുമാനിച്ചു. അതിന്റെ പ്രഖ്യാപനവും വന്നു. പക്ഷേ ഇതുവരെ നടപ്പായിട്ടില്ല. ടി പ്രഖ്യാപനത്തിന്റെ കോപ്പിയാണിത് (പ്രസ്തുത കോപ്പി ഉയർത്തിക്കാണിച്ചു). സമയക്കുറവുകൊണ്ട് ഞാൻ അതുസംബന്ധിച്ച് കൂടുതൽ പറയുന്നില്ല. ഒക്ടോബർ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിലെ ഹാജർ വ്യവസ്ഥയിലാണ് ഇളവ് വരുത്താൻ ഉദ്ദേശിച്ചിരുന്നത്. "ലോക്ഡൗൺമൂലം ഭൂരിപക്ഷം തൊഴിൽ സ്ഥാപന ങ്ങളിലും 2020 ഒക്ടോബർ മുതൽ 2021 മാർച്ച് വരെയുള്ള സമയത്ത് 78 ഹാജർ നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 39 ഹാജർ മിക്കവാറും കിട്ടിയിട്ടുണ്ട്.” ഞാൻ ബാക്കി വായിക്കുന്നില്ല. ഇത് ഇ.എസ്.ഐ.-യുടെ ചികിത്സാ ആനുകൂല്യം ലഭിക്കാൻ വേണ്ടിയുള്ള പ്രഖ്യാപനമായിരുന്നു. ആ പ്രഖ്യാപനം നടപ്പായില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ദയവായി പരിശോധിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് ഹാജർ നിലയെ സംബന്ധിച്ച് സൂചിപ്പിച്ചു. ഇപ്പോൾ അത് 39 എന്നാക്കിയിട്ടുണ്ടെന്നാണ് പറഞ്ഞത്. കാപ്പെക്സിന്റെ 10 ഫാക്ടറികളിലും കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലും ഇത് നടപ്പിലാക്കിക്കഴിഞ്ഞു. ചില സ്വകാര്യ മുതലാളിമാർ മാത്രമാണ് ഇത് നടപ്പിലാക്കാത്തത്. (...മൈക്ക് ഓഫ്...)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ പറഞ്ഞത് ശരിയായിരിക്കും. ഞാനും മുതലാളിക്കുവേണ്ടിയല്ല, തൊഴിലാളിക്കു വേണ്ടിയാണ് പറയുന്നത്. തൊഴിലാളിക്ക് ഇ.എസ്.ഐ. ആനുകൂല്യം കൊടുക്കു ന്നതുമായി ബന്ധപ്പെട്ടതാണ് ഈ പ്രഖ്യാപനം. അത് നടപ്പായില്ലെന്നാണ് ഞാൻ പറഞ്ഞത്. മുതലാളിമാരാണ് കുഴപ്പക്കാരെങ്കിൽ അവരുടെ പേരിൽ നടപടിയെ ടുക്കണം. അതിന് ആർക്കാണ് വിരോധം? അതിനുള്ള ഇച്ഛാശക്തി ഗവൺമെന്റിനു ണ്ടായാൽ മതിയെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ 20 ക്ഷേമനിധി ബോർഡുകൾ ഒരേ തരത്തിലുള്ള പ്രവർത്തനമാണ് നിർവ്വഹിച്ചുവരുന്നത്. ഇവയെ സംയോജിപ്പിച്ച് തൊഴിൽ വകുപ്പിനുകീഴിൽ ഒരു സംവിധാനം രൂപപ്പെടുത്തുന്നത് തൊഴിലാളികൾക്ക് ഗുണകരമാകും. ഇക്കാര്യം ഞാൻ ഇതിനുമുമ്പും പറഞ്ഞിട്ടു ള്ളതാണ്. സർക്കാരിന് ഭരണപരമായ ചെലവിൽ വൻതോതിലുള്ള കുറവുണ്ടാകും.

കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കുന്നതായി മനസ്സിലാക്കുന്നു. ഏകദേശം 40 ജീവനക്കാർ ഈ വിഭാഗത്തിലുണ്ട്. ഈ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിയാൽ തൊഴിലില്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവർക്ക് പ്രയോജനകരമാകും. മറിച്ച്, പിൻവാതിൽ നിയമനങ്ങൾ ഇല്ലാതാകുകയും ചെയ്യും. ഇക്കാര്യവും ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകൾ ഇൻഡ്യൻ ബാങ്കുൾപ്പെടെയുള്ള പൊതുമേഖലാ ബാങ്കുകളിലാണുള്ളത്. ഇത് എന്തുകൊണ്ട് ട്രഷറിയിലേയ്ക്കോ കേരളാ ബാങ്കിലേയ്ക്കോ മാറ്റുന്നില്ല? പഞ്ചായത്തിന്റെ പണംവരെ ട്രഷറിയിലേയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ്. പഞ്ചായത്തിന്റെ ഓൺ ഫണ്ടുവരെ ട്രഷറിയിലേയ്ക്ക് കൊണ്ടുവന്നു. ഇതെന്തിനാണ് മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കുന്നത്?

വിവിധ ക്ഷേമനിധി ബോർഡുകളോട് കടുത്ത വിവേചനമാണ് സർക്കാർ കാട്ടുന്നത്. പാവപ്പെട്ട തൊഴിലാളികൾക്ക് തുച്ഛമായ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽപ്പോലും തൊഴിലാളി വർഗ്ഗ ക്ഷേമം ഉയർത്തിപ്പിടിക്കുന്നുവെന്ന് അവകാശപ്പെടുന്ന സർക്കാർ പരാജയപ്പെടുകയാണ്. സർക്കാർ വിഹിതം 50 ശതമാനമായി ലിമിറ്റ് ചെയ്യുക, തൊഴിലാളിയുടെ അംശദായം ഇരട്ടിയായി വർദ്ധിപ്പിക്കുകയെന്നുള്ളത് ആ പരാജയത്തിന്റെ ഭാഗമാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ലളിതവും ലഘുവായതുമായ ഭേദഗതിയാണ് മൂലനിയമത്തിന് ബഹുമാനപ്പെട്ട മന്ത്രി സമർപ്പിച്ചിട്ടുള്ളത്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സംസാരിക്കുമ്പോൾ, തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം ഇരട്ടിയാക്കി വർദ്ധിപ്പിക്കുന്നുവെന്നും സർക്കാരിന്റേത് പകുതിയാക്കുന്നുവെന്നുമുള്ള തെറ്റിദ്ധാരണ ജനിപ്പിക്കുന്ന ഒരു പരാമർശമാണ് നടത്തിയത്. സത്യത്തിൽ, ഒരു ദിവസത്തെ അവരുടെ വരുമാനത്തിൽനിന്ന് ഇന്ന് ഈടാക്കിക്കൊണ്ടിരിക്കുന്ന ഒരു രൂപ രണ്ട് രൂപയായി വർദ്ധിപ്പിക്കണമെന്നാണ്. കേവലം ഒരു രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഇരട്ടിയെന്ന് വേണമെങ്കിൽ പറയാം. ശതമാനം നോക്കുമ്പോൾ 100 ശതമാനമാകും. ഈ കാലഘട്ടത്തിൽ ഒരു രൂപയെന്നത് എത്രയോ നാമമാത്രമാണ്. അതുകൊണ്ടുതന്നെയാണ് വളരെ ലഘുവായതും

ലളിതവുമായ ഒരു നിയമ ഭേദഗതിയാണെന്ന് ഞാൻ പറഞ്ഞത്. എന്നാൽ ഒരു രൂപ അംശദായം തൊഴിലാളികളിൽനിന്നും തൊഴിലുടമയിൽനിന്നും ഈടാക്കിക്കൊണ്ടിരിക്കുമ്പോൾ സർക്കാർ നൽകിക്കൊണ്ടിരിക്കുന്നത് തുല്യമായ തുകയാണ്. സർക്കാരിന്റെ വിഹിതം കുറയ്ക്കുന്നുവെന്ന രൂപത്തിലുള്ള വ്യാഖ്യാനം അപകടമാണ്. സർക്കാരിന്റെ അംശദായം അതേപടി നിലനിർത്തിക്കൊണ്ട് തൊഴിലാളി/ തൊഴിലുടമ വിഹിതം ഒരു ദിവസത്തേയ്ക്ക് ഒരു രൂപ വർദ്ധിപ്പിക്കുന്ന ഭേദഗതിയാണിത്. ഇത്തരം ലഘുവായ, ലളിതവുമായൊരു ഭേദഗതിക്ക് നമ്മൾ നടത്തുന്ന നിയമ നിർമ്മാണ പ്രക്രിയയുടെ നടപടിക്രമം എന്താണ്; ബിൽ ആദ്യം ഓർഡിനൻസായി ഇറങ്ങി; എന്നിട്ട് നിയമസഭയിൽ കൊണ്ടുവരും; സഭയിൽ ദീർഘമായ ചർച്ചയ്ക്കു ശേഷം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കും. സബ്ജക്ട് കമ്മിറ്റിയിൽനിന്ന് തിരിച്ചുവന്ന് വീണ്ടും ചർച്ച നടക്കുകയാണ്. ഇനി വകുപ്പ് തിരിച്ചുള്ള ചർച്ചയും നടക്കും. ഇത്തരം ലളിതമായ, നിസ്സാരമായ ഭേദഗതികൾ പാസ്സാക്കുന്നതിനുള്ള ദീർഘമായ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് സഭ കൂട്ടായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മൂലനിയമങ്ങളെ സംബന്ധിച്ചല്ല, ഭേദഗതി നിയമങ്ങളെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഇത് ആദ്യഘട്ടത്തിൽ ചർച്ച ചെയ്യുമ്പോൾ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങൾകൂടി ചേർത്താണല്ലോ അവതരിപ്പിക്കുക. സബ്ജക്ട് കമ്മിറ്റിയിൽനിന്ന് റിപ്പോർട്ട് വരുമ്പോൾ Statement of objects and reasons പുതിയ ബില്ലിൽ കാണില്ല. ഈ ബില്ലിലെ Statement of objects and reasons-ന്റെ രണ്ടാം ഖണ്ഡികയിൽ പറയുന്നത് "At present the income of the Cashew Workers' Welfare Fund is too insufficient to disburse the benefits of cashew workers and also for meeting its administrative expenses" എന്നാണ്. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനം രണ്ട് കാര്യങ്ങൾക്ക് തികയുന്നില്ല. തൊഴിലാളികൾക്ക് ആനുകൂല്യം നൽകാനും ഭരണപരമായ ചെലവുകൾക്കും. സ്വാഭാവികമായും ഈ നിയമ ഭേദഗതിയിലൂടെ ആനുകൂല്യങ്ങളൊന്നും വർദ്ധിപ്പിക്കുന്നില്ല; അവ നാമമാത്രമാണെന്നത് എല്ലാവർക്കുമറിയാം. പെൻഷൻ വളരെ നിസ്സാരമായ തുകയാണ്. എക്സ്-ഗ്രേഷ്യ സാമ്പത്തിക സഹായം, ശവസംസ്കാരത്തിനുള്ള സാമ്പത്തിക സഹായം, പ്രസവാനുകൂല്യം, വിധവകളായ അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവയൊന്നും വർദ്ധിപ്പിക്കുന്നില്ല. എന്നാൽ ഭരണപരമായ ചെലവുകൾ വർദ്ധിച്ചുവരുന്നുവെന്ന് ഇതിന്റെ Statement of objects and reasons-ൽത്തന്നെ പറയുന്നുമുണ്ട്. അതുസംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ ആശയത്തോട് ഞാനും യോജിക്കുകയാണ്. നമ്മുടെ എല്ലാ ക്ഷേമനിധി ബോർഡുകളുടെയും ഭരണപരമായ ചെലവുകൾ വർദ്ധിക്കുകയാണ്. ക്ഷേമനിധി ബോർഡുകളുടെ മാത്രമല്ല, എല്ലാ ചെലവുകളും വർദ്ധിക്കുന്നത്

നമ്മുടെ നാടിന്റെയൊരു ശാപമായി മാറുകയാണ്. മൂലധന ചെലവുകൾക്ക് പണം കണ്ടെത്താനാകാതെ പല രൂപത്തിലുമുള്ള റവന്യൂ ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ റവന്യൂ വരുമാനത്തിന്റെ മുക്കാൽ ഭാഗവും പെൻഷനായും ശമ്പളമായും കൊടുക്കേണ്ട അവസ്ഥാവിശേഷം നാട്ടിലുണ്ട്. 1987-ൽ ഞാൻ ആദ്യമായി നിയമസഭയിൽ വന്നയവസരത്തിൽ അവതരിപ്പിച്ചൊരു ശ്രദ്ധക്ഷണിക്കലുണ്ട്. നമ്മുടെ ഓരോ വകുപ്പുകളിലെയും തലവൻമാരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഉദാഹരണത്തിന്, പി.ഡബ്ല്യു.ഡി. ഒരൊറ്റ ചീഫ് എഞ്ചിനീയറുടെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. 1987-ൽ ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ അഞ്ചോ ആറോ ചീഫ് എഞ്ചിനീയർമാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 20-ലധികമായിരിക്കുകയാണ്. കെ.എസ്.ഇ.ബി.എൽ.-ൽ ചീഫ് എഞ്ചിനീയർമാരുടെ എണ്ണവും വനം വകുപ്പിൽ സി.സി.എഫ്.-മാരുടെ എണ്ണവും വർദ്ധിച്ചിരിക്കുന്നു. പോലീസിൽ മുമ്പ് ഒരു ഐ.ജി.തസ്തികയാണ് ഉണ്ടായിരുന്നത്. ഐ.ജി. ആയിരുന്ന ചന്ദ്രശേഖരൻ നായരുടെ പേരിലാണ് സ്റ്റേഡിയം നിർമ്മിച്ചിരിക്കുന്നത്. ഒറ്റ ഐ.ജി. ഉണ്ടായിരുന്ന കാലം. ഐ.ജി.മാരുടെ എണ്ണം കൂടിയപ്പോൾ ഒരു ഡി.ജി.പി. പോസ്റ്റുണ്ടാക്കി. ഇപ്പോൾ ഡി.ജി.പി.മാർതന്നെ നിരവധിയായി. ഓരോ വകുപ്പിലും ഉന്നത സ്ഥാനത്തെത്തുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുകയാണ്. നമ്മുടെ ആക്ടിവിറ്റീസ് കൂടുമ്പോൾ, staff strength വർദ്ധിക്കണം; ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഇവിടെക്കാണുന്നത്, താഴെത്തട്ടിലുള്ളവരുടെ എണ്ണം വർദ്ധിക്കാതെ തലപ്പത്തുള്ളവരുടെ എണ്ണംമാത്രം വർദ്ധിക്കുന്നത് അപകടകരമായൊരു പ്രവണതയാണ്. പഴയ കെട്ടിടത്തിലെ നിയമസഭയിൽ 1987-ൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ ആ ആശയത്തെ ഏറ്റവും കൂടുതൽ അനുകൂലിച്ച് സംസാരിച്ചത് അന്ന് ചെയറിലുണ്ടായിരുന്ന സ്പീക്കർ വർക്കല രാധാകൃഷ്ണനായിരുന്നു. അക്കാര്യം ഞാൻ ഇത്തരുണത്തിൽ സ്മരിക്കുകയാണ്. ഈ ബില്ലിലൂടെ തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം വർദ്ധിപ്പിച്ചും സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാതെ നിലനിർത്തുമ്പോൾ രണ്ട് കാര്യങ്ങൾക്ക് തുക തികയാതെ വരുന്നു എന്നുപറയുന്നതിൽ, ഒന്ന് നിലവിലെ നിരക്കിൽ ആനുകൂല്യങ്ങൾ തൊഴിലാളിക്ക് നൽകാനും ഒപ്പം ഭരണപരമായ ചെലവ് വർദ്ധിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. ഭരണപരമായ ചെലവുകൾ അമിതമായി വർദ്ധിക്കാതിരിക്കാനുള്ള ഒരു സൂത്രവാക്യം സർക്കാർ കണ്ടുപിടിക്കണം. ഇനി അതല്ല, നമ്മുടെ നിയന്ത്രണത്തിനുമപ്പുറത്തേയ്ക്ക് ചെലവുകൾ പോകുന്നുവെങ്കിൽ തൊഴിലാളിയുടെ അല്ലെങ്കിൽ തൊഴിലുടമയുടെ വിഹിതത്തിൽനിന്ന് അത് എടുത്തുപയോഗിച്ചുകൊണ്ട് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾക്ക് കുറവ് വരുന്നൊരു സാഹചര്യം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ഇന്ത്യയിൽ 8 ലക്ഷം ടൺ തോട്ടണ്ടി സംസ്കരിക്കാനുള്ള ശേഷിയുണ്ട്. പക്ഷേ നിവൃത്തികേടുകൊണ്ട് ഇന്ന് നമുക്ക് തോട്ടണ്ടി ലഭ്യമാകുന്നില്ല. യു.ഡി.എഫ്. ഭരണ കാലത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അന്ന് എല്ലാ ഫാക്ടറികളും അടഞ്ഞുപോയില്ലേ? ആ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചത് 2016-ൽ ആണ്. ഞാൻ ആ മന്ത്രിസഭയിൽ അംഗമായിരുന്നതുകൊണ്ട് അന്നത്തെ മന്ത്രി നടത്തിയ പരിശ്രമം കുറേയൊക്കെ എനിക്കും കാണാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും ദീർഘമായി കടക്കുന്നില്ല. ചർച്ചയിൽ പങ്കെടുത്ത ചില അംഗങ്ങൾ പട്ടിണി മരണം എന്നുപറഞ്ഞ് ഭീഷണി പ്പെടുത്തുകയുണ്ടായി, സംസ്ഥാനത്ത് ഒരു മേഖലയിലും പട്ടിണി മരണമുണ്ടായിട്ടില്ല. അങ്ങനെതന്നെ നിൽക്കാൻ കശുവണ്ടി മേഖലയിലും നമുക്ക് കഴിയുന്നുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ നൽകാനാവശ്യമായ അസംസ്കൃത പദാർത്ഥത്തിന്റെ ദൗർലഭ്യമാണ് ഇന്ന് ഈ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നം. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാതെ ഈ മേഖലയ്ക്ക് നിലനിൽക്കാനാകില്ല. ഇപ്പോൾ പ്രധാനമായും ആശ്വാസ ക്ഷേമനിധി ബോർഡിന്റെ കാര്യങ്ങളാണ് ചർച്ച ചെയ്യുന്നതെങ്കിലും തൊഴിലാളികളുടെ താൽപ്പര്യങ്ങൾ ഹനിക്കപ്പെടാതിരിക്കാനുള്ള പരമപ്രധാനമായ കാര്യം അസംസ്കൃത പദാർത്ഥമായ തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കലാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിയപ്പോൾ നമ്മുടെ കൺമുമ്പിലുണ്ടായ ഒരു വലിയ ദുരന്തമുണ്ട്. ഒരു കാലഘട്ടത്തിൽ കാസർഗോഡുൾപ്പെടെയുള്ള ജില്ലകളിൽ 'എൻഡോസൾഫാൻ' എന്ന മാരകമായ കീടനാശിനി കശുമാവിൻ തോട്ടങ്ങളിൽ തളിച്ചതിനാൽ ഏകദേശം ആറായിരത്തോളം കുടുംബങ്ങൾ ദുരിതത്തിലാവുകയാണ് ഉണ്ടായത്. ദുരിതബാധിതർക്ക് നഷ്ടപരിഹാരം ലഭ്യമായിയെന്നതുകൊണ്ട് കാര്യമില്ല. നഷ്ടപരിഹാരത്തിനപ്പുറത്തുള്ള അവരുടെ സമാനതകളില്ലാത്ത ദുരിതം ഞങ്ങളെല്ലാവരും പോയിക്കണ്ടതാണ്. ജന്മം തന്നെ പാഴാകുന്ന വളരെയേറെ വൈകല്യം ബാധിച്ച കുട്ടികളുൾപ്പെടെയുള്ള വലിയൊരു സമൂഹംതന്നെ അവിടെയുണ്ട്. നഷ്ടപരിഹാരത്തേക്കാളുപരിയായി അവരുടെ പുനരധിവാസത്തിനുള്ള സാദ്ധ്യതകൾ ഇനിയും യഥാർത്ഥത്തിൽ ബാക്കി നിൽക്കുകയാണ്. തോട്ടണ്ടി മേഖലയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ അവരുടെ കാര്യവും സംബോധന ചെയ്യപ്പെടേണ്ട ഒരു പ്രധാന വിഷയമാണെന്നതിലുള്ള അങ്ങയുടെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ പോകാനും നിരവധി രോഗികളെയും വൈകല്യം നിറഞ്ഞ കുട്ടികളെയും കാണാനുമുള്ള ദൗർഭാഗ്യകരമായ

നിയോഗം എനിക്കുമുണ്ടായിട്ടുണ്ട്. അക്കാര്യങ്ങൾ പറയാൻതന്നെ ഞാൻ ഇഷ്ടപ്പെടുന്നില്ല. രോഗികളായ കുട്ടികളുടെ മുഖങ്ങൾ മനസ്സിലെത്തുമ്പോൾത്തന്നെ ഭീതിയും വേദനയുമാണ് അനുഭവപ്പെടുന്നത്. ഏതൊക്ക പാക്കേജുകളും സഹായധനവും നൽകിയാലും പകരമായി എന്തെല്ലാം സംവിധാനംതന്നെ വന്നാലും എത്ര തുക കൊടുത്താലും മനുഷ്യ ജീവനോ അവരുടെ ജീവിതമോ നഷ്ടപ്പെടുത്തിയതിന് പകരമാകില്ലെന്ന വിശ്വാസക്കാരനാണ് ഞാൻ. ഇങ്ങനെയുണ്ടാകുമ്പോൾ പകരമായി ജോലി കൊടുത്താലോ, കുടുംബത്തിന് എന്തെങ്കിലും ഉപജീവനമാർഗ്ഗം നൽകിയാലോ ഇതിനൊന്നും പകരമാകില്ലെന്നാണ് പറയാനുള്ളത്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ദുരിതങ്ങൾ കാണാനിടയായത് ഞാൻ ഓർക്കാൻതന്നെ ഇഷ്ടപ്പെടുന്നില്ല, ബഹുമാനപ്പെട്ട ചീഫ് വിപ്പ് സൂചിപ്പിച്ച കാര്യമായതിനാൽ പ്രതികരിക്കാതിരിക്കുന്നതും ശരിയല്ലല്ലോ. 1970-കളിൽ ഏറ്റവും കൂടുതൽ കശുമാവ് കൃഷിയും തോട്ടണ്ടി ഉത്പാദനവും ഉണ്ടായിരുന്നത് കേരളത്തിലായിരുന്നു. എന്നാൽ കശുമാവ് കൃഷിയിൽ കേരള സംസ്ഥാനം ഇന്ന് 6-ാം സ്ഥാനത്തും തോട്ടണ്ടി ഉത്പാദനത്തിൽ 4-ാം സ്ഥാനത്തുമാണ്. 1970-ൽ ഏകദേശം 2 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ഉത്പാദിപ്പിച്ചുവെന്നാണ് പറയുന്നത്. എന്നാൽ ഇന്നത് 50000 മെട്രിക് ടണ്ണായി കുറഞ്ഞു, ഇന്നത്തെ ആവശ്യങ്ങളുടെ അടുത്തുപോലും ഇതെത്തുന്നില്ല. കശുമാവ് കൃഷിസ്ഥലങ്ങളുടെ വിസ്തൃതിയിൽ വളരെയധികം കുറവുണ്ടായിട്ടുണ്ട്. ഉത്പാദനശേഷി കുറവുള്ള കശുമാവിൻ തൈകൾ ഉപയോഗിച്ചതും ലാഭകരമല്ലാതെ വന്നപ്പോൾ പ്രത്യേകിച്ച് മധ്യകേരളമുൾപ്പെടെയുള്ള മേഖലകളിൽ കർഷകർ റബ്ബർ കൃഷിയിലേയ്ക്ക് തിരിഞ്ഞതും ഉത്പാദനത്തിൽ ഇടിവുണ്ടാക്കി. എന്നാൽ റബ്ബർ മേഖലയും നഷ്ടത്തിലായത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഉത്പാദനശേഷിയുള്ള തൈകൾവേണം ഉപയോഗിക്കേണ്ടത്. ഇപ്പോൾ ഒരു ഹെക്ടർ സ്ഥലത്തു നിന്നും രണ്ടും മൂന്നും ടൺ തോട്ടണ്ടി ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഗ്രാഫ്റ്റ് തൈകൾ വളർത്തിയെടുത്തിട്ടുണ്ട്. അവ ഉപയോഗിച്ച് ഉത്പാദനം മെച്ചപ്പെടുത്തിയും തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിച്ചും ഈ മേഖലയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. ഇറക്കുമതിയാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ളൊരു മാർഗ്ഗം. ഇറക്കുമതിമൂലം വിദേശനാണ്യശേഖരത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016 ആഗസ്റ്റ് മാസം 16-ാം തീയതിയാണ് കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ തുടങ്ങിയത്. കശുവണ്ടി വികസന കോർപ്പറേഷനും (Kerala State Cashew Development Corporation) കാപ്പെക്സിനും (The Kerala State Cashew Workers Apex Industrial Co-operative Society) തോട്ടണ്ടി ലഭ്യമാക്കാനാണ് കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. ഇതിനെ ഒരു വെള്ളാനയായി ചിത്രീകരിക്കേണ്ട കാര്യമില്ല. സാങ്കേതിക കാരണങ്ങളാൽ വികസന കോർപ്പറേഷനോ കാപ്പെക്സിനോ തോട്ടണ്ടി

ഇറക്കുമതി ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ അത് ഉറപ്പാക്കാൻ വേണ്ടിയാണ് കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. ഇതിനുശേഷമാണ് ചെറിയ തോതിലെങ്കിലും തൊഴിലുറപ്പാക്കുന്ന നടപടിയിലേയ്ക്ക് നമുക്ക് നീങ്ങാൻ കഴിഞ്ഞത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് റബ്ബർ മേഖലയിൽനിന്നും വരുന്ന ഒരംഗമാണെങ്കിൽപ്പോലും കശുവണ്ടി മേഖലയെ സംബന്ധിച്ചും വളരെ നന്നായി അവതരിപ്പിക്കുന്നുണ്ട്. അങ്ങിവിടെ പ്രധാനമായും തോട്ടണ്ടി ഇറക്കുമതിയെക്കുറിച്ചാണ് സൂചിപ്പിച്ചത്. കേരളത്തിൽ 742-ൽ കൂടുതൽ കശുവണ്ടി ഫാക്ടറികൾ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവ ഏറ്റവും കൂടുതലുള്ളത് കൊല്ലം ജില്ലയിലാണ്. ഫാക്ടറികളിലേയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്തിരുന്നത് ചില ഇടനിലക്കാരായിരുന്നു. ഇടനിലക്കാർ വന്നതിനാൽ ഇറക്കുമതി കമ്മീഷൻ വ്യവസ്ഥയിലായി. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലയളവിലാണ് കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾക്ക് ഒരു വർഷം 212 ദിവസം തൊഴിൽ ലഭിച്ചത്. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഒരു വർഷം 44 ദിവസമേ തൊഴിൽ ലഭിച്ചിരുന്നുള്ളൂ. ടാൻസാനിയ അടക്കമുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്തത് ഇടനിലക്കാരായിരുന്നു. ആ സ്ഥിതി മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സഖാവ് വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് സുതാര്യത വരണമെന്ന ലക്ഷ്യത്തോടെ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. വെള്ളാനകളെ സംരക്ഷിക്കുന്നതിനുവേണ്ടിയല്ല അന്നത്തെ ഗവൺമെന്റ് ഇത്തരത്തിലൊരു തീരുമാനമെടുത്തതെന്ന് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമല്ലേ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ പ്രസംഗം ചുരുക്കുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ആ മേഖലയിൽനിന്നും വരുന്ന എം.എൽ.എ. എന്ന നിലയിൽ ആധികാരികമായി പറയാൻ അദ്ദേഹത്തിന് കഴിയുമെന്നാണ് എന്റെ വിശ്വാസം. കശുവണ്ടി വികസന കോർപ്പറേഷനുകീഴിൽ ഏതാണ്ട് 800-ൽ താഴെ ഫാക്ടറികളുണ്ട്. 3 ലക്ഷം തൊഴിലാളികളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഇതിൽ ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തത് 1,62,000 ആളുകളാണ്. അതിൽത്തന്നെ 90 ശതമാനത്തിലധികവും സ്ത്രീത്തൊഴിലാളികളാണ്. അപ്പോൾ സ്ത്രീശാക്തീകരണത്തിന്റെ മറ്റൊരു രൂപമാണ് കശുവണ്ടി മേഖല. 2017-ൽ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചതിനുശേഷമാണ് കശുവണ്ടി ഉത്പാദന രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതിചെയ്ത് നമുക്ക് തൊഴിൽ ഉറപ്പാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നിയമസഭയിൽ സമർപ്പിച്ച കണക്കനുസരിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511

ദിവസവും കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. ഇതുകൊണ്ട് ഒന്നുമാകുന്നില്ല, മുപ്പതും നാൽപ്പതും ഫാക്ടറികൾ മാത്രമേ അങ്ങനെ ലഭ്യമാകുന്നുള്ളൂ. അതുകൊണ്ട് കേരള കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സും പ്രവർത്തിക്കണം. ഒരു തൊഴിലാളിക്ക് പ്രതിവർഷം 200 തൊഴിൽദിനങ്ങളെങ്കിലും ഉറപ്പാക്കുകയെന്നത് സ്വകാര്യമേഖലയിലടക്കം ആവശ്യമാണ്. സ്വകാര്യമേഖലയിലെ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതിനുള്ള കാരണം കണ്ടെത്തണം. കടക്കെണിയിലായിരിക്കുന്നവരെ 'മുതലാളിമാർ' എന്നുപറഞ്ഞ് ആക്ഷേപിച്ചിട്ട് കാര്യമില്ല, അവരും ഈ സമൂഹത്തിന്റെ ഭാഗമാണ്. അവർ സജ്ജരായി ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചാൽ മാത്രമേ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്ന അവസ്ഥാവിശേഷം സംജാതമാകുകയുള്ളൂ.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാപ്പെക്സിലും കശുവണ്ടി വികസന കോർപ്പറേഷനിലും തൊഴിൽ ദിനങ്ങൾ കൂടുതൽ നൽകിയിട്ടുണ്ട്. ഇവിടങ്ങളിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ ഓരോ ആറ് മാസത്തെ ഇടവേളകളിലും 78 ദിവസത്തെ ഹാജർ നിർബന്ധമാണ്. ഈ 78 ദിവസത്തെ ഹാജരില്ലെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം വരും. അവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി അങ്ങനെയൊരു ക്രമീകരണം ഉണ്ടാകേണ്ടത് വളരെ അനിവാര്യമല്ലേ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഹാജർ ദിനങ്ങളുടെ എണ്ണം കുറച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അത് പൂർണ്ണമായും പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ഈ ഉത്തരവ് നടപ്പാക്കിയപ്പോൾ സ്വകാര്യ മാനേജുമെന്റ് മുതലാളിമാർ അത് നടപ്പാക്കാത്തൊരു പ്രശ്നമുണ്ട്. അത് പരിഹരിക്കാൻ കഴിയണം. അതേസമയം ആ മേഖലയിലെ ഫാക്ടറികളിൽക്കൂടി പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തണം. ഭരണപരമായ ചെലവുകൾക്കുവേണ്ടി തൊഴിലാളികൾ അടയ്ക്കുന്ന വിഹിതം ദുർവിനിയോഗം ചെയ്യപ്പെടാതെ അതിന്റേതായ ചെലവുകൾ നിർവ്വഹിക്കപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ തോട്ടണ്ടി ലഭ്യമാക്കാനുതകുന്ന രീതിയിൽ ഉൽപ്പാദന ശേഷിയുള്ള തൈകൾ ലഭ്യമാക്കി കൃഷി വ്യാപനം നടത്തുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടാണെങ്കിൽപ്പോലും തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നടപടികളിലേയ്ക്ക് സർക്കാർ നീങ്ങണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ ബില്ലിലെ നിബന്ധനകൾ നടപ്പിലാക്കുന്നതോടൊപ്പം ആനുകൂല്യങ്ങൾ നൽകുന്നതിനും ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ അനിവാര്യമായ ഇത്തരം നടപടികൾക്ക് ഗവൺമെന്റ് പരിഗണന കൊടുക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ടി. സിദ്ദിഖ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കർഷകത്തൊഴിലാളി ഇല്ലെങ്കിൽ കർഷകനില്ല, കർഷകനില്ലെങ്കിൽ നമ്മുടെ രാജ്യമില്ല, കർഷകനില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ ആത്മാവും ഇല്ല. ഇതിന്റെയെല്ലാം അടിസ്ഥാന ഘടകമായ കർഷകത്തൊഴിലാളികൾക്ക് വേണ്ടിയാണ് നമ്മൾ സംസാരിക്കുന്നതും ഇടപെടുന്നതുമെന്ന കാര്യം വളരെ ശ്രദ്ധേയമാണ്. മണ്ണിൽ വിയർപ്പ് ഒലിപ്പിച്ച് കനകം വിളയിക്കുന്ന കർഷക തൊഴിലാളികളുടെ ദീനരോദനങ്ങളുടെ നീണ്ട കഥകൾ പലസമയത്തും ഈ നിയമസഭയിൽ ഗൗരവമായി ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇതിനാധാരമായ വിഷയങ്ങളെ സംബന്ധിച്ച് ഗൗരവ ത്തോടെയുള്ള ഒരു ചർച്ചയും തീരുമാനങ്ങളും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കവി പറഞ്ഞതുപോലെ.....

"ധനാഢ്യരേ, ധർമ്മവഴിക്കു നിങ്ങൾ

കാണിക്കവെക്കും നറുമുത്തിനെക്കാൾ

കൂലിപ്പണിക്കാരിവർ തൻ വിയർപ്പു-

നീർത്തുള്ളിയാണീശ്വരനേറെയിഷ്ടം......."

തൊഴിലാളികളുടെ വിയർപ്പിന്റെ കണികയാണ് ഈശ്വരന്റെ മുന്നിൽ ഏറ്റവും ബഹുമാന്യമായിട്ടുള്ളതെന്ന വചനം അന്വർത്ഥമാക്കുന്നതുപോലെ, കർഷകത്തൊഴി ലാളികളെ സംരക്ഷിക്കുകയെന്നത് ഈശ്വര കൃപകൂടിയാണെന്നുള്ള ഏറ്റവും വലിയ ധന്യതയിൽ നിന്നുകൊണ്ടാണ് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഏഴ് സർക്കാർ പ്രതിനിധികളും ഏഴ് കർഷക പ്രതിനിധികളും ഏഴ് തൊഴിലാളി പ്രതിനിധികളും ഒരു ചെയർമാനും ഒരു സി.ഇ.ഒ.-യും ഉൾപ്പെടെ 127 ജീവനക്കാരാണുള്ളത്. ഈ ക്ഷേമനിധി ബോർഡ് ഒരുമാസം ചെലവഴിക്കുന്നത് 34,31,623 രൂപയാണ്. ഇത് നൽകുന്നത് പാവപ്പെട്ട തൊഴിലാളികളുടെ അംശദായത്തിൽ/കർഷകരുടെ വിഹിതത്തിൽ നിന്നാണ്. വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന തുകയുടെ പലിശ ഉപയോഗിച്ചാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. സർക്കാരിന്റെ പ്രത്യേക ഗ്രാന്റോ അനുബന്ധ സംവിധാനങ്ങളോ ഈ ബോർഡിന്റെ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളവും ഓണറേറിയമുൾപ്പെടെയുള്ള കാര്യങ്ങൾക്കുംവേണ്ടി നീക്കിവയ്ക്കുന്നില്ലെന്നുള്ളത് ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇതിലെ പ്രധാനപ്പെട്ട ഒരു വിഷയം, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 12-8-2020-ലെ

458/എ 2/2020-ാം നമ്പർ കത്തിലെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ്. ഈ ചർച്ചയുടെ അടിസ്ഥാനപരമായൊരു ഘടകമെന്നുപറയുന്നതും ഈ നിർദ്ദേശങ്ങളാണ്. അതിലൊന്ന്, കർഷക തൊഴിലാളികളുടെ മക്കൾക്ക് ഒന്നാം ക്ലാസ് മുതൽ പി.ജി. വരെയുള്ള വിദ്യാഭ്യാസ സഹായം വർദ്ധിപ്പിക്കണമെന്നതായിരുന്നു. മറ്റൊന്ന്, മാരകരോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം; അതുപോലെതന്നെ റിട്ടയർ ചെയ്യുന്ന സമയത്തെ അതിവർഷാനുകൂല്യം. ഏറെ ഖേദകരമെന്ന് പറയട്ടെ, മേൽപ്പറഞ്ഞ മൂന്ന് കാറ്റഗറികളെക്കുറിച്ചും ഈ ബില്ലിൽ ഒരുകാര്യം പോലും പറഞ്ഞിട്ടില്ലെന്ന വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പാവപ്പെട്ട ലക്ഷോപലക്ഷംവരുന്ന കർഷകത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം, മാരകമായ അസുഖങ്ങൾക്കുള്ള ചികിത്സാസഹായം, അതുപോലെ അവർ റിട്ടയർ ചെയ്യുന്ന സമയത്ത് കൊടുക്കുന്ന തുകയുടെ കാര്യങ്ങൾ ചർച്ച ചെയ്യാതെ വെറുതെ സമയം ചെലവഴിച്ചിട്ടെന്ത് കാര്യമാണുള്ളത്? ഗുരുതരമായ പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു മേഖലയുടെ പ്രശ്നങ്ങളാണ് സർക്കാരിന്റെ മുന്നിൽ ചൂണ്ടിക്കാണിക്കുന്നത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2-9-2021-ലെ സർക്കുലർ നമ്പർ 5-ൽ ചില ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ആ ആനുകൂല്യങ്ങളെ സംബന്ധിച്ചാണ് പല ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിച്ചത്. അതിൽത്തന്നെ പല ലിമിറ്റേഷൻസും വരുത്തി. ലിമിറ്റേഷന്റെ കാര്യം പറയുമ്പോൾ ഒരു കാര്യം പ്രത്യേകിച്ച് ചൂണ്ടിക്കാണിക്കുന്നു, ഇപ്പോൾ കർഷകത്തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും വലിയ ആനുകൂല്യം ഏതാണെന്ന് ചോദിച്ചാൽ അത് അതിവർഷാനുകൂല്യം തന്നെയാണ്. 40 വർഷം പിഴകൂടാതെ അംശദായം അടയ്ക്കുന്ന തൊഴിലാളിക്ക് അതിവർഷാനുകൂല്യമായി 25000 രൂപ ലഭിക്കും. അതാണ് പ്രധാനപ്പെട്ടൊരു ആകർഷണീയതയായി പറഞ്ഞത്. 40 വർഷം നാട്ടിലെ ജനങ്ങളുടെ പട്ടിണി മാറ്റാൻ അന്നദാതാവായി പ്രവർത്തിച്ച ഒരു കർഷകത്തൊഴിലാളിക്ക് ഇത്രയും വർഷത്തെ അംശദായം അടച്ചാൽ ലഭിക്കുന്ന തുക 25000 രൂപയാണ്. അത് രണ്ട് രൂപ അംശദായം അടയ്ക്കുന്ന കാലഘട്ടം മുതൽ തുടങ്ങിയ തുകയാണ്. ഒരു കാര്യംകൂടി ആലോചിക്കണം, ഒരു തൊഴിലാളി ഇന്ന് അംശദായമായി 20 രൂപ കൊടുക്കുമ്പോൾ അദ്ദേഹത്തിന് യഥാർത്ഥത്തിൽ അതിവർഷാനുകൂല്യമായി ലഭിക്കേണ്ടത് ഇരുപത്തിയേഴായിരത്തിൽപ്പരം രൂപയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കർഷക തൊഴിലാളി ക്ഷേമനിധിയുടെ ഭാഗമായി അതിവർഷാനുകൂല്യം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഇവിടെ വിശദീകരിച്ചതിനോട് നമുക്ക് യോജിപ്പാണുള്ളത്. ഈ വസ്തുത അംഗീകരിക്കുമ്പോഴും 2011-16-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അതിവർഷാനുകൂല്യം നൽകുന്നതിന് എന്ത് സഹായം ചെയ്തിട്ടുണ്ട്? 2011-16 ഭരണകാലത്ത്

അതിവർഷാനുകൂല്യം നൽകുന്നതിന് ഒരു രൂപപോലും കൊടുത്തില്ലെന്നതാണ് വസ്തുത. 300 കോടി രൂപ കുടിശ്ശികയായിരുന്നു. അത് കൊടുത്തുതുടങ്ങിയത് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അതിവർഷാനുകൂല്യത്തിന്റെ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുവേണ്ടി 150 കോടി രൂപ ഗവൺമെന്റ് വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരുന്നതുതന്നെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനാണ്. ഒരിക്കലും മറ്റ് ആനുകൂല്യങ്ങളെ സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്യാറില്ല. അത് തീരുമാനിക്കുന്നത് ക്ഷേമനിധി ബോർഡാണ്. ഈ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള റൂൾസ് തയ്യാറാക്കുന്നത് മറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടാണ്. അതുകൊണ്ട് ഈ വസ്തുത അവഗണിച്ചുകൊണ്ടുള്ള ഒരു നിലപാട് ഈ പ്രശ്നത്തിൽ സ്വീകരിക്കുന്നത് ശരിയാണോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ കാര്യഗൗരവത്തോടുകൂടി ഇടപെടുന്ന ആളാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡുൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളൊക്കെ ആകർഷണീയമായുള്ള ഒരു താങ്ങാണ്. 20 ലക്ഷത്തിലധികം വരുന്ന കർഷക തൊഴിലാളികൾ നമുക്കുണ്ടായിരുന്നു. ബോർഡുകളിൽ ഓരോ സമയത്തും രജിസ്റ്റർ ചെയ്തു, അംശദായം കൃത്യതയോടെ അടയ്ക്കുന്ന തൊഴിലാളികളുണ്ടായിരുന്നു. 2020 മാർച്ച് മാസത്തെ കണക്കുപ്രകാരം 15,87,620 തൊഴിലാളികളുണ്ട്. ഇന്ന് കുടിശ്ശിക അടക്കം പൂർണ്ണമായി അംശദായം അടച്ച തൊഴിലാളികളുടെ എണ്ണം 6,01,100 ആണ്. അതിന്റെ അർത്ഥം, ഒൻപത് ലക്ഷത്തിലധികം ആളുകൾ കുറഞ്ഞ സമയത്തിനുള്ളിൽ വിത്ഡ്രോ ചെയ്തുയെന്നതാണ്. എന്താണ് അതിനുകാരണം? കാരണം ഇത് തൊഴിലാളികൾക്ക് താങ്ങാകേണ്ട സമയത്ത്, അത്യാവശ്യ ഘട്ടങ്ങളിൽ ഇത് ഉപകരിക്കുന്നില്ല. ഞാൻ ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞ ചോദ്യത്തിലേയ്ക്ക് വരികയാണ്, 'ഞങ്ങൾ ഇതൊക്കെ കൊടുത്തു കഴിഞ്ഞിരിക്കുന്നു' എന്നാണ് പറയുന്നത്. 2013-14 ലെ ആനുകൂല്യങ്ങളാണ് ഇപ്പോഴും ഈ ബോർഡ് കൊടുത്തുകൊണ്ടിരിക്കുന്നതെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തോട് ഞാൻ പറയുകയാണ്. പ്രസവാനുകൂല്യം പ്രസവ സമയത്ത് കൊടുക്കാതെ മക്കളുടെ വിവാഹത്തിന് കൊടുക്കുന്ന അവസ്ഥയിലാണ് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം. ഇതുപോലെ ഗൗരവതരമായി ഡിലേ വന്ന പ്രോസസ്സുകളില്ല. ഇപ്പോൾ 2013-ലെ ആനുകൂല്യം കൊടുക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ കൊടുക്കുന്ന അതിവർഷാനുകൂല്യം 25000 രൂപയാണ്. അത് ഒരു ലക്ഷം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. അഞ്ചുരൂപയായിരുന്ന അംശദായം ഇപ്പോൾ ഇരുപത് രൂപയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അത് മിനിമം തുകയാണ്. നാൽപ്പതുകൊല്ലം ജോലി ചെയ്ത്,

കൃത്യമായി പണമടച്ച് റിട്ടയർ ചെയ്യുന്ന ഒരാൾക്ക് ഒരു ലക്ഷം രൂപയെങ്കിലും മിനിമം കൊടുക്കാനുള്ള നടപടി ഇക്കാര്യത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. തൊഴിലാളിയുടെ അംശദായം അഞ്ച് രൂപ യായിരുന്നപ്പോഴും റിട്ടയർമെന്റ് ആനുകൂല്യം ഇരുപത്തിയയ്യായിരം രൂപയാണ്. അത് ഇരുപത് രൂപയാകുമ്പോഴും ഇരുപത്തിയയ്യായിരം രൂപയാണ് ആനുകൂല്യമായി നൽകുന്നത്. അതിന് മാറ്റം വരുത്തണം. ഈ അമെന്റ്മെന്റിന്റെകൂടെ നിങ്ങൾ കൊണ്ടുവരേണ്ട അതിപ്രധാനമായ ഭേദഗതിയാണിത്. മാത്രമല്ല, ഒരു തൊഴിലാളി നാൽപ്പതുകൊല്ലക്കാലം ഈ തുക അടച്ചുകഴിഞ്ഞാൽ അവന് കിട്ടേണ്ടതും അവകാ ശപ്പെടുന്നതുമായ തുക ഇരുപത്തിയയ്യായിരം രൂപയല്ല. അവർക്ക് നിർബന്ധമായും ഇരുപത്തിയേഴായിരം രൂപ നിയമമനുസരിച്ച് പ്രാഥമികമായി ലഭ്യമാക്കണം. കാരണം അതിനനുസരിച്ചുള്ള തുകയാണ് അവർ അടയ്ക്കുന്നത്. അപ്പോൾ അവരുടെ ആനുകൂല്യത്തിൽ കുറവുവരുത്താതെ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്ക ണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരണാനന്തര ധനസഹായം മൂവായിരം രൂപയിൽനിന്നും അയ്യായിരം രൂപയാക്കി മാറ്റുകയാണ്. കർഷകത്തൊഴിലാളികളുടെ വീടുകളുടെ അവസ്ഥയും ജീവിത സാഹചര്യങ്ങളും നമുക്കറിയുന്നതാണ്. കർഷകത്തൊഴിലാളികളിൽ ഏറിയ പങ്കും സാമൂഹ്യപരമായി പല സാഹചര്യങ്ങളെയും നേരിട്ടിട്ടുള്ളവരാണ്. അയ്യങ്കാളിയുടെ സമരമുൾപ്പെടെ സാമൂഹ്യ നവോത്ഥാന വിപ്ലവ പ്രസ്ഥാനങ്ങളിലൂടെ ഉഴുതുമറിച്ചതായ, നവോത്ഥാന മൂവ്മെന്റുകളിൽ മുഴുവൻ പാത്രീഭവിക്കപ്പെട്ടതായിട്ടുള്ള മണ്ണാണ് പാവപ്പെട്ട കർഷകത്തൊഴിലാളികളുടേത്. കർഷകത്തൊഴിലാളികളുടെ മരണാനന്തര സഹായം മൂവായിരം രൂപയിൽനിന്ന് അയ്യായിരം രൂപയാക്കിയാൽ മതിയോ? മരണം നടന്നാൽ ഹൈന്ദവ ആചാരപ്രകാരം ദഹിപ്പിക്കും; മുസ്ലീം, ക്രിസ്ത്യൻ ആചാര പ്രകാരം അവരെ ഖബറടക്കും; അതിനുവേണ്ടി ചെലവഴിക്കുന്ന തുകയെത്രയാണ്; മറ്റ് കർമ്മങ്ങൾ നിർവ്വഹിക്കാൻ എത്ര രൂപ ചെലവാകും? മരണാന്തര പ്രാർത്ഥന നടത്താനും അനുബന്ധമായിട്ടുള്ള ചടങ്ങുകൾ നടത്താനും എത്ര രൂപ ചെലവാകും? ഒരു ഗ്യാസ് സിലിണ്ടറിന്റെ വില എത്ര കൂടിയിരിക്കുകയാണ്? ഏതെല്ലാം തലങ്ങളിൽ നമ്മൾ പ്രയാസങ്ങൾ നേരിടുന്നു? അതുകൊണ്ട് മരണാനന്തര ധനസഹായം അയ്യായിരം രൂപയെന്നുള്ളത് ഇരുപതിനായിരം രൂപയെങ്കിലുമാക്കി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം.

ചികിത്സാച്ചെലവിനെക്കുറിച്ചാണ് അടുത്തതായി സൂചിപ്പിക്കുന്നത്. 16-8-2021-ലെ ഓർഡറിൽ ചികിത്സാച്ചെലവ് ആയിരം രൂപയുണ്ടായിരുന്നത് നാലായിരമായി വർദ്ധിപ്പിച്ചു. അവിടെ നിങ്ങൾ ഒരു clause ചെയ്തു. അവിടെയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആ clause-ൽ എന്താണ് പറയുന്നത്? clause-ലുള്ളത്

മൂന്നവർഷത്തിലൊരിക്കൽ മാത്രമേ നാലായിരം രൂപ കിട്ടുകയുള്ളൂവെന്നാണ്; ഇത് വലിയ അനീതിയാണ്. കർഷകത്തൊഴിലാളിക്ക് അസുഖം വരുന്നതിന് മൂന്നവർഷമോ രണ്ടുവർഷമോ, ഒരു വർഷമോ എന്ന കാലാവധിയുണ്ടോ? അതും നിങ്ങൾ നിശ്ചയിക്കുകയാണ്. ആയിരം രൂപയെന്നത് നാലായിരം രൂപയാക്കുമ്പോൾ അവിടെ നിങ്ങൾ ഒരു clause ചെയ്യുകയാണ്. ആ clause-ൽ സൂചിപ്പിക്കുന്നത് മൂന്നു വർഷത്തിലൊരിക്കൽ മാത്രമേ നിങ്ങൾ ഈ സഹായം നൽകുകയുള്ളൂവെന്നാണ്.

വിവാഹ ധനസഹായം രണ്ടായിരം രൂപയുണ്ടായിരുന്നത് അയ്യായിരം രൂപയാക്കുകയുണ്ടായി. ഒരു പവൻ സ്വർണ്ണത്തിന്റെ വില ഇന്ന് ഏകദേശം 37,000 രൂപയാണ്. ഒരു കിലോ അരിയുടെ വില 40 രൂപയാണ്. പാവപ്പെട്ട കർഷകത്തൊഴിലാളിയുടെ വിവാഹത്തിന് കൊടുക്കുന്ന അയ്യായിരം രൂപകൊണ്ട് എങ്ങനെയാണ് അവർക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നത്? സാമൂഹ്യജീവിത ക്രമവുമായി സാമാന്യരീതിയിലുള്ള കാഴ്ചപ്പാടില്ലാതെയാണ് ഈ തുക നിശ്ചയിച്ചിരിക്കുന്നതെന്നതാണ് ഇതിലെ ഗൗരവമായ സാഹചര്യം. ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിരിക്കുന്നത് സാമ്പത്തികമായ പുതിയൊരു ബാദ്ധ്യതയും സർക്കാരിന് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് വരുന്നില്ലയെന്നാണ്. അതിലേയ്ക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഞാൻ അവസാനിപ്പിക്കാം. ധനകാര്യമെമ്മോറാണ്ടത്തിന്റെ പേജ് 7-ൽ സർക്കാർ പറയുന്നത്, ഒരു അധികച്ചെലവും ഉണ്ടാകില്ലെന്നാണ്. കർഷകത്തൊഴിലാളിയുടെ വിഹിതം 5 രൂപയിൽ നിന്ന് 20 രൂപയായി വർദ്ധിപ്പിക്കുമ്പോൾ അധികച്ചെലവുണ്ടാകണ്ടേ? എല്ലാ ആക്ടുകളിലും കൃത്യമായി പറയുന്നുണ്ടല്ലോ. സമയക്കുറവായതിനാൽ ഞാൻ ഓരോന്നും വായിക്കുന്നില്ല. 2011-ലെ കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ബില്ലിലെ sub clause-4-ൽ പറയുന്ന പ്രധാനപ്പെട്ട കാര്യം, "The Government shall contribute to the Fund every year, by way of grant, an amount equal to that of the contribution paid by registered agricultural workers...". രജിസ്റ്റേർഡ് അഗ്രികൾച്ചർ വർക്കർ കൊടുക്കുന്ന തുകയ്ക്ക് തത്തുല്യമായ തുക സർക്കാർ അടയ്ക്കുമെന്നുള്ളതാണ്. ഇവിടെ ഒരു തൊഴിലാളിയോട് ഇരുപത് രൂപ അടയ്ക്കാൻ നിങ്ങൾ ആവശ്യപ്പെടുമ്പോൾ തത്തുല്യമായ തുക 1974-ലെ ആക്ട് മുതൽ ഇതുവരെയുള്ളതായിരിക്കുന്ന എല്ലാ ആക്ടുകളിലും........

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്നൊഴിയുമ്പോൾ പെൻഷൻ 600 രൂപ ആയിരുന്നു. ഇപ്പോൾ പെൻഷൻ 1600 രൂപയാണ്. കർഷകത്തൊഴിലാളി പെൻഷൻ 1600 രൂപ കൊടുക്കുന്നത് ക്ഷേമനിധിയുടെ ഭാഗമായിട്ടല്ല, ഗവൺമെന്റാണ് കൊടുക്കുന്നത്. അതുകൊണ്ട് കർഷകത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെല്ലാം പരിശോധിച്ചു കഴിഞ്ഞാൽ ഗവൺമെന്റ് നൽകുന്ന തുകയാണ് തൊഴിലാളികൾക്ക് പ്രധാനമായും ആശ്വാസ

മായിട്ടുള്ളത്. ക്ഷേമനിധിയുടെ ഭാഗമായി ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഭേദഗതി കർഷകത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ തന്നെയാണ്. ഒരു സംശയവും വിചാരിക്കേണ്ട, കഴിഞ്ഞ ഭരണകാലത്തുള്ള അനുഭവങ്ങൾവച്ച് നോക്കിക്കഴിഞ്ഞാൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കർഷകത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഇടപെടൽ വരുമ്പോൾ അതിന് മറുപടി പറയണം. അതിന് സമയം നൽകിയാൽ മതി. സീരിയസ്സായതും വ്യക്തത വരുത്തേണ്ടതുമായ കാര്യങ്ങളാണ് പറയുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ കേരളത്തിലെ പാവപ്പെട്ടവർക്ക് രണ്ട് പെൻഷനുൾപ്പെടെ ലഭ്യമാക്കിയിരുന്നു. എന്നാൽ അതിനെ ഒറ്റ പെൻഷനാക്കി മാറ്റിയ ഗവൺമെന്റായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പെൻഷൻ കൊടുക്കുന്നത് ഗവൺമെന്റാണെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഇവിടെ പ്രധാനപ്പെട്ട കാര്യം അംശദായം 5 രൂപയുണ്ടായിരുന്നത് 20 രൂപയാക്കിയെന്നതാണ്.

ശ്രീ. എം. എം. മണി: സർ, നിങ്ങളുടെ ഭരണകാലത്ത് പാവപ്പെട്ടവർക്കും കർഷകത്തൊഴിലാളികൾക്കും കൊടുത്ത പെൻഷനിൽ എത്രമാത്രം കുടിശ്ശിക വന്നുവെന്നുള്ള കാര്യം മെമ്പർക്കറിയാമോ?

ശ്രീ. ടി. സിദ്ദിഖ്: സർ, അതുസംബന്ധിച്ച് നേരത്തെ ഇവിടെ സംസാരിച്ചു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇവിടെ യു.ഡി.എഫ്.ന്റെ ഭരണകാലത്തെ കുടിശ്ശികയെക്കുറിച്ച് പറയുകയുണ്ടായി. 2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴും കർഷകത്തൊഴിലാളി പെൻഷൻ വലിയ കുടിശ്ശികയായിരുന്നു. അക്കാര്യം അറിയാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2011-ൽ കുടിശ്ശികയുണ്ടായിരുന്നുവെന്നുള്ളത് തെറ്റിദ്ധാരണാജനകമായ ഒരു സ്റ്റേറ്റ്മെന്റാണ്. 2011-ൽ അത്ര കുടിശ്ശിക ഇല്ലായിരുന്നു. തെറ്റായ സ്റ്റേറ്റ്മെന്റ് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇടപെട്ടത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോഴുള്ള കാര്യമാണ് പറഞ്ഞത്. അത് പരിശോധിച്ചോളൂ.

ശ്രീ. ടി. സിദ്ദിഖ്: സർ, 2011-ൽ ഉണ്ടായിരുന്ന കുടിശ്ശിക, യു.ഡി.എഫ്. ഗവൺമെന്റ് പരമാവധി തീർത്താണ് ഇറങ്ങിപ്പോയത്. അതൊക്കെ നമുക്കറിയാവുന്നതായിട്ടുള്ള കാര്യങ്ങളാണ്.

മി. ചെയർമാൻ: യെസ്....യെസ്....

ശ്രീ. ടി. സിദ്ദിഖ്: സർ, ഇതിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നൊരു കാര്യം, '.....കർഷകത്തൊഴിലാളികളുടെയും നിലവിലുള്ള അംശദായ നിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്, കൂടാതെ സർക്കാർ ഗ്രാന്റ് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥ ഭേദഗതി ചെയ്യുവാനും തീരുമാനിച്ചു.' ഇത് ഭേദഗതി ചെയ്യുന്നത് ഏറെ രസകരമായിട്ടുള്ള ഒരു ക്രമീകരണമാണ്. പാവപ്പെട്ട തൊഴിലാളികൾക്ക് കിട്ടേണ്ടതായ എല്ലാവിധ ആനുകൂല്യവും ലഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം അവർക്കെതിരായിട്ടുള്ള നടപടികളാണ് ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്നതെന്നുള്ളത് പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 18 സംസ്ഥാനങ്ങളും 6 കേന്ദ്ര ഭരണപ്രദേശങ്ങളും ഇന്ധനനികുതി കുറച്ചു. പഞ്ചാബിൽ ഇന്നലെ പെട്രോളിന് 5 രൂപയും ഡീസലിന് 10 രൂപയും കുറയ്ക്കുകയുണ്ടായി. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പ്രധാനപ്പെട്ട ഒരുകാര്യം പറഞ്ഞിരുന്നു; നിങ്ങൾ കുറയ്ക്കുകയില്ലേയെന്ന് ചോദിച്ചപ്പോൾ ഞങ്ങൾ കുറയ്ക്കാം, കേന്ദ്രം ആദ്യം കുറയ്ക്കട്ടേയെന്ന് പ്രഖ്യാപിക്കുകയായിരുന്നു. കേന്ദ്രം കുറച്ചു; കേന്ദ്രം ഒരുപാട് കൂട്ടിയശേഷമാണ് കുറച്ചത്. അത് ചെയ്യുന്നതുതന്നെ ന്യായീകരണമല്ല. പക്ഷേ കുറച്ചു. കേന്ദ്രസർക്കാർ ഇന്ധനനികുതി കുറച്ചതിനുശേഷവും ഇവിടെ കുറയ്ക്കാനാവശ്യമായ ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. രസകരമായ ഒരു കണക്കുകൂടിയുണ്ട്. ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള 5 മാസക്കാലം കേരളത്തിന് അധികമായി കിട്ടിയിരിക്കുന്ന നികുതി നിങ്ങൾ ആലോചിച്ചുനോക്കണം. അധികമായി ലഭിച്ചത് 201 കോടി രൂപയാണ്. മാത്രമല്ല, ഇന്ധന സെസ്സായി കിഫ്ബിയിലേക്ക് കൊടുത്തത് കഴിഞ്ഞ കുറച്ച് വർഷമായി 2673 കോടി രൂപയാണ്. 619 കോടി രൂപ അധിക നികുതി വേണ്ടെന്നുവച്ച ശ്രീ. ഉമ്മൻചാണ്ടിയുടെ മാർഗ്ഗം നിങ്ങൾ സ്വീകരിക്കുമോ; നികുതി ചുമത്തുന്നതായ ശ്രീ. നരേന്ദ്ര മോദിയുടെ മാർഗ്ഗം നിങ്ങൾ സ്വീകരിക്കുമോ; അധികനികുതി വേണ്ടായെന്നുവച്ച തമിഴ്നാട് മോഡൽ നിങ്ങൾ സ്വീകരിക്കുമോ; രാജസ്ഥാൻ മോഡൽ സ്വീകരിക്കുമോ? നിങ്ങൾ സ്വീകരിക്കുന്നത് ഇനിയും ശ്രീ. നരേന്ദ്ര മോദിയുടെ മാർഗ്ഗമാണെന്ന് പറയുന്നത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. അതുകൊണ്ടുതന്നെ ഇത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് എനിക്ക് തൊട്ടുമുമ്പ് കൽപ്പറ്റ അംഗം ശ്രീ. ടി. സിദ്ദിഖ് പറഞ്ഞവസാനിപ്പിച്ച കാര്യത്തിൽ ഒരു

പരാമർശം നടത്താൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ഇന്ധന വിലവർദ്ധനയുമായി ബന്ധപ്പെട്ട് വളരെ വാചാലമായി ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും വസ്തുതയാണ്. കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം പെട്രോളിയം കമ്പനികൾക്ക് ഏൽപിച്ചുകൊടുത്തത് ആരായിരുന്നുയെന്നുകൂടി അദ്ദേഹം ഓർക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, നേരത്തെ കൽപ്പറ്റ അംഗം സംസാരിച്ചതുമായി ബന്ധപ്പെട്ട ഭാഗമാണ് ഇവിടെ ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗം സംസാരിച്ചപ്പോൾ സൂചിപ്പിച്ചത്. അതിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുൾപ്പെടെ പരാമർശിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഗ്ലോബൽ മാർക്കറ്റിൽ ക്രൂഡ് ഓയിലിനുണ്ടാകുന്ന fluctuation കുറേക്കാലം നമ്മൾ നിയന്ത്രിച്ചത് ഓയിൽ പൂളിലൂടെയായിരുന്നു. ഈ ഓയിൽ പൂൾ കളഞ്ഞതാരാണ്? 2010-ലെ യു.പി.എ. സർക്കാരായിരുന്നു എടുത്തുകളഞ്ഞത്. അതുകൊണ്ടാണ് ഗ്ലോബൽ മാർക്കറ്റിലെ fluctuation അനുസരിച്ച് പെട്രോളിന്റെ വില വർദ്ധിച്ചത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, തീർച്ചയായും. അതുകൊണ്ടാണ് ഞാൻ ആ പരാമർശം നടത്തിയത്.

ശ്രീ. ടി. സിദ്ദിഖ്: സർ, ലോക മാർക്കറ്റിലെ വിലനിലവാരത്തിന് അനുസരിച്ച് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കൂടുമ്പോൾ യു.പി.എ. സർക്കാർ വിലവർദ്ധനവ് തടയാൻവേണ്ടി അന്ന് രണ്ടുമൂന്ന് മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു; സബ്സിഡി കൊടുത്തും കടപ്പത്രമിറക്കിയും അനുബന്ധമായിട്ടുള്ള ഫിനാൻഷ്യൽ എയ്ഡ് കൊടുത്തും മറ്റുമാണ്. എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ടാണ് വിലവർദ്ധന തടയാൻ ശ്രമിച്ചത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, എണ്ണക്കമ്പനികളെ ഏൽപ്പിച്ചത് വില കൂട്ടാൻവേണ്ടി മാത്രമല്ല, ലോകമാർക്കറ്റിൽ വില കൂടുമ്പോൾ കൂട്ടാനും കുറയുമ്പോൾ കുറയ്ക്കാനും വേണ്ടിയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് ചോദിക്കാനുള്ള ഒരു സംശയം, ജയ്പാൽ റെഡ്ഡി കോൺഗ്രസിന്റെ വളരെ സമുന്നതനായ ഒരു നേതാവും പെട്രോളിയം വകുപ്പുമന്ത്രിയുമായിരുന്നു. രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് റിലയൻസ് ആവശ്യപ്പെട്ടതുപ്രകാരം പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ അവരാഗ്രഹിക്കുന്നതുപോലെ ഇടപെടാത്തതിന്റെ ഭാഗമായാണ് അദ്ദേഹത്തെ അന്നത്തെ കോൺഗ്രസ് മാറ്റിയത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, തീർച്ചയായും, ശ്രീ. കെ. വി. സുമേഷ് സൂചിപ്പിച്ചത് വളരെ ശരിയായൊരു കാര്യമാണ്. അതുപോലെ നയപരമായൊരു തീരുമാനമെടുത്ത് പെട്രോളിയം കമ്പനികൾക്ക് ഈ അധികാരമാകെ ഏൽപ്പിച്ചു കൊടുത്തതിനുശേഷം ശ്രീ. ടി. സിദ്ദിഖ് അതിനെ ന്യായീകരിക്കുന്നതിൽ പ്രത്യേകിച്ച് യാതൊരു പ്രസക്തിയുമില്ല. വന്നുഭവിച്ച ഈ ദുരന്തത്തിന്റെ ഉത്തരവാദിത്വം കോൺഗ്രസിനും യു.പി.എ. ഗവൺമെന്റിനുമാണെന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കുകയാണ്. ചർച്ച വഴിവിട്ട് പോകുന്നതിനാൽ ഞാൻ വിഷയത്തിലേയ്ക്ക് കടക്കുകയാണ്. ഈ വിഷയത്തിൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗത്തിന്റെ പ്രസംഗത്തിൽ വഴങ്ങിക്കൊണ്ട് അഴീക്കോട് എം.എൽ.എ. പറഞ്ഞത്, യു.പി.എ. ഭരണകാലത്ത് ജയ്പാൽ റെഡ്ഡിയെ പെട്രോളിയം വകുപ്പിൽനിന്ന് മാറ്റിയത് റിലയൻസിന്റെ നിർദ്ദേശപ്രകാരം വർദ്ധനവ് വരുത്താൻ തയ്യാറാകാത്തതിനാലാണെന്നാണ്. വസ്തുതാവിരുദ്ധമായ ഒരു കാര്യമാണിത്. ഇത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ പ്രസംഗം ആരംഭിച്ചപ്പോൾ മുതൽ വഴങ്ങുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പറഞ്ഞത് ശരിയാണ്. റിലയൻസിന്റെ വിലയുമായി ബന്ധപ്പെട്ടല്ല, അന്നത്തെ പ്രകൃതി വാതകത്തിന്റെ വിലനിർണ്ണയവുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ്. K. G. Basin (Krishna Godavari Basin)-ന്റെ പ്രൈസ് സംബന്ധിച്ചായിരുന്നു. ഇപ്പോഴും സംശയമുണ്ടെങ്കിൽ പഴയ രേഖകളെടുത്ത് പരിശോധിക്കാം. K.G. Basin-ന്റെ പ്രൈസ് ഫിക്സ് ചെയ്തതിനെ സംബന്ധിച്ച് വലിയ വിവാദം വന്നിരുന്നു. ആ സമയത്താണ് അദ്ദേഹത്തെ മാറ്റിയത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇവിടെ ഓയിൽ പൂളിന്റെ കാര്യമടക്കം സൂചിപ്പിച്ചല്ലോ. യഥാർത്ഥത്തിൽ ഇപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പറയുന്നത് വില കൂട്ടുന്നത് ഓയിൽ കമ്പനികളാണെന്നാണ്. ഈ ഓയിൽ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 18415/ഇ.ബി./2021/നി.സെ. തീയതി 9-11-2021) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

കമ്പനിയല്ലല്ലോ ഇപ്പോൾ വില കുറച്ചത്. ഇതുസംബന്ധിച്ച് പാർലമെന്റിൽ ദീർഘകാലം പ്രവർത്തിച്ചിരുന്ന അങ്ങേയ്ക്ക് അറിയാമായിരിക്കും. ഡീറെഗുലേഷൻ പ്രകാരം ഇന്ന് ഓയിൽപൂളിന്റെ ആവശ്യമില്ല. കാരണം, അൻപത് രൂപയ്ക്ക് താഴെ കൊടുക്കാൻ കഴിയുമായിരുന്നു. ഇത്രയും പറഞ്ഞിട്ടും മനസ്സിലാകാത്തതുപോലെ നിങ്ങൾ പറയരുത്. പെട്രോളിയം കമ്പനിക്ക് വില കൂട്ടുന്നതിന് ഒരു ഫോർമുലയുണ്ട്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ എന്റെ പ്രസംഗത്തിലേയ്ക്ക് വരികയാണ്. ദയവായി എനിക്ക് എന്റെ പ്രസംഗത്തിന് അവസരം തരണം. ഞാൻ ഈ വിഷയത്തിലേയ്ക്കുതന്നെ വരികയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട അഴീക്കോട് അംഗത്തിന്റെ പരാമർശത്തിലെ വസ്തുതാവിരുദ്ധത ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതേ കാര്യം ആവർത്തിക്കുകയാണ് ചെയ്തത്. ഇവിടെ കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രിമാരായിരുന്ന പല അംഗങ്ങളും വിജയിച്ചുവന്നിട്ടും അവരെ ഇത്തവണ മന്ത്രിമാരാക്കിയിട്ടില്ല. ഏതെങ്കിലും താൽപ്പര്യങ്ങൾക്ക് കഴിഞ്ഞ തവണ വഴങ്ങാതിരുന്നതുകൊണ്ടാണ് സർവ്വശ്രീ ടി. പി. രാമകൃഷ്ണൻ, എം. എം. മണി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവരെ മന്ത്രിമാരാക്കാതിരുന്നതെന്ന് ആക്ഷേപം പറയുന്നതു പോലെയല്ലേ? യു.പി.എ. ഭരണകാലത്ത് ഏത് തീരുമാനത്തിന്റെ പേരിലാണ് ജയ്പാൽ റെഡ്ഡിയെ മാറ്റിയത്? അങ്ങനെ മന്ത്രിസഭയിൽനിന്ന് മാറ്റിയത് ഇതുകൊണ്ടാണ് എന്നു പറയാൻ രേഖ വല്ലതുമുണ്ടോ? അങ്ങനെ രേഖയുണ്ടെങ്കിൽ അത് നിയമസഭയുടെ മുമ്പാകെ വയ്ക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഇങ്ങനെ divert ചെയ്തുപോകുന്നത് ശരിയല്ല. അദ്ദേഹം ഒരു കാര്യം പറഞ്ഞപ്പോൾ ആധികാരികമായി പറയണമെന്നേ ഞാൻ പറഞ്ഞുള്ളൂ. അല്ലാതെ എനിക്ക് ഈ തർക്കത്തിലൊന്നും വഴങ്ങണമെന്ന് ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്യണമെന്നില്ല. ജയ്പാൽ റെഡ്ഡി വളരെ പ്രശസ്തനായ ഒരു പാർലമെന്റ് അംഗവും മന്ത്രിയുമായിരുന്നുവെന്ന കാര്യം ഞങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. K.G Basin-ന്റെ ഗ്യാസ് പ്രൈസിന്റെ വലിയ പ്രശ്നം വന്നതാണ്. ശ്രീ. വീരപ്പ മൊയ്‌ലി പെട്രോളിയം മന്ത്രിയായി വരുന്നതും അതിന് മുമ്പുള്ള പശ്ചാത്തലവുമൊക്കെ അന്നത്തെ വാർത്തകളിൽ ഉണ്ടെന്നേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹത്തെ മന്ത്രിസ്ഥാനത്തുനിന്ന് മാറ്റിയതും വലിയ വിവാദവുമെല്ലാം വേണമെങ്കിൽ അന്നത്തെ പത്രകട്ടിംഗുകളൊക്കെ എടുത്തു പരിശോധിക്കേണ്ടിവരും. കോൺഗ്രസിന്റെ മന്ത്രിമാരെയോ മറ്റ് മന്ത്രി മാരെയൊക്കെയോ മാറ്റുന്നതും മറ്റും വേറെ കാര്യമാണ്. പക്ഷേ, ഇത് അതിൽ

കണക്ക് ചെയ്ത് പറയുന്നത് ശരിയല്ല. അങ്ങ് പറഞ്ഞതിൽ ചെറിയൊരു ധാരണാപ്പിശകുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അല്ലാതെ എനിക്ക് ജയ്പാൽ റെഡ്ഡിയേയും ശ്രീ. വീരപ്പ മൊയ്‌ലിയേയുമെല്ലാം വലിയ ബഹുമാനം തന്നെയാണ്. അന്ന് അത് വലിയ വിവാദവും വാർത്തയുമായി വന്നിരുന്നുയെന്നുള്ള കാര്യമാണ് ഞാൻ പറഞ്ഞത്.

മി. ചെയർമാൻ: ബഹുമാന്യനായ സെബാസ്റ്റ്യൻ കുളത്തുങ്കൽ, അങ്ങയുടെ സമയം നഷ്ടപ്പെടുകയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ എന്റെ പ്രസംഗം തുടരുകയാണ്. കർഷകത്തൊഴിലാളികൾക്കും അതുപോലെ കാർഷിക മേഖലയ്ക്കും കൂടുതൽ ഊർജ്ജവും കരുത്തും പകരാൻ ഈ നിയമഭേദഗതിയിലൂടെ സാധിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഖാവ് ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ, 1980 മാർച്ച് മാസത്തിൽ കെ.എം. മാണി അവതരിപ്പിച്ച കേരള ബഡ്ജറ്റിലെ ഒരു വാചകം വായിക്കാൻ ആഗ്രഹിക്കുകയാണ്. "ദാരിദ്ര്യവും രോഗവുംമൂലം വാർദ്ധക്യകാലത്ത് ക്ലേശമനുഭവിക്കുന്ന കർഷകത്തൊഴിലാളികളെ സഹായിക്കേണ്ടത് ജനക്ഷേമത്തിൽ താൽപ്പര്യമുള്ള ഒരു ഗവൺമെന്റിന്റെ കടമ മാത്രമാണ്. അതുകൊണ്ട് അറുപത് വയസ് തികയുന്ന കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം നാൽപ്പത്തിയഞ്ച് രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതാണ്. ഇതിലേയ്ക്ക് ഏഴരക്കോടി രൂപ വകയിരുത്തുന്നു." 1980-ലെ ബഡ്ജറ്റിൽനിന്ന് ഞാൻ ഈ ഭാഗം ഉദ്ധരിച്ചത്, ഇത് കർഷകത്തൊഴിലാളിക്ക് ഒരു മാഗ്നാകാർട്ടയായി അനുഭവപ്പെടുന്ന, കർഷകത്തൊഴിലാളിക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനമെന്നുള്ള നിലയിലാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സംസ്ഥാനത്ത് കാർഷിക മേഖലയിലെ അറുപത് വയസ്സുകഴിഞ്ഞ തൊഴിലാളികൾക്ക് ആശ്വാസമായി പെൻഷൻ പ്രഖ്യാപിച്ചപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന കെ. കരുണാകരൻ ഇത് പ്രത്യുൽപ്പാദനപരമല്ല എന്നുപറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അന്ന് പ്രതിപക്ഷത്തിരുന്ന കെ. കരുണാകരൻ പ്രത്യുൽപ്പാദനപരമല്ലാത്ത ചെലവാണെന്ന് പറഞ്ഞ് അതിനെ എതിർക്കുകയായിരുന്നു. ആ പ്രഖ്യാപനത്തിന് മൺമറഞ്ഞ മഹാരഥന്മാരായ രണ്ട് നേതാക്കളുടെ കയ്യൊപ്പുണ്ടായിരുന്നു. ഇ. കെ. നായനാരുടെയും എന്റെ നേതാവ് കെ. എം. മാണി സാറിന്റെയും. അത് ഞാൻ പരാമർശിക്കാൻ കാരണം അതിനകത്തൊരു പൊളിറ്റിക്കൽ കെമിസ്ട്രിയുണ്ട്. കേരള കോൺഗ്രസ് ഇടതുപക്ഷത്ത് വരുമ്പോൾ ജനക്ഷേമകരമായ, കർഷകക്ഷേമകരമായ നടപടികളുണ്ടാകുന്ന എന്നുള്ളതിന്റെ ഒരു വലിയ ദൃഷ്ടാന്തം കൂടിയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ....

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സംസാരിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി ദിവംഗതനായ ഇ. കെ. നായനാരെക്കുറിച്ചും കെ. എം. മാണി സാറിനെക്കുറിച്ചും പറഞ്ഞു. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ആണ് ഈ നിയമം കൊണ്ടുവരുന്നതും നിയമസഭയിൽ ബിൽ പൈലറ്റ് ചെയ്തതെന്നും അറിയാമോ? ഇതാണ് വസ്തുതയെന്നിരിക്കെ ഇദ്ദേഹം ഒരാളെ ഒഴിവാക്കി പറയുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: അതിൽ പോയിന്റില്ല.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇതിൽ എന്താണ് പോയിന്റ് ഓഫ് ഓർഡർ. ഇതിൽ ഒരു പോയിന്റും ഇല്ല. ഞാൻ വഴങ്ങിയിട്ടില്ല. ഞാൻ വഴങ്ങിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പരാമർശത്തിന് അവസരമുണ്ടാകുമായിരുന്നു. ഞാൻ വഴങ്ങാത്ത സ്ഥിതിക്ക് പോയിന്റ് ഓഫ് ഓർഡറിന്റെ ചട്ടത്തിന് അനുസൃതമല്ലാത്ത പരാമർശമാണ് അദ്ദേഹം നടത്തിയത്. അതുകൊണ്ട് ആ പരമാർശം സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. ടി. സിദ്ദിഖ്: സർ, വസ്തുതകളിൽനിന്നും വ്യർത്ഥമായിട്ടുള്ള ഒരു പ്രയാണം നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കർഷക തൊഴിലാളി (ഭേദഗതി) ആക്ട് 1974-ൽ പാസ്സാക്കുന്നത് കോൺഗ്രസ് നേതൃത്വം കൊടുത്ത അച്യുതമേനോൻ ഗവൺമെന്റാണ്. അതിൽനിന്നും വ്യത്യസ്തമായിട്ടുള്ള സംസാരങ്ങൾ ഇവിടെ വരികയുണ്ടായി. കൃത്യതയോടുകൂടിയുള്ള പങ്കാളിത്തത്തെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള സംസാരങ്ങളാണ്. അതൊഴിവാക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കർഷകത്തൊഴിലാളിക്ക് പെൻഷൻ അനുവദിച്ച കാര്യമാണ് ഞാൻ പറഞ്ഞുവന്നത്. ശ്രീ. ടി. സിദ്ദിഖ് ഇവിടെ ചൂണ്ടിക്കാണിച്ചത് ഈ നിയമവുമായി ബന്ധപ്പെട്ട കാര്യമാണ്. ഞാൻ എന്റെ പ്രസംഗത്തിലേയ്ക്ക് വരാൻവേണ്ടി ആഗ്രഹിക്കുകയാണ്. കർഷകത്തൊഴിലാളി എന്നുപറയുന്നത് കാർഷിക മേഖലയുടെ അവിഭാജ്യ ഘടകമാണ്. ആ ഘടകത്തെ ഉദ്ദീപിപ്പിച്ചാൽ മാത്രമേ കാർഷിക മേഖലയ്ക്ക് കരുത്തും ഊർജ്ജവും മുന്നേറ്റവുമുണ്ടാക്കാൻ കഴിയൂ. ചങ്ങമ്പുഴയുടെ വാഴക്കുല എന്ന കവിത നമുക്കെല്ലാവർക്കും ഹൃദിസ്ഥമാണ്.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 18415/ഇ.ബി./2021/നി.സെ. തീയതി 9-11-2021) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

"മലയപ്പുലയനാ മാടത്തിൻമുറ്റത്തു
മഴ വന്ന നാളൊരു വാഴ നട്ടു.
മനതാരിലാശകൾപോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചുവന്നു.
അരുമാക്കിടാങ്ങളിലൊന്നായതിനേയു-
മഴകിപ്പുലക്കള്ളിയോമനിച്ചു."

ഒരു കാലഘട്ടത്തിന്റെ നേർചിത്രമാണ് വരച്ചു കാണിച്ചത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ,

" കരയാതെ മക്കളെ..കൽപ്പിച്ചു..തമ്പിരാൻ ..
ഒരു വാഴ വേറെ ...ഞാൻ കൊണ്ടു പോട്ടെ !"

അതുകൂടെ ചേർത്ത് വരണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ,

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരേ, നിങ്ങൾതൻ പിന്മുറക്കാർ?"

ഞാൻ ഇവിടെ സൂചിപ്പിച്ചത്, ആ കാലഘട്ടത്തിൽ ജന്മിമാരൊക്കെയും കർഷകരുടെ ഭാഗമായി കണക്കാക്കപ്പെട്ടിരുന്നുവെങ്കിൽ, ഒരു കാലഘട്ടത്തിൽ അടിയാനും തമ്പ്രാനുമായിരുന്നുവെങ്കിൽ, അതുപോലെ അയ്യങ്കാളിയുടെ സമരകാലത്ത് പാഠം പഠിക്കാൻ അനുവദിക്കാത്തപക്ഷം പാടത്തേയ്ക്കില്ലെന്ന അത്യുജ്ജ്വലമായ കേരള ചരിത്രത്തിലെ സമരവുമൊക്കെ ഓർത്തുവയ്ക്കുമ്പോൾ കാണുന്നത് കാർഷിക മേഖല യിലുണ്ടായിരുന്ന വലിയൊരു അന്തരത്തിന്റെ നേർചിത്രമാണെങ്കിൽ, ഇന്ന് ആ അന്തരമാകെ മാറി കാർഷികമേഖലയിൽ കർഷകനും കർഷകത്തൊഴിലാളിയും ഒരുപോലെ ദുരിതക്കയത്തിലായി മാറിയിരിക്കുന്ന സാഹചര്യമാണ്. ഇന്ന് കർഷകനും കർഷകത്തൊഴിലാളിയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ്. ഈ രണ്ടുവിഭാഗത്തേയും ഒന്നായിത്തന്നെ കണ്ടുകൊണ്ട് പരിപാലിക്കപ്പെടേണ്ട ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ നിലനിൽക്കുമ്പോൾ, കേന്ദ്ര ഗവൺമെന്റ് കർഷകവിരുദ്ധ നയങ്ങളുടെ ഏറ്റവും വലിയ പ്രയോക്താക്കളായി മാറിയിരിക്കുന്ന ഒരു ദുരന്തമുഖത്താണ് നാം നിൽക്കുന്നത്. കർഷകന്റെ നെഞ്ചിൽ വണ്ടികയറ്റി കൊല്ലുന്ന സ്ഥിതിയിലേയ്ക്ക് ഈ രാജ്യം മാറിയിരിക്കുന്നു. കാർഷിക സമരങ്ങളെ ചോരയിൽ മുക്കികൊല്ലുന്ന, ഫെഡറൽ തത്വങ്ങളെയാകെ ബലികഴിക്കപ്പെടുന്ന സ്ഥിതിവിശേഷം ഇവിടെ സംജാതമാകുകയാണ്. കേന്ദ്രനയങ്ങളെ വിമർശിക്കുമ്പോൾ പഴയ ചില കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല.

ഞാൻ റബ്ബർ മേഖലയിൽനിന്നുള്ള ജനപ്രതിനിധിയാണ്, ആ നാട്ടിൽ റബ്ബറിന്റെ വിലത്തകർച്ചയിൽ ദുരിതമനുഭവിക്കുന്ന ആയിരക്കണക്കിന് കർഷകരുടെ പ്രതിനിധിയാണ്. കർഷകർ ആ ദുരിതത്തിലേയ്ക്കെത്തിയ, അതിന് തുടക്കംകുറിച്ച ദിവസമുണ്ട്. അത് 2011 ജൂലൈ 31- ന് ആയിരുന്നു. എന്തായിരുന്നു അന്ന് സംഭവിച്ചത്? കുത്തക ടയർ കമ്പനികൾക്കുവേണ്ടി നാൽപ്പതിനായിരം ടൺ റബ്ബർ ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. ആ തീരുമാനത്തിന് മറ്റൊരു കൂട്ടിച്ചേർക്കലുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് അന്നുവരെ റബ്ബർ ഇറക്കുമതിക്ക് 20 ശതമാനമായിരുന്ന തീരുവ ചുമത്തിയിരുന്നതെങ്കിൽ അത് 7 ശതമാനമാക്കി കുറച്ചുകൊണ്ടാണ് തുറമുഖ നിയന്ത്രണം എടുത്തുകളഞ്ഞ് വലിയ തോതിലുള്ള ഇറക്കുമതി ഈ രാജ്യത്ത് ഏർപ്പെടുത്തിയത്. അന്ന് കേന്ദ്രം ഭരിക്കുന്ന യു.പി.എ. സർക്കാരിൽ കേരളത്തിൽനിന്നും എട്ട് മന്ത്രിമാരുണ്ടായിരുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ യശഃശരീരനായ ഇ. അഹമ്മദ് അടക്കം മറ്റ് ഏഴ് കോൺഗ്രസ് മന്ത്രിമാരുള്ള ഒരു മന്ത്രിസഭയെടുത്ത തീരുമാനത്തെത്തുടർന്ന് കഴിഞ്ഞ പത്തു വർഷംകൊണ്ട് റബ്ബറിന്റെ വില കൂപ്പുകുത്തി. ഏഴുവർഷം പരിപാലിച്ച് ഉൽപ്പാദനം ആരംഭിക്കുമ്പോൾ ഒരു കിലോ റബ്ബറിന് 160 രൂപ മുതൽ 180 രൂപവരെ ഉൽപ്പാദന ചെലവ് ഉണ്ടാകുന്നുവെന്ന് റബ്ബർ ബോർഡ് കണക്കാക്കിയിട്ടുണ്ട്. അതിൽ നിന്നും കർഷകന് കേവലം 90 രൂപയ്ക്കുവരെ റബ്ബർ വിൽക്കേണ്ട സാഹചര്യം 2011-നും 2021-നും ഇടയിലുള്ള കാലയളവിലുണ്ടായി. ആ പത്തുവർഷക്കാലംകൊണ്ട് കേരളത്തിലെ പത്തുലക്ഷത്തിൽപ്പരം വരുന്ന കർഷകർക്ക് സംഭവിച്ച ധനനഷ്ടം അറുപതിനായിരം കോടി രൂപയെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 60000 കോടി രൂപയിൽ കേവലം 6000 കോടിരൂപ വകയിരുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ അന്താരാഷ്ട്ര നിലവാരമുള്ള ടയർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യം നമുക്കിവിടെയുണ്ടാകുമായിരുന്നു. അതുകൊണ്ട് റബ്ബർ കർഷകന്റെ നട്ടെല്ലൊടിക്കുന്ന ഈ മേഖലയിൽ നവഉദാരവൽക്കരണത്തിന്റെ മുഴുവൻ ദുരിതങ്ങളും സമ്മാനിക്കുന്ന നയങ്ങൾക്ക് തുടക്കം കുറിച്ചവർ ഇതിനൊക്കെ മറുപടി പറയേണ്ടതുണ്ടെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ കേരള ഗവൺമെന്റ് ഈ രംഗത്ത് അവർക്ക് കഴിയുംവിധമുള്ള കാര്യങ്ങൾ ചെയ്യുന്നതിലുള്ള നന്ദി റബ്ബർ കർഷകർക്കുവേണ്ടി ഞാൻ അറിയിക്കുകയാണ്. സിയാൽ മോഡൽ റബ്ബർ കമ്പനി ഒന്നാം പിണറായി വിജയൻ സർക്കാർ പ്രഖ്യാപിച്ചു. ഇന്നത് ഊർജ്ജിതമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. കോട്ടയം ജില്ലയിൽ അതിന്റെ ആസ്ഥാനം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. 150 രൂപയായി കെ. എം. മാണി പ്രഖ്യാപിച്ച റബ്ബർ വിലസ്ഥിരതാ ഫണ്ട് 170 രൂപയായി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് കാണിച്ച മഹാമനസ്കത റബ്ബർ കർഷകർക്കുവേണ്ടി നന്ദിയോടെ ഈ സമയം ഓർക്കുകയാണ്.

കർഷകർക്ക് ഏറ്റവും ഉജ്ജ്വലമായ ഒരു നിയമനിർമ്മാണം സംസ്ഥാനത്ത് സാധ്യമായിരിക്കുന്നു. 2018-ൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ മുൻകയ്യെടുത്ത മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിനെ നന്ദിയോടെ ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. കർഷക ക്ഷേമനിധി ബോർഡ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് രൂപീകരിച്ചു. അന്നത്തെ ഒരു ലീഡിംഗ് മലയാള ദിനപ്പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽവന്ന ഒരു ഖണ്ഡിക ഞാൻ വായിക്കാം. "കർഷക രക്ഷയ്ക്ക് കർഷക ക്ഷേമനിധി ബോർഡ് കൊണ്ടുവരാനുള്ള തീരുമാനം ചരിത്രപരമാണ്. രാജ്യത്തിനുതന്നെ മാതൃകയാക്കാവുന്ന പദ്ധതിയാണിത്. കടക്കെണിയും ആത്മഹത്യയുംമൂലം കൃഷിയുപേക്ഷിക്കപ്പെടുന്ന കാലത്ത് കർഷകരെ കൃഷിയിലേയ്ക്ക് തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾക്ക് ഇത് തുടക്കമിടും. കൃഷികൊണ്ടും ജീവിക്കാമെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായാൽ പുതുതലമുറ ഈ രംഗത്തേയ്ക്ക് കടന്നുവരുമെന്നതിൽ സംശയമില്ല. കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കപ്പെടണം. നമ്മുടെ നിലനിൽപ്പിന്റെ ആധാരം തന്നെ കൃഷിയാണ്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കർഷകനും കൃഷിയും ആവശ്യമാണ്. കർഷകന്റെ അഭിവൃദ്ധി രാജ്യത്തിന്റെ അഭിവൃദ്ധികൂടിയാണ്. രാഷ്ട്രീയത്തിന്റെയോ, അഭിപ്രായവ്യത്യാസത്തിന്റെയോ പേരിൽ കർഷകർക്ക് ഗുണകരമാകുന്ന പദ്ധതികൾ നഷ്ടമാകാൻ പാടില്ല." ഇങ്ങനെ കർഷകന് മികച്ച പെൻഷനും വിള ഇൻഷ്വറൻസും ആരോഗ്യ ഇൻഷ്വറൻസും താങ്ങുവിലയും ഉറപ്പാക്കുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നുള്ളത് കാർഷിക രംഗത്ത് ഏറ്റവും മാതൃകാപരവും അഭിനന്ദനാർഹവുമാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. Value added products ഉണ്ടാകുകയെന്നതാണ് കാർഷിക രംഗത്തെ പ്രതിസന്ധിയുടെ ശാശ്വത പരിഹാരമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

3.00 PM]

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, എനിക്ക് ഒരുപാട് സമയം വഴങ്ങിക്കൊടുക്കേണ്ടി വന്നിരുന്നു. രണ്ടുമൂന്ന് മിനിറ്റുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

മി. ചെയർമാൻ: അങ്ങനെ പറയരുത്. ബാക്കിയുള്ള അംഗങ്ങൾക്കും സംസാരിക്കാനുള്ളതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇത് കാർഷിക മേഖലയുടെ പ്രശ്നമാണ്. ബഹുമാനപ്പെട്ട ചെയറും കാർഷിക മേഖലയിൽ നിന്നുള്ളയാളാണ്. ഇന്ത്യൻ കർഷകനെക്കുറിച്ച് ഏറ്റവും വലിയ ചൊല്ല് 'കടത്തിൽ ജനിച്ച്, കടത്തിൽ

ജീവിച്ച്, കടത്തിൽ മരിക്കുന്നവൻ' എന്നാണ്. ആ കർഷകന്റെ രോദനമാണ് എനിക്ക് ഈ സഭയിൽ പറയാനുള്ളത്. കർഷക തൊഴിലാളിയും കർഷകനും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. കാർഷികോത്പന്നങ്ങൾ raw materials ആയി ഉപയോഗിച്ച് ഫൈനൽ പ്രോഡക്ട്സുണ്ടാക്കുന്ന കമ്പനികൾ അവരുടെ ആണ്ടറുതി ലാഭത്തിന്റെ ഒരു ശതമാനം കർഷകർക്കുവേണ്ടി നീക്കിവയ്ക്കാനുള്ള വ്യവസ്ഥയുണ്ട്.

ഇന്ന് കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം വന്യമൃഗശല്യമാണ്. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ നിരന്തരമായി കാട്ടാനകളുടെയും കാട്ടുപന്നിയുടെയും കുരങ്ങിന്റെയും മുള്ളൻപന്നിയുടെയും ശല്യംകാരണം കർഷകർ വലിയ ഗതികേടിലാണ്. ഇന്നലെ എന്റെയടുത്ത് കോരുത്തോട് പഞ്ചായത്തിലെ കൊമ്പുകുത്തി സ്വദേശിയായ ടി. ആർ. ശിവൻ, തട്ടുപുരയ്ക്കൽ എന്നു പറയുന്ന ഒരു കർഷകൻ വന്നിരുന്നു. അദ്ദേഹത്തിന്റെ ഒന്നര ഏക്കർ സ്ഥലത്തുള്ള 150 റബ്ബർ മരങ്ങളടക്കം കാട്ടാനക്കൂട്ടം നശിപ്പിക്കുകയും ആകെ 5 ലക്ഷം രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തുവെന്ന് പറഞ്ഞു. എന്നാൽ അദ്ദേഹത്തിന് വനം വകുപ്പ് നൽകാമെന്ന് അറിയിച്ച നഷ്ടപരിഹാരം കേവലം 4000 രൂപ മാത്രമാണ്. ഇതാണ് കർഷകന്റെ സ്ഥിതി. വനങ്ങളിൽ ഏതാണ്ട് 7500 കാട്ടാനകളുണ്ടെന്നാണ് വനംവകുപ്പിന്റെ കണക്ക്. എന്നാൽ വനവുമായി ബന്ധപ്പെട്ട മാനേജ്മെന്റ് സിസ്റ്റം പ്രകാരം ഏകദേശം 500 ആനകൾക്കുള്ള സ്ഥലം മാത്രമാണ് കേരളത്തിലുള്ളത്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, പന്നിയെ വെടിവയ്ക്കാനുള്ള അനുവാദം കിട്ടിയത് ആശ്വാസകരമാണ്. അത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. മൾട്ടി ഫെൻസിംഗ് നടത്തി കാട്ടുമൃഗങ്ങളെ കൃഷിഭൂമിയിലേയ്ക്ക് കടക്കാതെ വനാതിർത്തിക്കുള്ളിൽത്തന്നെ നിർത്തുന്നുവെന്ന് ഉറപ്പുവരുത്താൻ പര്യാപ്തമാകാത്തപക്ഷം കർഷകൻ വലിയ ഗതികേടിലേയ്ക്ക് പോകും. സോളാർ ഫെൻസിംഗ് ഫലപ്രദമല്ല. ജൈവ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കണം. കർഷകർക്ക് ഉച്ചമായ നിലയിൽ നഷ്ടപരിഹാരം നൽകുന്ന രീതിയിൽ മാറ്റം വരുത്തി, വാഹനാപകട നഷ്ടപരിഹാരത്തിന് എം.എ.സി.റ്റി. (മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ) ക്ലെയിം കൊടുക്കുന്നതുപോലെ; സ്റ്റാറ്റ്യൂട്ടറിയാക്കി തത്തുല്യമായ രീതിയിൽ ആനുപാതികമായ നഷ്ടപരിഹാരം നൽകുന്ന സാഹചര്യമുണ്ടാകണം.

പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കർഷകർ നേരിടുന്നുണ്ട്. എന്റെ നാട്ടിലെ കൂട്ടിക്കൽ ദുരന്തവും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിലും കാർഷിക മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ പ്രായോഗികാനുഭവത്തിന്റെ അടിസ്ഥാനത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ജനവാസകേന്ദ്രങ്ങളും

കാർഷിക മേഖലകളും ഭിന്നമായി തിരിച്ച്, സുരക്ഷിതമെന്ന് കരുതാൻ കഴിയുന്ന മേഖലകൾ ജനവാസത്തിനും അല്ലാത്ത മേഖലകളിൽ ഷോർട്ട്-ടേം-ക്രോപ്പുകൾ നിശ്ചയിച്ചുകൊണ്ട് കാർഷിക രീതിയുടെ സമീപനം പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മുൻഗണനാക്രമങ്ങൾ നൽകി മാറ്റാനുള്ള തീരുമാനമുണ്ടാക ണമെന്ന് സൂചിപ്പിക്കുന്നു. കാർഷിക മേഖലയുടെ ഉത്തേജനത്തിനുപയുക്തമായ കാര്യങ്ങൾ നടപ്പാക്കണം. വയറൊട്ടിയ എല്ലുന്തിയ ചിത്രത്തിനുപകരം കാർഷിക സമൃദ്ധിയുടെയും സുഭിക്ഷ കേരളത്തിന്റെയും പ്രതീകമായി കർഷകരെ മാറ്റാൻ കഴിയുന്ന ഈ ബില്ലിന് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വാഴൂർ സോമൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ പൂർണ്ണമായും ഞാൻ അനുകൂലി ക്കുകയാണ്. 1977-ൽ ഇന്ത്യയ്ക്ക് മാതൃകയായ രീതിയിലാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് സംസ്ഥാനത്ത് രൂപീകൃതമായത്. തൊഴിൽ മേഖലയിലുള്ള തൊഴിലാളികൾക്ക് നിരവധി ക്ഷേമപദ്ധതികൾ അതിൽ വിഭാവന ചെയ്തിരുന്നു. തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാനുകൂല്യങ്ങൾ, കമ്പ്യൂട്ടർ പരിശീലനത്തിനുള്ള പരിപാടികൾ, തൊഴിലാളികളുടെ അവധിക്കാല വസതി തുടങ്ങിയവയെല്ലാം അന്ന് നൂതന പദ്ധതികളായിരുന്നു. അന്ന് ആറ് മാസത്തിന് തൊഴിലാളി വിഹിതമായി 4 രൂപയും ഉടമകളുടെ വിഹിതമായി 8 രൂപയുമായിരുന്നു അംശദായം നിശ്ചയിച്ചിരുന്നത്. ഇത് പരിഷ്കരിക്കണമെന്ന് ബോർഡ് അംഗങ്ങളായിരുന്ന മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനും ഞാനുമെല്ലാം നിരന്തരം ആവശ്യപ്പെട്ടിരുന്ന കാര്യമാണ്. കാരണം തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകണമെങ്കിൽ അംശദായം വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. അതുകൊണ്ടുതന്നെ നിരവധി തവണ ഇക്കാര്യം ബോർഡ് മീറ്റിംഗുകളിൽ ഞങ്ങൾ ഉന്നയിക്കുകയും സർക്കാർ ഇടപെടുകയും ചെയ്തു വെങ്കിലും ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏതായാലും ഇത്തരമൊരു ബിൽ വരുന്നതിനെ പൂർണ്ണമായും ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കാനും സർക്കാർ മുൻകയ്യെടുക്കണം. നിർഭാഗ്യവശാൽ അവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. അതിന്റെ പ്രധാന കാരണങ്ങൾ ഇവിടെ നിരവധി അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബോർഡുകളെ സംബന്ധിച്ചിടത്തോളം അവരുടെ

അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് ഗണ്യമായി വർദ്ധിക്കുന്നുയെന്നുള്ളതാണ് അതിന്റെ പ്രധാനപ്പെട്ട കാരണം. മാത്രമല്ല കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് മാത്രമായി പ്രവർത്തിച്ചിരുന്നതിനുശേഷം ഓരോ വിഭാഗം തൊഴിലാളികളും അവർക്കായി പ്രത്യേക ക്ഷേമനിധി ബോർഡുകൾ വേണമെന്ന് ആവശ്യമുയർത്തുകയും സർക്കാർ അതിനോട് അനുകൂലമായ പ്രതികരണങ്ങൾ നടത്തുകയും നിരവധി ക്ഷേമനിധി ബോർഡുകൾ സംസ്ഥാനത്ത് രൂപീകൃതമാകുകയും ചെയ്തിരുന്നു. ചെറുതും വലുതുമായ ഏതാണ്ട് 27 ബോർഡുകൾ ഇപ്പോൾ നിലവിലുണ്ട്. സ്വാഭാവികമായും തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുന്നതിലുപരി ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ കുടിയിരുത്തുന്നതിനും അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും കൊടുക്കുന്നതിനുമാണ് ഇതിലിപ്പോൾ ബഹുഭൂരിപക്ഷം തുകയും ചെലവാക്കിക്കൊണ്ടിരിക്കുന്നത്. മഹാരാഷ്ട്രയിലെ ഇപ്പോഴത്തെ ഗവൺമെന്റിന് കേരളത്തിലെ തൊഴിലാളി ക്ഷേമനിധി ബോർഡിന് സമാനമായൊരു മദർ ബോർഡുണ്ട്. അതിനുകീഴിൽ നിരവധി സ്കീമുകൾ നടപ്പാക്കി അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കുറയ്ക്കുന്നതിനുള്ള നടപടിയാണ് അവിടെ കൈക്കൊണ്ടിട്ടുള്ളത്. തൊഴിലാളിക്ഷേമം മുൻനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്നൊരു സർക്കാരെന്ന നിലയിൽ തീർച്ചയായും നമ്മുടെ സർക്കാരും ബഹുമാന്യനായ വകുപ്പുമന്ത്രിയും അത് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നൊരു നിർദ്ദേശമെനിക്കുണ്ട്. കേരളം തൊഴിലാളിക്ഷേമ പദ്ധതികളുമായി മുന്നോട്ടു പോകുമ്പോൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കഴിഞ്ഞ സെപ്റ്റംബറിൽ പാസ്സാക്കിയ വിവാദമായ തൊഴിൽ കോഡിൽ സംഘടിത മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികളെ വളരെ പ്രതികൂലമായി ബാധിക്കുന്ന നടപടികളാണുള്ളത്. മാത്രമല്ല, ഇവിടെ കൊണ്ടുവന്നിരിക്കുന്ന തൊഴിൽതർക്ക നിയമത്തിലെ പുതിയ വ്യവസ്ഥകളനുസരിച്ച് മുന്നൂറോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ മാത്രമെ അതിന്റെ പരിധിയിൽ കൊണ്ടുവരുന്നുള്ളൂ. നേരത്തെ അത് 100 ആയിരുന്നു. സ്വാഭാവികമായും കഴിവതും മാനേജ്മെന്റുകൾ ഈ എണ്ണം തികയ്ക്കാതെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നയസമീപനമാണ് പല മേഖലകളിലും കാണാൻ കഴിയുന്നത്. 2021 ആഗസ്റ്റ് മാസത്തിൽ 15 ലക്ഷം ഇന്ത്യക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമിയെ ഉദ്ധരിച്ചുകൊണ്ട് ഹിന്ദുസ്ഥാൻ ടൈംസ് ദിനപത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. ചെറുപ്പക്കാരുടെ തൊഴിലവസരം കളയുകയെന്നതല്ലാതെ ഒരു തരത്തിലുമുള്ള വ്യവസായത്തിനും തൊഴിലിനും കേന്ദ്ര സർക്കാർ പിന്തുണ നൽകുന്നില്ല. പുതുക്കിയ തൊഴിൽ നിയമങ്ങളിലെ സാമൂഹ്യ സുരക്ഷാ ചട്ടപ്രകാരമുള്ള ആനുകൂല്യങ്ങളെങ്ങനെ പ്രയോജനപ്പെടുമെന്ന് അസംഘടിത തൊഴിൽ മേഖലകളിൽ ആശങ്കപടർത്തുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട്

പദ്ധതികളിൽ ഉൾക്കൊള്ളിക്കാനുള്ള തീരുമാനത്തിൽനിന്നും കേന്ദ്രസർക്കാർ പിറകോട്ടുപോകുകയാണ്. രാജ്യത്ത് 54 കോടിയോളം അസംഘടിത തൊഴിലാളി കളുണ്ടെന്നാണ് കേന്ദ്ര സർക്കാരിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 15 കോടി അസംഘടിത തൊഴിലാളികളെ ആദ്യഘട്ട പദ്ധതിയിലുൾപ്പെടുത്തുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതിന്റെ നടപടിയും വൈകുകയാണ്. തൊഴിലുടമകളുടെയും ജീവനക്കാരുടെയും ഇ.എസ്.ഐ.പദ്ധതിയിലേയ്ക്കുള്ള വിഹിതം 2018-19-ൽ വെട്ടിക്കുറച്ച് ഫണ്ട് ലഭ്യത പരിമിതപ്പെടുത്തുകയാണ് മോദി സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ തൊഴിലാളികളുടെ ജീവനാംശത്തെയാണ് കേന്ദ്ര സർക്കാർ പുതിയ നിയമത്തിലൂടെ കോർപ്പറേറ്റുകളുടെ കയ്യിലേയ്ക്ക് വലിച്ചെറിയുന്നത്. ഇതിനെതിരെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ രാജ്യത്തെ AITUC (All India Trade Union Congress), CITU (Centre of Indian Trade Unions), INTUC (Indian National Trade Union Congress) അടക്കമുള്ള തൊഴിലാളി സംഘടനകൾ ശക്തമായ പ്രക്ഷോഭ ത്തിലേയ്ക്ക് തയ്യാറെടുത്തുകൊണ്ടിരിക്കുന്ന വേളയിലാണ് സർക്കാർ തൊഴിലാളികൾക്ക് അനുകൂലമായി ഈ നിയമഭേദഗതികൾ അവതരിപ്പിക്കുന്നത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ വിപുലീകരിക്കുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. തൊഴിലാളി ക്ഷേമനിധി ബോർഡിൽ പലഘട്ടങ്ങളിലായി ഈ വിഷയം ചർച്ച ചെയ്തിരുന്നു. തൊഴിലാളി ക്ഷേമനിധി ബോർഡിൽ കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും പ്രതിനിധികളുണ്ട്. ആ ട്രേഡ് യൂണിയൻ സംഘടനകളിൽ ഏകീകരിച്ച അഭിപ്രായം രൂപീകരിച്ചു കൊണ്ടാണല്ലോ ഈ ഭേദഗതിയിലേയ്ക്കെ ത്തുന്നത്. ആ വസ്തുത പരിഗണിക്കുമ്പോൾ എല്ലാവരും ഈ ബില്ലിനനുകൂലമായ നിലപാടല്ലേ സ്വീകരിക്കേണ്ടത്; ഇവിടെ ഇത്തരമൊരു ബിൽ നിരാകരിക്കണമെന്ന നിലപാടുപോലും സ്വീകരിക്കുന്നത് അപ്രസക്തമല്ലേ? അങ്ങ് ദീർഘകാലം ആ ബോർഡിൽ അംഗമായി പ്രവർത്തിച്ച കേരളത്തിലെ അറിയപ്പെടുന്ന സീനിയർ നേതാക്കളിലൊരാളാണ്. അതുകൊണ്ട് ആ ബോർഡിനുണ്ടായ അനുഭവങ്ങളെന്താ ണെന്നുള്ളത് നിയമസഭയ്ക്കുമുന്നിൽ വ്യക്തമാക്കേണ്ടതല്ലേ; നിയമസഭയുടെ പൊതു ധാരണയായി അത് മാറേണ്ടതല്ലേ? ഇക്കാര്യത്തോടുള്ള അങ്ങയുടെ നിലപാട് വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, മുൻതൊഴിൽ വകുപ്പുമന്ത്രികൂടിയായ ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞത് ശരിയാണ്. തൊഴിലാളി ക്ഷേമനിധി ബോർഡിൽ AITUC, CITU, INTUC എന്ന വ്യത്യാസമില്ലാതെയാണ് പലപ്പോഴും ഈ വക കാര്യങ്ങളിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മുൻ തൊഴിൽ വകുപ്പുമന്ത്രി, ഇക്കാര്യത്തിൽ പൊതുധാരണയുണ്ടാകേണ്ടതല്ലേ എന്നു ചോദിക്കുകയുണ്ടായി. ഒരു പൊതുധാരണയുണ്ടാകണമെങ്കിൽ അതിന് മുൻകയ്യെടുക്കേണ്ടത് ഗവൺമെന്റാണ്. അതിനാണ് പാർലമെന്ററി കാര്യവകുപ്പുമന്ത്രിയുള്ളത്. അങ്ങനെ യാതൊരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ പൊതുധാരണയുണ്ടാക്കുന്നതിന് ഭരണപക്ഷത്തുനിന്നല്ലേ എതിർപ്പുള്ളത്; അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, തൊഴിലാളി സംഘടനകളുമായി പരസ്പരം ധാരണയുണ്ടാക്കിയാണ് തൊഴിലാളി ക്ഷേമനിധി ഭേദഗതിയുമായി ബന്ധപ്പെട്ട് എല്ലാ ഭേദഗതികളും അവതരിപ്പിച്ചത്. നമ്മളെല്ലാവരും വിവിധ തൊഴിലാളി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുന്നവരല്ലേ? ഈ സമൂഹത്തിന്റെയും കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെയും ഭാഗമല്ലേ നമ്മളെല്ലാവരും; തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ അവിടെയുണ്ടാക്കുന്ന പൊതുധാരണകൾ പ്രതിഫലിപ്പിക്കുകയെന്നുള്ളത് തൊഴിലാളി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുന്ന ആളുകളുടെ ബാദ്ധ്യതയാണ്. താങ്കൾ ആ ബാദ്ധ്യത നിറവേറ്റുന്നില്ല; ഞാൻ ആ ബാദ്ധ്യത നിറവേറ്റുന്നു. അതാണ് നമ്മൾ തമ്മിലുള്ള വ്യത്യാസം.

ശ്രീ. വാഴൂർ സോമൻ: സർ, ഞങ്ങളുടെ ഒരനുഭവം വച്ച് പറയുകയാണെങ്കിൽ, ഈ മേഖലയിൽ ട്രേഡ് യൂണിയനുകൾ മാത്രമല്ല ഉടമാപ്രതിനിധികൾപോലും നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ പലപ്പോഴും ഐകകണ്ഠ്യേനയുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അംശദായം 4 രൂപയെന്നുള്ളത് 10 രൂപയായി ഉയർത്തണമെന്ന നിർദ്ദേശം വന്നപ്പോൾ ഉടമകൾ അതിനോട് സഹകരിക്കാൻ തയ്യാറായി ഐകകണ്ഠ്യേന തീരുമാനമെടുത്തതാണ്. എന്നാൽ നിർഭാഗ്യവശാൽ ആ തീരുമാനത്തിനെതിരെ അന്ന് നടപടി വൈകിപ്പിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. ഇന്നത്തെ കാലത്ത് 10 രൂപയെന്നു പറയുന്നത് ഒരു വലിയ തുകയല്ല. തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരാവശ്യം വരുമ്പോൾ കൂടുതൽ ആനുകൂല്യം കിട്ടുകയെന്നുള്ളതാണ് പ്രധാനകാര്യമെന്ന് ഞങ്ങൾ അദ്ദേഹത്തെ കണ്ട് സംസാരിച്ചിരുന്നു. പിന്നീട് ആ നിയമനിർമ്മാണം വഴിയിൽ മുടങ്ങിപ്പോയതാണ്. ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്. നിരവധി തൊഴിലാളികളെ ഇപ്പോഴും ഈ ക്ഷേമ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല; വിശേഷിച്ചും പ്രൈവറ്റ് ടെലികോം മേഖലയിലെ തൊഴിലാളികൾ. കേന്ദ്രസർക്കാരിന്റെ തെറ്റായ നയംമൂലം ബി.എസ്.എൻ.എൽ. അടച്ചുപൂട്ടലിന്റെ വക്കിലാണ്. ആ മേഖലയിലെ തൊഴിലെല്ലാം ഇപ്പോൾ സ്വകാര്യ കമ്പനികൾ ഏറ്റെടുത്തിരിക്കുകയാണ്. Rcom (Reliance

Communications Limited), Nokia അതുപോലെ മറ്റ് കമ്പനികളെല്ലാം ഈ ജോലികളേറ്റെടുത്തതോടെ അവിടെ കോൺട്രാക്ട് അടിസ്ഥാനത്തിൽ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുകയാണ്. നിർഭാഗ്യവശാൽ അതിന്റെയെല്ലാം ആസ്ഥാനം കേരളത്തിന് പുറത്തായതുകൊണ്ട് അവിടത്തെ ക്ഷേമപദ്ധതികളിൽ അവർ അംഗമല്ല; ഇവിടെയുള്ള ക്ഷേമപദ്ധതിയിൽ അവരെ ചേർക്കുന്നുമില്ല. ബോംബെയിലും ബാംഗ്ലൂരിലും കൊൽക്കത്തയിലുമുള്ള കമ്പനികളുടെ കീഴിലാണ് ഈ തൊഴിലാളികൾ ജോലിചെയ്യുന്നത്. അതുകൊണ്ട് കേരളത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ നിർബന്ധബുദ്ധിയാൽ ഇവിടത്തെ ക്ഷേമപദ്ധതിയിൽ അംഗമാക്കണമെന്ന ഒരു നിർദ്ദേശംകൂടി ഈ സന്ദർഭത്തിൽ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

മറ്റൊന്ന്, മാനേജ്മെന്റുകൾ ഇപ്പോൾ പുതിയ ചില നയസമീപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. 2000 ഡിസംബർ 13 മുതൽ പീരുമേട് ടീ കമ്പനിയുടമ തോട്ടം നടത്തുന്നില്ല. തോട്ടം ലോക്ക് ഔട്ട് ആണോ? അല്ല; ലേ ഓഫ് ആണോ? അല്ല. ക്ലോഷർ ആണോ? അല്ല. നിയമപുസ്തകത്തിലെ ഒരു വ്യവസ്ഥയും മാനിക്കാതെ ഉപേക്ഷിച്ച് പോകുന്നുവെന്ന നിലപാടാണ് ഇപ്പോൾ പല തൊഴിൽമേഖലയിലും കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിൽ നിരവധി തോട്ടങ്ങൾ അതിന്റെ അടിസ്ഥാനത്തിൽ അടഞ്ഞുകിടക്കുന്നുണ്ട്. അത്തരം കാര്യങ്ങളിൽ തീർച്ചയായും സർക്കാരിടപെടുകയും അവയേറ്റെടുത്ത് തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടി കൈക്കൊള്ളണമെന്നും ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ മുൻകയ്യെടുത്തല്ലേ പ്രവർത്തിക്കേണ്ടതെന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചോദിക്കുകയുണ്ടായി. സർക്കാർ മുൻകയ്യെടുക്കുന്നുണ്ട്. അതുപോലെതന്നെ ട്രേഡ് യൂണിയൻ സംഘടനകളും യോജിച്ച നിലപാട് ഇപ്പോൾ കൈക്കൊള്ളുന്നത് ദേശീയാടിസ്ഥാനത്തിലാണെന്നും അദ്ദേഹത്തിനറിയാം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളാകെ വിറ്റുതുലച്ചുകൊണ്ടിരിക്കുകയാണ്. ഇത് അങ്ങേയറ്റം രാജ്യ താല്പര്യത്തിന് വിരുദ്ധവും തൊഴിലാളി വിരുദ്ധ സാഹചര്യവുമാണ് സൃഷ്ടിക്കുന്നത്. അതിനെതിരെ യോജിച്ച ഒരു പോരാട്ടം ഉണ്ടാകേണ്ടതുണ്ടെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. വാഴൂർ സോമൻ: സർ, രാജ്യത്തെ തൊഴിലാളി സംഘടനകൾ ഏകദേശം 20 വർഷക്കാലമായി എല്ലാ കേന്ദ്രതൊഴിലാളി സംഘടനകളും കക്ഷി രാഷ്ട്രീയം മാറ്റിവച്ച് യോജിച്ച സമര പന്ഥാവിലാണ്. ബി.ജെ.പി.-യുടെ തൊഴിലാളി വിഭാഗമായ ബി.എം.എസ്. ഉൾപ്പെടെ യോജിച്ചായിരുന്ന പ്രക്ഷോഭം

നടത്തിക്കൊണ്ടിരുന്നത്. എന്നാൽ ബി.ജെ.പി. അധികാരത്തിലേറിയതിനുശേഷമാണ് അവർ ആ യോജിപ്പിൽനിന്നും അല്പം വിട്ടുനിൽക്കുന്നത്. എങ്കിലും ഇപ്പോൾ പെട്രോൾ, ഡീസൽ വിലവർദ്ധനവിനെതിരെ അവരും സജീവമായി രംഗത്തുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ. രാജ്യത്തെ തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് പ്രീണനനയത്തെ ചെറുത്ത് പരാജയപ്പെടുത്തുവാൻ കക്ഷി രാഷ്ട്രീയത്തിനും ട്രേഡ് യൂണിയൻ സംഘടനാ വ്യത്യാസങ്ങൾക്കുപരിയായി ഒറ്റക്കെട്ടായി അണിചേരേണ്ട സന്ദർഭമാണെന്ന് എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സാഹചര്യങ്ങളെല്ലാം നിലനിൽക്കെ കേരളത്തിലെ പിണറായി വിജയൻ സർക്കാർ തൊഴിലാളികളുടെയും മറ്റ് വിഭാഗക്കാരുടെയും അവകാശങ്ങൾ പരിരക്ഷിക്കുവാൻ പരമാവധി പരിശ്രമിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്ത് ഓണക്കാലത്ത് ഏതാണ്ട് 234804 തൊഴിലാളികൾക്ക് 71 കോടി രൂപയുടെ ധനസഹായം അനുവദിച്ചതും പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. രണ്ടാം പിണറായി വിജയൻ സർക്കാർ ആദ്യ നൂറ് ദിവസത്തിനുള്ളിൽ സഹകരണ മേഖലയിൽ 16128 പേർക്ക് തൊഴിൽ നൽകുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പരിപാടിയുടെ ഭാഗമായി കുടുംബശ്രീ മുഖേന 50000 പേർക്ക് തൊഴിൽ നൽകുന്നതിനു വേണ്ടി 'അതിജീവനം കേരളീയം', 10000 യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് 'യുവകേരളം' എന്നീ പദ്ധതികൾ നടപ്പിലാക്കിയത് രാജ്യത്തിനു തന്നെ മാതൃകയായ നടപടിയാണ്. സ്വാഭാവികമായും ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കുറയ്ക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ചിന്തിക്കണം. അതിനെക്കുറിച്ച് ബഹുമാന്യനായ വകുപ്പുമന്ത്രി എല്ലാ തൊഴിലാളി സംഘടനകളുമായി ഗൗരവമായി കൂടിയാലോചിച്ച് ഒരു സമവായത്തിലൂടെ തീരുമാനമെടുക്കാൻ പരിശ്രമിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ പരിമിതമായ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. മുൻകാലത്ത് സോവിയറ്റ് യൂണിയൻ മോഡലിലാണ് തൊഴിലാളികൾക്കുവേണ്ടിയുള്ള അവധിക്കാല വസതി കേരളത്തിൽ ആദ്യമായി ആരംഭിച്ചത്, അത് എന്റെ നിയോജകമണ്ഡലമായ തേക്കടിയിലാണ്. അവിടെ വരുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് കുടുംബമായി താമസിക്കുവാനും അവിടത്തെ പ്രദേശങ്ങൾ കാണാനുമുള്ള സൗകര്യമുണ്ട്. തൊഴിലാളികൾക്ക് ടൂർ സബ്സിഡിയും ഫുഡ് സബ്സിഡിയും ബോട്ടിംഗ് സൗകര്യങ്ങളും നൽകുന്നുണ്ട്. തൊഴിലാളികളുടെ മീറ്റിംഗുകൾ ചേരുന്നതിന് സൗജന്യ നിരക്കിലുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് എറണാകുളത്തും അങ്ങനെയൊരു സ്ഥാപനം ആരംഭിക്കുവാൻ തറക്കല്ലിട്ടതാണ്. നിർഭാഗ്യവശാൽ അതിന് തുടർനടപടിയുണ്ടായില്ല. സ്വാഭാവികമായും തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമൊക്കെ

പട്ടണപ്രദേശത്തേയ്ക്ക് പോകുവാനുള്ള താല്പര്യമുണ്ട്. അതുകൊണ്ട് എറണാകുളത്തും കോവളത്തും കൽപ്പറ്റയിലുമുള്ള തൊഴിലാളികൾക്ക് അവധിക്കാല വസതികൾ ആരംഭിക്കുവാൻ തൊഴിലാളി ക്ഷേമനിധി ബോർഡിലൂടെ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മാത്രമല്ല, ഇപ്പോൾ കേരളത്തിലെ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളവർക്ക് മാത്രമാണ് സൗജന്യമായി ആനുകൂല്യങ്ങൾ നൽകുന്നത്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള മുഴുവൻ തൊഴിലാളികൾക്കും ഏത് ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണെങ്കിലും അവിടത്തെ സർട്ടിഫിക്കറ്റ് ഹാജരാക്കി അവധിക്കാല വസതികളിൽ താമസിക്കുവാനും സൗജന്യങ്ങൾ ഏർപ്പെടുത്തുവാനുമുള്ള തീരുമാനംകൂടി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എം. വിൻസെന്റ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ന് നിയമസഭയിൽ അവതരിപ്പിച്ച അല്ലെങ്കിൽ പാസ്സാക്കാൻ പോകുന്ന എല്ലാ നിയമങ്ങളും തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാത്രമാണ്. അംശദായം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് തൊഴിലാളികൾക്കുള്ള ആനുകൂല്യം വർദ്ധിക്കുന്നില്ല. തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളി വിഹിതം നേരത്തെ 4 രൂപയായിരുന്നത് 45 രൂപയായി വർദ്ധിക്കുകയാണ്. ഏകദേശം 1100 ശതമാനം തൊഴിലാളി വിഹിതം വർദ്ധിക്കുമ്പോൾ അവരുടെ ആനുകൂല്യങ്ങൾ പരിമിതവും എന്നാൽ ആർക്കും ഗുണമുണ്ടാകുന്ന രീതിയിലുമല്ല അത് പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ഓർഡിനൻസ് വന്നതിനുശേഷം പുതിയ കുറേ ആനുകൂല്യങ്ങളും പദ്ധതികളുമെല്ലാം പ്രഖ്യാപിച്ചു. എന്നാൽ ഈ പദ്ധതികളെല്ലാം പേരിനുമാത്രമെയുള്ളൂ. തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിമിതമാണെന്ന് ശ്രീ. വാഴൂർ സോമൻ ചൂണ്ടിക്കാണിച്ചതിനോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. അവ വർദ്ധിപ്പിക്കാനുള്ള നടപടികളാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് സ്വീകരിക്കേണ്ടത്. ഇവിടെ വാചകമടി മാത്രമാണുള്ളത്. സിവിൽ സർവ്വീസിന് സഹായമൊരുക്കും. സിവിൽ സർവ്വീസ് അക്കാദമിയിലും കിലെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്)-യിലും പരിശീലനത്തിന് ചേരുന്ന 20 കുട്ടികൾക്കുമാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള ഈ ക്ഷേമനിധിയിൽ ആകെ ഇരുപതുപേർക്കുമാത്രമാണ് സഹായം ലഭിക്കുന്നത്. പക്ഷെ പുതിയൊരാനുകൂല്യമായി അതിനെ പ്രഖ്യാപിച്ചിരിക്കുകയാണെങ്കിലും വളരെ കുറച്ച് കുട്ടികൾക്കുമാത്രമെ അതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ. 'ഡോക്ടറോ എഞ്ചിനീയറോ

ആകുന്നതിനുള്ള പരിശീലനത്തിന് ധനസഹായം' മറ്റൊരു പദ്ധതിയാണ്. ഒരു ജില്ലയിൽനിന്ന് രണ്ടുപേർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. എന്തിനാണ് ഇങ്ങനെ ആനുകൂല്യം കൊടുക്കുന്നത്? ഒരു ജില്ലയിൽനിന്ന് രണ്ടുപേർക്ക്, അങ്ങനെ സംസ്ഥാനത്തുനിന്നും ആകെ 28 പേർക്കാണ് ധനസഹായം ലഭിക്കുന്നത്. എഞ്ചിനീയറിംഗിനും മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്കും പഠിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്ന പദ്ധതി, ഓരോ കുട്ടിക്കും 5,000 രൂപയാണ് നൽകുന്നത്. ലക്ഷക്കണക്കിന് രൂപയാണ് ഓരോ സ്ഥാപനങ്ങളും ഫീസിനത്തിൽ ഈടാക്കുന്നത്. ഇത്രയധികം തുക വർദ്ധിപ്പിക്കുമ്പോഴും 495000-ത്തോളം അംഗങ്ങളുള്ള ക്ഷേമ നിധിയിൽ ഒരു ജില്ലയിൽനിന്ന് രണ്ടുപേർക്കാണ് 5,000 രൂപ വീതം നൽകുന്നത്. അതിനെയും ഒരു പദ്ധതിയായി പ്രഖ്യാപിച്ച് കൊട്ടിഘോഷിക്കുകയാണ്. ഇത്തരത്തിലുള്ള കൊട്ടിഘോഷങ്ങൾ മാത്രമാണുള്ളത്. അതുപോലെ ഐ.ടി.ഐ. പരിശീലന പദ്ധതിയിൽ 300 രൂപ വീതം 240 കുട്ടികൾക്കാണ് സംസ്ഥാനത്ത് ആനുകൂല്യം നൽകുന്നത്. അതിനെയും പുതിയൊരു പദ്ധതിയായി കൊട്ടിഘോഷിച്ച് അവതരിപ്പിച്ചിരിക്കുകയാണ്. വിവാഹ ധനസഹായം 7,500 രൂപയാണെന്ന് ഇവിടെ പറയുകയുണ്ടായി. നല്ലൊരു കല്യാണ സാരി വാങ്ങിക്കണമെങ്കിൽ അതിനേക്കാളും കാശ് നൽകണ്ടേ; എന്നാൽ 7,500 രൂപ ആർക്കും ലഭിക്കുകയുമില്ല. കാരണം പരമാവധി വരുമാനം 20,000 രൂപയിൽ താഴെയുള്ളവർക്കുമാത്രമെ ഈ ആനുകൂല്യം നൽകാൻ കഴിയുകയുള്ളൂ. 20,000 രൂപ വരുമാനം ആർക്കാണുള്ളത്? വില്ലേജ് ഓഫീസിൽനിന്നും തൊഴിലില്ലായ്മ വേതനത്തിന് സർട്ടിഫിക്കറ്റ് വാങ്ങാൻ പോകുമ്പോൾ ലഭിക്കാത്ത അവസ്ഥയാണുള്ളത്. അപ്പോൾ ആർക്കും ലഭിക്കാതി രിക്കുന്ന തരത്തിലാണ് പദ്ധതി പ്രഖ്യാപിക്കുന്നത്; എന്നാൽ ഒരു പുതിയ പദ്ധതി കൊണ്ടുവന്നിട്ടുമുണ്ട്. ഇത് ഈ ഓർഡിനൻസ് ഇറക്കിയതിനുശേഷം, കഴിഞ്ഞ ഫെബ്രുവരി മാസം കൊണ്ടുവന്ന മാറ്റങ്ങളാണ്. കമ്പ്യൂട്ടർ പഠനത്തിന് ആകെ 150 കുട്ടികൾക്കാണ് അവസരമൊരുക്കിയിരിക്കുന്നത്. അതുപോലെ അപകട മരണത്തിനുള്ള ധനസഹായം വെറും 25,000 രൂപയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ ചികിത്സാ ധനസഹായമായി എത്ര രൂപയാണ് കൊടുത്തിട്ടുള്ളത്? ഒരു കുടുംബത്തിന്റെ എല്ലാമെല്ലാമായ ഒരാൾ അപകടത്തിൽപ്പെട്ട് മരണപ്പെട്ടാൽ ആ കുടുംബം ഇനി എങ്ങോട്ടുപോകുമെന്ന് പകച്ചുനിൽക്കുന്ന സന്ദർഭത്തിൽ അവരെ സഹായിക്കേണ്ട ഒരു ക്ഷേമനിധി നൽകുന്നത് വെറും 25,000 രൂപയാണ്. അപകടമരണത്തിനാണ് 25,000 രൂപ നൽകുന്നത്. ജോലിയിലിരിക്കെ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്നത് വെറും 5,000 രൂപയാണ്. ഇതിനേക്കാൾ ഒരു പരിഹാസ്യമായിട്ടുള്ള നടപടി വേറെയെന്താണ്? അംശദായത്തിൽ ഇത്രയധികം

വർദ്ധനവ് വരുത്തിയിട്ടും ജോലിയിലിരിക്കെ മരണമടയുന്ന ഒരാൾക്ക് 5,000 രൂപ കൊടുക്കുന്ന ഏതെങ്കിലുമൊരു സ്കീം ഉണ്ടെങ്കിൽ അത് ഈ ക്ഷേമനിധിയിൽ മാത്രമാണ്. ആധുനികകാലത്ത് ഇതെല്ലാം തീരുമാനിക്കുന്നത് ആരാണ്; ആരെ ഉദ്ദേശിച്ചാണ് ഇക്കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത്? അതുപോലെ മരണാനന്തര ചെലവിന് നൽകുന്നത് 2,000 രൂപയാണ്. ഈ തുകകൊണ്ട് ഒരു ശവപ്പെട്ടി വാങ്ങാൻപോലും തികയില്ല. മരണാനന്തര ചടങ്ങ് ഒരു പാക്കേജായാണ് നടത്തുന്നത്. ഈ ചടങ്ങിനുപോലും പതിനായിരവും പതിനയ്യായിരവും രൂപയാണ് കൊടുക്കേണ്ടി വരുന്നത്. ഈ തൊഴിലാളിക്ക് എവിടെനിന്നാണ് ആ തുക കൊടുക്കാൻ സാധിക്കുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റായി 600 രൂപയാണ് ഒരു വർഷം കൊടുക്കുന്നത്. അതായത് ഒരു മാസം 60 രൂപ; ഒരു ദിവസം 2 രൂപ. ഒരു സ്കീമുണ്ട്, അതിന്റെ ഗുണം ആർക്കെങ്കിലും ലഭിക്കുന്നുണ്ടോ? എസ്.എസ്.എൽ.സി., പ്ലസ് ടു പോലെയുള്ള ക്ലാസ്സുകളിൽ ഉന്നത വിജയം നേടുന്നവർക്ക്, എല്ലാ വിഷയത്തിനും എ പ്ലസും എ ഗ്രേഡും നേടുന്ന കുട്ടികൾക്ക് ആയിരം രൂപയും അറുന്നൂറ് രൂപയും നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു. എത്ര കുട്ടികൾക്കാണ് ഇത് കൊടുക്കുന്നത്? ഓരോ ജില്ലയിലും 25 കുട്ടികൾക്കെന്ന നിലയിൽ ഈ അവാർഡ് പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഈ തൊഴിലാളികളുടെ മക്കളിൽ ഇരുപത്തി യഞ്ചിനപ്പുറത്തേയ്ക്ക് 'എ പ്ലസ്' വാങ്ങുന്ന കുട്ടികൾ ഉണ്ടാകാൻ പാടില്ലെന്നാണോ; അതോ 'എ പ്ലസ്' വാങ്ങുന്നവർ ഇനി ഇരുപത്തിയഞ്ചുപേരെ ഉണ്ടാകുകയുള്ളൂവെന്നാണോ കരുതുന്നത്? ഇങ്ങനെ പരിഹാസ്യമായിട്ടുള്ള, തൊഴിലാളികൾക്ക് ഗുണം ലഭിക്കാത്ത സ്കീമുകളാണുള്ളത്. ഇത്തരത്തിൽ സ്കീമുകളുടെ എണ്ണം കൂട്ടുന്നുവെന്നുള്ളതല്ലാതെ അതിൽനിന്ന് അവർക്ക് കാര്യമായൊന്നും ലഭിക്കുന്നില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. എം.ബി.ബി.എസ്.-ഉം ബി.ഡി.എസ്.-ഉം പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 3000 രൂപയാണ് ഉന്നതവിദ്യാഭ്യാസ ഗ്രാന്റായി നൽകുന്നത്. അങ്ങനെ ഓരോന്നു വീതം പറഞ്ഞുപോയാൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ തന്നെ പരിമിതമാണ്. എന്നാൽ കാലോചിതമായി ഈ ആനുകൂല്യങ്ങളും സ്കീമുകളും പരിഷ്കരിക്കണ്ടേ? അവ പരിഷ്കരിക്കാനുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. കുറഞ്ഞ പെൻഷൻ 5000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം. സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്ന അതേ നിരക്കിൽ ക്ഷേമപെൻഷൻ നൽകുന്നതിന് എന്ത് നീതീകരണമാണുള്ളത്? ഒരോ തൊഴിലാളിയും അവന്റെ അദ്ധ്വാനത്തിൽനിന്നും ഒരു പങ്ക് ക്ഷേമനിധിയിലേയ്ക്ക് അടച്ചിട്ട്, സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി പെൻഷനും ഒരേ നിരക്കിൽ കൊടുക്കുന്നതിൽ ഒരു ന്യായവുമില്ല, നീതീകരിക്കാനും കഴിയില്ല. 5000 രൂപ നൽകാനൊരു പ്രയാസവുമില്ല. കാരണം തൊഴിലുടമകളിൽ നിന്നുള്ള അംശദായം പിരിക്കുന്ന കാര്യത്തിൽ പല ക്ഷേമനിധികളും കുറ്റകരമായ അനാസ്ഥയാണ്

കാണിക്കുന്നത്. എല്ലാ ക്ഷേമനിധികളിൽ നിന്നുമായി തൊഴിലുടമകളിൽ നിന്നുള്ള അംശദായം പിരിച്ചെടുക്കേണ്ട ഇനത്തിൽ ഏകദേശം 25000 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നാണ് ഒരു പഠനം സൂചിപ്പിക്കുന്നത്. ഈ കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെങ്കിലും അടിയന്തരമായ നടപടി സ്വീകരിക്കുന്നുണ്ടോ? അതുപോലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യം ലഭ്യമാക്കാൻ നടപടി വേണം. തൊഴിലുടമയും തൊഴിലാളികളും അംശദായമായി അടയ്ക്കുന്ന തുകയ്ക്ക് തുല്യമായ തുക ഓരോ മാസവും ക്ഷേമനിധിയിലേയ്ക്ക് കൈമാറാൻ സർക്കാർ തയ്യാറാകണം. ഈ ആനുകൂല്യങ്ങളെല്ലാം കാലോചിതമായി പരിഷ്കരിക്കണം. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേക ട്യൂഷൻ നൽകാനോ മറ്റ് വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനോ തൊഴിലാളികൾക്ക് കഴിയാറില്ല. അവർ കഷ്ടപ്പെട്ട് അന്നത്തെ അഷ്ടിക്ക് വേണ്ട തുക കണ്ടെത്താൻ പാടുപെടുന്നവരാണ്. അവരുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനും ട്യൂഷനും മറ്റും പോയി നല്ല മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികളോടൊപ്പം മത്സരിക്കാൻ പ്രാപ്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് മറ്റുള്ളവരുടെ മക്കളുമായി മത്സരിക്കാൻ പ്രാപ്തിയില്ലാത്ത തൊഴിലാളികളുടെ മക്കൾക്ക് ഒരു ഗ്രേസ് മാർക്ക് നൽകാൻ നമുക്ക് ഈ ഭേദഗതിയിലൂടെ മാറ്റമുണ്ടാക്കണ്ടേ? അത് കൊണ്ടുവരണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. തൊഴിൽ നഷ്ടപ്പെടുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് യാതൊരു തരത്തിലുമുള്ള സംരക്ഷണവും ഒരു സ്കീമും ഈ ക്ഷേമനിധിയുടെ പേരിലുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയി വിടെയില്ല. അദ്ദേഹം തിരുവനന്തപുരം ജില്ലക്കാരനാണ്. പത്തിലധികംപേർ പണിയെടുക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഈ സ്കീമിൽ അംഗമാകേണ്ടതാണ്. അങ്ങനെയുള്ള തൊഴിൽ സ്ഥാപനങ്ങൾ പലതും ഇന്ന് പൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അദ്ദേഹം മന്ത്രിയാകുന്നതിനുമുമ്പ് അവിടെ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. 455 ദിവസമായി അത് അടച്ചിട്ടിരിക്കുകയാണ്. കൃത്യമായി പറഞ്ഞാൽ 2020 ആഗസ്റ്റ് 10-ാം തീയതി ഫാക്ടറിയടച്ചു. ഫാക്ടറി അടയ്ക്കുമ്പോൾത്തന്നെ ആ വർഷത്തെ ബോണസും 14 ദിവസത്തെ വേതനവും കുടിശ്ശികയാണ്. അത് ഇതുവരെയും കൊടുത്തിട്ടില്ല. മാത്രമല്ല illegal ആയിട്ടുള്ള ക്ലോഷർ ഉണ്ടാകുമ്പോൾ, 15 ദിവസത്തെ വേതനം lay-off compensation ആയി നൽകേണ്ടതാണ്. നാളിതുവരെയായി ഒരു രൂപപോലും നൽകിയിട്ടില്ല. ലേബർ ഡിപ്പാർട്ടുമെന്റിന് ഒരു പ്രോസിക്യൂഷൻ നടപടിപോലും ഇതുവരെ ഇനിഷ്യേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. തൊഴിലാളി ക്ഷേമത്തെക്കുറിച്ച് സംസാരിക്കുമ്പോഴും തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളി ലെടുക്കാവുന്ന നിയമ നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കുന്നില്ല. 2012-ലെ ശമ്പള

വ്യവസ്ഥയിലാണ് അവിടെ തൊഴിലാളികൾ പണിയെടുക്കുന്നത്. 2016 ഒക്ടോബർ 1-ാം തീയതി ശമ്പള വ്യവസ്ഥ പുതുക്കേണ്ടതാണെങ്കിലും ഇതുവരെ പുതുക്കി നിശ്ചയിച്ചിട്ടില്ല. 2020 ഫെബ്രുവരി 1-ാം തീയതി ലേബർ കമ്മീഷണറുടെ സാന്നി ദ്ധ്യത്തിൽ മാനേജ്മെന്റ് കൂടി ചേർന്ന് ഒപ്പുവച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് നടപ്പിലാക്കിയിട്ടില്ല, അത് വയലേറ്റ് ചെയ്യുകയാണ്. ഇതിന്റെ പേരിലും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണ്. അതിനും തയ്യാറാ കുന്നില്ല. സർക്കാർ പാട്ടത്തിന് നൽകിയ 13.5 ഏക്കർ ഭൂമിയിലാണ് ഏകദേശം 500 തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഒരു നിവൃത്തിയുമില്ലാതെ തൊഴിലാളികൾ പട്ടിണിയിലാണ്. പ്രഫുല്ല കുമാർ എന്നൊരു തൊഴിലാളി ആത്മഹത്യ ചെയ്യുകയുണ്ടായി. മറ്റൊരു തൊഴിലാളി ആത്മഹത്യ ചെയ്യുന്നതിനിടയിൽ കണ്ടതുകൊണ്ടുമാത്രം അയാളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചു. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് തിരുവനന്തപുരം ജില്ലയിലെ മറ്റൊരു സ്ഥാപനമാണ്. അവിടെയുള്ള തൊഴിലാളികൾക്ക് ശമ്പളം നൽകിയിട്ട് ഏഴ് മാസത്തോളമായി. ഒന്നാം പിണറായി വിജയൻ സർക്കാരും രണ്ടാം പിണറായി വിജയൻ സർക്കാരും അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി അവിടെനിന്നുമൊരു പി.എഫ്. തുക അടച്ചിട്ടില്ല. ജീവിതകാലം മുഴുവൻ ജോലി ചെയ്ത് പെൻഷൻ പറ്റുന്നവർക്ക് ജീവിതസായാഹ്നത്തിൽ ഒരു ആനുകൂല്യംപോലും കൊടുക്കാതെയാണ് അവരെ പറഞ്ഞുവിടുന്നത്. അവിടെ 100-ൽ താഴെ സ്ഥിരജീവനക്കാരും 200-ലേറെ താൽകാലിക ജീവനക്കാരും ജോലിചെയ്യുന്നുണ്ട്. ഇവർക്കെല്ലാം നാളിതുവരെയായും ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. അവരെല്ലാം തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരാണ്. എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? വളരെ കൊട്ടിഘോഷിച്ചാണ് ഇലക്ട്രിക് ഓട്ടോ ഇറക്കിയത്. പക്ഷേ മാർക്കറ്റ് കിട്ടുന്നില്ല. വളരെ ഡിഫക്ടീവായിട്ടുള്ള ഓട്ടോറിക്ഷകളാണ് വാങ്ങിയതെല്ലാം. ബാറ്ററി തകരാർ പോലെ പല പ്രശ്നങ്ങളുമുണ്ട്. അതെല്ലാം പരിഹരിക്കാതെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്ന സാഹചര്യമാണ്. ഒരു കാലഘട്ടത്തിൽ ആയിരത്തിഅഞ്ഞൂറോളം തൊഴിലാളികൾ മൂന്ന് ഷിഫ്റ്റുകളിലായി ജോലി ചെയ്തിരുന്ന വിജയമോഹിനി മിൽ 2020 മാർച്ച് 23-ന് അടച്ചുപൂട്ടുകയുണ്ടായി. ഇപ്പോൾ ഏകദേശം 20 മാസത്തോളമായി. ഇന്നുവരെ അതുമായി ബന്ധപ്പെട്ട് ഒരു ചർച്ചയും നടത്തിയിട്ടില്ല. ഇത് നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനമാണ്. ഈ സ്ഥാപനം തുറക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? ഇവിടെ 15 വർഷമായി അടഞ്ഞുകിടക്കുന്ന പാർവതി മില്ലിലെ തൊഴിലാളികൾക്ക് ശമ്പളം നൽകുന്നുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വിജയമോഹിനി മിൽ തുറന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തെരഞ്ഞെടുപ്പ് സമയത്താണ് വിജയമോഹിനി മിൽ തുറന്നത്. ഞാൻ പറയുന്നതിൽ പിശകുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് തിരുത്താം. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിന്റെ സമയത്ത് ഏപ്രിൽ മാസത്തിൽ 23 ദിവസവും മേയ് മാസത്തിൽ 8 ദിവസവുമാണ് തുറന്നത്. പിന്നീടത് അടയ്ക്കുകയുണ്ടായി. ഇപ്പോൾ തുറന്നിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്കത് പറയാം. ഇപ്പോൾ തെരഞ്ഞെടുപ്പ് കാലമല്ലാത്തതുകൊണ്ട് അത് വരുന്നതുവരെ ആ തൊഴിലാളികൾ കാത്തിരിക്കണോ? അടുത്ത ഇലക്ഷന് ചിലപ്പോൾ തുറക്കുമായിരിക്കും. ഇവിടെ ജോലി ചെയ്തിരുന്ന താൽകാലിക ജീവനക്കാർക്ക് lay-off compensation ആയി ഒരു രൂപയും നൽകുന്നില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് പ്രതിമാസം 300 ഓട്ടോറിക്ഷകൾ നിർമ്മിക്കുകയും ഇന്ത്യയിൽ മാത്രമല്ല വിദേശ രാജ്യങ്ങളിലും കയറ്റുമതി ചെയ്യുകയും ചെയ്തൊരു സ്ഥാപനമായിരുന്നു. എങ്ങനെയാണ് അതിന്റെ ഘടന തകർന്നത്; ആരാണ് തകർത്തതെന്നതിനെക്കുറിച്ച് ഓർമ്മിക്കാൻ വേണ്ടി പറഞ്ഞതാണ്. അന്ന് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് മുസ്ലീംലീഗായിരുന്നു വ്യവസായ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അന്നവിടെ ഒരു ചെയർമാനെ കൊണ്ടുവന്ന് യാതൊരു നിയന്ത്രണവുമില്ലാതെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി അതിന്റെ ഘടനയെത്തന്നെ തകർക്കുകയുണ്ടായി. അന്ന് തൊഴിലാളികളെയുംകൊണ്ട് സെക്രട്ടറിയേറ്റിന് മുന്നിൽ പട്ടിണി സമരം നടത്തിയിരുന്നത് നിങ്ങൾക്ക് ഓർമ്മ കാണും. ഇപ്പോഴാണ് അത് തുറന്ന് പുതിയ ദിശയിലേയ്ക്ക് അതിന്റെ പ്രവർത്തനം നടത്തിവരുന്നത്. പോരായ്മകളും സാമ്പത്തിക പരാധീനതകളുമെല്ലാമുണ്ട്. തകർത്തത് ആരാണെന്ന് ഓർമ്മിക്കാൻ വേണ്ടി പറഞ്ഞതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ആരാണ് തകർത്തതെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. നിങ്ങളുടെ ആരോപണം നിങ്ങൾക്ക് ശരിയായിരിക്കാം. പക്ഷേ, ആറ് വർഷംകൊണ്ട് അത് നേരെയാക്കാൻ കഴിഞ്ഞിട്ടില്ലല്ലോ. ഇനി എത്രകാലം കഴിഞ്ഞാണ് നിങ്ങൾക്ക് നേരെയാക്കാൻ കഴിയുക . ഏഴ് മാസം ശമ്പളമില്ലാതെ അവർ എങ്ങനെയാണ് ജീവിക്കുന്നതെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? ഈ വിഷയം ചൂണ്ടിക്കാണിക്കുന്നത് ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ആറ് വർഷം മുമ്പുണ്ടായിരുന്ന ഒരു ഗവൺമെന്റിന്റെ കാര്യം ഇപ്പോൾ പറഞ്ഞാൽ അവരുടെ പട്ടിണി മാറ്റാൻ സാധിക്കുമോ? തൊഴിലാളികൾക്ക് ഏഴ് മാസമായി ശമ്പളമില്ലാതിരിക്കുകയാണ്. അവരുടെ വേദനയും പ്രയാസവുമുൾക്കൊള്ളാൻ നിങ്ങൾക്ക് കഴിയണം. അതിനുള്ള മനസ്സാണ് ഗവൺമെന്റ് കാണിക്കേണ്ടത്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഇവിടെ ഇടപെട്ടുകൊണ്ട് ശ്രീ. സി. കെ. ഹരീന്ദ്രൻ സൂചിപ്പിച്ചതാണ് ഏറെക്കുറെ വാസ്തവം. ആ വ്യവസായത്തിന് കഴിഞ്ഞ അഞ്ച് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ മുൻ വ്യവസായ വകുപ്പുമന്ത്രിമാരായിരുന്ന സർവ്വശ്രീ എ. സി. മൊയ്തീനും ഇ. പി. ജയരാജനും ഇടപെട്ടുകൊണ്ട് ഏകദേശം 35 കോടിയോളം രൂപയാണ് നൽകിയത്. ഒരു മാസം 35 മുതൽ 40 ലക്ഷം രൂപയാണ് ജീവനക്കാരുടെ ശമ്പളവും മറ്റുമുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ഇനത്തിൽ വരുന്നത്. അവിടെനിന്നും ആവശ്യത്തിനുള്ള വരുമാനം ലഭിക്കാത്തതുകൊണ്ടാണ് ഇ-ഓട്ടോയിലേക്ക് മാറിയത്. കോവിഡ്-19 സൃഷ്ടിച്ച പ്രശ്നങ്ങളും മറ്റ് സാങ്കേതിക പ്രശ്നങ്ങളുമെല്ലാം അവിടെ ബാധിച്ചിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കണ്ടേ; ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പ്രോഡക്ട് ഇറക്കിയത്; അതിന്റെ ഫീസിബിലിറ്റി, മാർക്കറ്റിംഗ് എന്നിവ പരിശോധിക്കാതെ മിസ്മാനേജ്മെന്റല്ലേ വരുത്തിയിരിക്കുന്നത്? പുതിയൊരു സംരംഭമുണ്ടാകുക, ആ സംരംഭത്തിന് മാർക്കറ്റ് പിടിക്കാതിരിക്കുക, എന്നിട്ട് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാതിരിക്കുക, ഈയൊരു രീതിയെ നിങ്ങൾ എന്തിനാണ് ന്യായീകരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. വിജയമോഹിനി മില്ലിലെ അൻപത്തിരണ്ടോളം തൊഴിലാളികൾ ക്വാർട്ടേഴ്സിൽ താമസിക്കുകയാണ്. അവിടെ ഡ്രെയിനേജ് ബ്ലോക്കായാൽ പോലും അതിന്റെ മെയിന്റനൻസ് നടത്താൻ കഴിയുന്നില്ല. നരകതുല്യമായ രീതിയിലാണ് അവർ ജീവിക്കുന്നത്. അംശദായം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽപ്പോലും നാമമാത്രമായിട്ടുള്ള സ്കീമുകളാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഒരു ജില്ലയിൽ ഒരാൾക്കും രണ്ടാൾക്കും ആനുകൂല്യം കൊടുക്കുന്നവയെ എങ്ങനെയാണ് തൊഴിലാളിക്ഷേമ സ്കീമുകളെന്ന് പറയാൻ സാധിക്കുന്നത്? അതുകൊണ്ട് ചട്ടങ്ങളുണ്ടാക്കുമ്പോഴും പുതിയ ഉത്തരവുകളിലൂടെയും കൂടുതൽ ആളുകൾക്ക് പ്രയോജനപ്രദമായ രീതിയിൽ സ്കീമുകൾ കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. കഴിഞ്ഞ അഞ്ചുവർഷമായി മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരനെതിരെ പരസ്യ ശാസന വന്നിട്ടുള്ളതായി രണ്ടുദിവസം മുമ്പ് ഒരു വാർത്ത വന്നിരുന്നു. അഞ്ചുകൊല്ലം ഞങ്ങൾ ഒരു കുറ്റംപോലും കണ്ടെത്താത്ത ശ്രീ. ജി. സുധാകരന്റെ പേരിൽ 22 കുറ്റങ്ങളാണ് സി.പി.ഐ.(എം) കണ്ടെത്തിയിരിക്കുന്നത്. രേഖകൾ പരിശോധിച്ചാൽ അദ്ദേഹം അഴിമതിക്കാരനാണെന്നോ, തെറ്റുകാരനാണെന്നോ ഞങ്ങളാരും പറഞ്ഞിട്ടില്ലെന്ന് മനസ്സിലാകും.

<u>മി. ചെയർമാൻ</u> : പ്ലീസ് ...ബില്ലിലേയ്ക്ക് വരൂ.......

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 22 കുറ്റങ്ങൾക്ക് പരസ്യ ശാസനയാണോ കൊടുക്കേണ്ടത്; 22 കുറ്റങ്ങളും ജെനുവിനാണെന്നും സത്യസന്ധമാണെന്നും നിങ്ങൾക്ക് ബോദ്ധ്യമുണ്ടെങ്കിൽ 22 കുറ്റങ്ങൾക്ക് കൊടുക്കേണ്ട ശിക്ഷയാണോ നിങ്ങൾ കൊടുത്തിരിക്കുന്നത്? അദ്ദേഹം തെറ്റ് ചെയ്തിട്ടുണ്ടെന്നും അദ്ദേഹം കുറ്റക്കാരനാണെന്നും ഞങ്ങൾ പറയുന്നില്ല. നിങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഉലക്ക വിഴുങ്ങിയതിന് നിങ്ങൾ ചുക്കുകഷായം കൊടുക്കുകയാണോ?

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ചട്ടം 307. ഒന്നാമത് ഈ സഭയിലില്ലാത്ത മുൻമന്ത്രി, സംഘടനാപരമായി പാർട്ടി തലത്തിലെടുക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് ഒരു മഹാപ്രസ്ഥാനത്തെയും അതിന് നേതൃത്വം കൊടുക്കുന്ന നേതാക്കളെയും അപകീർത്തിപ്പെടുത്തുന്ന രൂപത്തിൽ ഇവിടെ ചർച്ച ഉയർത്തിക്കൊണ്ടു വന്നത് സഭാ രേഖകളിലുണ്ടാകാൻ പാടില്ലെന്നാണ് ചട്ടം 307 പ്രകാരം പറയുന്നത്. കഴിഞ്ഞ ദിവസങ്ങളിലായി ഇവരുടെ സംസ്ഥാന പ്രസിഡന്റിനെതിരെ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും അതുപോലെ അവരുടെ പാർട്ടിയിൽ ഉയർത്തിക്കൊണ്ടുവരുന്ന കാര്യങ്ങളെ സംബന്ധിച്ചും ഈ സഭയിൽ ഞങ്ങളാരും പറയുന്നില്ലല്ലോ; അത് ചട്ടങ്ങളിലുണ്ടാകാൻ പാടില്ല. -

<u>മി.ചെയർമാൻ</u> : പരിശോധിക്കാം.*

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അദ്ദേഹം പറഞ്ഞത് സഭയിലില്ലാത്തൊരു ആളെ പരാമർശിക്കാമോ എന്നാണ്. ശ്രീ. രാഹുൽ ഗാന്ധി, ശ്രീ. നരേന്ദ്ര മോദി തുടങ്ങിയ എല്ലാ നേതാക്കളേയും നമ്മളിവിടെ പരാമർശിക്കാറുണ്ട്. അദ്ദേഹം രണ്ടാമത് പറഞ്ഞത് ശ്രീ. ജി. സുധാകരനെക്കുറിച്ചാണ്. അദ്ദേഹത്തെ അപകീർത്തിപ്പെടുത്തിയെന്നാണ്. ശ്രീ. ജി. സുധാകരനെ ഞാൻ അപകീർത്തിപ്പെടുത്തുകയല്ല പ്രകീർത്തിക്കുകയാണ് ചെയ്തത്. അഞ്ചുവർഷക്കാലം ഞങ്ങൾ ഒരു തെറ്റും കാണാത്ത ആളിൽ തെറ്റ് കണ്ടെത്തിയത് നിങ്ങളാണ്. നിങ്ങളാണ് അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നത്, ഞങ്ങളല്ല. ഞാൻ പറയുന്നത് ബദൽരേഖയുടെ പേരിൽ ഒരു തെറ്റ് ചെയ്ത എം. വി. രാഘവനെ പുറത്താക്കി. ആലപ്പുഴയിൽ ഒരു ജില്ലാ സമിതി രൂപീകരിച്ചതിന്റെ പേരിൽ ഗൗരിയമ്മയെ പുറത്താക്കി. അദ്ദേഹം തെറ്റ് ചെയ്തെന്ന് ഞങ്ങൾ പറയുന്നില്ല. ഈ സഭയിലും അദ്ദേഹം തെറ്റ് ചെയ്തെന്ന് പറഞ്ഞിട്ടില്ല. ഞങ്ങൾ അഞ്ചുവർഷവും ഒരു തെറ്റും കാണാത്ത ശ്രീ. ജി. സുധാകരന്റെ പേരിൽ 22 തെറ്റുകൾ കണ്ടെത്തിയിട്ടുള്ള സി.പി.ഐ.(എം) അതെല്ലാം ജെനുവിനാണെങ്കിൽ അദ്ദേഹത്തിനെതിരെ സ്വീകരിക്കേണ്ട നടപടി

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 18414/ഇ.ബി./2021/നി.സെ. തീയതി 9-11-2021) സഭാ രേഖകളിൽ നിലനിർത്തി.

ഇതാണോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അദ്ദേഹത്തെ അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയുമാണ്. പല സ്ഥലങ്ങളിലും ഞങ്ങൾ പുകഴ്ത്തിപ്പറഞ്ഞ വ്യക്തിയെന്നുള്ള നിലയിലാണ് അദ്ദേഹത്തെക്കുറിച്ച് ഞാൻ ഇക്കാര്യം പരാമർശിച്ചത്. നിങ്ങൾ പരിശോധിക്കേണ്ടതാണ്, നിങ്ങൾ ചെയ്തത് ശരിയാണോ തെറ്റാണോയെന്ന് നിങ്ങൾ ഓർക്കേണ്ടതാണെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ജീവിതം താളംതെറ്റി ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള തൊഴിലാളികളുടെ പരിശ്രമം വൃഥാവിലാകുന്ന ഈ പ്രത്യേക സാഹചര്യത്തിൽ ഒരു ക്ഷേമരാഷ്ട്രത്തിലെ നിയമനിർമ്മാണവും അനുബന്ധമായ നിയമ ഭേദഗതികളും കാലഘട്ടത്തിന്റെ വിളി കേൾക്കേണ്ടതാണെന്നത് നാം എല്ലാവരും തുറന്ന് സമ്മതിക്കുന്നതും ആഗ്രഹിക്കുന്നതുമായ കാര്യമാണ്. ഇവിടെ അവതരിപ്പിക്കപ്പെട്ട തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലുകളിൽ ഏറെയും തൊഴിലാളികൾക്കല്ല, മറിച്ച് തൊഴിലാളികളുടെ അംശദായത്തിന് മാത്രമാണ് ക്ഷേമം കൈവന്നിട്ടുള്ളതെന്നതാണ് യാഥാർത്ഥ്യം. പുരോഗമനപ്രസ്ഥാനമായ ഇടതുപക്ഷ ജനാധിപത്യമുന്നണി നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റ് ഈ നിയമസഭയിൽ സന്നിഹിതരായിരിക്കുന്ന ഭരണപക്ഷത്തെ അംഗങ്ങളുടെ വികാരംപോലും ഉൾക്കൊള്ളാതെ സാങ്കേതികമായ അർത്ഥത്തിൽ ഭൂരിപക്ഷമുണ്ടെങ്കിലും ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിൽ തൊഴിലാളികളുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടക്കുമ്പോൾ നാട് ആഗ്രഹിക്കുന്ന മാറ്റങ്ങൾ, ഇത്രയുമധികം ബിൽ അവതരിപ്പിക്കുന്ന വേളയിൽ കൊണ്ടുവരാൻ ശ്രമിക്കാത്തത് അങ്ങേയറ്റം ലജ്ജാകരവും പ്രതിഷേധാർഹവുമാണെന്ന് സൂചിപ്പിക്കുകയാണ്. ലോകരാജ്യങ്ങളെല്ലാം കോവിഡ് തകർത്തെറിഞ്ഞ ഒരോ ജീവിതത്തെയും കരുപിടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നിരവധി സാമ്പത്തിക പാക്കേജുകളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആശ്വാസം പകരുന്ന നടപടികളുമായി, ബൃഹത്പദ്ധതികളുമായി, പല രാജ്യങ്ങളും മുന്നോട്ട് പോകുകയാണ്. അത്തരമൊരു സന്ദർഭത്തിൽ ഒരു പരിശ്രമത്തിന് മുതിരാതെ ചരിത്രത്തോട് ഒരു വിധത്തിലും നീതി പുലർത്താനാകാത്ത സമീപനം വച്ചുപുലർത്തുന്നത് ശരിയായ നടപടിയാണോയെന്ന കാര്യം ഈ ബില്ലുകളെല്ലാം അവതരിപ്പിച്ച ബഹുമാന്യരായ മന്ത്രിമാർ പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. കോവിഡ് വ്യാപനം സാധാരണക്കാരുടെ ജീവിതത്തെയാണ് താറുമാറാക്കിയിരിക്കുന്നത്. കോവിഡ്, ലോക്ഡൗൺ, പിന്നീട് തുടർന്ന നിയന്ത്രണങ്ങൾ ഇവയെല്ലാം വിവിധ ജനവിഭാഗങ്ങളുടെ ജോലിയെ സാരമായി ബാധിച്ചു. ഇക്കൂട്ടത്തിൽ ഏറ്റവും ആഘാതമുണ്ടാക്കിയത് നമ്മുടെ നാട്ടിലെ സാധാരണക്കാരായിട്ടുള്ള സ്ത്രീ തയ്യൽ

തൊഴിലാളികളെയാണെന്നുള്ളതാണ് യാഥാർത്ഥ്യം. തുണികൾ തുന്നിക്കൊടുത്ത് കിട്ടുന്ന തുച്ഛമായ വേതനത്തിലാണ് ഭൂരിഭാഗം ആളുകളും ഈ മേഖലയിൽ ജോലി ചെയ്തുവരുന്നത്. രണ്ട് പ്രളയക്കെടുതികളിലും കോവിഡ് മഹാമാരിയിലും പൂർണ്ണമായും തകർന്നൊരു തൊഴിൽ മേഖലയാണ് തയ്യൽ മേഖല. സ്കൂളുകളും കോളേജുകളും തുറക്കുന്ന സീസണുകളിലാണ് തയ്യൽ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ജോലി ലഭിക്കുന്നത്. സ്കൂളുകൾ തുറക്കുന്ന മേയ് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ കൂടുതൽ തൊഴിൽ ലഭിക്കുന്ന മേഖലയായിരുന്നു ഇത്. എന്നാൽ കോവിഡുമൂലം സ്കൂളുകൾ തുറക്കുന്നത് അനന്തമായി നീണ്ടുപോയി. അതുമൂലം വലിയ നിലയിലാണ് അവർക്ക് വരുമാന നഷ്ടമുണ്ടായിരിക്കുന്നത്. ഇപ്പോൾ സ്കൂളുകളും കോളേജുകളുമെല്ലാം തുറന്നെങ്കിലും ഇവരുടെ വരുമാനം പഴയ നിലയിലേയ്ക്ക് എത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. സ്കൂളുകളിൽ പഴയതുപോലെ ക്ലാസ്സുകൾ ആരംഭിക്കുന്നതോടെ ഈ മേഖലയിൽ ഒരുണർവ് പകരുമെന്ന പ്രതീക്ഷയിൽ തൊഴിലാളികൾ മുന്നോട്ടു പോകുകയാണ്. സ്കൂൾ യൂണിഫോം തയ്ക്കുന്നതാണ് തയ്യൽ ഉപജീവനമാക്കിയിട്ടുള്ള തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന സ്രോതസ്സ്. അതുപോലെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളാണ് അവർക്ക് പ്രതീക്ഷ നൽകുന്ന സീസണുകൾ. നിരവധി തയ്യൽ തൊഴിലാളികളാണ് വായ്പയെടുത്ത് തയ്യൽ മെഷീനുകളും ചെറുകിട തയ്യൽ യൂണിറ്റുകളുമൊക്കെ തുടങ്ങിയിട്ടുള്ളത്. വരുമാനം നിലച്ചതോടെ അവരെല്ലാം കടക്കെണിയിലായിരിക്കുകയാണ്. അവർക്ക് കടയുടെ വാടക നൽകാനോ, വർദ്ധിച്ച ഇലക്ട്രിസിറ്റി ബിൽ അടയ്ക്കാനോ, വായ്പ തിരിച്ചടയ്ക്കാനോ സാധിക്കാതെ പരമദയനീയമായി നിൽക്കുന്ന സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. കടക്കെണിയിലായ തയ്യൽ തൊഴിലാളികൾക്കുവേണ്ടി സർക്കാർ ഒരു ആശ്വാസ പദ്ധതി പ്രഖ്യാപിക്കണം. പാവപ്പെട്ടവരും സാധാരണ ക്കാരായിട്ടുള്ളവരും ഗ്രാമീണ മേഖലയിൽ ഏറ്റവുമധികം സ്ത്രീ ജനങ്ങൾ ജോലി ചെയ്യുന്നതുമായ തയ്യൽ മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഒരു ധനസഹായ പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഒറ്റത്തവണ പദ്ധതി എന്ന നിലയിലെങ്കിലും പതിനായിരം രൂപയുടെ ധനസഹായം ആ മേഖലയിലെ സാധാരണ അംഗങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരി ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. പ്രധാന ആക്ടിലെ ഏഴാം വകുപ്പ് ഭേദഗതി ചെയ്യുന്നതോടെ തൊഴിലാളി വിഹിതമായി പ്രതിമാസം 20 രൂപ എന്നത് 50 രൂപയായി ഇപ്പോൾ നൽകേണ്ടിവരുന്നു. ഇപ്രകാരം ഒരു വർഷം 600 രൂപ വിഹിതമായി ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടിവരും. നേരത്തെ 240 രൂപയാണ് നൽകിയിരുന്നത്. ഈ ബിൽ നിയമമാകുന്നതോടെ ഇപ്രകാരം വർദ്ധിച്ച തുകയുടെ പത്ത് ശതമാനം വീതമാണ് സർക്കാർ പ്രതിവർഷം ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടി വരുന്നത്. വർദ്ധിപ്പിച്ച അംശദായത്തിനാനുപാതികമായി സർക്കാർ ഗ്രാന്റായി തുക

നൽകുന്നില്ലെങ്കിൽ ഈ തൊഴിലാളികൾക്ക് ഇതുകൊണ്ട് പ്രയോജനം ലഭിക്കുകയില്ല. അംശദായം വർദ്ധിപ്പിച്ചതുമൂലം തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താൻ ഇതുകൊണ്ട് സാധിക്കുമോയെന്നുള്ളത് ആത്മാർത്ഥമായി ഗവൺമെന്റ് പരിശോധിക്കണം. അതൊരിക്കലും സാധ്യമല്ലെന്ന് നമുക്കറിയാം. ക്ഷേമനിധിയുടെ 2019-20-ലെ കണക്കുപ്രകാരം ഏകദേശം 3,70,00,000 രൂപയാണ് ഭരണ ച്ചെലവായി കണക്കാക്കിയിട്ടുള്ളത്. ഇതുപോലെയുള്ള സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന തിനുവേണ്ടിയാണ് അംശദായം വർദ്ധിപ്പിച്ചതെന്നാണ് നാം മനസ്സിലാക്കുന്നത്. ഈ ബിൽ നിയമമാകുന്നതുമൂലം തയ്യൽ തൊഴിലാളികൾക്ക് എന്തൊക്കെ ഗുണങ്ങളുണ്ടാകുമെന്ന് ഇപ്പോഴും ഒരു വ്യക്തതയില്ല. അവർക്ക് കൂടുതലായെന്തെങ്കിലും ആനുകൂല്യങ്ങളുണ്ടെന്ന് ഇതുവരെ ഒരു ഡോക്യുമെന്റിലും പരാമർശിക്കപ്പെട്ടിട്ടില്ല; ആരും അവകാശവാദം ഉന്നയിച്ചിട്ടുമില്ല. തൊഴിലാളികൾക്ക് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾപോലും ഇല്ലാതാകുന്ന സാഹര്യമുണ്ടാകുന്നു. തിരുവനന്തപുരം ജില്ലയിലൊഴികെ മറ്റ് പതിമൂന്ന് ജില്ലകളിലും ക്ഷേമനിധി ഓഫീസിന് സ്വന്തമായി കെട്ടിടമില്ല. അവയെല്ലാം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്ഷേമനിധിയിൽനിന്നും തൊഴിലാളികൾക്ക് ലഭിക്കുന്ന ചില ആനുകൂല്യങ്ങളിലെ പോരായ്മയെ സംബന്ധിച്ച് പല അംഗങ്ങളും സൂചിപ്പിച്ചുവെങ്കിലും വളരെ പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ ഞാനും സൂചിപ്പിക്കുകയാണ്. സർക്കാർ വിജ്ഞാപനമനുസരിച്ച് 2012 ഏപ്രിൽ 1 മുതൽ പ്രസവാനുകൂല്യം 15,000 രൂപയാണ്. എന്നാൽ പ്രസവം കഴിഞ്ഞ് മൂന്നുമാസത്തിനകം 2000 രൂപ മാത്രമാണ് വിതരണം ചെയ്യുന്നത്. ബാക്കിയുള്ള 13,000 രൂപ ഏഴ് വർഷത്തിനുമുകളിൽ കാലതാമസം വരുത്തിയാണ് വിതരണം നടക്കുന്നത്. പ്രസവാനുകൂല്യം എന്നാൽ പ്രസവകാലഘട്ടത്തിലെ ആനുകൂല്യമെന്നാണ്. അത് നൽകാത്തത് എത്രമാത്രം ദൗർഭാഗ്യകരമാണെന്നുള്ളത് ആവർത്തിച്ച് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഇതിന് സമാനമായ ബില്ലുകൾ അവതരിപ്പിച്ചപ്പോഴും നമുക്ക് ബോദ്ധ്യപ്പെടുന്ന രീതിയിലുള്ള മറുപടി ഒരു മന്ത്രിയുടെയും ഭാഗത്തു നിന്നുമുണ്ടായിട്ടില്ലെന്ന കാര്യവും സൂചിപ്പിക്കുകയാണ്. പ്രസവാനുകൂല്യം നൽകുമ്പോൾ അത് ഒരുമിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ, വിവാഹ ധനസഹായമായി സ്ത്രീ തൊഴിലാളികൾക്ക് 2000 രൂപയും പുരുഷന്മാർക്ക് 1000 രൂപയുമെന്നതാണ് നിലവിലെ സ്ഥിതി. കല്യാണ സാരി വാങ്ങാൻപോലും അത് തികയുകയില്ലെന്ന് ശ്രീ. എം. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചു. കല്യാണസാരി പോയിട്ടൊരു പൂമാല വാങ്ങാൻപോലും കഴിയാത്ത സാഹചര്യമാണ് ഈ 1000 രൂപയും 2000 രൂപയും നൽകുക വഴിയുണ്ടാകുന്നത്. പുരോഗമന ആശയം ഉയർത്തിപ്പിടിക്കുന്ന സർക്കാരിന്

ഇന്നത്തെക്കാലത്ത് ഇത് ഭൂഷണമാണോ, നാണക്കേടല്ലേയെന്നുമാണ് ഞാൻ ഈ സന്ദർഭത്തിൽ ചോദിക്കാൻ ആഗ്രഹിക്കുന്നത്. തയ്യൽ തൊഴിലാളി ക്ഷേമ നിധിയിൽ അംഗമായിരിക്കെ ഭർത്താവ് മരിച്ച് വിധവാപെൻഷൻ വാങ്ങുന്നവർക്ക് 60 വയസ് പൂർത്തിയായി, തയ്യൽ തൊഴിലാളി പെൻഷൻ ലഭിക്കണമെങ്കിൽ വിധവാ പെൻഷൻ വേണ്ടെന്നുവയ്ക്കണം. വിധവാപെൻഷൻ കിട്ടുന്നുവെന്ന കാരണത്താൽ തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന നടപടി അവസാ നിപ്പിക്കണം. 1986 നവംബർ മാസത്തിൽ പ്രഖ്യാപിച്ച ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീമിൽ അംഗമായ തയ്യൽ തൊഴിലാളികൾക്ക് 10 രൂപയ്ക്ക് 20 ശതമാനമാണ് സർക്കാർ വിഹിതം പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ 1996-ൽ ഇത് 10 ശതമാനമായി വെട്ടിക്കുറച്ചു. ഇപ്പോൾ ഈ നിരക്കിൽത്തന്നെ തുടർന്നു പോകുകയാണ്. നിലവിൽ അംശദായം 50 രൂപയായി വർദ്ധിപ്പിക്കുമെന്നതിനാൽ സർക്കാർ നൽകുന്ന വിഹിതം 25 ശതമാനമെങ്കിലും ഉയർത്തണം. തയ്യൽ തൊഴിലാളികളുടെ ക്ഷേമനിധിയിൽ കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് കെൽട്രോണുമായി നടത്തിയ സോഫ്റ്റ്‌വെയർ നിർമ്മാണ ഇടപാടിൽ 4 വർഷ ത്തിനുള്ളിൽ 30 ലക്ഷം രൂപ ബോർഡിന് ചെലവ് വന്നിട്ടും ഇനിയും സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ കുറ്റമറ്റതാക്കി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതിനാൽ ഇക്കാര്യം പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. 1994-ൽ തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപപ്പെടുത്തിയപ്പോൾ 10 രൂപ വീതം 42 വർഷം അടച്ചാൽ 60,000 രൂപ റിട്ടയർമെന്റ് ആനുകൂല്യം എന്നാണ് സർക്കാർ പ്രഖ്യാപിച്ചത്. 2008-ൽ 20 രൂപയായി വർദ്ധിപ്പിച്ചപ്പോഴും റിട്ടയർമെന്റ് ആനുകൂല്യം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്പോൾ SRO No. 426/2020 പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം ഒന്നര ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇത് രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കൂടാതെ 20 രൂപ അംശദായം അടച്ചിരുന്ന കാലഘട്ടത്തിൽ 30 വർഷം സർവ്വീസുള്ള ഒരാൾക്ക് 23,000 രൂപ വരെ ആനുകൂല്യം ലഭിച്ചിരുന്നു. എന്നാൽ നിലവിൽ 30 വർഷം അംശദായം അടച്ച ഒരാൾക്ക് 10,000 രൂപപോലും ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമായി തൊഴിലാളികൾക്കിടയിലുണ്ട്. ഇക്കാര്യവും പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഇത്തരം ക്ഷേമനിധി ആനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തണമെന്നുള്ളത് ഈ സഭയിൽ നിരവധി നേതാക്കളും ജനപ്രതിനിധികളും മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനും ഉൾപ്പെടെയുള്ളവർ പലപ്പോഴായി ഉയർത്തിയിട്ടുള്ള നിരന്തരമായ ആവശ്യമാണ്. ഇന്നിവിടെ മന്ത്രിമാരായി ഇരിക്കുന്നവരുൾപ്പെടെ യുള്ളവർ ഇന്നലെകളിൽ നടത്തിയിട്ടുള്ള ചർച്ചകളും വാദഗതികളുമെല്ലാം പൂർണ്ണമായും നിരാകരിച്ചുകൊണ്ടുള്ള ഈയൊരു സമീപനം ഒരിക്കലും ഇന്നത്തെ കാലഘട്ടത്തിൽ

പ്രത്യേകിച്ച് ജീവിതം പൂർണ്ണമായും നഷ്ടപ്പെടുന്ന പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സാധാരണ തൊഴിലാളികളെ സംബന്ധിച്ച് നിരാശാജനകമാണ്. തൊഴിലാളികളുമായി ബന്ധപ്പെട്ട് നിരവധി ബില്ലുകൾ ചർച്ച ചെയ്യുന്ന ഈ സമ്മേളനത്തെ അവരെല്ലാം വലിയ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. എന്നാൽ ആ പ്രതീക്ഷകളെല്ലാം അസ്ഥാനത്താക്കുന്ന കാര്യങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് ഇനിയും സമയമുണ്ടെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇതിലെല്ലാം ആവശ്യമായ ഭേദഗതികൾ വരുത്തി കാലഘട്ടത്തിനനുസൃതമായി ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

4.00 PM]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ദെലീമ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു യയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്രസർക്കാർ തൊഴിലാളി വിരുദ്ധ തൊഴിൽ നിയമങ്ങൾ പാർലമെന്റിൽ പാസ്സാക്കിക്കൊണ്ടിരിക്കുമ്പോൾ ഇവിടെയൊരു ജനകീയ സർക്കാർ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമ ത്തിനുംവേണ്ടി ബില്ലുകൾ പാസ്സാക്കി ചരിത്രം സൃഷ്ടിക്കുകയാണ്. തയ്യൽ തൊഴി ലാളികളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ബോർഡിന്റെ സ്ഥായിയായ നിലനിൽപ്പിനുംവേണ്ടിയുള്ള തയ്യൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ ഭേദഗതിയെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. കേരള സംസ്ഥാനത്തെ തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചവർക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് 1994-ൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് രൂപം നൽകിയത്. കേരളത്തിലെ അഞ്ചര ലക്ഷത്തോളം തയ്യൽ തൊഴിലാളികൾ ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണ്. തയ്യൽ തൊഴിലാളി ക്ഷേമനിധി ബില്ലിലെ ഭേദഗതി ഈ കാല ഘട്ടത്തിന്റെ ആവശ്യമാണ്. തയ്യൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണ്.

ഭൂമിയിലെ സൗന്ദര്യമാസ്വദിക്കാത്ത ഏത് മനുഷ്യരാണുള്ളത്? മുറ്റത്ത് വിരിഞ്ഞുനിൽക്കുന്ന വിവിധ പൂക്കളെ എന്നും ഞാൻ ശ്രദ്ധിക്കാറുണ്ട്. അതുപോലെ യാണ് നമ്മൾ ധരിക്കുന്ന വിവിധ നിറമുള്ള വസ്ത്രങ്ങളും. ഈ വസ്ത്രങ്ങളിൽ നമ്മെ സുന്ദരനും സുന്ദരികളുമാക്കുന്നത് തയ്യൽ തൊഴിലാളികളാണ്. അവർ നമുക്ക്

ആത്മവിശ്വാസം പകർന്നുനൽകുന്നു. വലത്-ഇടത് ഭാഗങ്ങളിൽ ഇരിക്കുന്നവരെയും ശുഭ്രവസ്ത്രധാരികളെയും പല വർണ്ണങ്ങളിൽ വസ്ത്രം ധരിച്ചിരിക്കുന്നവരെയും പ്രൗഢഗംഭീരമാക്കുന്നവരാണ് തയ്യൽ തൊഴിലാളികൾ. ഇന്ന് നല്ല വസ്ത്രമുടുക്കുവാൻ വിധിയില്ലാത്ത കുറേ പാവങ്ങൾ ഇന്ത്യയിലുണ്ട്. അവരെപോലെയാണ് നമ്മുടെ തയ്യൽ തൊഴിലാളികളും. മറ്റുള്ളവരെ പ്രൗഢരാക്കി സ്വയം ചുരുങ്ങുന്നവർ. കോവിഡ് മഹാമാരി ലോകത്തെ സ്തംഭിപ്പിച്ചപ്പോൾ ഏറ്റവും കൂടുതൽ വേദനിച്ചവർ വിവിധ പണിയിടങ്ങളിൽ ജോലി ചെയ്തിരുന്ന പാവപ്പെട്ട തൊഴിലാളികളാണ്. അക്കൂട്ടത്തിൽ തയ്യൽ തൊഴിലാളികളുടെ ജീവിതവും വളരെ കഷ്ടമായിരുന്നു. അമ്പലങ്ങളിലെയും പള്ളികളിലെയും ഉത്സവ സീസണുകളോടനുബന്ധിച്ച് ധാരാളം തയ്യൽ ജോലികളാണ് ഈ തൊഴിലാളികൾക്ക് ലഭിച്ചിരുന്നത്. അതുകൂടാതെ, സ്കൂൾ തുറക്കുമ്പോഴും നല്ല രീതിയിൽ തയ്യൽ ലഭിച്ചിരുന്നു. പക്ഷേ, കോവിഡ് കാലത്ത് തയ്യൽ തൊഴിലാളികൾ വളരെയധികം ദുഃഖമനുഭവിച്ചിരുന്നു. രാപ്പകൽ വിശ്രമമില്ലാതെ പണിയെടുക്കുന്ന തയ്യൽ തൊഴിലാളികളുടെ സംരക്ഷണത്തിന് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. നിലവിലുള്ള ക്ഷേമനിധി ബോർഡിന്റെ അപാകതകൾ പരിഹരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും ഈ ഭേദഗതി ഉപകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. തയ്യൽ മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. അതുകൊണ്ട് വനിതകളുടെ ക്ഷേമത്തിനുതകുന്ന തരത്തിൽ മറ്റ് പല ക്ഷേമനിധികളിലുമുള്ള രീതിയിൽ മെച്ചപ്പെട്ട ആനുകൂല്യം അവർക്കുമുണ്ടാകണം. അംശദായം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് പാവപ്പെട്ട തയ്യൽ തൊഴിലാളികളുടെ മക്കളുടെ വിവാഹ ധനസഹായം കുറച്ചുകൂടി വർദ്ധിപ്പിക്കാവുന്നതാണ്. തയ്യൽ തൊഴിലാളി ക്ഷേമ നിധിയിൽ അംഗമായി പണമടച്ചുവരവെ വിധവകളായി പെൻഷനാകുന്ന സാഹചര്യത്തിൽ വിധവാ പെൻഷൻ കിട്ടുന്നുവെന്ന കാരണത്താൽ തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന നിലപാട് തിരുത്തേണ്ടതാണ്. 1986 നവംബറിൽ പ്രഖ്യാപിച്ച Death-cum-Retirement Benefit സ്കീമിൽ അംഗമായ തയ്യൽ തൊഴിലാളികളുടെ വിഹിതമായ 10 രൂപയ്ക്ക് 20 ശതമാനം സർക്കാർ വിഹിതം പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ 1996-ൽ ഇത് 10 ശതമാനമെന്ന നിരക്കിലേയ്ക്ക് വെട്ടിക്കുറച്ച് ഈ നിരക്കിൽത്തന്നെ തുടർന്നുപോകുകയാണ്. നിലവിൽ പീടിക തൊഴിലാളികൾക്ക് സർക്കാർ നൽകുന്ന 22 ശതമാനം വിഹിതംതന്നെ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിനും അനുവദിക്കണം. മറ്റ് ബോർഡുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായപ്പോൾ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ കമ്പ്യൂട്ടർവത്കരണം ഇപ്പോഴും പാതിവഴിയിലാണ്. കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 30 ലക്ഷത്തോളം രൂപ ബോർഡിന്

ചെലവായെങ്കിലും ഇനിയും സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ കളങ്കമറ്റതാക്കാൻ കഴിഞ്ഞിട്ടില്ല. സോഫ്റ്റ്‌വെയർ നവീകരണവും കമ്പ്യൂട്ടറൈസേഷനും പൂർത്തീകരിച്ചു കഴിഞ്ഞാൽ മറ്റ് ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരം ക്ഷേമനിധി ബോർഡുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ തൊഴിലാളികൾക്ക് വ്യത്യസ്ത ആനുകൂല്യങ്ങൾ വിവിധ ക്ഷേമനിധി ബോർഡുകളിലൂടെ വിതരണം ചെയ്യാൻ സാധിച്ചുവെന്നത് ശ്രദ്ധാവഹമാണ്. തൊഴിലാളികൾക്കുള്ള ക്ഷേമനടപടികൾ നടപ്പാക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരളം. അംഗീകാരം നൽകിയ ജനങ്ങളെ തെല്ലും നിരാശരാക്കാതെ നാടിന്റെ പുരോഗതി ഉറപ്പാക്കി മുന്നേറുകയെന്നത് ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണ്. രണ്ടാം പിണറായി വിജയൻ സർക്കാർ അത്തരത്തിൽ ജനങ്ങൾ നൽകിയ വിശ്വാസത്തെ കൂടുതൽ അർത്ഥവത്താക്കുന്ന പ്രവർത്തനശൈലിയുമായി മുന്നേറുകയാണ്. അടച്ചിട്ട ഓഫീസുകളും വീടുകളിൽ ഒതുങ്ങിപ്പോയ ജീവിതവും വരുമാനം നിലച്ച മനുഷ്യരും സംസ്ഥാനത്തിന്റെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുമൊക്കെ വീർപ്പുമുട്ടിച്ചിട്ടും നവകേരളത്തിന് നാഴികക്കല്ലാകുന്ന ശ്രദ്ധേയ പദ്ധതികളുമായി മുന്നേറുകയാണ് ഈ ജനകീയ സർക്കാർ. മാറിയ സാഹചര്യത്തിൽ പ്രായാധിക്യംകൊണ്ടും ശാരീരിക-മാനസിക ബുദ്ധിമുട്ടുകൾകൊണ്ടും കഷ്ടതയനുഭവിക്കുന്നവരുടെ വീട്ടുപടിക്കൽ സർക്കാരിന്റെ സേവന പദ്ധതികൾ എത്തിച്ചുനൽകുകയെന്ന ലക്ഷ്യത്തോടെ വാതിൽപ്പടി സേവനത്തിന് തുടക്കമിടാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജനങ്ങൾക്കാവശ്യമായ സേവനങ്ങൾക്കായി ഉദ്യോഗസ്ഥർ നമ്മുടെ വീട്ടുപടിക്കൽ വന്നുനൽകുന്ന ഈ പദ്ധതി രാജ്യത്തുതന്നെ ആദ്യമായാണ് യാഥാർത്ഥ്യമായത്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾ തന്നെയാണ് യജമാനന്മാർ എന്ന കാഴ്ചപ്പാടിനെയാണ് സർക്കാർ ഈ പദ്ധതിയിലൂടെ ഊട്ടിയുറപ്പിക്കുന്നത്. അത്രത്തോളം ഇച്ഛാശക്തിയുള്ള ഈ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു. തയ്യൽ തൊഴിലാളി ക്ഷേമിനിധി ബില്ലിന്റെ ഭേദഗതിയെ സർവ്വാത്മനാ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അഞ്ച് ബില്ലുകളുടെ ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ചില കാര്യങ്ങൾ ഒഴിവാക്കിയാൽ വളരെ ആരോഗ്യകരമായ ചർച്ചയാണ് ഈ ബില്ലുകൾ സംബന്ധിച്ച് ഇവിടെ നടന്നത്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമൊക്കെ സ്വാഗതാർഹമായ നിർദ്ദേശങ്ങളാണ് പൊതുവിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാ

യിട്ടുള്ളത്. വസ്തുതാപരമായി യാതൊരു ബന്ധവുമില്ലാത്ത ചില കാര്യങ്ങളും ചർച്ചയിലൂടെ വന്നിട്ടുണ്ട്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് പൊതുവിദ്യാഭ്യാസ രംഗത്ത് ഇത്രയധികം മാറ്റമുണ്ടാക്കാൻ സാധിച്ചതായി കാണുന്നത്. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ഐക്യകേരള രൂപീകരണത്തിനുശേഷം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഇത്രയധികം മാറ്റമുണ്ടായ ഒരു കാലഘട്ടം വേറെയുണ്ടാകില്ല. വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഏകദേശം 5000 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ കോവിഡ് കാലഘട്ടം ലോകമെമ്പാടും സ്തംഭിച്ചുനിൽക്കുകയായിരുന്നു. നാമെന്തു ചെയ്യണം, എന്തു ചെയ്യരുത്, എങ്ങോട്ടുപോകണമെന്നെല്ലാം തീരുമാനിച്ചിരുന്നത് കോവിഡ് ആയിരുന്നു. കേരളത്തിലെ ജനങ്ങളാരും പട്ടിണി കിടക്കാൻ പാടില്ലെന്നും ചികിത്സ ലഭിക്കാതെ ആരും ബുദ്ധിമുട്ടാൻ പാടില്ലെന്നുമാണ് ആ സാഹചര്യത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തീരുമാനിച്ചത്. മാത്രമല്ല വീടുകൾ വിദ്യാലയമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച ഏക സംസ്ഥാനം കേരളമാണെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയ ഏക സംസ്ഥാനവും കേരളമാണ്. ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഒരു പടികൂടി മുന്നോട്ടുപോയാൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ നടപടി നടന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഇരുന്നൂറിലധികം വരുന്ന സ്കൂളുകളിൽ അതിന്റെ പ്രവർത്തനങ്ങൾ നന്നായി നടന്നുകൊണ്ടിരിക്കുന്ന ഒരു അവസരമാണ്. 18 മാസക്കാലം പാഠപുസ്തകവുമായി യാതൊരു ബന്ധവുമില്ലാതെ ഇരിക്കുന്ന വിദ്യാർത്ഥിയുടെ മാനസികാവസ്ഥയെക്കുറിച്ച് നമുക്കറിയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഡിജിറ്റൽ ക്ലാസ് ആരംഭിച്ചതോടുകൂടി അതിനൊരു പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതിനും കുറച്ച് പോരായ്മകളുണ്ട്. SCERT നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ, ഡിജിറ്റൽ വിദ്യാഭ്യാസത്തിലെ ചില കുറവുകളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ഞാൻ പറഞ്ഞിരുന്നു. 4000 അദ്ധ്യാപകർക്കാണ് എയ്ഡഡ്/ഗവൺമെന്റ് മേഖലയിൽ നിയമന ഉത്തരവ് കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറായതെന്ന കാര്യം അഭിമാനത്തോടുകൂടി ഞാൻ ഈ സഭയെ അറിയിക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ അദ്ധ്യാപകർക്ക് നിയമനം കിട്ടിയെങ്കിലും വിദ്യാഭ്യാസ നിയമത്തിൽ പറയുന്നതുപോലെ, സ്കൂൾ അവധി കാലഘട്ടത്തിൽ, സ്കൂൾ പ്രവർത്തിക്കാത്ത അവസരത്തിൽ സ്കൂളിൽനിന്നും അവർക്ക് നിയമനം നൽകാൻ നിർവ്വാഹമില്ല. ആ നിയമത്തെ മറികടന്നുകൊണ്ടാണ് 4000 അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ വിഷയം ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ ഏറ്റവുമധികം കേസ്സുകൾ ഹൈക്കോടതിയിലും

ജില്ലാകോടതിയിലും നടത്തുന്നത് വിദ്യാഭ്യാസ വകുപ്പാണ്. ഏകദേശം 1,85,000 അദ്ധ്യാപകരും 47 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുമൊക്കെയുള്ള ഒരു മഹത്തായ സ്ഥാപനമെന്ന നിലയിൽ ഒരുപാട് കേസ്സുകൾ വരികയാണ്. ആറായിരത്തോളം കേസ്സുകൾ കോടതിയിലാണ്. ഇപ്പോൾ പ്രൊമോഷൻ കൊടുക്കാൻ നിവൃത്തിയില്ല. ആയിരത്തി എണ്ണൂറോളം പ്രൈമറി സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരില്ല, ചുമതലക്കാർ മാത്രമാണുള്ളത്. ഹൈക്കോടതിയുടെയും ട്രിബ്യൂണലിന്റെയും ഉത്തരവിന്റെ പ്രശ്നമുണ്ട്. എന്നാൽ കോടതി ഉത്തരവുകളിൽ നിന്നുകൊണ്ടുതന്നെ ഇതെങ്ങനെ പരിഹരിക്കാമെന്ന് ബന്ധപ്പെട്ട കേന്ദ്രങ്ങളുമായി ആലോചിച്ചശേഷം 1800 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അവരെല്ലാവരും സ്കൂളുകളിൽ ജോയിൻ ചെയ്തിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അവർ ജോയിൻ ചെയ്തതിനുശേഷം വീണ്ടും കേസ്സിന് പോകുകയും ഇപ്പോൾ സ്റ്റേ ചെയ്യുകയും ചെയ്തിരിക്കുകയാണ്. സ്റ്റേ വരുന്നതിനു മുമ്പുതന്നെ 1800 ഹെഡ്മാസ്റ്റർമാരും ജോയിൻ ചെയ്തുവെന്നത് ഏറ്റവും നല്ലകാര്യം തന്നെയാണ്.

ഇവിടെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ കാര്യം സൂചിപ്പിച്ചു. എല്ലാ ഭാഗത്തു നിന്നും ആ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. പ്രത്യേകിച്ച് എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ കാര്യങ്ങളൊക്കെ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. ഇന്നുള്ള ചില പോരായ്മകൾ പരിഹരിച്ച് എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്നത് സംബന്ധിച്ച് പരിശോധിക്കാമെന്നുള്ള കാര്യമാണ് എനിക്കിവിടെ സൂചിപ്പിക്കുവാനുള്ളത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇവിടെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതിൽ ടീച്ചേഴ്സ് ബാങ്കിലേയ്ക്ക് വിട്ടുകൊടുത്തിട്ടുള്ള പോസ്റ്റുകളിൽ, എയ്ഡഡ് സ്കൂളുകളിൽ ആ പോസ്റ്റുകളിൽ ടീച്ചേഴ്സ് ബാങ്കിൽനിന്നും ആളുകളെ നിയമിക്കുന്നില്ല. അതിനുപകരം ആൾ വരുന്നതുവരെ വർഷങ്ങളോളം അവർക്ക് ഡെയ്‌ലി വേജസായി നിയമിക്കാനുള്ള അധികാരം കൊടുക്കുമോ ഇല്ലയോയെന്നുള്ളതാണ് അറിയേണ്ടത്. കിച്ചൻ-കം-സ്റ്റോർ റൂം പൊളിക്കാനായി സർക്കാർ കഴിഞ്ഞ ഏപ്രിൽ 22-ന് പറഞ്ഞു; അവരുടെ എസ്റ്റിമേറ്റ് പ്രകാരം പുതിയത് നിർമ്മിക്കാൻവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കാൻ പറഞ്ഞു. അങ്ങനെ കമ്മിറ്റിയുണ്ടാക്കി പഴയ ഷെഡ്ഡുകളൊക്കെ പൊളിച്ചുമാറ്റി. ഇപ്പോൾ സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ അവർക്ക് കിച്ചനുമില്ല, സ്റ്റോറുമില്ലാത്ത അവസ്ഥയാണ്. അത് കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത പദ്ധതിയായിരുന്നുവെന്ന് പറയുകയുണ്ടായി. ഇതിനെന്താണൊരു പരിഹാരം?

ശ്രീ. കെ. പി. മോഹനൻ: സർ, പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ആദ്യമുണ്ടായിരുന്ന മാതൃവിദ്യാലയത്തിൽനിന്ന് മറ്റൊരു വിദ്യാലയത്തിലേയ്ക്ക് പോയി. അവിടെനിന്ന് പിന്നീടും മാറിപോകേണ്ടിവരുന്നു. വേക്കൻസി വന്നാലും അവരെ തിരികെ കൊണ്ടുവരുന്നില്ല. അവരെ തിരിച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. പി. മോഹനൻ തന്നിട്ടുള്ള നിവേദനം പ്രത്യേകമായി പരിശോധിക്കാം. അങ്ങ് പറഞ്ഞ കാര്യത്തിൽ ഒരു സംശയത്തിന്റെയും പ്രശ്നമില്ല. സ്കൂൾ തുറന്ന അവസരത്തിൽ ഒരു സ്കൂളിലും ടീച്ചർമാരുടെ കുറവുണ്ടാകാൻ പാടില്ലെന്ന് കണ്ടുകൊണ്ടാണ് പാരന്റ് - ടീച്ചേഴ്സ് അസോസിയേഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുമെല്ലാം ചേർന്നുകൊണ്ടുള്ള ഒരു സംവിധാനമൊരുക്കിയിട്ടുള്ളത്. ആ സംവിധാനം, നിയമാനുസരണം യോഗ്യതയുള്ള ആൾക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കാമെന്ന് തീരുമാനിച്ച് ഉത്തരവ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലെ ഒരു വിദ്യാലയത്തിലും അദ്ധ്യാപകരില്ലാത്ത സാഹചര്യമുണ്ടാകില്ലെന്ന കാര്യം ഇവിടെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതെങ്കിലും സ്ഥലത്ത് അദ്ധ്യാപകരില്ലാതെ ഷോർട്ടേജ് വന്നു കഴിഞ്ഞാൽ അത് അവിടത്തെ ഹെഡ്മാസ്റ്ററിന്റെയോ പ്രിൻസിപ്പാളിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ എം.എൽ.എ-മാരുടെയോ ഇടപെടലിന്റെ കുറവുകൊണ്ടായിരിക്കുമെന്നുള്ള കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ..........

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ അങ്ങയെ ഉദ്ദേശിച്ചല്ല പറഞ്ഞത്. ഞാനടക്കമുള്ളവരെ ഉദ്ദേശിച്ച് പറഞ്ഞതാണ്. ആറാംദിവസം കുട്ടികളുടെ തലയെണ്ണുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു; അത് ശരിയായ കാര്യമാണ്. ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണമെടുത്തശേഷം ഒരു കുട്ടിയോ രണ്ട് കുട്ടികളോ ഇല്ലാതായാൽ ആ ബാച്ചുതന്നെ ഇല്ലാതാകുന്നു; ഒരു ടീച്ചർ തന്നെ പുറത്താകുന്ന പ്രശ്നമുണ്ട്. അതിന് എങ്ങനെ പ്രായോഗികമായി പരിഹാരം കാണാമെന്നതിനെക്കുറിച്ച് ആലോചിക്കാം.

ലൈബ്രറിയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്രാവശ്യം 'വായനയുടെ വസന്തം' എന്ന നിലയിൽ 14 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പ് നീക്കിവച്ചിട്ടുണ്ട്. അതിനൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി പുസ്തകങ്ങൾ തെരഞ്ഞെടുത്ത് എല്ലാ സ്കൂളുകളിലും ആവശ്യമായ ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സുവരെയുള്ള പാഠപുസ്തകത്തിൽ

മലയാളം അക്ഷരമാലയില്ലെന്നുള്ള കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സോഷ്യൽ മീഡിയയിലും മലയാള ഭാഷാരംഗത്തുള്ള പ്രമുഖരായ വ്യക്തികളുടെയും ആക്ഷേപം വന്നതുകൊണ്ട് ഗൗരവത്തോടുകൂടി അക്കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്ന അഭിപ്രായം വന്നിട്ടുണ്ട്. SCERT ആണ് ഇതിനെ സംബന്ധിച്ചുള്ള സാങ്കേതിക കാര്യങ്ങൾ തീരുമാനിക്കുന്നത്. ഏത് സാഹചര്യത്തിലാണ് അത്തരത്തിൽ തീരുമാനിച്ചതെന്ന് അറിയില്ല. എന്തായാലും കേരളത്തിൽ ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മലയാളം അക്ഷരമാല അവരുടെ പുസ്തകത്തിലില്ലാത്തത് അത്ര ഗുണകരമായ കാര്യമല്ല. അക്കാര്യം സംബന്ധിച്ച് പരിശോധിക്കാമെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്.

ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ, 2013-ലാണ് കരിക്കുലം കമ്മിറ്റി രൂപീകരിച്ചത്. ഇപ്രാവശ്യം വീണ്ടും കരിക്കുലം കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. കരിക്കുലം കമ്മിറ്റി വർക്ക് ചെയ്താണ് പുതിയ പാഠപുസ്തകത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ തയ്യാറാ ക്കേണ്ടത്. 19-10-2017-ൽ സർക്കാരിന്റെ ഒരു ഉത്തരവിലൂ ടെയാണ് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന് വിദഗ്ദ്ധസമിതിയെ നിയോഗിച്ചത്. ആദ്യ ഉത്തരവിൽത്തന്നെ പരിഗണനാവിഷയമായി, 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുകയെന്നുള്ള കാര്യം നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് സമിതി കേരളത്തിലെ പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തിയത്. അദ്ധ്യാപക സംഘടനകളുമായി ആലോചിച്ചിട്ടല്ല ഖാദർ കമ്മിറ്റിയെ നിയോഗിച്ചതെന്ന രീതിയിൽ ഒരംഗം സൂചിപ്പിക്കുകയുണ്ടായി. 2018 മേയ് മാസത്തിൽ അദ്ധ്യാപക സംഘടനകളുമായും മറ്റ് ജീവനക്കാരുമായും ഇക്കാര്യം ചർച്ച ചെയ്തിരുന്നു. അതിലും പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുവേണ്ട ഘടനാപരമായ മാറ്റങ്ങളടക്കം അഭിപ്രായങ്ങൾ തേടുകയും സംഘടനകൾ നേരിട്ടുതന്നെ അഭിപ്രായം സമിതിക്കുമുന്നിൽ രേഖപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, 1966-ൽ സമർപ്പിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ടും 1968-ലെ ഒന്നാം ദേശീയ വിദ്യാഭ്യാസ നയവും 1986-ലെ രണ്ടാം ദേശീയ വിദ്യാഭ്യാസ നയവും മുന്നോട്ടുവച്ച പന്ത്രണ്ടാം ക്ലാസ്സുവരെ ഏകോപിതമായ സ്കൂൾ വിദ്യാഭ്യാസ നിർദ്ദേശങ്ങളും സമിതി പരിശോധിച്ചിരുന്നു. ഇവയിൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് അനുഗുണമായ ശിപാർശകളാണ് സമിതി മുന്നോട്ടുവച്ചത്. സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിൽ പരിഗണനാ വിഷയങ്ങളിൽ കൂടുതൽ സ്പഷ്ടീകരണം വരുത്തുന്നതിനും മറ്റുമാണ് 3-10-2018-ൽ ഈ ഉത്തരവിറക്കിയിട്ടുള്ളത്. 2019 ജനുവരി മാസമാണ്

റിപ്പോർട്ട് സമർപ്പിച്ചത്. സമിതി രൂപീകരണം നടത്തി 15 മാസക്കാലമെടുത്താണ് ഒന്നാംഭാഗം റിപ്പോർട്ട് തയ്യാറാക്കിയത്. അക്കാദമിക് സംബന്ധമായ കാര്യങ്ങൾ സമിതിയുടെ അടുത്ത റിപ്പോർട്ടിലാണുണ്ടാകുന്നത്. അതുകൊണ്ട് ഈ റിപ്പോർട്ട് വേണ്ടത്ര ഗൗരവമായി യെടുത്തല്ല തയ്യാറാക്കിയതെന്ന വിമർശനം വസ്തുതകൾക്ക് നിരക്കുന്നതല്ലെന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

1966-ൽ സമർപ്പിച്ച കോത്താരി കമ്മീഷനാണ് 12-ാം ക്ലാസ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്ന് ശിപാർശ ചെയ്തത്. ഇക്കാര്യം 1968-ലെ ഒന്നാം ദേശീയ വിദ്യാഭ്യാസ നയത്തിലും അംഗീകരിച്ചു. അതിന്റെ ഭാഗമായാണ് കേന്ദ്രീയ വിദ്യാലയങ്ങളിലും സി.ബി.എസ്.ഇ. സ്കൂളുകളിലും 12-ാം ക്ലാസ് വരെ ഒരു യൂണിറ്റായി സ്കൂളിന്റെ ഭാഗമായി മാറ്റിയത്. 1986-ലെ രണ്ടാമത്തെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് നവോദയ വിദ്യാലയങ്ങൾ ആരംഭിച്ചത്. അവിടെയും 12-ാം ക്ലാസ് വരെ ഒരു യൂണിറ്റായി സ്കൂളിന്റെ ഭാഗമായി മാറി. അവിടെയെല്ലാം സ്ഥാപന മേധാവി പ്രിൻസിപ്പാളാണ്. ഈ നിലപാടെടുക്കുമ്പോൾ ദേശീയതലത്തിൽ കോൺഗ്രസ് പാർട്ടിയാണ് അധികാരത്തിലുണ്ടായിരുന്നതെന്ന് എന്തുകൊണ്ടാണ് നമ്മൾ മറന്നുപോകുന്നതെന്ന് വളരെ ഗൗരവത്തോടുകൂടി ആലോചിക്കേണ്ടതാണ്. കേരളത്തിൽ സാർവ്വത്രികമായി 12-ാം ക്ലാസ് വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലേയ്ക്കുടുക്കുമ്പോൾ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഘടനാപരമായ മാറ്റം അനിവാര്യമാണ്. അതുകൊണ്ട് കോത്താരി കമ്മീഷൻ റിപ്പോർട്ടിലും ഒന്നാമത്തെയും രണ്ടാമത്തെയും ദേശീയ വിദ്യാഭ്യാസ നയത്തിലെ നിലപാടുകളോടും യോജിച്ചു പോകുന്ന നിർദ്ദേശങ്ങളാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലുള്ളത്. 2019-ൽ സമർപ്പിക്കപ്പെട്ട ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയും 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തേയും കൂട്ടിക്കെട്ടുന്നത് സങ്കുചിത രാഷ്ട്രീയ നിലപാടിന്റെ അടിസ്ഥാനത്തിലാണെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ പ്രധാനമായും ഘടനാപരമായ മാറ്റങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശങ്ങൾ പൂർണ്ണതോതിലാണ് റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുന്നുണ്ട്. 12-ാം ക്ലാസ്സ്‌വരെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിലൂടെ ഹയർ സെക്കണ്ടറി മേഖലയ്ക്ക് പൂർണ്ണമായും നിയമ പരിരക്ഷ വ്യാപിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് ഈ മേഖലയ്ക്ക് നൽകുന്ന അംഗീകാരമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഇതാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച് പൊതുവിൽ വന്ന ചർച്ചയ്ക്ക് മറുപടിയായി സൂചിപ്പിക്കാനുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ സ്ഥാപിച്ച സ്കൂളുകളുടെ എയ്ഡഡ് പദവി 2003 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ എടുത്തുകളയുകയും 2015 മുതൽ അവർക്ക് എയ്ഡഡ് പദവി

നൽകുകയും ചെയ്യുമ്പോൾ 2003 മുതൽ 2015 വരെ ജോലി ചെയ്തിരുന്ന അദ്ധ്യാപകരുടെ സർവ്വീസ് മുഴുവൻ നഷ്ടപ്പെടുന്ന ഒരവസ്ഥയുണ്ടാകും. അത് പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിലപാട് സ്വീകരിക്കാൻ കഴിയുമോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിൽ മാതൃഭാഷ പഠിപ്പിക്കാത്ത ചില ഓറിയന്റൽ പദവിയുള്ള വിദ്യാലയങ്ങളെ സംബന്ധിച്ച് പട്ടാമ്പി നിയോജക മണ്ഡലത്തിൽനിന്നും അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്. പെരുമുടിയൂർ അടക്കമുള്ള സ്കൂളുകളിൽ മാതൃഭാഷയായ മലയാളംകൂടി പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എം.പി. ഫണ്ടും എം.എൽ.എ. ഫണ്ടും ഉപയോഗിച്ചുകൊണ്ട് സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. പക്ഷേ അത് മെയിന്റയിൻ ചെയ്യാൻ സ്കൂൾ പി.ടി.എ.-യ്ക്ക് പലപ്പോഴും കഴിയുന്നില്ല. പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസത്തിനു വേണ്ടി മാറ്റിവയ്ക്കുന്ന തുകയിൽനിന്നും സ്കൂൾ വാഹനങ്ങളുടെ മെയിന്റനൻസിനുള്ള തുക നൽകാൻ കഴിയുന്ന ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കുമെന്നൊരു നിർദ്ദേശം ഉയർന്നുവരുന്നുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ശരിയാണ്. ഇക്കാര്യം നിരവധി എം.എൽ.എ.-മാർ പരാതിയായി പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും (ഗ്രാമ-ബ്ലോക്ക്, ജില്ലാപഞ്ചായത്ത്), അദ്ധ്യാപക-രക്ഷാകർതൃ സമിതികളും എം.എൽ.എ.-മാരുമൊക്കെ സ്പോൺസർമാരെ ഏൽപ്പിച്ചും ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇതിലൊന്നുമുൾപ്പെടാത്ത സ്ഥലങ്ങളിൽ ഇപ്പോൾ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ബസ് ഇല്ലെങ്കിൽ കുട്ടികൾക്ക് സ്കൂളിൽ വരാൻ സാധിക്കില്ലല്ലോ? ഇതിൽ എന്തുചെയ്യാൻ കഴിയുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് തീരുമാനിക്കാം. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ച കാര്യം പരിശോധിച്ച ശേഷമേ മറുപടി പറയാൻ കഴിയൂ. ഡോ. കെ. ടി. ജലീൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഓറിയന്റൽ സ്കൂൾ അധികൃതരുടെ ഒരു മീറ്റിംഗ് നാളെ വിളിച്ചിട്ടുണ്ട്. ആ മീറ്റിംഗിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. മലയാളം പഠിപ്പിക്കാത്ത നിരവധി സ്കൂളുകൾ കേരളത്തിലുണ്ട്. അതുമായി ബന്ധപ്പെട്ട് ഇപ്പോൾ മറുപടി നൽകാൻ കഴിയില്ല. മലയാളം ബോധപൂർവ്വം പഠിപ്പിക്കാത്ത സ്ഥലങ്ങളുണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് അങ്ങനെ ചെയ്യുന്നതെന്ന് പരിശോധിക്കാം.

അംശദായ വർദ്ധനവിനെക്കുറിച്ചാണ് പൊതുവിൽ ചർച്ചവന്നത്. ബഹുമാനപ്പെട്ട മുൻ തൊഴിൽവകുപ്പുമന്ത്രി പറഞ്ഞതുപോലെ എല്ലാ ക്ഷേമനിധി ബോർഡുകളിലെയും പ്രധാനപ്പെട്ട തൊഴിലാളി സംഘടനകളുമായി ആലോചിച്ചുകൊണ്ട് അംശദായം

വർദ്ധിപ്പിച്ചാൽ മാത്രമേ ഭാവിയിലുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അംശദായ വർദ്ധനവിന് ശിപാർശ സമർപ്പിച്ചിട്ടുള്ള എല്ലാ ക്ഷേമനിധി ബോർഡുകളോടും അതിലെ അംഗങ്ങളോടും അഭിപ്രായം ആരാഞ്ഞിരുന്നു. അംശദായം വർദ്ധിപ്പിക്കുന്നതിൽ എല്ലാ ക്ഷേമനിധി ബോർഡുകളും ഏകകണ്ഠമായ അഭിപ്രായമാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ വർദ്ധനവ് പ്രാവർത്തികമാക്കുന്നതിനായി അംശദായം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 18 ആണ്. പല ക്ഷേമനിധി ബോർഡുകളിലും ആവർത്തനം നടക്കുകയാണ്; രണ്ടും മൂന്നും ക്ഷേമനിധി ബോർഡുകളിൽ മെമ്പർമാരാകുകയാണ്. അതുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. അതുപോലെ ഗവൺമെന്റ് ക്ഷേമനിധി ബോർഡുകളോട് വിവേചനം കാണിക്കുന്നുവെന്ന് ഒരു കാരണവശാലും പറയാൻ പാടില്ല. പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ചടങ്ങുകൾക്കുള്ള ആനുകൂല്യം തുടങ്ങിയവ നൽകുന്നത് കുറവാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. ബില്ലുകൾ ഐകകണ്ഠ്യേന പാസ്സാക്കിത്തന്നാൽ ബോർഡ് ചെയർമാൻമാരുമായി ചർച്ച ചെയ്ത് ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം.

2014 മുതൽ ഉടലെടുത്ത കശുവണ്ടി മേഖലയിലെ പ്രതിസന്ധി ബോർഡിന്റെ വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പകുതിയിലധികവും ഫാക്ടറികൾ പൂട്ടിക്കിടക്കുന്നതിനാൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടുകൂടിയാണ് പെൻഷനുൾപ്പെടെയുള്ള ക്ഷേമാനുകൂല്യങ്ങൾ നൽകിവരുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥിനൊക്കെ ബാധകമായിട്ടുള്ള കാര്യമാണിത്. തുടക്കത്തിൽ 75 രൂപയായിരുന്ന പെൻഷൻ തുക ഇപ്പോൾ 1,600 രൂപയായി ഉയർത്തി. ഇതോടൊപ്പം ഭരണച്ചെലവിനും സ്വാഭാവിക വർദ്ധനവ് വന്നിട്ടുണ്ട്. 2020-21 വർഷത്തിൽ പെൻഷൻ ഇനത്തിൽമാത്രം സർക്കാർ ചെലവഴിച്ചത് 142 കോടി രൂപയാണ്. പെൻഷൻ ഇതര ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ബോർഡുകൾക്കൊന്നും നൽകുന്നില്ലെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉൾപ്പെടെയുള്ള അംഗങ്ങൾ ആവർത്തിച്ച് പറഞ്ഞത്. പെൻഷൻ ഇതര ആനുകൂല്യങ്ങൾക്ക് 2.4 കോടി രൂപയും പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് കഴിഞ്ഞ ഓണത്തിന് 2,250 രൂപ ധനസഹായവും നൽകുന്നതിന് 4,91,67,000 രൂപയും കോവിഡ് ധനസഹായമായി രണ്ട് ഘട്ടങ്ങളിലായി 10,75,64,000 രൂപയും കൂടാതെ 7,11,13,000 രൂപയും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അപ്പോൾ ഗവൺമെന്റ് ഒന്നും സഹായിക്കുന്നില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ്

അംഗീകരിക്കാൻ കഴിയുക ? ഇടക്കാലത്ത് തൊഴിലാളി-തൊഴിലുടമ വരുമാനം ഏതാണ്ട് 93 ലക്ഷംരൂപ മാത്രമായിരുന്നു. കേവലം മാച്ചിംഗ് ഗ്രാന്റായി ലഭ്യമാക്കുന്നതിനപ്പുറമുള്ള ധനസഹായമാണ് തൊഴിലാളികൾക്കായി ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കൂടുതൽ ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതാണ് തൊഴിലുടമയിൽനിന്നും ക്ഷേമനിധിയിലേയ്ക്ക് 93 ലക്ഷം രൂപ മാത്രം ലഭിക്കുന്നതിനുള്ള ഒരു കാരണം. തൊഴിൽ ചെയ്യുന്ന ദിവസം ലഭിക്കുന്നത് ഒരു രൂപയാണ്. അതുകൊണ്ട് കൂടുതൽ തൊഴിൽശാലകൾ തുറക്കുന്നതിനുള്ള സമീപനം സ്വീകരിച്ചെങ്കിൽ മാത്രമേ ഈ ക്ഷേമനിധിയിലേയ്ക്ക് തൊഴിലാളിയുടേയും തൊഴിലുടമയുടേയും കൂടുതൽ കോൺട്രിബ്യൂഷൻ എത്തുകയുള്ളൂവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ആഗോളവത്കരണവും ഉദാരവത്കരണവും രാജ്യത്ത് കൊണ്ടുവന്നതോടുകൂടി നമ്മുടെ തൊഴിലാളികളും തൊഴിൽ മേഖലയുമെല്ലാം കഷ്ടത്തിലായില്ലേ? അതിന്റെ ഫലമായിട്ടുള്ള കെടുതിയാണ് കശുവണ്ടി മേഖലയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അങ്ങ് പറഞ്ഞതും ശരിതന്നെയാണ്. അംശദായ വർദ്ധനവിനനുസൃതമായി സ്കോളർഷിപ്പ് തുകയും ശവസംസ്കാര ചടങ്ങിനുള്ള തുകയും ഇരട്ടിയാക്കുമെന്ന തീരുമാനം ബോർഡ് നേരത്തെതന്നെ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്.

കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട കാര്യം തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചപ്പോൾ മാച്ചിംഗ് ഗ്രാന്റ് നാലിലൊന്നായി വെട്ടിച്ചുരുക്കിയെന്നതാണ്. എന്നാൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പെൻഷനുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ സഹായത്തോടുകൂടിയാണ് നൽകുന്നത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായമായി ലഭിക്കുന്ന തുകയുടെ 25 ശതമാനമാണ് ഇപ്പോൾ സർക്കാർ മാച്ചിംഗ് ഗ്രാന്റായി നിശ്ചയിച്ചിട്ടുള്ളത്. ഈ ഇനത്തിൽ ബോർഡിന് ഇതുവരെ ലഭിക്കാനുള്ളത് 54 കോടി രൂപയാണ്. എന്നാൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അതിവർഷാനുകൂല്യം നൽകുന്നതിനുള്ള മുഴുവൻ തുകയും സർക്കാർ ഗ്രാന്റായാണ് അനുവദിക്കുന്നത്. ഈ ഇനത്തിൽ സർക്കാർ 150 കോടി രൂപ കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോവിഡ്-19-ന്റെ ഒന്നാം തരംഗത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട കർഷക തൊഴിലാളികൾക്ക് 1000 രൂപവീതം നൽകുന്നതിനായി

സർക്കാർ രണ്ട് ഘട്ടങ്ങളിലായി 2020-ൽ 55.30 കോടി രൂപയും 2021-ൽ 55.76 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതെല്ലാം ക്ഷേമനിധിയിലും പാവപ്പെട്ട തൊഴിലാളി കൾക്കുംവേണ്ടി ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. കർഷക തൊഴിലാളി പെൻഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി ഖണ്ഡിക 40(3) പ്രകാരം ഭരണച്ചെലവ് മൊത്തം വരുമാനത്തിന്റെ 5 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗമായ ഭൂവുടമാ വിഹിതം ReLIS (Revenue Land Information System) എന്ന സോഫ്റ്റ്‌വെയർ മുഖേന റവന്യൂ വകുപ്പാണ് പിരിച്ചെടുക്കുന്നത്. കേരളത്തിലെ ഭൂരിഭാഗം വില്ലേജുകളും കമ്പ്യൂട്ടർവൽക്കരിക്കപ്പെടാത്തതിനാൽ ഭൂവുടമാവിഹിതത്തിൽ ബോർഡിന് ലഭിക്കേണ്ട പൂർണ്ണ വരുമാനം ലഭിക്കുന്നില്ല. ReLIS സോഫ്റ്റ്‌വെയർ എല്ലാ വില്ലേജുകളിലും നിലവിൽ വരുമ്പോൾ ബോർഡിന്റെ ഭൂവുടമാവിഹിത വരുമാനത്തിൽ ഇപ്പോഴുള്ളതിന്റെ ഇരട്ടി വർദ്ധനവാണ് ബോർഡ് പ്രതീക്ഷിക്കുന്നത്. അതുവഴി അംശദായം കൃത്യമായി അടച്ച് അംഗത്വം പുതുക്കാത്ത അംഗങ്ങളെ തിരികെ ക്ഷേമനിധിയിലേയ്ക്ക് ആകർഷിക്കാനും അംശദായ വർദ്ധനവ് ഉറപ്പാക്കാനും ബോർഡിന് സാധിക്കുന്നതാണ്. വരുമാനം വർദ്ധിക്കുന്നപക്ഷം ഭരണച്ചെലവ് അഞ്ചുശതമാനമായി നിജപ്പെടുത്താൻ സാധിക്കും. കൂടാതെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം എന്നിവ 16-8-2021-ലെ 986/21-ാം നമ്പർ ഉത്തരവുപ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് മനസ്സിലാക്കാതെയാണ് പല അംഗങ്ങളും ഇവിടെ സംസാരിച്ചത്.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് ഏറെക്കാലത്തെ പഴക്കമുണ്ട്. 1975-ലെ മേയ് ദിനത്തിൽ കേരള തൊഴിലാളി ക്ഷേമനിധി നിയമ പ്രകാരമാണ് ഈ ബോർഡ് രൂപീകരിക്കപ്പെട്ടത്. ഫാക്ടറികൾ, വൻകിട തോട്ടങ്ങൾ, ഇരുപതോ അതിൽക്കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്ന സഹകരണ ചാരിറ്റബിൾ സ്ഥാപനങ്ങൾ തുടങ്ങിയവ കേരളത്തിലെ തൊഴിൽ ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ വരികയാണ്. തൊഴിലാളി-തൊഴിലുടമ വിഹിതം വളരെ കുറവായതിനാൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നതിന് തൊഴിലാളി ക്ഷേമനിധി ബോർഡിന് സാധിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ബോർഡിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി തൊഴിലാളി തൊഴിലുടമാ അംശദായം അർദ്ധവർഷത്തേയ്ക്ക് 45 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. പ്രസ്തുത ഓർഡിനൻസ് നിയമമാക്കുന്നതിനു വേണ്ടിയാണ് സഭമുമ്പാകെ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് കോവിഡ് ധനസഹായമായി 1000 രൂപ വീതം നൽകുന്നതിന് സർക്കാരിൽനിന്നും ഒന്നാം ഘട്ടമായി 30,42,26,000

രൂപയും രണ്ടാം ഘട്ടമായി 25,03,79,000 രൂപയും നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഈ ക്ഷേമനിധികളെ നല്ല രീതിയിൽ തന്നെയാണ് സഹായിക്കുന്നതെന്നകാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. 2020 ഏപ്രിൽമാസം 21-ലെ ഓർഡിനൻസ് പ്രകാരം അംശദായ വർദ്ധനവ് നിലവിൽ വന്നതിനെത്തുടർന്ന് അതിനാനുപാതികമായി ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. തയ്യൽ തൊഴിലാളികളെ സംബന്ധിച്ച് 18-6-2020-ലെ സർക്കാർ ഉത്തരവ് 426/2020 പ്രകാരം റിട്ടയർമെന്റ് ആനുകൂല്യവും 6-1-2021-ലെ സർക്കാർ ഉത്തരവ് 33/2021 പ്രകാരം സ്കോളർഷിപ്പ്, ക്യാഷ് അവാർഡ് എന്നിവയും മരണാനന്തര ധനസഹായം, ശവസംസ്കാര ചടങ്ങുകൾക്കുള്ള ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവയും വർദ്ധിപ്പിച്ചിട്ടുണ്ട്. ധനസഹായത്തുക വർദ്ധിപ്പിച്ചിട്ടില്ലെന്ന ആശയം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എവിടെനിന്നാണ് ലഭിച്ചതെന്ന് അറിയില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, തുക വർദ്ധിപ്പിച്ചിട്ടില്ലെന്നല്ല, വർദ്ധിപ്പിച്ച തുക നാമമാത്രമാണെന്നാണ് പറഞ്ഞത്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച വിഷയമാണിത്, എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറാകുന്ന കുട്ടികൾക്ക് നൽകുന്ന ധനസഹായം ഒരു ജില്ലയിൽ രണ്ടുപേർക്കാണ് നൽകുന്നത്. ഒരു പദ്ധതിയുണ്ടാക്കിയെങ്കിലും കൂടുതൽ പേർക്ക് പ്രയോജനകരമാകുന്ന രീതിയിൽ വരുന്നില്ല. അതോടൊപ്പം ഞാൻ പറഞ്ഞ മറ്റൊരു കാര്യം, മറ്റുള്ളവർ അവരുടെ മക്കൾക്ക് നൽകുന്നത്ര പഠന സൗകര്യങ്ങൾ ഏർപ്പെടുത്താൻ തൊഴിലാളികൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവരുടെ മക്കൾക്ക് ഗ്രേസ് മാർക്ക് കൊടുത്ത് മറ്റുള്ള കുട്ടികളോടൊപ്പം ഉയർത്തിക്കൊണ്ടുവരാനുള്ള സമീപനം സ്വീകരിക്കുമോ?

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, പൊതുവിദ്യാഭ്യാസരംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളോടൊപ്പം ഏറെ പ്രാധാന്യത്തോടുകൂടി നടക്കുന്ന ഒന്നാണല്ലോ തുടർ സാക്ഷരതാ പ്രവർത്തനം. ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പരീക്ഷാ കേന്ദ്രത്തിൽ എല്ലാ അർത്ഥത്തിലും അതിനുവേണ്ട സഹായമൊരുക്കാൻ സി.പി.ഐ.(എം)-ന്റെ ഒരു ബ്രാഞ്ച് സെക്രട്ടറി നിന്നത് സംബന്ധിച്ച് പോസ്റ്റിട്ടത് ചർച്ചയുടെ ഭാഗമായി ഇവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. സി.പി.ഐ.(എം)-ന്റെ പ്രവർത്തകർ കിണറ്റിൽ വീണ ആട്ടിൻകുട്ടിയെ രക്ഷിച്ചാലും സി.പി.ഐ.(എം) ഉണ്ട ആട്ടിൻകുട്ടിയെ രക്ഷിച്ചുവെന്ന നിലയിലാണ് പറയുന്നതെന്ന് നാട്ടിലൊരു പഴഞ്ചൊല്ലുണ്ട്. പൊതു വിദ്യാഭ്യാസ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന ഇടപെടലുകളിൽ രാഷ്ട്രീയ പ്രവർത്തകർ പങ്കെടുക്കുന്നതിനെ ആക്ഷേപകരമായി പറയുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കപ്പെട്ടു. അക്കാര്യത്തിൽ അങ്ങ് നിലപാട് വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സാക്ഷരതാ പ്രസ്ഥാനം നമ്മുടെ നാട്ടിലെ സമസ്ത ജനങ്ങളും ഒറ്റക്കെട്ടായിനിന്ന് നടത്തുന്ന പ്രവർത്തനമാണ്. കോൺഗ്രസ്, സി.പി.ഐ. (എം), സി.പി.ഐ. തുടങ്ങി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും യുവജന സംഘടനകളുടെയും പ്രവർത്തകരും ഇതിൽ പങ്കെടുക്കുന്നുണ്ട്. പങ്കെടുക്കുന്ന വ്യക്തി ഇന്ന പാർട്ടിയിൽപ്പെട്ടതാണെന്ന ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിൽ തെറ്റില്ല. അയാൾ ചെയ്യുന്ന കാര്യമെന്താണെന്നത് മാത്രം പരിശോധിച്ചാൽ മതി.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിരവധി സാമ്പത്തിക സഹായവും കോവിഡ് ധനസഹായവും സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി അംശദായം വർദ്ധിപ്പിക്കേണ്ടതുണ്ട്. വളരെ സാധാരണക്കാരായ തൊഴിലാളികളാണ് തയ്യൽ തൊഴിലാളികൾ. ഇതൊക്കെയാണ് പൊതുവായി ഇവിടെ ചർച്ച ചെയ്ത കാര്യങ്ങൾ. അഞ്ച് ബില്ലുമായി ബന്ധപ്പെട്ട് വളരെ ചുരുക്കിയാണ് മറുപടി പറഞ്ഞത്. ഈ ബില്ലുകൾ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. മമ്മിക്കുട്ടി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ് : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വാഴൂർ സോമൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വാഴൂർ സോമൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ശ്രീ. എം. വിൻസെന്റ്, അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ദെലീമ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ദെലീമ, അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Smt. K. K. Rema: Sir, I move the following amendments :

169. In section 9(1) proposed to be substituted in the principal Act by Clause 3, the word " Headmaster" coming before the word " the" , the word " headmaster" shall be substituted.

178. In section 9 (1) proposed to be substituted in the principal Act by Clause 3 the word and symbol " Vice-" shall be deleted.

Shri Mons Joseph: Sir, I move the following amendment:

170. In section 9(1) proposed to be substituted in the principal Act by Clause 3, the words " Head Master or Head mistress" shall be deleted.

Shri P. Ubaidulla: Sir, I move the following amendments:

171. In section 9(1) proposed to be substituted in the principal Act by Clause 3, for the word " Headmaster" the word " Head Master" and for the word " Headmistress" the word " Head Mistress" shall be substituted.

182. In section 9 (1) proposed to be substituted in the principal Act by Clause 3 the symbol " -" in between the words " Vice and Principal" shall be deleted.

Shri T. V. Ibrahim : Sir, I move the following amendment:

173. In section 9(1) proposed to be substituted in the principal Act by Clause 3, after the words " Headmistress or" the words " Principal or" shall be inserted.

മി. സ്പീക്കർ: 174, 175, 176, 177 എന്നീ നമ്പർ ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 179, 180, 181 എന്നീ നമ്പർ ഭേദഗതികൾ 178-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു, മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 169, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 171, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Shri Mons Joseph: Sir, I move the following amendments:

183. In section 17(2)(g) proposed to be substituted in the principal Act by Clause 4(a), the words " Headmasters or Headmistresses" shall be deleted.

194. In section 17(2)(h) proposed to be substituted in the principal Act by Clause 4(b) the words " Headmasters or Headmistresses" shall be deleted.

Smt. Daleema: Sir, I move the following amendment:

184. In section 17(2)(g), proposed to be substituted in the principal Act by Clause 4(a), for the word " Headmasters or Headmistresses" , the words " Head Teachers" shall be substituted.

Shri P. Ubaidulla: Sir, I move the following amendments:

185. In section 17(2)(g) proposed to be substituted in the principal Act by Clause 4(a), for the word " Headmasters" , the word " Head Masters" and for " Headmistresses" the word " Head Mistresses" shall be substituted.

192. In section 17(2)(g) proposed to be substituted in the principal Act by Clause 4(a) the symbol " -" in the words " Vice Principals" shall be deleted.

195. In section 17(2)(h) proposed to be substituted in the principal Act by Clause 4(b) for the word " Headmasters" , the word " Head Masters" and for " Headmistresses" the word " Head Mistresses" shall be substituted.

205. In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the symbol " -" in the word " Vice-Principals" shall be deleted.

Shri Sebastian Kulathunkal: Sir, I move the following amendments:

186. In section 17(2)(g) proposed to be substituted in the principal Act by Clause 4(a) after the words " Headmistresses or" the words " Principal or" shall be inserted.

197. In section 17(2)(h) proposed to be substituted in the principal Act by Clause 4(b) after the words " Headmistresses or" , the words " Principals or" shall be inserted.

Smt. K. K. Rema: Sir, I move the following amendments:

191. In section 17(2)(g) proposed to be substituted in the principal Act by Clause 4(a), the word and symbol " Vice-" shall be deleted.

204. In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the word and symbol " Vice-" shall be deleted.

Prof. Abid Hussain Thangal: Sir, I move the following amendment:

193. In section 17(2) of the principal Act after the Clause (f), the following Clauses shall be inserted and the remaining Clauses shall be re-lettered accordingly.

" (g) one person elected from among the principals of the Government Higher Secondary Schools in the district;

(h) one person elected from among the principals of the Aided Higher Secondary Schools in the district;"

Shri Anwar Sadath: Sir, I move the following amendment:

207. In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the following shall be inserted as Clause (j) and the remaining Clauses shall be re-lettered accordingly:

" (j) one person elected from among the Principals of the Aided Higher Secondary Schools in the district;"

Shri Sajeev Joseph: Sir, I move the following amendment:

208. In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the following shall be inserted as Clause (j) and the remaining Clauses shall be re-lettered accordingly:

" (j) one person each elected from among the Principals of the Government and Aided Higher Secondary Schools in the district;"

Shri M. Vincent: Sir, I move the following amendment:

216. In section 17(2)(h) proposed to be substituted in the principal Act by Clause 4 the following shall be inserted as Clause (m) and the remaining shall be re-lettered accordingly:

" (m) Four persons nominated from the Parent Teacher Associations of the Government and Aided Schools in the district"

മി. സ്പീക്കർ: 187, 188, 189, 190, 203 എന്നീ നമ്പർ ഭേദഗതികൾ 186-ാം നമ്പർ ഭേദഗതിക്കും 198 മുതൽ 202 വരെയുള്ള ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 217-ാം നമ്പർ ഭേദഗതി 216-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 191, 204 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു, മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 191, 204 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 183, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 185, 192, 195, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 186, 197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri Najeeb Kanthapuram: Sir, I move the following amendment:

230. In section 34 proposed to be substituted in the principal Act by Clause 6 for the words " Department of General Education" the words " General Education Department" shall be substituted.

മി. സ്പീക്കർ: 231 മുതൽ 234 വരെയുള്ള ഭേദഗതികൾ 230-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Shri Mons Joseph: Sir, I move the following amendments:

235. In Clause 7(2), for the word " repeal" the word " revoke" shall be substituted.

236. In Clause 7(2) for the word " deemed" wherever it occurs, the word " consider" shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendment:

237. In Clause 7(2) the words " or deemed to have been done" shall be deleted.

മി. സ്പീക്കർ: 238 മുതൽ 241 വരെയുള്ള ഭേദഗതികൾ 237-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 235, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri P. Ubaidulla: Sir, I move the following amendments:

109. In the title after the word " Kerala" , the word " State" shall be inserted.

115. In the long title the word " further" shall be deleted.

117. In the preamble for the word " expedient" the word " Convenient" shall be substituted.

132. In the preamble for the word " hereinafter" the word " henceforth" shall be substituted.

138. In Clause 1(1) after the word " Kerala" the word " State" shall be inserted.

140. In Clause 1(2), the words " deemed to have" shall be deleted.

Shri P. Abdul Hameed: Sir, I move the following amendments:

119. In the preamble the word " further" shall be deleted.

126. In the preamble for the words " purposes hereinafter appearing" the words " following purposes" shall be substituted.

133. In the enacting formula for the word " BE" the word " Be" shall be substituted.

134. In the enacting formula for the word " enacted" the word " Constituted" shall be substituted.

137. In Clause 1(1) for the word " called" the word " known" shall be substituted.

147. Clause 1(2) shall be recast as follows:-

" (2) It shall come into force on such date as Government may by notification in the Gazette appoint."

Shri Mons Joseph: Sir, I move the following amendments:

125. In the preamble for the word " purposes" the word " determinations" shall be substituted.

136. In the marginal heading of Clause 1 for the word " commencement" the word " beginning" shall be substituted.

141. In Clause 1(2), for the word " deemed" the word " consider" shall be substituted.

Shri Kurukkoli Moideen: Sir, I move the following amendment:

148. Clause 1(2) shall be recast as follows:-

" (2) It shall come into force on the date as Government may by notification in the Gazette appoint."

മി. സ്പീക്കർ: 110 മുതൽ 114 വരെയുള്ള ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 116, 118 എന്നീ നമ്പർ ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 120 മുതൽ 123 വരെയുള്ള ഭേദഗതികൾ 119-ാം നമ്പർ ഭേദഗതിക്കും 131-ാം നമ്പർ

ഭേദഗതി 132-ാം നമ്പർ ഭേദഗതിക്കും 139-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്കും 149 മുതൽ 151 വരെയുള്ള ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 115, 117, 132, 138, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 126, 133, 134, 137, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 125, 136, 141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസ വിചക്ഷണന്മാരോടോ അദ്ധ്യാപക സംഘടനകളോടോ പ്രതിപക്ഷത്തോടോ വേണ്ടത്ര കൂടിയാലോചന നടത്താതെയാണ് വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ ഈ സർക്കാർ നടപ്പിലാക്കുന്നത്. സർക്കാർ നടപ്പിലാക്കിവരുന്ന നയത്തിന്റെ ഭാഗമായാണ്

ഈ നിയമവും. ഈ നിയമം നടപ്പാക്കുമ്പോൾ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഒരു യൂണിറ്റായി വരുന്നതിലൂടെ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ കുറവുണ്ടാകാനുള്ള സാദ്ധ്യതകൂടിയുണ്ട്. അതുകൊണ്ട് ഈ നിയമത്തെ ഞങ്ങൾ അനുകൂലിക്കുന്നില്ലെന്നാണ് അറിയിക്കാനുള്ളത്.

മി. സ്പീക്കർ: 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സഭ ശബ്ദ വോട്ടോടെ പാസ്സാക്കിയിരിക്കുന്നു.

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ.

രണ്ടാം വകുപ്പ്

Shri Mons Joseph: Sir, I move the following amendments:

157. In clause 2 for the word " referred" the word " mention" shall be substituted.

177. In section 5(1) proposed to be amended in the principal Act by Clause 2(i), for the word " two" the word " ten" shall be substituted.

186. In section 5(2) proposed to be amended in the principal Act by Clause 2(ii) for the word " two" , the word " ten" shall be substituted.

204. In section 5(3A) proposed to be substituted in the principal Act by Clause 2(iii), before the word " half" the word " a" shall be inserted.

Shri P. C. Vishnunadh: Sir, I move the following amendment:

158. Clause 2 (i) shall be deleted.

Shri P. K. Basheer: Sir, I move the following amendments:

160. In section 5(1) proposed to be amended in the principal Act by clause 2 (i) for the word " two" the word " three" shall be substituted.

169. In Section 5(1) proposed to be amended in the principal Act by Clause 2 (i) for the word " two" the word " four" shall be substituted.

199. Clause 2(iii) shall be deleted.

Shri N. Samsudheen: Sir, I move the following amendments:

170. In Section 5(1) proposed to be amended in the principal Act by Clause 2 (i) for the word " two" the word " five" shall be substituted.

208. In section 5(3A) proposed to be substituted in the principal Act by Clause 2(iii), before the word " half" the words " one and a" shall be inserted.

Smt. K. K. Rema: Sir, I move the following amendments:

178. Clause 2(ii) shall be deleted.

202. In section 5(3A) proposed to be amended in the principal Act by Clause 2(iii), for the words " equal to the amount of" the words " not less than the" shall be substituted.

217. In section 5(3A) of the principal Act for the word " employees" the word " employer" shall be substituted.

Shri P. Ubaidulla: Sir, I move the following amendments:

185. In section 5(2) proposed to be amended in the principal Act by Clause 2(ii) for the word " two" , the word " five" shall be substituted.

212. In section 5(3A) proposed to be substituted in the principal Act by Clause 2(iii) for the word "half" the words "the half of amount" shall be substituted.

Shri Sebastian Kulathunkal: Sir, I move the following amendment:

213. In section 5(3A) proposed to be substituted in the principal Act by Clause 2(iii) for the word "half" the words "seventy five percentage of" shall be substituted.

Shri Anwar Sadath: Sir, I move the following amendment:

216. In section 5(3A) proposed to be amended in the principal Act by Clause 2(iii) for the words " half the amount of" the figures, symbol and words " 300% of the" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendment:

218. After Clause 2(iii), the following sub-clause shall be inserted :

" (iv) after sub-section (4) the following sub-sections shall be inserted, namely :-

(5)The Government may, by notification in the Gazette, revise the rate of contribution specified in sub-sections(1),(2) and the rate of grant specified in sub-section(3A).

(6) Every notification issued under sub-section(5) shall be laid, as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the notification or decides that the notification should not be issued, the notification shall, thereafter, have effect only in such modified form or be of no effect, as the case may be."

മി.സ്പീക്കർ: 161 മുതൽ 164 വരെയുള്ള ഭേദഗതികൾ 160-ാം നമ്പർ ഭേദഗതിക്കും 165 മുതൽ 168 വരെയുള്ള ഭേദഗതികൾ 169-ാം നമ്പർ ഭേദഗതിക്കും 171 മുതൽ 176 വരെയുള്ള ഭേദഗതികൾ 170-ാം നമ്പർ ഭേദഗതിക്കും 179 മുതൽ 184 വരെയുള്ള ഭേദഗതികൾ 178-ാം നമ്പർ ഭേദഗതിക്കും 195 മുതൽ 198 വരെയുള്ള ഭേദഗതികളും 200, 201 എന്നീ നമ്പർ ഭേദഗതികളും 199-ാം നമ്പർ

ഭേദഗതിക്കും 205 മുതൽ 207 വരെയുള്ള ഭേദഗതികളും 209-ാം നമ്പർ ഭേദഗതിയും 208-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 157, 177, 186, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 160, 169, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 170, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 178, 202, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 185, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri P. K. Basheer: Sir, I move the following amendment:

219. In Clause 3(2) the words " or deemed to have been done" shall be deleted.

Shri P. Ubaidulla: Sir, I move the following amendment:

224. In Clause 3(2) for the word " deemed" the word " considered" shall be substituted wherever it occurs.

Shri Mons Joseph: Sir, I move the following amendment:

225. In Clause 3(2) for the word " deemed" the word " consider" shall be substituted wherever it occurs.

Shri Najeeb Kanthapuram: Sir, I move the following amendment:

226. In Clause 3(2) the words " or deemed to have been taken" shall be deleted.

മി. സ്പീക്കർ: 220 മുതൽ 223 വരെയുള്ള ഭേദഗതികൾ 219-ാം നമ്പർ ഭേദഗതിക്കും 227 മുതൽ 230 വരെയുള്ള ഭേദഗതികൾ 226-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri P. Ubaidulla: Sir, I move the following amendments:

109. In the title, after the word " Kerala" , the word " State" shall be inserted.

110. In the long title the word " further" shall be deleted.

117. In the preamble, for the word " expedient" the word " convenient" shall be substituted.

125. In the preamble, the word " further" shall be deleted.

128. In the Preamble for the words " purposes hereinafter appearing" the words " following purposes" shall be substituted.

138. In the enacting formula for the word " enacted" the word " constituted" shall be substituted.

140. In Clause 1(1) for the word " called" the word " known" shall be substituted.

141. In Clause 1(1) After the word " Kerala" the word " State" shall be inserted.

142. In Clause 1(2) the word " deemed to have" shall be deleted.

156. In Clause 1(2) shall be recast as follows:-

" (2) It shall be come into force on such date as Government may notification in the Gazette appoint."

Shri P. Abdul Hameed: Sir, I move the following amendments:

116. In the preamble, for the word " expedient" the word " appropriate" shall be substituted.

137. In the enacting formula for the word " enacted" the word " passed" shall be substituted.

144. In Clause 1(2) for the word " deemed" the word " considered" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendments:

126.In the preamble for the figures, word and symbol " (19 of 1984)" the figures, words and symbol " (Act 19 of 1984)" shall be substituted.

145.In Clause 1(2) shall be recast as follows:-

" (2) It shall come into force at once."

Shri Mons Joseph: Sir, I move the following amendments:

127. In the Preamble for the word " purposes" the word " determination" shall be substituted.

135. In the Preamble for the word " hereinafter" the word " accordingly" shall be substituted.

136. In the Preamble for the word " appearing" the word" publishing" shall be substituted.

139. In the marginal heading of Clause 1 for the word " commencement" the word " beginning" shall be substituted.

Shri Najeeb Kanthapuram: Sir, I move the following amendment:

151. In Clause 1(2) shall be recast as follows:-

" (2) It shall come into force on such date as Government may notify in the official Gazette."

മി.സ്പീക്കർ : 111 മുതൽ 115 വരെയുള്ള ഭേദഗതികൾ 110 -ാം നമ്പർ ഭേദഗതിക്കും 118-ാം നമ്പർ 117-ാം നമ്പർ ഭേദഗതിക്കും 119 മുതൽ 124 വരെയുള്ള ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 129 മുതൽ 134 -ാം നമ്പർ വരെയുള്ള ഭേദഗതികൾ 128 -ാം നമ്പർ ഭേദഗതിക്കും 143-ാം നമ്പർ ഭേദഗതി 144 -ാം നമ്പർ ഭേദഗതിക്കും 146 മുതൽ 150 വരെയുള്ള ഭേദഗതികൾ 145 -ാം നമ്പർ ഭേദഗതിക്കും 152 മുതൽ 155 വരെയുള്ള ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 110, 117, 125, 128, 138, 140, 141, 142, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 116, 137, 144 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 126, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 127, 135, 136, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iii) 2021- ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri Mons Joseph : Sir, I move the following amendments:

151. In Clause 2 for the word " hereinafter" the word " accordingly" shall be substituted;

155. In section 9(1) proposed to be substituted in the principal Act by Clause 2(1) for the word " twenty" the word " fifteen" shall be substituted.

162. In section 9(1) proposed to be substituted in the principal Act by Clause 2(1) for the word " forty" the words " thirty five" shall be substituted.

169. In section 9(1) proposed to be substituted in the principal Act by Clause 2(1) for the words " fifty paise" the words " one rupee" shall be substituted.

172. In Section 9(1) proposed to be substituted in the principal Act by Clause 2(1) for the word " one" the word " two" shall be substituted.

179. In section 9(1) proposed to be substituted in the principal Act by Clause 2(1) for the word " prescribed" the word " stipulated" shall be substituted.

207. In section 9(2) proposed to be substituted in the principal Act by Clause 2(2), for the word "twenty" the word "fifty" shall be substituted.

222. In section 9(4) proposed to be substituted in the principal Act by Clause 2(3) for the words "twenty five" the word "fifty" shall be substituted.

Prof. Abid Hussain Thangal : Sir, I move the following amendments:

154. In section 9(1) proposed to be substituted in the principal Act by Clause 2(1) after the words "Every land owner" symbol "," shall be inserted.

213. Clause "2(3)" shall be deleted.

Shri Najeeb Kanthapuram : Sir, I move the following amendments:

156. In section 9(1) proposed to be substituted in the principal Act by Clause 2(1) the words "twenty Ares but less than" shall be deleted.

174. In Section 9(1) proposed to be substituted in the principal Act by Clause 2(1) for the words "one rupee" the words "seventy five paise" shall be substituted.

188. In section 9(2) proposed to be substituted in the principal Act by Clause 2(2) for the word "twenty" the word "ten" shall be substituted.

Smt. K. K. Rema : Sir, I move the following amendments:

161. In section 9(1) proposed to be substituted in the principal Act by Clause 2(1) for the word "Ares" the word "ares" and for the word "Are" the word "are" shall be substituted wherever it occurs.

183. In section 9(2) proposed to be substituted in the principal Act by Clause 2(2) for the word "twenty" the figure "10" shall be substituted.

214. In section 9(4) proposed to be substituted in the principal Act by Clause 2(3) after the word " Fund" the words, figures and letters " before the 31st March of" shall be inserted.

215. In section 9(4) proposed to be substituted in the principal Act by Clause 2(3) the words " that of twenty five per cent of" shall be deleted.

241. In section 9(4) proposed to be substituted in the principal Act by Clause 2(3) for the word " five" occuring before the words " per capita" the word " fifty" shall be substituted.

Shri P. Abdul Hameed : Sir, I move the following amendments:

163. In section 9(1) proposed to be substituted in the principal Act by Clause 2(1) for the word " Fund" the word " fund" shall be substituted.

180. Section 9(1) proposed to be substituted in the principal Act by Clause 2(1) shall be recast as follows:

" (1) Every land owner holding more than twenty five Ares but less than fifty Ares in extent of Agriculture land

shall pay contribution to the fund at the rate of 50 paise per Are, per annum, for the entire land, where in the land

owner holding more than fifty Ares of Agriculture land

shall Contribute 1 rupee per Are, per annum for the entire land hold by him in such manner as may be prescribed." ;

Shri K. P. A. Majeed : Sir, I move the following amendments:

164. In section 9(1) proposed to be substituted in the principal Act by Clause 2(1) for the word " fifty" the word " forty" shall be substituted.

203. In section 9(2) proposed to be substituted in the principal Act by Clause 2(2), for the word " twenty" the word " fifteen" shall be substituted.

Dr. N. Jayaraj : Sir, I move the following amendments:

170. In section 9(1) proposed to be substituted in the principal Act by Clause 2(1) for the words " more than forty Ares" the words " forty Ares or more" shall be substituted.

171. In Section 9(1) proposed to be substituted in the principal Act by Clause 2(1) after the words " more than forty Ares" the words " in extent" shall be inserted.

178. In section 9(1) proposed to be substituted in the principal Act by Clause 2(1) before the words " in such manner" the symbol " ," shall be inserted.

240. In section 9(4) proposed to be substituted in the principal Act by Clause 2(3) before the word " contribution" the word " total" shall be inserted.

Shri K. Babu (Thripoonithura) : Sir, I move the following amendment:

236. In section 9(4) proposed to be substituted in the principal Act by Clause 2(3), for the words " that of twenty five percent of" the word " double" shall be substituted.

Shri C. H. Kunhambu : Sir, I move the following amendment:

242. In section 9(4) proposed to be substituted in the principal Act by Clause 2(3) for the word " five" occuring before the words " per capita" the word " sixty" shall be substituted.

Shri Murali Perunelly : Sir, I move the following amendment:

243. Section 9(4) proposed to be substituted in the principal Act by Clause 2(3) shall be recast as follows :

" (4) The Government shall contribute to the Fund every month, by way of grant, an amount equal to that of twenty five per cent of the contribution paid by the registered agricultural workers in the month, limited to a maximum of rupees five per capita."

മി. സ്പീക്കർ : 153 -ാം നമ്പർ ഭേദഗതി 152-ാം നമ്പർ ഭേദഗതിക്കും 157 മുതൽ 160 വരെയുള്ള ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്കും 165 മുതൽ 168 വരെയുള്ള ഭേദഗതികൾ 164-ാം നമ്പർ ഭേദഗതിക്കും 173, 175, 176, 177 എന്നീ നമ്പർ ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും 184 മുതൽ 187 വരെയും 189 മുതൽ 192 വരെയുമുള്ള ഭേദഗതികൾ 188-ാം നമ്പർ ഭേദഗതിക്കും 194 -ാം നമ്പർ ഭേദഗതി 193-ാം നമ്പർ ഭേദഗതിക്കും 195, 196, 198, 199 എന്നീ നമ്പർ ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 200 മുതൽ 202 വരെയും 204 മുതൽ 206 വരെയുമുള്ള ഭേദഗതികൾ 203-ാം നമ്പർ ഭേദഗതിക്കും 208 മുതൽ 212 വരെയുള്ള ഭേദഗതികൾ 213-ാം നമ്പർ ഭേദഗതിക്കും 216 മുതൽ 221 വരെയുള്ള ഭേദഗതികൾ 222-ാം നമ്പർ ഭേദഗതിക്കും 224 മുതൽ 226 വരെയുള്ള ഭേദഗതികൾ 223-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 230 വരെയുള്ള ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 231,232, 233, 235 എന്നീ നമ്പർ ഭേദഗതികൾ 234-ാം നമ്പർ ഭേദഗതിക്കും 237 മുതൽ 239 വരെയുള്ള ഭേദഗതികൾ 236-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 151, 155, 162, 169, 172, 179, 207, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 154, 213 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 156, 174, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 161, 183, 214, 215, 241 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 163, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 164, 203 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 170, 171, 178, 240 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri Mons Joseph : Sir, I move the following amendment:

245. In Clause 3(2), for the word " repeal" the word " revoke" shall be substituted.

Shri A. K. M. Ashraf : Sir, I move the following amendment:

246. In Clause 3(2), the words " or deemed to have been done" shall be deleted.

Shri N. A. Nellikkunnu :Sir, I move the following amendment:

251. In Clause 3(2), the words " or deemed to have been taken" shall be deleted.

Shri P. Abdul Hameed :Sir, I move the following amendment:

256. In Clause 3(2), for the word " deemed" , the word " consider" shall be substituted.

മി. സ്പീക്കർ: 247 മുതൽ 250-ാം നമ്പർ വരെയുള്ള ഭേദഗതികൾ 246-ാം നമ്പർ ഭേദഗതിക്കും 252 മുതൽ 255-ാം നമ്പർ വരെയുള്ള ഭേദഗതികൾ 251-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും.

Shri. N. A. Nellikkunnu : Sir, I move the following amendment:

109. In the long title the word “ further” shall be deleted.

Shri P. Abdul Hameed : Sir, I move the following amendments:

115. In the preamble, for the word “ expedient” the word “ appropriate” shall be substituted.

122. In the preamble the word “ further” shall be deleted.

125. In the preamble for the words “ purposes hereinafter appearing” the words “ following purposes” shall be substituted.

132. In the enacting formula, for the word “ BE' the word “ Be” shall be substituted.

133. In the enacting formula, for the word " enacted" the word " passed" shall be substituted.

137. In Clause 1(2) for the word " deemed " the word " consider" shall be substituted.

Shri Mons Joseph : Sir, I move the following amendments:

116. In the preamble, for the word " expedient" the word " convenient" shall be substituted.

124. In the preamble for the word " purposes" the word " determinations" shall be substituted.

131. In the preamble for the words " purposes hereinafter" the word " consequently" shall be substituted.

Shri A. K. M. Ashraf : Sir, I move the following amendment:

146. Clause 1(2) shall be recast as follows:-

" (2) It shall come in to force on such date as Government may notified in the official Gazette."

മി. സ്പീക്കർ : 110 മുതൽ 114-ാം നമ്പർ വരെയുള്ള ഭേദഗതികൾ 109-ാം നമ്പർ ഭേദഗതിക്കും 117 മുതൽ 121-ാം നമ്പർ വരെയുള്ള ഭേദഗതികൾ 122-ാം നമ്പർ ഭേദഗതിക്കും 126 മുതൽ 130-ാം നമ്പർ വരെയുള്ള ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 136-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്കും 138-ാം നമ്പർ ഭേദഗതി 139-ാം നമ്പർ ഭേദഗതിക്കും 141 മുതൽ 145-ാം നമ്പർ വരെയുള്ള ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്കും 147 മുതൽ 150-ാം നമ്പർ വരെയുള്ള ഭേദഗതികൾ 146-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. 135 -ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനാകയാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 115, 122, 125, 132, 133, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 116, 124, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iv) 2021 -ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri Mons Joseph : Sir, I move the following amendments:

155. In Clause 2, for the word “ referred” the word “ mention” shall be substituted.

178. In section 15 (1) proposed to be substituted in the principal Act by Clause 2(i) for the words " forty five rupees" the words " hundred rupees" shall be substituted wherever it occurs.

199. In section 15(1) proposed to be substituted in the principal Act by clause 2 (ii) for the words " forty five" the word " hundred " shall be substituted.

Smt. K. K. Rema : Sir, I move the following amendments:

156. In section 15(1) proposed to be substituted in the principal Act by Clause 2(i) for the word " forty" the word " eighty" shall be substituted.

179. In section 15 (1) proposed to be substituted in the principal Act by Clause 2(ii) for the words " forty five" the word " sixteen" shall be substituted.

Shri P. C. Vishnunadh : Sir, I move the following amendments:

159. In section 15(1) proposed to be substituted in the principal Act by Clause 2(i) for the words " forty five rupees" the words " twenty four rupees" shall be substituted.

208. Section 15(1) proposed to be amended in the principal Act by Clause 2 shall be recast as follows:

" (1) Every employee shall contribute twenty four rupees per half year to the Fund and every employer shall in respect of each such employee contribute an amount equal to double the amount contributed by the employee"

Shri N. A. Nellikkunnu : Sir, I move the following amendments:

161. In section 15(1) proposed to be substituted in the principal Act by Clause 2(i) for the words " forty five rupees" the words " thirty rupees" shall be substituted.

176. In section 15 (1) proposed to be substituted in the principal Act by Clause 2(i) for the words " forty five rupees" the words " forty rupees" shall be substituted.

185. In section 15 (1) proposed to be substituted in the principal Act by Clause 2(ii) for the words " forty five" the word " fifty" shall be substituted.

191. In section 15 (1) proposed to be substituted in the principal Act by Clause 2(ii) for the words " forty five" the word " sixty" shall be substituted.

Shri A. K. M. Ashraf : Sir, I move the following amendment:

167. In section 15(1) proposed to be substituted in the principal Act by Clause 2(i) for the words " forty five rupees" the words " thirty five rupees" shall be substituted.

Shri P. Ubaidulla : Sir, I move the following amendment:

177. In section 15 (1) proposed to be substituted in the principal Act by Clause 2(i) for the words " forty five rupees" the words " fifty rupees" shall be substituted.

Shri N. Samsudheen : Sir, I move the following amendment:

186. In section 15 (1) proposed to be substituted in the principal Act by Clause 2(ii) for the words " forty five" the words " fifty five" shall be substituted.

Prof. Abid Hussain Thangal : Sir, I move the following amendments:

196. In section 15(1) proposed to be substituted in the principal Act by clause 2 (ii), for the words " forty five" theword " ninety " shall be substituted.

221. After Clause 2(ii), the following subclause shall be inserted

" (iii) after sub-section (3), the following sub-section shall be inserted, namely:-

(4)The Government may, by notification in the Gazette, revise the rate of contribution specified in sub section (1).

(5) Every notification issued under sub section (4) shall be laid, as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the notification or decides that the notification should not be issued, the notification shall, thereafter, have effect only in such modified form or be of no effect, as the case may be.”

Shri Saneeshkumar Joseph : Sir, I move the following amendments:

201. Section 15(1) proposed to be amended in the principal Act by Clause 2 shall be recast as follows:

“ (1) Every employee shall contribute eight rupees per half year to the Fund and every employer shall in respect of each such employee contribute an amount equal to double the amount contributed by the employee.”

205. Section 15(1) proposed to be amended in the principal Act by Clause 2 shall be recast as follows :

“ (1) Every employee shall contribute twenty rupees per half year to the Fund and every employer shall in respect of each such employee contribute an amount equal to double the amount contributed by the employee”

Shri Sajeev Joseph :Sir, I move the following amendment:

218. In section 15 of the principal Act, the following shall be inserted as sub section (4).

“ (4) (i) The Government may, by notification in the Gazette, amend or vary the amount of contribution specified in sub section (1) with prospective effects.

(ii) Every notification under sub section (i) shall be laid,

as soon as may be, after it is issued, before the Legislative

Assembly for a total period of fourteen days as specified in Section 41”

മി. സ്പീക്കർ : 162 മുതൽ 166-ാം നമ്പർ വരെയുള്ള ഭേദഗതികൾ 161-ാം നമ്പർ ഭേദഗതിക്കും 168 മുതൽ 171-ാം നമ്പർ വരെയുള്ള ഭേദഗതികൾ 167-ാം നമ്പർ ഭേദഗതിക്കും 172 മുതൽ 175-ാം നമ്പർ വരെയുള്ള ഭേദഗതികൾ 176-ാം നമ്പർ ഭേദഗതിക്കും 180 മുതൽ 184-ാം നമ്പർ വരെയുള്ള ഭേദഗതികൾ 185-ാം നമ്പർ ഭേദഗതിക്കും 187 മുതൽ 190-ാം നമ്പർ വരെയുള്ള ഭേദഗതികൾ 186-ാം നമ്പർ ഭേദഗതിക്കും 192 മുതൽ 195-ാം നമ്പർ വരെയുള്ള ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും 197, 198 എന്നീ നമ്പർ ഭേദഗതികൾ 196-ാം നമ്പർ ഭേദഗതിക്കും 203, 204, 206, 207 എന്നീ നമ്പർ ഭേദഗതികൾ 205-ാം നമ്പർ ഭേദഗതിക്കും 209 മുതൽ 211-ാം നമ്പർ വരെയുള്ള ഭേദഗതികൾ 208-ാം നമ്പർ ഭേദഗതിക്കും 213 ,214 എന്നീ നമ്പർ ഭേദഗതികൾ 212-ാം നമ്പർ_ഭേദഗതിക്കും 215, 217 എന്നീ നമ്പർ ഭേദഗതികൾ 216-ാം നമ്പർ ഭേദഗതിക്കും 219, 220 എന്നീ നമ്പർ ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 155, 178, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 156, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 159, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 161, 176, 185, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 196, 221 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 201, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri A. K. M. Ashraf : Sir, I move the following amendments:

222. In Clause 3(2) the words " or deemed to have been done" shall be deleted.

229. In Clause 3(2) the words " or deemed to have been taken" shall be deleted.

Shri Mons Joseph : Sir, I move the following amendment:

227. In Clause 3(2) for the words " deemed to have been" the word " consider" shall be substituted.

Smt. K. K. Rema : Sir, I move the following amendment:

233. In Clause 3(2) before the words and symbol " or taken under the principal Act" the words " deemed to have been done" shall be inserted.

മി. സ്പീക്കർ : 223 മുതൽ 226-ാം നമ്പർ വരെയുള്ള ഭേദഗതികൾ 222-ാം നമ്പർ ഭേദഗതിക്കും 228, 230, 231, 232 എന്നീ നമ്പർ ഭേദഗതികൾ 229-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 222, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri P. Ubaidulla : Sir, I move the following amendments:

109. In the title, after the word " Kerala" the word " State" shall be inserted.

116. In the long title, the word " further" shall be deleted.

119. In the preamble, for the word " expedient" the word " convenient" shall be substituted.

121. In the preamble, the word " further" shall be deleted.

134. In the preamble, for the word " hereinafter" the word " henceforth" shall be substituted.

138. In Clause 1(1), after the word " Kerala" the word " State" shall be inserted.

140. In Clause 1(2), the words " deemed to have" shall be deleted.

142. In Clause 1(2), for the words and figures " $16^{th}$ day of January" the words and figures " $1^{st}$ day of April" shall be substituted.

Shri P. Abdul Hameed : Sir, I move the following amendments:

117. In the preamble for the word " expedient" the word " appropriate" shall be substituted.

133. In the preamble, for the words " purposes hereinafter appearing;" the words " following purposes" shall be substituted.

136. In the enacting formula, for the word " enacted" the word " constitute" shall be substituted.

139. In Clause 1(2), for the word " deemed" the word " considered" shall be substituted.

141. In Clause 1(2), for the word " come into force" the words " take effect" shall be substituted.

147. Clause 1(2) shall be recast as follows:-" (2) It shall come into force at once."

Shri Sajeev Joseph : Sir, I move the following amendment:

127. In the preamble, for the figures word and symbol " (11 of 1977)" the words, figures and symbol " (Act 11 of 1977) shall be substituted.

Shri Mons Joseph : Sir, I move the following amendments:

128. In the preamble, for the word " purposes" the word " determinates" shall be substituted.

135. In the preamble, for the word " hereinafter" the word " consequently" shall be substituted.

മി. സ്പീക്കർ : 110 മുതൽ 115-ാം നമ്പർ വരെയുള്ള ഭേദഗതികൾ 116-ാം നമ്പർ ഭേദഗതിക്കും 118-ാം നമ്പർ ഭേദഗതി 119-ാം നമ്പർ ഭേദഗതിക്കും 120, 122, 123, 124, 125, 126 എന്നീ നമ്പർ ഭേദഗതികൾ 121-ാം നമ്പർ ഭേദഗതിക്കും 129 മുതൽ 132-ാം നമ്പർ വരെയുള്ള ഭേദഗതികൾ 133-ാം നമ്പർ ഭേദഗതിക്കും 143 മുതൽ 146-ാം നമ്പർ വരെയുള്ള ഭേദഗതികളും 148, 149 എന്നീ നമ്പർ ഭേദഗതികളും 147-ാം നമ്പർ ഭേദഗതിക്കും 151 മുതൽ 154 വരെയുള്ള ഭേദഗതികൾ 150-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 116, 119, 121, 134, 138, 140, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 117, 133, 136, 139, 141, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 128, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (v) 2021- ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

161. ഖണ്ഡം 2-ൽ "പരാമർശിക്കപ്പെട്ടുക" എന്നതിനുപകരം "അറിയപ്പെട്ടുക" എന്ന് ചേർക്കുക.

162. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) -ൽ "തയ്യൽ തൊഴിലാളിയും" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

180. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) -ൽ "അൻപത് " എന്നതിന് പകരം "നൂറ് " എന്ന് ചേർക്കുക.

182. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ "നിയോഗിച്ചിട്ടുള്ള" എന്നതിന് പകരം "നിയമിച്ചിട്ടുള്ള" എന്ന് ചേർക്കുക.

195. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ "ഇരുപത്തിയഞ്ച്" എന്നതിന് പകരം "അൻപത്" എന്ന് ചേർക്കുക.

196. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ "നൽകേണ്ടതാണ്" എന്നതിന് പകരം "അടയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

199. ഖണ്ഡം (2)(2)പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "താഴെപ്പറയുന്ന" എന്നതിന് പകരം "ഇനിപ്പറയുന്നത് " എന്ന് ചേർക്കുക.

201. ഖണ്ഡം 2(2)-ൽ പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ " നിയോഗിച്ചിട്ടുള്ള " എന്നതിന് പകരം "നിയമിച്ചിട്ടുള്ള " എന്ന് ചേർക്കുക.

212. ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 7(2)-ൽ "എഴുപത്തിയഞ്ച്" എന്നതിനു പകരം "നൂറ് " എന്നു ചേർക്കുക.

235. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തൊഴിലുടമാവിഹിതം മാത്രം" എന്നതിനു ശേഷം "കൃത്യമായി" എന്നു ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

163. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) -ൽ "ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും" എന്നതിന് പകരം "ഏർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും" എന്ന് ചേർക്കുക.

164. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) -ൽ "ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

218. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "അടയ്ക്കേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതാണ് " എന്ന് ചേർക്കുക.

229. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)ന്റെ ക്ലിപ്തനിബന്ധനയിൽ "ഒടുക്കാൻ" എന്നതിന് പകരം "അടയ്ക്കാൻ" എന്ന് ചേർക്കുക.

242. ഖണ്ഡം 2(2) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒടുക്കിയാൽ" എന്നതിന് പകരം "അടച്ചാൽ" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

172. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) -ൽ, "അൻപത് " എന്നതിന് പകരം "മുപ്പത് " എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) -ൽ "അൻപത് " എന്നതിന് പകരം "നാൽപത് " എന്ന് ചേർക്കുക.

<u>ശ്രീ. എ. പ്രഭാകരൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

181. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ "ഓരോ തൊഴിലുടമയും, അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെ സംബന്ധിച്ചും," എന്നതിനു പകരം, "തയ്യൽ തൊഴിലാളികളെ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലുടമയും, ഓരോ തയ്യൽ തൊഴിലാളിയുടെയും പേരിൽ," എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

183. ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 7(1)-ൽ " തൊഴിലാളിയെ സംബന്ധിച്ചും" എന്നതിന് പകരം "തൊഴിലാളിക്ക് വേണ്ടിയും" എന്ന് ചേർക്കുക.

203. ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 7(2)-ൽ " തൊഴിലാളിയെയും സംബന്ധിച്ച് " എന്നതിന് പകരം "തൊഴിലാളിക്ക് വേണ്ടിയും" എന്ന് ചേർക്കുക.

222. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തൊഴിലുടമയുടെ" എന്നതിന് മുൻപായി "ഒരു" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

187. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ൽ "ഇരുപത്തിയഞ്ച്" എന്നതിന് പകരം "നാല്പത്തിയഞ്ച്" എന്ന് ചേർക്കുക.

247. പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിനുശേഷം 7(5) ആയി താഴെപ്പറയുന്നത് ചേർക്കുക:

" (5)(i) ഗവൺമെന്റിനു ഗസറ്റ് വിജ്ഞാപനം വഴി (1),(4) ഉപവകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന അംശദായ നിരക്കിൽ പിൽക്കാല പ്രാബല്യത്തോടെ ഭേദഗതി വരുത്താവുന്നതാണ്.

ii) ഇപ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം വകുപ്പ് 8(2)-ൽ പരാമർശിക്കും പ്രകാരം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

197. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1) താഴെ പറയും പ്രകാരം മാറ്റുക;

"(1) ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും പ്രതിമാസം നാൽപ്പത് രൂപ വീതവും ഓരോ തയ്യൽ തൊഴിലുടമയും അയാൾ നിയമിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെ സംബന്ധിച്ചും, പ്രതിമാസം ഇരുപത് രൂപ വീതവും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്."

219. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2) താഴെപ്പറയും പ്രകാരം മാറ്റുക.

"ഓരോ തൊഴിലുടമയും അയാൾ നിയമിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെയും സംബന്ധിച്ച് പ്രതിമാസം അംശദായമായി നൽകേണ്ട തുകയോടൊപ്പം തൊഴിലാളിയുടെ വിഹിതമായ അംശദായ തുകയും ചേർത്ത് ആകെ പ്രതിമാസം അറുപത് രൂപ വീതം നിധിയിലേക്ക് അടയ്ക്കേണ്ടതാണ്"

233. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "അംശദായം സ്വയം" എന്നത് ഒഴിവാക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

200. ഖണ്ഡം (2)(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ " ഓരോ തൊഴിലുടമയും താൻ " എന്നതിന് പകരം "ഓരോ തൊഴിലുടമയും, അയാൾ " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

223. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തൊഴിലുടമയുടെ കീഴിൽ ജോലിചെയ്യുന്ന" എന്നതിന് പകരം "തൊഴിലുടമ നിയോഗിച്ചിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

204. ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 7(2)-ൽ " തൊഴിലാളിയെയും സംബന്ധിച്ച് " എന്നതിന് പകരം "തൊഴിലാളിയുടെയും പേരിൽ" എന്ന് ചേർക്കുക.

224. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "സ്വയം ഒടുക്കാൻ തയ്യാറാണെങ്കിൽ അംശദായം സ്വയം ഒടുക്കാവുന്നതാണ്." എന്നതിന് പകരം "നിധിയിലേക്ക് നേരിട്ട് ഒടുക്കാൻ തയ്യാറാണെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്." എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

206. ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 7(2)-ൽ " എഴുപത്തിയഞ്ച് " എന്നതിന് പകരം "അറുപത്തിയഞ്ച്" എന്ന് ചേർക്കുക.

230. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തയ്യാറാണെങ്കിൽ" എന്നതിന് ശേഷം "അവർക്ക്, അപ്രകാരം എഴുതി നൽകുന്ന പക്ഷം" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

236. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തൊഴിലുടമ" എന്നതിന് ശേഷം "നിധിയിലേക്ക്" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

213. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "രൂപയായി" എന്ന വാക്കിന് പകരം "രൂപ " എന്ന വാക്ക് ചേർക്കുക.

231. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "തയ്യാറാണെങ്കിൽ" എന്നതിന് ശേഷം "അവർക്ക്" എന്ന് ചേർക്കുക

234. ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഇത്തരത്തിലുള്ള തൊഴിലാളിയുടെ കാര്യത്തിൽ തൊഴിലുടമാവിഹിതം മാത്രം തൊഴിലുടമ ഒടുക്കിയാൽ മതിയാകുന്നതാണ്" എന്നതിന് പകരം "അപ്രകാരമുള്ള തൊഴിലാളിയെ സംബന്ധിച്ച് തൊഴിലുടമാവിഹിതം മാത്രം തൊഴിലുടമ ഒടുക്കിയാൽ മതിയാകുന്നതും അപ്രകാരമുള്ള തൊഴിലാളികൾ അവരുടെ അംശദായം സ്വയം ഒടുക്കിയിട്ടുണ്ടെന്ന് തൊഴിലുടമ ഉറപ്പ് വരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

251. പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിനുശേഷം 7(7) ആയി താഴെപ്പറയുന്നത് ചേർക്കുക:

" (7) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഉപവകുപ്പ്(1),(2) എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള അംശദായത്തിന്റെ നിരക്കും, ഉപവകുപ്പ്(4) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഗ്രാന്റിന്റെ നിരക്കും കാലാകാലങ്ങളിൽ പരിഷ്കരിക്കാവുന്നതാണ്.

(8) ഉപവകുപ്പ് (7) പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും, അത് പുറപ്പെടുവിച്ചതിന് ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു."

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

220. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

232.ഖണ്ഡം 2(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "അംശദായം സ്വയം" എന്നതിന് മുൻപ് "തൊഴിലാളിക്ക്" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

243. പ്രധാന ആക്റ്റിലെ വകുപ്പ് 7(4) താഴെ പറയും പ്രകാരം മാറ്റുക:-

" (4) തയ്യൽ തൊഴിലാളികളും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഒരു വർഷം അംശദായത്തിന്റെ അൻപതു ശതമാനത്തിനു തുല്യമായ ഒരു തുക നിധിയിലേക്ക് സർക്കാർ ഗ്രാന്റായി ഗവൺമെന്റ് നൽകേണ്ടതാണ്"

മി. സ്പീക്കർ : 166 മുതൽ 171 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 179-ാം നമ്പർ വരെയുള്ള ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും 189 ,190 എന്നീ നമ്പർ ഭേദഗതികൾ 188-ാം നമ്പർ ഭേദഗതിക്കും 191 മുതൽ 194-ാം നമ്പർ വരെയുള്ള ഭേദഗതികൾ 195-ാം നമ്പർ ഭേദഗതിക്കും 207 മുതൽ 211-ാം നമ്പർ വരെയുള്ള ഭേദഗതികൾ 212-ാം നമ്പർ ഭേദഗതിക്കും 214 മുതൽ 217-ാം നമ്പർ വരെയുള്ള ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും 221-ാം നമ്പർ ഭേദഗതി 220-ാം നമ്പർ ഭേദഗതിക്കും 225 മുതൽ 228-ാം നമ്പർ വരെയുള്ള ഭേദഗതികൾ 229-ാം നമ്പർ ഭേദഗതിക്കും 237 മുതൽ 241-ാം നമ്പർ വരെയുള്ള ഭേദഗതികൾ 242-ാം നമ്പർ ഭേദഗതിക്കും 244 മുതൽ 246-ാം നമ്പർ വരെയുള്ള ഭേദഗതികളും 248 മുതൽ 250-ാം നമ്പർ വരെയുള്ള ഭേദഗതികളും 247-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 161, 162, 180, 182, 195, 196, 199, 201, 212, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 163, 164, 218, 229, 242 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 183, 203, 222 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 187, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 197, 219, 233 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 200, 223 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 204, 224 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 206, 230, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 213, 231, 234, 251 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

252. ഖണ്ഡം 3(2)-ൽ "ആക്റ്റിൻകീഴിൽ" എന്ന് വരുന്നിടത്തെല്ലാം "ആക്റ്റിൻ കീഴിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

253. ഖണ്ഡം 3(2)-ൽ "ചെയ്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

269. ഖണ്ഡം 3(2)-ൽ "നടപടിയോ" എന്നതിന് ശേഷം "നടപടികളോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

258. ഖണ്ഡം 3(2)-ൽ "കരുതപ്പെടുന്നതോ" എന്നതിന് പകരം"തോന്നുന്നതോ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

259. ഖണ്ഡം 3(2)-ൽ "കാര്യമോ" എന്നതിന് പകരം"കാര്യങ്ങളോ" എന്ന് ചേർക്കുക.

265. ഖണ്ഡം 3(2)-ൽ "നടപടിയോ" എന്നതിന് പകരം "നടപടികളോ" എന്ന് ചേർക്കുക.

272. ഖണ്ഡം 3(2)- ൽ "ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്" എന്നതിനു പകരം " ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

260. ഖണ്ഡം 3(2)-ൽ "എടുത്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

277. ഖണ്ഡം 3(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u> : 254 മുതൽ 257-ാം നമ്പർ വരെയുള്ള ഭേദഗതികൾ 253-ാം നമ്പർ ഭേദഗതിക്കും 261 മുതൽ 264-ാം നമ്പർ വരെയുള്ള ഭേദഗതികൾ 260-ാം നമ്പർ ഭേദഗതിക്കും 266, 267 എന്നീ നമ്പർ ഭേദഗതികൾ 265-ാം നമ്പർ ഭേദഗതിക്കും 268, 270, 271 എന്നീ നമ്പർ ഭേദഗതികൾ 269-ാം നമ്പർ ഭേദഗതിക്കും 273 മുതൽ 276-ാം നമ്പർ വരെയുള്ള ഭേദഗതികൾ 277-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u> : പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 253, 269 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 259, 265, 272 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 260, 277 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

109. ശീർഷകത്തിൽ "കേരള" എന്നതിനുശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

116. ദീർഘശീർഷകത്തിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

118. പീഠികയിൽ "കേരള" എന്നതിന്ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

130. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

137. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ഇനിപ്പറയും" എന്നത് ചേർക്കുക.

139. ഖണ്ഡം 1(1)-ൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

141. ഖണ്ഡം 1(1)-ൽ "പറയാം" എന്നതിന് പകരം "വിളിക്കാം" എന്ന് ചേർക്കുക.

158. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) 2020 എപ്രിൽ 21-ാം തീയതി മുതൽ ആക്റ്റ് പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

111. ദീർഘശീർഷകത്തിൽ "കേരള" എന്നതിനുശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

159. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

119. പീഠികയിൽ "ഇതിനുശേഷം" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

143. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

153. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

131. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

151. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിന് പകരം "നിലവിൽ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

136. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

157. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "നിശ്ചയിച്ചിരുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ : 110-ാം നമ്പർ ഭേദഗതി 109-ാം നമ്പർ ഭേദഗതിക്കും 112 മുതൽ 115-ാം നമ്പർ വരെയുള്ള ഭേദഗതികളും 117-ാം നമ്പർ ഭേദഗതിയും 116-ാം നമ്പർ ഭേദഗതിക്കും 120 മുതൽ 123-ാം നമ്പർ വരെയുള്ള ഭേദഗതികളും 119-ാം നമ്പർ ഭേദഗതിക്കും 124 മുതൽ 129-ാം നമ്പർ വരെയുള്ള ഭേദഗതികൾ 130-ാം നമ്പർ ഭേദഗതിക്കും 132 മുതൽ 135-ാം നമ്പർ വരെയുള്ള ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 138-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്കും 140-ാം നമ്പർ ഭേദഗതി 139-ാം നമ്പർ ഭേദഗതിക്കും 142-ാം നമ്പർ ഭേദഗതിയും 144 മുതൽ 146-ാം നമ്പർ വരെയുള്ള ഭേദഗതികളും 143-ാം നമ്പർ ഭേദഗതിക്കും 147 മുതൽ 150-ാം നമ്പർ വരെയുള്ള ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്കും 152-ാം നമ്പർ ഭേദഗതിയും 154 മുതൽ 156-ാം നമ്പർ വരെയുള്ള ഭേദഗതികൾ 153-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 109, 116, 118, 130, 137, 139, 141, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 111, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 119, 143, 153 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 131, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 136, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VII അറിയിപ്പ്

<u>മി. സ്പീക്കർ</u>: ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75-ാം വാർഷികം രാജ്യവ്യാപകമായി ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവിന്റെ' ഭാഗമായി ഇന്ന് സഭാസമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 'ആധുനിക കേരള നിർമ്മിതിയും ഇന്ത്യൻ ദേശീയ പ്രസ്ഥാനവും' എന്ന വിഷയത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കളുടെ പ്രഭാഷണ പരിപാടിയും ഔദ്യോഗിക ഭാഷാ സമിതിയുമായി ബന്ധപ്പെട്ട പുരസ്കാരദാനവും തുടർന്ന് പി. കെ. കാളൻ സ്മാരക ഗോത്രകലാ പഠന ഗവേഷണ കേന്ദ്രത്തിന്റെ 'ഗദ്ദിക' എന്ന സാംസ്കാരിക പരിപാടിയും സംഘടിപ്പിച്ചിരിക്കുന്നു. അതിനുശേഷം ഡൈനിംഗ് ഹാളിൽ ഒരു അത്താഴവിരുന്നും ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.02-ന് പിരിഞ്ഞു.)

## അനുബന്ധം-I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (*483) -ന് ബഹു. നിയമം, വ്യവസായ കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

(2) യുവ വീവ് പദ്ധതി: 6 മാസക്കാലയളവിൽ ആദ്യത്തെ മൂന്ന് മാസത്തെ പ്രൊബേഷൻ പീരിഡിൽ ശമ്പളവും നൽകുന്നതാണ്. പരിശീലനാർത്ഥികൾ ഓരോ മാസവും 75 മീറ്റർ കൈത്തറി നെയ്യുന്നപക്ഷം പ്രതിമാസം 250 രൂപ നിരക്കിൽ സർക്കാർ വിഹിതവും തൊഴിലാളികളുടെ വേതനത്തിൽനിന്നും അത്രയും തുക ഈടാക്കി പോസ്റ്റ് ഓഫീസിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഹാന്റ്‌ലൂം ഡയറക്ടർ ചെയർമാനായും കുടുംബശ്രീ സംസ്ഥാനതല ഉദ്യോഗസ്ഥൻ കൺവീനറായും ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(3) 'ഒരു വീട്ടിൽ ഒരു തറി പദ്ധതിപ്രകാരം' തറി വിലയുടെ 75% തുക (പരമാവധി 40,000 രൂപ) ആണ് ധനസഹായമായി നൽകുന്നത്.ബാക്കി വരുന്ന 25% തുക ഉപഭോക്തൃ വിഹിതമാണ്. പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ 499 തറികൾ വാങ്ങുന്നതിനായി 174.93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(4) റസ്റ്റ് റൂം നിർമ്മാണവും ടോയ്‌ലെറ്റ് നവീകരണവും പദ്ധതി: കൈത്തറി നെയ്ത്ത് മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീ നെയ്ത്തുകാരാണ്. ഭൂരിഭാഗവും വനിതകളായതിനാൽ വിശ്രമ മുറിയും ടോയ്‌ലെറ്റ് സൗകര്യവും അവർക്ക് അത്യന്താപേക്ഷിതമാണ്. സംഘം വർക്ക്ഷെഡുകളിൽ പണിയെടുക്കുന്ന വനിതാ നെയ്ത്തുകാർക്ക് വിശ്രമ മുറിയും ടോയ്‌ലെറ്റ് സൗകര്യവും ഒരുക്കുന്നതിനു വേണ്ടിയുള്ളതാണ് പ്രസ്തുത പദ്ധതി. വനിതാ ജീവനക്കാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും അവരുടെ മാനസിക സംതൃപ്തിക്കും ജോലി സ്ഥലത്ത് നല്ല ശുചിത്വം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് റസ്റ്റ്റൂം നിർമ്മാണവും ടോയ്‌ലെറ്റ് നവീകരണവും പദ്ധതി നടപ്പിലാക്കുന്നത്.

(5) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്:നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി കൈത്തറി ഉല്പന്നങ്ങൾക്കുവേണ്ട പ്രത്യേകമായ ലോഗോ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ലോഗോ രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈത്തറി ഉല്പന്നങ്ങൾ " കേരള ഹാൻഡ് ക്രാഫ്റ്റഡ് ഫാബ്രിക്സ് " എന്ന പുതിയ നാമത്തിൽ ഇ-കൊമേഴ്സ്, എം-കൊമേഴ്സ് എന്നിവ വഴി അന്താരാഷ്ട്ര വിപണിയി ലെത്തിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(6) നാട്ടുകാണി ടെക്സ്റ്റൈൽസ് ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് സെന്റർ സ്ഥാപിക്കൽ: കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഡൈയിംഗ്, പ്രിന്റിംഗ്, ഫിനിഷിംഗ് മുതലായ പ്രോസസ്സിംഗിനുള്ള സൗകര്യം കേരളത്തിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ അത്യാധുനിക സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് യൂണിറ്റ് കണ്ണൂരിലെ നാട്ടുകാണിയിലെ കിൻഫ്രാ ടെക്സ്റ്റൈൽ പാർക്കിലെ 8.43 ഏക്കർ സ്ഥലത്ത് 25.56 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയാണിത്. ഡൈയിംഗ് ആൻഡ് പ്രിന്റിംഗ് പദ്ധതിയുടെ ഭാഗമായ അത്യാധുനിക സംവിധാനത്തിലുള്ള ഒരു ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റ് സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 17-9-2021-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(7) കൈത്തറി മിത്ര പദ്ധതി: കേരളത്തിലെ നെയ്ത്തുകാർക്ക് ആകർഷകമായ വരുമാനം ഉറപ്പുവരുത്തുന്നതോടൊപ്പം ജനങ്ങൾക്ക് ആകർഷകമായ കൈത്തറി വസ്ത്രങ്ങൾ ലഭ്യമാക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തിൽപ്പെടുന്നു. നിലവിൽ 5000-ൽപ്പരം നെയ്ത്തുകാരെ പദ്ധതിയിലുൾപ്പെടുത്തുന്നതിന് കണ്ടെത്തിയിട്ടുണ്ട്. പദ്ധതികൾ (പ്രത്യേകിച്ച് സ്കൂൾ യൂണിഫോം പദ്ധതി) നടപ്പിലാക്കിയതുവഴി കൈത്തറി മേഖലയിൽ കഴിഞ്ഞ 5 വർഷം കൊണ്ട് 195.71 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകാനും 661.23 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 620 കൈത്തറി സംഘങ്ങളിൽ 2015-ൽ പ്രവർത്തിച്ചിരുന്നത് 412 സംഘങ്ങൾ മാത്രമാണ്. എന്നാൽ 2021-ൽ അത് 439 ആയി ഉയർത്താൽ സാധിച്ചു.

(ബി) ഉല്പാദന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 5000 തറികളിലായി ഉണക്കുപാവിൽ നിർമ്മിച്ച ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളായ ബാലരാമപുരം ഡബിൾ വേഷ്ടി, കുത്താംമ്പുള്ളി കളർ സാരി, കണ്ണൂർ ഷർട്ടിംഗ് എന്നിവ "റോയൽ ബ്രാൻഡിൽ" വിപണന സജ്ജമാക്കിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മി ക്കുന്നതിന് നവീകരിച്ച ഗാർമെന്റ്സ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഇതിലൂടെ 350 നെയ്ത്തുകാർക്കും 80-ഓളം ഗാർമെന്റ് തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. വിപണനം ശക്തിപ്പെടുത്തുന്നതിനായി ഹാന്റക്സിന്റെ 18 ഷോറൂമുകൾ ഉപഭോക്തൃ സൗഹൃദ ഷോറൂമുകളായി നവീകരിച്ചു. ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി കൈത്തറി ഉൽപ്പന്ന

ങ്ങൾക്ക് റിബേറ്റ്, ഡിസ്കൗണ്ട് എന്നിവ നൽകിവരുന്നു. സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് ഇ-ക്രെഡിറ്റ് കാർഡ് സംവിധാനം നടപ്പിലാക്കിവരുന്നു. Amazon.in-ലൂടെ ഓൺലൈൻ വിൽപ്പനയും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കൈത്തറി സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് കുടിശ്ശികയായിട്ടുണ്ടായിരുന്ന ശമ്പളവും ബോണസും നൽകുന്നതിനു വേണ്ടി 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) അസംഘടിത മേഖലയിലെ പരമ്പരാഗത നെയ്ത്തുകാരുടെ ക്ഷേമത്തിനും വികസനത്തിനുമായി കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ഗ്രാമപഞ്ചായത്തുകളുടെയും കുടുംബശ്രീ മിഷന്റെയും സഹായത്തോടെ നെയ്ത്തുകാരാകാൻ താൽപ്പര്യമുള്ള തൊഴിൽരഹിതരായ സ്ത്രീകളെ കണ്ടെത്തുകയും നെയ്ത്ത് പരിശീലനം നൽകി പരിശീലനം ലഭിച്ചവർക്ക് തുടർതൊഴിൽ നൽകുന്നതിനായി സംസ്ഥാന സർക്കാരിന്റെ "ഒരു വീട്ടിൽ ഒരു തറി" പദ്ധതി പ്രകാരം തറി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോർപ്പറേഷൻ കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം, ചെറുപുഴ, കോളയാട്, പായം എന്നീ പഞ്ചായത്തുകളിൽ 760 പേർക്ക് നെയ്ത്ത് പരിശീലനം നൽകി കൈത്തറി യൂണിഫോം ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. നെയ്ത്തുകാരുടെ ക്ഷേമവും വികസനവും മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു.

## അനുബന്ധം- II

റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കൽ സംബന്ധിച്ച് ശ്രീ.മോൻസ് ജോസഫ് എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

ആദ്യഘട്ടങ്ങളിൽ നടന്ന ഉദ്യോഗസ്ഥരുടെ യോഗങ്ങളിൽ ഇതിന്റെ പുരോഗതി വിലയിരുത്തുകയാണ് പ്രധാനമായും ചെയ്തത്. എല്ലാ ജില്ലകളിലേയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

മഴ തുടർന്നുപോകുന്ന പ്രശ്നമാണ് നിലവിലുള്ളത്. റോഡ്സ്, മെയിന്റനൻസ് വിഭാഗങ്ങൾ തമ്മിൽ അവ്യക്തത ഇല്ല. ഇരു വിഭാഗങ്ങളുടെയും യോഗം വിളിച്ച് കൃത്യമായി പ്രവൃത്തി അസൈൻ ചെയ്തിട്ടുണ്ട്. എല്ലാ രണ്ട് ആഴ്ചകളിലും പി.ഡബ്ല്യു.ഡി. മിഷൻ ടീം യോഗം ചേർന്ന് ഓരോ കാര്യങ്ങളിലും വ്യക്തത വരുത്തുന്നുണ്ട്.

### ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ

- ഡിഫക്ട് ലയബിലിറ്റി പീരിയഡിൽ ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണി നടത്താൻ സ്ഥിരം സംവിധാനം ആവശ്യമാണ്. എസ്റ്റിമേറ്റ്, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ പ്രവൃത്തി വൈകാൻ ഇടയാക്കുന്നു.
- ഇതിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കും.
- ഡി.എൽ.പി.-യിലുള്ള റോഡുകളിൽ അത് കൃത്യമായി പാലിക്കപ്പെടുന്നുയെന്ന് ഉറപ്പുവരുത്താൻ സംവിധാനം ഒരുക്കുന്നതാണ്. കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും പേര് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. റോഡിന്റെ രണ്ട് ഭാഗത്തും അത് രേഖപ്പെടുത്തുകയും ചെയ്യും.

### ശബരിമല പ്രവൃത്തികൾ

റോഡുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്താനും ഇപ്പോഴത്തെ കാലവർഷം ശബരിമല റോഡുകളെ ബാധിച്ചുവോയെന്ന് പരിശോധിക്കാനും പ്രത്യേക സംഘത്തെത്തന്നെ നിയോഗിച്ചിരുന്നു. വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന സംഘം പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലകളിൽ നേരിട്ട് എത്തുകയും പ്രവൃത്തി വിലയിരുത്തി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാലാവസ്ഥയ്ക്കിടയിലും ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ

പ്രവൃത്തി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഈ ടീമിനോട് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ദിവസവും ഈ ടീം പ്രവൃത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. പത്തനംതിട്ടയിൽ ഇത്തവണ ശക്തമായ മഴയാണ് ലഭിച്ചത്. ഇതിനിടയിലും അവശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

**എം.സി. റോഡിൽ ബ്ലാക്ക് സ്പോട്ട്**

എം.സി.റോഡിൽ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് വെമ്പള്ളി, തോറ്റുവ എന്നീ സ്ഥലങ്ങൾ നാറ്റ്പാക് ഏജൻസി കണ്ടെത്തിയ ബ്ലാക്ക് സ്പോട്ട് പട്ടികയിലുൾപ്പെട്ടവയാണ്. പ്രസ്തുത ബ്ലാക്ക് സ്പോട്ടുകളിൽ മുൻകരുതൽ നടപടിയായാണ് മോർത്ത് മാനദണ്ഡപ്രകാരം തെർമോ പ്ലാസ്റ്റിക് കോമ്പൗണ്ട് ഉപയോഗിച്ചിട്ടുള്ള Transverse bar marking, sign board എന്നിവ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത ബാർ മാർക്കിംഗിൽ അമിത വേഗതയിൽ വാഹനങ്ങൾ കടന്നുപോകുമ്പോൾ പരിസര വാസികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വെമ്പള്ളി ബ്ലാക്ക് സ്പോട്ട് പരിശോധിക്കുകയുണ്ടായി. നാറ്റ്പാക്-ന്റെ പുതുക്കിയ റിപ്പോർട്ടിൽ മൂന്ന് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 5 mm, 7.5 mm, 10mm എന്നിങ്ങനെ കനമുള്ള ട്രാൻസ്‌വേഴ്സ് ബാർ മാർക്കിംഗുകൾ സ്ഥാപിക്കുക, ബാർ മാർക്കിംഗിന് പകരമായി ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്റ്റാൻഡേർഡ് ഹമ്പുകൾ സ്ഥാപിക്കുക, വേഗത നിയന്ത്രണത്തിനുള്ള ബാരിക്കേഡുകൾ സ്ഥാപിക്കുക എന്നിവയാണത്. ഇതിൽ ഏത് കാര്യം നടപ്പാക്കണമെന്ന് പോലീസ്, തദ്ദേശ വാസികൾ, ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി അംഗങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തീരുമാനിക്കും.

**ഉഴവൂർ ടൗൺ ബൈപ്പാസ്**

ഉഴവൂർ ബൈപ്പാസ് ഉൾപ്പെടുന്ന കിടങ്ങൂർ-ഉഴവൂർ-കൂത്താട്ടുകുളം കെ.ആർ. നാരായണൻ സ്മാരക റോഡിന് 2015-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും അന്ന് ഭരണാനുമതി ലഭിച്ചിരുന്നില്ല. ഇപ്പോൾ ഈ റോഡിന്റെ വളവുകൾ നിവർത്തി വീതി കൂട്ടുന്നതിനുള്ള പ്രവൃത്തി സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. ഉഴവൂർ ബൈപ്പാസിന്റെ അലൈൻമെന്റ് ഉൾപ്പെടുത്തി പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരികയാണ്. അതിനുശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നത് പരിശോധിക്കാം.

## കെ.ആർ. നാരായണൻ റോഡ്

ചേർപ്പുങ്കൽ-മരങ്ങാട്ടുപള്ളി, പ്രയാർ-കടപ്ലാമറ്റം, കുര്യനാട്-വെളിയന്നൂർ തുടങ്ങിയ റോഡുകൾ ഉൾപ്പെടുന്നതാണ് കെ.ആർ.നാരായണൻ റോഡ്. റോഡിന്റെ വളവുകൾ നിവർത്തി വീതി കൂട്ടുന്നതിനുള്ള പ്രവൃത്തി സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടത്തി പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ ആലോചിക്കാം.

## ഇടക്കോലി-കോട്ടയം മെഡിക്കൽ കോളേജ് റോഡ്

ഇടക്കോലി-കോട്ടയം മെഡിക്കൽ കോളേജ് റോഡിന് ഇരുപത് കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എട്ട് റീച്ചുകളിലായി 19 ചെറുറോഡുകളും നാല് പാലങ്ങളുമാണ് വരുന്നത്. ഇതിൽ രണ്ട് റോഡുകൾ ഒഴികെ മറ്റെല്ലാം ശരാശരി എട്ടുമീറ്ററിന് താഴെയാണ് വീതി. കുറഞ്ഞത് പത്ത് മീറ്റർ വീതി ആവശ്യമാണെന്നാണ് കിഫ്ബി നിബന്ധന. ഇതിന് സ്ഥലലഭ്യത ആവശ്യമാണ്. ഈ സാഹചര്യത്തിൽ ഫുൾഡെപ്ത്ത് റിക്ലമേഷൻ രീതിയിൽ പ്രവൃത്തി നടത്താനുള്ള സാദ്ധ്യത പരിശോധിക്കുകയാണ്.

## വാക്കേത്തറ-കല്ലറ-കപിക്കാട് റോഡ്

വാക്കേത്തറ-കല്ലറ-കപിക്കാട് റോഡിന് 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. അതിന്റെ ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെ ഏൽപ്പിച്ചിരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് രണ്ട് സാദ്ധ്യതകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് കൈമാറാൻ നിർദ്ദേശിച്ചിട്ടുണ്ട്.